| നാല്പത്തിരണ്ട് | 'forty two' |

Before vowel beginning numerals either പത്തി or പത്ത് is added

നാല്പത്തിഒന്ന്
നാല്പത്തൊന്ന് } 'forty one'

The word for hundred is നൂറ് and its other forms are നൂററ് and നൂററി

eg. നൂററെട്ട് (നൂ. ററി എട്ട്)'hundred and eight'
നൂററിനാല് 'hundred and four'

Numerals from ninety to ninety nine are formed by the addition of തൊരം (which becomes തൊൺ in sandhi) before നൂറ്.

| | |
|---|---|
| തൊണ്ണൂറ് | 'ninety' |
| തൊണ്ണൂററിനാല് | 'ninety four' |

The numerals രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, and എട്ട് have other forms such as ഇരു-, മു-, നാൽ-, അൻ-, അറു-, എഴ്-, and എൺ as seen in the examples given earlier.

2.8.3. Forms such as പന്ത്രണ്ടാമത്തെ, പതിനാലാമത്തെ, etc., indicate another type of numeral adjective other than the ആം - forms such as പന്ത്രണ്ടാം. Generally the. ആം forms indicate the differen units as in

| | |
|---|---|
| അവൻ ഒന്നാംക്ലാസിലാണ്. | 'He is in the first class. |
| ഇതു് ഒന്നാം പാഠമാണ്. | 'This is the first book. (to mean book for the first class). |

and the - ആമത്തെ forms denote the sequence in which items occur within a unit as in

| | |
|---|---|
| അവൻ ഒന്നാമത്തെ ക്ലാസിലാണ്. | He is in the first division of particular class. |
| ഇതു് ഒന്നാമത്തെ പാഠമാണ്. | This is the first lesson in a particular book. |

But this distinction in the meaning is not always maintained There may be an overlap in the usage of both-ആം, and - ആമത്തെ in certain cases.

2.8.4. Note that in the examples ഇടത്തുവശത്തു്, വലത്തുവശത്തു്, എതിർ വശത്തു് though the meaning of location is there, the locative case marker - ഇൽ is not used. It is indicated by ഉ്.

2.8.5. The new interrogative words are എവിടെ 'where' and എത്രാമത്തെ enquiring the order in the sequence. The form എവിടെ has other members of the paradigm as അവിടെ 'there' and ഇവിടെ 'here'.

2.8·6. When particle-ഉം is added to genitive case forms the final - എ gets lengthened and then the glide യ comes.

വലിയച്ഛൻെറ + ഉം + അമ്മാവൻെറ + ഉം. > വലിയച്ഛൻേറയും അമ്മാവൻേറയും

In rapid speech they are contracted as ഏം forms such as വലിയച്ഛൻേറം അമ്മാവൻേറം etc.,

# UNIT 3

## LESSON 9

# ഈ വീട് ഞങ്ങളുടെതാണ്

**CONVERSATION**

| | |
|---|---|
| സാഹു : ഇതു നിങ്ങളുടെ സ്വന്തം വീടാണോ ? | Is this your own house? |
| നായർ : അതെ. ഈ വീട് ഞങ്ങളുടേതാണ്. | Yes. This is our house. |
| സാഹു : നല്ല ഭംഗി. | Very beautiful. |
| നായർ : തീരെ ചെറിയ വീടല്ലേ ? | Isn't it too small a house? |
| സാഹു : ഇതോ? ഇതു തീരെ ചെറിയ വീടൊന്നുമല്ല. സാമാന്യം വലിയ വീടുതന്നെ. | This one? This is not a small house at all. It is quite a big house. |

| | | |
|---|---|---|
| നായർ : | ഇതു് അത്ര വലിയ വീടല്ല. | This is not that big a house. |
| സാഹ : | ഇതു് വലിയ വീടുമാണു്. വളരെ നല്ല പ്ലാനു മാണു്. അതാണെൻെറ അഭിപ്രായം. ആരുടേ താണു് പ്ലാനൊക്കെ ? | This is certainly a big house. The plan is also good. That is my opinion. Whose plan is this? |
| നായർ : | എൻെറ ചേട്ടൻെറ പ്ലാനാണിതു്. ? ചേട്ടൻ ഒരു സിവിൽ ഇഞ്ചിനീയറാണു്. | This is my elder brother's plan. He is a civil engineer. |
| സാഹ : | ഈ പൂന്തോട്ടത്തിൻെറ പണിയും അദ്ദേഹത്തി ൻേറതാണോ ? | Is this garden also his work? |
| നായർ : | അതെ. ഇതിൻെറ പ്ലാനും ചേട്ടൻേറതുതന്നെ. പക്ഷെ പണിയൊക്കെ ഞങ്ങളുടെ ജോലിക്കാരു ടേതാണു്. | Yes. It is also his plan. But the work is done by our servants. |
| സാഹ : | നിൻെറ ചേട്ടൻ ഇൻജിനീയർ മാത്രമല്ല, ഒരു കലാപ്രേമിയും കൂടിയാണു്. അല്ലേ ? | Your elder brother is not only an engineer but also a lover of arts. Isn't he? |
| നായർ : | അതെ. നിൻെറ കമൻറു് തികച്ചും ശരിയാണു്. ഈ പൂക്കളും, ചെടികളും ഒക്കെ ചേട്ടൻെറ ജീവനാണു്. | Yes, your comment is very correct. These flowers and plants are his life. |
| സാഹ : | ഇതു നിൻെറ ചേട്ടൻെറ മുറിയാണോ ? | Is this your elder brother's room? |
| നായർ : | അല്ല. ഇതു ചേട്ടൻേറതല്ല. ഇതു വിരുന്നുകാ രുടെ മുറിയാണു്. ചേട്ടൻെറ മുറി ആ തെക്കെ കോണിലാണു്. | No. This is not my elder brother's. This is the guest room. My elder brother's room is in that southern corner. |
| സാഹ : | നിൻേറതോ ? | And yours? |

| | | |
|---|---|---|
| നായർ : | എൻേറയും അനിയത്തിയുടേയും മുറി അങ്ങു വടക്കേ അററത്താണ്. രണ്ടിൻേറയും നടുക്കാണ് ഹാാം. കിഴക്കുഭാഗത്താണ് പൂജാമുറി. പൂജാമുറിയുടെ എതിരെയാണ് അച്ഛൻെറ വായനമുറി. | My younger sister and I have a room in the northern end. In between the two is the hall. The prayer room is in the eastern side. Opposite to the prayer room is my father's study. |
| സാഹ : | അതിൻെറ പിൻവശത്തോ ? | Behind that? |
| നായർ : | അച്ഛൻേറം, അമ്മേടേം കിടക്ക മുറിയാണ്. | That is our parent's bed room. |
| സാഹ : | മുൻവശത്തു് ആരുടെ മുറിയാണ്. | Whose is that room in the front? |
| നായർ : | ആ ചെറിയ മുറിയോ ? ആ മുറിയും എൻെറ അച്ഛൻേറതുതന്നെ. അച്ഛൻെറ കൺസൽട്ടേഷൻ റൂമാണതു്. | That small room? That room is also my father's. That is my father's consultation room. |
| സാഹ : | ശരി. ശരി. നിൻെറ അച്ഛൻ ഒരു ഡോക്ടറാണല്ലോ ? നായർ, പിന്നെ അടുക്കളേം, ഊണു മുറീം ഒക്കെ എവിടെയാണ് ? | That is O.K. Your father is a doctor Nair, where are the kitchen and the dining halls? |
| നായർ : | അടുക്കളയും, ഊണുമുറിയും കലവറയും ഒക്കെ പടിഞ്ഞാറുഭാഗത്താണ്. | Kitchen, dining hall and the store room are all in the western side. |

## DRILLS

A. Repetition drill

a. 1. ഈ വീടു് ഞങ്ങളുടേതാണ്.

2. ആ പുസ്തകം അവൻേറതാണ്.

3. അതു് ഗ്രാമത്തിൻേറതാണ്.

4. ഈ കവിത മധുവിൻേറതാണു്.

5. ആ മുറി അമ്മയുടേതാണു്.

6. ആ ക്ലാസു് ആരുടേതാണു്.

b. 1. ഓഫീസിൻെറ കിഴക്കേ അററത്താണു് പൂന്തോട്ടം.

2. സ്കൂളിൻെറ മുൻവശത്താണു് അധ്യാപകൻെറ വീടു്.

3. കടയുടെ പിൻവശത്താണു് വീടും.

4. ഗോതമ്പുമില്ലിൻെറ പടിഞ്ഞാറേ കോണിലാണു് തയ്യൽക്കട.

5. എൻെറ വീട്ടിൽ ഏററവും തെക്കേ കോണിലാണു് പൂജാമുറി.

6. വടക്കേ അററത്താണു് വിരുന്നുകാരുടെ മുറി.

## B. Build up drill

### Model

ആണോ ?

ആണോ ?

ചേച്ചിയുടേതു്

ചേച്ചിയുടേതാണോ ?

നിൻെറ

നിൻെറ ചേച്ചിയുടേതാണോ ?

ചെറുകഥയും

ചെറുകഥയും നിൻെറ ചേച്ചിയുടേതാണോ ?

ഈ

ഈ ചെറുകഥയും നിൻെറ ചേച്ചിയുടേതാണോ ?

1. അല്ലേ ?

നിൻേറതല്ലേ ?

വീടും നിൻേറതല്ലേ ?

വലിയ വീടും നിൻേറതല്ലേ ?

ആ വലിയ വീടും നിൻേറതല്ലേ ?

2. ആണ്.

നമ്മുടേതാണ്.

ഗ്രാമം നമ്മുടേതാണ്.

ചെറിയ ഗ്രാമം നമ്മുടേതാണ്.

ഈ ചെറിയ ഗ്രാമം നമ്മുടേതാണ്.

3. അല്ല.

അവൻേറതല്ല

കവിത അവൻേറതല്ല.

നല്ല കവിത അവൻേറതല്ല.

ഈ നല്ല കവിത അവൻേറതല്ല.

## C. Substitution drill

### Model 1

ഈ കവിത എൻേറതാണ്.

നിൻേറതു്

ഈ കവിത നിൻേറതാണ്.

1. ആ വീട് ഞങ്ങളുടേതല്ല.

നമ്മുടേതു്

അവൻേറതു്

അവളുടേതു്

അവരുടേതു്

അദ്ദേഹത്തിൻേറതു്

നിങ്ങളുടേതു്

2. ആ പുസ്തകം കുമാറിൻേറതാണ്.

മാത്യുറിൻേറതു്

പ്രകാശിൻേറതു്

മുഹമ്മദിൻേറതു്

പ്രദീപിൻേറതു്

നായകിൻേറതു്

3. ഈ ക്ലാസ് അദ്ദേഹത്തിൻേറതാണു്.

സരോജത്തിൻേറതു്

പത്മത്തിൻേറതു്

സുന്ദരത്തിൻേറതു്

വിശ്വത്തിൻേറതു്

കനകത്തിൻേറതു്

4. ആ വലിയ കഥ മധുവിൻേറതാണു്.

സോമുവിൻേറതു്

വേണുവിൻേറതു്

ഗോപുവിൻേറതു്

ബാബുവിൻേറതു്

പ്രഭുവിൻേറതു്

5. ഇതു് കമലയുടേതാണു്.

മണിയുടേതു്

രവിയുടേതു്

ശാരദയുടേതു്

സാറയുടേതു്

സരളയുടേതു്

## Model 2

അതു് ലളിതയുടെ കഥയാണു്.

മണി

അതു് മണിയുടെ കഥയാണു്

1. ഇതു് രഘുവിൻെറ ലൈബ്രറിയാണു്.

രാമൻ

ശാരദ

ചന്ത്രു

കുമാരി

സരോജം

സരസ

അഹമ്മദ്

Model 3

അതു് ഊണ മുറിയാണു്.

കിടക്ക

അതു് കിടക്ക മുറിയാണു്.

1. ഇതു് വലിയ കെട്ടിടമാണു്.

ചെറിയ

പുതിയ

പഴയ

നല്ല

ചീത്ത

കിഴക്കേ

വടക്കേ

പടിഞ്ഞാറേ

തെക്കേ

D. Restatement drill

Model 1

ഇതു് അവളുടെ വീടല്ല.

ഈ വീടു് അവളുടേതല്ല.

1. ഇതു് നമ്മുടെ ലൈബ്രറിയാണു്.

2. അതു് ഞങ്ങളുടെ ക്ലാസാണു്.

3. അതു് നിങ്ങളുടെ ഹോസ്റ്റലല്ലേ ?

4. ഇതു് എന്റെ ചേച്ചിയുടെ ലൈബ്രറിയാണു്.

5. അതു് നന്ദിനിയുടെ ഫോട്ടോയാണു്.

6. അതു് ആരുടെ പ്ലാനാണു് ?

Model 2

ആ പുസ്തകങ്ങൾ ഞങ്ങളുടേതല്ല.

അവ ഞങ്ങളുടെ പുസ്തകങ്ങളല്ല.

1. ഈ കഥ എൻെറ കൂട്ടുകാരിയുടേതല്ല.

2. ഈ കഥയും അദ്ദേഹത്തിൻേറതാണോ ?

3. ആ കവിതകളും നിൻെറ ചേച്ചിയുടേതല്ലേ ?

4. ഈ ചെറിയ പുസ്തകം ആരുടേതാണു് ?

5. ആ വീടു് രാമൻേറതല്ല.

6. ഈ മുറിയും എൻെറ അച്ഛൻേറതാണു്.

E. Response drill

Model

ഈ വീടു് ആരുടേതാണു് ?

ഈ വീടു് രാഘവൻേറതാണു്.

1. ആ കവിത ആരുടേതാണു് ?

2. അതു് ആരുടേതാണു് ?

3. ഈ ഗ്രാമം ആരുടേതാണു് ?

4. ആരുടേതാണീ ചെറുകഥ ?

5. അത്ര വലിയ വീടു് ആരുടേതാണു് ?

EXERCISES

I Combine the given words and write the contracted forms.

1. മുറി + ഉം + കട + ഉം

2. അടുക്കള + ഉം + കലവറ + ഉം + ഊണുമുറി + ഉം

3. അച്ഛൻെറ + ഉം + നിൻെറ + ഉം

4. കൂട്ടുകാരിയുടേതു് + ഉം + നാട്ടുകാരിയുടേതു് + ഉം

5. വലിയച്ഛൻെറ + ഉം + കുഞ്ഞമ്മയുടെ + ഉം

II Fill in the blanks suitably.

1. ഇതു് ——— ഫോട്ടോയാണു്.
2. ആ ആഴ്ചപ്പതിപ്പു് ——— ?
3. അതും ——— ?
4. ഇതു ——— ഗ്രാമമാണു്.
5. ഈ വലിയ കഥയും ——— ?
6. അതു് എന്റെ ഒരു ——— കഥയാണു്.
7. ഈ ഹോസ്റ്റൽ ———.

III Respond to the following questions.

1. ഇതു് നിന്റെ പുസ്തകമാണോ ?
2. നിങ്ങളുടെ കൂട്ടുകാരിയുടേതാണോ ഈ കഥയും ?
3. അയാളും നിങ്ങളുടെ വിദ്യാർത്ഥിയാണോ ?
4. ഈ ഹോസ്റ്റൽ ആരുടേതാണു് ?
5. ആ ക്ലാസു് തമിഴു് വിദ്യാർത്ഥികളുടേതല്ലേ ?
6. ഇതു് ആരുടേതാണു് ?
7. ഈ ചെറുകഥ നിന്റെ കുഞ്ഞമ്മയുടേതാണോ ?

IV Rewrite the following sentences according to the models given.

Model 1

ഇതു് ആരുടെ പ്ലാനാണു് ?

ഈ പ്ലാൻ ആരുടേതാണു്?

1. അതു് എന്റെ മുറിയാണു്.
2. അതു് അദ്ദേഹത്തിന്റെ ഭാര്യയുടെ നോവലാണു്.
3. ഇതു് മലയാളം വിദ്യാർത്ഥികളുടെ ക്ലാസാണു്.

Model 2

ആ ലൈബ്രറി തമിഴു് വിദ്യാർത്ഥികളുടേതാണു്.

അതു് തമിഴു് വിദ്യാർത്ഥികളുടെ ലൈബ്രറിയാണു്.

1. ഈ ഗ്രാമം ഏതു നാട്ടുകാരുടേതാണു് ?

2. ആ ഫോട്ടോ എൻെറ കൂട്ടുകാരിയുടേതാണ്.

3. ആ പ്ലാനൊക്കെ ഞങ്ങളുടെ അധ്യാപകൻേറതാണ്.

Model 3

അതും അച്ഛൻെറ മുറിയാണ്.

അതും അച്ഛൻേറതാണ്.

1. ഇതു് എൻെറ വീടാണ്.
2. അതു് നമ്മുടെ ഗ്രാമമാണ്.
3. ഇതു് ആരുടെ കവിതയാണ് ?
4. അതു് റഹീമിൻെറ മുറിയാണ്.
5. ഇതു് സാരോജത്തിൻെറ പുസ്തകമാണ്.

V Rewrite the sentences in 5 pairs after completing the incomplete ones according to the full sentences.

1. ഇതു് എൻെറ കൂട്ടുകാരിയുടെ വീടാണ്.
2. അതു് ഞങ്ങളുടെ ഗ്രാമമാണ്.
3. ഈ വീട്. . . . . . . . . . . . . . . . . . . . . . . . . .
4. അവ അദ്ദേഹത്തിൻെറ ചേച്ചിയുടെ പുസ്തകങ്ങളാണ്.
5. ഈ ക്ലാസ് അവരുടേതാണ്.
6. ആ ഗ്രാമം . . . . . . . . . . . . . . . . . . . . . . . .
7. ആ പുസ്തകങ്ങൾ . . . . . . . . . . . . . . . . . . . . . .
8. ആ കവിത ലീലയുടേതാണ്.
9. ഇതു് അവരുടെ. . . . . . . . . . . . . . . . . . . . . .
10. അതു്. . . . . . . . . . . . . . . . . . . . . . . . . . .

## VOCABULARY

| | |
|---|---|
| ഞങ്ങളുടേതു് | 'ours' |
| ഭംഗി | 'beauty' |
| ഈ | 'this' (demonstrative adjective proximate) |
| സാമാന്യം | 'somewhat' |

| | |
|---|---|
| അഭിപ്രായം | 'opinion' |
| പ്ലാൻ | 'plan' |
| സിവിൽ | 'civil' |
| ഇൻജിനീയർ | 'engineer'. |
| പൂന്തോട്ടം | 'flower garden' |
| പണി | 'work' |
| ജോലിക്കാർ | 'servants' |
| കലാപ്രേമി | 'lover of arts' |
| കൂടി | 'also' |
| കമൻറ് | 'comment' |
| തികച്ചും | 'completely' |
| പൂക്കൾ | 'flowers' |
| ചെടികൾ | 'plants' |
| ജീവൻ | 'life' |
| വിരുന്നുകാർ | 'guests' |
| ആ | 'that' (demonstrative adjective remote) |
| തെക്കേ | 'southern' |
| കോൺ | 'angle, corner' |
| അങ്ങ് | 'there' |
| വടക്കേ | 'northern' |
| അററം | 'end, tip' |
| നടുക്ക് | 'centre' |
| കിഴക്ക് | 'east' |
| ഭാഗത്ത് | 'on the side' |
| പൂജാമുറി | 'the prayer and worship room' |
| എതിരെ | 'opposite' |
| വായനമുറി | reading room' |
| പിൻവശത്ത് | 'in the back, behind' |

| | |
|---|---|
| കിടക്കമുറി | 'bed room' |
| മുൻവശത്തു് | 'in the front' |
| കൺസൽട്ടേഷൻ റൂം | 'consultation room' |
| ഡോക്ടർ | 'doctor' |
| അടുക്കള | 'kitchen' |
| ഊണുമുറി | 'dining hall' |
| കലവറ | 'store room' |
| പറിഞ്ഞാറു് | 'west' |

## NOTES

3.9.1. Look at the forms ഞങ്ങളുടേതു്, ചേട്ടന്റേതു്, and അച്ഛന്റേതു് in the lesson. These are pronominal predicates formed by adding the neuter marker –തു് to the possessive pronouns. These are used to indicate extra emphasis for possession.

അതെ. ഈ വീടു് ഞങ്ങളുടേതാണു്. Yes. This house is ours.

3.9.2. Note that in most of the cases when –തു് is added the final -എ of the genitive (possessive) case is lengthened.

ഞങ്ങളുടെ + — തു് > ഞങ്ങളുടേതു്

3.9.3. ഈ and ആ are the demonstrative adjectives which are different from the demonstrative pronouns ഇതു് and അതു്. These adjectives ഈ and ആ do not change according to the number/gender of the nouns followed.

| | | | |
|---|---|---|---|
| ഈ പുസ്തകം | 'this book' | | |
| ഈ പുസ്തകങ്ങൾ | 'these books' | | |
| ആ പെൺകുട്ടി | 'that girl' | ആ ആൺകുട്ടി | 'that boy' |

3.9.4. തെക്കു്, വടക്കു്, കിഴക്കു്, പടിഞ്ഞാറു് are the terms for directions south, north, east, and west. Note that the particle -ഏ has to be added to make them adjectives as seen below.

| | |
|---|---|
| തെക്കു് > തെക്കേ | 'southern' |
| വടക്കു് > വടക്കേ | 'northern' |
| കിഴക്കു് > കിഴക്കേ | 'eastern' |
| പടിഞ്ഞാറു് > പടിഞ്ഞാറേ | 'western' |

## UNIT 3

## LESSON 10

# ആ വീട് പഴയതാണ്

## CONVERSATION

| | | |
|---|---|---|
| തോമസ് : | നിന്റെ പുതിയ വീടെങ്ങനെ ? | How is your new house? |
| മുകുന്ദൻ : | സാധാരണ വാടകവീടുതന്നെ. കുറച്ചൊക്കെ വലിയതാണ്. പക്ഷെ. . . . . . . ... | It is an ordinary rented house. It is some what big. But.... |
| തോമസ് : | എന്താ പക്ഷെ ? വാടക കൂടുതലാണോ ? | Why is that 'But'? Is the rent too much? |
| മുകുന്ദൻ : | അല്ലല്ല. വാടക അത്ര കൂടുതലൊന്നുമല്ല. | No. The rent is not that high. |

| | | |
|---|---|---|
| തോമസ് : | പിന്നെന്താ ? | Then what? |
| മുകുന്ദൻ : | ആ വീടു പഴയതാണു തോമസ്. വാതിലും, ജന്നലുമെല്ലാം വളരെ പഴയ മോഡലാണ്. അതൊന്നും ഒട്ടും നല്ലതല്ല. മുറികളും തീരെ ചെറുതു്. അടുക്കള മാത്രം കുറച്ചുഭേദം. അതു ശകലം വല്യതാണ്. വായനമുറിയുടെ അത്ര ചെറുതല്ല. | That house is old, Mr. Thomas. Doors and windows are all of very old fashion. Those are not at all good. Even the rooms are very small. Only the kitchen is a little better. That is slightly bigger. It is not as small as the study. |
| തോമസ് : | അതെങ്കിലും ഒരു സമാധാനമല്ലേ ? | Isn't that at least a consolation? |
| മുകുന്ദൻ : | അതു മാത്രമല്ല; ഞങ്ങളുടെ ഗേറ്റും പുതിയതാണ്. | It is not just that, our gate is also new. |
| തോമസ് : | അതും നല്ലതുതന്നെ. എത്രയാണ് വാടക ? | That is also good. How much is the rent? |
| മുകുന്ദൻ : | തൊണ്ണൂറ്. | Ninety |
| തോമസ് : | തൊണ്ണൂറോ ? അതു് ഇക്കാലത്തു് വലിയ ലാഭമല്ലേ ? ആരാണ് വീട്ടുടമസ്ഥൻ ? | Ninety? Isn't that greatly profitable in these days? Who is the owner of the house? |
| മുകുന്ദൻ : | ഒരു മിസ്റ്റർ പി. എൻ. മേനോൻ. അദ്ദേഹം തൃശ്ശൂർക്കാരനാണ്. വളരെ നല്ല മനുഷ്യനാണ്. ഭാര്യയും അതെ. നല്ല സ്ത്രീയാണ്. വാസ്തവത്തിൽ വീട് അവരുടേതാണ്. അതു അവരുടെ തറവാട്ടോഹരിയാണ്. | One Mr. P.N. Menon. He is from Trichur. He is a very fine man. Even his wife is like that. She is a good woman. The house really belongs to her. That is her share of the family home. |
| തോമസ് : | അവരും അതിന്റെ അടുത്താണോ ? | Are they also near to that? |

മുകുന്ദൻ : അല്ല. അവരെല്ലാം അങ്ങു സിംഗപ്പൂറിലാണ്. അവരുടെ മരുമകൻ അവിടെ ഒരു പ്രൈവററ് കമ്പനിയിൽ ഏതോ വലിയ ഉദ്യോഗത്തിലാണ്.

No. They are all in Singapore. Their son-in-law is in a big post in some private company there.

## DRILLS

### A. Repetition drill

a. 1. ആ വീട് പുതിയതാണ്.
   2. ഈ കവിത നല്ലതാണ്.
   3. ആ മുറികളും തീരെ ചെറുതല്ല.
   4. ഈ പുസ്തകങ്ങളും വളരെ പഴയതാണ്.
   5. ഗേററ് വളരെ വലിയതല്ല.

b. 1. അടുക്കള വായനമുറിയുടെ അത്ര ചെറുതല്ല.
   2. എൻെറ വീട് നിൻെറ വീട്ടിൻെറ അത്ര വലുതല്ല.
   3. സരളയുടെ കവിത നിൻെറ കവിതയുടെ അത്ര നല്ലതല്ല.

### B. Build up drill

Model

ആണ്.

ആണ്.

നല്ലതു്.

നല്ലതാണ്

വളരെ

വളരെ നല്ലതാണ്.

കവിത

കവിത വളരെ നല്ലതാണ്.

പുതിയ

പുതിയ കവിത വളരെ നല്ലതാണ്.

ഏററവും

ഏററവും പുതിയ കവിത വളരെ നല്ലതാണ്.

അദ്ദേഹത്തിൻെറ

അദ്ദേഹത്തിൻെറ ഏററവും പുതിയ കവിത വളരെ നല്ലതാണ്.

1. അല്ല.

വലുതല്ല.

അത്ര വലുതല്ല.

വീട്ടിൻെറ അത്ര വലുതല്ല.

സ്വന്തം വീട്ടിൻെറ അത്ര വലുതല്ല.

നിൻെറ സ്വന്തം വീട്ടിൻെറ അത്ര വലുതല്ല.

വാടകവീട് നിൻെറ സ്വന്തം വീട്ടിൻെറ അത്ര വലുതല്ല.

എൻെറ വാടക വീട് നിൻെറ സ്വന്തം വീട്ടിൻെറ അത്ര വലുതല്ല.

2. ആണ്.

നല്ലതാണ്.

വളരെ നല്ലതാണ്.

കവിതകളൊക്കെ വളരെ നല്ലതാണ്.

ആ കവിതകളൊക്കെ വളരെ നല്ലതാണ്.

അദ്ദേഹത്തിൻെറ ആ കവിതകളൊക്കെ വളരെ നല്ലതാണ് .

## C. Restatement drill

### Model 1

ഇതു് പുതിയ പുസ്തകമാണ്.

ഈ പുസ്തകം പുതിയതാണ്.

a. അതു് പഴയ കഥയാണ്.

b. ഇതു് വലിയ വീടാണ്.

c. അതു് ചെറിയ കവിതയാണ്.

d. അതു് പുതിയ കെട്ടിടമാണ്

e. ഇതു് ചെറിയ കടയാണ്.

f. ഇതു് നല്ല മുറിയാണ്.

g. അതു നാലാമത്തെ വീടാണ്.

### Model 2

അവ നല്ല പുസ്തകങ്ങളാണ്.

ആ പുസ്തകങ്ങൾ നല്ലതാണ്.

(ആ പുസ്തകങ്ങൾ നല്ലവയാണ്)

a. ഇവ വലിയ കവിതകളാണ്.

b. ഇവ ചെറിയ കടകളാണ്.

c. അവ നല്ല വീടുകളാണ്.

d. ഇവ പഴയ റോഡുകളാണ്.

e. അവ നല്ല പൂന്തോട്ടങ്ങളാണ്.

### Model 3

അതു് എന്റെ പഴയ പുസ്തകമാണ്.

1. എന്റെ ആ പുസ്തകം പഴയതാണ്.

2. ആ പഴയ പുസ്തകം എന്റേതാണ്.

a. അതു് നമ്മുടെ പഴയ ഓഫീസാണ്.

b. അതു് അദ്ദേഹത്തിന്റെ പുതിയ നോവലാണ്.

c. അതു് ഇവരുടെ നല്ല കൃതിയാണ്.

d. ഇതു് ഞങ്ങളുടെ പുതിയ ലൈബ്രറി കെട്ടിടമല്ല.

e. അതു് അവരുടെ വലിയ നേഴ്സറി സ്കൂളാണ്.

## D. Response drill

### Model

നമ്മുടെ മുറി വളരെ നല്ലതാണോ ?

അതെ. നമ്മുടെ മുറി വളരെ നല്ലതാണ്.

അല്ല. നമ്മുടെ മുറി വളരെ നല്ലതല്ല.

1. നിങ്ങളുടെ വീടു പുതിയതാണോ ?

2. ഈ കഥ നല്ലതാണോ ?

3. ഈ പഴയ കെട്ടിടം നിങ്ങളുടേതാണോ ?

4. ആ നേഴ്സറി സ്കൂൾ വളരെ ചെറുതല്ലേ ?

5. നമ്മുടെ പുസ്തകങ്ങളും നല്ലതല്ലേ ?

6. ഈ ക്ലാസ്സ് തീരെ വലുതല്ലേ ?

## EXERCISES

I Fill in the blanks choosing the correct word.

1. ഇതു് ഒരു ——— പൂന്തോട്ടമാണു്. (നല്ല, നല്ലതു്)
2. അതു് എൻെറ ——— രൂപ്പാനാണു്. (ചേട്ടൻെറ, ചേട്ടൻേറതു്)
3. ഞങ്ങളുടെ വീടു് വളരെ ——— ആണു്. (ചെറിയ, ചെറുതു്)
4. തോമസിൻെറ ചേച്ചിയുടെ കഥ ——— ആണു്. (പുതിയ, പുതിയതു്)
5. നമ്മുടെ ഓഫീസും ——— അല്ല. (വലിയ, വലുതു്)
6. എൻെറ അനിയൻെറ മുറി ——— മുറിയാണു്. (ചെറിയ, ചെറിയതു്)
7. ഇതൊക്കെ ——— പുസ്തകങ്ങളാണു് ? (ആരുടെ, ആരുടേതു്)
8. ആ കഥ ഒട്ടും ——— അല്ല. (നല്ല, നല്ലതു്)
9. ഇതു് ആ കൊച്ചു ——— അമ്മയല്ലേ ?
(കുട്ടിയുടെ, കുട്ടിയുടേതു്)
10. രാമു ——— മകൻ ആണോ ? (നിങ്ങളുടേതു്, നിങ്ങളുടെ)

II Fill in the blanks suitably.

1. മുറി ഒട്ടും ——— അല്ല.
2. മൂന്നാമത്തെ വീടു് ——— വീടാണു്.
3. അതു് ——— കവിത അല്ലേ ?
4. അദ്ദേഹത്തിൻെറ പുസ്തകം വളരെ ——— ആണോ ?
5. ഒറീസയുടെ തലസ്ഥാനം ഒരു ——— നഗരമാണു്.
6. അതൊന്നും ——— വീടുകളല്ല.
7. ഒൻപതാമത്തെ കെട്ടിടം ഒട്ടും ——— അല്ല.
8. ആരുടേതാണു് ——— നല്ല കെട്ടിടം ?
9. അതു്——— ലൈബ്രറിയാണു്.
10. കേരളം ഒരു ——— സംസ്ഥാനമാണു്.

III Answer the following.

1. നിങ്ങളുടെ കൂട്ടുകാരൻെറ വീടും പഴയതാണോ ?
2. ഈ ക്ലാസ് തമിഴ് വിദ്യാർഥികളുടേതല്ലേ ?
3. ഈ പുതിയ കഥ ആരുടേതാണ് ?
4. അതു നിങ്ങളുടെ അധ്യാപകൻെറ ഫോട്ടോയല്ലേ ?
5. അതാണോ നിങ്ങളുടെ പുതിയ ഓഫീസ് ?
6. നിങ്ങളുടെ മുറി തീരെ ചെറുതല്ലേ ?
7. നിൻെറ വീട് പഴയതാണോ ?

IV Give one question each for the following statements.

1. അല്ല. ഞങ്ങളുടെ വീട് വാടകവീടല്ല.
2. അതെ. എല്ലാം അവരുടേതുതന്നെ.
3. ഇതെല്ലാം എൻെറ ചേട്ടൻെറ പ്ലാനാണ്.
4. അതെ ഞങ്ങളുടെ ഗ്രാമം വളരെ ചെറുതാണ്.
5. തോമസിൻെറ കവിതയാണ് നല്ലതു്.
6. അല്ല. അതൊന്നും ഒട്ടും നല്ലതല്ല.

V Answer the following questions with reference to the conversation.

1. മുകുന്ദൻെറ വാടകവീട് എങ്ങനെയാണ് ?
2. എത്ര രൂപയാണ് വാടക ?
3. അയാളുടെ വീട് പഴയതാണോ ?
4. ആരാണ് ആ വീട്ടിൻെറ ഉടമസ്ഥൻ ?
5. ഉടമസ്ഥനും ഭാര്യയും ഒക്കെ എവിടെയാണ് ? അവർ ആരുടെക്കൂടെയാണ് ?

## VOCABULARY

| | |
|---|---|
| സാധാരണ | 'ordinary' |
| കുറച്ചൊക്കെ | 'somewhat' |
| കൂടുതൽ | 'excess, too much' |
| വാതിൽ | 'door' |

| | |
|---|---|
| ജന്നൽ | 'window' |
| മോഡൽ | 'model' |
| ഒട്ടും | 'even a bit, even a little' |
| ശകലം | 'little' |
| എങ്കിലും | 'at least' |
| സമാധാനം | 'consolation' |
| ഗേററ് | 'gate' |
| ഇക്കാലം | 'this period' |
| ലാഭം | 'profit' |
| വീട്ടുടമസ്ഥൻ (വീട് + ഉടമസ്ഥൻ) | 'house owner' |
| മനുഷ്യൻ | 'human being, man' |
| സ്ത്രീ | 'woman' |
| വാസ്തവത്തിൽ | 'in reality' |
| അടുത്ത് | 'near' |
| തറവാട്ടോഹരി (തറവാട് + ഓഹരി) | 'family share' |
| മരുമകൻ | 'son-in-law' |
| അവിടെ | 'there' |
| ഏതോ | 'some' |
| ഉദ്യോഗം | 'job' |

## NOTES

3.10.1. Like the pronominal predicates of the previous lesson, this lesson introduces you to adjectival predicates formed with the adjectives and the neuter marker–ത് emphasising the adjective quality.

ആ വീട് പഴയതാണ്. That house is old.

3·10.2. It may be noted that when the noun is in plural the predicate part can have either the singular marker–ത് or plural marker–വ. But the–ത് forms are more frequently used.

ആ വീടുകൾ പഴയതാണ്.
ആ വീടുകൾ പഴയവയാണ്. } Those houses are old.

3.10.3. Adjectives വലിയ and ചെറിയ have two kinds of predicate forms as വലിയതു്, വലുതു് and, ചെറിയതു് and, ചെറുതു് respectively.

3.10.4. ഒന്നും 'even one' and ഒട്ടും 'even little' are used in negative sentences.

3.10.5. Note the sentence അതു് വായനമുറിയുടെ അത്ര ചെറുതല്ല. 'That is not as small as the study'. Genitive case followed by അത്ര indicates comparison.

---

## UNIT 3

## LESSON 11

# അയാൾ എത്ര നല്ലവനാണ്

### CONVERSATION

| | | |
|---|---|---|
| തോമസ്: | മുകുന്ദാ, നീയെത്ര ഭാഗ്യവാൻ ആണ്! | Mukunda, what a lucky man you are! |
| മുകുന്ദൻ: | ഞാൻ മാത്രമോ? എന്റെ ഭാര്യയും ഭാഗ്യവതിയല്ലേ? | Am I alone lucky? Isn't my wife also a lucky woman? |
| തോമസ്: | ഇതു തമാശയല്ലെടോ. | This is not a joke. |
| മുകുന്ദൻ: | എന്റെ ഭാഗ്യം പിന്നെ തമാശയാണോ? | Is my luck then a joke? |
| താമസ്: | നിന്റെയോ, നിന്റെ ഭാര്യയുടേയോ ഭാഗ്യത്തിന്റെ കാര്യമല്ല ഇത്. | It is not the matter of your luck or that of your wife's. |

| | | |
|---|---|---|
| മുകുന്ദൻ: | പിന്നെന്താ? | Then what? |
| തോമസ്: | നിന്റെ വീട്ടുടമസ്ഥന്റെ കാര്യമാ. അയാൾ എത്ര നല്ലവനാണ്! | It is about your house owner. What a good man he is! |
| മുകുന്ദൻ: | ഞങ്ങളുടെ ഉടമസ്ഥൻ മാത്രമല്ല. ഉടമസ്ഥയും വളരെ നല്ലവരാണ്. | Not only our land lord but his wife is also a very good woman. |
| തോമസ്: | അതാണ് നിന്റെ ഭാഗ്യം. പക്ഷെ എന്റെ സ്ഥിതിയോ? എത്ര ദയനീയമാണത്! | That is your luck . But my condition? How miserable it is! |
| മുകുന്ദൻ: | എന്താ കുഴപ്പം തോമസേ? | What is the trouble, Thomas? |
| തോമസ്: | ഞങ്ങളുടെ വീട്ടുടമസ്ഥൻ ഒരു ഭയങ്കരനാണ്. അയാളുടെ ഭാര്യയും ഒട്ടും നല്ലവളല്ല. അവൾ ഒരു ഭയങ്കരിയും, മഹാ പിശുക്കിയുമാണ്. അവരുടെ കുട്ടികളും ഭയങ്കര അക്രമികളാണ്. | Our land lord is a terrible fellow. His wife is also not a good woman . She is a horrible and a stingy woman. Their children are also terribly naughty. |
| മുകുന്ദൻ: | ഇതൊരു വലിയ ഫലിതം തന്നെ. | This is a big joke. |
| തോമസ്: | ഫലിതമല്ലെടോ. സത്യം തന്നെയാ. ഈ വീട്ടുടമസ്ഥർ ഒരു പ്രശ്നം തന്നെയാണ്. എപ്പോഴും ഈ വലിയ പണക്കാരൊക്കെ ദുഷ്ടന്മാരും, ഭയങ്കരന്മാരുമാണ്. | This is not a joke. It is the truth. These house owners are a real problem. Always rich fellows are all very cruel and terrible fellows. |
| മുകുന്ദൻ: | പിന്നെന്താ നിന്റെ വിചാരം? ഈ ലോകത്തിൽ എല്ലാവരും നല്ലവരും, വലിയവരും ആണോ? | Then what do you think? Are all in this world good and great? |

| | | |
|---|---|---|
| തോമസ്: | അങ്ങനെയൊന്നുമല്ല. എൻെറ ധാരണ. പക്ഷെ ഞങ്ങളുടെ ഉടമസ്ഥൻെറ സ്വഭാവം വളരെ ചീത്തയാണ്. മാസം തോറും വാടക കൂട്ടൽ ആണ് അയാളുടെ സൂത്രം. ഞങ്ങൾ അയാളുടെ പത്താമത്തെ വാടക ക്കാരാണത്രെ. | That is not my idea. But our landlord's nature is very bad. His trick is to increase the rent every month. It seems we are his tenth tenants. |

## DRILLS

### A. Repetition drill

a

1. വീട്ടുടമസ്ഥൻ വളരെ നല്ലവനാണ്.
   ഉടമസ്ഥ നല്ലവളാണ്.
   ഉടമസ്ഥർ നല്ലവരാണ്.
2. പണക്കാരൻ ദുഷ്ടനാണ്.
   പണക്കാരി ദുഷ്ടയാണ്.
   പണക്കാർ ദുഷ്ടരാണ്.
3. അവൻ നല്ലവനാണ്.
   അവൾ നല്ലവളാണ്.
   അവർ നല്ലവരാണ്.

b

1. നീ എത്ര ഭാഗ്യവാനാണ്!
2. അവൾ എത്ര ഭാഗ്യവതിയാണ്!
3. അവർ എത്ര ഭാഗ്യവാന്മാരാണ്!
4. ആ കഥ എത്ര ദയനീയമാണ്!
5. അത് എത്ര ഭയങ്കരമാണ്!

c

1. തൻേറയോ, തൻെറ ഭാര്യയുടേയോ ഭാഗ്യത്തിൻെറ കാര്യമല്ല.
2. നിൻെറ വിദ്യാർഥി മോഹനനോ വേണുവോ ആണ്.
3. അതോ, ഇതോ വലിയ വീടല്ല.

d

1. ഞങ്ങൾ അയാളുടെ പത്താമത്തെ വാടകക്കാരാണത്രേ.
2. അതൊരു വലിയ വീടാണത്രേ.
3. അതാണ് ഏറ്റവും നല്ല നോവലത്രേ.

## B. Build up drill

### Model

ആണോ?

ആണോ?

വലിയവരും

വലിയവരുമാണോ?

നല്ലവരും

നല്ലവരും വലിയവരുമാണോ?

എല്ലാവരും

എല്ലാവരും നല്ലവരും, വലിയവരുമാണോ?

ഈ ലോകത്തിൽ

ഈ ലോകത്തിൽ എല്ലാവരും നല്ലവരും, വലിയവരുമാണോ?

1. ആണത്രേ.

നല്ലവരാണത്രേ.

നാട്ടുകാരെല്ലാം നല്ലവരാണത്രേ.

അയാളുടെ നാട്ടുകാരെല്ലാം നല്ലവരാണത്രേ.

2. അല്ല.

കാര്യമല്ല.

ഭാഗ്യത്തിന്റെ കാര്യമല്ല.

നിന്റേയോ, ഭാര്യയുടേയോ ഭാഗ്യത്തിന്റെ കാര്യമല്ല.

ഇതു് നിന്റേയോ, ഭാര്യയുടേയോ ഭാഗ്യത്തിന്റെ കാര്യമല്ല.

3. നല്ലവരാണു്

എത്ര നല്ലവരാണു്!

അവരെല്ലാം എത്ര നല്ലവരാണു്!

## C. Substitution drill

1. അവൻ <u>നല്ലവൻ</u> ആണു്

വലിയവൻ

ഭാഗ്യവാൻ

പിശുക്കൻ

ഭയങ്കരൻ

അക്രമി

2. അവരം നല്ലവരം ആണ്.

വലിയവരം

ഭാഗ്യവതി

പിശുക്കി

ഭയങ്കരി

അക്രമി

3. അവർ നല്ലവർ ആണ്.

വലിയവർ

ഭയങ്കരന്മാർ

ഭയങ്കരികരം

ഭയങ്കരർ

പിശുക്കന്മാർ

പിശുക്കികരം

പിശുക്കർ

ഭാഗ്യവാന്മാർ

ഭാഗ്യവതികരം

അക്രമികരം

4. രാമനും കൃഷ്ണനും ഭയങ്കരന്മാർ ആണ്.

ഭയങ്കരർ

കൂട്ടുകാരന്മാർ

കൂട്ടുകാർ

തയ്യൽക്കാരന്മാർ

തയ്യൽക്കാർ

പിശുക്കന്മാർ

പിശുക്കർ

ഭാഗ്യവാന്മാർ

അക്രമികരം

## D. Restatement drill

### Model 1

അവൻ അധ്യാപകനാണ്.

അവരം അധ്യാപികയാണ്.

1. അവൻ വിദ്യാർഥി ആണ്.
2. അവൻ നാട്ടുകാരൻ ആണ്.
3. അവൻ കൂട്ടുകാരൻ ആണ്.
4. അവൻ ഭയങ്കരൻ ആണ്.
5. അവൻ പിശുക്കൻ ആണ്.
6. അവൻ നല്ലവൻ ആണ്.
7. അവൻ വലിയവൻ ആണ്.

### Model 2

a. ഈ മുറി എത്ര ചെറുതാണ്!

b. ഈ മുറി വളരെ ചെറുതാണ്.

1. ആ വീട് എത്ര വലുതാണ്!
2. അവന്റെ കുട്ടികരം എത്ര നല്ലവരാണ്!
3. ആ കെട്ടിടം എത്ര പഴയതാണ്!
4. അവർ എത്ര നല്ലവരാണ്!
5. അതു് എത്ര ഭംഗിയാണ്!

## E. Response Drill

### Model

a. നിന്റെ വീട്ടുടമസ്ഥൻ എത്ര നല്ലവനാണ്!

b. ഉടമസ്ഥൻ മാത്രമല്ല, ഉടമസ്ഥയും നല്ലവളാണ്!

1. അയാളുടെ കൂട്ടുകാരൻ എത്ര ഭാഗ്യവാനാണ്!
2. തോമസിന്റെ അനിയൻ എത്ര പണക്കാരനാണ്!
3. അദ്ദേഹത്തിന്റെ അച്ഛൻ എത്ര പിശുക്കനാണ്!
4. നിങ്ങളുടെ നാട്ടുകാരൻ എത്ര നല്ലവനാണ്!
5. ഞങ്ങളുടെ വാടകക്കാരൻ എത്ര ഭയങ്കരനാണ്!

## EXERCISES

I Match the following

| A | B |
|---|---|
| 1. ആ കഥ | a. കൂട്ടുകാരനോ അല്ല. |
| 2. എന്റെ ഇളയ മകനും | b. നിന്റെ അധ്യാപികയാണോ? |
| 3. അവരൊക്കെ | c. ഭയങ്കരനാണ്. |
| 4. അവരുടെ ചേച്ചി | d. എത്ര നല്ലവരാണ്! |
| 5. അയാളും ഒരു | e. ഒന്നാം ക്ലാസിലാണ്. |
| 6. അയാളും നാട്ടുകാരനോ | f. വളരെ നല്ലതാണ്. |

II Rewrite the following sentences using the opposite genders of the pronouns and nouns.

1. അദ്ദേഹം ഒരു പണക്കാരനാണ്
2. അവൻ ഞങ്ങളുടെ നാട്ടുകാരനാണ്.
3. അവളും വലിയ പിശുക്കിയാണ്.
4. അവൻ ഒരു ഭയങ്കരനാണ്.
5. അവർ നിങ്ങളുടെ അധ്യാപികയല്ലേ?
6. അയാളാണ് വീട്ടുടമസ്ഥൻ
7. അവളും നല്ലവളല്ല.

## III Rewrite the sentences using the plural nouns and pronouns.

1. അവൻ എൻെറ നാട്ടുകാരനാണു്.
2. അയാൾ നല്ലവനാണു്.
3. അവൾ പിശുക്കിയാണു്.
4. അവൻ വലിയ അക്രമിയാണു്.
5. അവൾ കൂട്ടുകാരിയാണു്.
6. അവൾ ഭയങ്കരിയാണു്.

## IV Fill in the blanks suitably.

1. അദ്ദേഹത്തിൻെറ പുതിയ നോവൽ ——— അല്ലേ?
2. അയാൾ ——— നല്ലവനാണു്!
3. എൻെറ സ്ഥിതി ——— ദയനീയമാണു്.
4. അവരുടെ വീടു് ഒട്ടും ——— അല്ല.
5. ഇതു് ——— പുസ്തകമല്ലേ?
6. എൻെറ കൂട്ടുകാരൻെറ അച്ഛൻ ഒരു ——— ആണു്.
7. ആ വാതിലും ജന്നലുമെല്ലാം വളരെ ——— ആണു്.
8. ഇതെല്ലാം വലിയ ——— ആണു്.
9. അവർ വലിയ ——— ആണു്.
10. ഞങ്ങളുടെ വീട്ടുടമസ്ഥയും വളരെ ——— ആണു്.
11. പണക്കാർ ഒക്കെ ——— ആണു്.
12. ——— എൻെറ നാട്ടുകാരൻ ആണു്.

## V Convert the following statements into exclamatory sentences.

1. ആ തയ്യൽക്കട വളരെ ചെറുതാണു്.
2. അതു് വളരെ പഴയ വീടാണു്.
3. അയാൾ വളരെ നല്ലവനാണു്.
4. അവൾ വളരെ പിശുക്കിയാണു്.
5. എൻെറ കൂട്ടുകാരൻ വളരെ നല്ല ഡോക്ടറാണു്.

VI Complete the sentences wherever necessary and rewrite them in three groups consisting of three sentences each.

1. അവരം വലിയവളാണ്.
2. ഇദ്ദേഹം ———
3. എന്റെ കൂട്ടുകാരൻ നല്ലവനാണ്.
4. ഇതു് ഭയങ്കരമാണ്.
5. അതു് ———.
6. എന്റെ കൂട്ടുകാരി ———.
7. ഇവർ ഭയങ്കരിയാണ്.
8. എന്റെ കൂട്ടുകാരിയുടെ സ്വഭാവം നല്ലതാണ്.
9. അവൻ വലിയവനാണ്.

VII Answer the given questions with reference to the conversation.

1. ആരുടെ ഉടമസ്ഥനാണ് വളരെ നല്ലവൻ?
2. തോമസിന്റെ വീട്ടുടമസ്ഥന്റെ സ്വഭാവം എങ്ങനെയാണ്?
3. ആരുടെ ഭാര്യയാണ് പിശുക്കി?
4. ആരാണ് ഭാഗ്യവാൻ?
5. തോമസ് അയാളുടെ ഉടമസ്ഥന്റെ എത്രാമത്തെ വാടകക്കാരനാണ്?

## VOCABULARY

| | |
|---|---|
| ഭാഗ്യവാൻ | 'lucky man' |
| ഭാഗ്യവതി | 'lucky woman' |
| ഭാഗ്യം | 'luck' |
| എടോ | a term of address for the male sex to indicate intimacy, inferiority or informality. |
| സ്ഥിതി | 'plight', 'condition' |
| ദയനീയം | 'that which is pitiable' |
| കുഴപ്പം | 'trouble, confusion' |
| ഭയങ്കരൻ | 'terrific guy' |

| | |
|---|---|
| മഹാ | 'great, big' |
| പിശുക്കി | 'stingy woman' |
| അക്രമികൾ | 'mischievous people |
| ഫലിതം | 'wit, humour' |
| സത്യം | 'truth' |
| പ്രശ്നം | 'trouble' |
| ദുഷ്ടന്മാർ | 'cruel people' |
| ധാരണ | 'understanding' |
| സ്വഭാവം | 'nature' |
| ചീത്ത | 'bad' |
| മാസംതോറും | 'every month' |
| കൂട്ടൽ | 'increase' |
| സൂത്രം | 'trick' |
| വർഷം | 'year' |

**NOTES**

3.11.1. Different types of masculine, feminine and plural nouns are introduced. As the adjectival predicates are formed with the neuter -ത്, human nouns can also be derived from the adjectives by adding -വൻ, -വൾ and -വർ respectively for masculine, feminine and plural forms.

| | |
|---|---|
| നല്ലവൻ | 'he who is good' |
| നല്ലവൾ | 'she who is good' |
| നല്ലവർ | 'they who are good' |

3.11.2. Note the following paradigms for extra forms of gender triplets.

| | |
|---|---|
| 1. ഭാഗ്യം | 'luck' |
| ഭാഗ്യവാൻ | 'lucky man' |
| ഭാഗ്യവതി | 'lucky woman' |
| 2. ഭയങ്കരം | 'terrible thing' |
| ഭയങ്കരൻ | 'terrible man' |
| ഭയങ്കരി | 'terrible woman' |

3. വീട്ടുടമസ്ഥൻ 'house owner' (masculine)

വീട്ടുടമസ്ഥ 'house owner' (feminine)

(ഉടമസ്ഥത) (ownership)

In the above nouns note that -അം or-ത indicates the neuter noun, -വാൻ or -അൻ indicates masculine noun, and that-വതി shows -ഇ or അ the feminine noun.

3.11.3. The plural nouns are marked by -മാർ, -അർ or -കൾ.

| | |
|---|---|
| നാട്ടുകാരന്മാർ | 'men of the place' |
| നാട്ടുകാർ | 'people of the place' |
| ഭയങ്കരർ | 'terrible people' |
| നാട്ടുകാരികൾ | 'women of the place' |
| അക്രമികൾ | 'mischievous people' |
| കൂട്ടുകാരികൾ | 'friends' (masculine) |

Note that -അർ indicates common plural and -കൾ denotes either feminine plural or common plural. But -മാർ can indicate masculine plural, feminine plural or common plural.

| | |
|---|---|
| അച്ഛന്മാർ | 'fathers' |
| അമ്മമാർ | 'mothers' |
| ഡോക്ടർമാർ | 'doctors' |

3.11.4. The interrogative word എത്ര is used to make an exclamatory sentence.

നിന്റെ വീട്ടുടമസ്ഥൻ എത്ര നല്ലവനാണ് ! — What a good man your house owner is!

3.11.5. Note the use of the particle തോറും added after certain types of nouns, indicating repetition or continuity.

| | |
|---|---|
| മാസംതോറും | 'month after month' |
| വീടുതോറും | 'house after house' |
| ദിവസംതോറും | 'day after day' |

3.11.6. Vocative marker -ഏ is sometimes added to consonant ending nouns also to indicate familiarity or informality.

തോമസ് > തോമസേ

3.11.7. Note that the word ചീത്ത 'bad' remains the same in adjectival predicate when it is used to indicate neuter, masculine, feminine or plural nouns.

| | |
|---|---|
| അതു ചീത്തയാണു്. | That is bad. |
| അവൻ ചീത്തയാണു്. | He is bad. |
| അവരം ചീത്തയാണു്. | She is bad. |
| അവർ ചീത്തയാണു്. | They are bad. |

3.11.8. അത്രേ is added to a sentence to indicate that it is a non-committal statement and that the speaker is not responsible or not very much convinced about the truth of the statement made.

| | |
|---|---|
| ഞങ്ങരം അയാളുടെ പത്താമത്തെ വാടകക്കാരാണത്രേ. | It seems we are his tenth tenants. |
| അതു് നല്ല പുസ്തകമാണത്രേ. | It is said to be a good book. |

## UNIT 4

## LESSON 12

# അപ്പോൾ എനിക്കു ജോലി ഇവിടെ അല്ലായിരുന്നു

**CONVERSATION**

| | | |
|---|---|---|
| സാഹ : | സുകു, നിനക്കെത്ര വയസ്സായി ? | Suku, how old are you? |
| സുകു : | പതിനെട്ടു്. | Eighteen. |
| സാഹ : | പതിനെട്ടോ ? പിറന്നാൾ എപ്പോൾ ? | Eighteen ? When is the birthday ? |
| സുകു : | കഴിഞ്ഞ മാസമായിരുന്നു എന്റെ പതിനെട്ടാമത്തെ പിറന്നാൾ. അന്നു ഞാൻ നാട്ടിലായിരുന്നു. | Last month was my 18th birthday. That time I was at my place |
| സാഹ : | അതെങ്ങനെ ? അപ്പോൾ നിനക്കു് അവധി ആയിരുന്നോ ? | How is that? Was it vacation time for you? |

| | | |
|---|---|---|
| സുകു : | അല്ല. അപ്പോൾ എനിക്കു് ജോലി ഇവിടെ അല്ലായിരുന്നു. ഞാൻ കണ്ണൂർ ബസ്സ്റ്റാൻറിൽ ഒരു കൂലിക്കാരനായിരുന്നു. | No. That time I was not working here. I was a coolie at the Cannanore Bus Stand. |
| സാഹ : | അപ്പോൾ നീ നിൻെറ പിറന്നാളിനു് നാട്ടിൽ ആയിരുന്നു. അല്ലേ ? | So you were in your native place for your birthday. Weren't you? |
| സുകു : | അതെ. | Yes. |
| സാഹ : | അപ്പോൾ നിൻെറ പിറന്നാളാഘോഷമൊക്കെ എങ്ങനെ ആയിരുന്നു ? ഗംഭീരമായിരുന്നോ? | So, how was your birthday celebrations? Was it grand? |
| സുകു : | സാറിനു് എപ്പോഴും തമാശയാണു്. പാവങ്ങളുടെ കാര്യമെല്ലാം തമാശയാണു്. അല്ലേ? | For you always it is a joke. Poor people's matters are jokes. Aren't they so? |
| സാഹ : | അല്ല സുകു. ഇതു തമാശയല്ല. കാര്യം ആണു്. | No, Suku. This is not a joke. It is quite serious. |
| സുകു : | എൻെറ പൊന്നു സാറേ, ഈ മാസം മൂന്നാം തീയതി വരെ ഞാൻ ഒരു ചുമട്ടുകാരനായിരുന്നു. അതും അരപ്പട്ടിണിക്കാരൻ. ചില ദിവസങ്ങളിൽ ഞങ്ങൾക്കു് മുഴപ്പട്ടിണിയും ആയിരുന്നു. അങ്ങനത്തെ പാവങ്ങൾക്കാണോ പിറന്നാളും സദ്യയുമൊക്കെ ? | My dear Sir, till the third of this month I was a porter—that too a half starved man. Some days we were totally starved. Are the feasts and birthday celebrations, etc., meant for such poor people? |
| സാഹ : | എടാ സുകു, ഇത്ര ചെറുപ്പത്തിലേ നിനക്കു വലിയ വേദാന്തമാണല്ലോ. | Suku, in this young age itself you sound philosophical. |

| | | |
|---|---|---|
| സുക : | സാർ ഇതു വേദാന്തവും, തർക്കവും ഒന്നുമല്ല. ജീവിതത്തിന്റെ പരുക്കൻ സത്യമാണു്. എന്റെ പതിനെട്ടു വർഷത്തെ അനുഭവം അങ്ങനെ ആയിരുന്നു സാറേ, പാവങ്ങൾക്കു് ഈ ജീവിതം ഒരു ശാപമാണു്. വലിയ ഒരു ഭാരം. | Sir, this is not philosophy or logic. It is the rough reality of life. Such was my eighteen years experience. Sir, this life is a curse for the poor people. It is a great burden. |
| സാഹ : | ആർക്കാണു സുകു, പിന്നെ ജീവിതസുഖമെല്ലാം? | Then for whom are the comforts of life? |
| സുക : | കരിഞ്ചന്തക്കാർക്കും, കള്ളക്കടത്തുകാർക്കും സിനിമാതാരങ്ങൾക്കുമാണു് സുഖമെല്ലാം. അവർക്കൊക്കെ ആണു് എന്നും പാർട്ടിയും, സദ്യയും. | The comforts are all for the blackmarketeers, smugglers and film stars. They have daily parties, feasts, etc. |

## DRILLS

### A.

a
1. ഇന്നലെ എന്റെ പിറന്നാൾ ആയിരുന്നു.
2. കഴിഞ്ഞ മാസം വരെ അവൻ ചുമട്ടുകാരൻ ആയിരുന്നു.
3. അവന്റെ പത്താമത്തെ പിറന്നാളാഘോഷം നാട്ടിൽവച്ചല്ലായിരുന്നു.

b
1. നിനക്കെത്ര വയസ്സായി ?
2. എനിക്കു് പത്തൊൻപതു വയസ്സായി.

c
1. എനിക്കിന്നു് അവധിയാണു്.
2. പാവങ്ങൾക്കു് എപ്പോഴും പട്ടിണിയാണു്.
3. സാറിനു് എപ്പോഴും തമാശയാണു്.
4. സുകുമാരനു് ജീവിതം ഒരു വലിയ ഭാരമാണു്.

d
1. എന്റെ പതിനെട്ടു വർഷത്തെ അനുഭവം അങ്ങനെയായിരുന്നു.
2. അതു് ഈ മാസത്തെ കാര്യമല്ല.
3. ഈ വർഷത്തെ ക്ലാസുകൾ എങ്ങനെയാണു് ?

## B. Build up drill

### Model

ആയിരുന്നു.

ആയിരുന്നു.

എട്ടാം ക്ലാസിൽ

എട്ടാം ക്ലാസിൽ ആയിരുന്നു.

ഞാൻ

ഞാൻ എട്ടാം ക്ലാസിൽ ആയിരുന്നു.

പന്ത്രണ്ടാമത്തെ വയസ്സിൽ

പന്ത്രണ്ടാമത്തെ വയസ്സിൽ ഞാൻ എട്ടാം ക്ലാസിലായിരുന്നു.

1. ആയിരുന്നു.

അവധി ആയിരുന്നു.

എനിക്കു് അവധി ആയിരുന്നു.

അന്നു് എനിക്കു് അവധി ആയിരുന്നു.

2. ആണു്.

ഭാരമാണു്.

വലിയ ഭാരമാണു്.

ഒരു വലിയ ഭാരമാണു്.

ജീവിതം ഒരു വലിയ ഭാരമാണു്.

പാവങ്ങൾക്കു് ജീവിതം ഒരു വലിയ ഭാരമാണു്.

3. ആണു്.

നല്ലവരാണു്.

വിദ്യാർഥികളെല്ലാം നല്ലവരാണു്.

ഈ വർഷത്തെ വിദ്യാർഥികളെല്ലാം നല്ലവരാണു്.

## C. Substitution drill

### Model 1

<u>നിനക്കു്</u> എത്ര വയസ്സായി?

കുട്ടിക്കു്

കുട്ടിക്കു് എത്ര വയസ്സായി ?

1. നിനക്ക് എത്ര വയസ്സായി ?

എനിക്ക്

അമ്മയ്ക്ക്

അവരംക്ക്

മധുവിന്

അദ്ദേഹത്തിന്

കുമാറിന്

2. ഇന്ന് എനിക്ക് അവധിയല്ല.

നിനക്ക്

ഞങ്ങരംക്ക്

സീതയ്ക്ക്

കുമാറിന്

പ്രിൻസിപ്പാളിന്

മധുവിന്

അദ്ദേഹത്തിന്

സാറിന്

3. പാവങ്ങരംക്ക് ജീവിതം ഭാരമല്ലേ ?

അവരംക്ക്

നിങ്ങരംക്ക്

അവർക്ക്

പണക്കാർക്ക്

എനിക്ക്

നിനക്ക്

4. സുധയ്ക്ക് ഇതൊന്നും ഒരു പ്രശ്നമല്ല.

രാധയ്ക്ക്

വിമലയ്ക്ക്

കുട്ടിയ്ക്ക്

രവിക്ക്

സതിക്ക്

5. സുകവിനു് എന്നും അരപ്പട്ടിണിയാണു്.

മധുവിനു്

സോമുവിനു്

രഘുവിനു്

മനുവിനു്

അനുവിനു്

6. അദ്ദേഹത്തിനു് സ്വന്തം നാട്ടിലാണു് ജോലി.

സരോജത്തിനു്

സുന്ദരത്തിനു്

സുബ്രഹ്മണ്യത്തിനു്

ആനന്ദത്തിനു്

Model 2

അവർക്കു് എപ്പോഴും തമാശയാണു്.

സരള

സരളയ്ക്കു് എപ്പോഴും തമാശയാണു്.

1. കുട്ടികൾക്കു് എപ്പോഴും തമാശയാണു്.

നീ

സാർ

അദ്ദേഹം

മധു

ലളിത

അവർ

തോമസ്

സാഹു

ലാലി

ഞാൻ

## D. Transformation drill

### Model 1

അവൻ ഡോക്ടറാണ്.

അവൻ ഡോക്ടറായിരുന്നു.

1. അദ്ദേഹം നല്ല അധ്യാപകനാണ്.
2. അയാാം ഓഫീസയിലാണ്.
3. മധുവിന് എന്നും സദ്യയാണ്.
4. ആ കുട്ടികൾക്ക് എല്ലാം തമാശയാണ്.
5. പാവങ്ങൾക്ക് എന്നും അരപ്പട്ടിണിയാണ്.

### Model 2

എനിക്ക് മൂന്നാംതീയതി അവധി ആയിരുന്നു.

എനിക്ക് മൂന്നാം തീയതി അവധി അല്ലായിരുന്നു.

1. അത് നല്ല കെട്ടിടമായിരുന്നു.
2. അവർ അക്രമികുട്ടികളായിരുന്നു.
3. അദ്ദേഹം ഒരു മഹാപിശുക്കനായിരുന്നു.
4. അവർ ഒരു നല്ല സ്ത്രീ ആയിരുന്നു.
5. ആ കഥ അത്ര ദയനീയമായിരുന്നു.

## E. Response drill

1. ആ സിനിമ വളരെ ഭയങ്കരമായിരുന്നോ ?
2. കഴിഞ്ഞ വർഷം ഈ സമയം നിങ്ങൾ ഇവിടെ ആയിരുന്നോ ?
3. മിനിഞ്ഞാന്ന് നിങ്ങളുടെ ക്ലാസ് ഈ മുറിയിൽ ആയിരുന്നോ ?
4. നിങ്ങളുടെ കൂട്ടുകാരൻ മധുവാണോ ?
5. മിനിഞ്ഞാന്ന് നിങ്ങൾക്കെല്ലാം അവധി ആയിരുന്നോ ?

## EXERCISES

I Fill up the blanks using the correct form of the word given for each sentence.

1. ——— എപ്പോഴും തമാശയാണ്. (കുട്ടികൾ)
2. ഞങ്ങളുടെ ——— ഇന്ന് അവധി അല്ല. (ഇൻസ്റ്റിററ്യൂട്ട്)

3. എൻെറ കഴിഞ്ഞ ——— ഞാൻ അമ്മയുടെ കൂടെ ആയിരുന്നു (പിറന്നാൾ)

4. ——— എന്നും സദ്യയാണ്. (പണക്കാർക്ക്)

5. ——— ആണ് ജീവിതം അത്ര വലിയ ശാപം ?
(ആരു്?)

## II Fill up the blanks suitably.

1. എട്ടാം തീയതി ——— അവധി അല്ലായിരുന്നു.

2. കഴിഞ്ഞ വർഷം നീ ——— ആയിരുന്നു ?

3. നാട്ടിൽ ജീവിതം ഒരു ശാപം ——— ?

4. അവർ എൻെറ ——— ആയിരുന്നു.

5. ആ കെട്ടിടം അന്നൊക്കെ വളരെ ——— ആയിരുന്നു.

6. അദ്ദേഹത്തിൻെറ ഭാര്യയും ——— അല്ലായിരുന്നു.

## III Answer the following.

1. നിങ്ങൾക്ക് ജീവിതം ഒരു പ്രശ്നമാണോ ?

2. നിങ്ങളുടെ അച്ഛന് എന്തു ജോലി ആയിരുന്നു ?

3. കഴിഞ്ഞ വർഷം നിങ്ങൾ ഈ സമയം സ്വന്തം നാട്ടിലായിരുന്നോ ?

4. ഹൈസ്കൂളിൽ നിങ്ങളുടെ ഇംഗ്ലീഷ് അധ്യാപകൻ ആരായിരുന്നു ?

5. നിങ്ങൾ കുട്ടിക്കാലത്തു് അക്രമി ആയിരുന്നോ ?

## IV Give one question each for the following statements.

1. അതെ. കഴിഞ്ഞ വർഷം ഈ സമയം ഞാനെൻെറ അമ്മയുടെ കൂടെ ആയിരുന്നു.

2. കഴിഞ്ഞ മാസം വരെ ഞാൻ എൻെറ സ്വന്തം നാട്ടിലായിരുന്നു.

3. അല്ലായിരുന്നു. ഞാൻ കൂലിക്കാരൻ അല്ലായിരുന്നു. ഞാൻ വീട്ടുജോലിക്കാരനായിരുന്നു.

4. ആയിരുന്നു. ഇന്നലെ ഞങ്ങൾക്ക് അവധി ആയിരുന്നു.

5. പ്രൈമറി സ്കൂളിൽ എൻെറ ഏററവും വലിയ കൂട്ടുകാരി വിജയമായിരുന്നു.

6. അദ്ദേഹത്തിൻെറ അമ്മയുടെ പേരു് രാധ എന്നായിരുന്നു.

V Frame at least 15 sentences using the table given.

| | | | |
|---|---|---|---|
| പാവങ്ങൾക്ക് | എന്നും | തമാശ | ആണ് |
| കുട്ടികൾക്ക് | അന്ന് | സുഖം | ആയിരുന്നു |
| എനിക്ക് | എപ്പോഴും | അവധി | ആണോ |
| ചേച്ചിക്ക് | അപ്പോൾ | പാർട്ടി | ആയിരുന്നോ |
| മധുവിന് | ഇന്ന് | സദ്യ | അല്ലേ |
| ശാരിക്ക് | ഇന്നലെ | ആഘോഷം | അല്ലായിരുന്നോ |
| അദ്ദേഹത്തിന് | | | |

**VOCABULARY**

| | |
|---|---|
| നിനക്ക് | 'to you, for you' |
| വയസ്സ് | 'age' |
| എപ്പോൾ | 'when' |
| കഴിഞ്ഞ | 'previous, that which is past' |
| മാസം | 'month' |
| പിറന്നാൾ | 'birthday' |
| അവധി | 'holiday' |
| ജോലി | 'work' |
| ബസ്സ്റ്റാൻറിൽ | 'at the bus stand' |
| കൂലിക്കാരൻ | 'coolie' |
| ആഘോഷം | 'celebration' |
| ഗംഭീരം | 'that which is grand and majestic' |
| സാറിന് | 'to sir, for sir' |
| പൊന്ന് | 'gold, dear' |
| തീയതി | 'date' |
| ചുമട്ടുകാരൻ | 'porter' |
| അരപ്പട്ടിണിക്കാരൻ | 'half starved man' |

| | |
|---|---|
| ചില | 'some, few' |
| ദിവസങ്ങളിൽ | 'in the days' |
| മുഴപ്പട്ടിണി | 'total starvation' |
| അങ്ങനത്തെ | 'of that sort' |
| പാവങ്ങൾക്കു് | 'for the poor people' |
| സദ്യ | 'feast' |
| ഇത്ര | 'this much' |
| ചെറുപ്പത്തിലേ | 'in the youth itself' |
| വേദാന്തം | 'philosophy' |
| തർക്കം | 'logic' |
| ജീവിതം | 'life' |
| പരുക്കൻ | 'that which is rough' |
| വർഷം | 'year' |
| ആർക്കു് | 'to whom' |
| ശാപം | 'curse' |
| ഭാരം | 'burden' |
| കരിഞ്ചന്തക്കാരൻ | 'black marketeer' |
| കള്ളക്കടത്തുകാരൻ | 'smuggler' |
| സിനിമാതാരങ്ങൾ | 'film stars' |
| സുഖം | 'comfort' |
| പാർട്ടി | 'party' |

## NOTES

4.12.1. Note the use of the interrogative word എത്ര 'how many', 'how much' to ask one's age. The verb form used is ആയി and the the noun should be suffixed with the dative case suffix -ക്കു് or -ഉ് which indicates the person who is referred to.

നിനക്കു് എത്ര വയസ്സായി ? How old are you?

4.12.2. Note the pattern of, different nouns when -ക്കു് or—ഉ് is suffixed.

ഞാൻ > എനിക്കു്

നീ > നിനക്കു്

അവൻ > അവനു്

അതു് > അതിനു്

ഞങ്ങൾ > ഞങ്ങൾക്കു്

അവർ > അവർക്കു്

കമലം > കമലത്തിനു്

രാധ > രാധയ്ക്കു്

കുട്ടി > കുട്ടിക്കു്

സുകു > സുകുവിനു്

**4.12.3.** The suffix-ക്കു് or-ഉ് indicates purpose or the beneficiary also.

| | |
|---|---|
| 1. പിറന്നാളിനു് ഞാൻ നാട്ടിലായിരുന്നു. | I was in my native place for the birthday |
| 2. സിനിമാതാരങ്ങൾക്കാണു് എന്നും പാർട്ടിയും സദ്യയുമൊക്കെ. | The daily parties and feasts are for the film stars. |

**4.12.4.** The form ആയിരുന്നു is used to indicate the past tense for the copula verb ആണു്.

| | |
|---|---|
| കഴിഞ്ഞ മാസമായിരുന്നു എന്റെ പതിനെട്ടാമത്തെ പിറന്നാൾ | Last month was my 18th birthday. |

For negative copula verb, ആയിരുന്നു is suffixed to അല്ല.

| | |
|---|---|
| അന്നു് എനിക്കു് ജോലി ഇവിടെ അല്ലായിരുന്നു. | That time my job was not here. (Then I was not working here). |

**4.12.5.** Note the use of the words like അങ്ങനത്തെ 'that sort of' and പതിനെട്ടുവർഷത്തെ 'of 18 years'. By adding -അത്തെ or -എ, adverb like forms are converted to adjective like forms.

അങ്ങനെ 'in that manner' അങ്ങനത്തെ 'of that sort'

പതിനെട്ടുവർഷം '18 years' പതിനെട്ടു വർഷത്തെ 'of 18 years'

**4.12.6.** Another interrogative word introduced is എപ്പോൾ 'when'.

# UNIT 4

## LESSON 13

# ഓണക്കാലത്ത് കേരളത്തിൽ പൂക്കാലമായിരിക്കും.

## CONVERSATION

| | | |
|---|---|---|
| സാഹ : | നാളെ നമ്മുടെ ഇൻസ്റ്റിററ്യൂട്ടിനു് ഒഴിവായിരിക്കുമോ ? | Will tomorrow be a holiday for our Institute? |
| ശാസ്ത്രി : | എന്താണു വിശേഷം ? | Why? |
| സാഹ : | നാളെ ഓണമല്ലേ ? | Isn't tomorrow Onam? |
| ശാസ്ത്രി : | അതുകൊണ്ടെന്താ ? | So what? |

| | | |
|---|---|---|
| സാഹു : | ഓണമാണ് മലയാളികളുടെ ഏററവും വലിയ ഉത്സവം. | Onam is the biggest festivel of Malayalis. |
| ശാസ്ത്രി : | അതിന് നമ്മൾക്കെന്തിനാണവധി ? നമ്മൾ മലയാളികളല്ലല്ലോ. | So why do we have a holiday ? We are not Malayalis. |
| സാഹു : | നമ്മൾ മലയാളികളല്ല. ശരി. പക്ഷെ മലയാളം വിദ്യാർഥികളാണല്ലോ. പിന്നെ, തമിഴ് ക്ലാസിലേയും, കന്നഡ ക്ലാസിലേയും ഭൂരിപക്ഷം വിദ്യാർഥികളും മലയാളികളാണ്. | We are not Malayalis. That is correct. But we are Malayalam students. Then the majority of the students in Tamil Class and Kannada Class are Malayalis. |
| ശാസ്ത്രി : | അതൊക്കെ ശരി തന്നെ, എന്റെ സാഹു. പക്ഷെ നമ്മുടെ ഇൻസ്റ്റിററ്യൂട്ട് കേന്ദ്രസർക്കാരിന്റേതല്ലേ ? | That is agreed, dear Sahu. But doesn't our Institute belong to the Central Government? |
| സാഹു : | അതിനെന്ത് ? | So what? |
| ശാസ്ത്രി : | ഓണം എല്ലാ ഭാരതീയരുടേയും ഉത്സവമൊന്നുമല്ലല്ലോ. അതുകൊണ്ട് ഓണദിവസം കേന്ദ്രസർക്കാരിന് ഒഴിവ് അല്ലായിരിക്കും. | Onam is not a festival for all the Indians. Therefore Central Government may not have a holiday on Onam day. |
| സാഹു : | പക്ഷെ കേരളത്തിൽ എല്ലാവർക്കും ഈ സമയം പത്തു ദിവസത്തേയ്ക്ക് അവധി ആയിരിക്കും. | But in Kerala for everybody there will be ten days holidays during this period. |
| ശാസ്ത്രി : | അതും ശരിയല്ല. | Even that is not correct. |
| സാഹു : | പിന്നെ ? | Then? |

| | | |
|---|---|---|
| ശാസ്ത്രി | : സംസ്ഥാന സർക്കാരിനു് ഒന്നോ രണ്ടോ ദിവസത്തേയ്ക്കു് മാത്രമാണു് അവധി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാത്രം പത്തുദിവസത്തേയ്ക്കു് ഒഴിവു് ആയിരിക്കും. ആയിരത്തിതൊള്ളായിരത്തി അറുപത്തിഎട്ടിൽ ഞാൻ ഓണക്കാലത്തു് കേരളത്തിലായിരുന്നു. പ്രകൃതീദേവിക്കു് എന്തൊരു ഭംഗിയായിരുന്നു ആ സമയം! ഓണക്കാലത്തു് കേരളത്തിൽ പൂക്കാലമായിരിക്കും. | The state Government has holidays for only one or two days. Only the educational Institutions will have ten days holidays. In 1968 I was in Kerala during the Onam period. How beautiful was the goddess of Nature at that time! During Onam time it will be flowering season in Kerala. |
| സാഹ | : ശാസ്ത്രീ, അടുത്ത ഓണക്കാലത്തു് ഞാനും കേരളത്തിലായിരിക്കും. | Sastri, during next Onam period I too will be in Kerala. |
| ശാസ്ത്രി | : അതെങ്ങനെ ? | How is that? |
| സാഹ | : അപ്പോഴാണു് എന്റെ മലയാളി സുഹൃത്തു് സദാശിവൻ നായരുടെ കല്യാണം. കേരളത്തിലെ ഗുരുവായൂർ അമ്പലത്തിൽവച്ചായിരിക്കും കല്യാണം. | My Malayali friend Sadasivan Nair's marriage is during that time. The marriage will be at the Guruvayur temple in Kerala. |

## DRILLS

A. Repetition drill

a

1. നാളെ നമുക്കു് അവധി ആയിരിക്കും.
2. ഓണക്കാലത്തു് കേരളത്തിൽ പൂക്കാലമായിരിക്കും.
3. ആ സമയം നിങ്ങളുടെ നാട്ടിൽ പൂക്കാലം അല്ലായിരിക്കും.
4. അടുത്ത വർഷം ഈ സമയം ഞാൻ ഇവിടെ അല്ലായിരിക്കും.

b 1. തമിഴ് ക്ലാസിലെ വിദ്യാർത്ഥികൾ മലയാളികളാണ്.

2. ആ വീട്ടിലെ ആളുകളെല്ലാം വളരെ നല്ലവരാണ്.

3. ശാന്തിനഗറിലെ വീടുകൾ അത്ര വലുതൊന്നുമല്ല.

4. ഈ ലൈബ്രറിയിലെ പുസ്തകങ്ങളെല്ലാം വളരെ പുതിയതാണ്.

c 1. പത്തു ദിവസത്തേയ്ക്ക് നമുക്ക് അവധി ആയിരിക്കും.

2. ഇന്നത്തേയ്ക്ക് ഈ വീട് എന്റേതാണ്.

3 എത്ര ദിവസത്തേക്കാണ് നിങ്ങൾക്കവധി ?

d 1. കേരളത്തിലെ ഗുരുവായൂർ അമ്പലത്തിൽ വച്ചായിരിക്കും എന്റെ കൂട്ടുകാരന്റെ കല്യാണം.

2. വലിയച്ഛന്റെ പുതിയ വീട്ടിൽവച്ചാണ് എന്റെ പിറന്നാളാഘോഷം.

3. നാളത്തെ ക്ലാസ് ഹോസ്റ്റലിൽ വച്ചായിരിക്കും.

e 1. ആയിരത്തിതൊള്ളായിരത്തി എഴുപത്തി ഒൻപതു്.

2. ആയിരത്തി എണ്ണൂററി അറുപത്തിഏഴ്.

3. ആറായിരത്തി എണ്ണൂററി നാല്പത്തിഅഞ്ചു്.

## B. Transformation drill

### Model 1

നാളെ അവധി ആയിരിക്കും.

നാളെ അവധി അല്ലായിരിക്കും.

1. അതൊരു വലിയ ആഘോഷമായിരിക്കും.
2. ഇതൊരു നല്ല ലൈബ്രറി ആയിരിക്കും.
3. സരോജിനിയുടെ വീട് തിരുവനന്തപുരത്തായിരിക്കും.
4. ആ കെട്ടിടം സർക്കാരിന്റേതായിരിക്കും.
5. അതു് അദ്ദേഹത്തിന്റെ മകളുടെ ഫോട്ടോ ആയിരിക്കും.

### Model 2

ഇതു് നല്ല പുസ്തകമാണ്.

ഇതു് നല്ല പുസ്തകമായിരിക്കും.

1. അദ്ദേഹം നല്ല അധ്യാപകനാണ്.

2. അതൊരു വലിയ കഥയല്ല.

3. അസീസ് ബാബുവിന്റെ കൂട്ടുകാരനാണ്.

4. അയാളുടെ കല്യാണം പന്ത്രണ്ടാം തീയതിയാണ്.

5. ആ വീട് അത്ര വലുതല്ല.

Model 3

അത് നമ്മുടെ ഹോസ്റ്റൽ ആണ്.

അത് നമ്മുടെ ഹോസ്റ്റൽ ആയിരുന്നു.

1. ആ പുസ്തകം സുഷമയുടേതാണ്.

2. ആ കെട്ടിടം കേന്ദ്രസർക്കാരിന്റേതാണ്.

3. അതെന്റെ ചേച്ചിയുടെ ആദ്യത്തെ പുസ്തകമാണ്.

4. അവരൊക്കെ എന്റെ വിദ്യാർഥികളാണ്.

5. ഇതും മലയാളം ക്ലാസ്സാണോ ?

Model 4

അത് നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം ആയിരുന്നു.

അത് നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം ആയിരിക്കും.

1. അതൊരു തലസ്ഥാനനഗരമായിരുന്നു.

2. ഞങ്ങളുടെ ഗ്രാമവും വലുതായിരുന്നു.

3. അവന്റെ വീട് ആലപ്പുഴയിലായിരുന്നു.

4. മണി ഒരു ഡോക്ടറായിരുന്നു.

5. ഇതും ഹോസ്റ്റൽ ആയിരുന്നോ ?

## C. Restatement drill

Model

അതൊക്കെ ഞങ്ങളുടെ പൂന്തോട്ടത്തിലെ പൂക്കളാണ്.

ആ പൂക്കൾ ഞങ്ങളുടെ പൂന്തോട്ടത്തിലേതാണ്.

1. അത് നമ്മുടെ ലൈബ്രറിയിലെ പുസ്തകമാണ്.

2. ഇത് എന്റെ പുതിയ സമാഹാരത്തിലെ കവിതയാണ്.

3. അത് നമ്മുടെ പുസ്തകത്തിലെ ഫോട്ടോയാണ്.

**D. Response drill**

**Model**

ഇതു് നിങ്ങളുടെ എത്രാമത്തെ കൃതി ആയിരിക്കും ?

ഇതു് എന്റെ ഏഴാമത്തെ കൃതി ആയിരിക്കും.

1. അടുത്തവർഷം ഈ സമയം നിങ്ങൾ എവിടെ ആയിരിക്കും ?
2. ഈ കവിത നിങ്ങളുടേതാണോ ?
3. അടുത്ത വർഷം നിങ്ങൾ എവിടെ ആയിരിക്കും ?
4. നിങ്ങളുടെ വീടും ഗ്രാമത്തിലാണോ ?
5. നിങ്ങളുടെ അച്ഛന്റേും, അമ്മയുടേും കല്യാണം എവിടെവച്ചായിരുന്നു ?

## EXERCISES

I Fill in the blanks suitably.

1. അടുത്തവർഷം ഈ സമയം ഞാൻ എന്റെ നാട്ടിൽ ———.
2. ഇതു് ആ ——— കഥയാണു്.
3. കഴിഞ്ഞ വർഷം ഓണക്കാലത്തു് ഞാൻ കേരളത്തിൽ———.
4. ——— നമുക്കു് അവധി ആയിരിക്കുമോ ?
5. വാസന്തി എന്റെ ഒന്നാം ——— കൂട്ടുകാരിയാണു്.
6. ആയിരത്തിതൊള്ളായിരത്തി എൺപത്തിയെട്ടിൽ എന്റെ മകൻ ഒരു ഡോക്ടർ ———.
7. അന്നു ഞാൻ ഹോസ്റ്റലിൽ ———.
8. ആ സമയം നിങ്ങളും ഭോപാലിൽ ——— ?
9. നാളെ എന്റെ ——— അവധി ആയിരിക്കും.
10. അതു് ഞങ്ങളുടെ ——— ഏററവും വലിയ അമ്പലമാണു്.

II Transform the given sentences to their corresponding past and future using ആയിരുന്നു and ആയിരിക്കും.

1. അതൊരു പഴയ കഥയാണു്.
2. അതു് അദ്ദേഹത്തിന്റെ സ്വന്തം വീടാണു്.
3. രാമുവിന്റെ ഏററവും നല്ല കൃതി അതാണു്.

4. അദ്ദേഹത്തിൻെറ കൂട്ടുകാരും ആ ഗ്രാമത്തിലാണ്.
5. ആ കാര്യം വളരെ ദയനീയമാണ്.
6. അയാാം ഒരു ഭയങ്കരനാണ്.

III Answer the following.

1. ഇന്നലെയും നിങ്ങളുടെ ഓഫീസിന് അവധി ആയിരുന്നോ ?
2. അടുത്ത വർഷം നീ നാട്ടിലായിരിക്കുമോ ?
3. ഓണം ഭാരതീയരുടെയെല്ലാം ഉത്സവമാണോ ?
4. ആറാമത്തെ മുറിയിൽ മലയാളം ക്ലാസല്ലേ ?
5. ഈ വലിയ കെട്ടിടം ഏതു് ഇൻസ്റ്റിറ്റ്യൂട്ടിനായിരിക്കും ?

IV Give one question each for the following statements.

1. അല്ല, അതു് എൻെറ വീടു് അല്ലായിരുന്നു.
2. അതെ. പതിനേഴാം തീയതി ഒഴിവായിരിക്കും.
3. ഇതായിരുന്നു വിദ്യാർത്ഥികളുടെ ഹോസ്റ്റൽ.
4. ഓണക്കാലത്തു് കേരളത്തിൽ പൂക്കാലമായിരിക്കും.
5. എൻെറ ഒന്നാം ക്ലാസിലെ അധ്യാപകൻ ശ്രീ. നാരായണൻ നായരായിരുന്നു.

V Write in Malayalam words.

*1948, 1846, 1967, 1776, 2233, 4118, 8868, 9999, 6543, 1234*

## VOCABULARY

| | |
|---|---|
| ഒഴിവു് | 'holiday, vacation, vacancy' |
| വിശേഷം | 'speciality, importance' |
| ഓണം | 'Onam, the biggest festival of Kerala' |
| അതുകൊണ്ടു് | 'so, therefore' |
| ഉത്സവം | 'festival' |
| എന്തിനു് | 'for what, why' |
| ഭൂരിപക്ഷം | 'majority' |
| കേന്ദ്രസർക്കാർ | 'Central Government' |
| ഭാരതീയർ | 'Indians' |

| | |
|---|---|
| സംസ്ഥാനസർക്കാർ | 'State Government' |
| ഒന്നോ രണ്ടോ | 'one or two' |
| വിദ്യാഭ്യാസസ്ഥാപനങ്ങൾ | 'educational institutions' |
| ആയിരത്തിത്തൊള്ളായിരത്തി അറുപത്തിഎട്ട് | '1968' |
| ഓണക്കാലം | 'Onam period' |
| പ്രകൃതീദേവി | 'goddess of nature' |
| പൂക്കാലം | 'flowering season' |
| അടുത്ത | 'next' |
| സുഹൃത്ത് | 'friend' |
| കല്യാണം | 'marriage' |
| അമ്പലം | 'temple' |

## NOTES

4.13.1. ആണ് sentences are used in future tense. The form ആയിരിക്കും is used to indicate the future which may be definite or indefinite.

| | |
|---|---|
| കേരളത്തിലെ ഗുരുവായൂർ അമ്പലത്തിൽ വച്ചായിരിക്കും കല്യാണം. | The marriage will be at Guruvayur temple in Kerala. |
| ഓണദിവസം കേന്ദ്രസർക്കാരിന് ഒഴിവല്ലായിരിക്കും. | The Central Government may not have a holiday on Onam day. |

4.13.2. The interrogative എന്തിന് is used to enquire the purpose of action. It is used in positive sentences.

| | |
|---|---|
| അതിന് നമ്മൾക്കെന്തിനാണവധി ? | So why do we have a holiday? |

4.13.3. As noted in the sentence പത്തുദിവസത്തേയ്ക്കായിരിക്കും ഒഴിവ് 'The holidays will be for ten days', the suffix –ഏയ്ക്ക് is added with time expressions to indicate the target. It is also added to location nouns in certain cases as ഇവിടത്തേയ്ക്ക്, എവിടത്തേയ്ക്ക്, etc.

4.13.4. —എ added after locative case indicates that the noun following that belongs to it.

കേരളത്തിലെ അമ്പലത്തിൽവച്ച് At a temple in Kerala.

4.13.5. The form വച്ച് followed by locative case —ഇൽ indicates the exact venue of action.

ഗുരുവായൂർ അമ്പലത്തിൽ വച്ചായിരിക്കും കല്യാണം.

The marriage will be at Guruvayur temple.

വച്ച് is the verbal participle form of വയ്ക്ക് 'to keep, to place'.

4.13.6 Onam ഓണം is the biggest festival of Malayalis. It falls in August-September. It can be called a harvest festival, a spring festival and also a new year festival. During this period people wear new clothes, make designs with flowers in the courtyards and children enjoy swinging.

---

# UNIT 4

## LESSON 14

## ഗ്രന്ഥശാല

### CONVERSATION

| | | |
|---|---|---|
| അധ്യാപകൻ : | ഇതാണ്ˆ നമ്മുടെ ലൈബ്രറി. | This is our Library. |
| സാഹ : | ലൈബ്രറിക്ക്ˆ മലയാളം വാക്കെന്താണ്ˆ. സാർ ? | What is the word for library in Malayalam? |
| അധ്യാപകൻ : | ഗ്രന്ˆഥശാല. | 'Granthasaala'. |
| സാഹ : | അപ്പോഠം വായനശാലയോ ? | Then what about the word 'Vayanasaala?' |
| അധ്യാപകൻ : | അത്ˆ റീഡിങ്ങ്ˆ റൂമാണ്ˆ. ചിലപ്പോഠം രണ്ടും ഒന്നായിരിക്കും. | That is a reading room. Sometimes both will be combined. |

| | | |
|---|---|---|
| സാഹു : | സാർ ഈ സെക്ഷനിൽ മുഴുവനും മലയാളം പുസ്തകങ്ങളാണോ ? | Sir, does this entire section consist of Malayalam books? |
| അധ്യാപകൻ : | അല്ല. ഈ ഏഴെട്ടു ഷെൽഫുകളിലേതു മാത്രം. | No. Only in these seven or eight shelves there are Malayalam books. |
| സാഹു : | ബാക്കിയോ? | And the rest? |
| അധ്യാപകൻ : | ഒൻപതാമത്തെ ഷെൽഫു മുതൽ മററു ഭാരതീയ ഭാഷകളിലെ പുസ്തകങ്ങളാണ്. | From the ninth shelf onwards, there are books in other Indian languages. |
| സാഹു : | ആ പുതിയ സെക്ഷൻസൊക്കെ എന്തിനാണ് സാർ ? | Sir, what for are those new sections meant? |
| അധ്യാപകൻ : | വടക്കേവശത്തെ സെക്ഷനിൽ വിദേശ ഭാഷാ പുസ്തകങ്ങളാണ്. കിഴക്കേഭാഗത്തെ സെക്ഷനിലാണ് പാഠപുസ്തകങ്ങളും, നിഘണ്ടുക്കളും, വിജ്ഞാനകോശങ്ങളും. | The northern section is for the books in foreign languages. In the eastern section there are the text books, dictionaries, and the encyclopaedias. |
| സാഹു : | സാർ ഈ വലിയ പുസ്തകം എന്താണ്? നോവലല്ലേ ? | Sir, what is this big book? Isn't it a novel? |
| അധ്യാപകൻ : | ഏതു പുസ്തകം ? എന്താണതിൻെറ പേര് ? | Which is that book? What is its title? |
| സാഹു : | 'ഉമ്മാച്ചു' | 'Ummaaccu'. |
| അധ്യാപകൻ : | ഉമ്മാച്ചുവോ ? സാഹു , അതു മലയാളത്തിലെ മികച്ച നോവലുകളിൽ ഒന്നാണ്. ഒരു മുസ്‌ലീം സ്ത്രീയുടെ പേരാണ് ഉമ്മാച്ചു എന്ന്. മലബാറിലെ മുസൽമാൻ സമുദായത്തിൻെറ കഥയാണ് ആ നോവൽ. | Is it *Ummaaccu*? Sahu, that is one of the best novels in Malayalam. Ummaaccu is the name of a Muslim woman. That novel is the story of the Malabar Muslim community. |

| | | |
|---|---|---|
| സാഹ : | ഉമ്മാച്ചുവാണോ ആ നോവലിലെ നായിക ? | Is Ummaaccu the heroine of that novel? |
| അധ്യാപകൻ : | അതെ, വേദനയുടെ പ്രതീകമാണവൾ. | Yes, she is the symbol of agony? |
| സാഹ: | ആരാണ് സാർ ഗ്രന്ഥകർത്താവ് ? | Who is the author of that book? |
| അധ്യാപകൻ : | ഉറൂബ്. | Urub. |
| സാഹ : | ഉറൂബോ? എന്തൊരു പേരാണത് ! | Urub? What a name it is! |
| അധ്യാപകൻ : | അദ്ദേഹത്തിന്റെ തൂലികാനാമമാണത്. ഉറൂബിന്റെ യഥാർഥ നാമധേയം പി. സി. കുട്ടിക്കൃഷ്ണൻ എന്നാണ്. അദ്ദേഹം ഒരു പ്രസിദ്ധ കഥാകൃത്തും, നോവലിസ്റ്റുമാണ്. | That is his pen name. Urub's real name is P.C. Kuttikkrishnan. He is a famous short story writer and a novelist. |
| സാഹ : | സർ. ജി. ശങ്കരക്കുറുപ്പും മലയാളസാഹിത്യകാരനല്ലേ ? | Sir, isn't G. Sankara Kurup also a Mayalalam writer? |
| അധ്യാപകൻ : | അതെ. അദ്ദേഹം ആധുനിക മലയാളത്തിലെ വലിയ ഒരു കവിയാണ്. അദ്ദേഹം രാഷ്ട്രപ്രശസ്തനാണ്. | Yes. He is a great poet of modern Malayalam. He is a nationally famous figure. |
| സാഹ : | എന്താണ് അദ്ദേഹത്തിന്റെ പ്രശസ്തിക്ക് കാരണം ? | What is the reason for his fame? |
| അധ്യാപകൻ : | ആദ്യത്തെ ജ്ഞാനപീഠ സമ്മാനം അദ്ദേഹത്തിനായിരുന്നു. | He got the first Gnanapitha award. |
| സാഹ : | ശങ്കരക്കുറുപ്പിന്റെ ഏതു കൃതിക്കായിരുന്നു സാർ ജ്ഞാനപീഠസമ്മാനം ? | Which book of Sankara Kurup won the Gnanapitha award? |
| അധ്യാപകൻ : | ഒരു കവിതാസമാഹാരത്തിന്. 'ഓടക്കുഴൽ' എന്നാണതിന്റെ പേര്. | It was for a collection of poems. The name of that book is '*Ootakkuzhal.*' |

## VOCABULARY

വാക്ക് 'word' ഗ്രന്ഥശാല 'library'

വായനശാല 'reading room' റീഡിങ്ങ്റൂം 'reading room'

ചിലപ്പോൾ 'sometimes' സെക്ഷൻ 'section'

ബാക്കി 'the rest, the remaining'

വിദേശഭാഷ 'foreign language'

പാഠപുസ്തകങ്ങൾ 'text books'

നിഘണ്ടുക്കൾ 'dictionaries'

വിജ്ഞാനകോശങ്ങൾ 'encyclopaedias'

മികച്ച 'the best, greatest'

മുസ്ലീം സ്ത്രീ 'muslim woman'

മുസൽമാൻ 'muslim സമുദായം 'community'

നായിക 'heroine' വേദന 'pain, agony'

പ്രതീകം 'symbol'

ഗ്രന്ഥകർത്താവ് 'author of the book'

തൂലികാനാമം 'pen name'

കഥാകൃത്ത് =കഥാകാരൻ

നോവലിസ്റ്റ് =നോവൽ എഴുത്തുകാരൻ

ആധുനികം 'modern' പ്രശസ്തി 'fame'

രാഷ്ട്രപ്രശസ്തൻ 'nationally famous'

കാരണം 'reason'

ആദ്യത്തെ 'first, initial'

സമ്മാനം 'gift, prize, award'

ജ്ഞാനപീഠസമ്മാനം 'Gnanapitha award'
(The highest literary award in India)

ഓടക്കുഴൽ 'flute'

## EXERCISES

I Combine the following words using -ഉം.

കറുപ്പിൻെറ+ഉറുമ്പിൻെറ
സാഹ്റുവിൻെറ+റാവുവിൻെറ
കമലയുടെ+പിള്ളയുടെ
രവിയുടെ+മാലതിയുടെ
ഗ്രാമത്തിലെ+പട്ടണത്തിലെ
ജയപാലിൻെറ+മോഹനൻെറ
സുകുവിൻെറ+കുട്ടിയുടെ
ഭോപാലിൻെറ+തിരുവനന്തപുരത്തിൻെറ
കേരളത്തിലേതു്+ഒറീസയിലേതു്
അവരുടെ+ഞങ്ങളുടെ

II Combine and write the contracted forms.

എൻെറ+നിൻെറ
വേണുവിൻെറ+അനുവിൻെറ
അതിൻെറ+ഇതിൻെറ
കമല+ശാരദ
സോഹൻെറ+സീതയുടെ
അദ്ദേഹത്തിൻെറ+മണിയുടെ
നിങ്ങളുടെ+അമ്മയുടെ
വാസുവിൻെറ+അച്ഛൻെറ
രാജൻെറ+രാധയുടെ
നായരുടെ+പിള്ളയുടെ

III Fill in the blanks using the correct form of the word given for each sentence.

1. എൻെറ ——— മണി പത്തരയായല്ലോ (വാച്ചു്)
2. അയാളുടെ ——— രാധ ഒന്നിലും, വിജയ രണ്ടിലുമാണു് (മക്കൾ)
3. രാധയുടെ ——— അനിയത്തിമാരും എത്രാം ക്ലാസിലാണു്? (അനിയൻ)

4. ——— നമ്പർ വീട്ട് ആരുടേതാണ് ? (പതിനെട്ട്)
5. ഞങ്ങളുടെ ——— എതിർവശത്താണ് ആ നേഴ്സറി സ്കൂൾ. (വീട്)
6. ചേച്ചീടേം ——— കവിതകൾ വളരെ വലുതാണ് (കുഞ്ഞമ്മ)
7. അദ്ദേഹത്തിൻെറ ——— പുസ്തകം ഒരു ചെറിയ നോവലാണ്. (ഏഴ്)
8. പന്ത്രണ്ടും ——— പണക്കാരുടെ വീടുകളാണ്. (പതിമൂന്ന്)
9. മധു അവൻെറ അച്ഛൻെറ ——— കുട്ടിയാണ് ? (എത്ര)
10. ആ പുതിയ ——— ആരാണ് ? (വീട്)
11. ഞങ്ങളുടെ ——— വീട് അത്ര വലുതല്ല. (ഗ്രാമം)
12. പണിയൊക്കെ ഞങ്ങളുടെ ——— ആണ്. (ജോലിക്കാർ)
13. ആ കവിത വളരെ ——— അല്ലേ ? (നല്ല)
14. ——— കോണിലാണ് ഞങ്ങളുടെ മുറി (പടിഞ്ഞാറ്)
15. ഞങ്ങളുടെ വീട്ടുടമസ്ഥൻ വളരെ ——— ആണ്. (നല്ല)
16. ആ ——— എട്ടു വയസ്സായി. (കുട്ടി)
17. ——— എങ്ങനെയാണ് സദ്യയും, പാർട്ടിയുമൊക്കെ ? (അരപ്പട്ടിണിക്കാർ)

IV Fill in the blanks using the correct form out of the choice given.

1. ആ പുസ്തകങ്ങൾ ——— ആണ്. (ഞങ്ങളുടെ, ഞങ്ങളിൽ, ഞങ്ങളുടേത്)
2. ——— പാവങ്ങൾക്കാണോ സദ്യയും പാർട്ടിയും ? (അങ്ങനത്തെ, അങ്ങനെ, എങ്ങനെ)
3. അദ്ദേഹത്തിന് ഈ പ്രശസ്തി ——— ആണ് ? (എന്തിന്, എന്ത്, ഏതൊക്കെ)
4. ഞാൻ ഇതുവരെ കണ്ണൂർ ——— ഒരു കൂലിക്കാരനായിരുന്നു. (ബസ്സ്റ്റാൻഡ്, ബസ്സ്റ്റാൻഡിൻേറത്, ബസ്സ്റ്റാൻഡിൽ)
5. ———തീയതി നമുക്ക് അവധി ആയിരിക്കുമോ ? (മൂന്നിൽ മൂന്നാം, മൂന്ന്)
6. പ്രൈമറി സ്കൂളിൽ നിങ്ങളുടെ കൂട്ടുകാരൻ ———? (ആർക്കായിരുന്നു, ആരായിരുന്നു, ആരുടേതായിരുന്നു)
7. മിനിഞ്ഞാന്ന് ——— അവധിയായിരുന്നു? (ആർക്കെല്ലാം, ആരുടെയെല്ലാം, ആരിലെല്ലാം)

8. നമ്മുടെ ——— കേന്ദ്രസർക്കാരിൻേറതല്ലേ ? (ഇൻസ്റ്റിററ്യൂട്ടിൻെറ, ഇൻസ്റ്റിററ്യൂട്ടിലെ, ഇൻസ്റ്റിററ്യൂട്ട്)
9. അവരുടെ വീട്ടുടമസ്ഥൻ ഒരു ——— ആണ്. (ഭയങ്കരൻ, ഭയങ്കരം, ഭയങ്കരി)
10. ആ കുട്ടികൾ വളരെ ———. (നല്ലതു്, നല്ലവർ, നല്ലവൾ)
11. ആ കഥ തീരെ ——— അല്ലേ ? (ദയനീയം, ദയനീയൻ, ദയനീയ)
12. ——— ഇപ്പോൾ എവിടെയാണ് ജോലി ? (വിമലയ്ക്കു്, വിമലയിൽ, വിമല)
13. രാജുവിൻേറയും ——— കൂട്ടുകാരൻ ഒരാളാണ്. (മധുവിനു്, മധുവിൻേറയും, മധുവിലെ)
14. എൻെറ ഭാര്യയും ——— അല്ലേ ? (ഭാഗ്യവതി, ഭാഗ്യവാൻ, ഭാഗ്യം)

V Rewrite the given sentences replacing അതു് and ഇതു് with ആ and ഈ; change the other words appropriately.

1. അതു് എൻെറ പുസ്തകമാണ്.
2. ഇതു് ഞങ്ങളുടെ അധ്യാപികയുടെ വീടാണ്.
3. അതു് അദ്ദേഹത്തിൻെറ പുതിയ കൃതിയാണ്.
4. ഇതു് ആരുടെ കെട്ടിടമാണ്. ?
5. ഇതൊക്കെ സിററി ഇംപ്രൂവ്മെൻറുകാരുടെ വീടുകളാണ്.

VI Rewrite the sentences replacing ആ, and ഈ with അതു് ഇതു്.

1. ഈ കഥ നല്ലതല്ലേ ?
2. ആ വീടു് ചെറിയതാണ് ?
3. ആ കട എൻെറ ചിററപ്പൻേറതാണ്.
4. ഈ തമാശ കുമാരിയുടേതാണ്.
5. ഈ ഹോസ്റ്റൽ അവരുടേതല്ല.

VII Rewrite as directed.

1. ആ വീടു് എത്ര പഴയതാണ് ! (Remove the exclamation and rewrite the sentence retaining the same emphatic meaning.)
2. അവൻ എൻെറ വിദ്യാർഥിയാണ്. (Convert the masculine nouns/pronouns to their corresponding feminine forms.)

3. അവൻ പണക്കാരൻ ആണ്. (Convert the singular nouns to their corresponding plural forms.)
4. അവർ ഭാഗ്യവതിയാണ്. (Convert the feminine nouns/pronouns to their corresponding masculine forms.)
5. അവൾ ഭയങ്കരിയാണ്. (Rewrite the feminine noun and pronoun with their neuter equivalents.)
6. ഇന്ന് ഞങ്ങൾക്ക് അവധിയാണ്. (Rewrite the sentence using the past and future of ആണ്.)
7. അന്ന് ഞങ്ങളുടെ ഗ്രാമത്തിൽ വലിയ ആഘോഷമായിരിക്കും. (Transform into negative.)
8. ഇതു് നിങ്ങളുടെ കുട്ടിയുടെ പുസ്തകമാണ്. (Transform into a question.)
9. ഇന്നലെ എല്ലാവർക്കും അവധി ———? (Fill in the gap suitably.)
10. ആ കഥ വളരെ ദയനീയമാണ്. (Rewrite as an exclamatory sentence.)
11. ഈ വീട്ട് നിങ്ങളുടേതല്ലേ ? (Rewrite using ഇതു്.)
12. ആ കവിത നല്ലതാണ്. (Substitute the underlined word with four other words suitably.)

VIII Rewrite the words in related pairs.

അത്ര, അവിടെ, തെക്ക്, അധ്യാപകൻ, ചെറുതു്, ഗ്രാമം, കഥ, വാടക വീട്ട്, വലത്തു്, വിദ്യാർഥി, ഇപ്പോൾ, പട്ടണം, തലസ്ഥാനം, വലുതു്, പിശുക്കൻ, സംസ്ഥാനം, അങ്ങനെ, ഇവിടെ, മരുമകന്റെ, വടക്ക്, ഇത്ര, അപ്പോൾ, ഇടത്തു്, സ്വന്തംവീട്ട്, പിശുക്കി, ഇങ്ങനെ, മരുമകളുടെ, സാഹിത്യം.

IX Answer the following.

1. ആ വലിയ വീട്ട് നിങ്ങളുടേതാണോ ?
2. നിങ്ങളുടെ സ്വദേശം എവിടെയാണ് ?
3. നിങ്ങളും ഒരു സാഹിത്യകാരനാണോ ?
4. നിങ്ങളുടെ വീട്ടിന്റെ എതിർവശത്തെ വീട്ടിൽ ആരാണ് ?
5. നിങ്ങളുടെ സംസ്ഥാനത്തിലെ പട്ടണങ്ങളൊക്കെ വളരെ വലുതാണോ ?
6. നിങ്ങളുടെ പിറന്നാൾ എത്രാം തീയതിയാണ് ?
7. അടുത്ത വർഷം ഈ സമയം നിങ്ങൾ ഇവിടെ ആയിരിക്കുമോ?

X Give one question each for the following statements.

1. ഇപ്പോൾ എനിക്കു് മുപ്പതു വയസ്സായി.
2. അതെ. എന്റെ ചേച്ചിയും ഒരു കലാകാരിയാണു്.
3. അല്ല. ആ നഗരത്തിലെ വീടുകളൊന്നും അത്ര നല്ലതല്ല.
4. ഈ വീടു് ഞങ്ങളുടേതാണു്.
5. എന്റെ ചിറ്റപ്പന്റെ മകൾ ശോഭ മൂന്നാം ക്ലാസിലാണു്.
6. അല്ല. അയാൾ നല്ല മനുഷ്യൻ അല്ല; പിശുക്കനാണു്.
7. മണി ഇപ്പോൾ ആറു് ഇരുപതായി.
8. അതെ. ഇതു് എന്റേതാണു്.

XI Construct 30 sentences using the given table. (Use the differet.t forms of the given words with the case suffixes you studied.)

| | | | | |
|---|---|---|---|---|
| ആരു് | നിങ്ങൾ | അതു് | അവധി | ആണു് |
| എന്തു് | മധു | നല്ല | പിറന്നാൾ | ആണോ |
| എവിടെ | കുട്ടി | ചെറിയ | തീയതി | ആയിരുന്നു |
| എത്ര | അയാൾ | ഒന്നു് | ക്ലാസു് | ആയിരുന്നോ |
| എത്രാമത്തെ | സതി | പുതിയ | വിദ്യാർത്ഥി | ആയിരിക്കും |
| ഏതു് | വീണ | പിശുക്കൻ | ആഘോഷം | ആയിരിക്കുമോ |
| എന്നു് | രാധ | എട്ടാമത്തെ | ഇൻസ്റ്റിറ്റ്യൂട്ടു് | അല്ല |
| എങ്ങനെ | ഞാൻ | പഴയതു് | ഗ്രാമം | അല്ലായിരിക്കും |
| എങ്ങനത്തെ | സരോജം | ഭയങ്കരി | വീടു് | അല്ലായിരുന്നു |
| | | അഞ്ചര | വയസ്സു് | അല്ലേ |
| | | നല്ലവൾ | മണി | അല്ലായിരുന്നോ |
| | | | പത്തു് | അല്ലായിരിക്കുമോ |

## UNIT 5

## LESSON 15

# വീട്ടിൽ ആരൊക്കെയുണ്ടു്?

### CONVERSATION

| | |
|---|---|
| മോഹൻ : നായർ, നാട്ടിൽ നിങ്ങൾക്കു് സ്വന്തം വീടുണ്ടോ ? | Nair, do you own a house in your nativet place? |
| നായർ : ഉണ്ടു്. വീടും, പുരയിടവും, നിലവുമുണ്ടു്. | Yes, we have a house some land and fields. |
| മോഹൻ : വീട്ടിൽ ആരൊക്കെയുണ്ടു്. ? | Who are all there at home? |
| നായർ : അച്ഛനും, അമ്മയും സഹോദരങ്ങളും. | Father, mother, brothers and sisters. |

| | |
|---|---|
| മോഹൻ : എത്ര സഹോദരന്മാരുണ്ട് നിങ്ങൾക്ക്? | How many brothers do you have? |
| നായർ : ഒരനിയനും ഒരു ചേട്ടനും. | An younger brother and an elder brother. |
| മോഹൻ : സഹോദരിമാരില്ലേ ? | Don't you have sisters? |
| നായർ : ഇല്ല. എനിക്ക് സ്വന്തം സഹോദരിമാരില്ല. പക്ഷെ ബന്ധത്തിലൊരു അനിയത്തി ഉണ്ട്. കുഞ്ഞമ്മയുടെ മകൾ. | No. I don't have own sisters. I have a cousin. She is my aunty's daughter. |
| മോഹൻ: നിങ്ങളുടെ അച്ഛന് എന്താണ് തൊഴിൽ ? | What is your father? |
| നായർ : കൃഷിപ്പണി. | He is occupied in agriculture. |
| മോഹൻ : സർക്കാർ ജോലിയൊന്നും ഇല്ലേ ? | Doesn't he have any Government job? |
| നായർ : ഇല്ല. | No. |
| മോഹൻ : പിന്നെ കൃഷിയുടെ കൂടെ വേറെ ഏതെങ്കിലും ബിസിനസ്സുണ്ടോ ? | Then does he have any other business along with agriculture? |
| നായർ : ഇല്ല. | No. |
| മോഹൻ : അപ്പോൾ നിങ്ങൾക്ക് സ്വത്തൊക്കെ ധാരാളമുണ്ടോ ? | Then do you have a lot of landed property? |
| നായർ : ഇല്ല. ഒരുപാടൊന്നും ഇല്ല. | No. We don't have much. |
| മോഹൻ : മൊത്തം എത്രയേക്കർ സ്ഥലമുണ്ട് ? | How many acres of land do you have in total? |
| നായർ : മൂന്നരയേക്കർ വയലുണ്ട്, പിന്നെ ഒരഞ്ചേക്കർ പുരയിടവുമുണ്ട്. | We have three and a half acres of wet land and then about five acres of dry land. |
| മോഹൻ : പുരയിടത്തിൽ എന്തൊക്കെ കൃഷികളുണ്ട്? | What are the crops that you have in the dry land? |

| | | |
|---|---|---|
| നായർ : | മരച്ചീനിയും, വാഴയും, കുരുമുളകും, പിന്നെ പത്തഞ്ഞൂറു മൂട്ട തെങ്ങുമുണ്ടു്. ഒരേക്കർ ഥലത്തു് ഒരു മലക്കറിത്തോട്ടവുമുണ്ടു്. | Tapioca, plantain and pepper. Then we have about five hundred coconut trees. In an one acre plot we have a vegetable garden also. |
| മോഹൻ : | ആ തോട്ടത്തിൽ ധാരാളം മലക്കറികൾ ഉണ്ടോ ? | Do you have many kinds of vegetables in that garden? |
| നായർ : | ഉണ്ടു്. വെള്ളരിക്ക, കത്തിരിക്ക, വെണ്ടയ്ക്ക, മത്തങ്ങ, കുമ്പളങ്ങ, വഴുതനങ്ങ മുതലായ സാധാരണ പച്ചക്കറികളൊക്കെയുണ്ടു്. | Yes. All ordinary vegetables like cucumber, violet brinjal, lady's finger, pumpkin, ash gourd, brinjal, etc are there. |
| മോഹൻ : | തക്കാളിയും , മുട്ടക്കോസുമൊന്നുമില്ലേ ? | Don't you have tomato and cabbage? |
| നായർ : | ഇല്ല. അതൊന്നുമില്ല. പക്ഷെ, വേറെ പലയിനം പച്ചക്കറികൾ ഉണ്ടു്. | No. We don't have these things. But we have got other kinds of vegetables. |
| മോഹൻ : | എന്തൊക്കെ ? | What are those? |
| നായർ : | പാവയ്ക്ക, മുരിങ്ങക്ക, പടവലങ്ങ, ചേന, ചേമ്പു് ചീനി അമരയ്ക്ക മുതലായവ. | Bitter gourd, drumstick, snake gourd, yam, colocassia, cluster beans, etc. |
| മോഹൻ : | അതൊരു വലിയ തോട്ടമാണല്ലോ. നിങ്ങൾ മുതലാളികൾ തന്നെ. സംശയമില്ല. | That is a big garden, indeed. You are really capitalists. There is no doubt. |

## DRILLS

### A. Repetition drill

a. 1. മധുവിനു് ഒരു പച്ചക്കറിത്തോട്ടമുണ്ടു്.
2. ഞങ്ങളുടെ ക്ലാസിൽ പെൺകുട്ടികളുമുണ്ടു്.
3. കേരളത്തിൽ ധാരാളം തെങ്ങുകളുണ്ടു്.

b. 1. എന്റെ അച്ഛന് സ്വന്തം വീടില്ല.

2. ഈ വീട്ടിൽ ഇപ്പോഠം ആരും ഇല്ല.

3. ഗോപാലന് സഹോദരിമാരില്ല.

c. 1. നിങ്ങഠംക്ക് സർക്കാർ ജോലിയുണ്ടോ ?

2. ആ പൂന്തോട്ടത്തിൽ എല്ലാ പൂക്കളും ഉണ്ടോ ?

3. നമുക്കും ശത്രുക്കഠം ഉണ്ടോ ?

d. 1. നിങ്ങഠംക്ക സ്വന്തം വീടും പുരയിടവും ഇല്ലേ ?

2. ആ പുരയിടത്തിലും മരച്ചീനിക്കൃഷി ഇല്ലേ ?

3. ഇവിടെ ആർക്കും സ്വന്തം ബിസിനസ്സില്ലേ ?

## B. Build up drill

### Model

ഉണ്ട്.

ഉണ്ട്.

കൃഷികഠം

കൃഷികഠം ഉണ്ട്.

എന്തൊക്കെ

എന്തൊക്കെ കൃഷികഠം ഉണ്ട്?

ഗ്രാമത്തിൽ

ഗ്രാമത്തിൽ എന്തൊക്കെ കൃഷികഠം ഉണ്ട് ?

നിങ്ങളുടെ

നിങ്ങളുടെ ഗ്രാമത്തിൽ എന്തൊക്കെ കൃഷികഠം ഉണ്ട്.

1. ഇല്ല.

ആരുമില്ല.

ബംഗാളികഠം ആരുമില്ല.

ക്ലാസിൽ ബംഗാളികഠം ആരുമില്ല.

ഞങ്ങളുടെ ക്ലാസിൽ ബംഗാളികഠം ആരുമില്ല.

## C. Substitution drill

1. എന്റെ സഹോദരന് ഒരു വലിയ ലൈബ്രറി ഉണ്ട്.

   കൂട്ടുകാരന്
   
   അച്ഛന്
   
   അധ്യാപകന്
   
   വിദ്യാർത്ഥിക്ക
   
   ഭാര്യയ്ക്ക്
   
   ഭർത്താവിന്
   
   മകന്
   
   ചേച്ചിക്ക്

2. മുഹമ്മദിന് ചേച്ചി ഇല്ല.

   ചേട്ടൻ
   
   സഹോദരങ്ങൾ
   
   അമ്മ
   
   അച്ഛൻ
   
   ജോലി
   
   ബിസിനസ്സ്
   
   കുട്ടികൾ

3. ആ പട്ടണത്തിൽ വലിയ വീടുകൾ ഉണ്ടോ ?

   സ്കൂളുകൾ
   
   കെട്ടിടങ്ങൾ
   
   പൂന്തോട്ടങ്ങൾ
   
   ലൈബ്രറികൾ

4. ആ ആഴ്ചപ്പതിപ്പിൽ അദ്ദേഹത്തിന്റെ ഫോട്ടോ ഇല്ലേ?

   പുതിയ കഥകൾ
   
   നല്ല കവിതകൾ
   
   വലിയ ലേഖനങ്ങൾ

## D. Transformation drill

### Model 1

കേരളത്തിൽ വലിയ പൂന്തോട്ടങ്ങളുണ്ട്.

കേരളത്തിൽ വലിയ പൂന്തോട്ടങ്ങളില്ല.

1. സീതയ്ക്കു് പുതിയ വാച്ചുണ്ട്.
2. അയാൾക്കു് നല്ല ബിസിനസ്സുണ്ട്.
3. ഞങ്ങളുടെ തലസ്ഥാന നഗരത്തിൽ നല്ല ലൈബ്രറികൾ ഉണ്ട്.
4. രഘുവിന്റെ അമ്മയ്ക്കു് സർക്കാർ ജോലിയുണ്ട്.

### Model 2

ശാന്തിനഗറിൽ അൻപതു വീടുകൾ ഉണ്ട്.

ശാന്തിനഗറിൽ അൻപതു വീടുകൾ ഉണ്ടോ ?

1. ആ ഗ്രാമത്തിൽ ഒരു നേഴ്സറി സ്കൂളുണ്ട്.
2. കേരളത്തിൽ ധാരാളം പച്ചക്കറിത്തോട്ടങ്ങൾ ഉണ്ട്.
3. രാധാദേവിക്കു് മൂന്നു മക്കൾ ഉണ്ട്.
4. വാസുവിന്റെ വീട്ടിൽ വിരുന്നുകാർക്കു് വേറെ മുറി ഉണ്ട്.

### Model 3

നമ്മുടെ വീട്ടിനടുത്തു് തയ്യൽക്കട ഇല്ല.

നമ്മുടെ വീട്ടിനടുത്തു് തയ്യൽക്കട ഇല്ലേ ?

1. വാടകവീട്ടിൽ പൂന്തോട്ടം ഇല്ല.
2. എനിക്കു വലിയ കൂട്ടുകാർ ഇല്ല.
3. ഞങ്ങളുടെ വീട്ടുടമസ്ഥനു് ചീത്തസ്വഭാവം ഇല്ല.
4. ആർക്കും ഭാഗ്യം ഇല്ല.

## E. Response drill

### Model 1

നിങ്ങൾക്കു് എത്ര കുട്ടികൾ ഉണ്ട് ?

എനിക്കു മൂന്നു മക്കൾ ഉണ്ട്.

1. നിങ്ങൾക്കു് എത്ര സഹോദരങ്ങൾ ഉണ്ട് ?
2. നിങ്ങൾക്കു് എത്ര പേനയുണ്ട് ?

Model 2

ആ പട്ടണത്തിൽ വിദ്യാർത്ഥിനികൾക്ക നല്ല ഹോസ്റ്റലുകൾ ഉണ്ടോ ?

ഉണ്ട്. ആ പട്ടണത്തിൽ വിദ്യാർത്ഥിനികൾക്ക നല്ല ഹോസ്റ്റലുകൾ ഉണ്ട്.

ഇല്ല. ആ പട്ടണത്തിൽ വിദ്യാർത്ഥിനികൾക്ക നല്ല ഹോസ്റ്റലുകൾ ഇല്ല. ധാരാളം വാടകവീടുകൾ ഉണ്ട്.

1. നിങ്ങളുടെ ഭാഷയിൽ ധാരാളം എഴുത്തുകാരുണ്ടോ ?
2. നിങ്ങളുടെ വീട്ടിൽ പൂന്തോട്ടം ഉണ്ടോ ?

Model 3

അദ്ദേഹത്തിൻെറ മരുമകന് സർക്കാർ ജോലി ഇല്ലേ ?

ഉണ്ട്. അദ്ദേഹത്തിൻെറ മരുമകന സർക്കാർ ജോലി ഉണ്ട്.

ഇല്ല. അദ്ദേഹത്തിൻെറ മരുമകന് സർക്കാർ ജോലി ഇല്ല. സ്വന്തം ബിസിനസ്സ് ഉണ്ട്.

1. നിനക്ക് സ്വന്തം വീടില്ലേ ?
2. നിങ്ങൾക്ക് കുട്ടികൾ ഇല്ലേ ?

## EXERCISES

I Fill in the blanks using the appropriate word out of the given choice.

1. മാധവന് സ്വന്തം സഹോദരിമാർ ———? (ഉണ്ട്, ഇല്ല, ഇല്ലേ)
2. ഇവിടെ നല്ല സ്കൂളുകൾ ———? (ആണ്, ഉണ്ട്, ഉണ്ടോ)
3. 'മാതൃഭൂമി' ഒരു നല്ല ആഴ്ചപ്പതിപ്പ് ———. (ഉണ്ട്, ആണ്, ഇല്ല)
4. ഈ പുസ്തകത്തിലെ കഥകളിൽ കാര്യമൊന്നും ———. (ഉണ്ട്, ആണ്, ഇല്ല)
5. അവൻ എൻെറ വിദ്യാർത്ഥി———. (ആണ്, ഉണ്ട്, ഇല്ല)

II Answer the following questions.

1. നിങ്ങൾക്ക് ഒരാഴ്ചയിൽ എത്ര ദിവസം അവധി ഉണ്ട്?
2. നമ്മുടെ ഭാരതത്തിൽ പല ഭാഷക്കാരും ഇല്ലേ ?
3. നിങ്ങളുടെ വാച്ചിലെ സമയം ശരിയാണോ ?
4. നിങ്ങൾക്ക് സ്വന്തം കുട്ടികൾ ഇല്ലേ ?
5. നിങ്ങൾക്ക് എത്ര സഹോദരങ്ങൾ ഉണ്ട് ?

III For the statements given, supply one question each.

1. അതെ. എനിക്കു നിങ്ങളുടെ കവിത ഇഷ്ടമാണ്.
2. ഉണ്ട്. ഞങ്ങളുടെ ഹോസ്റ്റലിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഉണ്ട്.
3. അല്ല. അതു വാടകവീടല്ല. സ്വന്തം വീടാണ്.
4. ഇല്ല. ഞങ്ങൾക്ക് പുരയിടവും, കൃഷിയുമൊന്നും ഇല്ല.
5. ഉണ്ട്. കേരളത്തിൽ ധാരാളം തെങ്ങുകളുണ്ട്.
6. സോഹൻലാലിന് ഭോപ്പാലിൽ മൂന്നു വീടുണ്ട്.

IV Using the following table, frame minimum 25 sentences making necessary changes in the words given. Sentences should be of all the types, i.e., affirmative, negative and interrogative.

| | | | | |
|---|---|---|---|---|
| മോഹൻ | ഗ്രാമം | നല്ല | ലൈബ്രറി | ഉണ്ട് |
| കുസുമം | പട്ടണം | ചീത്ത | മത്തങ്ങ | ആണ് |
| ഞാൻ | നാട് | പുതിയ | പച്ചക്കറി | ഇല്ല |
| അവർ | തോട്ടം | പഴയ | തെങ്ങ് | അല്ല |
| നമ്മൾ | വയൽ | വലിയ | കഥ | ഉണ്ടോ |
| നീ | വീട് | ചെറിയ | കൂട്ടുകാർ | ഇല്ലേ |
| വാസു | ഇവിടെ | എത്ര | സ്കൂൾ | ആണോ |

## VOCABULARY

| | |
|---|---|
| ഉണ്ടോ | 'do (you) have, is it available' |
| പുരയിടം | 'dry land' നിലം 'field' |
| സഹോദരങ്ങൾ | 'brothers and sisters' |
| സഹോദരിമാർ | 'sisters' |
| ബന്ധം | 'relationship' |
| കുഞ്ഞമ്മ | 'mother's younger sister or father's younger brother's wife' |

| | | | |
|---|---|---|---|
| തൊഴിൽ | 'profession, vocation | | |
| കൃഷിപ്പണി | 'agricultural work' | | |
| വേറെ | 'other' | ബിസിനസ്സു് | 'business' |
| ജോലി | 'job, work' | സ്വത്തു് | 'landed property' |
| ഒരുപാടു് | 'a lot' | മൊത്തം | 'totally' |
| ഏക്കർ | 'acre' | മരച്ചീനി | 'tapioca' |
| വയൽ=നിലം | 'wet land' | വാഴ | 'Plantain' |
| കുരുമുളകു് | 'pepper' | | |
| പത്തഞ്ഞൂറു മൂടു് | 'about ten to five hundred trees' | | |
| മലക്കറി | 'vegetable' | വെള്ളരിക്ക | 'cucumber' |
| കത്തിരിക്ക | 'egg plant' | വെണ്ടയ്ക്ക | 'lady's finger' |
| മത്തങ്ങ | 'pumpkin' | കുമ്പളങ്ങ | 'ash gourd' |
| വഴുതനങ്ങ | 'brinjal' | മുതലായ | 'etc.' |
| സാധാരണ | 'ordinary' | തക്കാളി | 'tomato' |
| പച്ചക്കറി=മലക്കറി | 'vegetable' | | |
| ഇനം | 'variety' | | |
| പാവയ്ക്ക | 'bitter gourd' | മുരിങ്ങയ്ക്ക | 'drumstick' |
| പടവലങ്ങ | 'snake gourd' | ചേന | 'yam' |
| ചേമ്പു് | 'colocassia' | | |
| ചീനിഅമരയ്ക്ക | 'cluster beans' | | |
| മുതലാളികൾ | 'capitalists' | സംശയം | 'doubt' |

**NOTES**

5.15.1 Sentences with verb form 'ഉണ്ടു്' are introduced. Unlike the copula verb ആണു് which makes an equational sentence, ഉണ്ടു് indicates existence, possession or availability. This is a defective verb in the sense that it does not take a tense or mood marker. An ഉണ്ടു് sentence contains a possessor or location indicated by the dative case and locative case respectively.

1. എത്ര സഹോദരന്മാരുണ്ടു് നിങ്ങൾക്കു് ?
   How many brothers do you have ?

2. പുരയിടത്തിൽ എന്തൊക്കെ കൃഷികളുണ്ട് ?
What crops are there in the land ?

The negative of ഉണ്ട് is ഇല്ല.

എനിക്ക് സ്വന്തം സഹോദരിമാരില്ല.
I don't have own sisters.

The corresponding interrogatives are ഉണ്ടോ and ഇല്ലേ.

1. എന്തെങ്കിലും ബിസിനസ്സ് ഉണ്ടോ ?
Do (you) have any business ?

2. അവന് സർക്കാർ ജോലിയൊന്നും ഇല്ലേ ?
Doesn't (he) have any government job ?

5.15.2 The word സഹോദരങ്ങൾ 'brothers and sisters' is common plural form. സഹോദരൻ is 'brother' and സഹോദരി is 'sister'.

5.15.3. മരച്ചീനി 'tapioca', കുരുമുളക് 'pepper' and തെങ്ങ് 'coconut palm' are the main cultivations in Kerala. മരച്ചീനി is an underground stem which is used as a staple food by many a people in Kerala. Pepper is a vine plant and cocor.ut is a palm tree.

5.15.4. Whenever referring to the number of plants, trees, etc., it is customary to add the word മൂട് 'bottom' after the numeral adjective.

പത്തഞ്ഞൂറുമൂട്ട് തെങ്ങ്
Ten to five hundred coconut trees

## UNIT 5

### LESSON 16

# എന്തുവേണം? കാപ്പിയോ, ചായയോ?

**CONVERSATION**

| | | |
|---|---|---|
| സാഹ്: | ഇവിടെ മുറി ഒഴിവുണ്ടോ? | Is there a room vacant? |
| ഹോട്ടൽ മാനേജർ: | ഉണ്ടല്ലോ, സാറിന് ഏതുതരം മുറി വേണം? സിംഗിൾ റൂം വേണോ, ഡബിൾ റൂം വേണോ? | Yes. We do have. What kind of a room do you need? Do you want a single room or a double room? |
| സാഹ്: | തൽക്കാലം സിംഗിൾ മതി. ഞാൻ തനിച്ചാണ്. | For the time being one single room is sufficient. I am alone. |

| | | |
|---|---|---|
| ഹോ: മാ: | അതു ശരി. | That is correct. |
| സാഹ്: | കുളിമുറിയും, മററു സൗകര്യങ്ങളും ഒക്കെ മുറിക്കടുത്തുതന്നെയുണ്ടോ? | Do you have facilities like attached bath-room, etc? |
| ഹോ:മാ: | ഉണ്ട്. എല്ലാ സൗകര്യങ്ങളുമുണ്ട്. | Yes. All facilities are there. |
| സാഹ്: | അതിരാവിലെ കാപ്പിയും, ചായയും ഒക്കെ ഉണ്ടോ? | Do you serve coffee, tea, etc., in the early morning? |
| ഹോ: മാ: | ഉണ്ട്. സാറിന് എന്നും കാലത്ത് എന്തു വേണം? കാപ്പിയോ, ചായയോ? | Yes. We do serve. What do you need in the morning every day? Coffee or tea? |
| സാഹ്: | എനിക്കോ? എനിക്ക് ഒന്നും വേണ്ട. | Me? I don't want anything. |
| ഹോ: മാ: | ഒന്നും വേണ്ടേ? പിന്നെ? | Don't you want any-thing? Then? |
| സാഹ്: | അതിരാവിലെ എനിക്ക് ഒന്നും വേണ്ട. ബെഡ് കോഫി പതിവില്ല. പക്ഷെ ഒരെട്ടുമണിക്ക് പാലും, പലഹാരവും വേ വേണം. | Early morning I don't need anything. I don't have the habit of having bed coffee. But I want milk and some snacks for breakfast at 8 O'clock. |
| ഹോ: മാ: | ശരി. | That is alright. |
| സാഹ്: | രാവിലത്തെ പലഹാരത്തിന് ഇവിടെ എന്തൊക്കെയുണ്ട്? | What do you serve for breakfast? |
| ഹോ: മാ: | സാധാരണ പലഹാരങ്ങൾ ഒക്കെയുണ്ട്— ഇഡ്ഡലി, ദോശ, പൂരി, ഉപ്പുമാവ്. പിന്നെ മലയാളികളുടെ സ്പെഷ്യൽ പുട്ടുമുണ്ട്. | The usual snacks will be there. Idlis, do-sas, puris, upma. Then we have the Malayali special item puttu, also. |

| | | |
|---|---|---|
| സാഹ: | എനിക്കു് എണ്ണ അധികം ഇഷ്ടമില്ല. അതുകൊണ്ടു് പൂരിയും, ദോശയും ഒന്നും വേണ്ട. ഇഡ്ഡലിയോ, പുട്ടോ മതി. | I don't like oil very much. So I don't need puri and dosa. Idlis or puttu will do. |
| ഹോ: മാ: | ഉച്ചയ്ക്കു ചോറും, കറികളും മാത്രം മതിയോ? | Will just rice and curries be sufficient for lunch? |
| സാഹ: | മതി. സാധാരണ എന്തൊക്കെയാണു് ഇവിടത്തെ കറികൾ? | Generally what are the curries like? |
| ഹോ: മാ: | മലയാളികളുടെ കറികളോ? പരിപ്പു്, സാമ്പാർ, രസം, അവിയൽ, തീയൽ, മിഴുക്കുപുരട്ടി, തോരൻ, പുളിശ്ശേരി അങ്ങനെ പലതും ഉണ്ടു്. | Do you mean Malayalis' curries? We have many things like parippu, sambar, rasam, aviyal, tiiyal, milukkupuratti, tooran, pulisseeri etc. |
| സാഹ: | മതി, മതി, ധാരാളം മതി. | That is enough. More than sufficient. |
| ഹോ: മാ: | അതിന്റെ കൂടെ ഉപ്പേരിയും, ഉപ്പിലിട്ടും, പപ്പടവും, തയിരും, നെയ്യും, മോരുമെല്ലാം എന്നുമുണ്ടു്. | Every day we have chips, pickles, pappads, curds, ghee and buttermilk also along with that. |
| സാഹ: | വളരെ നല്ലതു്. പക്ഷെ അത്താഴത്തിനും ചോറും, കറികളും മാത്രമാണോ? | Very good. But even for supper do you serve only rice and curries? |
| ഹോ: മാ: | അതെ, എന്താ? അതുപോരേ? | Yes. How do you feel? Is it not sufficient? |
| സാഹ: | പോര. എനിക്കതു പോര. | No. That is not sufficient for me. |
| ഹോ: മാ: | പിന്നെന്തുവേണം സാർ? | What else do you want, Sir? |

| | | |
|---|---|---|
| സാഹ: | ചപ്പാത്തി. രാത്രി എനിക്കു ചപ്പാത്തി യാണിഷ്ടം. | Chappaati. At night I like chappaatis. |
| ഹോ; മാ: | പക്ഷെ ഇവിടെ ചപ്പാത്തിയില്ലല്ലോ, സാർ. ആ നാലുമുക്കിൽ ഒരു ഹോട്ടൽ ഉണ്ടു്. പേരു് കാമധേനു. അവിടെ ഉത്തരേൻഡ്യൻ ആഹാരമൊക്കെയുണ്ടു്. | But here we don't have chappatis, Sir. In that junction there is a hotel. The name of that hotel is Kamadhenu. North Indian food is available there. |

## DRILLS

### A. Repetition drill

a
1. എനിക്കു് നല്ല ഒരു മുറിവേണം.
2. മധുവിനു് രാവിലെ ചായ വേണം.
3. അവർക്കു് ലൈബ്രറിയും, പുസ്തകങ്ങളും വേണം.

b
1. അയാൾക്കു് മലയാളികളുടെ ആഹാരം വേണ്ട.
2. സാഹവിനു് ഉച്ചയ്ക്കു ചപ്പാത്തി വേണ്ട.
3. എന്റെ കൂട്ടുകാരനു് ആ വാടക വീടു വേണ്ട.

c
1. എനിക്കു് രാവിലെ ഇഡ്ഡലി മതി.
2. രാധയ്ക്കു് ഒരു ചെറിയ വീടു് മതി.
3. എന്റെ മോൾക്കു് ഊണിനു പരിപ്പും, നെയ്യും മതി.

d
1. അൻപതു വിദ്യാർഥികൾക്കു് ഒരധ്യാപകൻ പോര.
2. രഘുവിനു് സർക്കാർ ജോലി മാത്രം പോര.
3. എനിക്കു് ഊണിനു് ഒരു കറി മാത്രം പോര.

e
1. നിങ്ങൾക്കീ പുസ്തകം വേണോ?
2. ഉച്ചയ്ക്കു് ആർക്കും ഊണു വേണ്ടേ?
3. നിങ്ങൾക്കു് ഈ പുസ്തകം നാളെ മതിയോ?
4. അത്താഴത്തിനു് ചപ്പാത്തി മാത്രം പോരേ?

f 1. എനിക്കു് പാലോ, ചായയോ മതി.

2. അദ്ദേഹത്തിനു് ചോറോ, ചപ്പാത്തിയോ പോരേ?

3. എനിക്കു് വീടോ, മുറിയോ ഒന്നും വേണ്ട.

B. Build up drill

Model

വേണോ ?

വേണോ?

ചപ്പാത്തി

ചപ്പാത്തി വേണോ ?

വൈകുന്നേരവും

വൈകുന്നേരവും ചപ്പാത്തി വേണോ?

രാവിലേയും

രാവിലേയും വൈകുന്നേരവും ചപ്പാത്തി വേണോ?

നിങ്ങൾക്കു്

നിങ്ങൾക്കു് രാവിലേയും വൈകുന്നേരവും ചപ്പാത്തി വേണോ?

1. മതിയോ?

ഫോട്ടോ മതിയോ?

ചെറിയ ഫോട്ടോ മതിയോ?

ഇത്ര ചെറിയ ഫോട്ടോ മതിയോ?

2. വേണ്ടേ?

വിജ്ഞാനകോശങ്ങളും വേണ്ടേ ?

നിഘണ്ടുക്കളും, വിജ്ഞാനകോശങ്ങളും വേണ്ടേ?

വിദ്യാർത്ഥികൾക്കു് നിഘണ്ടുക്കളും, വിജ്ഞാനകോശങ്ങളും വേണ്ടേ?

3. പോരേ?

അവധി പോരേ?

മൂന്നു ദിവസത്തെ അവധി പോരേ?

ഓണത്തിനു് മൂന്നു ദിവസത്തെ അവധി പോരേ?

## C. Substitution drill

a 1. എനിക്കു് രാവിലെ പലഹാരത്തിനു് ദോശ വേണം.

ഇഡ്ഡലി
പൂരി
ചപ്പാത്തി
പുട്ടു്

2. ഉച്ചയ്ക്കു് ഊണിനു് ചോറും സാമ്പാറും മതി.

അവിയലും
പുളിശ്ശേരിയും
തോരനും
ഉപ്പിലിട്ടും
തയിരും
നെയ്യും
മോരും

3. ഞങ്ങൾക്കു് പുതിയ മുറി വേണം.

വേണ്ട
മതി
പോര

b 1. രാധയ്ക്കു് ഇന്നത്തേയ്ക്കു് അവധി വേണം.

മധു
ഗോപി
കുമാർ
അവർ
സരോജം

## D. Transformation drill

### Model 1

എനിക്കു് കാവേരി ഹോസ്റ്റലിലെ മുറി വേണം.
എനിക്കു് കാവേരി ഹോസ്റ്റലിലെ മുറി വേണ്ട.

1. ഗ്രാമത്തിലെ വീടു് എന്റെ ചേട്ടനു വേണം.
2. എല്ലാവർക്കും മുറിക്കടുത്തു് കുളിമുറിയും മററു സൗകര്യങ്ങളും വേണം.
3. മോഹനനു് ഓണത്തിനു് അവധി വേണം.
4. ഒന്നാം ക്ലാസിലെ കുട്ടിക്കു വാച്ചു വേണം.

Model 2

നാരായണന്ന് ആയിരം രൂപ മതി.

നാരായണന്ന് ആയിരം രൂപ പോര.

1. ഊണിന്ന മലയാളികളുടെ കറികൾ മതി.
2. ഇരുപതു വിദ്യാർത്ഥികൾക്ക് ഒരദ്ധ്യാപകൻ മതി.
3. നമുക്ക ചെറിയ വീട്ട മതി.
4. കുട്ടികൾക്ക് ആ ലൈബ്രറി മതി.

## EXERCISES

I Fill in the blanks using the correct form out of the choice given.

1. വേണം. എന്നും രാവിലെ എനിക്ക് ബെഡ് കോഫി ——. (വേണ്ട, വേണം, വേണ്ടേ)
2. ഉച്ചയ്ക്ക് എനിക്ക് ചപ്പാത്തി ——. (വേണ്ടേ, വേണോ, മതി)
3. നിനക്ക് ഈ മുറി ——? (മതി, മതിയോ, പോര)
4. ——ഈ ഹോട്ടൽ ഇഷ്ടമാണ്. (അദ്ദേഹം, അദ്ദേഹത്തിൻെറ, അദ്ദേഹത്തിന്ന്)
5. നിങ്ങൾക്കും കുടുംബത്തിനും , ഈ ചെറിയ വീട് ——? (പോര, മതിയോ, വേണം)
6. ആർക്ക് ഈ പുസ്തകം ——? (ഇല്ലേ, വേണ്ട, വേണോ)
7. എനിക്ക് രാവിലെ അരക്കപ്പ ചായ ——. (മതിയോ, വേണോ, മതി)
8. ഈ പുസ്തകം നിങ്ങളുടേത്——? (ആണ്, ആണോ, ഉണ്ടോ)

II Answer the following : (Give positive as well as negative answers where ever applicable.)

1. നിങ്ങൾക്ക് രണ്ടു കപ്പ കാപ്പി വേണോ?
2. ഈ വലിയ കുടുംബത്തിന് ഒരു ചെറിയ വീട്ട മതിയോ?
3. ആ ലൈബ്രറിയിൽ എല്ലാ സൗകര്യങ്ങളും ഇല്ലേ?
4. നിങ്ങൾക്ക് മൂന്ന കുട്ടികൾ പോരേ?
5. നിങ്ങളുടെ ഓഫീസറുടെ അനിയനും ഈ ഓഫീസിൽ ജോലി വേണോ?

III Give *one* question each for the following statements.

1. എനിക്ക് മൂന്ന കുട്ടികൾ ഉണ്ട്.
2. അദ്ദേഹത്തിന് രാവിലെ ചായ വേണം.
3. വേണ്ട. ഉച്ചയ്ക്ക് എനിക്ക് ചപ്പാത്തി വേണ്ട.
4. എനിക്ക് സിംഗിൾ റൂം മതി. ഞാൻ തനിച്ചാണ്.
5. പോര. എനിക്ക് അരക്കപ്പ കാപ്പി പോര.

IV . Using the following frame construct at least 25 sentences.

| | | | |
|---|---|---|---|
| ഞങ്ങൾ | എത്ര | വീട്ട് | വേണം |
| നിങ്ങൾ | എന്ത് | പുസ്തകം | വേണ്ട |
| സരോജം | ഏത് | ഊണ് | മതി |
| ബാബു | എപ്പോൾ | പലഹാരം | പോര |
| ബാലൻ | രാവിലെ | പാൽ | |
| നീ | ഉച്ചയ്ക്ക് | കാപ്പി | |
| അവർ | | | |

**VOCABULARY**

| | | | |
|---|---|---|---|
| ഹോട്ടൽ | 'hotel' | ഒഴിവ് | 'vacancy' |
| തരം | 'sort, kind' | സിംഗിൾ | 'single' |
| ഡബിൾ | 'double' | റൂം | 'room |
| വേണോ? | 'do you want' | തനിച്ച് | 'alone' |
| കുളിമുറി | 'bathroom' | സൗകര്യങ്ങൾ | 'facilities' |
| അടുത്ത് | 'near' | കാലത്ത് | 'morning' |
| അതിരാവിലെ | 'early morning' | കാപ്പി | 'coffee' |
| ചായ | 'tea' | ബെഡ്കോഫി | 'bed coffee' |
| പതിവ് | 'habit' | പാൽ | 'milk' |
| പലഹാരം | 'snacks' | ഇഡ്ഡലി | 'idli—a rice and black-gram cake cooked in steam' |

ദോശ 'dosa—a rice and blackgram cooked in oil'

പൂരി 'Puri—a snack made out of wheat'

ഉപ്പുമാവ് 'upma—a snack with soji'

| | | | |
|---|---|---|---|
| സാധാരണ | 'ordinary' | സ്പെഷ്യൽ | 'special' |
| പുട്ട് | | 'typical Malayali snack cooked with rice and coconut in steam' | |
| വേണ്ട | 'don't want' | അധികം | 'more' |
| ഉച്ചയ്ക്ക് | 'in the afternoon' | ചോറ് | 'rice' |
| കറികൾ | 'curries' | മതി | 'sufficient' |
| പോരേ | | 'is not sufficient' | |
| പരിപ്പ് | | 'a curry with any type of gram and coconut' | |
| സാമ്പാർ | | 'typical South Indian liquid curry with gram base and vegetables' | |
| രസം | | 'a soup like South Indian curry' | |
| അവിയൽ | | 'a typical Malayali dish with mixed vegetables, coconut, etc., | |
| തീയൽ | | 'a curry made of fried coconut, onion, vegetable, etc. | |
| മിഴക്കുപുരട്ടി | | 'fried vegetable' | |
| പുളിശ്ശേരി | | 'a curry made out of curds' | |
| പലതും | 'many things' | ധാരാളം | 'plenty' |
| ഉപ്പേരി | 'chips' | പപ്പടം | 'papads' |
| തയിരു് | 'curds' | നെയ്യ് | 'ghee' |
| മോരു് | 'buttermilk' | അത്താഴം | 'supper' |
| ചപ്പാത്തി | | 'chappatti :—the snack made out of wheat' | |
| നാലുമുക്ക് | | 'junction where four roads meet' | |
| കാമധേനു | | 'kamadhenu—name of a mythological cow which used to give whatever you asked for' | |
| ഉത്തരേന്ത്യൻ | 'North Indian' | ആഹാരം | 'food' |

**Notes**

5.16.1. This lesson introduces two pairs of positive-negative defective verbs. They are

| | |
|---|---|
| വേണം | 'is wanted' |
| വേണ്ട | 'not wanted' |

| | |
|---|---|
| മതി | 'sufficient' |
| പോരാ | 'Not sufficient' |

**Like ഉണ്ട് (5.15.1) these verbs also when used in sentences take a dative case.**

## UNIT 5

## LESSON 17

# ഊണും, ഉറക്കവും ഒക്കെ സുഖമായിരുന്നോ?

| | | |
|---|---|---|
| ഹോട്ടൽ മാനേജർ | ഞങ്ങളുടെ ഹോട്ടലിലെ താമസമൊക്കെ ഇഷ്ടമായോ സാർ? | Did you like the stay in our hotel? |
| സാഹ്: | എനിക്ക് വളരെ ഇഷ്ടമായി. പൊതുവെ എനിക്ക് മലയാള നാടും, മലയാളികളുടെ പെരുമാററവും ഒക്കെ വളരെ ഇഷ്ടമാണ്. | I liked it very much. Generally I like the Malayalam land and the behaviour of the Malayalis. |
| ഹോട്ടൽ മാനേജർ | അതു ശരി. അപ്പോഠം സാറിനു് ഇന്നലത്തെ ഊണും, ഉറക്കവും ഒക്കെ സുഖമായിരുന്നോ? | That is right. How did you feel about yesterday's meals, sleep, etc? |

| | | |
|---|---|---|
| സാഹു | അതിനൊന്നും യാതൊരു കുഴപ്പവും ഇല്ലായിരുന്നു. പക്ഷെ ഇന്നു രാവിലെ കുളിയുടെ കാര്യത്തിൽ മാത്രം കുറച്ചു പ്രയാസമുണ്ടായിരുന്നു. | There was no trouble regarding those things But this morning there was some difficulty in taking bath. |
| ഹോട്ടൽ മാനേജർ | അതെന്താ? പൈപ്പിൽ വെള്ളം ഇല്ലായിരുന്നോ? ഞങ്ങളുടെ ഈ പട്ടണത്തിൽ വെള്ളത്തിനു് ഒരു ക്ഷാമവുമില്ലല്ലോ. ഇരുപത്തിനാലു മണിക്കൂറും പൈപ്പിൽ വെള്ളമുണ്ടായിരിക്കും. | What is that? Wasn't there any water in the taps? In this town of ours there is no scarcity of water. There will be running water for all the twenty four hours. |
| സാഹു: | അതൊക്കെ ശരി തന്നെ. പക്ഷെ എനിക്കു് ഒട്ടും വയ്യായിരുന്നു. അതുകൊണ്ടു് കുറച്ചു ചൂടുവെള്ളം വേണമായിരുന്നു. അതവിടെ ഇല്ലായിരുന്നു. | That is all correct. But I was not well. So I wanted some hot water. That was not available. |
| ഹോ: മാ: | ശരിയാണു് സാർ. സാധാരണ ഇവിടെ ആർക്കും ചൂടുവെള്ളം ഇഷ്ടമില്ല. എല്ലാവരുടേയും കുളി പച്ചവെള്ളത്തിലാണു്. | That is right. Usually nobody likes hot water here. All bathe in cold water. |
| സാഹു: | പക്ഷെ എനിക്കു് രാവിലെ കുറച്ചു ചൂടുവെള്ളം വേണം. ഒരു ബക്കററു് മതി. | But I want some hot water in the morning. One bucket of water will do. |
| ഹോ: മാ: | നാളെത്തൊട്ടു് സാറിനു് ഇവിടെ ഒരു അസൗകര്യവും ഇല്ലായിരിക്കും. രാവിലെ ഏഴുമണിക്കു് മുൻപുതന്നെ സാറിന്റെ കുളിമുറിയിൽ ഒരു വലിയ തൊട്ടി ചൂടുവെള്ളം ഉണ്ടായിരിക്കും. ഇനി എന്തെങ്കിലും കുഴപ്പമുണ്ടോ സാർ? | From tomorrow onwards there will not be any difficulty for you. Before seven in the morning itself there will be a big bucket of hot water in your room. Sir, do you have any other difficulty? |

| | | |
|---|---|---|
| സാഹു: | ഇല്ല. നിങ്ങളുടെ പുഴക്കലരിച്ചോറും, നാടൻകറികളുമൊക്കെ എനിക്കു വളരെ ഇഷ്ടമായി. | No. I liked your boiled rice and native curries very much. |
| ഹോ: മാ: | അത്താഴമോ? | What about supper? |
| സാഹു: | കാമധേനുവിലെ ആഹാരം എനിക്കത്ര ഇഷ്ടമായില്ല. എല്ലാത്തിനും എണ്ണ വളരെ കൂടുതൽ. ഇന്നു മുതൽ എനിക്കിവിടത്തെ അത്താഴം മതി. | I didn't like the food at Kamadhenu. They use a lot of oil for everything. Today onwards I will have my supper here. |

## DRILLS

### A. Repetition drill

a
1. ആ കാര്യത്തിൽ കുറച്ചു പ്രയാസമുണ്ട്.
2. ആ കാര്യത്തിൽ കുറച്ചു പ്രയാസമുണ്ടായിരുന്നു.
3. ആ കാര്യത്തിൽ കുറച്ചു പ്രയാസമുണ്ടായിരിക്കും.

b
1. അയാൾക്ക് വീടും പുരയിടവും ഇല്ല.
2. അയാൾക്ക് വീടും പുരയിടവും ഇല്ലായിരുന്നു.
3. അയാൾക്ക് വീടും പുരയിടവും ഇല്ലായിരിക്കും.

c
1. മലയാളികൾക്ക് എന്നും ചോറും, കറികളും വേണം.
2. മലയാളികൾക്ക് എന്നും ചോറും, കറികളും വേണമായിരുന്നു.
3. മലയാളികൾക്ക് എന്നും ചോറും, കറികളും വേണമായിരിക്കും.

d
1. ഞങ്ങൾക്ക് ഉച്ചയ്ക്ക് ചപ്പാത്തി വേണ്ട.
2. ഞങ്ങൾക്ക് ഉച്ചയ്ക്ക് ചപ്പാത്തി വേണ്ടായിരുന്നു.
3. ഞങ്ങൾക്ക് ഉച്ചയ്ക്ക് ചപ്പാത്തി വേണ്ടായിരിക്കും.

e
1. എനിക്ക് ഇവിടത്തെ അത്താഴം മതി.
2. എനിക്ക് ഇവിടത്തെ അത്താഴം മതിയായിരുന്നു.
3. എനിക്ക് ഇവിടത്തെ അത്താഴം മതിയായിരിക്കും.

f 1. അയാറംക്കു് ഒരു കപ്പു ചായ പോര.
2. അയാറംക്കു് ഒരു കപ്പു ചായ പോരായിരുന്നു.
3. അയാറംക്കു് ഒരു കപ്പു ചായ പോരായിരിക്കും.

g 1. അവറംക്കു് ഒട്ടും വയ്യ.
2. അവറംക്കു് ഒട്ടും വയ്യായിരുന്നു.
3. അവറംക്കു് ഒട്ടും വയ്യായിരിക്കും.

## B. Expansion drill

### Model

ഇന്നു രാവിലെ ഇല്ലായിരുന്നു.
വെള്ളം
ഇന്നു രാവിലെ വെള്ളം ഇല്ലായിരുന്നു.
ഞങ്ങളുടെ വീട്ടിൽ
ഇന്നു രാവിലെ ഞങ്ങളുടെ വീട്ടിൽ വെള്ളം ഇല്ലായിരുന്നു.

1. എനിക്കു് വേണമായിരുന്നു.
എണ്ണ
എനിക്കു് എണ്ണ വേണമായിരുന്നു.
കറികളിൽ
എനിക്കു് കറികളിൽ എണ്ണ വേണമായിരുന്നു.
കൂടുതൽ
എനിക്കു് കറികളിൽ കൂടുതൽ എണ്ണ വേണമായിരുന്നു.

2. അദ്ദേഹത്തിനു് പോരായിരിക്കും.
ചൂടുവെള്ളം
അദ്ദേഹത്തിനു് ചൂടുവെള്ളം പോരായിരിക്കും.
ഇത്ര
അദ്ദേഹത്തിനു് ഇത്ര ചൂടുവെള്ളം പോരായിരിക്കും.
നാളെത്തൊട്ടു്
നാളെത്തൊട്ടു് അദ്ദേഹത്തിനു് ഇത്ര ചൂടുവെള്ളം പോരായിരിക്കും.

3. ടീച്ചർ ഇല്ലായിരുന്നോ?
   ഈ സമയം
   ടീച്ചർ ഈ സമയം ഇല്ലായിരുന്നോ?
   മിനിഞ്ഞാന്നു്
   ടീച്ചർ മിനിഞ്ഞാന്നു് ഈ സമയം ഇല്ലായിരുന്നോ?
   നിങ്ങളുടെ ക്ലാസിൽ
   ടീച്ചർ മിനിഞ്ഞാന്നു് ഈ സമയം നിങ്ങളുടെ ക്ലാസിൽ ഇല്ലായിരുന്നോ?

## C. Transformation drill

### Model 1

ഓണത്തിനു് ഞങ്ങൾക്കു് നാലു ദിവസത്തെ അവധി ഉണ്ടു്.

ഓണത്തിനു് ഞങ്ങൾക്കു് നാലു ദിവസത്തെ അവധി ഉണ്ടായിരുന്നു.

1. ആ ഹോട്ടലിൽ ഡബിൾ റൂം ഒഴിവുണ്ടു്.
2. ഞങ്ങളുടെ സ്കൂളിൽ എല്ലാ സൗകര്യവും ഉണ്ടു്.
3. ഊണിനു് എന്നും തയിരും, മോരും ഉണ്ടു്.

### Model 2

വീട്ടിനു മുൻപിൽ ഒരു ചെറിയ പൂന്തോട്ടം വേണം.

വീട്ടിനു മുൻപിൽ ഒരു ചെറിയ പൂന്തോട്ടം വേണമായിരുന്നു.

1. അത്താഴത്തിനു് എനിക്കു് ചപ്പാത്തിയും, പരിപ്പും വേണം
2. തൊണ്ണൂറു രൂപയ്ക്കു് അദ്ദേഹത്തിനൊരു വീടു വേണം.
3. എല്ലാവർക്കും സർക്കാർ ഓഫീസിൽ ജോലി വേണം.

### Model 3

ഇത്ര കൊച്ചുകുട്ടികൾക്കു് ഈ വലിയ പുസ്തകം വേണ്ട.

ഇത്ര കൊച്ചുകുട്ടികൾക്കു് ഈ വലിയ പുസ്തകം വേണ്ടായിരിക്കും.

1. കള്ളക്കടത്തുകാർക്ക് നിയമങ്ങളൊന്നും **വേണ്ട.**

2. അദ്ദേഹത്തിനു് പ്രശസ്തി വേണ്ട.

3. മലയാളികളുടെ ആഹാരം അവർക്കു് വേണ്ട.

Model 4

പിറന്നാൾ ആഘോഷത്തിനു് ഒരു ദിവസത്തെ അവധി മതി.

പിറന്നാൾ ആഘോഷത്തിനു് ഒരു ദിവസത്തെ അവധി മതിയായിരിക്കും.

1. പട്ടിണിക്കാർക്കു് ആഹാരം മതി.

2. എനിക്കു് സ്വന്തം വീടു മതി.

3. ഈ ക്ലാസിൽ പത്തു വിദ്യാർത്ഥികൾ മതി.

Model 5

ഈ വലിയ കെട്ടിടത്തിനു് ഇത്രയും സൗകര്യങ്ങൾ പോര.

ഈ വലിയ കെട്ടിടത്തിനു് ഇത്രയും സൗകര്യങ്ങൾ പോരായിരുന്നു.

1. ഇരുപതുപേർക്കു് ഒരു ടീച്ചർ പോര.

2. ഗ്രാമത്തിലെ വീടു് ഞങ്ങൾക്കു് പോര.

3. അവർക്കു് പച്ചവെള്ളം പോര.

## D. Response drill

Model 1

എനിക്കിന്നലെ ഒട്ടും വയ്യായിരുന്നു.

എന്താ കാരണം? തലവേദനയോ, പനിയോ? മരുന്നെന്തെങ്കിലും വേണമായിരുന്നോ?

1. A. ഇന്നു രാവിലെ കുളിയുടെ കാര്യത്തിൽ മാത്രം കുറച്ചു ബുദ്ധിമുട്ടുണ്ടായിരുന്നു.

   B. എന്താ ——? പൈപ്പിൽ —— ഉണ്ടായിരുന്നില്ലേ? ചൂടു വെള്ളം വേണമായിരുന്നോ?

2. A. കാമധേനുവിലെ അത്താഴം എനിക്കത്ര ഇഷ്ടമായില്ല.

   B. —— കാരണം? ——എണ്ണ കൂടുതൽ ഉണ്ടായിരുന്നോ? തയിരു്—— ?

3. A. രാവിലെ എനിക്ക് ദോശയും പൂരിയും വേണ്ടായിരുന്നു.

B എന്താ കാരണം? സാറിന് ——ഇഷ്ടമില്ലായിരുന്നോ? —— വേണമായിരുന്നോ?

## Model 2

A. എന്റെ ചേച്ചിപോലും ഒരു നോവലിസ്റ്റാണ്.

B. അതു ശരി. അതുകൊണ്ടാണ് ഇവിടെ ഇത്രയധികം പുസ്തകങ്ങൾ.

1. A. എന്റെ വീട്ടിൽ യാതൊരു സൗകര്യവുമില്ലായിരുന്നു.

B. അതു ശരി. ——നിങ്ങൾ കാവേരി ഹോസ്റ്റലിൽ താമസം, അല്ലേ ?

2. A അദ്ദേഹത്തിന് എപ്പോഴും ചൂടുവെള്ളം വേണം.

B. ——. അതുകൊണ്ടാണ് ഇവിടെ എപ്പോഴും ——റെഡി.

3. A. ജി. ശങ്കരക്കുറുപ്പിനായിരുന്നു ആദ്യത്തെ ജ്ഞാനപീഠസമ്മാനം.

B. അതു ശരി. അതുകൊണ്ടാണ് —— ഇത്ര പ്രശസ്തി.

4. A. എനിക്ക മലയാളികളുടെ പെരുമാററം വളരെ ഇഷ്ടമാണ്.

B. അതു ശരി. അതുകൊണ്ടാണ് നിങ്ങൾക്ക് —— ആഹാരവും ——.

## Model 3

A. പുരയിടത്തിൽ ഒരു നൂറു മൂട തെങ്ങും, പലയിനം പച്ചക്കറികളുമുണ്ടായിരുന്നു.

B. അപ്പോൾ അതൊരു വലിയ തോട്ടമായിരിക്കും.

1. A. എനിക്കൊരു നല്ല ഡബിൾ റൂം വേണമായിരുന്നു.

B. —— —— തനിച്ചല്ലായിരിക്കും.

2. A. എനിക്ക് അതിരാവിലെ ഒന്നും വേണ്ടായിരുന്നു.

B. അപ്പോൾ സാറിന് —— പതിവില്ലായിരിക്കും.

3. A. എനിക്കാ ഹോട്ടൽ മതിയായിരുന്നു.

B. അപ്പോൾ —— അവിടെ എല്ലാ —— ഉണ്ടായിരിക്കും.

4. A. മൂന്നരയേക്കർ വയലും, നിലവും, പുരയിടവും ഉണ്ട്.

B. അപ്പോൾ സാറൊരു വലിയ —— ആയിരിക്കും.

## Model 4

**A.** നിങ്ങൾക്ക് സ്വന്തം സഹോദരിമാരില്ലേ?

**B.** ഇല്ല. പക്ഷെ കുഞ്ഞമ്മയുടെ മകൻ ഞങ്ങളുടെ കൂടെയാണ്.

1.**A.** നിങ്ങളുടെ കൂട്ടുകാരന് സ്വന്തം വീടില്ലായിരുന്നോ?

**B,** ഇല്ലായിരുന്നു. പക്ഷെ അയാളുടെ ——— എല്ലാ സൗകര്യവും ഉണ്ടായിരുന്നു.

2.**A.** സാറിന് അതിരാവിലെ ഒന്നും വേണ്ടായിരുന്നോ?

**B.** വേണ്ടായിരുന്നു. പക്ഷെ എട്ടുമണിക്ക് കാപ്പിയും ——— വേണമായിരുന്നു.

3.**A.** ലളിതേ, നിനക്ക് ഉറൂബിന്റെ ഈ നോവൽ വേണോ?

**B.** ———. പക്ഷെ ജി. ശങ്കരക്കുറുപ്പിന്റെ കവിതകൾ വേണം.

4.**A.** നിങ്ങൾക്ക് സ്വത്തൊക്കെ ധാരാളം ഉണ്ടോ?

**B.** ഇല്ല. പക്ഷെ ഒരു വലിയ ——— കുറച്ചു പുരയിടവും ———.

## EXERCISES

**I** Fill in the blanks choosing the correct form.

1. എനിക്കിന്നലെ ഒട്ടും ———. (വയ്യ, വയ്യായിരുന്നു, വേണമായിരുന്നു).
2. ——— കുളി പച്ചവെള്ളത്തിലാണ്. (എല്ലാവരുടേയും, എല്ലാവരിലും, എല്ലാവരുടേതും).
3. മലയാളികളുടെ പെരുമാററം എനിക്ക് ——— ഇഷ്ടമായി. (വലുതു്, വളരെ, പഴയ).
4. രാവിലത്തെ പലഹാരത്തിന് ഒന്നും ———? (വേണ്ടേ, വേണോ, മതിയോ).
5. ആഹാരത്തിന്റെ കാര്യത്തിൽ യാതൊരു കുഴപ്പവും ———. (ഉണ്ടായിരുന്നു, ഇല്ലായിരിക്കും, വേണമായിരിക്കും)

**II** Fill in the blanks suitably.

1. നാളത്തോട്ട് ഈ ക്ലാസിൽ ——— ഇല്ലായിരിക്കും.
2. എനിക്കിന്നലെ രാത്രി ഒരു തൊട്ടി ചൂടുവെള്ളം ———.
3. പൈപ്പിൽ വെള്ളം ———?
4. നാളെ മുതൽ ഏഴുമണിക്ക് നിന്റെ മുറിയിൽ ചൂടു ചായ ———.
5. ആർക്ക് ഇന്നലെ ——— വേണമായിരുന്നു?

III Answer the following questions.

1. ഇന്നലെ നിങ്ങാംക്ക് വയ്യായിരുന്നോ?
2. നിങ്ങളുടെ കുളി പച്ചവെള്ളത്തിലാണോ?
3. ഓണത്തിന് നിങ്ങാംക്ക് എത്ര ദിവസത്തെ അവധി വേണമായിരിക്കും?
4. നിങ്ങളുടെ കൂട്ടുകാരിൽ ആരുടെ പെരുമാററമാണ് നിങ്ങാംക്ക് കൂടുതലിഷ്ടം?
5. നിങ്ങളുടെ നാട്ടിൽ ആഹാരത്തിനു ക്ഷാമം ഉണ്ടോ?

IV Expand the given sentences adding three or more words to each sentence

1. എനിക്കു വേണമായിരുന്നു.
2. നാളെ ഉണ്ടായിരിക്കും.
3. അതു പോരായിരുന്നു.
4. അവിടെ ഇല്ലായിരുന്നോ?
5. അപ്പോാം മതിയായിരുന്നു.

V Fill in the incomplete dialogues.

1. A. സാറിനു് ഇന്നലെ ഊണും, ഉറക്കവും ഒക്കെ സുഖമായിരുന്നോ?
   B. ഊണിൻെറ കാര്യത്തിൽ കുഴപ്പമൊന്നുമില്ലായിരുന്നു; പക്ഷെ——————
2. A. നിങ്ങളുടെ ഗ്രാമത്തിൽ വലിയ വീടുകളൊക്കെയുണ്ടോ?
   B. വലിയ വീടുകളൊന്നുമില്ല, പക്ഷെ ——————
3. A. അതിരാവിലെ സാറിനു ബെഡ്കോഫി വേണ്ടേ?
   B. അതിരാവിലെ എനിക്കൊന്നും വേണ്ട; പക്ഷെ——————

## VOCABULARY

| | | | |
|---|---|---|---|
| താമസം | 'stay' | പൊതുവെ | 'generally' |
| പെരുമാററം | 'behaviour' | ഉറക്കം | 'sleep' |
| കുഴപ്പം | 'fault' 'trouble' | രാവിലെ | 'morning' |
| കുളി | 'bath' | പ്രയാസം | 'difficulty' |
| പൈപ്പ് | 'tap' | ക്ഷാമം | 'scarcity' |
| വയ്യ | 'unable' | ചൂടുവെള്ളം | 'hot water' |
| പച്ചവെള്ളം | 'cold/fresh water' | | |
| തൊട്ട് | 'from' | അസൗകര്യം | 'inconvenience' |
| തൊട്ടി | 'bucket' | പുഴക്കലരി | 'boiled rice' |
| നാടൻകറി | 'native dish' | എണ്ണ | 'oil' |

## NOTES

5.17.1 In this lesson the defective verbs introduced in lessons 15 and 16 are used in their respective past and future tense forms. ആയിരുന്നു and ആയിരിക്കും, the past and future forms of copula, ആണ്, are added to ഉണ്ട്, ഇല്ല, വേണം, വേണ്ട, മതി, പോരാ. etc., to indicate respective past and future.

എനിക്ക് കുളിയുടെ കാര്യത്തിൽ കുറച്ചു പ്രയാസമുണ്ടായിരുന്നു.

I had some difficulty for bath.

എനിക്ക് കുറച്ചു ചൂടുവെള്ളം വേണമായിരുന്നു.

I wanted some hot water.

ഇരുപത്തിനാലു മണിക്കൂറും പൈപ്പിൽ വെള്ളം ഉണ്ടായിരിക്കും.

All the 24 hours there will be water in the taps.

5.17.2 When the mention of past, future, etc., is made as regards the defective verbs വേണം, ഉണ്ട്, etc., the sentences get different shades of meaning as in the sentence എനിക്ക് കുറച്ചു ചൂടുവെള്ളം വേണമായിരുന്നു. This sentence may also a mean a polite expression of "it would have been better if I had hot water". The future form can indicate definite or dubitative future. As for example വേണമായിരിക്കും may mean 'will want' or 'may want'.

5.17.3 Another defective verb introduced in the lesson is വയ്യ. It is a verb form expressing inability/unwillingness. as the case may be.

എനിക്ക് ഒട്ടും വയ്യായിരുന്നു.

I was not at all well.

The verb form വയ്യ has no positive counterpart.

# UNIT 5 | LESSON 18

## REVIEW

# എനിക്കിന്നലെ രാത്രി ഒട്ടും ഉറക്കമില്ലായിരുന്നു

## CONVERSATION

| | |
|---|---|
| നായർ : സാഹുവിന് ഞങ്ങളുടെ ആഹാരരീതിയൊക്കെ ഇഷ്ടമായോ ? | Sahu, did you like our style of food? |
| സാഹു : പിന്നെന്താ ? വലിയ സദ്യ ആയിരുന്നല്ലോ. എനിക്കു വളരെ ഇഷ്ടമായി. എരിശ്ശേരിയും, മത്തങ്ങ ഓലനും ഒക്കെ എനിക്കു പുതിയ കറികളാണ്. ഇതൊന്നും ഞങ്ങളുടെ ഒറീസ്സയിലില്ല. ഇവിടത്തെ ആ ഹോട്ടലിൽ പോലും ഇല്ലായിരുന്നു. | Of course. It was a grand feast. I liked it very much. Eris-seeri, Pumpkin oo-lan, etc., are all new curries for me. We don't have these things in our Orissa. These were not served even in that hotel here. |

| | | |
|---|---|---|
| നായർ : | അതു ശരിയാണ്. ഇതൊക്കെ സാമ്പാറിൻേറം, അവിയലിൻേറം അത്ര സാധാരണ കറികളല്ല. | That is correct. These are not as common as that of sambar and aviyal. |
| സാഹ് : | നായർ, ആ ഹോട്ടലിലെ ആഹാരമൊക്കെ വളരെ നന്നായിരുന്നു. പക്ഷെ വേറെ എന്തോ ഒരു കുഴപ്പമുണ്ട്. എനിക്കിന്നലെ രാത്രി ഒട്ടും ഉറക്കം ഇല്ലായിരുന്നു. വല്ലാത്ത ഒരു തലവേദന. തീരെ വയ്യായിരുന്നു. ഇന്നു കുറച്ചു ഭേദമുണ്ട്. എന്നാലും എന്തെങ്കിലും മരുന്നു വേണം. നിങ്ങളുടെ കയ്യിൽ എന്തെങ്കിലും ഉണ്ടോ ? | Nair, the food in that hotel was alright. But there is some other trouble. Last night I didn't have any sleep at all. I had a terrible headache. I was too unwell. Today I feel somewhat better. Even then I need some medicine. Do you have anything with you? |
| നായർ : | അമൃതാഞ്ജനം വേണോ, വിക്സ് വേണോ ? | Do you want Amruitanjan or Vicks? |
| സാഹ് : | എന്തെങ്കിലും മതി. | Anything. |
| നായർ : | പിന്നെ ഏതെങ്കിലും ഗുളികയും വേണമായിരിക്കും അല്ലേ ? എൻേറ കയ്യിൽ സാരിഡോൺ ഉണ്ട്. | Then you might need some tablets also. Don't you? I have saridon with me. |
| സാഹ് : | എനിക്കു് ഗുളികയൊന്നും വേണ്ട. നിങ്ങളുടെ കയ്യിൽ എപ്പോഴും ഗുളിക സ്റ്റോക്കുണ്ടായിരിക്കുമോ ? | I don't want tablets. Will you always have tablets in stock? |
| നായർ : | ചിലതൊക്കെ ഉണ്ടായിരിക്കും. മിനിഞ്ഞാന്നു വരെ എനിക്കും വയ്യായിരുന്നു. ഒരാഴ്ചയോളം നല്ല പനിയും ജലദോഷവും ഉണ്ടായിരുന്നു. | I may have some. Till day before yesterday I too was ill. I was suffering from fever and cold for about a week. |

| | |
|---|---|
| സാഹ : ഇവിടെ അടുത്തൊന്നും ഡോക്ടർമാരില്ലേ ? | Don't you have doctors near by? |
| നായർ : ഉണ്ട്. സർക്കാർ ആശുപത്രിയും, പ്രൈവററ് ക്ലിനിക്കുകളും ഒക്കെയുണ്ട്. എന്റെ ചേച്ചി പോലും ഒരു ഡോക്ടറാണ്. അങ്ങനെയാണ് ഇവിടെ മരുന്നുകളൊക്കെ റെഡി. | Yes. We do have a Government hospital and some private clinics. Even my elder sister is a doctor. That is how we have the medicines ready here. |
| സാഹ : അതുശരി. | That is right. |
| നായർ : പക്ഷെ അച്ഛനുമാത്രം അതിലൊന്നും വിശ്വാസമില്ല. അമ്മേടെ നാടൻ മരുന്നു തന്നെ അച്ഛനു നല്ലതു്. | But only our father does not have faith in those things. Amma's native medicine alone works for him. |
| സാഹ : എന്താണതു് ? | What is that? |
| നായർ : ഒന്നാംതരം കുരുമുളകു കാപ്പിയും, ചുക്കുവെള്ളവും. | First class pepper coffee and dry ginger water. |

## VOCABULARY

ആഹാരരീതി 'style of food'

എരിശ്ശേരി a special Malayali dish with underground stems, raw banana or other vegetables seasoned with black gram and coconut oil'

മത്തങ്ങ ഓലൻ 'a stew like curry with pumpkin'

| | | | |
|---|---|---|---|
| വല്ലാത്ത | 'terrible' | ഭേദം | 'better' |
| മരുന്നു് | 'medicine' | അമൃതാഞ്ജനം | 'Amrutanjan' |
| വിക്സ് | 'vicks' | ഗുളിക | 'tablet' |
| സ്റ്റോക്ക് | 'stock' | ജലദോഷം | 'cold' |
| പനി | 'fever' | വിശ്വാസം | 'faith' |
| ചുക്കുവെള്ളം | 'dry ginger water' | | |
| റെഡി | 'ready' | | |

## EXERCISES

I Fill in the blanks suitably.

1. തലവേദനയ്ക്കു് ഒരു ——— ഇല്ലേ?
2. വടക്കേ ഇൻഡ്യാക്കാരുടെ ——— ചപ്പാത്തി ആണല്ലോ.
3. എനിക്കു് കറികളിൽ എണ്ണ ——— വേണമായിരുന്നു.
4. എല്ലാ സൌകര്യങ്ങളും ——— ഉണ്ടായിരിക്കും.
5. അദ്ദേഹത്തിനു് മോരോ ——— മതി.
6. വാടകവീട്ടിലും പൂന്തോട്ടം ———?

II Match the following.

| | |
|---|---|
| 1. മിനിഞ്ഞാന്നു് എനിക്കു് | (a) നിങ്ങൾക്കിഷ്ടമായോ? |
| 2. ഞങ്ങളുടെ വീട്ടിനു് | (b) വീടും പുരയിടവും ഉണ്ടോ? |
| 3. ഓണത്തിനു് എത്ര ദിവസത്തെ | (c) നമ്മൾക്കിഷ്ടമായില്ലല്ലോ |
| 4. ഞങ്ങളുടെ ആഹാരരീതി | (d) മകൾ ആ ഗ്രാമത്തിലാണു്. |
| 5. ഈ ഹോട്ടലിലെ കറികളിൽ | (e) വാടക കൂടുതലാണു്. |
| 6. നിങ്ങളുടെ വീട്ടിൽ | (f) മുറി ഒഴിവില്ലേ? |
| 7. ആ വീട്ടുകാരുടെ പെരുമാററം | (g) അവധി വേണമായിരിക്കും? |
| 8. നിങ്ങൾക്കു് നാട്ടിൽ | (h) എണ്ണ കൂടുതലാണു് |
| 9. നിങ്ങളുടെ ഹോസ്റ്റലിൽ | (i) ഒട്ടും വയ്യായിരുന്നു. |
| 10. ഞങ്ങളുടെ അമ്മാവൻെറ | (j) ആർക്കും സർക്കാർ ജോലിയില്ലേ? |

III Use in sentences of your own.

കുഴപ്പം, സഹോദരങ്ങൾ, തൊഴിൽ, തൽക്കാലം, സാധാരണ, അത്താഴം, ഒഴിവു്, പലഹാരം.

IV Answer the following.

1. നിങ്ങളുടെ നാട്ടിൽ എന്തൊക്കെ കൃഷികളുണ്ടു് ?
2. നിങ്ങൾക്കു് സഹോദരിമാരില്ലേ ?
3. നിങ്ങൾക്കെന്നും അതിരാവിലെ കാപ്പി വേണോ?

4. ഒരു സാധാരണ ഊണിനു് ഇവിടെ എത്ര രൂപ വേണം ?
5. നിങ്ങളുടെ നാട്ടിൽ എത്ര ഗ്രാമങ്ങളുണ്ടു്?
6. നിങ്ങളുടെ ഭാഷയിൽ പണ്ടേ നല്ല കവികൾ ഉണ്ടായിരുന്നോ?
7. ഈ കവിതകളും, കഥകളും ഒക്കെ നിൻെറ ചേച്ചിയുടേതാണോ?
8. നിങ്ങളുടെ കൂട്ടുകാരൻെറ പെരുമാററം നല്ലതായിരുന്നോ?
9. നിങ്ങളുടെ അധ്യാപകനും പുതിയ വീടു വേണമായിരുന്നോ?

V Fill in the incomplete dialogue.

1. A എന്തു വേണം സാർ?

   B ഉറൂബിൻെറ ചെറുകഥകളോ, ശങ്കരക്കുറുപ്പിൻെറ കവിതകളോ ഉണ്ടോ?

   A . . . . . . . . . . . . . . . . . . .

2. A നിൻെറ അനിയത്തി രാധയും ആ സ്കൂളിലായിരുന്നോ?

   B . . . . . . . . . . . . . . . . . . .

   A അപ്പോൾ നിങ്ങൾക്കു് രണ്ടുപേർക്കും വളരെ സൌകര്യമായിരുന്നു. അല്ലേ?

   B അതെ. പക്ഷെ ഞങ്ങളുടെ വീടു് സ്കൂളിനടുത്തായിരുന്നില്ല. അതു കൊണ്ടു കുറച്ചു പ്രയാസമുണ്ടായിരുന്നു.

   A . . . . . . . . . . . . . . . . . . .

   B അല്ല. അപ്പോൾ എനിക്കു് വീട്ടിനടുത്താണു് ജോലി. അനിയത്തി ആ സ്കൂളിൽ ത്തന്നെ.

3. A അവരാണോ നിൻെറ അമ്മാവൻെറ ഭാര്യ?

   B അതെ. അവർ ഒരു വലിയ. . . . . .ആണു്.

   A അവരുടെ . . . . . . പുതിയ കൃതി . . . . . . . . ?

   B അതൊരു. . . . . . . .സ്മാഹാരമാണു്.

4. A സാറിനു് ഞങ്ങളുടെ ഊണൊക്കെ ഇഷ്ടമായോ?

   B . . . . . . . . . . . . . . . . . . .

   A ഈ കറികളൊന്നും ഞങ്ങളുടെ നാട്ടിൽ ഇല്ല.

   B സാറിൻെറ നാട്ടിൽ ഊണിനു് എല്ലാവർക്കും ചപ്പാത്തി വേണമായിരിക്കും. അല്ലേ?

**B** ചപ്പാത്തി എല്ലാവർക്കും ഇഷ്ടമാണ്. പക്ഷെ ഞങ്ങൾ ഉത്തരേൻഡ്യക്കാരല്ലല്ലോ. ഞങ്ങളുടെ നാട് ഒറീസയല്ലേ? അവിടത്തെ ആഹാരവും ചോറാണ്.

**A** നിങ്ങളുടെ . . . . . . . ..ചോറ്, ഞങ്ങൾക്കും ഇഷ്ടമാണ്.

5. **A** എനിക്കിന്ന രാവിലെ ചായ വേണമായിരുന്നു.

**B** . . . . . . . .അവിടെ. . . . . . . . ?

**A** അവിടെ ഒന്നുമില്ലായിരുന്നു.

**B** ശരി. സാർ. നാളെത്തൊട്ട് അതിരാവിലെ സാറിൻെറ മുറിയിൽ ചായ. . . . . . .

6. **A** നിങ്ങളുടെ നാട്ടിൽ മരച്ചീനി ഉണ്ടോ?

**B** . . . . . . . . . . . . . . . . . .

**A** പക്ഷെ. ഞങ്ങളുടെ നാട്ടിൽ എല്ലാ സ്ഥലത്തും മരച്ചീനി കൃഷിയുണ്ട്. കേരളീയർക്കെല്ലാം മരച്ചീനി വളരെ ഇഷ്ടമാണ്.

**B** . . . . . . . . . . . . . .

**A** ഉണ്ട്. പല പച്ചക്കറികളും ഉണ്ട്. വെള്ളരിക്ക, കത്തിരിക്ക, വെണ്ടയ്ക്ക, പാവയ്ക്ക, പടവലങ്ങ.

**B** . . . . . . . . . . . . .

**A** മുട്ടക്കോസ് ഞങ്ങൾക്കിഷ്ടമാണ്. പക്ഷെ ഞങ്ങളുടെ നാട്ടിൽ എല്ലായിടത്തും മുട്ടക്കോസ് കൃഷിയില്ല.

## UNIT 6

## LESSON 19

# അതൊക്കെ ഞങ്ങളുടെ ഇഷ്ടത്തിനു് വിട്ടു

## CONVERSATION

| | | |
|---|---|---|
| രാഘവൻ : | അല്ലാ, ഇതാരു് പ്രഭുവോ ? വാ വാ, വേഗം വാ. ഇങ്ങകത്തു വാടോ. | Hallo, what a surprise Prabhu! Come on. Come soon. Come in, dear. |
| പ്രഭു : | എന്താ, സുഖമാണോ ? വിശേഷങ്ങളെന്തൊക്കെയുണ്ടു് ? | How do you do? What is the news? |
| രാഘവൻ : | വിശേഷങ്ങളൊക്കെ നീ പറ. നീയല്ലേ കല്യാണച്ചെറുക്കൻ ? നീ ആദ്യം ആ ചാരുകസേരയിലൊന്നിരിക്കു്. യാത്രാക്ഷീണമൊക്കെ തീർക്കു്. അമ്മാ, ഒന്നിങ്ങോട്ടു വരണം. | You tell me all the news. Aren't you the bridegroom? First you be seated on the easy chair. Get rid of your tiredness due to journey. Mummy, please come here. |

| | | |
|---|---|---|
| അമ്മ : | എന്താ മോനെ വിശേഷം ? | What is the matter, son? |
| രാഘവൻ : | ഇങ്ങോട്ടു നോക്കണം അമ്മാ. ഇതാണെന്റെ കൂട്ടുകാരൻ പ്രഭു. | Please look here, mummy. This is my friend Prabhu. |
| പ്രഭു : | നമസ്കാരം. | Good morning. |
| അമ്മ : | നമസ്കാരം. ഇരിക്കൂ. | Good morning. You please be seated. |
| പ്രഭു : | അമ്മ ഇരിക്കണം!, രാഘവാ നീയും ഇരിക്ക് | Mummy, you please sit. Raghava! you too take your seat |
| അമ്മ : | പ്രഭുവിന്റെ വീട്ടിൽ എല്ലാവർക്കും സുഖമാണോ ? | Is everybody fine in your house, Prabhu? |
| പ്രഭു : | അതെ. അച്ഛനു മാത്രം ശകലം വാതത്തിന്റെ ഉപദ്രവമുണ്ട്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചികിത്സയിലാണ്. | Yes. Only my father has some rheumatic complaint. He is under treatment at Kottakkal Aryavaidyasaala. |
| അമ്മ : | രാഘവനും, മോനും ഒരേ സ്കൂളിലാണോ ജോലി ? | Are you and Raghavan working in the same school ? |
| പ്രഭു : | അല്ലമ്മേ, ഞങ്ങൾ മൈസൂറിലെ ഭാഷാ ഇൻസ്റ്റിട്യൂട്ടിൽ സഹപാഠികളായിരുന്നു. ഞാൻ കണ്ണൂർക്കാരനാണ്. അവിടെ ഒരു സർക്കാർ സ്കൂളിലാണ് എനിക്കു ജോലി. | No. We were classmates in the Language Institute at Mysore. I am from Cannanore. I am working in a Government School there. |
| അമ്മ : | മക്കളേ, നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ. എനിക്ക് അടുക്കളയിൽ കുറച്ചു ജോലിയുണ്ട്. പ്രഭാകരന് എന്താണിഷ്ടം? കാപ്പിയോ, ചായയോ ? | Children, you both be talking. I have some work in the kitchen. Prabhakaran, what do you like? Coffee or tea? |

| | | |
|---|---|---|
| രാഘവൻ : | അവൻെറ പേരു പ്രഭാകരൻ എന്നല്ല. വെറും പ്രഭു. | His name is not Prabhakaran. He is just Prabhu. |
| അമ്മ : | വയസ്സായില്ലേ മക്കളേ ? കുറച്ചൊക്കെ മറവി ഇല്ലേ ഈ പ്രായത്തിൽ ? ഒന്നു ക്ഷമിക്കിൻ. | Am I not old? At this age won't there be absent-mindedness? Please excuse me |
| പ്രഭു : | സാരമില്ലമ്മേ. രാഘവനെപ്പോഴും എല്ലാ കാര്യവും തമാശയാണ്. മൈസൂറിലെ ഹോസ്റ്റലിലും ഇവൻ ഇങ്ങനെ ആയിരുന്നു. അതുകൊണ്ട് ഇവൻ എല്ലാവരുടേയും പ്രാണനായിരുന്നു. | It doesn't matter.. Raghavan takes every thing as a joke always. He was like this in Mysore hostel also. So he was every-body's favourite. |
| രാഘവൻ : | മതിയെടോ, മുഖസ്തുതി ഒന്നു നിർത്തു്. അമ്മേടെ ചോദ്യത്തിനു് ഉത്തരം പറ. നിനക്കെന്തു വേണം? കാപ്പിയോ, ചായയോ, അതോ പാലോ? | That is enough. You please stop that flattery. You answer mummy's question. What do you want? Do you need coffee, tea or milk. |
| പ്രഭു : | ഈ അസമയത്തു് ഒന്നും വേണ്ടമ്മേ. | I don't need anything at this odd hour. |
| അമ്മ : | അതൊക്കെ ഞങ്ങളുടെ ഇഷ്ടത്തിനു വിട്ടു. എന്താണിഷ്ടം? പറയൂ. | You leave that to our option. What do you like? Please tell. |
| പ്രഭു : | ശകലം പച്ചവെള്ളം മാത്രം മതി. | Just a glass of cold water will do. |
| രാഘവൻ : | എന്നാൽ നീ ആ കിണററിൻെറ അടുത്തേക്കു് പോ. ആ പച്ചവെള്ളം കുടിക്കു്. | Then you go near that well. Drink that cold water. |

18—3 CILL/M/80

| | | |
|---|---|---|
| അമ്മ : | ഇതു നല്ല തമാശ. പച്ചവെള്ളമോ? അതും നട്ടുച്ചനേരത്തു്. ജലദോഷത്തിനു് വേറെ ഒന്നും വേണ്ട. ശരി. ശരി. നിങ്ങൾ വർത്തമാനം പറയിൻ. പത്തുമിനിട്ടിനകം. രണ്ടുപേർക്കും ചായ റെഡി. | This is a real joke. Will you have cold water? That too now at noon. Then you don't need anything else to invite cold. That is O.K. You be talking. Tea will be ready for both of you within ten minutes. |

## DRILLS

### A. Repetition Drill

1. നീ വാ.
2. നീ ഇരിക്കു്.
3. നീ തീർക്കു്.
4. നീ സംസാരിക്കു്.
5. നീ ക്ഷമിക്കു്.
6. നീ നിർത്തു്.
7. നീ പറ.
8. നീ വിടു്.
9. നീ പോ.
10. നീ കുടിക്കു്.

B 1. നിങ്ങൾ വരു — വരിൻ — വരണം.

2. നിങ്ങൾ ഇരിക്കു — ഇരിക്കിൻ — ഇരിക്കണം.

3. നിങ്ങൾ തീർക്കു — തീർക്കിൻ — തീർക്കണം.

4. നിങ്ങൾ സംസാരിക്കു — സംസാരിക്കിൻ — സംസാരിക്കണം.

5. നിങ്ങൾ ക്ഷമിക്കു — ക്ഷമിക്കിൻ — ക്ഷമിക്കണം.

6. നിങ്ങൾ നിർത്തു — നിർത്തിൻ — നിർത്തണം.

7. നിങ്ങൾ പറയൂ — പറയിൻ — പറയണം.

8. നിങ്ങൾ വിടൂ — വിടിൻ — വിടണം.

9. നിങ്ങൾ പോകൂ — പോകിൻ — പോകണം

10. നിങ്ങൾ കുടിക്കൂ — കുടിക്കിൻ — കുടിക്കണം.

B. Build up drill

Model

വാ.
അകത്തു്
അകത്തു വാ.

ഒന്നു്
ഒന്നകത്തു വാ.

നീ
നീയൊന്നു് അകത്തുവാ.

1. പറയൂ.

ഉത്തരം പറയൂ.
ചോദ്യത്തിനു് ഉത്തരം പറയൂ.
എന്റെ ചോദ്യത്തിനു് ഉത്തരം പറയൂ.

2. സംസാരിക്കിൻ.

രണ്ടുപേരും സംസാരിക്കിൻ.
നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ.
മക്കളേ, നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ.

3. ഇരിക്കണം.

ഒന്നിരിക്കണം.
ചാരുകസേരയിൽ ഒന്നിരിക്കണം.
ആ ചാരുകസേരയിൽ ഒന്നിരിക്കണം.
ആദ്യം ആ ചാരുകസേരയിൽ ഒന്നിരിക്കണം.
അമ്മ ആദ്യം ആ ചാരുകസേരയിൽ ഒന്നിരിക്കണം.

## C. Expansion drill

Model

നീ പറ.
വിശേഷങ്ങളൊക്കെ
നീ വിശേഷങ്ങളൊക്കെ പറ.
ആദ്യം
നീ ആദ്യം വിശേഷങ്ങളൊക്കെ പറ.

1. അച്ഛന് ഉണ്ട്.
ഉപദ്രവം
അച്ഛന് ഉപദ്രവം ഉണ്ട്.
വാതത്തിന്റെ
അച്ഛന് വാതത്തിന്റെ ഉപദ്രവം ഉണ്ട്.
മാത്രം
അച്ഛന് മാത്രം വാതത്തിന്റെ ഉപദ്രവം ഉണ്ട്.

2. നിങ്ങൾ ക്ഷമിക്കിൻ.
കുറച്ചൊക്കെ
നിങ്ങൾ കുറച്ചൊക്കെ ക്ഷമിക്കിൻ.
മറവി
നിങ്ങൾ മറവി കുറച്ചൊക്കെ ക്ഷമിക്കിൻ.
ഈ
നിങ്ങൾ ഈ മറവി കുറച്ചൊക്കെ ക്ഷമിക്കിൻ.
എന്റെ
നിങ്ങൾ എന്റെ ഈ മറവി കുറച്ചൊക്കെ ക്ഷമിക്കിൻ.

3. നീ നിർത്ത്.
ഒന്ന്
നീ ഒന്ന് നിർത്ത്.
മുഖസ്തുതി
നീ മുഖസ്തുതി ഒന്നു നിർത്ത്.
ഈ
നീ ഈ മുഖസ്തുതി ഒന്നു നിർത്ത്.
നിന്റെ
നീ നിന്റെ ഈ മുഖസ്തുതി ഒന്നു നിർത്ത്.

D. Restatement drill

Model 1

നീ തീർക്കു്.

നിങ്ങൾ തീർക്കു.

1. നീ സംസാരിക്കു്.
2. നീ കുടിക്കു്.
3. നീ വിടു്.
4. നീ പോ.
5. നീ വാ.

Model 2

നിങ്ങൾ ഇരിക്കു.

നിങ്ങൾ ഇരിക്കിൻ.

1. നിങ്ങൾ വരു.
2. നിങ്ങൾ പറയു്.
3. നിങ്ങൾ വിടു.

Model 3

നിങ്ങൾ ക്ഷമിക്കിൻ.

നിങ്ങൾ ക്ഷമിക്കണം.

1. നിങ്ങൾ നിർത്തിൻ.
2. നിങ്ങൾ പറയിൻ.
3. നിങ്ങൾ പോകിൻ.

E. Response drill

Model

A. നിനക്കെന്തു വേണം? ചായയോ കാപ്പിയോ?

B. എനിക്കൊന്നും വേണ്ട. അമ്മ ഇവിടെ ഇരിക്കു.

1. A. വിശേഷങ്ങളെന്തൊക്കെയുണ്ടു്?

B. വിശേഷങ്ങളൊന്നുമില്ല. നീ നിന്റെ യാത്രാക്ഷീണം ———.

2. A. ചേട്ടനു് എൻെറ എല്ലാ പുസ്തകവും വേണോ?

B. എനിക്കു് നിൻെറ പുസ്തകമൊന്നും വേണ്ട. നീ എൻെറ ചോദ്യത്തിനു് ഉത്തരം ———.

3. A. ഇന്നും നിങ്ങൾക്കു് അവധി വേണോ?

B. വേണ്ട സാർ. ഇന്നത്തേക്കു് ഞങ്ങളുടെ തെററു് ———.

4. A. നിങ്ങൾ കള്ളക്കടത്തുകാരുടെ കൂട്ടുകാരാണോ?

B. അല്ല. നിങ്ങൾ ഒന്നു സ്ഥലം ———.

5. A. നിൻെറ മകളാണോ ഈ എഴുത്തുകാരി?

B. അതെ. അതെ. നിൻെറ മുഖസ്തുതി ഒന്നു ———.

## EXERCISES

I Fill in the gaps suitably.

1. അമ്മ ആ കസേരയിൽ ———.
2. നിൻെറ കാര്യങ്ങൾ ഞങ്ങളുടെ ——— വീടു്.
3. നീ വേഗം ഈ എഴുത്തൊന്നു് ———.
4. അയാളുടെ ——— ഉത്തരം ——— പറ.
5. കുട്ടികളേ, നിങ്ങളൊക്കെ ———.
6. നീ വേഗം വീട്ടിൽ ———.

II Match the following.

| | |
|---|---|
| 1. നിങ്ങൾ വേഗം | (a) നീ ക്ഷമിക്കു്. |
| 2. മാധവാ നീ | (b) നീ ഉത്തരം പറ. |
| 3. അവരുടെ തെററു് | (c) നിർത്തു. |
| 4. ഒന്നുരണ്ടു് എൻെറ വീട്ടിൽ | (d) ആ വീടു വിടു്. |
| 5. അവരുടെ ആ ചോദ്യത്തിനു് | (e) നീ പോ. |
| 6. നിങ്ങൾ ഈ മുഖസ്തുതി | (f) ഇവിടെ വരിൻ. |

III Use in sentences of your own.

ജലദോഷം, യാത്രാക്ഷീണം, ജോലി, മുഖസ്തുതി, പ്രാണൻ, അസമയം.

IV Give one question each for the following statements or groups of statements.

1. വിശേഷം ഒന്നും ഇല്ല. നിനക്കല്ലേ കല്യാണം? ഒക്കെ നീ പറ.
2. വീട്ടിൽ എല്ലാവർക്കും സുഖംതന്നെ. പക്ഷെ അച്ഛനു മാത്രം അത്ര സുഖമില്ല.
3. നീയും ഇരിക്ക്. അത്ര വലിയ ജോലി എന്താണ്?
4. നിനക്കിഷ്ടം ചപ്പാത്തി ആയിരിക്കും. പക്ഷെ എനിക്ക് ചോറാണിഷ്ടം.
5. അല്ല. അറുപത്തെട്ടിൽ എനിക്ക് ഭുവനേശ്വറിലായിരുന്നു ജോലി. പക്ഷെ ഇപ്പോൾ കൽക്കത്തയിലാണ്.

V Fill in the incomplete dialogue.

1. A അല്ലാ. ഇതാര് മധുവോ?
   B നീ എന്റെ ഏററവും വലിയ കൂട്ടുകാരൻ അല്ലേ? വാ, വാ, വേഗം വാ.
   A എന്താണിത്ര ബഹളം. നിന്റെ മുഖസ്തുതി ഒന്നു. . . . . . . . . . . മുഖസ്തുതി ആണോ?
   B നീ എന്റെ. . . . . . . . . . . . . . . .?
2. A നിങ്ങളൊക്കെ സംസാരിക്കിൻ. എനിക്ക് കുറച്ചു ജോലിയുണ്ട്.
   B ഇരിക്ക്, നീയും ഇരിക്ക്.
   A . . . . . . . . . . . . . . . . . . . ?
   B വേണ്ട. ഞങ്ങൾക്കിപ്പോൾ ചായയും, കാപ്പിയും ഒന്നും വേണ്ട. നീ അവിടെ ഇരിക്ക്.
3. A എന്താ രാഘവാ സുഖമാണോ?. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ?
   B ഗ്രാമത്തിൽ അത്ര വലിയ വിശേഷമൊന്നുമില്ല.
   A . . . . . . . . . . . . . . . . . . . . ?
   B എന്റെ വീട്ടിലോ? എല്ലാവർക്കും സുഖംതന്നെ. പക്ഷെ ഞങ്ങളുടെ അമ്മാവനു് അത്ര സുഖമില്ല.
   A . . . . . . . . . . . . . . . . ?
   B വാതം. വയസ്സായില്ലേ?
   A . . . . . . . . . . . . . .
   B ഡോക്ടർ രാമന്റെ ചികിത്സയിലാണിപ്പോൾ.

4. A നിനക്ക ചായ വേണോ, കാപ്പി വേണോ?

B . . . . . . . . . . . . . . . . .

A അതൊക്കെ എന്റെ ഇഷ്ടത്തിനു് വിട്ടു.

B . . . . . . . . . . . . . . . . .

A ഇതു് അസമയം അല്ല. മണി മൂന്നര ആയില്ലേ?

5. A അമ്മാ. എനിക്കു് കുറച്ചു പച്ചവെള്ളം വേണമല്ലോ.

B . . . . . . . . . . . . . . . . . . . . .

A അതെ.

B ഈ നട്ടുച്ച നേരത്തു് പച്ചവെള്ളമോ?

ജലദോഷത്തിനു് ഇനി വേറെ ഒന്നും വേണ്ട.

A എന്നാൽ കുറച്ചു മോരു വേണം.

B . . . . . . . . . . . . . . . . . . . .

6. A രാഘവാ ഇതാണെന്റെ അനിയത്തി രമണി.

B നമസ്തേ.

A . . . . . . . . . . . . . . . . .

B ചേട്ടാ, ഈ മുഖസ്തുതി ഒന്നു നിർത്തു. ഞാൻ അത്ര വലിയ എഴുത്തുകാരി ഒന്നുമല്ല.

7. A നീ യാത്രാക്ഷീണമൊക്കെ ഒന്നു തീർക്കു്.

B . . . . . . . . . . . . . . . . . . . .ഇല്ല.

A എന്നാൽ നീ പോ.

C ഇതു നല്ല തമാശ.

A . . . . . . . . . . . . . .അല്ല. കാര്യം. . . . . . .

8. A സാർ ഒന്നിരിക്കണം.

B എവിടെ? ഈ ചെറിയ കസേരയിലോ?

A . . . . . . . . . ആ ചാരുകസേരയിൽ.

B ശരി.

A സാറിനു് എന്തൊക്കെ വേണം? പറയണം.

B എനിക്കു് ഏററവും പുതിയ കഥാസമാഹാരവും, . . . . . . . . . . .
. . . . . . . . . . . . . . . .

## VOCABULARY

| | | | |
|---|---|---|---|
| വാ | 'come' | ബഹളം | 'noise' |
| (വരു്) | 'to come' | | |
| വിശേഷങ്ങൾ | 'news' | കല്യാണച്ചെറുക്കൻ | 'bridegroom' |
| കല്യാണം | 'marriage' | ആദ്യം | 'firstly' |
| ചാരുകസേര | 'easy chair' | യാത്രാക്ഷീണം | 'fatigue due to travel' |
| തീർക്കു് | 'to finish' | ഇരിക്കു് | 'to sit' |
| വാതം | 'rheumatism' | ഉപദ്രവം | 'trouble' |
| ചികിത്സ | 'treatment' | സർക്കാർ | 'Government' |
| സംസാരിക്കു് | 'to talk' | വയസ്സു് | 'oldage' |
| മറവി | 'forgetfulness' | ക്ഷമിക്കു് | 'to forgive' 'to excuse' |
| നിർത്തു് | 'stop' | വിടു് | 'to leave' |
| പറയു് | 'to tell' | കിണർ | 'well' |
| കുടിക്കു് | 'to drink | പോ | 'go' |
| | | (പോകു്) | 'to go' |
| നട്ടുച്ച | 'midnoon' | വർത്തമാനം പറ | 'to talk' |
| റെഡി | 'ready' | | |

## NOTES

6.19.1. Different kinds of verbs in their imperative forms are introduced in this lesson. Note that the singular imperative marker is either the verb stem itself or the vowel—ഉ്.

നീ വാ. You (singular ) come.

നീ നിർത്തു്. You stop.

The plural markers which also indicate singular honorific as well as politeness are —ഊ, —ഇൻ, and—അണം. Of these —ഊ is the most frequent polite imperative marker.

നിങ്ങൾ വരൂ.
നിങ്ങൾ വരിൻ.
നിങ്ങൾ വരണം.
} You please come.

6.19.2. ഏടോ or its contracted form ടോ added to the singular imperative form can either indicate the mutual intimacy between the speaker and the listener or the superiority of the speaker either in age or status as the case may be.

ഏടോ രാഘവാ ഇങ്ങകത്തു വാ. Dear Raghavan, come inside.

6.19.3. The sentences like അല്ലാ ഇതാരു്! 'What a surprise! Who is this' do not have their literal meanings in such contexts. These are used to convey the surprise and joy of the speaker when he/she receives some one after a long time.

UNIT 6

LESSON 20

# താൻ ഒട്ടും താമസിക്കരുത്

## CONVERSATION

| | | |
|---|---|---|
| സുകുമാരൻ: | ഹലോ, എൺപത്തി മൂന്ന് ഇരുപത്തിയാറല്ലേ? | Hallo, isn't it 8326? |
| ഹോട്ടൽ മാനേജർ: | അതെ.. ആര്യഭവൻ ഹോട്ടൽ. | Yes. Aryabhavan Hotel. |
| സുകുമാരൻ: | അവിടെ റൂം നമ്പർ മുപ്പത്തിനാലിൽ, ഒരു മിസ്റ്റർ സോമൻ ഇല്ലേ? | Isn't there one Mr. Soman in room No. 34? |
| ഹോട്ടൽ മാനജർ: | ഉണ്ടല്ലോ. ആലപ്പുഴക്കാരൻ സാറല്ലേ? | Yes. Isn't he from Alleppey? |

| | | |
|---|---|---|
| സുകുമാരൻ: | അതെ, അതെ. അദ്ദേഹത്തിനെ ഒന്നു വിളിക്കൂ. | Yes. Please call him. |
| ഹോട്ടൽ മാനേജർ: | ആരാണ് ലൈനിൽ? | Who is there on the line? |
| സുകുമാരൻ: | എന്റെ പേരു സുകുമാരൻ നായർ. നിങ്ങൾ അദ്ദേഹത്തിനെ ഒന്നു വിളിക്കൂ. | My name is Sukumaran Nair. You please call him. |
| ഹോട്ടൽ മാനേജർ: | ശരി സർ. സോമൻസാറിതാ ലൈനിൽ. | Yes, Sir. Soman sir is on the line. |
| സോമൻ: | ഹലോ, അതാരാ? സുകുമാരനോ? നമസ്കാരം. എന്തൊക്കെയാണു വിശേഷം? | Hallo! Sukumaran! Good morning. What is the news? |
| സുകുമാരൻ: | വിശേഷം ഒക്കെ ധാരാളം ഉണ്ട്. ഒന്നും ഇപ്പോൾ ചോദിക്കണ്ട. താൻ വേഗം ഇവിടം വരെ ഒന്നു വരണം. | There is a lot of news. Don't ask anything now. You should come here immediately |
| സോമൻ: | അതൊരു ആജ്ഞയാണല്ലോ. എന്താണു കാര്യം? | That sounds like a command. What is the matter? |
| സുകുമാരൻ: | തന്റെ കാര്യം തന്നെ. എത്രയും വേഗം താൻ ഇവിടെ എത്തണം. | It concerns you. You should reach here as early as possible. |
| സോമൻ: | ഒൻപതിന് അങ്ങോട്ടേയ്ക്ക് ഒരു ബസ്സുണ്ടല്ലോ? | At nine o'clock there is a bus towards that direction. |
| സുകുമാരൻ: | വേണ്ട. താൻ ബസ്സിനൊന്നും നിൽക്കണ്ട. ഒട്ടും സമയം കളയരുത്. ഹോട്ടലിന്റെ മുൻപിൽ ഒരു ആട്ടോറിക്ഷാസ്റ്റാൻറില്ലേ? താൻ അതിലൊന്നങ്ങു പിടിക്കണം. | No. You don t wait for the bus. Don't waste any time. Isn't there an autorickshaw stand in front of the hotel? You should catch one of those autos. |

| | | |
|---|---|---|
| സോമൻ: | എന്താ ഇത്ര വെപ്രാളം? കാര്യം ഒന്നു പറയെന്റെ സുഹൃത്തേ. | Why such a hurry? Please tell the matter, my friend. |
| സുകുമാരൻ: | കാര്യം കുറച്ചു വലുതുതന്നെ. പരമരഹസ്യം. താൻ ഒട്ടും താമസിക്കരുതു്. | Matter is a bit important. It is very secret. You should not delay at all. |
| സോമൻ: | എനിക്കു വയ്യ. അതിരാവിലെ താൻ എന്നെ പററിക്കരുതു്. | I cannot. You shouldn't cheat me in the early morning. |
| സുകുമാരൻ: | ഇല്ലെന്റെ സോമാ. താൻ വേഗം ഒന്നു വാ. | No, my Soman. You please come immediately. |
| സോമൻ: | എനിക്കു കുളിയും കാപ്പികുടിയും ഒക്കെ വേണ്ടേ? | Don't I need bath, coffee etc,?. |
| സുകുമാരൻ: | കാപ്പികുടി ഇവിടെ മതി. കുളിയൊക്കെ ഒരു പത്തു മിനിട്ടിൽ തീർക്കണം. അതിൽ കൂടുതൽ സമയം എടുക്കരുതു്. എട്ടരയ്ക്കും താൻ ഇവിടെ ഉണ്ടായിരിക്കണം. | You can have breakfast here. You should finish bath, etc., within ten minutes. Don't take more time. You should be here by eight thirty. |
| സോമൻ: | ശരി. ശരി. പക്ഷെ ഇത്ര ധൃതി എന്താണു്? | Alright. But why such a haste ? |
| സുകുമാരൻ: | എല്ലാം തന്റെ ഗുണത്തിനു തന്നെ. തന്റെ പുതിയ ഡയറക്ടറും, കുടുംബവും ഇപ്പോൾ ഞങ്ങളുടെ വീട്ടിലുണ്ടു്. ഇന്നു വൈകുന്നേരം വരെ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ ഭാര്യയും എന്റെ ചേച്ചിയും കൂട്ടുകാരാണത്രേ. | Everything is for your own good. Your new director and his family are in our house now. They will be here till evening. It seems that his wife and my elder sister are friends. |

| | | |
|---|---|---|
| സോമൻ: | ഇതാണോ കാര്യം? സുകുമാരാ, ഈ വലിയ ആരംക്കാരുടെ കമ്പനി എനിക്കത്ര ഇഷ്ടമല്ല. എന്നെ നിർബന്ധിക്കരുതു്. ഈ ഒഴിവു ദിവസവും നമ്മരം അദ്ദേഹത്തിനെ ശല്യപ്പെടുത്തരുതു്. | Is this the matter? Sukumaran, I don't like these big people's company. You should not compel me. We shouldn't trouble him even on this holiday. |
| സുകുമാരൻ: | നിർത്തെടോ തൻെറ വേദാന്തം. താനിനി ഒന്നും മിണ്ടണ്ട. എട്ടരയ്ക്കു മുൻപു് ഇവിടെ എത്തണം. ബാക്കി കാര്യങ്ങളൊക്കെ നേരിൽ. | Stop your philosophy. You don't talk anything. You should reach here before eight thirty. We will discuss all other things in person. |

## DRILLS

A. Repetition drill

a 1. താൻ അദ്ദേഹത്തിനെ വിളിക്കണം.

2. നീ അവളെ വിളിക്കണം.

3. ശാരദേ, നീ കുട്ടിയെ പിടിക്കണം.

b 1. നീ എന്നെ വിളിക്കണ്ട.

2. ആരും കുമാരിയെ പിടിക്കണ്ട.

3. നിങ്ങരം അവരെ വിളിക്കണ്ട.

c 1. രാധേ, നീ കുട്ടിയെ പററിക്കരുതു്.

2. രാമാ, താൻ എന്നെ ഒട്ടും നിർബന്ധിക്കരുതു്.

3. വാസൂ, നീ ഇന്നു് താമസിക്കരുതു്.

d 1. മോനേ, നീ ചായ കുടിക്കരുതു്; പാലു കുടിക്കു്.

2. നിങ്ങരം അങ്ങനെ നിൽക്കരുതു്; ഇവിടെ ഇരിക്കിൻ.

3. സതീ നീ ആ പുസ്തകം കളയരുതു്; നന്നായി പിടിക്കു്.

B. Build up drill

Model

വരണം.
വീട്ടിൽ
വീട്ടിൽ വരണം.
എന്റെ
എന്റെ വീട്ടിൽ വരണം.
പത്തു മണിക്കു്
പത്തു മണിക്കു് എന്റെ വീട്ടിൽ വരണം.
രാവിലെ
രാവിലെ പത്തു മണിക്കു് എന്റെ വീട്ടിൽ വരണം.
നാളെ
നാളെ രാവിലെ പത്തു മണിക്കു് എന്റെ വീട്ടിൽ വരണം.
നിങ്ങൾ എല്ലാവരും
നിങ്ങൾ എല്ലാവരും നാളെ രാവിലെ പത്തു മണിക്കു് എന്റെ വീട്ടിൽ വരണം.

1. ചോദിക്കണ്ട.
ഇപ്പോൾ ചോദിക്കണ്ട.
ഒന്നും ഇപ്പോൾ ചോദിക്കണ്ട.
കാര്യങ്ങൾ ഒന്നും ഇപ്പോൾ ചോദിക്കണ്ട.
ആ കാര്യങ്ങൾ ഒന്നും ഇപ്പോൾ ചോദിക്കണ്ട.

2. നിർബന്ധിക്കരുതു്.
കമലയെ നിർബന്ധിക്കരുതു്.
ആരും കമലയെ നിർബന്ധിക്കരുതു്.
നിങ്ങൾ ആരും കമലയെ നിർബന്ധിക്കരുതു്.
ഇന്നത്തേയ്ക്കു് നിങ്ങളാരും കമലയെ നിർബന്ധിക്കരുതു്.

3. ശല്യപ്പെടുത്തണ്ട.
തൽക്കാലം ശല്യപ്പെടുത്തണ്ട.
അദ്ദേഹത്തിനെ തൽക്കാലം ശല്യപ്പെടുത്തണ്ട.
നീ അദ്ദേഹത്തിനെ തൽക്കാലം ശല്യപ്പെടുത്തണ്ട.
രാജാ, നീ അദ്ദേഹത്തിനെ തൽക്കാലം ശല്യപ്പെടുത്തണ്ട.

## C. Substitution Drill

1. നീ കമലയെ പററിക്കരുതു്.

    രാധയെ
    മണിയെ
    കുട്ടിയെ

2. വേണുവിനെ വിളിക്കണോ?

    മധുവിനെ
    സുകുവിനെ
    മോഹനവിനെ

3. നിങ്ങാം അദ്ദേഹത്തിനെ നിർബന്ധിക്കണ്ട.

    രാജത്തിനെ
    അംബുജത്തിനെ
    പത്മത്തിനെ

4. കുമാറിനെ പിടിക്കൂ.

    സന്തോഷിനെ
    അതിനെ
    ലാലിനെ

5. അവരെ ശല്യപ്പെടുത്തരുതു്.

    എന്നെ
    ഞങ്ങളെ
    അവനെ
    അവളെ

6. എല്ലാവരും ബാബുവിനെ പിടിക്കണം,

    ഇദ്ദേഹം
    ഞാൻ
    കുഞ്ഞു്
    രാമൻ
    ലളിത
    അന്ന
    ഇവർ

7. നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ.

ഇരിക്കിൻ.

പോകിൻ.

വിളിക്കിൻ.

പിടിക്കിൻ.

ശല്യപ്പെടുത്തിൻ.

## D. Transformation Drill

### Model 1

രാജാ, നീ ഇവിടെ വാ.

രാജാ, നീ ഇവിടെ വരണ്ട/വരരുതു്.

1. മീരേ, നീ വീട്ടിൽ പോ.
2. രാധേ, നീ സ്കൂളിൽ എത്തു്.
3. രാഘവാ, നീ ഹോട്ടലിൽ വാ.
4. മണീ, നീ അവിടെ ഇരിക്കു്.

### Model 2

മധൂ, ആ കാര്യം പറയൂ.

മധൂ, ആ കാര്യം പറയണ്ട/പറയരുതു്.

1. നന്ദിനീ, പുസ്തകം എടുക്കൂ.
2. വാസൂ, ഗോപുവിനെ വിളിക്കൂ.
3. ചേച്ചീ, കുട്ടിയെ നിർബന്ധിക്കൂ.
4. തോമസ്സ്, ആ വീട്ടിൽ നിൽക്കൂ.

### Model 3

നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ.

നിങ്ങൾ രണ്ടുപേരും സംസാരിക്കിൻ/സംസാരിക്കരുതു്.

1. കുട്ടികളേ, നിങ്ങൾ അവരെ ശല്യപ്പെടുത്തിൻ.
2. രാജുവും, രാധയും അവിടെ ഇരിക്കിൻ.
3. എല്ലാവരേയും നിർബ്ബന്ധിക്കിൻ.
4. മക്കളേ, അച്ഛനെ വിളിക്കിൻ.

Model 4

നിങ്ങൾ ആര്യഭവനിൽ ഉണ്ടായിരിക്കണം.

നിങ്ങൾ ആര്യഭവനിൽ ഉണ്ടായിരിക്കണ്ട/ഉണ്ടായിരിക്കരുതു്.

1. നിങ്ങൾ വിശേഷങ്ങൾ പറയണം.
2. നിങ്ങൾ അവനെ വിടണം.
3. നിങ്ങൾ എല്ലാവരേയും ശല്യപ്പെടുത്തണം.

## E. Expansion Drill

Model

നമ്മൾ കളയരുതു്.

സമയം

നമ്മൾ സമയം കളയരുതു്.

ഒട്ടും

നമ്മൾ ഒട്ടും സമയം കളയരുതു്.

1. എല്ലാവരും പോകണം.
   ആഘോഷത്തിനു്
   എല്ലാവരും ആഘോഷത്തിനു് പോകണം.
   പിറന്നാൾ
   എല്ലാവരും പിറന്നാൾ ആഘോഷത്തിനു് പോകണം.
   രാജുവിൻെറ
   എല്ലാവരും രാജുവിൻെറ പിറന്നാൾ ആഘോഷത്തിനു പോകണം.

2. കുട്ടികൾ പറയരുതു്.
   കാര്യങ്ങൾ
   കുട്ടികൾ കാര്യങ്ങൾ പറയരുതു്
   വലിയവരുടെ
   കുട്ടികൾ വലിയവരുടെ കാര്യങ്ങൾ പറയരുതു്.

3. നിങ്ങൾ നിർബന്ധിക്കരുതു്.
   ഒട്ടും
   നിങ്ങൾ ഒട്ടും നിർബന്ധിക്കരുതു്.
   എന്നെ
   നിങ്ങൾ എന്നെ ഒട്ടും നിർബന്ധിക്കരുതു്.
   ആരും
   നിങ്ങൾ ആരും എന്നെ ഒട്ടും നിർബന്ധിക്കരുതു്.

**F. Response Drill**

Model 1

A. അദ്ദേഹത്തിനെ ഒന്നു വിളിക്കു.

B. അദ്ദേഹം ഇവിടെ ഇല്ല. നിങ്ങളാരാണ്?

1. A. അവളെ ഒന്നു നിർബ്ബന്ധിക്കു.

B. അവരം——ഇല്ല. ——?

2. A. കുട്ടിയെ പിടിക്കു.

B. —— —— —— ——?

Model 2

A. ആരും പുസ്തകം എടുക്കരുത്.

B. അതെന്താ? ആരുടേതാണാ പുസ്തകം?

1. A. അവനെ ആരും ശല്യപ്പെടുത്തരുത്?

B. ——? ആരാണ്——?

2. A. അവളെ അകത്തു വിടരുത്.

B. അതെന്താ? —— ——?

Model 3

A. മധു, അച്ഛൻ വീട്ടിലുണ്ടോ?

B. ഉണ്ടല്ലോ. അമ്മാവൻ അകത്തു വരണം.

1. A. ഇവിടെ മുറി ഒഴിവുണ്ടോ?

B. ——. നിങ്ങരം——.

2. A. നിന്റെ കയ്യിൽ ആ പുസ്തകം ഉണ്ടോ?

B. ഉണ്ടല്ലോ. —— —— വാ.

## EXERCISES

I Fill in the blanks choosing the correct forms.

1. ആ കസേരയിൽ ആരും ——. (ഇരിക്ക്, ഇരിക്കേണ്ട, ഇരിക്കണം)
2. നിന്റെ മുറിയിൽ —— ഇല്ലേ? (ആര്, ആരും, ഏത്)
3. നിങ്ങരം ബസ്സിനൊന്നും ——. (നില്ക്ക്, നിൽക്കണ്ട, നിൽക്കു)
4. രാധേ, —— ഗോപുവിനെ എടുക്ക്. (നീ, നിങ്ങരം, ഞാൻ)
5. കുട്ടികളേ, നാളെ —— ഇവിടെ വരിൻ. (നീ, നിങ്ങരം, താൻ)

II Fill in the blanks using the correct forms of the words given in the brackets.

1. അമ്മാ, ആ ചാരുകസേരയിൽ ——. (ഇരിയ്ക്കു്)
2. നിങ്ങരം ,—— ശല്യപ്പെടുത്തരുതു്. (സരോജം)
3. ആ —— ആരും എടുക്കണ്ട. (പുസ്തകം)
4. നിങ്ങരം ഒട്ടും സമയം —— . (കളയ്)
5. നീ —— ഒന്നു വിളിക്കു. (കുമാർ)
6. മധു, —— അങ്ങോട്ടു പോ. (നീ)

III Match the following.

1. നിങ്ങരം എട്ടുമണിക്കു് കാപ്പി (a) നീ അവിടെ എത്തണം.
2. കളിയൊക്കെ ഒരു (b) വരിൻ.
3. രണ്ടു മണിക്കൂറിനകം (c) നിങ്ങരം ഇനി ചോദിക്കരുതു്.
4. അങ്ങോട്ടേയ്ക്കു് എത്ര (d) പത്തു മിനിട്ടിൽ തീർക്കെടോ.
5. എല്ലാവരും എന്റെ വീട്ടിലോട്ടു (e) ശല്യപ്പെടുത്തരുതു്.
6. ഇങ്ങനത്തെ ചോദ്യം (f) ബസ്സുകരം ഉണ്ടു്?
7. ഇനി നീ അവളെ (g) കുടിക്കണം.

IV Transform into the corresponding negatives and prohibitives.

1. രാജാറാമിനെ ഫോണിൽ വിളിക്കു.
2. എല്ലാവരും ആ സിനിമയ്ക്കു പോകണം.
3. നിങ്ങളും പച്ചക്കറി എടുക്കു.
4. കല്യാണച്ചെറുക്കനെ ശല്യപ്പെടുത്തണം.
5. എല്ലാവരും സംസാരിക്കിൻ.
6. അയാളുടെ ചോദ്യത്തിനു് ഉത്തരം പറ.
7. എന്റെ മറവി ക്ഷമിക്കു.
8. ആ ചീത്ത വാച്ചും കളയു.
9. നിങ്ങരം മോഹനനെ പിടിക്കു.
10. കാപ്പികുടിയൊക്കെ വേഗം തീർക്കണം.

V Fill in the incomplete dialogues.

1. A. രാധേ, നീ എന്റെ വീടുവരെ ഒന്നു വരണം.
   B. . . . . . . . . . . . . . . . . . . . . .
   A. നീ ഇപ്പോൾ ഒന്നും ചോദിക്കരുതു്. വേഗം വരൂ.
2. A. സുകു ചേച്ചിയെ, ഒന്നു വിളിക്കൂ.
   B. . . . . . . . . . . . . . . . . . . . . .
   A. എങ്കിൽ അമ്മയെ വിളിക്കു്.
3. A. . . . . . . . . . . . . . . . . . . . . .
   B. അല്ല. ഇതു് അറുപത്തഞ്ചു്, നാല്പത്തിയേഴാണു്.
   A. . . . . . . . . . . . . . . . . . . . . .
   B. അല്ല. ഇതു ആര്യഭവൻ ഹോട്ടൽ അല്ല. ഡോക്ടർ രാമന്റെ വീടാണു്.
4. A. സീതേ നീ ഇന്നു് എന്റെ വീട്ടിൽ വരണം.
   B. ഇന്നു നിങ്ങൾ എന്നെ നിർബ്ബന്ധിക്കരുതു്.
   A. . . . . . . . . . . . . . . . . . . . . .
   B. ഇന്നു് എന്റെ പിറന്നാളാണു്.
   A. . . . . . . . . . . . . . . . . . . . . .
   B. ആഘോഷമൊന്നുമില്ല.
5. A. ഇത്ര ധൃതി എന്താണു്?
   B. . . . . . . . . . . . . . . . . . . . . .
   A. എന്റെ കൂട്ടുകാരനോ? അതാരാ?
   B. . . . . . . . . . . . . . . . . . . . . .
   A. കണ്ണൂർക്കാരൻ പ്രഭുവോ? ശരി. അവനെ വിളിക്കു്.

## VOCABULARY

| | | | |
|---|---|---|---|
| വിളിക്കു് | 'call' | ലൈൻ | 'line' |
| ചോദിക്കു് | 'ask' | താൻ | 'you (sg)' |
| ആജ്ഞ | 'command' | എത്തു് | 'reach' |
| നിൽക്കു് | 'wait, stand' | കളയു് | 'to waste, to lose, |
| ആട്ടോറിക്ഷ | 'autorickshaw' | പിടിക്കു് | 'to catch, to hold' |
| വെപ്രാളം | 'hurry, nervousness' | സുഹൃത്തേ | 'Oh! friend' |
| പരമം | 'top, utmost' | രഹസ്യം | 'secret' |
| താമസിക്കു് | 'to delay, to stay, | പററിക്കു് | 'to cheat' |
| കുടി | 'drinking' | കാപ്പികുടി | 'taking coffee or breakfast' |
| തീർക്കു് | 'to finish' | എടുക്കു് | 'to take' |
| ധൃതി | 'haste' | ഗുണം | 'benefit, quality' |
| ആൾക്കാർ | 'people' | കമ്പനി | 'company' |
| നിർബന്ധിക്കു് | 'to compel' | വേദാന്തം | 'philosophy' |
| ശല്യപ്പെടുത്തു് | 'to trouble' | നേരിൽ | 'in person' |
| മിണ്ടു് | 'to speak, utter' | | |

## NOTES

6.20.1. Definite imperative, negative imperative and prohibitive forms of the verb are introduced in this lesson. Definite imperatives are used for more authoritative commands or requests. The definite imperative and the negative imperative are formed by the addition of the suffixes-ണം and –ണ്ട to the –അ ending verbal nouns.

(Such verbal nouns have the structure of verb stem as in പോക് + അ ≐ പോക.)

| | |
|---|---|
| പോകണം | 'should go' |
| പോകണ്ട | 'don't go' |
| കുടിക്കണം | 'should drink' |
| കുടിക്കണ്ട | 'don't drink' |

Prohibitives are formed by adding the word അരുത് to the verb stems.

| | |
|---|---|
| പോകരുത് | 'shouldn't go' |
| താമസിക്കരുത് | 'shouldn't delay' |
| ചോദിക്കരുത് | 'shouldn't ask' |

In Malayalam, prohibitives and negative imperatives can be used in most cases on a substitutable manner. But on some occasions prohibitives are used to bring more force for the negative command. Note that for negative imperatives and prohibitives there is no distinction between singular and plural.

6.20.2. In this lesson the accusative (objective) case which denotes the direct object in a sentence is also introduced. The marker that indicates this relationship is –എ .

| | |
|---|---|
| അദ്ദേഹത്തിനെ വിളിക്കൂ. | 'Please call him'. |
| എന്നെ നിർബ്ബന്ധിക്കരുത്. | 'Don't force me.' |

This accusative case is not usually added to neuter noun objects except when the subject is also neuter.

| | |
|---|---|
| സമയം കളയരുത്. | 'Don't waste time.' |

6.20.3. The താൻ form introduced in this lesson is another second person pronoun. In the degree of politeness this comes in between നീ and നിങ്ങൾ. The form താൻ indicates informality and intimacy and not inferiority. Except in some parts of Kerala, this pronoun താൻ is not generally used to address women folk. When താൻ is used, the verb can either be in singular or polite imperative form.

താൻ ഇരിക്കു്. 'You sit.'
താൻ ഇരിക്കൂ.

UNIT 6

LESSON 21

# വരുവിൻ, കാണുവിൻ, സന്തോഷിക്കുവിൻ.

## CONVERSATION

വേണു: മതി, മതി. ഇവിടെ ഇത്രയും നേരം മതി. ഈ എക്സിബിഷൻ ഗ്രൗണ്ടിൽ ഇനിയും ഒരുപാടു കാഴ്ചകളുണ്ട്. റാണീ, വേഗം നടക്ക്.

Enough. We have spent enough time here. There are so many more things to see in this exhibition ground. Ravi, you walk fast.

റാണി: എനിക്കീ പടങ്ങളൊക്കെ വളരെ ഇഷ്ടമായി. ഞാൻ ഇതെല്ലാം ഒന്നു നന്നായി കാണട്ടെ. മററു സ്ഥലങ്ങളിൽ ചേട്ടൻ ഒററയ്ക്കു പോകൂ. അച്ഛൻ മാത്രം എന്റെ കൂടെ നിൽക്കട്ടെ. അച്ഛാ, ചേട്ടൻ തനിയെ പോകട്ടെ.

I liked these pictures very much. Let me see these things leisurely. Elder brother, you may go alone to other places. Let daddy be with me. Daddy ! Let him go alone.

| | | |
|---|---|---|
| വേണു: | പോടീ പെണ്ണേ, നിന്റെ ഒരു വെല്ലുവിളി! എനിക്കൊട്ടും പേടിയില്ല. ഞാൻ പോട്ടേ അച്ഛാ? | You mind your business, girl. I don't care for your challenge. I don't have any fear. Daddy, may I go ? |
| അച്ഛൻ: | വേണ്ട. ആരും തനിയെ ഒരിടത്തും പോണ്ട. അവിടെ നോക്ക്. എന്തൊരാൾക്കൂട്ടമാണ്! | No. Nobody should go anywhere alone. Look there. What a crowd it is ! |
| വേണു: | പിന്നെ, നിങ്ങൾ രണ്ടുപേരും വേഗം വരണം. | Then both of you will have to come soon. |
| അച്ഛൻ: | എന്താണിത്ര വെപ്രാളം? നിൽക്ക്, ഞങ്ങളും വരട്ടെ. നീയും ഇതൊക്കെ നന്നായി നോക്ക്: വലിയ ചിത്രകാരന്മാരുടെ ചിത്രങ്ങളാണ്. | Why is this hurry ? Wait. Let us also come. You too watch these carefully. These are the paintings of great artists. |
| വേണു: | അച്ഛാ, എനിക്കീ പെയിൻറിംഗ്സൊന്നും ഇഷ്ടമല്ല. ഞാൻ ട്രാൻസ്പോർട്ടുകാരുടെ സ്റ്റാളിൽ പോട്ടെ. | Daddy, I don't like these paintings. Let me go to transport department stall. |
| അച്ഛൻ: | നിൽക്ക്. റാണിയും വരട്ടെ. | Wait. Let Rani also come. |
| വേണു: | വേഗം വാ റാണീ. നിന്റെ ഒരു നടത്ത! ഒച്ചിനെപ്പോലെത്തന്നെ. | Come soon, Rani. The way you walk! It is just like a snail. |
| റാണി: | ചേട്ടാ, അതാ അവിടെ നോക്കൂ. എന്തൊരു നിറങ്ങളാണ് ബൾബുകൾക്കും റിബണുകൾക്കും! പച്ച, മഞ്ഞ, നീല, വെള്ള, ചുവപ്പ്, കറുപ്പ് ഒക്കെയുണ്ട്. | Brother, look there See. What kind of colours are there for the bulbs and ribbons! Green, yellow, blue, white, red and black are all here. |

| | | |
|---|---|---|
| വേണു: | ആങ്ങ്. ശരിയാ. അച്ഛാ ആ പരസ്യം ഒന്നു വായിക്കു. | Yes. that is correct. Daddy! Please read that advertisement. |
| അച്ഛൻ: | എൻെറ കയ്യിൽ കണ്ണടയില്ല. നീ തന്നെ വായിക്ക്. | I don't have spectacles with me. You read it yourself. |
| വേണു: | കുട്ടികളേ, വരുവിൻ, കാണുവിൻ, സന്തോഷിക്കുവിൻ. നിങ്ങൾക്കൊരു മായാലോകം. അൻപതു പൈസയ്ക്കൊരു അത്ഭുതലോകം. വരിൻ, കാണിൻ, സന്തോഷിക്കിൻ. | Children, come, see and enjoy. There is a magic world for you. A wonderland for fifty paise. Come, see and enjoy. |
| റാണി: | ഹായ്! എന്തൊരു ഭംഗി! നല്ല രസമായിരിക്കും. ചേട്ടാ, അവരുടെ കൂടാരത്തിൽ ഒരുപാടു മൃഗങ്ങളുണ്ടായിരിക്കും. അതാ നോക്കൂ. പ്ലാസ്റ്റിക്ക് പെണ്ണും, കോമാളിച്ചെറുക്കനും ഒക്കെ ഉണ്ട്. | Ah! How beautiful it is! It will be real fun. Brother, there may be a lot of animals in their tent. See that. They have the plastic girl and the baffoon boy. |
| വേണു: | അച്ഛാ, ഒന്നരരൂപ തരൂ. ഞാൻ ടിക്കററെടുക്കട്ടെ. ഒരാൾക്കു വെറും അൻപതു പൈസ. നമുക്കു നല്ല തമാശ ആയിരിക്കും. | Daddy! Please give Rs. 1·50/- Let me take the tickets. It just costs 50 paise per head. We will have nice fun. |

## DRILLS

### A. Repetition drill

a 1. ഞാൻ ഇതൊക്കെ ഒന്നു നന്നായി കാണട്ടെ.
2. എൻെറ ചോദ്യത്തിന് മധു ഉത്തരം പറയട്ടെ.
3. അവരൊക്കെ സിനിമയ്ക്കു പോകട്ടെ.

b 1. അച്ഛാ, ഞാൻ ആ പരസ്യം വായിക്കട്ടോ?

2. അവളും ഈ ചിത്രത്തിൽ നോക്കട്ടോ?

3. ഞാൻ നിങ്ങൾക്കും ടിക്കററ് എടുക്കട്ടോ?

c 1. ആരും തനിയെ പോകണ്ട.

2. റാണി മാത്രം അവിടെ നിൽക്കണ്ട.

3. മധു അച്ഛൻെറ ചാരുകസേരയിൽ ഇരിക്കണ്ട.

d 1. കുട്ടികളേ, വരുവിൻ, കാണുവിൻ, സന്തോഷിക്കുവിൻ

2. നിങ്ങളൊക്കെ എൻെറ ചോദ്യത്തിന് ഉത്തരം പറയുവിൻ

3. എല്ലാവരും സംശയം ചോദിക്കുവിൻ.

e 1. അനിയനും നിൻെറകൂടെ വരട്ടെ.

2. രാധയും കുമാരിയുടെകൂടെ ഗ്രാമത്തിൽ പോട്ടെ.

3 ഞാൻ അച്ഛൻെറകൂടെ വേഗം നടക്കട്ടെ

f 1. അവരും ച്ചേിനെപ്പോലെ നടക്കട്ടെ.

2. ചേട്ടൻ കോമാളിയെപ്പോലെ പറയട്ടെ,

3. അവരെപ്പോലെ മധുവും സന്തോഷിക്കട്ടെ.

B. Expansion drill

Model

മധു കാണട്ടെ.
നന്നായി
മധു നന്നായി കാണട്ടെ.
വളരെ
മധു വളരെ നന്നായി കാണട്ടെ.
ചിത്രങ്ങളെല്ലാം
മധു ചിത്രങ്ങളെല്ലാം വളരെ നന്നായി കാണട്ടെ.
ചിത്രകാരന്മാരുടെ
മധു ചിത്രകാരന്മാരുടെ ചിത്രങ്ങളെല്ലാം വളരെ നന്നായി കാണട്ടെ.
വലിയ
മധു വലിയ ചിത്രകാരന്മാരുടെ ചിത്രങ്ങളെല്ലാം വളരെ നന്നായി കാണട്ടെ.

1. അച്ഛാ, ഞാനും പോട്ടോ?

സിനിമയ്ക്ക്

അച്ഛാ, ഞാനും സിനിമയ്ക്ക് പോട്ടോ?

ഇംഗ്ലീഷ്

അച്ഛാ, ഞാനും ഇംഗ്ലീഷ് സിനിമയ്ക്ക് പോട്ടോ?

ചേട്ടന്റെകൂടെ

അച്ഛാ, ചേട്ടന്റെ കൂടെ ഞാനും ഇംഗ്ലീഷ് സിനിമയ്ക്ക പോട്ടോ?

നാളെ

അച്ഛാ, നാളെ ചേട്ടന്റെകൂടെ ഞാനും ഇംഗ്ലീഷ് സിനിമയ്ക്ക പോട്ടോ?

2. അവരെപ്പോലെ പറയുവിൻ.

ഉത്തരം

അവരെപ്പോലെ ഉത്തരം പറയുവിൻ.

നന്നായി

അവരെപ്പോലെ നന്നായി ഉത്തരം പറയുവിൻ.

നിങ്ങളും

അവരെപ്പോലെ നിങ്ങളും നന്നായി ഉത്തരം പറയുവിൻ.

എന്റെ ചോദ്യത്തിന്

അവരെപ്പോലെ എന്റെ ചോദ്യത്തിനു നിങ്ങളും നന്നായി ഉത്തരം പറയുവിൻ.

3. എനിക്ക തരു.

കഥാപുസ്തകം

എനിക്ക കഥാപുസ്തകം തരു.

പുതിയ

എനിക്ക് പുതിയ കഥാപുസ്തകം തരു.

ഏററവും

എനിക്ക ഏററവും പുതിയ കഥാപുസ്തകം തരു.

നിന്റെ

എനിക്ക നിന്റെ ഏററവും പുതിയ കഥാപുസ്തകം തരു.

4. അച്ഛാ, കൊടുക്കട്ടോ?

ഞാൻ

അച്ഛാ ഞാൻ കൊടുക്കട്ടോ?

ചേട്ടനു

അച്ഛാ, ഞാൻ ചേട്ടനു കൊടുക്കട്ടോ?

ബലൂണും

അച്ഛാ, ബലൂണും ഞാൻ ചേട്ടനു് കൊടുക്കട്ടോ?

റിബണും

അച്ഛാ, റിബണും ബലൂണും ഞാൻ ചേട്ടനു് കൊടുക്കട്ടോ?

ഈ

അച്ഛാ, ഈ റിബണും, ബലൂണും ഞാൻ ചേട്ടനു് കൊടുക്കട്ടോ?

## C. Substitution drill

a <u>ചേച്ചിയെപ്പോലെ</u> ഞാനും ചായ കുടിക്കട്ടോ?

അച്ഛനെപ്പോലെ
അമ്മയെപ്പോലെ
മധുവിനെപ്പോലെ
രാജത്തിനെപ്പോലെ
കുമാറിനെപ്പോലെ

b <u>നിങ്ങളുടെ</u> കൂടെ ഞാനും വരട്ടെ.

നിന്റെ കൂടെ
തന്റെ കൂടെ
ചേച്ചിയുടെ കൂടെ
ചേട്ടന്റെ കൂടെ
രഘുവിന്റെ കൂടെ
കമലത്തിന്റെ കൂടെ

c എനിക്കു് <u>അതിനെ</u> പേടിയില്ല.

അവനെ
അവളെ
അവരെ
ഡോക്ടറെ
ഒന്നിനേം
ആരേം

d  റാണിക്ക പച്ച റിബൺ വേണം.

നീല
മഞ്ഞ
വെള്ള
ചുവപ്പ്
കറുപ്പ്

e  അമ്മാ പ്രഭുവിനു് ചായ കൊടുക്കു.

രാമുവിനു്
രാധയ്ക്കു്
സതിക്ക്
അവർക്കു്
അവനു്
സരോജത്തിനു്

അവൻ എനിക്കു് പത്തു രൂപ തരട്ടെ.

ഞങ്ങൾക്കു്
നമ്മൾക്കു്
നിങ്ങൾക്കു്

## D. Transformation drill

### Model 1

കുമാർ എന്നെ ഫോണിൽ വിളിക്കട്ടെ.
കുമാർ എന്നെ ഫോണിൽ വിളിക്കാണ്ട.

1. അദ്ദേഹത്തിനെ അവർ ശല്യപ്പെടുത്തട്ടെ
2. അവർ കൂടുതൽ സമയം എടുക്കട്ടെ.
3. വേണു ആട്ടോറിക്ഷയിൽ വരട്ടെ.
4. അമ്മ ബസ്സിൽ പോകട്ടെ.
5. മാധവൻ ആ രഹസ്യം പറയട്ടെ.
6. സാർ, ആ ചോദ്യം ചോദിക്കട്ടെ.
7. ശാന്ത റാണിക്കു് ആ റിബൺ കൊടുക്കട്ടെ.
8. നമ്മുടെ കൂടെ അവരും വരട്ടെ.
9. നമുക്കു് അവർ രൂപ തരട്ടെ.
10. മോനും ചായ കുടിക്കട്ടെ.

### Model 2

നീ എനിക്കു പുസ്തകം താ.
നീ എനിക്കു പുസ്തകം തരണ്ട/തരരുതു്.

1. നിങ്ങൾ അവർക്കു് രൂപ കൊടുക്കു.
2. വേഗം വേഗം നടക്കു.
3. ഈ പടങ്ങൾ നന്നായി നോക്കു്.
4. എല്ലാവരും സന്തോഷിക്കിൻ.
5. അദ്ദേഹത്തിനെ നിർബ്ബന്ധിക്കു.

## E. Response drill

### Model 1

A. അച്ഛാ, ഞാൻ പറയട്ടെ.
B. വേണ്ട, നീ പറയണ്ട, റാണി പറയട്ടെ.

1. A. അമ്മേ, ഞാൻ അച്ഛനെ വിളിക്കട്ടെ.
   B. വേണ്ട. നീ ———. അനിയൻ ———.
2. A. അച്ഛാ ഞാൻ സിനിമയ്ക്കു പോകട്ടെ.
   B. ———. നീ ———. ——— പോകട്ടെ.
3. A. ലതേ, ഞാൻ കഥ വായിക്കട്ടെ.
   B. ———. ——— ———. ——— ——— .

### Model 2

A. രാജൻ ഫോണിൽ സംസാരിക്കട്ടെ. നീ നേരിൽ കാണു്.
B. വേണ്ട. ഞാനും ഫോണിൽ സംസാരിക്കട്ടെ.

1. A. ലീല സിനിമയ്ക്കു പോകട്ടെ.
   നീ വായിക്കു് .
   B. ——— ——— ——— ———.
2. A. അമ്മ ചോദ്യം ചോദിക്കട്ടെ.
   നീ ഉത്തരം പറ.
   B. ——— ——— ——— ———.
3. A. അവൻ ചിത്രങ്ങൾ കാണട്ടെ.
   നീ സർക്കസ് കാണു്.
   B. ——— ——— ——— ———.

Model 3

A. വേഗം പോ. സമയം ആയി.
B. ആകട്ടെ. നീ പോ.

1. A. വേഗം നോക്കു്. സമയം ആയി.
   B. ——. —— —— ——.
2. A. വേഗം വിളിക്കു്, സമയം ആയി.
   B. —— —— —— ——.
3. A. വേഗം വായിക്കു്. സമയം ആയി.
   B. ——. —— —— ——.

## EXERCISES

I Fill in the blanks choosing the correct words.

1. അമ്മാ, ഈ പടങ്ങളൊക്കെ —— തരൂ. (എന്റെ, എനിക്കു്, എന്നെ)
2. —— പോലെ നിങ്ങളും പഠിക്കണം. (അവരുടെ, അവർക്കു്, അവരെ)
3. അദ്ദേഹത്തിനെ നിങ്ങൾ ——. (ശല്യപ്പെടുത്തു്, ശല്യപ്പെടുത്തട്ടെ, ശല്യപ്പെടുത്തരുതു്)
4. വലിയ —— കമ്പനി എനിക്കത്ര ഇഷ്ടമില്ല. (ആൾക്കാർ, ആൾക്കാരുടെ, ആൾക്കാർക്കു്)
5. നിങ്ങൾ —— പററിക്കരുതു്. (കുട്ടികൾ, കുട്ടികളെ, കുട്ടികൾക്കു്)
6. താൻ ഇപ്പോൾ ഒന്നും ——. (ചോദിക്കുവിൻ, ചോദിക്കണ്ട, ചോദിക്കട്ടെ)
7. സുഷു, നീ ആ പേന ——. (കളയുവിൻ, കളയട്ടെ, കളയരുതു്)

II Fill in the blanks using the appropriate forms of the words given in brackets.

1. അച്ഛാ ചേട്ടൻ തനിയെ——. (പോകു്)
2. ഞാൻ നാളെ നിങ്ങളെ എന്റെ —— വിളിക്കട്ടോ? (വീടു്)
3. മധു —— പത്തു രൂപ തരൂ. (ഞാൻ)
4. —— വെറും അൻപതു പൈസമാത്രം. (ഒരാൾ)
5. ആ പച്ച റിബൺ —— കൊടുക്കൂ. (സരള)
6. വിശേഷങ്ങളൊക്കെ നിങ്ങൾ തന്നെ ——. (പറ)
7. റാണിയും ആ ചെറിയ —— ഇരിക്കട്ടെ. (ചാരുകസേര)
8. ഞാനും —— കൂടെ പോകട്ടോ? (രമ)

III Fill in the blanks suitably.

1. നാളെ പത്തു മണിക്കു താൻ ഇവിടെ ———.
2. ——— മധുവിനും ആ പുസ്തകം കൊടുക്കണം.
3. നിങ്ങളും ——— ഒന്നു ———.
4. ——— മുമ്പിൽ ഒരു സ്കൂളില്ലേ?
5. നീ ഇപ്പോഴും ——— വരണ്ട.
6. ——— പത്തു രൂപ തരൂ.
7. അച്ഛാ, ഞാനും രവിയുടെ കൂടെ ———?
8. മണീ, നീയും ആ ചോദ്യം ———.
9. നിങ്ങളും ഇനി ഒട്ടും ———.
10. അവൻ ഒരു ആട്ടോറിക്ഷ ———.

IV Transform the following statements into their corresponding negatives.

1. നീ എന്റെ പുസ്തകത്തിൽ നോക്ക്.
2. നിങ്ങളും ഞങ്ങളുടെ ഓഫീസിൽ വരിൻ.
3. കമല ഫോണിൽ സംസാരിക്കട്ടെ.
4. അവരും ഹോട്ടലിൽ താമസിക്കട്ടെ.
5. ഉണ്ണീ, നീയും അവിടെ പോ.
6. നിങ്ങളും, സുകുമാരൻ നായരെ വിളിക്കൂ.

V Fill in the incomplete dialogues.

1. A. അമ്മാ, ഞാൻ അച്ഛന്റെ കസേരയിൽ ഇരിക്കട്ടെ.
   B. . . . . . . . . . . . . . . . . . . . . . .
   A. അവിടെ റാണി ഉണ്ടല്ലോ. അവളും അവളുടെ മുറിയിൽ പോട്ടെ.
   B. . . . . . . . . . . . . . . . . . . . . . .
   A. അതു വേണ്ട. അവളും എന്റെ കൂടെ ഇരിക്കണ്ട.
   B. . . . . . . . . . . . . . . . . . . . . . .
   A. അനിയത്തിയൊക്കെത്തന്നെ. പക്ഷെ അവളും എന്റെ കൂടെ ഇരിക്കണ്ട. അവളുടെ കാര്യം അവളും നോക്കട്ടെ.

2. A. അച്ഛാ, ആ സർക്കസ്സിന്റെ മായാലോകം ഞാനും കാണട്ടെ.
   B. . . . . . . . . . . . . . . . . . . . . . .
   A. ഇനിയും സമയമുണ്ട്. മണി ഇപ്പോഴും പതിനൊന്നേകാലായി. അത്ര തന്നെ.
   B. . . . . . . . . . . . . . . . . . . . . . .

A. ഒരാൾക്ക വെറും അൻപതു പൈസ. അൻപതു പൈസ തരൂ അച്ഛാ.
B. . . . . . . . . . . . . . . . . . . .
A. റാണിക്ക ടിക്കറ്റു വേണ്ട. അവൾ കൊച്ചുകുട്ടിയല്ലേ?

3. A. വാസു, ആ പ്ലാസ്റ്റിക്ക പെണ്ണിനെ നോക്ക്.
റാണിയെപ്പോലെ തന്നെ. ചെറിയ പെണ്ണ്. നല്ല സർക്കസ്സായിരിക്കും. നീയും വാ.
B. . . . . . . . . . . . . . . . . . . . .
A. നിനക്ക് സർക്കസ് ഇഷ്ടമല്ലേ? നീ എന്തൊരു ചെറുക്കൻ!
B. . . . . . . . . . . . . . . . . . . . .
A. വേണ്ട വേണ്ട. മധു എന്റെ കൂടെ വരണ്ട. അവൻ നിന്റെ കൂടെ ഇവിടെ നിൽക്കട്ടെ.
B. . . . . . . . . . . . . . . . . . . . .
A. അതു ശരി. പക്ഷെ അവിടെ വലിയ ആൾക്കൂട്ടം ഉണ്ട്. അതുകൊണ്ട് കുറച്ചു പ്രയാസമായിരിക്കും.

## VOCABULARY

| | | | |
|---|---|---|---|
| എക്സിബിഷൻ ഗ്രൗണ്ട് | 'exhibition ground' | ഒരുപാട് | 'a lot' |
| നടക്ക് | 'walk' | പടങ്ങൾ | 'pictures' |
| കാണ് | 'see' | ഒറ്റയ്ക്ക് | 'alone' |
| നിൽക്ക് | 'stand' | തനിയെ | 'alone' |
| ആൾക്കൂട്ടം | 'crowd' | ചിത്രകാരന്മാർ | 'artists (painters)' |
| ചിത്രങ്ങൾ | 'pictures (paintings)' | പെയിന്റിംഗ്സ് | 'paintings' |
| ട്രാൻസ്പോർട്ടുകാർ | 'transport people' | നടത്ത | 'walking' |
| സ്റ്റാൾ | 'stall' | നിറങ്ങൾ | 'colours' |
| ഒച്ച് | 'snail' | ബൾബുകൾ | 'bulbs' |
| റിബൺ | 'ribbon' | പച്ച | 'green' |
| മഞ്ഞ | 'yellow' | നീല | 'blue' |
| വെള്ള | 'white' | ചുവപ്പ് | 'red' |
| കറുപ്പ് | 'black' | പരസ്യം | 'advertisement' |
| വായിക്ക് | 'to read' | കണ്ണട | 'spectacles' |
| സന്തോഷിക്ക് | 'to be happy' | മായാലോകം | 'magic world' |
| അത്ഭുതലോകം | 'wonder land' | ഭംഗി | 'beauty' |
| രസം | 'fun' | കൂടാരം | 'tent' |
| മൃഗങ്ങൾ | 'animals' | പ്ലാസ്റ്റിക്പെണ്ണ് | 'plastic girl' |
| കോമാളി | 'baffoon' | ടിക്കറ്റ് | 'ticket' |

**NOTES**

6.21.1. The optative constructions of the verb expressing desire, permission, blessing, etc., are introduced in this lesson. This is formed by the addition of the suffix –അട്ടെ to the verb stem.

| | |
|---|---|
| ഞാൻ കാണട്ടെ. | Let me see. |
| ചേട്ടൻ പോകട്ടെ. | Let elder brother go. |
| ഞങ്ങൾ പറയട്ടെ. | Let us (exclusive) tell. |

When the interrogative marker is added to the above form extra politeness is indicated.

| | |
|---|---|
| ഞാൻ വരട്ടെ. | Let me come |
| ഞാൻ വരട്ടോ? | May I come ? |

But this difference is nullified in certain parts of Kerala. The negative form for optative expression is the same as the imperative negative.

| | | |
|---|---|---|
| eg : | നീ പോണ്ട. | You don't go. |
| | അവൻ പോണ്ട. | Let him not go. |
| | നിങ്ങൾ ശല്യപ്പെടുത്തണ്ട. | You don't trouble. |
| | അവർ ശല്യപ്പെടുത്തണ്ട. | Let them not trouble. |
| | ഞാനതു കാണണ്ട. | Let me not see that. |

6.21.2. In the sentences അച്ഛൻമാത്രം എന്റെകൂടെ നിൽക്കട്ടെ, and ഒച്ചിനെപ്പോലെ ഒരു നടത്ത the underlined parts of the sentence indicate some relationship between the verb and the other parts of the sentence. These are the post positions. Post positions are preceded by one or the other case suffix. As you see the form കൂടെ is preceded by the genitive case and this indicates the relationship of association/company, etc., and പോലെ is followed by the accusative case and this denotes comparison.

6.21.3 Of the new verbs introduced, note the special usage of the two verbs തര് and കൊടുക്ക് both meaning 'to give'. Of these, കൊടുക്ക് form is used when anything is given to the third person.

| | | | |
|---|---|---|---|
| അവന് | കൊടുക്ക് | Give | him. |
| അവൾക്ക് | | | her. |
| അവർക്ക് | | | them. |
| മധുവിന് | | | to Madhu. |

If the recipient is first or second person the form used is തരു്.

എനിക്കു തരൂ. Give me.
ഞാൻ നിങ്ങൾക്കു തരട്ടെ. Let me give you.

When these types of verbs are used, the sentences will have a recipient or beneficiary expressed by the dative case marker –ക്കു് or –ഉ് and a direct object which is indicated by the accusative case –എ in the case of non-neuter nouns and without that, if the object is in neuter.

ഞാൻ അവൾക്കു് ഈ കുട്ടിയെ കൊടുക്കട്ടെ.
Let me give her this child.

ഞാൻ അവൾക്കു് ഈ പുസ്തകം കൊടുക്കട്ടെ.
Let me give her this book.

6.21.4 In the forms വരുവിൻ, കാണുവിൻ etc.,–ഉവിൻ is another plural imperative marker. This is rarely used in informal speech but profoundly used in advertisements and in platform speeches.

6.21.5. In പോടീ –ടീ is the contracted form of എടീ the feminine-correspondent of എടാ showing informality, inferiority, or intimacy.

## UNIT 6

## LESSON 22

# നമുക്കൊരു മലയാളം സിനിമ കാണണം.

### CONVERSATION

| | |
|---|---|
| മാസ്റ്റർ: നായർ, നാളെ പ്രഭാ തിയേറ്ററിൽ ഒരു മലയാളം സിനിമയുണ്ട്. കാണണ്ടേ? | Nair, tomorrow there is a Malayalam film in Prabha theatre. Don't you want to see that? |
| നായർ: വേണം. നമുക്കു കാണണം. എന്താണാ സിനിമയുടെ പേര്? | Yes. We must see. What is that film? |
| മാസ്റ്റർ: ‘ഇണപ്രാവുകൾ’ | "Enapravukal" (pair of doves). |
| നായർ: അയ്യോ! അതൊരു പഴയ പടമാണ്. വേണ്ട. നമുക്കതിനു പോണ്ട. | Alas! That is an old film. No! We don't have to go for that. |

| | | |
|---|---|---|
| മാഥുർ: | അതു മുട്ടത്തു വർക്കിയുടെ പ്രസിദ്ധ നോവലല്ലേ? | Isn't it Muttathu Varki's famous novel ? |
| നായർ: | അതെ. നോവൽ വളരെ നല്ലതാണ്. പക്ഷെ സിനിമ അത്ര നല്ലതല്ല. തീരെ മോശവുമില്ല. എന്നാലും അതിനെക്കാൾ നല്ല ഒരു പ്രോഗ്രാം ഇവിടത്തെ ടൗൺഹാളിലുണ്ട്. | Yes. The novel is very good. But the film is not that good. It isn't bad either. Even then there is a better programme in the Town Hall here. |
| മാഥുർ: | എന്തു പരിപാടിയാണത്? | What is that programme? |
| നായർ: | കഥകളി. കേരള കലാമണ്ഡലക്കാരുടെ ആട്ടമാണ്. വളരെ നല്ലതായിരിക്കും. | Kathakali. The dance is performed by the Kerala Kalamandalam artists. It will be really good. |
| മാഥുർ : | എന്താണ് കഥ? | What is the story? |
| നായർ: | നളചരിതം. | 'Nalacharitam'. |
| മാഥുർ: | ഇവിടെ ആരാണ് ഈ പരിപാടിയുടെ സംഘാടകർ ? | Who are the organizers of the programme here? |
| നായർ: | കേരളസമാജക്കാർ. എന്താ, മാഥുറിന് ഞങ്ങളുടെ ഈ കല ആസ്വദിക്കണ്ടേ? | Kerala Samajam members. What do you say, Mathur ? Don't you want to enjoy this art of ours ? |
| മാഥുർ: | പിന്നെ? ഇതിനു മുൻപേതന്നെ കാണണമായിരുന്നു. | Then what? I wanted to see it even earlier. |
| നായർ: | ടിക്കറ്റുനിരക്ക് നൂറുരൂപ, അൻപതുരൂപ, ഇരുപത്തഞ്ചുരൂപ, പത്തുരൂപ എന്നിങ്ങനെയാണ്. | The rate of the tickets is Rs. 100, Rs. 50, Rs. 25 and Rs. 10. |
| മാഥുർ: | അതെന്താ ഇത്ര കൂടുതൽ? | Why is it so much ? |

നായർ: ഇതൊരു ബെനിഫിററ് ഷോയാണ്. ഈ ഫണ്ട് പിരിവ് ഒരു മലയാളം സ്കൂളിന് വേണ്ടിയാണ്.
This is a benefit show. This collection is meant for a Malayalam School.

മാഥ്യൂർ: അതു ശരി. നമുക്ക് ഇരുപത്തഞ്ചു രൂപയുടെ ടിക്കററെടുക്കണം. എനിക്ക് കളി നന്നായി ഒന്നു കാണണം. എനിക്ക് ഈ കലയെപ്പററി ഒരുപാട്ട മനസ്സിലാക്കണം.
That is O.K. We should take Rs. 25 tickets. I want to see the dance nicely. I want to understand a lot about this art.

നായർ: എങ്കിൽ ഈ സുവർണ്ണാവസരം പാഴാക്കണ്ട. നാളെ തീയതി പതിനാലല്ലേ? നാളെ വൈകുന്നേരം തന്നെ രണ്ടു ടിക്കററു വാങ്ങണം. എന്താ? സമ്മതമാണോ?
Then don't miss this golden chance. Isn't tomorrow the fourteenth? We should buy two tickets tomorrow itself. What do you say? Is it agreeable?

മാഥ്യൂർ: ഓഹോ. ഇതാ പണം. നായർ തന്നെ എല്ലാം ഏൽക്കണം. എനിക്കവരെയൊന്നും പരിചയമില്ല.
Oh yes. Here is the money. Nair, you should take the entire responsibility regarding this. I dont' know them.

## DRILLS

### A. Repetition Drill

a 1. നമുക്ക മലയാളം സിനിമ കാണണം.
2. എനിക്ക് ഇന്നു തന്നെ വീട്ടിൽ പോകണമായിരുന്നു.
3. മാഥ്യൂറിന് മലയാളികളുടെ കല ആസ്വദിക്കണം.

b 1. എനിക്കാസ്ഥലങ്ങളിലൊന്നും പോകണ്ട.
2. നായർ, നമുക്ക് ഈ കാര്യം ഏൽക്കണ്ടായിരുന്നു.
3. ഇന്നു വൈകുന്നേരം ആർക്കും ഒന്നും വാങ്ങണ്ടായിരിക്കും.

c 1. നിനക്കു കേശവദേവിന്റെ നോവൽ വായിക്കണോ?
2. അവർക്ക് അദ്ദേഹത്തിനെ എപ്പോഴും ശല്യപ്പെടുത്തണോ?
3. രാധയ്ക്കു പത്താം ക്ലാസിലും ഒന്നും വായിക്കണ്ടേ?

d 1. സിനിമയെക്കാളും നല്ല പ്രോഗ്രാം ടൗൺഹാളിലുണ്ട്.
2. ഗോപു, നീ ഗീതയെക്കാളും നന്നായി വായിക്ക്.
3. അദ്ദേഹത്തിന്റെ കവിതയെക്കാളും നല്ലതു് കഥയല്ലേ?

e 1. ഈ ഫണ്ടു പിരിവ് ഒരു മലയാളം സ്കൂളിനുവേണ്ടിയാണ്.
2. കുട്ടികൾക്കുവേണ്ടി നിങ്ങൾ നിൽക്കണം.
3. മകനു വേണ്ടി അച്ഛൻ പറയട്ടെ.

## B. Expansion drill

### Model

സുധയ്ക്കു് കാണണം.
ഇപ്പോൾ
സുധയ്ക്കു് ഇപ്പോൾ കാണണം.
അമ്മയെ
സുധയ്ക്കു് അമ്മയെ ഇപ്പോൾ കാണണം.
അവളുടെ
സുധയ്ക്കു് അവളുടെ അമ്മയെ ഇപ്പോൾ കാണണം.

1. കൊച്ചുകുട്ടികൾക്കു് കുടിക്കണം.

ചായ

കൊച്ചുകുട്ടികൾക്കു് ചായ കുടിക്കണം.

വൈകുന്നേരവും

കൊച്ചുകുട്ടികൾക്കു വൈകുന്നേരവും ചായ കുടിക്കണം.

രാവിലേം

കൊച്ചുകുട്ടികൾക്കു് രാവിലേം, വൈകുന്നേരവും, ചായ കുടിക്കണം.

ഇപ്പോൾ

കൊച്ചുകുട്ടികൾക്കു് ഇപ്പോൾ രാവിലേം, വൈകുന്നേരവും, ചായ കുടിക്കണം.

2. നല്ല പുസ്തകങ്ങൾ വായിക്കണ്ടേ.
ആർക്കും
നല്ല പുസ്തകങ്ങൾ ആർക്കും വായിക്കണ്ടേ.
ഇപ്പോൾ
നല്ല പുസ്തകങ്ങൾ ഇപ്പോൾ ആർക്കും വായിക്കണ്ടേ.

3. എനിക്ക് സന്തോഷിക്കണ്ടേ.
ഇത്രയൊന്നും
എനിക്ക് ഇത്രയൊന്നും സന്തോഷിക്കണ്ടേ.
ചെറിയ കാര്യത്തിന്
എനിക്ക് ചെറിയ കാര്യത്തിന് ഇത്രയൊന്നും സന്തോഷിക്കണ്ടേ.
ഈ
എനിക്ക് ഈ ചെറിയ കാര്യത്തിന് ഇത്രയൊന്നും സന്തോഷിക്കണ്ടേ.

4. കൊച്ചുകുട്ടികൾക്ക് പാലല്ലേ നല്ലത്?
ചായയെക്കാളും
കൊച്ചുകുട്ടികൾക്ക് ചായയെക്കാളും പാലല്ലേ നല്ലത്?
എപ്പോഴും
കൊച്ചുകുട്ടികൾക്ക് എപ്പോഴും ചായയെക്കാളും പാലല്ലേ നല്ലത്?

5. നമുക്ക വാങ്ങണോ?
പച്ചക്കറികളും
നമുക്ക് പച്ചക്കറികളും വാങ്ങണോ?
എല്ലാ
നമുക്ക് എല്ലാ പച്ചക്കറികളും വാങ്ങണോ?
നാളെത്തന്നെ
നമുക്ക് നാളെത്തന്നെ എല്ലാ പച്ചക്കറികളും വാങ്ങണോ?
സദ്യയ്ക്കുവേണ്ടി
സദ്യയ്ക്കുവേണ്ടി നാളെത്തന്നെ നമുക്ക് എല്ലാ പച്ചക്കറികളും വാങ്ങണോ?

6. ആർക്കും സംസാരിക്കണ്ടേ?
ഫോണിൽ
ആർക്കും ഫോണിൽ സംസാരിക്കണ്ടേ?

ഇവിടത്തെ

ആർക്കും ഇവിടത്തെ ഫോണിൽ സംസാരിക്കണ്ടേ?

ഇപ്പോൾ

ആർക്കും ഇപ്പോൾ ഇവിടത്തെ ഫോണിൽ സംസാരിക്കണ്ടേ?

7. എനിക്കു തീർക്കണ്ടേ?

അഞ്ചുമിനിട്ടിൽ

എനിക്കു് അഞ്ചുമിനിട്ടിൽ തീർക്കണ്ടേ?

കാപ്പികുടിയുമൊക്കെ

എനിക്കു കാപ്പികുടിയുമൊക്കെ അഞ്ചുമിനിട്ടിൽ തീർക്കണ്ടേ?

കുളിയും

എനിക്കു കുളിയും, കാപ്പികുടിയുമൊക്കെ അഞ്ചുമിനിട്ടിൽ തീർക്കണ്ടേ?

## C. Substitution drill

### Model 1

രാധയ്ക്കു്. ഇന്നു തന്നെ ഓഫീസിൽ പോകണം.

വരണം

എത്തണം

ഇരിക്കണം

ചോദിക്കണം

പറയണം

ഉണ്ടായിരിക്കണം

1. നമുക്കു് അവനെ ശല്യപ്പെടുത്തണ്ടേ.

കാണണ്ടേ

നോക്കണ്ടേ

വിളിക്കണ്ടേ

പററിക്കണ്ടേ

എടുക്കണ്ടേ

നിർബന്ധിക്കണ്ടേ

പിടിക്കണ്ടേ

2. അവർക്കു് ആ കവിത <u>കാണണോ?</u>

വായിക്കണോ?
ആസ്വദിക്കണോ?
വാങ്ങണോ?
നോക്കണോ?
കളയണോ?

3. ഇനി ഇവിടെ ആർക്കും <u>സംസാരിക്കണ്ടേ?</u>

മിണ്ടണ്ടേ?
നിൽക്കണ്ടേ?
ചോദിക്കണ്ടേ?
പറയണ്ടേ?

## Model 2

1. ഈ സിനിമ എന്നെക്കാളും എൻെറ ചേട്ടനാണു് ഇഷ്ടം.

നിന്നെക്കാളും
അവരെക്കാളും
അവളെക്കാളും
മധുവിനെക്കാളും

2. വാസുവിനുവേണ്ടി അച്ഛൻ ആ വീടു വാങ്ങണം.

എനിക്കുവേണ്ടി
ലീലയ്ക്കുവേണ്ടി
രാജത്തിനുവേണ്ടി
രവിക്കുവേണ്ടി
രാമനുവേണ്ടി

## D. Transformation Drill

## Model 1

ഇവിടെ അവർക്കു വരണം.
ഇവിടെ അവർക്കു വരണ്ട.

1. കേശവദേവിൻെറ നോവൽ ആ പെണ്ണിനും വായിക്കണം.
2. ടൗൺഹാളിലെ കഥകളി എല്ലാവർക്കും കാണണം.
3. ആ കഥ എല്ലാവർക്കും മനസ്സിലാകണം.
4. എനിക്കു് ഒരു വീടു് വാടകയ്ക്കു് എടുക്കണം.
5. അയാൾക്കു് ഒരു മലക്കറിത്തോട്ടം വാങ്ങണം.

### Model 2

കുട്ടികൾക്കു് നടക്കണം.

കുട്ടികൾക്കു് നടക്കണോ?

1. മധുവിനു് വലിയ ചിത്രകാരന്മാരുടെ ചിത്രങ്ങൾ കാണണം.
2. രാജത്തിനും, അനിയനും അവരുടെ അമ്മാവന്റെ വീട്ടിൽ പോകണം.
3. എനിക്കു് നിന്റെ കൂട്ടുകാരൻ രാജനെ വിളിക്കണം.
4. സുമത്തിനു് കഥകളി കാണണം.
5. അവർക്കു് ആ പുസ്തകം എടുക്കണം.

### Model 3

കുട്ടികൾക്ക കാണണ്ട.

കുട്ടികൾക്കു് കാണണ്ടേ?

1. രാധയ്ക്കു് എല്ലാം മനസ്സിലാക്കണ്ട.
2. കുഞ്ഞുമോനും പാലു കുടിക്കണ്ട.
3. വാസുനു് ആ പുതിയ വാച്ചു കാണണ്ട.
4. അദ്ദേഹത്തിനു് വലിയ വീടു വാങ്ങണ്ട.
5. അവർക്ക കഥ വായിക്കണ്ട.

## E. Response drill

### Model 1

ഇന്നു നിനക്കു് അവളുടെ കൂടെ പോകണോ?

വേണം. എനിക്കിന്നു് അവളുടെ കൂടെ പോകണം.

വേണ്ട. എനിക്കിന്നു് അവളുടെ കൂടെ പോകണ്ട.

1. മോനേ, നിനക്കിന്നു ചായ കുടിക്കണോ?
2. കുട്ടികളേ, നിങ്ങൾക്ക നാളെ ആറു മണിക്ക തന്നെ വീട്ടിൽ എത്തണോ?
3. ലീലയ്ക്കു് കഥാപുസ്തകങ്ങളൊക്കെ വായിക്കണോ?

### Model 2

നിനക്കും കഥകളി ആസ്വദിക്കണ്ടേ?

വേണം. എനിക്കും കഥകളി ആസ്വദിക്കണം.

വേണ്ട. എനിക്കും കഥകളി ആസ്വദിക്കണ്ട.

1. വലിയ വീടു് വാടകയ്ക്കു് എടുക്കണ്ടേ?
2. കുട്ടികൾക്കു് ഇപ്പോൾ ആഹാരം കൊടുക്കണ്ടേ?
3. പുതിയ സിനിമ നമുക്കും കാണണ്ടേ?

### Model 3

നിങ്ങൾക്ക് എന്നും രാവിലെ എന്തു കുടിക്കണം?
എനിക്ക് എന്നും രാവിലെ നല്ല കാപ്പി കുടിക്കണം.

1. ഇന്നു വൈകുന്നേരം നിങ്ങൾക്ക് എവിടെ പോകണം?
2. നിനക്കിപ്പോൾ എന്തു വായിക്കണം?
3. ഒരു സിനിമാ ടിക്കററിന് എത്ര രൂപ കൊടുക്കണം?

### Model 4

A. ചേട്ടാ നമുക്കിന്നു മാർക്കററിൽ പോകണ്ടേ?
B. മാർക്കററിലോ? വേണ്ട. എനിക്കിന്നു വേറെ ഒരു സ്ഥലത്തു പോകണം.

1.A. സുകു, നമുക്കിപ്പോൾ ആ പുസ്തകം വായിക്കണ്ടേ?
B, ആ പുസ്തകമോ? വേണ്ട. എനിക്കിപ്പോൾ ——— ഒരു പുസ്തകം ———.

2.A. വേണു, നമുക്ക് എക്സിബിഷനു പോകണ്ടേ?
B. ———? വേണ്ട. ——— ——— എന്റെ ——— വീട്ടിൽ———.

3.A. മാലതീ, നമുക്ക് ഇംഗ്ലീഷ് സിനിമ കാണണ്ടേ?
B. ———? വേണ്ട. എനിക്ക് ഇംഗ്ലീഷ് സിനിമ ———. എനിക്കൊരു ——— സിനിമ———.

### Model 5

A. ചേട്ടാ, ഇന്ന് നമുക്ക് അദ്ദേഹത്തിനെ ശല്യപ്പെടുത്തണ്ടേ.
B. ആരെ, നിന്റെ സാറിനേയോ? അയാൾ അത്ര വലിയ ആളാണോ?

1.A. പിള്ളസാറേ, ഇപ്പോൾ നമുക്കവരെ വിളിക്കണ്ടേ.
B. നിന്റെ കൂട്ടുകാരേയോ? ——— ——— വലിയ ———?

2.A. മോഹനാ? നമുക്കാ കാര്യം തൽക്കാലം ചോദിക്കണ്ടേ.
B. എന്ത്? ആ വാടക വീട്ടിന്റെ ———?
——— ——— ——— ———?

## EXERCISES

I Fill in the blanks choosing the correct forms.

1. നമുക്കിന്നു കാമധേനുവിലെ ചായ ———? (കുടിക്ക്, **കുടിക്കണ്ടേ**, കുടിക്കൂ)

2. മാധുറിനും കഥകളി ——— (ആസ്വദിക്കട്ടെ, ആസ്വദിക്കണം, ആസ്വദിക്കു)
3. എനിക്ക് ——— മനസ്സിലാക്കണം. (അവനെ, അവൻ, അവന്റെ)
4. കേരള സമാജക്കാർക്ക് നമ്മൾ എത്ര രൂപ ———. (കൊടുക്കണം, കൊടുക്കണോ, കൊടുക്കണ്ടേ)
5. ——— ഒന്നും നിനക്ക് പരിചയമില്ലേ? (അവരെ, അവരുടെ, അവർക്ക്)
6. നിങ്ങൾ ഈ കസേരയിൽ ———. (ഇരിക്ക്, ഇരിക്കു, ഇരിക്കട്ടെ)

**II** Fill in the blanks using the correct forms of the words given.

1. എനിക്കിന്നു മാർക്കററിൽ നിന്ന് പല സാധനങ്ങളും ———. (വാങ്ങ്)
2. അവൻ അതും ———. (എടുക്ക്)
3. കമലയ്ക്കും ——— ഞാൻ ആ പുസ്തകം കൊടുക്കട്ടെ. (രാമു)
4. അദ്ദേഹം ഫോണിൽ ———. (സംസാരിക്ക്)
5. നീ ഇന്നു പത്തു മണിക്കുതന്നെ എന്റെ ——— വരണം. (വീട്)
6. ——— കൂടെ നീയും പോകണം. (അവർ)
7. ———ക്കാൾ വലിയ പുസ്തകമാണോ ഇതു്? (അതു്)

**III** Fill in the blanks suitably.

1. അച്ഛൻ എന്റെ കൂടെ നിൽക്കു, ചേട്ടൻ ———.
2. പെണ്ണേ, ——— എനിക്കൊട്ടും പേടിയില്ല.
3. അവനുവേണ്ടി ——— എക്സിബിഷൻ കാണണം.
4. കഥകളി ——— ആസ്വദിക്കണം?
5. ——— ഈ പുസ്തകം ഞാൻ വായിക്കണോ?
6. ഈ സുവർണ്ണാവസരം നിങ്ങൾ ———.
7. ഈ ഫണ്ടുപിരിവ് ഒരു ——— വേണ്ടിയാണ്.
8. കേരള സമാജക്കാർ ആണ് ഈ പരിപാടിയുടെ ———.
9. ആർക്കു ——— നിങ്ങൾ ആ കാര്യം ചോദിക്കണം?
10. ——— ഈ പടങ്ങളൊന്നും കാണണ്ടേ?

**IV** Fill in the incomplete dialogues.

1. A. ശ്രീവിഹാറിലെ പുതിയ സിനിമ നിനക്കു കാണണ്ടേ?
   B. പിന്നെ? . . . . . . . . . . . . . . . . . . . . .

2.A. ആര്യഭവനിലെ മാനേജരെ നമുക്കു വിളിക്കണ്ടേ?
B. പിന്നെ? . . . . . . . . . . . . . . . . . . .

3.A. നിനക്കിന്നു തന്നെ പോകണോ?
B. . . . . . . . . . . . . . . . . . . . . . . . .
A. എന്താണിത്ര ധൃതി, നീ നാളെ രാവിലെ പോ.
B. . . . . . . . . . . . . . . . . . . . . . . . .
A. അതൊക്കെ രഘു നോക്കട്ടെ.

4.A. . . . . . . . . . . . . . . . . . . . . . . . .
B. എന്താ മോനേ ഇതു്? കൊച്ചുകുട്ടികൾക്കു് രാവിലേം, വൈകുന്നേരോം ചായ കുടിക്കണോ? വേണ്ട. അതു നല്ലതല്ല. നീ പാലു കുടിക്കു്.
A. . . . . . . . . . . . . . . . . . . . . . . . .
B. എന്നാൽ പിന്നെ മോരു് കുടിക്കു്. അതു നല്ലതാണു്.
A. . . . . . . . . . . . . . . . . . . . . . . . .
B. നീ എന്നെ ശല്യപ്പെടുത്തണ്ട. നീ ഒന്നു പോ. എനിക്കു് അടുക്കളയിൽ ജോലിയുണ്ടു്.

5.A. അമ്മാ, ഞാനച്ഛന്റെ കൂടെ ആലപ്പുഴയ്ക്കു പോട്ടോ?
B. . . . . . . . . . . . . . . . . . . . . . . . .
A. ഉണ്ടു്. സ്കൂൾ ഉണ്ടു്, പക്ഷെ വലിയ പാഠങ്ങളൊന്നും അപ്പോൾ ഇല്ല.
B. . . . . . . . . . . . . . . . . . . . . . . . .
A. എന്നും എന്തിനു് സ്കൂളിൽ പോകണം?

6.A. . . . . . . . . . . . . . . . . . . . . . . . .
B. എന്നെ നിങ്ങൾ ശല്യപ്പെടുത്തരുതു്. എനിക്കൊരു സ്ഥലത്തു് പോകണം.
A. . . . . . . . . . . . . . . . . . . . . . . . .
B. നിങ്ങളോ? വേണ്ട. നിങ്ങൾ എന്റെ കൂടെ വരണ്ട.

7.A. റാണീ, എന്റെ പുസ്തകത്തിൽ നല്ല നല്ല ചിത്രങ്ങൾ ഉണ്ടു്. നോക്കു്.
B. . . . . . . . . . . . . . . . . . . . . . . . .
A. വേണ്ട, നീ ഇതെടുക്കണ്ട. നീ നിന്റെ പുസ്തകത്തിലെ പടങ്ങൾ നോക്കണം.
B. എനിക്കു്. . . . . . . . . . . . . . . . . . . .
A. വേണ്ട. . . . . . . . . . . . . . . . . . . . .
B. എന്റെ പുസ്തകവും ഇനി ചേട്ടൻ എടുക്കണ്ട.

## VOCABULARY

| | | | |
|---|---|---|---|
| തീയേററർ | 'theatre' | സിനിമ | 'cinema' |
| ഇണപ്രാവുകാം | 'pair of doves' | പ്രസിദ്ധം | 'famous' |
| മോശം | 'bad' | പ്രോഗ്രാം | 'programme' |
| ടൗൺഹാാം | 'town hall' | പരിപാടി | 'programme' |
| ആട്ടം | 'dance' | ചരിത്രം | 'history' |
| സംഘാടകർ | 'organizers' | കല | 'art' |
| ആസ്വദിക്ക് | 'to appreciate' | നിരക്ക് | 'rate' |
| ബെനിഫിററ്ഷോ | 'benefit show' | ഫണ്ട് | 'fund' |
| പിരിവ് | 'collection' | കളി | 'play,game' |
| മനസ്സിലാക്കു് | 'to understand' | | |
| സുവർണ്ണാവസരം | 'golden opportunity' | | |
| തീയതി | 'date' | വാങ്ങ് | 'buy' |
| ഏൽക്ക് | 'to shoulder the responsibility' | | |
| പരിചയം | 'acquaintance' | | |

## NOTES

6.22.1. Obligatory constructions indicating one's strong wish, desire or obligation are introduced. These are formed by adding –ണം and –ണ്ട (which are the contracted forms of the defective verbs വേണം and വേണ്ട to the verb stem. Dative case suffix –ക്ക് 'to' is added to the person or the thing that has the obligation of performing the action denoted by the verb.

| | |
|---|---|
| എനിക്ക് പോകണം. | I want to go.<br>I have to go. |
| മാഥുറിന് ആസ്വദിക്കണം. | Mathur wants to appreciate. |
| നിനക്കു പോകണ്ടേ? | Don't you want to go? |

Like വേണം and വേണ്ട the forms ആയിരുന്നു and ആയിരിക്കും can be added to these obligatory constructions to indicate past and future.

ഇതിനു മുൻപേതന്നെ കാണണമായിരുന്നു.

I wanted to see even earlier.

(I should have seen even earlier.)

6.22.2. The suffix –കാൾ preceded by accusative case –ഐ indicates comparative degree.

eg : അതിനെക്കാളും നല്ല പ്രോഗ്രാം വേറെ ഉണ്ട്.

There is a better programme than that.

അവനെക്കാളും നന്നായി നീ പറയണം.

'You should tell better than him.'

6.22.3. Dative case –ഉ് or –ക്ക് followed by വേണ്ടി clearly indicates the purpose or beneficiary.

ഈ ഫണ്ട് പിരിവ് ഒരു സ്കൂളിനു വേണ്ടിയാണ്.

This collection is for (the sake of) a school.

കുട്ടികൾക്കുവേണ്ടി അച്ഛനമ്മമാർ പറയട്ടെ.

Let the parents tell for (the sake of) children.

6.22.4. മുട്ടത്തു വർക്കി is one of the very popular novelists in Malayalam. He has written about 100 or more novels. Many of his novels are filmed.

6.22.5. കഥകളി is a famous Indian dance form which is known also outside India. This is an art born and nourished in Kerala. Though it is a popular art form, it is a highly technical and classical dance of excellence using different kinds of MUDRAS 'gestures'. The actors wear colourful costumes. Mainly Puranic Stories from Mahabharata or Ramayana are played. The most famous of Kathakali Programmes in Kerala is the play depicting the story of Nala and Damayanti (from the Mahabharata tales). This story is retold for the purpose by ഉണ്ണായിവാര്യർ one of Kerala's versatile poets. നളചരിതം ആട്ടക്കഥ, as it is popularly known, is usually played for four nights. കേരള കലാമണ്ഡലം at ചെറുതുരുത്തി in Trichur District of Kerala is an institution which imparts training in various art forms like കഥകളി to students from different parts of India and the world. This centre of arts was founded by late Sri. Vallattol Narayana Menon an eminent poet of Kerala, who actually breathed life to this dying art form കഥകളി.

UNIT 6

# LESSON 23

## എനിക്കു് പച്ചവെള്ളം കുടിക്കാമോ?

| | | |
|---|---|---|
| റാണി: | അമ്മാ എനിക്കു പച്ചവെള്ളം കുടിക്കാമോ? | Mummy, may I drink cold water ? |
| അമ്മ: | നല്ല പനിയുണ്ടല്ലോ മോളേ. നീയിപ്പോൾ പച്ച വെള്ളം കുടിക്കണ്ട. | You have high fever. Don't drink cold water now. |
| റാണി: | പക്ഷെ എനിക്കു വല്ലാത്ത ദാഹം ഉണ്ടമ്മാ. എന്തെങ്കിലും കുടിക്കണം. | But I am terribly thirsty. I want to drink something. |
| അമ്മ: | കുറച്ചു കഞ്ഞിവെള്ളമോ, ബാർലിവെള്ളമോ കൊണ്ടുവരട്ടെ. അത്രനേരം നീ ഒന്നു വെറുതെ കിടക്കു്. | Let me bring some rice gruel or barley water. Till then you please lie down quietly. |

| | | |
|---|---|---|
| റാണി: | വേണ്ടമ്മാ, ഇന്നലേം മിനിഞ്ഞാന്നും ഒക്കെ എനിക്ക് മരുന്നും, ബാർലിവെള്ളവും, റൊട്ടിയും മാത്രം ആയിരുന്നില്ലേ? | No, mummy. Wasn't I having only barley water, medicine and bread yesterday and day before yesterday? |
| അമ്മ: | അതെന്റെ കുറ്റമാണോ മോളേ? | Is it my fault, dear ? |
| റാണി: | കുറ്റം എന്റേതും അല്ല. ഈ ചീത്തപ്പനിതന്നെ എല്ലാത്തിനും കാരണം. | The fault is not mine either. This bad fever is responsible for every thing. |
| അമ്മ: | അതുകൊണ്ട്? | So? |
| റാണി: | ഇപ്പോഴൊന്നും വേണ്ട. പക്ഷെ മറ്റെന്നാൾ മുതലെങ്കിലും എനിക്കു ചോറുണ്ണാമോ? | Now I don't want any-thing. But can I have rice at least from day after tomorrow. |
| അമ്മ: | എന്തൊരു വെപ്രാളമാണു കുട്ടീ! നിന്റെ പനിയും ചുമയും എല്ലാം ഒന്നു കുറയട്ടെ. അതുവരെ നീ ചോറും, പലഹാരവും ഒന്നും കഴിക്കണ്ട. | Child, what a hurry is this! Let your fever, cough and all come down. Till then don't take rice or tiffin. |
| റാണി: | അപ്പോൾ ചേട്ടനുമാത്രം എല്ലാം തിന്നാം അല്ലേ? ഇന്നലെ ചേട്ടനും വയറുവേദനയായിരുന്നില്ലേ? | That means only elder brother is permitted to eat everything. Isn't it ? Yesterday, wasn't he also having stomach ache ? |
| അമ്മ: | കൊച്ചുകുഞ്ഞിനെപ്പോലെ വാശിപിടിക്കണ്ട മോളേ. രണ്ടു ദിവസം കൂടികഴിയട്ടെ. പിന്നെ നിനക്കെല്ലാം തിന്നാം. | Dear, don't be obsti-nate like a baby ? Let two more days pass. Then you can eat every-thing. |
| റാണി: | ഈ ശനിയാഴ്ച എനിക്കു തല കുളിക്കാമോ, അമ്മാ. | Can I have head bath this Saturday? |

**അമ്മ:** ഒന്നു ചുമ്മാ കിടക്കൂ മോളേ. ശനിയാഴ്ചയ്ക്ക് ഇനിയും മൂന്നു ദിവസം ഇല്ലേ? കുളിയുടെ കാര്യമൊക്കെ നമുക്കപ്പോൾ ആലോചിക്കാം. നീ ഇപ്പോൾ മരുന്നു കുടിക്കണം. മണി പതിനൊന്നേകാലായി.

Please lie down quietly, my dear. Aren't there three more days for Saturday ? We can think about bath, etc., then. Now you should take this medicine. It is quarter past eleven.

## DRILLS

### A. Repetition drill

1. ചേട്ടനു മാത്രം എപ്പോളും കളിക്കാം.
2. നമുക്കു വൈകുന്നേരം പോകാം.
3. മറ്റെന്നാൾ നിങ്ങളെ വിളിക്കാം.
4. നാളെ നിങ്ങൾക്കവിടെ എത്താം.
5. എല്ലാവർക്കും ഈ പുസ്തകം വായിക്കാം.

### B. Expansion drill

Model

കൊച്ചുകുഞ്ഞിനും കഴിക്കാം.
മരുന്ന്
കൊച്ചുകുഞ്ഞിനും മരുന്നു കഴിക്കാം.
ഡോക്ടറുടെ
കൊച്ചുകുഞ്ഞിനും ഡോക്ടറുടെ മരുന്നു കഴിക്കാം
പുതിയ
കൊച്ചുകുഞ്ഞിനും പുതിയ ഡോക്ടറുടെ മരുന്നു കഴിക്കാം.
സിറ്റിയിലെ
കൊച്ചുകുഞ്ഞിനും സിറ്റിയിലെ പുതിയ ഡോക്ടറുടെ മരുന്നു കഴിക്കാം.

1. നമുക്കു കാണാം.

മറ്റെന്നാൾ
നമുക്കു മറ്റെന്നാൾ കാണാം.

സിനിമ

നമുക്കു സിനിമ മററന്നാറം കാണാം

ഹിന്ദി

നമുക്കു ഹിന്ദി സിനിമ മററന്നാറം കാണാം.

ആ

നമുക്കു് ആ ഹിന്ദി സിനിമ മററന്നാറം കാണാം.

2. ചേട്ടനു പോകാം.

എല്ലാ സ്ഥലത്തും

ചേട്ടനു് എല്ലാ സ്ഥലത്തും പോകാം.

മാത്രം

ചേട്ടനു മാത്രം എല്ലാ സ്ഥലത്തും പോകാം.

## C. Substitution drill

1. നിനക്കു് ഈ പുസ്തകം നോക്കാം.

വായിക്കാം.

കാണാം.

വാങ്ങിക്കാം.

എഴുതാം.

ആസ്വദിക്കാം.

2. അദ്ദേഹത്തിനു് എല്ലാവരേയും വിളിക്കാം.

ശല്യപ്പെടുത്താം

കാണാം

പിടിക്കാം

നോക്കാം

3. ഈ പുസ്തകം നമുക്കു മധുവിനു കൊടുക്കാം.

സീതയ്ക്കു

രാമുവിനു

സരോജത്തിനു

രാജനു

ലൈബ്രറിക്കു

4. നിനക്കു് ഇന്നു തന്നെ വീട്ടിലെത്താം.

എനിക്കു്
അവനു്
അദ്ദേഹത്തിനു്
അവരാക്കു്
അവർക്കു്
അതിനു്
നമുക്കു്

## D. Restatement drill

1. അവൻ ആ കാര്യം പറയട്ടെ.
   അവനു് ആ കാര്യം പറയാം.

2. കൊച്ചുകുട്ടികരം എല്ലാം തിന്നട്ടെ.
   കൊച്ചുകുട്ടികരാക്കു് എല്ലാം തിന്നാം.

3. അദ്ദേഹം സംസാരിക്കട്ടെ.
   അദ്ദേഹത്തിനു് സംസാരിക്കാം.

4. അവരം കുഞ്ഞിനെപ്പോലെ വാശിപിടിക്കട്ടെ.
   അവരാക്കു കുഞ്ഞിനെപ്പോലെ വാശിപിടിക്കാം.

## EXERCISES

I Fill in the blanks using the correct forms of the words given in the brackets.

1. നാളേം ——— ഈ മരുന്നു കഴിക്കണോ? (ഞാൻ)
2. ഞാൻ നിനക്കു കഞ്ഞിവെള്ളം ———? (കൊണ്ടുവരു)
3. അതു് നിങ്ങളുടെ കുററം ———? (അല്ല)
4. ഈ ——— കാരണം ചീത്ത ആഹാരമാണു് (പനി)
5. അദ്ദേഹത്തിനെ ——————— ശല്യപ്പെടുത്താം (പ്രദീപ്)
6. ——————— കഥകളി കാണാം. (നമ്മരം)

II Fill in the blanks suitably.

1. ഞാൻ പച്ചവെള്ളത്തിൽ ———?
2. രാധയ്ക്കു് ഈ മരുന്നു് ———?
3. അവർ ആ പുസ്തകം ———. എനിക്കതു വായിക്കണ്ട.
4. ആ പുതിയ ——— ആർക്കൊക്കെ പോകണം?
5. മോളേ, നീ ——— വാശിപിടിക്കരുതു്.
6. നിനക്കു ———ക്കാളും ഇഷ്ടം ചോറാണോ?

III Convert the following sentences using -അട്ടെ forms of the respective verbs.

1. രാജനു് കഥകളി ആസ്വദിക്കാം.
2. കുട്ടികൾക്കു് ഇംഗ്ലീഷ് സിനിമ കാണാം.
3. എല്ലാവർക്കും അവരെ ശല്യപ്പെടുത്താം.
4. പത്തു രൂപേടെ ടിക്കറ്റു് എടുക്കാം.
5. എനിക്കു് ഹോട്ടൽ കാമധേനുവിൽ പോകാം.
6. രാവിലേം, ഉച്ചയ്ക്കും രാഘവനു് ചായ കുടിക്കാം.

IV Using the given table construct at least 30 sentences with verb forms having -ഊ, -ഇൻ, -അണം, -അണ്ട, -ആം and -ആട്ടെ.

| | | |
|---|---|---|
| നീ<br>നമ്മൾ<br>രാജു<br>കമലം<br>കുമാർ<br>അവർ<br>സീത | ചിത്രം<br>വീടു്<br>മരുന്നു്<br>പുസ്തകം<br>ചായ<br>സിനിമ | കാണു്<br>പോകു്<br>കുടിക്കു്<br>വായിക്കു്<br>ആസ്വദിക്കു്<br>വിളിക്കു്<br>കഴിക്കു്<br>കൊണ്ടുവരു |

## VOCABULARY

| | | | |
|---|---|---|---|
| വല്ലാത്ത | 'terrible' | പനി | 'fever' |
| ദാഹം | 'thirst' | ബാർലി | 'barley' |
| നേരം | time | കൊണ്ടുവരു് | 'bring' |
| കിടക്കു് | 'to lie down' | മിനിഞ്ഞാന്നു് | 'day before yesterday' |
| കഞ്ഞിവെള്ളം | 'rice gruel' | കുറ്റം | 'fault, defect' |
| ചുമ | 'cough' | കുറയു് | 'decrease, reduce' |
| വയറുവേദന | 'stomach ache' | കഴിയു് | 'to be over' |
| കൊച്ചുകുഞ്ഞു് | 'small baby' | തിന്നു് | 'to eat' |
| വാശിപിടിക്കു് | 'to be obstinate' | കുളിക്കു് | 'to bathe' |
| ചുമ്മാ | 'simply' | | |

## NOTES

7·23·1 Verbs showing permission, ability and privilege are introduced in this lesson. They are formed by the addition of the suffix –ആം to the verb stem. The beneficiary will take the suffix –ക്ക്/ഉ്.

എനിക്ക്· അവിടെ പോകാം.

I can go there.
(I may go there.)

UNIT 6

# LESSON 24

## എന്നെ കളിയാക്കരുത്

### CONVERSATION

| | | |
|---|---|---|
| മുഹമ്മദ്:: | നമസ്കാരം സാർ. വരൂ. ഇങ്ങോട്ടിരിക്കൂ. | Good morning. Please come. Please be seated. |
| ലേഖ: | വേണ്ട വേണ്ട. താൻ തന്റെ സീറ്റിൽത്തന്നെ ഇരിക്കണം. എനിക്കീ സ്റ്റൂം മതി. അവിടത്തെക്കാളും നല്ല കാറ്റും, വെളിച്ചവും ഒക്കെ ഇവിടെ ഉണ്ട്. വാതിലും, ജന്നലും ഒക്കെ ഇവിടാണല്ലോ: | No. That is not necessary. You should occupy your seat. This stool is sufficient for me. It is more airy and lighted here. The door and the window are here. |

| | | |
|---|---|---|
| മുഹ: | ക്ഷമിക്കണം സാർ. ഇതൊരു ചെറിയ ഓഫീസാണ്. വലിയ സൌകര്യങ്ങളൊന്നുമില്ല. | Please excuse me. This is a small office. We don't have enough facilities. |
| ലേഖ: | എന്തിനാണു മമ്മതേ, ഇത്ര വലിയ ക്ഷമാപണം? ഇതു തന്റെ വീടൊന്നുമല്ല. സർക്കാർ ഓഫീസല്ലേ? അതും സംസ്ഥാനസർക്കാരിന്റെ ഒരു ഗ്രാമവികസന ഓഫീസ്. | Mammat, why do you have to be so apologetic about it ? This is not your house. Isn't this a government office ? That too it is a village development office of the State government. |
| മുഹ: | അതു ശരി. അപ്പോ സാറിന്റെ വരവിന് എന്തോ ഉദ്ദേശമുണ്ടല്ലോ. | That is O.K. I feel that there is some purpose behind your visit. |
| ലേഖ: | ഉണ്ട്. തന്റെ ഊഹം ശരിതന്നെ. എന്നാൽ നമുക്കിനി വിഷയത്തിലോട്ടു കടക്കാം. എനിക്കൊരഭിമുഖസംഭാഷണം നടത്തണം. | Yes. You have guessed it correctly. Now let us go to the topic. I want to conduct an interview. |
| മുഹ: | അഭിമുഖസംഭാഷണമോ? അതിനു ഞാനത്ര വലിയ വ്യക്തിയൊന്നുമല്ലല്ലോ. | Interview? I am not that important a person to be interviewed? |
| ലേഖ: | തനിക്കെന്താണെടോ കുറവ്? സംസ്ഥാനത്തിലെ ഏററവും നല്ല ഗ്രാമസേവകനല്ലേ താൻ? താനാണല്ലോ ആ സമ്മാനത്തിന്റെ ഉടമസ്ഥൻ. മുഖവുര ഇത്രയൊക്കെ പോരേ? ചോദ്യങ്ങളാരംഭിക്കട്ടോ? | What do you lack ? Aren't you the best Gramasevak in the State ? You are the recipient of that award. Isn't this much of preface sufficient ? May I start the questions ? |
| മുഹ: | എല്ലാം സാറിന്റെ ആജ്ഞ. ഞാനൊരു പൊതുജനസേവകൻ. | Everything can be as you order. I am a public servant. |

| | | |
|---|---|---|
| ലേഖ: | തനിക്ക് വലിയൊരു പ്രാസംഗികന്റെ ശൈലിയൊക്കെ ഉണ്ടല്ലോ. അതും ഒരു രാഷ്ട്രീയ നേതാവിന്റെ ശൈലി. | You have the style of a good orator, that too the style of a political leader. |
| മുഹ: | എന്നെ കളിയാക്കരുത്, സാർ. ഞാനൊരു പാവമാണ്. | Sir, please don't make fun of me. I am a poor fellow. |
| ലേഖ: | ശരി. ശരി. റെഡിയായോ? | Yes. That is O.K. Are you ready ? |
| മുഹ: | ക്ഷമിക്കണം സാർ. ഒരഞ്ചാറു മിനിട്ടത്തെ താമസമുണ്ട്. ഇതൊക്കെ ഒന്നു ശരിയാക്കട്ടെ. എനിക്കിന്നുതന്നെ മേലധികാരിക്ക് ഈ റിപ്പോർട്ടയക്കണം. | Please excuse me. I shall be free after five or six minutes. Let me finalise this. Today itself I should send this report to the boss. |
| ലേഖ: | എന്തിന്റെ റിപ്പോർട്ടാ? കുടുംബാസൂത്രണം, വന്ധ്യംകരണ ശസ്ത്രക്രിയ, കൂട്ടകൃഷി, രാസവളം, ഇതിന്റെ ഒക്കെ കണക്കാണോ? | What is that report about ? Is it the account of Family Planning, Sterilisation operation, Co-operative farming, chemical fertilisers, etc? |
| മുഹ: | എല്ലാമുണ്ട് സാർ ഞങ്ങൾക്ക്. പക്ഷെ ഈ റിപ്പോർട്ട് ഇവിടത്തെ കോഴിവളർത്തലിനെപ്പറ്റിയാണ്. ഈ ഗ്രാമത്തിൽ ആകെ അഞ്ഞൂററിപ്പതിനേഴ വീടുകളുണ്ട്. അതിൽ മുന്നൂററിഅമ്പതിലധികം വീട്ടുകാർക്കും കോഴികളുണ്ട്. | We have everything. But this report is regarding the poultry farming here. There are five hundred and seventeen families here. Of those families more than three hundred and fifty have fowls. |

| | | |
|---|---|---|
| ലേഖ: | ശരി. ശരി. അതിനെപ്പററിയൊക്കെ നമുക്ക പിന്നെ സംസാരിക്കാം. ആദ്യം തൻെറ ജോലി തീർക്കു. അതിനു് ഞാൻ ഒരു തടസ്സം ആകരുതു്. | Yes. We can talk about that later. You first finish your work. I should not be a hindrance to it. |

## VOCABULARY

| | | | |
|---|---|---|---|
| സ്റ്റൂൾ | 'stool' | കാററു് | 'wind' |
| വെളിച്ചം | 'air' | വാതിൽ | 'door' |
| ജന്നൽ | 'window' | ഓഫീസു് | 'office' |
| ക്ഷമാപണം | 'apology' | സർക്കാർ | 'government' |
| ഗ്രാമവികസനം | 'village development' | | |
| വരവു് | 'coming, arrival' | ഉദ്ദേശം | 'aim' |
| ഊഹം | 'guess' | വിഷയം | 'topic, subject' |
| കടക്ക് | 'enter, cross' | അഭിമുഖം | 'face to face' |
| സംഭാഷണം | 'dialogue' | വ്യക്തി | 'individual' |
| അഭിമുഖസംഭാഷണം | 'interview' | കുറവു് | 'defect' |
| ഗ്രാമസേവകൻ | 'Gramsevak' | സമ്മാനം | 'gift, award, prize' |
| മുഖവുര | 'preface' | ആജ്ഞ | 'command' |
| പൊതുജനം | 'public' | സേവകൻ | 'one who serves' |
| പ്രാസംഗികൻ | 'speaker' | ശൈലി | 'idiom, style' |
| രാഷ്ട്രീയനേതാവു് | 'political leader' | കളിയാക്ക് | 'to make fun of, to laugh at' |
| പാവം | 'poor' | താമസം | 'delay' |
| ശരിയാക്ക് | 'to correct, to complete' | | |
| റിപ്പോർട്ടു് | 'report' | | |
| മേലധികാരി | 'superior officer, boss' | | |
| കുടുംബാസൂത്രണം | 'family planning' | | |
| വന്ധ്യംകരണം | 'sterilization' | ശസ്ത്രക്രിയ | 'operation' |
| കൂട്ടുകൃഷി | 'co-operative farming' | | |
| കണക്ക് | 'account' | കോഴി | 'fowl' |
| കോഴിവളർത്തൽ | 'poultry farming' | തടസ്സം | 'obstacle' |

## EXERCISES

I Fill in the blanks using the correct forms of the words given in the brackets.

1. ——, സാർ, ഞാൻ എന്റെ ജോലി ചെയ്യട്ടെ. (ക്ഷമിക്ക്)
2. ഞങ്ങൾക്കും —— കഥകളി കാണണം. (കലാമണ്ഡലക്കാർ)
3. എനിക്ക് ഇന്നുതന്നെ ഈ പുസ്തകം ——. (അയയ്ക്കു്)
4. —— എന്താണ കുറവ്? (നീ)
5. —— ഏറ്റവും വലിയ നഗരം കൽക്കത്തയാണ്. (ഭാരതം)
6. വഴുതനങ്ങയും —— നിങ്ങളുടെ വീട്ടിലെ തോട്ടത്തിലും ഉണ്ടോ? (കത്തിരിക്ക)
7. ആരും തനിയെ ഒരു സ്ഥലത്തും ——. (പോക്)
8. —— പോലെ നീയും വായിക്ക് (അച്ഛൻ)
9. —— വേണ്ടി അച്ഛനമ്മമാർ വരണം. (കുട്ടികൾ)
10. മധുവിനു് —— കൂടെ പോകണം? (ആരു്)
11. നാളെ രാത്രി —— അവിടെ എത്താം. (രാജീവ്).

II Fill in the blanks suitably.

1. കോഴി —— പറ്റി ഒരു റിപ്പോർട്ട് അയാൾക്ക് അയയ്ക്കണം.
2. എന്റെ —— വലിയ സൗകര്യങ്ങളൊന്നുമില്ല.
3. ഇതു് സർക്കാർ ഓഫീസ് ——?
4. തനിക്ക് ഒരു —— ശൈലി ഉണ്ടല്ലോ.
5. സാർ എന്നെ ——.
6. ഞാൻ ചോദ്യങ്ങൾ ——?
7. —— ഇന്നു വൈകുന്നേരം തന്നെ പോകണോ?
8. മോളേ, —— നാളെ സ്കൂളിൽ പോകാം.
9. എനിക്ക് —— ഒട്ടും പേടിയില്ല.
10. അവർക്ക് എല്ലാ കാഴ്ചകളും ——.
11. അച്ഛനും ചായ ——?
12. —— അതൊക്കെ പിന്നെ കാണാം.

III Transform the following statements to their corresponding negatives.

1. **ഞങ്ങൾക്ക് ഇന്നു വൈകുന്നേരം അദ്ദേഹത്തിനെ കാണണം.**
2. **നിങ്ങൾ എന്റെ കൂട്ടുകാരനെ ഫോണിൽ വിളിക്കു.**
3. **വേണു തനിച്ച് സിനിമ കാണാൻ പോകട്ടെ.**

4. പ്രഭാ തിയേററിൽ മലയാളം സിനിമയുണ്ട്.
5. ഞങ്ങൾക്ക് രാസവളം വാങ്ങിക്കണം.
6. കോഴിവളർത്തലിനെപ്പററി ഒരു റിപ്പോർട്ട് അവർ എഴുതട്ടെ.
7. അദ്ദേഹത്തിനെപ്പററി നമ്മൾക്കും പറയണം.

IV Expand the given sentences using three or more additional words.

1. എനിക്ക് ആസ്വദിക്കണം.
2. എല്ലാവർക്കും വായിക്കണം.
3. അദ്ദേഹത്തിൻേറതു് ആണ്.
4. നീ ചെയ്യരുത്.
5. ഇതു് പരിപാടിയുടെ റിപ്പോർട്ടാണ്.
6. ഈ നഗരത്തിൽ ഉണ്ട്.
7. കുട്ടികൾക്കുവേണ്ടി പോകണം.
8. നമുക്ക കാണണം.
9. ടൗൺ ഹാളിലുണ്ട്.
10. നമുക്ക ചെയ്യാം.

V Use in sentences of your own.

പാഴാക്ക്, കളിയാക്ക്, മനസ്സിലാക്ക്, ആസ്വദിക്ക്, സന്തോഷിക്ക്, പരസ്യം, വെപ്രാളം, തനിയെ, ആൾക്കൂട്ടം, കണ്ണട.

VI Fill in the incomplete dialogues.

1.A. ചേട്ടാ നമുക്കാ സർക്കസ് കാണണ്ടേ?

B. . . . . . . . . . . . . . . . . . . . . . .

A. ചേട്ടന് സർക്കസ് ഇഷ്ടമില്ലേ? അയ്യോ!

B. . . . . . . . . . . . . . . . . . . . . . .

2.A. അവർക്കും ജീവിതം ആസ്വദിക്കണം. അവർ പോകട്ടെ.

B. . . . . . . . . . . . . . . . . . . . . . .

A. ജോലിയൊക്കെ ഇന്നുതന്നെ തീർക്കണോ? നാളെയും സമയമുണ്ടല്ലോ. മറെറന്നാളും അവധിയാണ്. അന്നു ചെയ്യട്ടെ.

B. . . . . . . . . . . . . . . . . . . . . . .

A. സാരമില്ല. രണ്ടുമൂന്നു ദിവസം താമസിക്കട്ടെ. ഒരു കുഴപ്പവുമില്ല.

3.A. ഈ കഥകളിയെപ്പററി നീയെന്തെങ്കിലും സംസാരിക്കണം.

B. . . . . . . . . . . . . . . . . . . . . . . . . .

A. മുഖസ്തുതി അല്ല. സത്യമാണ്. നാളത്തെ മീററിങ്ങിൽ നീ സംസാരിക്കണം.

B. . . . . . . . . . . . . . . . . . . . . . . . . .

A. പേടിയോ? നിനക്കെന്തിനാ പേടി? ഈ സംസ്ഥാനത്തിലെ ഏററവും നല്ല അധ്യാപകനല്ലേ നീ?

4.A. . . . . . . . . . . . . . . . . . . . . . . . . .

B. കലാമണ്ഡലക്കാരുടെ കളിയോ? എന്താണ കഥ?

A. . . . . . . . . . . . . . . . . . . . . . . . . .

B. കാണണം. ഇതിന മുൻപുതന്നെ കാണണമായിരുന്നു. അതിരിക്കട്ടെ. ഈ കഥ വളരെ നല്ലതാണോ?

A. . . . . . . . . . . . . . . . . . . . . . . . . .

B. ശരി. ഇരുപതു രൂപയുടെ മൂന്നു ടിക്കററു നമുക്കു വാങ്ങണം.

A. . . . . . . . . . . . . . . . . . . . . . . . . .

B. എൻെറ നാട്ടുകാരൻ ഒരാളും ഇപ്പോൾ എൻെറ കൂടെയുണ്ട്. അയാളും കാണട്ടെ. എന്താ നിങ്ങൾക്കു വിരോധമുണ്ടോ?

A. . . . . . . . . . . . . . . . . . . . . . . . . .

UNIT 7

LESSON 25

# ഒന്നുമില്ലേ തിന്നാൻ?

## CONVERSATION

| | | |
|---|---|---|
| വേണു: | അമ്മാ എനിക്കു ഭയങ്കര വിശപ്പ്! തിന്നാൻ എന്തെങ്കിലും ഉണ്ടോ? | Mummy, I am terribly hungry. Is there anything to eat ? |
| അമ്മ: | നിനക്കെപ്പോഴും എന്തേലും തിന്നാൻ വേണമല്ലോ. മണി ഇപ്പോ പന്ത്രണ്ടായി. ഊണു കഴിക്ക്. | Always you want something to eat. Now it is 12 O' clock. You have your meals. |
| വേണു: | എനിക്കു ചോറു വേണ്ടമ്മാ. വേറെ ഒന്നുമില്ലേ തിന്നാൻ? | I don't want rice. Isn't there anything else to eat ? |

| | | |
|---|---|---|
| അമ്മ: | വേറെ പിന്നെ എന്തു വേണം ഈ നട്ടുച്ചയ്ക്കു്? | What else do you need this noon ? |
| വേണു: | രാവിലത്തെ പലഹാരമില്ലേ? | Don't you have morning's tiffin? |
| അമ്മ: | ഉണ്ടു്. അതു മതിയോ? | Yes. I have. Is that sufficient ? |
| വേണു: | മതി. പുട്ടും, പഴവും ധാരാളം മതി. പക്ഷെ അതിന്റെ കൂടെ എന്തെങ്കിലും കുടിക്കാനും തരണം. | Yes. Puttu and banana will be more than sufficient. But with that you should give me something to drink also. |
| അമ്മ: | അതിനു പ്രയാസമൊന്നുമില്ലല്ലോ. പൈപ്പിൽ ഇഷ്ടംപോലെയില്ലേ വെള്ളം? | There is no difficulty for that. Isn't there sufficient water in the tap ? |
| വേണു: | അമ്മയ്ക്കും തമാശ പറയാൻ നേരമുണ്ടോ? എന്താമ്മേ? പലഹാരത്തിന്റെ കൂടെ പിന്നെ ഒന്നും കുടിക്കണ്ടേ? | Mummy, do you also have time to cut jokes? What is this, mummy ? Shouldn't I drink something with the snacks ? |
| അമ്മ: | വേണം. വേണം, നിനക്കെന്തു വേണം? ചായയോ പാലോ? | You should. What do you want ? Tea or milk ? |
| വേണു: | ഈ വെയിലത്തു് അതൊക്കെ ആർക്കു വേണം? നാരങ്ങാനീരോ മറ്റോ ഉണ്ടോ? | Who wants such things in this hot sun ? Do you have lime juice or something of that sort ? |
| അമ്മ: | നാരങ്ങാവെള്ളം ഉണ്ടാക്കാൻ നാരങ്ങ ഇല്ലല്ലോ മോനേ. | There is no lemon to prepare lemon juice ? |
| വേണു: | പിന്നെ ഞാൻ എന്തു കുടിക്കട്ടെ അമ്മാ? | Then what shall I drink, mummy ? |

| | | |
|---|---|---|
| അമ്മ: | മോരുണ്ട്. പോരേ? | There is butter-milk. Isn't it sufficient? |
| വേണു: | മതി. മതി. എനിക്കു മോരാണു കൂടുതൽ ഇഷ്ടം. | That's enough. I like butter-milk better. |
| അമ്മ: | ശരി. എല്ലാത്തിനും നിനക്കൊരു അഭിപ്രായം പറയാൻ ഉണ്ടല്ലോ. ഇനി നീ ഊണുമുറിയിലോട്ടു പോ. അവിടെ മേശപ്പുറത്തുതന്നെയുണ്ട് മോരുഭരണി. | O. K. You will have some comment to make regarding everything. Now you may go to the dining hall. The butter-milk jar is on the table itself. |
| വേണു: | ഭരണി മാത്രമോ, അതോ മോരുമുണ്ടോ? അമ്മ ഒന്നു നോക്കൂ. | Is there only the jar or some butter-milk also ? Mummy, you better check. |
| അമ്മ: | വേണു നീ വെറുതെ എന്നെ ശല്യപ്പെടുത്താൻ നിൽക്കണ്ട. നോക്ക്. എന്തുമാത്രം തുണിയൊണ്ട് നനയ്ക്കാൻ! നിങ്ങൾക്കൊക്കെ വയ്ക്കാനും, വിളമ്പാനും, അലക്കാനും ഒക്കെ ഞാൻ തന്നെ വേണമല്ലോ. | Venu, please dont' disturb me. Look here. What lot of clothes I have to wash! You all want only me to cook, serve, wash, etc. for all of you. |
| വേണു: | അമ്മേ എനിക്കും ധാരാളം ജോലി ചെയ്യാനുണ്ട്! വായിക്കണം, എഴുതണം, പഠിക്കണം, പരീക്ഷ ജയിക്കണം. പിന്നെ പന്തു കളിക്കണം. അങ്ങനെ പല കാര്യങ്ങളും ഉണ്ട്. | Mummy, even I have to do a lot of work. I should read, write, study, pass the examination, etc., etc. Then I should play football. Like that I have many things. |
| അമ്മ: | ശരി. ശരി. നിന്റെ പ്രസംഗം ഒന്നു നിർത്തു്. വാ. മോരു കുടിക്ക്. | That is correct. Please stop your lecture. Come and drink the butter-milk. |

## DRILLS

### A. Repetition drill

1. ഈ പാഠം പഠിക്കാൻ എനിക്കു് പത്തുമിനിട്ടു മതി.
2. ഈ നട്ടുച്ചയ്ക്കു് നിനക്കു കുടിക്കാൻ എന്തുവേണം?
3. നിന്റെ കൂടെ വരാൻ ഇപ്പോഴും ഇവിടെ ആരുണ്ടു്?
4. ഒരു കഥ എഴുതാൻ അദ്ദേഹത്തിനു് ഒരു മാസം വേണമത്രേ.
5. എനിക്കും സിനിമ കാണാൻ പോകണം.

### B. Build up drill

Model

ഉണ്ടോ?

ഉണ്ടോ?

സമയം

സമയം ഉണ്ടോ?

പറയാൻ

പറയാൻ സമയമുണ്ടോ?

തമാശ

തമാശ പറയാൻ സമയമുണ്ടോ?

അമ്മയ്ക്കും

അമ്മയ്ക്കും തമാശ പറയാൻ സമയമുണ്ടോ?

1. തരൂ.

മൂന്നു രൂപ തരൂ.

കാണാൻ മൂന്നു രൂപ തരൂ.

സിനിമ കാണാൻ മൂന്നു രൂപ തരൂ.

എനിക്കു സിനിമ കാണാൻ മൂന്നു രൂപ തരൂ.

ചേച്ചീ, എനിക്കു സിനിമ കാണാൻ മൂന്നു രൂപ തരൂ.

2. ഇല്ലല്ലോ.

ആരുമില്ലല്ലോ.

വേറെ ആരുമില്ലല്ലോ.

വിളമ്പാനും വേറെ ആരുമില്ലല്ലോ.

വയ്ക്കാനും , വിളമ്പാനും വേറെ ആരുമില്ലല്ലോ?

ഇവർക്കൊക്കെ വയ്ക്കാനും, വിളമ്പാനും വേറെ ആരുമില്ലല്ലോ.

## C. Substitution drill

1. പാഠം എഴുതാൻ ഇനിയും സമയമുണ്ട്.

   വായിക്കാൻ

   പഠിക്കാൻ

2. തുണി നനയ്ക്കാൻ ഇവിടെ ആരുമില്ലേ?

   അലക്കാൻ

   തേയ്ക്കാൻ

   വാങ്ങിക്കാൻ

3. അമ്മേ, കുടിക്കാൻ എന്തെങ്കിലും തരൂ.

   തിന്നാൻ

   കഴിക്കാൻ

   എഴുതാൻ

   വായിക്കാൻ

4. വീട്ടിൽ പോകാൻ മൂന്നു ദിവസം വേണം.

   വരാൻ

   എത്താൻ

## D. Expansion drill

Model

എനിക്കു വേണം.

പുസ്തകം

എനിക്കു പുസ്തകം വേണം.

പുതിയ

എനിക്കു പുതിയ പുസ്തകം വേണം.

എഴുതാൻ

എനിക്ക് എഴുതാൻ പുതിയ പുസ്തകം വേണം.

1. അദ്ദേഹത്തിനു് ഇല്ല

   പണം

   അദ്ദേഹത്തിനു് പണമില്ല.

കൊടുക്കാൻ

അദ്ദേഹത്തിനു് കൊടുക്കാൻ പണമില്ല.

വാടക

അദ്ദേഹത്തിനു് വാടക കൊടുക്കാൻ പണമില്ല.

2. അവർക്കു വരണോ?

ഇവിടെ

അവർക്കു് ഇവിടെ വരണോ?

പറയാൻ

അവർക്കു് പറയാൻ ഇവിടെ വരണോ?

ആ കാര്യം

അവർക്കു് ആ കാര്യം പറയാൻ ഇവിടെ വരണോ?

E. Transformation drill

1. രാവിലെ കുടിക്കാൻ എനിക്കു ചായ വേണം.
   രാവിലെ കുടിക്കാൻ എനിക്കു ചായ വേണ്ട.
2. ഊണു കഴിക്കാൻ ഇനി സമയമുണ്ടു്.
   ഊണു കഴിക്കാൻ ഇനി സമയമില്ല.
3. അഭിപ്രായം പറയാൻ ഇവിടെ വരണോ?
   അഭിപ്രായം പറയാൻ ഇവിടെ വരണ്ടേ?
4. സിനിമ കാണാൻ അവനും വരണം.
   സിനിമ കാണാൻ അവനും വരണ്ട.
5. എന്റെ കൂടെ കളിക്കാൻ നീയും വാ.
   എന്റെ കൂടെ കളിക്കാൻ നീയും വരണ്ട.

## EXERCISES

I Fill in the blanks choosing the correct form.

1. നല്ല സിനിമയ്ക്കു —— എല്ലാവർക്കും ഇഷ്ടമാണു്. (പോകാൻ, കാണാൻ, പറയാൻ)
2. അവരെപ്പററി —— എനിക്കൊന്നും ഇല്ല. (നടക്കാൻ, നിൽക്കാൻ, എഴുതാൻ)
3. സർക്കസ്സ് കാണാൻ ഞാനും ——. (വരട്ടെ, ഉണ്ടാക്കട്ടെ, നനയ്ക്കട്ടെ)
4. ഈ തുണിയൊക്കെ —— വേറെ ആരുണ്ടു്? (കഴിക്കാൻ, തിന്നാൻ, അലക്കാൻ)

5. അഭിപ്രായം പറയാൻ അവനെ ———. (നിൽക്കു, വിളിക്കു, പോകു)
6. ആ വീടു വാങ്ങാൻ എനിക്കു പണം ———. (തീർക്കു, കൊടുക്കു, തരു)
7. വീടുണ്ടാക്കാൻ പണവും ——— വേണം. (സമയവും, പലഹാരവും, പുസ്തകവും)
8. ആ ——— എനിക്കു പേടിയാണു്. (ഭയങ്കരൻ, ഭയങ്കരൻെറ, ഭയങ്കരനെ)
9. ——— കൊടുക്കാൻ ഇവിടെ രൂപ ഇല്ല. (അവർക്കു്, അവളെ, അവളുടെ)
10. സർക്കസു് കാണാൻ ചേട്ടൻെറ കൂടെ ഞാനും ———? (പോകു, പോകരുതു്, പോകട്ടോ)

II Fill in the blanks using the correct forms of the words given in the brackets.

1. നാരങ്ങാനീരു് ——— പഞ്ചസാര വേണ്ടേ? (ഉണ്ടാക്കു്)
2. തമാശ ——— സമയം ഉണ്ടോ? (പറയു്)
3. പലഹാരത്തിൻെറ കൂടെ എന്തെങ്കിലും ——— തരു. (കുടിക്കു്)
4. സിനിമ ——— ധാരാളം പണം വേണ്ടല്ലോ. (കാണു്)
5. ആ കഥയെപ്പററി ഒരു നിരൂപണം ——— നിനക്കു സമയം ഇല്ലേ? (എഴുതു്)
6. ആ കുട്ടിക്കു് ——— എന്തെങ്കിലും കൊടുക്കട്ടെ. (തിന്നു്)

III Fill in the gaps suitably.

1. ജീവിതം ——— ധാരാളം പണം വേണം.
2. കള്ളക്കടത്തുകാർക്കു് ——— പേടി ഇല്ല.
3. അതു ——— ഇവിടെ വരണോ?
4. മോരു ——— തയിരും, വെള്ളവും വേണം.
5. എൻെറ സ്വന്തം ഗ്രാമത്തിൽ ——— മൂന്നു ദിവസം വേണം.
6. ആ കാര്യം ——— നീയാരു്?

IV Ten incomplete sentences and ten verbs are given. Choose the correct verb for each sentence and complete the sentence using its suitable form.

1. ആ ആലപ്പുഴക്കാരൻ സാറിനെ ഒന്നു ഫോണിൽ ———.
2. പലഹാരം ——— ഇവിടെ ഒന്നുമില്ലേ?
3. കഥകളി ——— ആർക്കിഷ്ടമില്ല?
4. കേരള സമാജക്കാരുടെ ഫണ്ടുപിരിവിനു ——— എനിക്കു സമയമില്ല.
5. ആ കാര്യം ——— നീ തന്നെ വരണോ?
6. മോരു കുടിക്കാൻ അടുക്കളയിലോട്ടു ———.
7. പച്ചക്കറി ——— മാർക്കററിൽ പോകണ്ടേ?
8. തലവേദനയ്ക്കു ——— ഗുളിക ഇവിടെ ഇല്ലല്ലോ.

9. തുണി —— നീ പോരേ?
10. ചോറു —— അമ്മ തന്നെ വരണോ?

(വര്, പോക്, പറയ്, വാങ്ങിക്ക്, കഴിക്ക്, വിളിക്ക്, ഉണ്ടാക്ക്, വിളമ്പ്, നനയ്ക്ക്, ആസ്വദിക്ക്, ഇല്ല)

V Using the following table construct as many sentences as possible. The words may be changed into their different forms for the construction of a variety of sentences.

| | | | |
|---|---|---|---|
| ഞാൻ | സിനിമ | ഇപ്പോൾ | പോക് |
| അദ്ദേഹം | പുസ്തകം | ഇന്ന് | കാണ് |
| മധു | വീട് | നാളെ | ആസ്വദിക്ക് |
| സതി | ഫോൺ | വേഗം | കളിക്ക് |
| വിജയ | പണം | അത്ര | വായിക്ക് |
| പ്രദീപ് | കവിത | ഇവിടെ | കൊടുക്ക് |
| നീ | പന്ത് | | വിളിക്ക് |

## VOCABULARY

| | | | |
|---|---|---|---|
| വിശപ്പ് | 'hunger' | തിന്ന് | 'to eat' |
| നട്ടുച്ച | 'noon' | പ്രയാസം | 'difficulty' |
| നേരം | 'time' | വെയിൽ | 'heat of the sun' |
| നാരങ്ങാ നീര്/വെള്ളം | 'lime juice' | മറ്റോ | 'some other thing' |
| അഭിപ്രായം | 'opinion' | ഭരണി | 'jar' |
| നനയ്ക്ക് | 'to wash' | തുണി | 'cloth' |
| വയ്ക്ക് | 'to cook' | വിളമ്പ് | 'to serve' |
| അലക്ക് | 'to wash' | എഴുത് | 'to write' |
| പഠിക്ക് | 'to study' | പരീക്ഷ | 'examination' |
| ജയിക്ക് | 'to pass, to win' | പ്രസംഗം | 'lecture' |
| കളിക്ക് | 'play' | പന്ത് | 'ball' |

## NOTES

7.25.1. This lesson introduces the purposive infinitive which indicates the purpose of the action denoted by the verb. This is formed by the addition of the suffix –ആൻ to the verb stem.

e. g. എനിക്ക് കുടിക്കാൻ എന്തെങ്കിലും വേണം.

I want something to drink.

7.25.2. The –അത്ത് as in വെയിലത്ത് indicates the location.

UNIT 7

# LESSON 26

## ഇവിടെ സിഗരററ് വലിക്കാൻ പാടില്ല.

**CONVERSATION**

| | |
|---|---|
| മോഹൻ: പിള്ളസാറേ, അങ്ങോട്ടൊന്നു നോക്കണം. | Pillai Sir! Please look there. |
| പിള്ള: എന്താണവിടെ വിശേഷം? | What is the speciality there? |
| മോഹൻ: സാർ ആ നോട്ടീസ് ഒന്നു വായിക്കൂ. | You please read that notice. |
| പിള്ള: എന്താണതിൽ? തനിക്കു വായിക്കാൻ പാടില്ലേ? | What is there in it? Can't you read? |
| മോഹൻ: ശരി. ഞാൻ ഉറക്കെ വായിക്കട്ടോ സാർ? | O.K. May I read it aloud? |

| | |
|---|---|
| പിള്ള: വായിക്കെടോ. അതിനിനി പ്രത്യേകം ഉത്തരവോ, അനുവാദമോ വേണോ? | Read. Do you need any special order or permission for that? |
| മോഹൻ: ശരി. സാർ കേൾക്കണം. "ഇവിടെ സിഗരററ് വലിക്കാൻ പാടില്ല." | O.K. You should hear. "Smoking is prohibited here." |
| പിള്ള: ഇതാണോ അത്ര വലിയ കാര്യം? | Is it that big a thing? |
| മോഹൻ: പിന്നല്ലേ? സാറിന്റെ കയ്യിൽ നോക്കണം. എന്താണതു്? | Isn't it? Look at your hand. What is that? |
| പിള്ള: ഇതോ? ഇതു സിഗരററല്ല. ചുരുട്ടല്ലേ? | Is this what you mean? This is not a cigarette. Isn't it a cigar? |
| മോഹൻ: അപ്പോൾ ഇവിടെ ചുരുട്ടും, ബീഡിയുമൊക്കെ വലിക്കാൻ പാടുണ്ടോ? | Does it mean that one can smoke cigar, bidi, etc., here? |
| പിള്ള: വലിക്കാം. എനിക്കു ചുരുട്ടു വലിക്കാം. അതാണ് ഈ നോട്ടീസിന്റെ അർത്ഥം. | Yes. I can smoke cigar. That is the meaning of this notice. |
| മോഹൻ: പക്ഷെ എന്റെ തോന്നൽ അങ്ങനെയല്ല. | But I don't feel so. |
| പിള്ള: പിന്നെന്താ ഇതിന്റെ വ്യാഖ്യാനം? താൻ പറ. | Then what is the interpretation? You tell. |
| മോഹൻ: വ്യാഖ്യാനമൊന്നും എനിക്കറിയാൻ പാടില്ല. ഞാൻ പണ്ഡിതനല്ല. | I don't know the interpretation, etc. I am not a scholar. |
| പിള്ള: ശരി. ശരി. എന്നാൽ താൻ ഇതിന്റെ സാരമോ, ആശയമോ ഒന്നു പറയൂ. | That is O.K. Then you please tell its gist or idea. |
| മോഹൻ: ഇവിടെ ആരും പുക വലിക്കാൻ പാടില്ല. സിഗരററ്, ബീഡി, ചുരുട്ട്, പൈപ്പ് മുതലായവ ഒന്നും ഉപയോഗിക്കാൻ പാടില്ല. | Here nobody should smoke. Nobody should use cigarettes, bidis cigar, pipe, etc. |
| പിള്ള: എന്നാൽ പിന്നെ അങ്ങനെ എഴുതാൻ പാടില്ലേ? | Then shouldn't they write like that? |

| | |
|---|---|
| മോഹൻ: നമ്മളെല്ലാം വിദ്യാസമ്പന്നരല്ലേ? ഇത്രേം എങ്കിലും മനസ്സിലാക്കണ്ടേ? | Aren't we all educated? Shouldn't we understand at least this much? |
| പിള്ള: താനൊരു ബുദ്ധിമാൻ. തനിക്ക് എല്ലാം മനസ്സിലാക്കാം. ഞാനൊരു വെറും മണ്ടൻ. | You are an intelligent person. You can understand everything. I am just a fool. |
| മോഹൻ: സാറെന്നെ ആക്ഷേപിക്കരുത്. | You shouldn't tease me. |
| പിള്ള: ആക്ഷേപമോ, പരിഹാസമോ അല്ല. വാസ്തവമാണ്. താനൊരു ബുദ്ധിരാക്ഷസനാണ്. | This is not a taunt or sarcasm. It is just the truth. You are an intellectual giant. |
| മോഹൻ: ശരി. സാർ. സാറിനെപ്പോലെ വലിയ ബുദ്ധിമാനൊന്നും അല്ല. പക്ഷെ സാമാന്യബുദ്ധിയുണ്ട്. ഇന്നെന്തോ എന്റെ ശകുനം അത്ര നല്ലതല്ല. അതാണീ വാദത്തിന്ന കാരണം. | Yes, Sir. I am not as intelligent a person as you are. But I have common sense. Today my omen is not good. That is the reason for this argument. |
| പിള്ള: അപ്പോഠം സാമാന്യബുദ്ധിക്കാർ ശകുനത്തിലും, ജ്യോത്സ്യത്തിലും ഒക്കെ വിശ്വസിക്കാൻ പാടുണ്ടോ? | Then can the people with common sense believe in omens, astrology, etc? |

## DRILLS

A. Repetition drill

1. ഇവിടെ സിഗരററ് വലിക്കാൻ പാടില്ല.
2. ആരും ക്ലാസിന്ന വെളിയിൽ നോക്കാൻ പാടില്ല.
3. ഓഫീസിൽ പുകവലിക്കാൻ പാടുണ്ടോ ?
4. ശകുനത്തിൽ വിശ്വസിക്കാൻ പാടുണ്ടോ ?
5. നിനക്കിതുപോലെ ഒരു പുസ്തകം എഴുതാൻ പാടില്ലേ?

## B. Build up drill

### Model

പാടില്ല.

ശല്യപ്പെടുത്താൻ

ശല്യപ്പെടുത്താൻ പാടില്ല.

കുട്ടികളെ

കുട്ടികളെ ശല്യപ്പെടുത്താൻ പാടില്ല.

ഈ സമയം

ഈ സമയം കുട്ടികളെ ശല്യപ്പെടുത്താൻ പാടില്ല.

1. പാടില്ലേ.
   കൊടുക്കാൻ പാടില്ലേ?
   കാപ്പിയും കൊടുക്കാൻ പാടില്ലേ?
   ചായയും കാപ്പിയും കൊടുക്കാൻ പാടില്ലേ?
   എപ്പോഴും ചായയും കാപ്പിയും കൊടുക്കാൻ പാടില്ലേ ?
   കൊച്ചുകുട്ടികൾക്ക് എപ്പോഴും ചായയും കാപ്പിയും കൊടുക്കാൻ പാടില്ലേ?

2. പാടുണ്ടോ?
   വിളിക്കാൻ പാടുണ്ടോ?
   ഡോക്ടറെ വിളിക്കാൻ പാടുണ്ടോ?
   നമുക്ക് ഡോക്ടറെ വിളിക്കാൻ പാടുണ്ടോ?
   ഈ അസമയത്ത് നമുക്ക് ഡോക്ടറെ വിളിക്കാൻ പാടുണ്ടോ?

## C. Substitution drill

1. എൻെറ കൂട്ടുകാരന് രാത്രി അധികം <u>കഴിക്കാൻ</u> പാടില്ല.

   നടക്കാൻ
   വായിക്കാൻ
   പഠിക്കാൻ
   എഴുതാൻ
   സംസാരിക്കാൻ
   മിണ്ടാൻ

2. ഇനി മുതൽ നിങ്ങൾ ഇതു <u>പറയാൻ</u> പാടില്ല .

   ചോദിക്കാൻ
   മനസ്സിലാക്കാൻ
   കാണാൻ

3. അയാളെ നമ്മാം വിശ്വസിക്കാൻ പാടില്ലേ?

കാണാൻ
വിളിക്കാൻ
ശല്യപ്പെടുത്താൻ
പിടിക്കാൻ

4. നിങ്ങാംക്കിപ്പോാം വരാൻ പാടുണ്ടോ?

പോകാൻ
നടക്കാൻ
നിൽക്കാൻ
കിടക്കാൻ
ഇരിക്കാൻ

## D. Restatement drill

### Model

നിങ്ങാംക്ക സിഗരററു വലിക്കാൻ പാടുണ്ടോ?

നിങ്ങാംക്ക സിഗരററു വലിക്കാമോ?

1. അവനു് ആ കാര്യം ചെയ്യാൻ പാടുണ്ടോ?
2. പനിക്കാരനു് ചോറുണ്ണാൻ പാടുണ്ടോ?
3. ഈ പുസ്തകം എല്ലാവരും വായിക്കാൻ പാടുണ്ടോ?
4. ആ സിനിമ കുട്ടികാംക്ക കാണാൻ പാടുണ്ടോ?
5. ആ രഹസ്യം നമുക്ക പറയാൻ പാടുണ്ടോ?

## E. Response drill

### Model

നാളെ നമുക്കു് അദ്ദേഹത്തിന്റെ വീട്ടിൽ പോകാൻ പാടുണ്ടോ?

പോകാം. നാളെ നമുക്കു് അദ്ദേഹത്തിന്റെ വീട്ടിൽ പോകാം.

പാടില്ല. നാളെ നമുക്കു് അദ്ദേഹത്തിന്റെ വീട്ടിൽ പോകാൻ പാടില്ല.

1. ഈ മരുന്നു രാജനു കുടിക്കാൻ പാടില്ലേ?
2. ഈ സമയത്തു് അവളെ ശല്യപ്പെടുത്താമോ?
3. മററന്നാം കുഞ്ഞിനു തല കുളിക്കാമോ?

## EXERCISES

I Fill in the blanks using the correct forms of the words given.

1. നാളെ മുതൽ നീ ഇവിടെ ——— പാടില്ല. (വരു്)
2. ആ പരിപാടി എല്ലാവർക്കും ———. (കാണു്)
3. ക്ലാസിൽ പുക വലിക്കാൻ ——— ? (പാടില്ല)
4. ——— ആരും ശല്യപ്പെടുത്താൻ പാടില്ല. (അദ്ദേഹം)
5. നോട്ടീസു വായിക്കാൻ തനിക്കു് ——— അനുവാദം വേണോ? (ഞാൻ)

II Fill in the blanks suitably.

1. അയാൾക്കുമാത്രം അതു ചെയ്യാം. എനിക്കു ——— പാടില്ലേ?
2. ചേട്ടനു് എല്ലാ സിനിമയ്ക്കും പോകാൻ പാടുണ്ടോ? എനിക്കു മാത്രം പോകാൻ ———?
3. ഈ ജോലി ——— ചെയ്യാം. നിനക്കു മാത്രമല്ല.
4. സിഗരററു് മാത്രമല്ല, ——— ചുരുട്ടുമൊന്നും വലിക്കാൻ പാടില്ല.
5. ഈ വാക്യത്തിൻെറ ——— ഒന്നു പറയൂ.
6. വിദ്യാസമ്പന്നർക്കു് ——— കാര്യങ്ങളും മനസ്സിലാക്കാം.

III Restate the following questions using the verb form with –ആം making appropriate changes in the words.

1. നിങ്ങൾ ഇപ്പോൾ ചായ കുടിക്കാൻ പാടുണ്ടോ?
2. അവർ ആ ജോലി ചെയ്യാൻ പാടുണ്ടോ?
3. നമ്മൾ അങ്ങനെ പറയാൻ പാടുണ്ടോ?
4. ഇവിടെ പുക വലിക്കാൻ പാടുണ്ടോ?
5. ഈ സമയത്തു് അദ്ദേഹത്തിനെ ഫോണിൽ വിളിക്കാൻ പാടുണ്ടോ?
6. നിങ്ങൾ എന്നെ ഇങ്ങനെ ആക്ഷേപിക്കാൻ പാടുണ്ടോ?

IV Fill up the incomplete dialogues.

1. A അച്ഛാ, ഞാനും ആ സിനിമ കാണാൻ വരട്ടേ?

   B . . . . . . . . . . . . . . . . . . . . . . . . .

   A അതെന്താ? വലിയ ആളുകൾക്കുമാത്രം എല്ലാം കാണാമോ? എനിക്കും കാണണം.

   B . . . . . . . . . . . . . . . . . . . . . . . .

   A എനിക്കിനി ആ സർക്കസു് കാണണ്ട. ഒട്ടും നല്ലതല്ല.

2. A . . . . . . . . . . . . . . . . . . . . . . . . . .

B പാടില്ല. നീയിപ്പോഴ് പച്ചവെള്ളം കടിക്കാൻ പാടില്ല. ചൂടുവെള്ളം കടിക്കു.

A . . . . . . . . . . . . . . . . . . . . . . . .

B അതല്ല മോനേ, കാര്യം. പനിക്കാർ പച്ചവെള്ളം കടിക്കാൻ പാടില്ല. മോൻെറ പനിയൊക്കെ പോട്ടെ. പിന്നെ നിൻെറ ഇഷ്ടംപോലെ ചെയ്യാം.

3. A മോഹനാ നമുക്ക് വേണുവിൻെറ വീട്ടിൽ പോകാം. വാ.

B . . . . . . . . . . . . . . . . . . . . . . . . .

A അതെന്താ, ഇതു് അസമയമാണോ? മണി മൂന്നായല്ലോ.

B . . . . . . . . . . . . . . . . . . . . . . . . .

A കളിക്കാനും പ്രത്യേകം സമയം ഉണ്ടോ?

B . . . . . . . . . . . . . . . . . . . . . . . . .

## VOCABULARY

| | | | |
|---|---|---|---|
| നോട്ടീസ് | 'notice' | ഉറക്കെ | 'loudly' |
| പ്രത്യേകം | 'separate' | ഉത്തരവ് | 'order, command' |
| അനുവാദം | 'permission' | വലിക്ക് | 'to pull, to smoke' |
| ചുരുട്ട് | 'cigar' | ബീഡി | 'bidi' |
| അർഥം | 'meaning' | തോന്നൽ | 'feeling, intuition' |
| വ്യാഖ്യാനം | 'interpretation' | പണ്ഡിതൻ | 'scholar' |
| സാരം | 'gist, summary' | ആശയം | 'idea' |
| പൈപ്പ് | 'pipe' | ഉപയോഗിക്ക് | 'use' |
| എഴുതു് | 'write' | വിദ്യാസമ്പന്നർ | 'educated elites' |
| മനസ്സിലാക്ക് | 'to understand' | ബുദ്ധിമാൻ | 'intelligent man' |
| മണ്ടൻ | 'fool'—(masculine) | ആക്ഷേപിക്ക് | 'tease, insult, taunt' |
| ആക്ഷേപം | 'taunt, insult' | പരിഹാസം | 'sarcasm' |
| വാസ്തവം | 'truth' | ബുദ്ധിരാക്ഷസൻ | 'intellectual giant' |
| സാമാന്യബുദ്ധി | 'common sense' | ശകുനം | 'omen' |
| വാദം | 'argument' | ജ്യോത്സ്യം | 'astrology, |
| വിശ്വസിക്ക് | 'to believe' | | |

**NOTES**

7.26.1. This lesson introduces another prohibitive form പാടില്ല. This always follows the verb with the purposive infinitive –ആൻ. This can be used with or without the dative case.

a കുട്ടികൾ കാണാൻ പാടില്ല.
b കുട്ടികൾക്ക് കാണാൻ പാടില്ല. } Children should not see.

In sentences of type (a) the degree of command is stronger, where as the type (b) sentences just state the facts. But this distinction in meaning is not made on all occasions.

7.26.2. Note that the structure "പാടില്ല" does not have an affirmative counter-part with "ഉണ്ട്" statement. Instead the –ആം construc-tions are used.

എനിക്ക് സിഗരറ്റ് വലിക്കാം.

I am allowed to smoke cigarettes.

(I can smoke cigarettes.)

എനിക്ക് സിഗരറ്റ് വലിക്കാൻ പാടില്ല.

I should not smoke cigarettes.

However the interrogative form പാടുണ്ടോ? is used as a substitutable form with the –ആം construction.

ഇവിടെ ചുരുട്ട് വലിക്കാൻ പാടുണ്ടോ?

ഇവിടെ ചുരുട്ട് വലിക്കാമോ?

Can one smoke cigar here?

UNIT 7

LESSON 27

# നിങ്ങൾക്കറിയാമോ ?

## CONVERSATION

| | |
|---|---|
| മാധവൻ: അതേതു പത്രമാണ സാർ? മലയാള മനോരമയോ? | Which is that news paper? Is it *Malayala Manorama*? |
| സാക : അല്ല. ഇതൊരു ഒറിയ പത്രമാണ്. | No. This is an Oriya newspaper. |
| മാധവൻ: സാറിന് ഒറിയ ഭാഷയും അറിയാമോ? | Do you know Oriya language also? |
| സാക : അറിയാം. അതാണെന്റെ മാതൃഭാഷ. | Yes. I know. That is my mother tongue. |

മാധവൻ: അതുകൊള്ളാം. സാറപ്പോഠം മലയാളിയല്ലേ?

That's fine. Aren't you a Malayali then?

സാകു : അല്ല. ഞാൻ ഒറിയ ആണ്. ഒറീസാക്കാരൻ.

No. I am an Oriya. I am from Orissa.

മാധവൻ: പിന്നെ സാറിന് മലയാളം എങ്ങനെ അറിയാം?

Then how do you know Malayalam?

സാകു : ഞാനിപ്പോഠം ഒരു മലയാളം വിദ്യാർഥിയാണ്.

I am a Malayalam student now.

മാധവൻ: ആരാണ് സാറിന്റെ മലയാളം ടീച്ചർ?

Who is your Malayalam teacher?

സാകു : മൈസൂറിൽ ഒരു ഭാഷാ ഇൻസ്റ്റിററ്യൂട്ടുണ്ട്. ഭാരതീയ ഭാഷാ കേന്ദ്രസ്ഥാപനം. ഞാൻ അവിടത്തെ വിദ്യാർഥിയാണ്.

There is a language institute at Mysore. That is the Central Institute of Indian Languages. I am a student there.

മാധവൻ: മൈസൂറിൽ അങ്ങനെ ഒരു ഇൻസ്റ്റിററ്യൂട്ടുണ്ടോ? ഈ കാര്യം എനിക്ക് ഇതുവരെ അറിയില്ലായിരുന്നു. അവിടെ ഒരു ഭാഷ പഠിക്കാൻ എത്ര നാളത്തെ പരിശീലനം വേണം?

Is there such an institute at Mysore? So far I didn't know about this. How many days training one should have to learn a language there?

സാകു : പത്തുമാസത്തെ കോഴ്സാണത്. പരിശീലനകാലത്തിനിടക്ക് ഒരു ടൂർ പ്രോഗ്രാം ഉണ്ട്. ഭാഷാപരിസര പരിചയം ആണതിന്റെ ഉദ്ദേശം. ആ പര്യടനകാലമാണ് ഞങ്ങഠംക്കിപ്പോഠം.

It is a ten months course. During the training there is a tour programme. It is aimed at the language environment study. Now we are on that tour.

| | |
|---|---|
| മാധവൻ: എത്ര ദിവസത്തേയ്ക്കാണ് സമ്പർക്ക പരിപാടി? | How long does this contact programme last? |
| സാക്ക : രണ്ടാഴ്ചത്തേയ്ക്ക്. | Two weeks. |
| മാധവൻ: അതുകൊള്ളാം. സാറിന് ഞങ്ങളുടെ നാടൊക്കെ ഇഷ്ടമായോ? | That is fine. Did you like our place? |
| സാക്ക : ആയി. കേരളത്തിന്റെ പ്രകൃതിസൗന്ദര്യം എനിക്കു വളരെ ഇഷ്ടമായി. | Yes. I liked the natural beauty of Kerala very much. |
| മാധവൻ: എല്ലാ സഞ്ചാരികളുടേയും അഭിപ്രായം ഇതു തന്നെയാണ്. | This is the opinion of all tourists. |
| സാക്ക : ഞങ്ങൾ വെറും സഞ്ചാരികളല്ല. പഠന പര്യടനക്കാരാണ്. | We are not mere tourists. We are a party on study tour. |
| മാധവൻ: കൊള്ളാം. വളരെ സന്തോഷം. സാറിന് എത്ര ഭാരതീയ ഭാഷകളറിയാം? എല്ലാം അറിയാമോ? | That's fine. I am very happy. How many Indian languages do you know? Do you know all of them? |
| സാക്ക : എല്ലാം അറിയാൻ പാടില്ല ഒറിയയും, ബംഗാളിയും എനിക്കു നന്നായി അറിയാം. | I don't know all the languages. I know Oriya and Bengali very well. |
| മാധവൻ: ഹിന്ദി അറിയില്ലേ? | Don't you know Hindi? |
| സാക്ക : ഹിന്ദി സംസാരിക്കാനറിയില്ല. വായിക്കാനും, എഴുതാനും, അറിയാം. ആസാമിയ ഭാഷ സംസാരിക്കാനറിയാം. തെലുങ്കും കുറച്ചൊക്കെ മനസ്സിലാക്കാം. | I don't know how to speak Hindi. I know how to read and write. I know how to speak Assamese. I can understand Telugu also to some extent. |
| മാധവൻ: ഇപ്പോൾ മലയാളം അറിയാൻ പാടില്ലേ? | Now don't you know Malayalam? |

സാക : ഇല്ല. മലയാളം എനിക്കു നന്നായി അറിയാൻ പാടില്ല. മനസ്സിലാക്കാനോ വായിക്കാനോ അത്ര പ്രയാസമില്ല. എഴുതാനും അറിയാം. പക്ഷെ മലയാളികളെപ്പോലെ സംസാരിക്കാനറിയില്ല. അതിനു കുറെ പ്രയാസമുണ്ടു്. ഇനിയും പഠിക്കാനുണ്ടു്.

I don't know Malayalam very well. I don't have much of a difficulty to understand or read. I know how to write also. But I don't know how to speak like the Malayalis. That is some-what difficult. I have yet to learn.

## DRILLS

### A. Repetition drill

a 1. നിങ്ങൾക്കു് മലയാളം അറിയാമോ?

2. എനിക്കു് തെലുങ്കു് വായിക്കാൻ അറിയാം.

3. രാജുവിനും പണ്ടു തമിഴു് അറിയാമായിരുന്നു.

4. എന്റെ അനിയനു നിങ്ങളെ അറിയാൻ പാടില്ല.

5. അയാൾക്കു് ഇംഗ്ലീഷ് വായിക്കാൻ അറിയില്ലായിരുന്നു.

6. നിങ്ങൾക്കു് ഒറിയ അറിയില്ലേ?

7. ബാബുവിനു് മലയാളം അറിയാൻ പാടില്ലേ?

b 1. അതു കൊള്ളാം.

2. ഇതു കൊള്ളാം.

3. എല്ലാം കൊള്ളാം.

### B. Expansion drill

Model

നിനക്കു് അറിയാമോ?

മാധവനെപ്പററി

നിനക്കു് മാധവനെപ്പററി അറിയാമോ?

സുകുവിന്റെ ചേട്ടൻ

നിനക്കു് സുകുവിന്റെ ചേട്ടൻ മാധവനെപ്പററി അറിയാമോ?

1. നിനക്ക് അറിയില്ലേ?

വായിക്കാനും

നിനക്ക് വായിക്കാനും അറിയില്ലേ?

എഴുതാനും

നിനക്ക് എഴുതാനും വായിക്കാനും അറിയില്ലേ?

മാതൃഭാഷ

നിനക്ക് മാതൃഭാഷ എഴുതാനും വായിക്കാനും അറിയില്ലേ?

2. മാധവിക്ക് അറിയാം.

നന്നായി

മാധവിക്ക് നന്നായി അറിയാം.

പലഹാരം ഉണ്ടാക്കാൻ

മാധവിക്ക് പലഹാരം ഉണ്ടാക്കാൻ നന്നായി അറിയാം.

3. എനിക്ക് അറിയാൻ പാടില്ല.

നന്നായി

എനിക്ക് നന്നായി അറിയാൻ പാടില്ല.

അത്ര

എനിക്ക് അത്ര നന്നായി അറിയാൻ പാടില്ല.

നിങ്ങളുടെ ഭാഷ

എനിക്ക നിങ്ങളുടെ ഭാഷ അത്ര നന്നായി അറിയാൻ പാടില്ല.

## C. Substitution drill

a. മധുവിന് <u>അയാളെ</u> അറിയാം.

അവരെ

നിന്നെ

സുമയെ

എന്നെ

രാമനെ

അദ്ദേഹത്തിനെ

b. അദ്ദേഹത്തിന് നമ്മുടെ ഭാഷ <u>സംസാരിക്കാൻ</u> അറിയില്ല.

എഴുതാൻ

വായിക്കാൻ

മനസ്സിലാക്കാൻ

c. ആ കാര്യം ഞങ്ങൾക്കറിയാൻ പാടില്ല.

ഭാഷ
വീട്
ഇൻസ്റ്റിറ്റ്യൂട്ട്
ഹോട്ടൽ
കെട്ടിടം
റോഡ്
കവിത

## D. Transformation drill

### Model 1

എനിക്ക് ഹിന്ദി അറിയാം.
എനിക്ക് ഹിന്ദി അറിയാൻ പാടില്ല.

1. സരളയ്ക്ക് നമ്മുടെ ഭാഷ അറിയാം.
2. നിനക്ക് അവനെ അറിയാം.
3. ഞങ്ങൾക്കും ആ ഓഫീസ് അറിയാം.
4. അവർക്ക് നിന്റെ അച്ഛനെ അറിയാം.
5. എന്റെ ചേട്ടന് ഹിന്ദിയും, ഇംഗ്ലീഷും അറിയാം.

### Model 2

രാധയ്ക്ക് കഥ പറയാൻ അറിയാം.
രാധയ്ക്ക് കഥ പറയാൻ അറിയില്ല.

1. മധുവിന്റെ ചേച്ചിക്ക് കഥ എഴുതാനും അറിയാം.
2. എന്റെ അനിയനും വേഗം ഓടാൻ അറിയാം.
3. ഞങ്ങളുടെ നാട്ടുകാർക്ക് കഥകളി ആസ്വദിക്കാൻ അറിയാം.
4. എന്റെ കൂട്ടുകാരിയുടെ അമ്മയ്ക്ക് നല്ല പലഹാരം ഉണ്ടാക്കാൻ അറിയാം.
5. അദ്ദേഹത്തിന് ഇംഗ്ലീഷുകാരെപ്പോലെ ഇംഗ്ലീഷ് സംസാരിക്കാൻ അറിയാം.

## E. Response drill

### Model

**A** നിങ്ങളുടെ സ്വന്തം വീട് എവിടെയാണ്?
**B** എറണാകുളത്ത്.
**A** അതുകൊള്ളാം. എന്റെ വീടും എറണാകുളത്തു തന്നെ.

1. A സാറിനു് മാധവനെ അറിയാമോ?
   B അറിയാം. ——— കൂട്ടുകാരനാണു്.
   A അതുകൊള്ളാം. അവനും സാറും ഒരേ നാട്ടുകാരാണോ?

2. A സാറിനു് ഞങ്ങളുടെ നാടിഷ്ടമായോ?
   B ———, ——— നിങ്ങളുടെ നാട്ടുകാരേയും ഇഷ്ടമാണു്.
   A കൊള്ളാം——— ——— ———.

3. A സാറിനു് ചായ വേണ്ടേ?
   B വേണ്ട. എനിക്കു രാവിലെ ——— വേണ്ട.
   അതുകൊള്ളാം, ——— ബെഡ്ഡ്കാഫി ———?

## EXERCISES

I Fill in the blanks using the appropriate forms of the words given.

1. നിങ്ങൾക്കു് എല്ലാ ——————— അറിയാമോ? കുട്ടികൾ)
2. ——— അവരുടെ വീടു് അറിയാം. (മധു)
3. നാളെ മുതൽ ഇവിടെ ആരും ——— പാടില്ല. (വരു്)
4. അദ്ദേഹത്തിനു് പത്തു ഭാഷകൾ വായിക്കാനും ———അറിയാമത്രേ. (എഴുതു്)
5. സരോജത്തിനു് പുതിയ പലഹാരം ഉണ്ടാക്കാൻ —————? (അറിയു്)
6. കഥകളിയെപ്പററി എനിക്കു് ഇനിയും ഒരുപാടു കാര്യങ്ങൾ ——— (മനസ്സിലാക്കു്) ഉണ്ടു്.
7. ഒരു ഭാഷ പഠിക്കാൻ പത്തുമാസം ———? (മതി)
8. ——— നിങ്ങൾക്കു് ഇഷ്ടം അല്ലേ? (സിനിമാതാരങ്ങൾ)

II Fill in the blanks suitably.

1. എല്ലാ മാസവും അഞ്ചു ——— പര്യടനം ഞങ്ങൾക്കുണ്ടു്.
2. ——— ആളുകളെ ഞങ്ങൾക്കു വളരെ ഇഷ്ടമാണു്.
3. ആ ——— പോകാൻ വേറെ ആളുകൾ വേണം.
4. കള്ളക്കടത്തുകാരെപ്പററി ——— എന്തറിയാം?
5. എനിക്കു് അവരെപ്പററി ——— അറിയില്ല.
6. ഞങ്ങളുടെ ഭാഷ സാറിനു് ——— അറിയാമോ?
7. തെലുങ്കുഭാഷ എനിക്കു വായിക്കാൻ അറിയാം, പക്ഷെ എഴുതാൻ———.
8. ആ ഇൻസ്റ്റിററ്യൂട്ടിലെ കാര്യങ്ങളൊക്കെ നിനക്കു് ———?

III Answer the following questions.

1. നിങ്ങൾക്ക് എത്ര ഭാഷകൾ അറിയാം?
2. എല്ലാ ഭാരതീയ ഭാഷകളും നിങ്ങൾക്ക് അറിയാമോ?
3. നിങ്ങളുടെ അച്ഛന് ഇംഗ്ലീഷ് എഴുതാനും , വായിക്കാനും അറിയില്ലേ?
4. ഭാരതത്തിലെ എല്ലാ ഗ്രാമങ്ങളെപ്പററിയും നിനക്കറിയാൻ പാടില്ലേ?
5. മൈസൂറിലെ ഭാഷാ ഇൻസ്റ്റിററ്യൂട്ടിനെപ്പററി നിങ്ങൾക്കറിയില്ലേ?

IV Fill in the incomplete dialogues.

1. A. മിസ്റ്റർ മധുസൂദനൻെറ വീടെവിടെയാണ്?
   B. . . . . . . . . . . . . . . . . . . . .
   A. ആ റോഡിൻെറ അങ്ങേ അററത്തോ? അത് രാഘവൻ നായരുടെ വീടല്ലേ?
   B. . . . . . . . . . . . . . . . . . . . .
   A. അതുകൊള്ളാം. മധുസൂദനൻ രാഘവൻ നായരുടെ അനിയനാണോ?
   B. ആ കാര്യം ഇതുവരെ എനിക്കറിയില്ലായിരുന്നു.
2. A. . . . . . . . . . . . . . . . . . . . .
   B. ഇല്ല. എനിക്കു ബംഗാളി വായിക്കാനറിയില്ല. എഴുതാനും അറിയില്ല. സംസാരിക്കാം. അത്രതന്നെ.
   A. . . . . . . . . . . . . . . . . . . . .
   B. അതെ. മാതൃഭാഷതന്നെ. പക്ഷെ ഞങ്ങൾ കുട്ടിക്കാലം മുതലേ ഇവിടെ
   A. യാണ്. സ്ക്കൂളിലും, വീട്ടിലും ഒക്കെ ഹിന്ദിതന്നെ.
   B. . . . . . . . . . . . . . . . . . . . .
   A. പിന്നെ. ഞങ്ങളുടെ അച്ഛനമ്മമ്മയ്ക്കും ബംഗാളി വായിക്കാനും, എഴുതാനു മൊക്കെ അറിയാം. അമ്മയ്ക്കു് ഹിന്ദി സംസാരിക്കാൻ മാത്രം അറിയാം.
3. A. നിങ്ങളുടെ ക്ലാസിൽ എത്രപേർക്ക് ഈ കവിത അറിയാം.
   B. . . . . . . . . . . . . . . . . . . . .
   A. അതുകൊള്ളാം. ബാക്കി ആർക്കും അറിയില്ലേ? ഈ ക്ലാസിൽ മുപ്പതു കുട്ടികളില്ലേ?
   B. . . . . . . . . . . . . . . . . . . . .
   A. പുസ്തകമില്ലേ? അതു കൊള്ളാം. സിററിയിൽ ഒരിടത്തും ഇല്ലേ?
   B. . . . . . . . . . . . . . . . . . . . .
   A. ശരി. ഇപ്പോൾ നിങ്ങളിലൊരാൾ ഈ കവിത ബോർഡിലെഴുതണം. ബാക്കിയുള്ളവരൊക്കെ അതു വായിക്കണം.

## VOCABULARY

| | | | |
|---|---|---|---|
| പത്രം | 'newspaper' | | |
| മലയാളമനോരമ | a popular Malayalam daily | | |
| അറിയ് | 'to know' | കൊള്ളാം | 'fine' |
| എങ്ങനെ | 'in which manner, how' | | |
| പഠിക്ക് | 'to learn' | പരിശീലനം | 'training' |
| മാസം | 'month' | കോഴ്സ് | 'course' |
| കാലം | 'period, duration' | | |
| ടൂർ പ്രോഗ്രാം | 'tour programme' | പരിസരം | 'environment' |
| പരിചയം | 'acquaintance, familiarity' | ദിവസം | 'day' |
| സമ്പർക്കപരിപാടി | 'contact programme' | | |
| ആഴ്ച | 'week' | | |
| പ്രകൃതിസൗന്ദര്യം | 'natural beatuy' | സഞ്ചാരികൾ | 'tourists' |
| പഠനം | 'study' | പര്യടനം | 'tour' |
| സന്തോഷം | 'happiness' | | |
| ആസാമിയ | 'Assamese language' | | |

## NOTES

7.27.1. അറിയ് 'to know' verb is introduced. This verb stem has a special behaviour. The permissive structure of the verb with the suffix. –ആം, i.e., അറിയാം is used to indicate the present indefinite. The negative of this verb is either അറിയില്ല (i.e., verb stem+ഇല്ല) or the corresponding purposive infinitive+പാടില്ല i.e., അറിയാൻ പാടില്ല

1. എനിക്ക് മലയാളം അറിയില്ല.
   I don't know Malayalam.
2. എനിക്ക് മലയാളം അറിയാൻ പാടില്ല
   I don't know Malayalam.
3. എനിക്ക് മലയാളം വായിക്കാൻ അറിയില്ല.
   I don't know how to read Malayalam.

It may be noted that, to avoid the repetition of purposive infinitive, the form അറിയില്ല is preferred in sentences of type (3) given above.

7.27.2. Note the use of the verbal expression "കൊള്ളാം". The verb കൊറൂ means 'to receive' 'to have upon', etc. But the permissive form കൊള്ളാം is used in many contexts to indicate agreement, surprise, appreciation, sarcasm, etc. The negative corresponding to this is കൊള്ളില്ല like അറിയില്ല.

UNIT 7

# LESSON 28

## നാടകം കാണണം.

### CONVERSATION

| | |
|---|---|
| മാധവൻ: വേഗം നടക്ക് സുകു. സമയമായി. നാടകം തുടങ്ങാൻ ഇനി അധികസമയം ഇല്ല. | Walk fast, Suku. There isn't much time left for the drama to begin. |
| സുകു: ചേട്ടന്റെ അത്രേം വേഗം നടക്കാൻ എനിക്കു വയ്യ. ചേട്ടന്റെ കാലുകളുടെ അത്ര നീളം എന്റെ കാലുകൾക്കില്ലല്ലോ. | I cannot walk as fast as you. My legs are not as long as those of yours. |
| മാധവൻ: അതുകൊള്ളാം. അപ്പോ നിനക്ക് വർത്തമാനം പറയാനൊക്കെ അറിയാം അല്ലേ? മിടുക്കൻ തന്നെ. എന്നാൽ ഒരു കാര്യം ചെയ്യാം. നീ തനിച്ചു പോ. ഞാൻ നാടകത്തിനില്ല. എനിക്കു വേറൊരിടത്തു പോകാനുണ്ട്. | That is fine. That means you know how to talk. Don't you? You are really clever Then let us do one thing. You go alone. I am not for the drama. I have to go somewhere else. |

| | | |
|---|---|---|
| സുക: | ഇത്ര വേഗം പിണക്കമോ? ചേട്ടനു് മൂക്കിന്റെ തുമ്പിലാണു് ദേഷ്യമെല്ലാം. | So soon you are out of moods? You are too short tempered. |
| മാധവൻ: | പിന്നേം തർക്കം തന്നെയാണല്ലോ. | Again you are arguing. |
| സുക: | അല്ല ചേട്ടാ. നമുക്കു വഴക്കു കൂടണ്ട. നാടകത്തിനു പോകാം. ഈ നാടകത്തിലെ രാജാവിന്റെ ഭാഗം വളരെ നല്ലതാണത്രേ. | No, brother. Let us not quarrel. Let us go for the drama. It seems that the king's role in that drama is very good. |
| മാധവൻ: | അപ്പോ ഇതൊരു പുരാണകഥയാണു്. അങ്ങനെ വരട്ടെ. അതാണു് നിനക്കിത്ര കമ്പം. പക്ഷെ, എനിക്കീ നാടകം കാണാൻ ഇഷ്ടമില്ല. രാജാവിന്റേയും, റാണിയുടേയും കഥയൊന്നും എനിക്കിഷ്ടമില്ല. | That means this is a puranic story. That's it. That is why you have so much interest. But I don't like to see this drama. I don't like the stories of kings and queens. |
| സുക: | പിന്നെ ഞാൻ തനിച്ചു പോട്ടോ? | Then can I go alone? |
| മാധവൻ: | നിനക്കു് ഒറ്റയ്ക്കു പോകാമോ? രാത്രി ഒറ്റയ്ക്കു നടക്കാൻ നിനക്കു പേടിയില്ലേ? അതുകൊണ്ടു നീ തനിച്ചു പോകാൻ പാടില്ല. നീ ഇവിടെ നിൽക്കു്. ഞാൻ എന്റെ ഒരു കൂട്ടുകാരനെ വിളിക്കട്ടെ. നിനക്കു് അവന്റെ അനിയന്റെ കൂടെ ഈ നാടകത്തിനു പോകാം. | Can you? Aren't you afraid to walk alone at night? So you shouldn't go alone. You stand here. Let me call a friend of mine. You can go with his younger brother for this drama. |
| സുക: | അങ്ങനെ ആരുടെ കൂടെയെങ്കിലും പോകാൻ പാടുണ്ടോ? അതിനു് അമ്മേടെ അനുവാദം വേണ്ടേ? | Can I go like that with anybody? Don't I need mummy's permission for that? |

| | | |
|---|---|---|
| മാധവൻ: | നിന്റെ ഉപദേശമൊന്നും തൽക്കാലം ആവശ്യമില്ല. കാര്യം പറ. നിനക്ക് ഈ നാടകം കാണണോ, വേണ്ടയോ? | For the time being I don't need your advice. You tell me the thing. Do you want to see this drama or not? |
| സുക: | കാണണം. | I want to see. |
| മാധവൻ: | ശരി. അതിനു നമുക്കു വഴിയുണ്ടാക്കാം. നീ ഇവിടെ നിൽക്ക്. | O.K. We can find out a way for that. You wait here. |
| സുക: | ഈ നടു റോഡിലോ? | On this main road? |
| മാധവൻ: | അങ്ങോട്ടു നോക്ക്. ആ മരത്തിന്റെ ചോട്ടിലോട്ടു നിൽക്ക്. ഞാൻ രാമചന്ദ്രനെ ഒന്നു വിളിക്കട്ടെ. അതാ, അതാണ് അവന്റെ വീട്. | Look there. You stand under that mango tree. Let me call Ramachandran. There, that is his house. |
| സുക: | ശരി. പക്ഷെ, ചേട്ടൻ വേഗം വരണം. എനിക്ക് തനിയെ നിൽക്കാൻ പേടിയാണ്. | O.K. But you should come quickly. I am afraid to stand alone. |
| മാധവൻ: | ഇതാണോ നിന്റെ കേമത്തം? ശരി. നീയും കൂടെ വാ. നമുക്ക് അങ്ങോട്ടു പോകാം. | Is this your greatness? Alright. You also come with me. Let us go there. |

## EXERCISES

Fill in the blanks using the corresponding forms of the words given within the brackets.

1. പുതിയ നാടകത്തിലെ ——— സൗന്ദര്യം പോരായിരുന്നു. (നായിക)
2. അന്നേ എനിക്ക് നിങ്ങളെപ്പറ്റി ———. (അറിയ്)
3. അമ്മയെ ഈ അസമയത്ത് ഉപദ്രവിക്കാൻ ———? (പാടില്ല)
4. എന്റെ ——— ആരും പരസ്പരം വർത്തമാനം പറയാൻ പാടില്ല. (ക്ലാസ്)
5. ——— കഥകൾ എന്റെ ചേട്ടന് ഒട്ടും ഇഷ്ടമല്ല. (രാജാക്കന്മാർ)
6. നീ ——— കൂടെ സിനിമയ്ക്കു പോകാൻ പാടില്ല. (മധു)

7. എല്ലാ ——— അമ്മേടെ അനുവാദം വേണോ? (കാര്യം)
8. ഈ പരിപാടി കാണാൻ നമുക്ക് ഒരു ———? (ഇല്ല)
9. നീ അഞ്ചരവരെ ആ മരത്തിൻെറ ——— നിൽക്കണം (ചോട്)
10. ആരുടേയും ഉപദേശം ——— ആവശ്യം ഇല്ല. (ഞങ്ങൾ)

II Fill in the blanks suitably.

1. സുകുവിൻെറ അത്ര വേഗം ——— മോഹനനും വയ്യ.
2. ——— വിദ്യാർഥികളെ എനിക്കുമറിയാം.
3. രാധയ്ക്ക് ഇനിയും ധാരാളം ജോലി——— ഉണ്ടോ?
4. ആ നാടകത്തിലെ നായകൻെറ ——— എനിക്ക് ഒട്ടും ഇഷ്ടം ആയില്ല.
5. അച്ഛനു് എപ്പോഴും മൂക്കിൻെറ ——— ആണ് ദേഷ്യം.
6. എനിക്ക് സിററിയിൽ പോകാൻ ———.
7. ആ കവിതയുടെ അത്ര ——— നളിനിയുടെ കവിതയ്ക്കില്ല.
8. ഈ കാര്യമൊക്കെ കൊച്ചുകുട്ടികൾ പറയാൻ ———?

III Use in sentences of your own.

വഴക്കു കൂട്, ഒററയ്ക്ക്, കേമത്തം, കമ്പം, അനുവാദം, ഉത്തരവ്, ആക്ഷേപിക്ക്.

IV Using the following frame construct as many sentences as possible.

| | | | | |
|---|---|---|---|---|
| ചേട്ടൻ<br>രാജു<br>അദ്ദേഹം<br>അമ്മ<br>സതി | നാട്<br>വീട്<br>ഓഫീസ്<br>ഗ്രാമം<br>മാർക്കററ് | നാടകം<br>ഭാഷ<br>സിനിമ<br>കാര്യം<br>പുസ്തകം | പോക്<br>കാണ്<br>പറയ്<br>വായിക്ക്<br>എഴുത് | പാട്ടുണ്ട്<br>പാടില്ല<br>അറിയാം<br>അറിയില്ല<br>അറിയണം |

V Answer the following with reference to the conversation.

1. ആർക്കാണ് നാടകം കാണാൻ ഇഷ്ടം?
2. മാധവനാണോ, സുകുവാണോ മൂത്ത സഹോദരൻ?
3. സുകുവിനു ഒററയ്ക്കു പോകാൻ പേടിയുണ്ടോ?
4. രാമചന്ദ്രൻ ആരുടെ കൂട്ടുകാരനാണ്?
5. ആർക്കാണ് എപ്പോഴും മൂക്കിൻെറ തുമ്പിൽ ദേഷ്യം?

## VI Fill in the incomplete dialogues.

1. A വേഗം വരൂ രാധേ. ക്ലാസ്സു തുടങ്ങാൻ ഇനി അധികം സമയമില്ല.

   B . . . . . . . . . . . . . . . . . . . . .

   A അങ്ങനെ പറയരുതു്. നമുക്കു് സമയത്തിനു ശരിയായി പോകണ്ടേ? നിനക്കു് നമ്മുടെ ടീച്ചറിന്റെ സ്വഭാവം അറിയില്ലേ?

   B . . . . . . . . . . . . . . . . . . . . .

2. A എല്ലാവരും ശ്രദ്ധിക്കണം. കുറച്ചു സമയത്തേക്കു് ക്ഷമിക്കണം.

   B . . . . . . . . . . . . . . . . . . . . .

   A നാടകം തുടങ്ങാൻ ഇനിയും അരമണിക്കൂർ വേണം. നായകനും, നായികയും വരാനുണ്ടു്.

   B . . . . . . . . . . . . . . . . . . . . .

   A അവർ വലിയ ആളുകളല്ലേ? നിങ്ങൾക്കവരുടെ പരിപാടികളെപ്പറ്റി അറിയില്ലേ?

   B . . . . . . . . . . . . . . . . . . . . .

   A പിന്നെന്താ?

   B . . . . . . . . . . . . . . . . . . .

   A നിങ്ങൾക്കു മാത്രമല്ല, ഞങ്ങൾക്കും വീടുകളിൽ പോകണ്ടേ? ഞങ്ങൾ പാവങ്ങളുടെ കാര്യം നിങ്ങൾക്കറിയില്ലേ?

UNIT 8

LESSON 29

# വീട്ടിൽ എല്ലാവരും സുഖമായിരിക്കുന്നോ?

## CONVERSATION

| | | |
|---|---|---|
| മാഥുർ: | നായർ നാട്ടിലെ വിശേഷങ്ങളെന്തെല്ലാം? വീട്ടിൽ എല്ലാവരും സുഖമായിരിക്കുന്നോ? | What is the news at your home town? Are all at home well? |
| നായർ: | തരക്കേടില്ല. പക്ഷെ അച്ഛനു വലിയ വിഷമം ആണ്. കാരണം ആൺമക്കളാരും കൂടെയില്ല. | Not bad. But father is very sad. The reason is that his sons are not there with him. |
| മാഥുർ: | നിന്റെ അനിയൻ ഭാസ്കരനവിടെ ഇല്ലേ? അവനെന്തു ചെയ്യുന്നു? | Isn't your younger brother Bhaskaran there? What does he do? |

| | | |
|---|---|---|
| നായർ: | ജോലി ഒന്നും ചെയ്യുന്നില്ല. അവനു പാർട്ടിക്കാര്യം മാത്രമാണല്ലോ ചിന്ത. ഊണും ഉറക്കവും കൂടി കഷ്ടിയാണ്. പാർട്ടി പ്രചരണമാണ് രാപ്പകൽ ജോലി. | He is not doing any work. He is worried only about his party affairs. He hardly has time for food and sleep. Day and night he is immersed in party propaganda. |
| മാഥുർ : | ഓഹോ? അപ്പോൾ ഭാസ്കരനൊരു കുട്ടിനേതാവാണ്. അല്ലേ? | That is it. Then Bhaskaran is a mini leader. Isn't he? |
| നായർ: | എന്തോ, അതൊന്നും എനിക്കറിയില്ല. | I don't know all that. |
| മാഥുർ : | അതിരിക്കട്ടെ. ഇപ്പോൾ കേരളത്തിലെ രാഷ്ട്രീയസ്ഥിതിയൊക്കെ എങ്ങനെയിരിക്കുന്നു? | That is O.K. How is the political situation in Kerala now? |
| നായർ: | എല്ലാം പതിവുപോലെ തന്നെ. സമരങ്ങളും ജാഥകളും. ഇപ്പോൾ അടിയന്തിരാവസ്ഥ ഒന്നും ഇല്ലല്ലോ. അതുകൊണ്ട് എന്തിനും സ്വാതന്ത്ര്യമുണ്ട്. | Every thing is as usual—strikes and rallies. Now there is no emergency. So people have freedom for anything. |
| മാഥുർ : | നായർ, നിങ്ങളുടെ നാട്ടിൽ സമരവും ജാഥയും ഒക്കെ ഒരു നിത്യപരിപാടിയാണ്. അല്ലേ? നിങ്ങൾക്കും പണ്ട് ഒരു കൂട്ടുകാരനുണ്ടായിരുന്നില്ലേ? ഒരുഗ്രൻ വിപ്ലവകാരി. | Nair, in your place the strikes, rallies, etc., are a routine programme. Aren't they? Didn't you also have a friend—a big revolutionary? |
| നായർ: | ആര്? വിക്രമനോ? | Who is that ? Are you referring to Vikraman? |
| മാഥുർ : | അതെ. അവനിപ്പോൾ എന്തു ചെയ്യുന്നു? | Yes. What does he do now? |

| | | |
|---|---|---|
| നായർ: | അതൊരു കഥയാണ്. അവൻ പഴയതുപോലെ ഒന്നുമല്ല. ഇപ്പോൾ അവന് വിപ്ലവവും, സമരവും, ഒന്നും ഇല്ല. കമ്യൂണിസത്തിന്റെ പേരേ അവനിപ്പോൾ പറയുന്നില്ല. | That is a story. He is not as he was earlier. Now he doesn't have any revolution or strike. Now he doesn't even pronounce the name of communism. |
| മാധുർ: | അതുകൊള്ളാം. അങ്ങനെയൊരു മാററമോ? അവനിപ്പോൾ പാർട്ടി ജോലിയൊന്നും ചെയ്യുന്നില്ലേ? | That is fine. Such a change? Doesn't he do any party work now? |
| നായർ: | ഇല്ല. അവനൊരു കൊച്ചുമുതലാളിയാണിപ്പോൾ. സ്വന്തം വീടും, കാറും, തെങ്ങിൻതോട്ടവും ഒക്കെയുണ്ട്. | No. Now he is a mini capitalist. He has got his own house, car, coconut garden, etc. |
| മാധുർ: | അതു കൊള്ളാമല്ലോ. കയറു ബിസിനസ്സും, ഉണ്ടോ? | That is fine. Does he have coir business also? |
| നായർ: | ഉണ്ട്. ഒരു ചെറിയ ഫാക്ടറി ഉണ്ട്. പിന്നെ ഭാര്യവീട്ടുകാരും വലിയ പണക്കാരാണ്. | Yes. He has a small factory. Then his wife's people are also rich. |
| മാധുർ: | അങ്ങനെ വരട്ടെ. അപ്പോൾ അവന്റെ ഈ ഐശ്വര്യത്തിനെല്ലാം കാരണക്കാർ അവരാണ്. അല്ലേ? അവരുടെ ഔദാര്യം! | That is it. So they are responsible for his prosperity. Aren't they? Their generosity! |
| നായർ: | ആയിരിക്കും. എന്തോ എനിക്കവന്റെ കാര്യത്തിൽ ഒരു താല്പര്യവുമില്ല. പഴയ കൂട്ടുകാരെ അവനിപ്പോൾ ഓർക്കുന്നില്ല. മുതലാളിയല്ലേ? പിന്നെ അതിന്റെ ഗമയും, ഡംഭുമൊക്കെ കാണിക്കണ്ടേ? | Could be. I don't have any interest in his affairs. He doesn't remember the old friends. Isn't he a capitalist? Then shouldn't he show that pomp and arrogance? |

## DRILLS

### A. Repetition drill

1. വീട്ടിൽ എല്ലാവരും എങ്ങനെയിരിക്കുന്നു?
2. കേരളത്തിലെ രാഷ്ട്രീയസ്ഥിതി എങ്ങനെയിരിക്കുന്നു?
3. നിങ്ങളുടെ മകനിപ്പോൾ എന്തു ചെയ്യുന്നു.?
4. നീ ഇപ്പോൾ ഏതു പുസ്തകം വായിക്കുന്നു?
5. അവൻ ഒന്നും ചെയ്യുന്നില്ല.
6. ഞാൻ ഇംഗ്ലീഷ് പഠിക്കുന്നില്ല,
7. അദ്ദേഹം നാട്ടിൽ പോകുന്നില്ല.
8. നിന്റെ കൂടെ ഞങ്ങൾ വരുന്നില്ല.

### B. Build up drill

Model

ചെയ്യുന്നു
എന്ത്?
എന്തു ചെയ്യുന്നു?
ആൺമക്കൾ
ആൺമക്കൾ എന്തു ചെയ്യുന്നു?
നിങ്ങളുടെ
നിങ്ങളുടെ ആൺമക്കൾ എന്തു ചെയ്യുന്നു?

1. പഠിക്കുന്നില്ലേ?
മലയാളം പഠിക്കുന്നില്ലേ?
ഇപ്പോൾ മലയാളം പഠിക്കുന്നില്ലേ?
നിങ്ങൾ ഇപ്പോൾ മലയാളം പഠിക്കുന്നില്ലേ?

2. ഓർക്കുന്നോ?
കൂട്ടുകാരെ ഓർക്കുന്നോ?
ഒന്നാം ക്ലാസിലെ കൂട്ടുകാരെ ഓർക്കുന്നോ?
ഇപ്പോഴും ഒന്നാം ക്ലാസിലെ കൂട്ടുകാരെ ഓർക്കുന്നോ?
അദ്ദേഹം ഇപ്പോഴും ഒന്നാം ക്ലാസിലെ കൂട്ടുകാരെ ഓർക്കുന്നോ?

3. വിളിക്കുന്നു.
അമ്മയെ വിളിക്കുന്നു
കുട്ടികൾ അമ്മയെ വിളിക്കുന്നു.
എല്ലാ കാര്യത്തിനും കുട്ടികൾ അമ്മയെ വിളിക്കുന്നു.

## C. Substitution drill

1. അദ്ദേഹം പുതിയ ഭാഷ സംസാരിക്കുന്നു.

   വായിക്കുന്നു
   എഴുതുന്നു
   ഓർക്കുന്നു
   പഠിക്കുന്നു

2. ഞങ്ങൾ അദ്ദേഹത്തിനെ വിളിക്കുന്നില്ല.

   ശല്യപ്പെടുത്തുന്നില്ല
   കാണുന്നില്ല
   ഓർക്കുന്നില്ല

3. കമലം വീട്ടിൽ പോകുന്നു.

   വരുന്നു
   എത്തുന്നു
   ഇരിക്കുന്നു

## D. Transformation drill

### Model 1

അവർ നന്നായി ജോലി ചെയ്യുന്നു.
അവർ നന്നായി ജോലി ചെയ്യുന്നില്ല.

1. കുട്ടികൾ പുതിയ ഭാഷകൾ പഠിക്കുന്നു.
2. അദ്ദേഹം രാധയെ ഫോണിൽ വിളിക്കുന്നു.
3. എല്ലാവരും സമയത്തിനു ക്ലാസിൽ വരുന്നു.
4. അവർ ഹോസ്റ്റലിൽ താമസിക്കുന്നു.
5. ആ കുട്ടി രാവിലെയും, ഉച്ചയ്ക്കും ഉറങ്ങുന്നു.

### Model 2

നീ രാജത്തിനെ ഓർക്കുന്നു.
നീ രാജത്തിനെ ഓർക്കുന്നോ?

1. രാമൻ പുതിയ ജോലി ചെയ്യുന്നു.
2. കുഞ്ഞ് പാൽ കുടിക്കുന്നു.
3. കാമധേനുവിലെ ആഹാരം അദ്ദേഹം കഴിക്കുന്നു.
4. അവർ സിനിമ കാണുന്നു.
5. രാമൻ സിഗരറ്റ് വലിക്കുന്നു.

**Model 3**

കുട്ടി എല്ലാം മനസ്സിലാക്കുന്നില്ല.
കുട്ടി എല്ലാം മനസ്സിലാക്കുന്നില്ലേ?

1. അവർ എഴുത്ത് എഴുതുന്നില്ല.
2. അവൻ തനിച്ചു പോകുന്നില്ല.
3. മാർക്കറ്റുവരെ പോലും അയാാം നടക്കുന്നില്ല.
4. അയാാം ഒരിക്കലും ഇംഗ്ളീഷിൽ സംസാരിക്കുന്നില്ല.
5. പകൽ സമയം അദ്ദേഹം ഉറങ്ങുന്നില്ല.

## EXERCISES

I Fill in the blanks using the correct form of the word given in the brackets for each sentence.

1. കുട്ടി നേതാവ് ഇപ്പോാം പാർട്ടി ജോലിയൊന്നും ———. (ചെയ്)
2. നിങ്ങളുടെ നാട്ടിലെ രാഷ്ട്രീയസ്ഥിതി ഇപ്പോാം എങ്ങനെ ———? (ഇരിക്ക്)
3. ——— കൂടെ ഇപ്പോാം ആരു പോകുന്നു? (അച്ഛൻ)
4. ——— നാട്ടിൽ പോകാൻ നീയും വരുന്നില്ലേ? (ഓണം)
5. അദ്ദേഹം ഇപ്പോാം കവിത നന്നായി ———? (എഴുത്)
6. മലയാളം പഠിക്കാൻ ഇപ്പോാം അവരും ———. (വര്)
7. അയാളെ ഇപ്പോാം ആരും ——— (വിശ്വസിക്ക്)
8. അവനൊരു നേതാവിൻെറ ശൈലിയിൽ ——— . (പറയ്)

II Fill in the blanks suitably.

1. ഞാൻ മലയാളം ———.
2. പൊതുജനസേവകരെ അദ്ദേഹം ———.
3. നിങ്ങാം ——— ഒന്നും മനസ്സിലാക്കുന്നില്ലേ?
4. ——— രൂപേടെ മൂന്നു ടിക്കറ്റു വാങ്ങുന്നു.
5. കുഞ്ഞ് പച്ചവെള്ളം ———.
6. പണിക്കാർ ചോറ് ———?
7. എട്ടുമണിമുതൽ പത്തുമണിവരെ എങ്ങനെ———?
8. നല്ല ——— എല്ലാവരും ആസ്വദിക്കുന്നു.

III Transform into negatives.

1. അയാറം പാർട്ടി ജോലി മാത്രം ചെയ്യുന്നു.
2. അവളും ഒരു കുട്ടിനേതാവിനെപ്പോലെ പ്രസംഗിക്കുന്നു.
3. അദ്ദേഹം പഴയ കൂട്ടുകാരെ ഓർമ്മിക്കുന്നു.
4. അവറം ആ കാര്യം ചോദിക്കുന്നില്ല.
5. അമ്മ ചോറു വിളമ്പുന്നു.

IV Transform into corresponding interrogatives.

1. മോഹൻ കോളേജിൽ പോകുന്നു.
2. എന്റെ ചേട്ടന്റെ കൂട്ടുകാരൻ ഞങ്ങളുടെ വീട്ടിൽ വരുന്നു.
3. രാധ സുകുമാരിക്കു് പുതിയ സാരി കൊടുക്കുന്നു.
4. ഇപ്പോഴും അയാറം മലയാളത്തിൽ സംസാരിക്കുന്നില്ല.
5. മോഹൻ സിഗരററ് വലിക്കുന്നില്ല.
6. അമ്മ പലഹാരം ഉണ്ടാക്കുന്നില്ല.

V Answer the following questions.

1. നിങ്ങളുടെ വീട്ടിൽ എല്ലാവരും എങ്ങനെയിരിക്കുന്നു?
2. നിങ്ങളുടെ അച്ഛൻ എന്തു ജോലി ചെയ്യുന്നു?
3. നിങ്ങളിപ്പോഴും ഒന്നാം ക്ലാസിലെ കൂട്ടുകാരെ ഓർക്കുന്നോ?
4. നിങ്ങറം രാവിലെ എന്തു കുടിക്കുന്നു?
5. നിങ്ങറം ഇന്നു വൈകുന്നേരം സിനിമ കാണുന്നോ?

## VOCABULARY

| | | | |
|---|---|---|---|
| ഇരിക്കു് | 'to be' | തരക്കേടു് | 'defect, damage' |
| വിഷമം | 'difficulty, sorrow' | കാരണം | 'reason' |
| ആൺമക്കറം | 'sons' | തൽക്കാലം | 'for the time being' |
| ചെയ് | 'to do' | ചിന്ത | 'thought, worry' |
| ഊണു് | 'meals' | ഉറക്കം | 'sleep' |
| കഷ്ടി | 'difficulty' | ഔദാര്യം | 'generosity' |
| പാർട്ടിപ്രചരണം | 'party propaganda' | രാപ്പകൽ | 'day and night' |
| കുട്ടിനേതാവു് | 'mini leader' | രാഷ്ട്രീയസ്ഥിതി | 'political situation' |
| ഡംഭു് | 'arrogance' | ഗമ | 'to stentations ness' |
| വിപ്ലവം | 'revolution' | ജാഥ | 'procession' |

## NOTES

8.29.1. This lesson introduces sentences with verbs in present tense. – ഉന്നു is the present tense marker.

അവനെന്തോ ചെയ്യുന്നു?

What does he do ?.

8.29.2. Negative is formed by the addition of ഇല്ല after the tense marker. When it is added the final -ഉ of -ഉന്നു becomes zero.

അവൻ ഒന്നും ചെയ്യുന്നില്ല.

He does not do anything.

8.29.3. Note the use of verb stem ഇരിക്കു് made to function as a 'to be' verb. This can be replaced by ആണു്.

ഇതു് എങ്ങനെ ഇരിക്കുന്നു? How is this?

ഇതു് എങ്ങനെ ആണു്?

But the verb stem ഇരിക്ക് cannot be used as a copula verb substituting ആണു്.

## UNIT 8

## LESSON 30

# പിറന്നാൾ ആഘോഷത്തിനൊരു ക്ഷണം

## CONVERSATION

| | | |
|---|---|---|
| ഡോക്ടർ: | സദ്യക്ക് എത്ര പേരു വരുന്നു? വെളിയിൽ നിന്ന് ഒരുപാടാളുകളും ഉണ്ടോ? എങ്കിൽ ഞാൻ വരുന്നില്ല. | How many are coming for the feast? Are there many people from outside? If that is the case I am not coming. |
| രാഘവൻ നായർ: | അതെന്താ ഡോക്ടർ സാർ, അങ്ങനെ? സാറ് ഞങ്ങളുടെ വീട്ടിൽ ഒരതിഥിയല്ലല്ലോ. | Why is it so, doctor? You are not a guest in our house. |

| | | |
|---|---|---|
| ഡോ: | അതു ശരി. എന്നാൽ പിന്നെ ഞാൻ ഇന്നു തന്നെ വരണോ? എനിക്കെപ്പോഴും വരാമല്ലോ. നാളെയാകട്ടെ. ഇന്നു വേറൊരിടത്തു പോകാനുണ്ടു്. | That is correct. If that is the case should I come today itself? I can come at any-time. Let it be to-morrow. Today I have to go somewhere else. |
| രാ. നാ.: | അതു പാടില്ല സാർ. ഇന്നുതന്നെ സാർ ഞങ്ങളുടെ വീട്ടിൽ വരണം. | That you should not do. Today itself you should come to our house. |
| ഡോ: | എന്താ ഇന്നത്ര നിർബന്ധം? | Why do you force me so much today? |
| രാ. നാ.: | മാധുരിയുടെ മകന്റെ ഒന്നാമത്തെ പിറന്നാളാണു്. | Tomorrow is Madhuri's son's first birthday. |
| ഡോ.: | ഓഹോ. കൊച്ചുമോന്റെ പിറന്നാളാഘോഷമാണോ? അപ്പോൾ അപ്പൂപ്പന്റെ ഓഫീസിൽ നിന്നു് ആരൊക്കെ വരുന്നുണ്ടു്? എല്ലാവർക്കും ക്ഷണം ഉണ്ടോ? | That is it. Is it then the celebration of your grandson's birthday? Who are all coming from your office? Are all invited? |
| രാ. നാ.: | എല്ലാവർക്കും ഇല്ല. ഏകദേശം പത്തമ്പതു പേരു് വരുന്നു: അത്രതന്നെ: | Not all. About fifty or so are coming. That's all. |
| ഡോ: | അയ്യോ! അതൊരു വലിയ ആൾക്കൂട്ടമാണല്ലോ? | That is really too big a crowd. |
| രാ. നാ.: | അതു സാരമില്ല. ഡോക്ടർ സാർ വരണം. സാറല്ലേ അവന്റെ രക്ഷകൻ.? | That doesn't matter. You should come, doctor. Aren't you his saviour? |

ഡോ: വീണ്ടും ആ പഴയ പാട്ട്. അതൊന്നും എന്റെ സാമർത്ഥ്യം അല്ല. ദൈവത്തിന്റെ കരുണയാണ്. ആട്ടെ. എത്ര മണിക്കാണ് സദ്യ.

Again you are singing that old song. That is not my skill. It is God's mercy. That is alright. At what time is the feast?

രാ. നാ.: പന്ത്രണ്ടു മണിക്കേ തുടങ്ങുന്നുണ്ട്. സാറ് ഡിസ്പൻസറിയിൽ നിന്നു നേരെ അങ്ങോട്ടു വരണം. സാറിന്റെ ഭാര്യയും, കുട്ടികളും ഒക്കെ അതിനു മുൻപേ ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരിക്കും.

We are starting it at 12 O'clock itself. You should come there straight from the dispensary. Before you reach, your wife and children will be in our house.

ഡോ: അതെങ്ങനെ?

How is that?

രാ. നാ. പതിനൊന്നു മണിക്ക് എന്റെ മൂത്തമകൻ ഗോപി ഇതിലേ വരുന്നുണ്ട്. അവന്റെ കാറിൽ അവർക്കൊക്കെ പോകാം. സാറിന്റെ ഭാര്യയ്ക്ക് നേരത്തേ പരിപാടിയെപ്പറ്റി അറിയാം. അതു കൊണ്ട് സാറു വിഷമിക്കണ്ട.

At 11 O'clock my eldest son Gopi is coming this way. They can all go in that car. Your wife already knows about these arrangements. Therefore you don't have to worry.

ഡോ.: ഓഹോ. കഥ അപ്പോറം അങ്ങനെയാണോ? അപ്പോ, ഞാനാണല്ലോ ലിസ്റ്റിൽ അവസാനത്തെയാറം. ശരി. ശരി. സമയമായി. ഞാനിറങ്ങട്ടെ. ക്ഷമിക്കണം.

O.K. Now, is the story that way? That means I am the last person in your list. Alright. It is time. Let me get out. Please excuse me.

രാ. നാ. നമസ്കാരം.

Good wishes.

ഡോ.: നായർ കാറിൽ കയറുന്നില്ലേ? ഇനി എവിടെ പോകാനുണ്ട്. ?

Aren't you getting into the car? Where do you have to go now?

രാ. നാ. ഇനിയും രണ്ടുമൂന്നു സ്ഥലത്തുകൂടി പോകണം.	I have to go to two or three places more.

ഡോ.: ഈ പൊരിവെയിലത്തു നടക്കാൻ പോകുന്നോ? വേണ്ട. അതു പാടില്ല. മുൻസീററിൽത്തന്നെ കയറു. ഇന്നു ഞാൻ തന്നെയാണ് ഡ്രൈവർ. ജോണി അവധിയിലാണ്.	Are you intending to walk in this scorching sun? No. That shouldn't be done. Don't walk. You get into the front seat. Today I'am the driver. Johny is on leave.

## DRILLS

### A. Repetition drill

1. ഒരുപാടാളുകൾ സദ്യയ്ക്കു വരുന്നുണ്ട്.
   പിറന്നാൾ പാർട്ടിക്ക് അവരൊക്കെ പോകുന്നുണ്ട്.
   ഇപ്പോൾ സീത നന്നായി പഠിക്കുന്നുണ്ട്.
2. ഞങ്ങൾ വീട്ടിൽ നിന്നു വരുന്നു.
   അവർ ഹോസ്റ്റലിൽ നിന്നു പോകുന്നു.
   ഡോക്ടർ ഡിസ്പൻസറിയിൽ നിന്നു പോകുന്നു.
   അവരൊക്കെ ആശുപത്രിയിൽനിന്നു വരുന്നു.
3. സാറു നേരെ അങ്ങോട്ടു വരണം.
   അദ്ദേഹം വീട്ടിലോട്ടു പോകുന്നു.

### B. Expansion drill

Model

ഞങ്ങൾ വരുന്നു.

ഇൻസ്റ്റിററ്യൂട്ടിൽ.
ഞങ്ങൾ ഇൻസ്റ്റിററ്യൂട്ടിൽ വരുന്നു.

ഒൻപതു മണിക്ക്.
ഞങ്ങൾ ഒൻപതു മണിക്ക് ഇൻസ്റ്റിററ്യൂട്ടിൽ വരുന്നു.

എന്നും
ഞങ്ങൾ എന്നും ഒൻപതുമണിക്ക് ഇൻസ്റ്റിററ്യൂട്ടിൽ വരുന്നു.

1. ഇന്നു പോകുന്നുണ്ടു്.

നാട്ടിൽ

ഇന്നു നാട്ടിൽ പോകുന്നുണ്ടു്.

കൂട്ടുകാരെല്ലാം.

ഇന്നു കൂട്ടുകാരെല്ലാം നാട്ടിൽ പോകുന്നുണ്ടു്.

എന്റെ

ഇന്നു് എന്റെ കൂട്ടുകാരെല്ലാം നാട്ടിൽ പോകുന്നുണ്ടു്.

2. സദ്യ തുടങ്ങുന്നുണ്ടു്.

പന്ത്രണ്ടു മണിക്കേ

സദ്യ പന്ത്രണ്ടുമണിക്കേ തുടങ്ങുന്നുണ്ടു്.

ഞങ്ങളുടെ വീട്ടിൽ

സദ്യ ഞങ്ങളുടെ വീട്ടിൽ പന്ത്രണ്ടു മണിക്കേ തുടങ്ങുന്നുണ്ടു്.

3. അഞ്ചുമണിക്കു് ഇറങ്ങുന്നു.

എല്ലാവരും

അഞ്ചുമണിക്കു് എല്ലാവരും ഇറങ്ങുന്നു.

ഓഫീസിൽ നിന്നു്

അഞ്ചുമണിക്കു് ഓഫീസിൽനിന്നു് എല്ലാവരും ഇറങ്ങുന്നു.

ഞങ്ങളുടെ

അഞ്ചുമണിക്കു് ഞങ്ങളുടെ ഓഫീസിൽനിന്നു് എല്ലാവരും ഇറങ്ങുന്നു

## C. Substitution drill

1. അദ്ദേഹം <u>വീട്ടിലോട്ടു</u> പോകുന്നുണ്ടു്.

   അങ്ങോട്ടു്
   നാട്ടിലോട്ടു്
   ഓഫീസിലോട്ടു്
   ക്ലാസിലോട്ടു്

2. ഞാൻ <u>ഓഫീസിൽനിന്നു്</u> ഇറങ്ങുന്നു.

   വീട്ടിൽനിന്നു്
   ക്ലാസിൽനിന്നു്
   മുറിയിൽനിന്നു്
   കാറിൽനിന്നു്.

## D. Transformation drill

### Model 1

ആ സദ്യയ്ക്ക് എല്ലാവരും വരുന്നുണ്ട്.
ആ സദ്യയ്ക്ക് എല്ലാവരും വരുന്നില്ല.

1. മധു ആ കല്യാണത്തിനു് പോകുന്നുണ്ട്.
2. മാധവന്റെ കല്യാണത്തിനു് അവരേയും വിളിക്കുന്നുണ്ട്.
3. കുട്ടികൾ അദ്ദേഹത്തിനെ ശല്യപ്പെടുത്തുന്നുണ്ട്.
4. ഞങ്ങളുടെ ക്ലാസ്സ് ഏഴരയ്ക്ക് തുടങ്ങുന്നുണ്ട്.
5. ഡ്രൈവർ മുൻസീററിൽത്തന്നെ കയറുന്നുണ്ട്.

### Model 2

ധാരാളം ആളുകൾ വരുന്നുണ്ട്.
ധാരാളം ആളുകൾ വരുന്നുണ്ടോ?

1. കുട്ടിനേതാവ് എല്ലാവരേയും ഓർക്കുന്നുണ്ട്.
2. ഭാര്യവീട്ടുകാർ അയാൾക്ക പണം കൊടുക്കുന്നുണ്ട്.
3. അദ്ദേഹം അതിഥികളെ മകന്റെ ചിത്രങ്ങൾ കാണിക്കുന്നുണ്ട്.
4. അനിയനും ചേട്ടനും വഴക്ക കൂടുന്നുണ്ട്.
5. മൂത്തയാൾ വേഗം നടക്കുന്നുണ്ട്.

### Model 3

അനിയൻ വേഗം നടക്കുന്നില്ല.
അനിയൻ വേഗം നടക്കുന്നില്ലേ?

1. അച്ഛൻ അമ്മയെ വിളിക്കുന്നില്ല.
2. സുകു പുതിയ ഭാഷ പഠിക്കുന്നില്ല.
3. എല്ലാവരും ശ്രദ്ധിക്കുന്നില്ല.
4. രാധ നാടകം മുഴുവനും കാണുന്നില്ല.
5. മധു എല്ലാം വാങ്ങുന്നില്ല.

## EXERCISES

I Fill in the blanks using the correct form of the word given in brackets for each sentence.

1. കുട്ടികൾ ——— നിന്നു വരുന്നു. (സ്കൂൾ)
2. അവർ ——— നാട്ടിൽ പോകുന്നു. (ഓണം)
3. ഇന്നു ഞങ്ങൾ ——— പോകുന്നു. (സിനിമ)

4. അവർ നാടകം കാണാൻ വലിയ ——— പോകുന്നു. (നഗരം)
5. ആറാം തീയതി അദ്ദേഹം ——— നിന്നു വരുന്നു. (വീട്ᵘ)
6. ——— നിന്നᵘ ആരൊക്കെ വരുന്നു. (ഗ്രാമം)
7. അദ്ദേഹം കാറിൽനിന്നᵘ ———. (ഇറങ്ങᵘ)
8. സീത കാറിന്റെ മുൻ ——— കയറുന്നു. (സീററᵘ)
9. മരത്തിന്റെ ——— അവർ നിൽക്കുന്നു. (ചോടᵘ)
10. ഈ ——— ആ കാര്യം പഠിക്കുന്നു. (പാഠം)

II Substitute the underlined words in the given sentences with their corresponding -ഇൽനിന്നു forms.

1. അദ്ദേഹം <u>അമേരിക്കയിൽ</u> പോകുന്നു.
2. അവൻ <u>നാട്ടിൽ</u> വരുന്നു.
3. മോഹൻ <u>ഹോട്ടലിൽ</u> ഇറങ്ങുന്നു.
4. രാജു <u>കൽക്കത്തയിൽ</u> എത്തുന്നു.

III Answer the following with reference to the conversation.

1. ആരുടെ വീട്ടിലാണു സദ്യ?
2. രാഘവൻനായർ ഡോക്ടറെ എന്തിനു വിളിക്കുന്നു?
3. സദ്യയ്ക്കു ധാരാളം പേർ വരുന്നുണ്ടോ?
4. എന്തിനുവേണ്ടിയാണᵘ സദ്യ?
5. രാഘവൻ നായരുടെ മൂത്തമകൻ ആരാണᵘ?
6. അയാൾക്കᵘ കാറൊണ്ടോ?
7. ഡോക്ടർക്കᵘ ഭാര്യയും കുട്ടികളും ഉണ്ടോ?

IV Using the following table construct as many sentences in present tense as possible.

| | | | |
|---|---|---|---|
| രാധ<br>അദ്ദേഹം<br>കുട്ടി<br>രാമൻ | പിറന്നാൾ<br>ഓണം<br>നാടകം<br>സിനിമ | നാടᵘ<br>വീടᵘ<br>കാർ<br>ഹോസ്റ്റൽ | വരᵘ<br>പോകᵘ<br>കയറᵘ<br>ഇറങ്ങᵘ<br>കാണᵘ |

**V** Fill in the incomplete dialogues.

**A** എന്തൊക്കെയുണ്ട് വിശേഷം, തോമസ് സാർ?
മകളുടെ കല്യാണമൊക്കെ ആയോ?

**B** . . . . . . . . . . . . . . . . . . . . . . . . . .

**A** അതുകൊള്ളാം. വളരെ സന്തോഷം. പയ്യനെന്താ ജോലി?

**B** സർക്കാർ ജോലി ഒന്നുമില്ല. ഒരു തോട്ടം ഉണ്ട്.

**A** അപ്പോൾ നല്ല പണക്കാരാണോ?

**B** അത്ര വലിയ പണമൊന്നുമില്ല. അയാളുടെ അച്ഛനും ചേട്ടന്മാരും ഒക്കെ റബ്ബർ ബിസിനസ്സുകാരാണ്. അത്രമാത്രം.

**A** . . . . . . . . . . . . . . . . . . . . . . . . . .

**B** മൂന്നാമത്തെ മകനാണത്രേ. കഴിഞ്ഞ വർഷംവരെ അമേരിക്കയിലായിരുന്നു.

**A** അപ്പോ, ഇനിയും അമേരിക്കയിൽ പോകുന്നുണ്ട്. അല്ലേ? അതു മേരിയുടെ ഭാഗ്യം.

**B** . . . . . . . . . . . . . . . . . . . . . . . . . .

**A** അതു ശരി. ദൈവകാരുണ്യം തന്നെ. അതിനു സംശയമൊന്നുമില്ല. എനിക്കു വളരെ സന്തോഷമായി. മേരിക്കു നല്ലതു വരട്ടെ. അവളൊരു നല്ല കുട്ടിയാണ്.

**B** . . . . . . . . . . . . . . . . . . . . . . . . . .

## VOCABULARY

| | | | |
|---|---|---|---|
| വെളിയിൽ | 'outside' | അതിഥി | 'guest' |
| നിർബന്ധം | 'compulsion' | ക്ഷണം | 'invitation' |
| ഏകദേശം | 'approximately' | ആൾക്കൂട്ടം | 'crowd' |
| രക്ഷകൻ | 'protector' | സാമർഥ്യം | 'skill' |
| കരുണ | 'mercy' | തുടങ്ങ് | 'to start' |
| ഇതിലേ | 'this way' | കാർ | 'car' |
| നേരത്തേ | 'early' | വിഷമിക്ക് | 'to worry' |
| കയറ് | 'to enter' | പൊരിവെയിൽ | 'scorching sun |
| ഫ്രൺസീററ് | 'front seat' | ഡ്രൈവർ | 'driver' |

**NOTES**

8.30.1. Sentences with present tense expanded by the ablative case are introduced in this lesson. Ablative case denotes the source of the action indicated by the verb. This is expressed by adding -ഇൽ നിന്നു് to the noun form.

അപ്പൂപ്പന്റെ ഓഫീസിൽനിന്നു് എല്ലാവരും വരുന്നുണ്ടോ ?
Are all coming from grandfather's office ?

8.30.2. The suffix -ഓട്ടു് indicates direction.
സാറു് ഡിസ്പെൻസറിയിൽ നിന്നു് നേരെ അങ്ങോട്ടു് വരണം.
Sir, (you) come there (towards that place) from dispensary.

8.30.3. Note the use of ഉണ്ടു് added after the present tense verb in the example given under 8.30.1. When this is added different shades of meaning such as very near future, certainty, continuity, etc, are indicated.

UNIT 8

LESSON 31

# ആരേയും ആക്ഷേപിക്കരുതു്.

## CONVERSATION

അധ്യാപകൻ: നിങ്ങൾ എന്തിനിത്ര ബഹളം ഉണ്ടാക്കുന്നു? ഇതു മീൻചന്തയാണോ? എന്താടോ, ആർക്കും നാക്കും, മൂക്കുമൊന്നുമില്ലേ എൻെറ ചോദ്യത്തിനു് ഉത്തരം പറയാൻ? വായൊന്നു തുറക്കെടോ. നിങ്ങൾ ഊമകളൊന്നും അല്ലല്ലോ.

Why do you make so much of noise? Is this a fish market? What is this? Don't you have tongue to answer my question? Please open your mouth. You are not dumb.

മധു: സാർ. . . . . . . . . സാർ.

Sir..........Sir

| | | |
|---|---|---|
| അധ്യാ: | വിക്കണ്ടെടോ. കാര്യം പറ. | Don't stammer. Say it out. |
| മധു: | ഒന്നുമില്ല സാർ. | Nothing Sir. |
| അധ്യാ.: | ഒന്നുമില്ലേ! ഇപ്പോഴും ആരും ബഹളം ഉണ്ടാക്കുന്നില്ലേ? ഞാൻ പൊട്ടനോ, ചെകിടനോ മറ്റോ ആണോ? ഇത്ര വരെ ഇവിടെ വലിയ ബഹളമായിരുന്നല്ലോ. എന്താ രാജാ, കാര്യം പറയൂ? | Wasn't there anything? Isn't anyone making noise now? Am I deaf or so? There was so much noise here. Rajan, what is the matter? Please tell. |
| രാജൻ: | സാർ, ഈ മുകുന്ദൻ ഞങ്ങളെയെല്ലാം അടിക്കുന്നു. അവൻ എല്ലാരേം ചീത്തേം പറയുന്നുണ്ട്. | Sir, this Mukundan is beating all of us. He is abusing everybody. |
| അധ്യാ.: | മുകുന്ദൻ അങ്ങനെ ചെയ്യുന്നോ? എവിടെ അവൻ? അത്ര വലിയ അടിക്കാരനെ ഞാനൊന്നു കാണട്ടെ. | Is Mukundan doing that way? Where is he? Let me see that great beater. |
| രാജൻ: | അതാ സാർ, ആ മൂലയിൽ ഇരിക്കുന്നു. പുറകിലത്തെ ബെഞ്ചിൽ. | Sir, he is sitting in that corner—on that back bench. |
| അധ്യാ: | എടാ മുകുന്ദാ എണീക്ക്. അല്ലാ, നീ കരയുന്നോ? കരയണ്ട. കാര്യം പറ. എല്ലാവർക്കും നിന്റെ മേലാണല്ലോ കണ്ണ്. | Mukunda, get up! What is the matter? Are you crying? Don't cry. Tell me the matter. All are focussing their attention on you. |
| മുകുന്ദൻ: | സാർ . . . . . . . .സാർ. ഇവരെല്ലാം എന്നെ മുയൽച്ചെവിയാ, കോന്ത്രൻ പല്ലാ എന്നു വിളിക്കുന്നു. ക്ലാസിലും,വഴിയിലും, കളിസ്ഥലത്തും വച്ച് ഇവർ എന്നെ ആക്ഷേപിക്കുന്നു. എന്നെ ആരും കളിയിൽ ചേർക്കുന്നില്ല. | Sir, these people are teasing me with names. They are laughing at me in the class room on my way and even on the playground. Nobody is admitting me to play. |

| | |
|---|---|
| കുട്ടികൾ: സാർ., അവൻ ആർക്കും പന്തു കൊടുക്കുന്നില്ല.. | Sir! He doesn't give ball to anybody. |
| അധ്യാ.: ശരി, ശരി. കുട്ടികളേ, നിങ്ങളെല്ലാം വലിയ സുന്ദരന്മാരാണോ? മുകുന്ദനെ കളിയാക്കാൻ നിങ്ങൾക്കെന്തധികാരം? എന്താ വാസു? എന്തിനിങ്ങനെ പല്ലിളിക്കുന്നു? സത്യം പറ. ആരാണിതിന്റെയൊക്കെ പിന്നിൽ? | O.K. Children, are you all very handsome? What right do you have to laugh at Mukundan? Vasu, why do you grin? Tell me the truth. Who are all behind this? |
| മുകുന്ദൻ: എല്ലാരുമുണ്ടു സാർ. | All are there. |
| കുട്ടികൾ: ഇല്ല സാർ. | No, Sir. |
| അധ്യാ: നിങ്ങളൊക്കെ ഉണ്ടായിരിക്കും. അല്ലെങ്കിൽ അവൻ എന്തിനു നിങ്ങളെ അടിക്കണം? | All of you must be there behind this Otherwise why should he beat you ? |
| കുട്ടികൾ: സാർ . . . . . | Sir ................ |
| അധ്യാ: എനിക്കിനി ഒന്നും കേൾക്കണ്ട. ഇന്നത്തേയ്ക്കു ഞാൻ നിങ്ങൾക്കെല്ലാം മാപ്പുതരുന്നു. ആരേയും ശിക്ഷിക്കുന്നില്ല. പക്ഷെ ഇനി മുതൽ നിങ്ങൾ എന്റെ വാക്കു കേൾക്കണം. ആരും ആരേയും ആക്ഷേപിക്കരുതു്. പരസ്പരം അടികൂടരുതു്. എല്ലാവരും നല്ല കുട്ടികളായിരിക്കണം. എപ്പോഴും സത്യം പറയണം. ഒരിക്കലും കള്ളം പറയരുതു്. | I don't want to hear anything. Today I am pardoning all of you. I am not punishing anybody. But hereafter you should listen to me. Nobody should tease anybody. Don't fight among yourselves. All of you should be good children. You should always speak the truth. Never tell lies. |

## DRILLS

### A. Repetition drill

a. 1. കുട്ടികൾ ബഹളം ഉണ്ടാക്കുന്നു.

2. അധ്യാപകൻ കുട്ടികളെ വഴക്കു പറയുന്നു.

3. മുകുന്ദൻ എല്ലാരേം അടിക്കുന്നു.
4. രവി വാതിൽ തുറക്കുന്നു.
5. ജോലിസ്ഥലത്തുവച്ച് അദ്ദേഹം രാമനെ ആക്ഷേപിക്കുന്നു.

b. 1. ആരും ബഹളം ഉണ്ടാക്കുന്നില്ല.
2. ആരേയും ആക്ഷേപിക്കരുത്.
3. ആർക്കും പന്തു കൊടുക്കുന്നില്ല.

c. 1. എന്നെ മുയൽച്ചെവിയാ എന്നു വിളിക്കുന്നു.
2. അയാളെ സാർ എന്നു വിളിക്കുന്നു.
3. അമ്മ കുട്ടിയെ മോനേ എന്നു വിളിക്കുന്നു.

B. Expansion drill

Model

ശാരദ തുറക്കുന്നു.
വാതിൽ
ശാരദ വാതിൽ തുറക്കുന്നു.
മുൻപിലത്തെ
ശാരദ മുൻപിലത്തെ വാതിൽ തുറക്കുന്നു.
വീട്ടിന്റെ
ശാരദ വീട്ടിന്റെ മുൻപിലത്തെ വാതിൽ തുറക്കുന്നു.
അവളുടെ
ശാരദ അവളുടെ വീട്ടിന്റെ മുൻപിലത്തെ വാതിൽ തുറക്കുന്നു.

1. മധു ശല്യപ്പെടുത്തുന്നു.
എപ്പോഴും
മധു എപ്പോഴും ശല്യപ്പെടുത്തുന്നു.
ചേട്ടനെ
മധു എപ്പോഴും ചേട്ടനെ ശല്യപ്പെടുത്തുന്നു.
എന്റെ
മധു എപ്പോഴും എന്റെ ചേട്ടനെ ശല്യപ്പെടുത്തുന്നു.
വെറുതെ
മധു എപ്പോഴും വെറുതെ എന്റെ ചേട്ടനെ ശല്യപ്പെടുത്തുന്നു.

2. വലിയ കട്ടികരം ആക്ഷേപിക്കുന്നു.

അദ്ദേഹത്തിനെ

വലിയ കട്ടികരം അദ്ദേഹത്തിനെ ആക്ഷേപിക്കുന്നു.

മൈതാനത്തിൽവച്ച്

വലിയ കട്ടികരം മൈതാനത്തിൽ വച്ച് അദ്ദേഹത്തിനെ ആക്ഷേപിക്കുന്നു.

സ്കൂളിലെ

വലിയ കട്ടികരം സ്കൂളിലെ മൈതാനത്തിൽവച്ച് അദ്ദേഹത്തിനെ ആക്ഷേപിക്കുന്നു.

## C. Substitution drill

1. കുമാരൻ വാതിൽ തുറക്കുന്നില്ല.

ജന്നൽ

വീട്

സ്കൂരം

ഗേററ്

പുസ്തകം

പേന

വാ

കണ്ണ്

2. മാധവൻ നായർ മകളെ മോഹനനു കൊടുക്കുന്നു.

അനിയത്തിയെ

വനജയെ

പങ്കജത്തിനെ

അനുവിനെ

3. അവൻ എല്ലാരേം വഴക്കു പറയുന്നു.

അടിക്കുന്നു

ശല്യപ്പെടുത്തുന്നു

വിളിക്കുന്നു

ആക്ഷേപിക്കുന്നു

4. ആ കുട്ടിയുടെ കണ്ണ്് വലുതാണ്.

ചെവി
വായ്
മൂക്ക്
നാക്ക്
തല
പല്ല്

5. അയാൾ പൊട്ടൻ അല്ല.

ചെകിടൻ
വിക്കൻ
അടിക്കാരൻ
മുയൽച്ചെവിയൻ
കോന്ത്രൻപല്ലൻ

## D. Combination drill

Model

a. കുട്ടികൾക്ക പഠിക്കണം.
b. അവർ സ്കൂളിൽ വരുന്നു.
c. കുട്ടികൾ പഠിക്കാൻ സ്കൂളിൽ വരുന്നു.

1. കുട്ടികൾക്ക കളിക്കണം.
അവർ മൈതാനത്തിൽ പോകുന്നു.

2. കുട്ടികൾക്ക പരസ്പരം അടികൂടണം.
അവർ വഴിയിലോട്ടു പോകുന്നു.

3. പാവങ്ങൾക്ക ജീവിക്കണം.
അവർ ജോലി ചെയ്യുന്നു.

4. ശാരദയ്ക്കു ചായ ഉണ്ടാക്കണം.
അവൾക്ക പാലു വേണം.

5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയണം.
അതിനു നല്ല ബുദ്ധി വേണം.

6. അയാളുടെ ഭാര്യയ്ക്കു സാരി വാങ്ങണം.
അവർ രണ്ടുപേരും സിററിയിൽ പോകുന്നു.

**E.** Response drill

Model

A ക്ലാസിൽ ആരു ബഹളം ഉണ്ടാക്കുന്നു? നിങ്ങളാണോ?
B അല്ല സാർ. ഞങ്ങളല്ല. ഞങ്ങൾ വെറുതെ ഇരിക്കുന്നു.

1. A മോഹനൻ ആരെ വഴക്കു പറയുന്നു? നിന്നെയാണോ?
   B അല്ല. എന്നെയല്ല. ——— സ്വന്തം അനിയനെ——— ———.
2. A അദ്ദേഹം ആർക്കു് ആ പുസ്തകം കൊടുക്കുന്നു? മധുവിനാണോ?
   B അല്ല. മധുവിനല്ല. അദ്ദേഹം ——— ആ പുസ്തകം ———.
3. A ആ കവിത ആരുടേതാണു്? ശാന്തയുടേതാണോ?
   അല്ല. അതു ———.——— റാണിയുടേതാണു്.

## EXERCISES

**I** Fill in the blanks suitably.

1. നമ്മുടെ ക്ലാസിൽ ——— ബഹളം ഉണ്ടാക്കുന്നു?
2. ——— നിങ്ങൾ ശല്യപ്പെടുത്തുന്നോ?
3. ആരും മീററിങ്ങിനു് ———.
4. അവർ എന്നെ മുയൽച്ചെവിയാ എന്നു് ———.
5. ആ മേശയുടെ പിന്നിൽ ആരു് ———?
6. ആ വലിയ കുട്ടികൾ ——— ചേർക്കുന്നില്ല.
7. ഇന്നു ഞാൻ ആർക്കും ശിക്ഷ ———.

**II** Combine the given pairs of sentences into one sentence each using purposive infinitive forms (–ആൻ).

1. കുട്ടികൾ പാട്ടു കേൾക്കണം.
   അച്ഛൻ റേഡിയോ വാങ്ങി.
2. ആളുകൾക്കു സുഖമായി ജീവിക്കണം.
   അവർക്കു ധാരാളം പണം വേണം.
3. മോഹനു വലിയ വീടു് എടുക്കണം.
   ഭയങ്കര വാടകയും കൊടുക്കണം.
4. കുഞ്ഞിനു എപ്പോഴും പാലു കുടിക്കണം.
   പാൽ ധാരാളം വാങ്ങണം.

## III Match the following.

| | |
|---|---|
| 1. ആരോ രാജനെ | a. ജീവിതം ആസ്വദിക്കണം. |
| 2. ഡോക്ടർ കുഞ്ഞിന്ന് | b. നാട്ടിൽ പോകുന്നില്ലേ? |
| 3. വീട്ടിൽ നിന്ന പത്തു മണിക്ക് | c. ശിക്ഷിക്കുന്നില്ലല്ലോ. |
| 4. അധ്യാപകൻ വിദ്യാർഥികളെ | d. ഉത്തരം പറയാൻ അറിയില്ലേ? |
| 5. ചോദ്യങ്ങൾക്കു | e. ഞാൻ ഓഫീസിലേക്കു വരുന്നു. |
| 6. നിങ്ങൾ ഓണം അവധിക്കു | f. ആക്ഷേപിക്കുന്നു. |
| 7. എല്ലാവർക്കും | g. മരുന്നു കൊടുക്കുന്നു. |

## IV Answer the following with reference to the conversation.

1. കുട്ടികൾ ക്ലാസിൽ എന്തിനു ബഹളം ഉണ്ടാക്കുന്നു?
2. മുകുന്ദൻ എന്തിനു കുട്ടികളെ അടിക്കുന്നു?
3. മുകുന്ദൻ ക്ലാസിൽ എവിടെ ഇരിക്കുന്നു?
4. മുകുന്ദനെ കുട്ടികൾ എന്തൊക്കെ വിളിക്കുന്നു?
5. മുകുന്ദൻ എന്തു ചെയ്യുന്നു?

## V Fill in the incomplete dialogues.

1. A. . . . . . . . . . . . . . . . . . . . . . . . . .

B. മേനോൻ സാറിനെ.

A. . . . . . . . . . . . . . . . . . . . . . . . . . .

B. അതെന്താ, മണി ഇപ്പോൾ എട്ടായല്ലോ. നിനക്കു മാത്രം അദ്ദേഹത്തിനെ ശല്യപ്പെടുത്താമോ?

A. . . . . . . . . . . . . . . . . . . . . . . . . . .

B. എനിക്കൊന്നും കേൾക്കണ്ട. നീ ഒരു വലിയ ആൾ. നിന്റെ കാര്യമൊന്നും പറയണ്ട.

A. . . . . . . . . . . . . . . . . . . . . . . . . . .

B. ശരി.

2. A. മുകുന്ദനെ ആരു് അടിക്കുന്നു?

B. . . . . . . . . . . . . . . . . . . . . . . . . . .

A. എന്തിനു്?

B. . . . . . . . . . . . . . . . . . . . . . . . . . .

അവൻ കൂട്ടുകാരെ വെറുതെ അടിക്കുന്നോ? എന്തെങ്കിലും കാരണം ഉണ്ടായിരിക്കും.

B. . . . . . . . . . . . . . . . . . . . . . . . .

A. കാരണമൊന്നും അറിയില്ല. എൻെറ അഭിപ്രായം ആണതു്.

B. . . . . . . . . . . . . . . . . . . . . . . . .

3. A. കേറംക്കു്, ലീല എത്ര നന്നായി കവിത വായിക്കുന്നു!

B. . . . . . . . . . . . . . . . . . . . . . . . .

A. അറിയാം. വായിക്കാൻ മാത്രമല്ല, കവിത എഴുതാനും അറിയാം. മലയാളത്തിലും തമിഴിലും, അവരം കവിത എഴുതുന്നുണ്ടു്.

B. . . . . . . . . . . . . . . . . . . . . . . . .

A. അവളുടെ അച്ഛൻ ഏകദേശം പത്തു വർഷം തമിഴ്നാട്ടിലായിരുന്നു. അതുകൊണ്ടു് അവരംക്കു് നന്നായി തമിഴറിയാം.

B. . . . . . . . . . . . . . . . . . . . . . . . .

A. ഇല്ല. അവരം കഥ എഴുതുന്നില്ല. രണ്ടു ഭാഷയിലും കവിതകരം മാത്രം എഴുതുന്നു.

B. . . . . . . . . . . . . . . . . . . . . . . . .

4. A. . . . . . . . . . . . . . . . . . . . . . . . .

B. വരട്ടെ. അവൻ അകത്തു വരട്ടെ.

A. . . . . . . . . . . . . . . . . . . . . . . . .

B. വിളിക്കു. ഇങ്ങോട്ടു വിളിക്കു. എല്ലാവരും ഇവിടെ ഇരിക്കുന്നുണ്ടല്ലോ. അയാരംക്കു് ആരെ കാണണം?

A. . . . . . . . . . . . . . . . . . . . . . . . .

B. ഉണ്ടു്. അദ്ദേഹവും ഉണ്ടു്. അകത്തു് ഉറങ്ങുന്നു.

A. . . . . . . . . . . . . . . . . . . . . . . . .

B. ഇതൊന്നും ഒരു ശല്യമല്ല. വരൂ.

## VOCABULARY

| | | | |
|---|---|---|---|
| ബഹളം | 'noise' | മീൻചന്ത | 'fish market' |
| നാക്കു് | 'tongue' | മൂക്കു് | 'nose' |
| കോലാഹലം | 'disturbance, noise' | തുറക്കു് | 'to open' |
| വിക്കു് | 'to stammer' | ഊമകരം | 'dumb people' |
| പൊട്ടൻ | 'deaf man' | ചെകിടൻ | 'deaf man' |
| അടിക്കു് | 'beat' | വഴക്കുപറയു് | 'scold' |
| മൂല | 'corner' | എണീക്കു് | 'to get up' |

| | | | |
|---|---|---|---|
| കരയ് | 'to cry' | മേൽ | 'top' |
| കണ്ണ് | 'eye' | മുയൽച്ചെവിയൻ | 'rabbit eared' |
| ചെവി | 'ear' | | |
| കോന്ത്രൻപല്ലൻ | 'one who has protruding teeth' | | |
| പല്ല് | 'tooth' | വഴി | 'path' |
| കളിസ്ഥലം | 'play ground' | | |
| ആക്ഷേപിക്ക് | 'make fun of, insult' | | |
| ചേർക്ക് | 'join, admit' | പന്ത് | 'ball' |
| സുന്ദരന്മാർ | 'handsome people' | ഇളിക്ക് | 'to grin' |
| നാണം | 'shame, shyness' | കള്ളം | 'falsehood, lie' |
| മാപ്പുതര് | 'to pardon' (മാപ്പ് 'apology') | | |
| ശിക്ഷ | 'punishment' | കേൾക്ക് | 'to hear' |
| അടികൂട് | 'to fight' | സത്യം | 'truth' |
| ഒരിക്കലും | 'never' | | |

## NOTES

8.31.1. In this lesson sentences in present tense are expanded by objective case and dative case. They indicate direct object and indirect object respectivly.

> മുകുന്ദൻ ഞങ്ങളെയെല്ലാം അടിക്കുന്നു.
>
> Mukundan is beating all of us.
>
> അവൻ എല്ലാരേം ചീത്തേം പറയുന്നുണ്ട്.
>
> He is abusing everybody.
>
> അവൻ ആർക്കും പന്തു കൊടുക്കുന്നില്ല.
>
> He is not giving ball to anybody.

8.31.2. The interrogative words ആര്, ആരെ, ആർക്കും, etc., when suffixed with, -ഉം should be used with negative verb to get the meaning of full negative.

> ഇപ്പോൾ ആരും ബഹളം ഉണ്ടാക്കുന്നില്ലേ?
>
> Isn't anyone making noise now?
>
> അവൻ ആർക്കും പന്തു കൊടുക്കുന്നില്ല.
>
> He doesn't give the ball to anybody.
>
> ആരേയും ആക്ഷേപിക്കരുത്.
>
> Don't laugh at anybody.

## UNIT 8

## LESSON 32

# എനിക്കാരോടും കോപമില്ല.

| | |
|---|---|
| മാധവൻ: വർഗീസേ, നിങ്ങൾ ആരോടു വഴക്കു കൂടുന്നു? | Vargese, with whom are you quarrelling ? |
| വർഗീസ്: ഞങ്ങളോ? ഞങ്ങൾ ആരോടും വഴക്കു കൂടുന്നില്ലല്ലോ. | Do you mean us ? We are not quarrelling with anybody. |
| മാധവൻ: പിന്നെ? | Then what ? |
| വർഗീസ്: ഇവൻ എന്നോട് ഞങ്ങളുടെ കന്യാകുമാരി യാത്രയെപ്പറ്റി ചോദിക്കുന്നു. ഞാനവിടത്തെ വിശേഷങ്ങളെല്ലാം പറയുന്നു. | He is asking me about our Kanyakumari trip. I am telling(him) about that. |

മാധവൻ: അതിനിത്ര ബഹളം കൂട്ടണോ? ഒന്നു പതുക്കെ സംസാരിക്കൂ. നിങ്ങളുടെ യാത്രാവിവരണത്താൽ എനിക്കാണു് ബുദ്ധിമുട്ടൊക്കെ.

Do you have to make so much of noise for that? Please talk gently. I am suffering from your narration.

വർഗീസു്: നിനക്കെന്താ ബുദ്ധിമുട്ടു്? നീ എന്തിനു് വെറുതെ ഞങ്ങളോടു് കോപിക്കുന്നു?

What is the difficulty with you? Why are you getting angry with us unnecessarily ?

മാധവൻ: എനിക്കാരോടും കോപം ഇല്ല. ഞാൻ ആരോടും ദേഷ്യപ്പെടുന്നുമില്ല. ഇന്നലെ രാത്രി എനിക്കു തീരെ ഉറക്കമില്ലായിരുന്നു. തലവേദന കാരണം എനിക്കു് ഉറങ്ങാൻ വയ്യായിരുന്നു. ഇപ്പോഴെങ്കിലും ഒന്നുറങ്ങണം.

I don't have any ill feeling to anybody. I am not getting angry with anybody. Last night I didn't at all sleep. I was unable to sleep because of a headache. At least now I want to sleep.

വർഗീസു്: അതിനു് ഞങ്ങൾക്കു വിരോധമൊന്നുമില്ല. ഉറങ്ങണം. അതിനു് ഞങ്ങളോടെന്തിനു് തർക്കിക്കുന്നു.

We don't have any objection to it. You sleep. Why do you argue with us for that ?

മാധവൻ: തമാശയല്ല വർഗീസു്. നിങ്ങളുടെ സംസാരം എന്നെ ശല്യപ്പെടുത്തുന്നു. എനിക്കു് ഉറങ്ങാനേ പറ്റുന്നില്ല.

This is not a joke. Your talk is disturbing me. I cannot at all sleep.

വർഗീസു്: ശരി. ശരി. ഞങ്ങളിതാ വെളിയിൽ പോകുന്നു. ഞങ്ങളെക്കൊണ്ടു് ആർക്കും ശല്യം വേണ്ട. വരൂ മോഹൻ. നമുക്കു വെളിയിൽ പോകാം.

Alright. We are going out. Nobody need have any disturbance because of us. Come, Mohan. Let us go out.

മാധവൻ: എന്നോടു പിണങ്ങല്ലേ വർഗീസു്.

Varghese, you please don't fall apart from me ?

| | |
|---|---|
| നായർ: എന്തൊന്നു മാധവാ? ആരോടാണ് ഈ പിണക്കവും, ഇണക്കവും? അവരോട് നീ എന്തിന് അപേക്ഷിക്കുന്നു? നല്ല രണ്ടു വഴക്കു കൊടുക്കണം. | What is this, Madhavan? With whom are these quarrel, friendships,etc.? Why do you request them? You should scold them nicely. |
| മാധവൻ: വഴക്കു പിടിക്കാനും വഴക്കു പറയാനും ഒന്നും എന്നെക്കൊണ്ടു വയ്യ. | I cannot quarrel or scold. |
| നായർ: പക്ഷെ വർഗീസിനോടൊക്കെ അങ്ങനെ തന്നെ പെരുമാറണം. നല്ല വാക്കുകൊണ്ടു പ്രയോജനമില്ല. | But you should behave with Vargese only that way. There is no use talking sweetly. |
| മാധവൻ: എനിക്കിക്കാര്യത്തിൽ നിന്നോടു യോജിക്കാൻ വയ്യ. | I cannot agree with you in this respect. |
| നായർ : പിന്നെ പരാതി പറയരുത്. എല്ലാം അനുഭവിക്കണം. | Then you shouldn't complain. You should suffer. |
| മാധവൻ: ഞാൻ നിന്നോടു പരാതി പറയുന്നില്ലല്ലോ. നീ എന്നോടു നിന്റെ അഭിപ്രായം പറയുന്നു. ഞാനതിന് ഉത്തരവും തരുന്നു. പരാതി പറയാനോ, അന്യായം ബോധിപ്പിക്കാനോ ഇതു കോടതിയാണോ? നീ നിന്റെ പാട് നോക്ക്. ഞാനൊന്നുറങ്ങട്ടെ. | I am not complaining to you. You are telling me your opinion. I am responding to that. Is this a court for me to complain or file a petition? You mind your business. Let me sleep. |

## DRILLS

### A. Repetition drill

a. 1. നിങ്ങൾ ആരോടു വഴക്കു കൂടുന്നു?

2. രാജൻ മധുവിനോടു വിശേഷം പറയുന്നു.

3. അദ്ദേഹം ആരോടും ഒന്നും ചോദിക്കുന്നില്ല.

b. 1. നല്ല വാക്കുകൊണ്ടു പ്രയോജനമില്ല.
നല്ല വാക്കാൽ പ്രയോജനമില്ല.

2. പണം കൊണ്ടു് എല്ലാം വാങ്ങാമോ?
പണത്താൽ എല്ലാം വാങ്ങാമോ?

c. 1. നിങ്ങളുടെ ബഹളംകൊണ്ടു എനിക്കു ഉറങ്ങാൻ വയ്യ.
നിങ്ങളുടെ ബഹളത്താൽ എനിക്കു് ഉറങ്ങാൻ വയ്യ.
നിങ്ങളുടെ ബഹളം കാരണം എനിക്കു് ഉറങ്ങാൻ വയ്യ.

d. 2. തലവേദനകൊണ്ടു് ഇരിക്കാൻ വയ്യ.
തലവേദനയാൽ ഇരിക്കാൻ വയ്യ.
തലവേദന കാരണം ഇരിക്കാൻ വയ്യ.

e. 1. ഞങ്ങളെക്കൊണ്ടു നിങ്ങൾക്കു് ശല്യം വേണ്ട.
ഞങ്ങളാൽ നിങ്ങൾക്കു ശല്യം വേണ്ട.
ഞങ്ങളെ കാരണം നിങ്ങൾക്കു ശല്യം വേണ്ട. (ഞങ്ങൾ കാരണം)

f. 1. എന്നോടു പിണങ്ങല്ലേ.
ആ കാര്യം ചോദിക്കല്ലേ.
ബഹളം ഉണ്ടാക്കല്ലേ.

B. Expansion drill.

Model

മോഹൻ തർക്കിക്കുന്നു.

വെറുതെ

മോഹൻ വെറുതെ തർക്കിക്കുന്നു.

കൂട്ടുകാരോടു്

മോഹൻ വെറുതെ കൂട്ടുകാരോടു് തർക്കിക്കുന്നു.

എപ്പോഴും

മോഹൻ എപ്പോഴും കൂട്ടുകാരോടു് വെറുതെ തർക്കിക്കുന്നു.

1. ആരും വഴക്കു കൂടരുതു്.

വെറുതെ

ആരും വെറുതെ വഴക്കു കൂടരുതു്.

കുഞ്ഞുങ്ങളോടു്

ആരും കുഞ്ഞുങ്ങളോടു് വെറുതെ വഴക്കു കൂടരുതു്.

2. നീ പിണങ്ങല്ലേ.

അയാളോട്ട്
നീ അയാളോട്ട് പിണങ്ങല്ലേ.

ആ വഴക്ക കാരണം
നീ ആ വഴക്ക കാരണം അയാളോട്ട പിണങ്ങല്ലേ.

പഴയ
നീ ആ പഴയ വഴക്ക കാരണം അയാളോട്ട് പിണങ്ങല്ലേ.

3. പ്രയോജനം ഇല്ല.

ജോലിക്കാരെക്കൊണ്ട്
ജോലിക്കാരെക്കൊണ്ട് പ്രയോജനം ഇല്ല.

അങ്ങനത്തെ
അങ്ങനത്തെ ജോലിക്കാരെക്കൊണ്ട് പ്രയോജനം ഇല്ല.

ഇപ്പോ൦
ഇപ്പോ൦ അങ്ങനത്തെ ജോലിക്കാരെക്കൊണ്ട് പ്രയോജനം ഇല്ല.

4. പണം കൊണ്ട് വാങ്ങുന്നു.

ജീവിതസുഖമെല്ലാം.
പണംകൊണ്ട് ജീവിതസുഖമെല്ലാം വാങ്ങുന്നു.

കള്ളക്കടത്തുകാർ
പണംകൊണ്ട് കള്ളക്കടത്തുകാർ ജീവിതസുഖമെല്ലാം വാങ്ങുന്നു.

5. നീ പറയല്ലേ
എന്നോട്ട
നീ എന്നോട്ട പറയല്ലേ.
നിന്നോട്ട യോജിക്കാൻ
നിന്നോട്ട യോജിക്കാൻ എന്നോട്ട പറയല്ലേ.
ഈ കാര്യത്തിൽ മാത്രം
ഈ കാര്യത്തിൽ മാത്രം നിന്നോട്ട യോജിക്കാൻ നീ എന്നോട്ട പറയല്ലേ.

## C. Substitution drill

a. 1. ആ കുട്ടികൾ അമ്മയോട്ട് എപ്പോഴും തർക്കിക്കുന്നു.

പറയുന്നു
ചോദിക്കുന്നു
വഴക്ക കൂടുന്നു
പിണങ്ങുന്നു
സംസാരിക്കുന്നു
അപേക്ഷിക്കുന്നു

2. രാജൻ <u>അച്ഛനോട്ട</u> തർക്കിക്കുന്നു.

മധുവിനോട്ട്

കമലയോട്ട്

സതിയോട്ട്

അദ്ദേഹത്തിനോട്ട്

പ്രദീപിനോട്ട്

എന്നോട്ട്

നമ്മളോട്ട്

3. <u>വാക്കുകൊണ്ടുമാത്രം</u> വലിയ പ്രയോജനം ഇല്ല.

പണംകൊണ്ട്

സത്യംകൊണ്ട്

ഇഷ്ടംകൊണ്ട്

ബഹളംകൊണ്ട്

4. <u>എന്നെക്കൊണ്ട്</u> നിങ്ങൾക്കു പ്രയാസം വേണ്ട.

അവനെക്കൊണ്ട്

അവളെക്കൊണ്ട്

അവരെക്കൊണ്ട്

അദ്ദേഹത്തിനെക്കൊണ്ട്

അതിനെക്കൊണ്ട്

മധുവിനെക്കൊണ്ട്

സരളയെക്കൊണ്ട്

നിന്നെക്കൊണ്ട്

b. വഴക്കുപിടിക്കാൻ <u>എന്നെക്കൊണ്ട</u> വയ്യ.

നിങ്ങൾ

അവർ

സുമതി

ശാന്ത

കുമാർ

കുട്ടി

## D. Restatement drill

### Model 1

തലവേദനകൊണ്ടു് ഉറങ്ങാൻ വയ്യ.

തലവേദനയാൽ ഉറങ്ങാൻ വയ്യ.

1. ദാഹംകൊണ്ടു് നടക്കാൻ വയ്യ.
2. അസുഖംകൊണ്ടു് ഇരിക്കാൻ വയ്യ.
3. ചൂടുകൊണ്ടു് ഉറങ്ങാൻ വയ്യ.

### Model 2

അസുഖംകൊണ്ടു് നടക്കാൻ വയ്യ.

അസുഖം കാരണം നടക്കാൻ വയ്യ.

1. സന്തോഷംകൊണ്ടു് ഇരിക്കാൻ വയ്യ.
2. സുഖക്കേടുകൊണ്ടു് സന്തോഷം ഇല്ല.
3. അതുകൊണ്ടു് ശല്യമില്ല.

### Model 3

എന്നെക്കൊണ്ടു് ശല്യമുണ്ടോ?

ഞാൻ കാരണം ശല്യമുണ്ടോ?

1. അവളെക്കൊണ്ടു് എല്ലാവരും ജീവിക്കുന്നു.
2. സുമയെക്കൊണ്ടു നിനക്കെന്തു പ്രയാസമായിരുന്നു!
3. മൂത്ത മകനെക്കൊണ്ടു് അവർക്കു ഭയങ്കര ശല്യമാണു്.

### Model 4

നിങ്ങൾ ആരോടും പറയരുതു്.

നിങ്ങൾ ആരോടും പറയല്ലേ.

1. കുഞ്ഞുങ്ങളെ ശല്യപ്പെടുത്തരുതു്.
2. അത്രവേഗംകോപിക്കരുതു്.
3. ഞങ്ങളോടു വെറുതെ പിണങ്ങരുതു്.
4. അങ്ങനെ ആ കാര്യം ക്ഷമിക്കരുതു്.
5. അധ്യാപകൻെറ കസേരയിൽ ഇരിക്കരുതു്.

## EXERCISES

I Fill in the blanks suitably.

1. നിങ്ങൾ ——— സംസാരിക്കുന്നു?
2. മധുവിനോട് ഞാൻ ഒന്നും ———.
3. ആ മേശ ——— എനിക്കൊന്നും കാണാൻ വയ്യ.
4. ——— ഈ ജോലി ചെയ്യാൻ വയ്യേ?
5. കൊച്ചു കുട്ടികളും ഇപ്പോൾ പേന ——— എഴുതുന്നോ?
6. ആരോടാണ് ഈ പിണക്കവും ———?
7. ——— നിങ്ങൾക്കെന്താണു ശല്യം?

II Rewrite the following sentences replacing the word കാരണം with കൊണ്ട്/എ-കൊണ്ട് respectively.

1. ആ കുട്ടി കാരണമാണ് എല്ലാവർക്കും അത്രയും ബുദ്ധിമുട്ട്.
2. ഞങ്ങൾ കാരണം ആർക്കും ശല്യം വേണ്ട.
3. മധു കാരണമാണ് ഈ വഴക്കെല്ലാം.
4. സിനിമാതാരങ്ങൾ കാരണമാണ് ഇവിടെ ഈ ബഹളമെല്ലാം.
5. കുട്ടി വേദന കാരണം കരയുന്നു.
6. അസുഖക്കൂടുതൽ കാരണം സദ്യക്കു വരുന്നില്ല.

III In the model sentences given the same name കമല is declined in various ways. Read it carefully and form such different sentences for each name given.

Model

a. കമല എന്റെ കൂട്ടുകാരിയാണ്.
b. രാജൻ കമലയുടെ അനിയനാണ്.
c. അച്ഛൻ കമലയ്ക്കു സമ്മാനം കൊടുക്കുന്നു.
d. അമ്മ കമലയെ വിളിക്കുന്നു.
e. അവർ ആ പുസ്തകങ്ങൾ കമലയിൽനിന്നു വാങ്ങുന്നു.
f. ആരും കമലയോട് സംസാരിക്കുന്നില്ല.
g. ആർക്കും കമലയെക്കൊണ്ട് ശല്യം ഇല്ല.

1. സരോജം 2. ഞാൻ 3. വേണു
4. അമ്മ 5. കുമാരൻ 6. പ്രദീപ് 7. കുട്ടി

**IV** Answer the following with reference to the conversation.

1. കന്യാകുമാരി യാത്രയെപ്പററി ആരൊക്കെ സംസാരിക്കുന്നു?
2. മാധവനു് ഉറങ്ങാൻ വയ്യായിരുന്നു. അതിൻെറ കാരണമെന്തു്?
3. മാധവനെ ഏതു കാര്യം ശല്യപ്പെടുത്തുന്നു?
4. നായർ വെറും പാവമാണോ?
5. മാധവനു് എല്ലാവരോടും വഴക്കുകൂടാൻ ഇഷ്ടമാണോ?
6. മാധവൻ ആരോടു പരാതി പറയുന്നു?

**V** Fill up the incomplete dialogues.

1. **A.** നീ കുട്ടിയോടു് അങ്ങനെ പെരുമാറാൻ പാടില്ലായിരുന്നു.

   **B.** . . . . . . . . . . . . . . . . . . . . . . . . . .

   **A.** പരാതി ഒന്നുമല്ല. എൻെറ അഭിപ്രായം പറയുന്നു. അത്രതന്നെ.

   **B.** പിന്നെ ഞാൻ എന്തു ചെയ്യട്ടെ? അവൻ എൻെറ വാക്കു കേൾക്കുന്നില്ല.

   **A.** . . . . . . . . . . . . . . . . . . . . . . . . . .

   **B.** ആ രീതി അവനു് മനസ്സിലാകുന്നില്ലല്ലോ?

   **A.** . . . . . . . . . . . . . . . . . . . . . . . . . .

   **B.** അർത്ഥത്തെപ്പററി ഒന്നും എനിക്കു് അറിയാൻ വയ്യ. പക്ഷെ ഇതു മാത്രം സത്യമാണു്.

   **A.** . . . . . . . . . . . . . . . . . . . . . . . . . .

   **B.** നീ വളരെ ദേഷ്യത്തോടെ സംസാരിക്കുന്നു.

   **A.** ദേഷ്യമൊന്നുമില്ല. എനിക്കു സങ്കടമാണു്.

   **B.** . . . . . . . . . . . . . . . . . . . . . . . . . .

   **A.** സ്നേഹമുണ്ടു്. അവൻ നിൻെറ കുട്ടിയല്ലേ? അതുകൊണ്ടു് സ്നേഹം ഉണ്ടു്. പക്ഷെ

   **B.** . . . . . . . . . . . . . . . . . . . . . . . . . .

   **A.** ശരി. നമുക്കിവിടെ നിർത്താം. എനിക്കു തൽക്കാലം ജോലിയുണ്ടു്.

2. **A.** അദ്ദേഹത്തോടു ചോദിക്കണം.

   **B.** . . . . . . . . . . . . . . . . . . . . . . . . . .

   **A.** ഉണ്ടു്. അദ്ദേഹത്തിൻെറ കയ്യിൽ ധാരാളം പണം ഉണ്ടു്. അദ്ദേഹത്തിൻെറ ഭാര്യവീട്ടുകാർ വലിയ പണക്കാരാണു്.

   **B.** . . . . . . . . . . . . . . . . . . . . . . . . . .

   **A.** പ്രയോജനമോ? ഉണ്ടു്. വലിയ പ്രയോജനമുണ്ടു്.

   **B.** . . . . . . . . . . . . . . . . . . . . . . . . . .

A. പുതിയ വിശേഷം ഒന്നുമല്ല. പഴയ സത്യംതന്നെയാണ്.

B. നിന്റെ ഭാര്യേടെവീട്ടുകാർ പണക്കാരല്ലേ?

A. . . . . . . . . . . . . . . . . . . . . . . . . . . .

B. ഇപ്പോഴോ?

A. ഇപ്പോഴൊന്നുമില്ല. സ്വന്തം വീടും, കുറച്ച് പുരയിടവും ഉണ്ട്. വേറൊന്നുമില്ല.

B. അനിയന്മാരും, അനിയത്തിമാരുമൊക്കെ എവിടെയാണ്?

A. അറിയില്ലേ?

B. . . . . . . . . . . . . . . . . . . . . . . . . . . .

എനിക്കവരെപ്പററി യാതൊരു വിവരവും ഇല്ല.

A. . . . . . . . . . . . . . . . . . . . . . . . . . . .

B. ആർക്ക് അറിയാം ? ദൈവത്തിന് അറിയാമായിരിക്കും.

## VOCABULARY

| | | | |
|---|---|---|---|
| വഴക്കുകൂട്ട് | 'to quarrel' | | |
| യാത്രാവിവരണം | 'travel description, travelogue' | | |
| ബുദ്ധിമുട്ട് | 'difficulty' | കോപിക്ക് | 'to get angry' |
| ഉറങ്ങ് | 'sleep' | | |
| കോപം | 'anger' | വിരോധം | 'enmity, objection |
| തർക്കിക്ക് | 'to argue' | സംസാരം | 'talk' |
| പററു് | 'to be able to' | ശല്യം | 'nuisance' |
| പിണങ്ങ് | 'to quarrel, to fall apart' | | |
| പിണക്കം | 'quarrel' | ഇണക്കം | 'friendship, taming' |
| വഴക്ക് | 'quarrel, scolding' | പെരുമാററ് | 'to behave' |
| പ്രയോജനം | 'use' | യോജിക്ക് | 'to agree' |
| പരാതി | 'complaint'' | അഭിപ്രായം | 'opinion' |

അന്യായം ബോധിപ്പിക്ക് 'to file a writ'

## NOTES

8.32.1. Sentences with verb in the present tense are expanded by sociative, instrumental and causal cases.

8.32.2. Sociative case relationship indicating mutual association is expressed by the suffix-ഓട്.

നിങ്ങൾ ആരോട്ട് വഴക്ക കൂട്ടുന്നു?

With whom are you quarrelling ?

എന്നോട്ട പറയല്ലേ. Please don't tell me.

നീ എല്ലാവരോടും ചോദിക്കണം. You should ask every body.

8.32.3. Instrumental case indicating the tool (concrete or abstract) used for the action is indicated by—ആൽ or കൊണ്ട്.

നല്ല വാക്കുകൊണ്ട പ്രയോജനമില്ല.
There is no use with good words.

നല്ല വാക്കാൽ പ്രയോജനമില്ല.

പേനകൊണ്ട് എഴുതരുത്. } Don't write with the pen.
പേനയാൽ എഴുതരുത്.

8.32.4. Causal case indicating the reason for the action of the verb is also expressed by -ആൽ, കൊണ്ട് or കാരണം. If the cause is inanimate, കൊണ്ട് is added directly. If it is animate, accusative case -എ is added before കൊണ്ട്.

ഈ തലവേദനകൊണ്ട ഉറങ്ങാൻ വയ്യ.
ഈ തലവേദനയാൽ ഉറങ്ങാൻ വയ്യ. } Can't sleep because of this headache.
ഈ തലവേദന കാരണം ഉറങ്ങാൻ വയ്യ.

നിന്നെക്കൊണ്ടാണ ശല്യം
നിന്നാലാണ ശല്യം
നിന്നെക്കാരണമാണ ശല്യം } Nuisance is because of you.
നീ കാരണമാണ ശല്യം

UNIT 8

# LESSON 33

## ആഹാരം കഴിപ്പിക്കാനാണു് ബുദ്ധിമുട്ടു്.

### CONVERSATION

| | | |
|---|---|---|
| രാജമ്മ: | ആരു്? വിലാസിനിയോ? വരൂ, വരൂ. | Who is that ? Are you Vilasini ? Please come. |
| വിലാസിനി: | രാജമ്മച്ചേച്ചിക്കു് സമയം പോക്കാൻ നല്ല വഴിയായി. വേനലവധിക്കു് ചെറുമക്കളൊക്കെ ഇവിടെ ഉണ്ടല്ലോ. അവരെ കളിപ്പിക്കാനും, നോക്കാനും ഒക്കെ കുറച്ചു പാടുതന്നെ. അല്ലേ? | You have a really good way to pass the time. All the grand children are here for summer vacation. It is really difficult to lookafter them. Isn't it? |

രാജമ്മ: വയസ്സുകാലത്തു് അതൊക്കെ അല്ലേ മോളേ ഒരു സന്തോഷം? അവർക്കു് ദിവസവും എന്നെക്കൊണ്ടു് ഒരഞ്ചാറുകഥ പറയിക്കണം. അതാണവരുടെ വിനോദം. അതുമാത്രമല്ല. അപ്പൂപ്പനെക്കൊണ്ടു് വേഷം കെട്ടിക്കാനും, പാട്ടുപാടിക്കാനും ഒക്കെ മിടുക്കരാണവർ. പക്ഷെ രാവിലേം ഉച്ചയ്ക്കും അവരെക്കൊണ്ടു് ആഹാരം കഴിപ്പിക്കാനാണു് ബുദ്ധിമുട്ടു്. സമയത്തൊന്നുറക്കാൻ അതിനേക്കാളും പാടു്. പച്ചമാങ്ങയും, അണ്ടിപ്പരിപ്പും ഒക്കെ പറിക്കാനും, തിന്നാനുമാണു് അവർക്കിഷ്ടം.

In oldage isn't that a joy ? Daily they must make me tell five or six stories. That is their fun. That is not the only thing. They are clever at making their grandpa wear different clothes, sing songs, etc. But to feed them in the morning and at noon is a problem. It is difficult to put them to bed on time. They like to pluck and eat raw mangoes and cashewnuts.

വിലാസിനി: അതൊക്കെത്തന്നെ അമ്മേടേം പരാതി. എന്റെ മക്കളും ഇതുപോലെതന്നെ. അമ്മൂമ്മയെ ഇംഗ്ലീഷും, ഹിന്ദിയും പഠിപ്പിക്കാനാണു് അവർക്കു താല്പര്യം. അപ്പൂപ്പനെ ഹിന്ദി സിനിമ കാണിക്കാൻ അതിനേക്കാൾ ഉത്സാഹം. അവരുടെ പഠിത്തക്കാര്യത്തിൽ മാത്രം നോട്ടമില്ല. ഊണിന്റെ കാര്യത്തിലും ശ്രദ്ധയില്ല. പക്ഷെ അവരുടെ അച്ഛനോടുമാത്രം ഈ സ്വാതന്ത്ര്യം ഒന്നും ഇല്ല. അച്ഛനെ ഭയങ്കര പേടിയുമാണു്.

These are my mother's complaints too. Even my children are the same. They are interested in teaching their Grandma Hindi and English. They are more enthusiastic in showing Hindi films to their grandpa. They are not bothered about their studies. They don't care even for meals. But with their father they are not so free. They are very much afraid of their father.

| | | |
|---|---|---|
| രാജമ്മ: | രാഘവൻ പണ്ടേ ഗൗരവക്കാരനായിരുന്നല്ലോ. കുട്ടിക്കാലത്തുപോലും അവന് സമപ്രായക്കാരോട് അത്ര കൂട്ടുകെട്ടില്ലായിരുന്നു. ഇപ്പോഴപ്പിന്നെ പ്രൊഫസറല്ലേ? അക്രമിപ്പിള്ളേരെ പഠിപ്പിക്കണം. അപ്പോഴ് അവരെ കുറെയൊക്കെ അടുപ്പിക്കണമല്ലോ. ഇപ്പോഴത്തെ കോളേജു പിള്ളേർക്ക് ആരെക്കൊണ്ടും എന്തും ചെയ്യിപ്പിക്കാൻ കഴിവുണ്ട്. ക്ലാസു നടത്താനും, പാഠം തീർക്കാനും, കോളേജ് അടയ്ക്കാനും, തുറക്കാനും ഒക്കെ അവരുടെ അനുവാദം വേണം. സാറന്മാരെ വരുത്താനും, മാററാനും ഒക്കെ അവർക്ക് സാമർത്ഥ്യമുണ്ട്. | Raghavan was a bit reserved from the beginning. Even in childhood he didn't have any friendship with children of his age. Now isn't he a Professor? He has to teach naughty students. In that case he has to let them be intimate with him to some extent. The present day college students are capable of making anybody do anything. One needs their permission to conduct the class, to cover the syllabus, to close or open the college. They are good at bringing and transferring teachers. |
| വിലാസിനി: | അതൊക്കെ ശരി. പക്ഷെ ചേട്ടൻ മുറപോലെ ക്ലാസൊക്കെ നടത്തുന്നുണ്ട്. പിന്നെ പിള്ളേരോട് തമാശയ്ക്കോ, വഴക്കിനോ ഒന്നും പോകുന്നുമില്ല. അതുകൊണ്ട് അങ്ങനെ കഴിയുന്നു. പിള്ളേരുടെ ശല്യം ഒന്നും ഇല്ല. | That is O.K. But my husband conducts the classes regularly. He doesn't go to joke or quarrel with them. So he is managing somehow. There is no nuisance from the students. |

## DRILLS

### A. Repetition drill

a. 1. നമ്മുടെസമയം വെറുതെ പോകുന്നു.
സമയം പോക്കാൻ നമ്മൾ ജോലി ചെയ്യണം.

2. ജോണി കാറിൽ കയറുന്നു.
ഞാൻ ജോണിയെ എന്റെ കാറിൽ കയററുന്നു.

b. കുട്ടി ഉറങ്ങുന്നു.
അമ്മ കുട്ടിയെ ഉറക്കുന്നു.

c. ഈ പാഠം ഇന്നു തീരുന്നു.
നമുക്കു് ഇന്നു് ഈ പാഠം തീർക്കാം.

d. കാററത്തു് വാതിൽ അടയുന്നു
കുട്ടി വാതിൽ അടയ്ക്കുന്നു.

e. 1. കുഞ്ഞു് ഉണരുന്നു.
അമ്മ കുഞ്ഞിനെ ഉണർത്തുന്നു.

2. ടൗൺ ഹാളിൽ കഥകളി നടക്കുന്നു.
കലാമണ്ഡലക്കാർ കഥകളി നടത്തുന്നു.

3. എന്റെ കൂട്ടുകാരൻ ഞങ്ങളുടെ വീട്ടിൽ വരുന്നു.
ഞാൻ എന്റെ കൂട്ടുകാരനെ ഞങ്ങളുടെ വീട്ടിൽ വരുത്തുന്നു.

f. കുട്ടി ചിരിക്കുന്നു.
അമ്മ കുട്ടിയെ ചിരിപ്പിക്കുന്നു.

g. 1. അപ്പൂപ്പൻ കഥ പറയുന്നു.
കുട്ടികൾ അപ്പൂപ്പനെക്കൊണ്ടു കഥ പറയിക്കുന്നു/പറയിപ്പിക്കുന്നു.

h. 1. കുട്ടി ആഹാരം കഴിക്കുന്നു.
അമ്മ കുട്ടിയെക്കൊണ്ടു് ആഹാരം കഴിപ്പിക്കുന്നു.

i അമ്മ അച്ഛനെ വിളിക്കുന്നു.
അമ്മ എന്നെക്കൊണ്ടു് അച്ഛനെ വിളിപ്പിക്കുന്നു.

j. 1. രാജു പടം കാണുന്നു.
ഞാൻ രാജുവിനെ പടം കാണിക്കുന്നു.
ഞാൻ രാജുവിനെക്കൊണ്ടു് പടം കാണിപ്പിക്കുന്നു.

2. രാധ പാഠം പഠിക്കുന്നു.
ഞാൻ രാധയെ പാഠം പഠിപ്പിക്കുന്നു.
ഞാൻ രാധയെക്കൊണ്ടു പാഠം പഠിപ്പിക്കുന്നു.

B. Build up drill

Model

പാടിപ്പിക്കുന്നു.
പാട്ടു്.
പാട്ടു് പാടിപ്പിക്കുന്നു.
കുസുമത്തിനെക്കൊണ്ടു്
കുസുമത്തിനെക്കൊണ്ടു് പാട്ടു് പാടിപ്പിക്കുന്നു.
വത്സല
വത്സല കുസുമത്തിനെക്കൊണ്ടു് പാട്ടു പാടിപ്പിക്കുന്നു.

1. പറയിക്കുന്നു.
ഉത്തരം പറയിക്കുന്നു.
ചോദ്യത്തിനു് ഉത്തരം പറയിക്കുന്നു.
വിദ്യാർത്ഥികളെക്കൊണ്ടു് ചോദ്യത്തിനു് ഉത്തരം പറയിക്കുന്നു.
ടീച്ചർ വിദ്യാർത്ഥികളെക്കൊണ്ടു് ചോദ്യത്തിനു് ഉത്തരം പറയിക്കുന്നു.

2. കാണിക്കണ്ടേ?
സിനിമ കാണിക്കണ്ടേ?
ഈ സിനിമ കാണിക്കണ്ടേ?
കുട്ടികളെ ഈ സിനിമ കാണിക്കണ്ടേ?
നമുക്കു് കുട്ടികളെ ഈ സിനിമ കാണിക്കണ്ടേ?

3. ഉണ്ടു്.
കഴിവുണ്ടു്.
ചെയ്യിക്കാനും കഴിവുണ്ടു്.
എന്തു ചെയ്യിക്കാനും കഴിവുണ്ടു്.
ആരെക്കൊണ്ടും എന്തു ചെയ്യിക്കാനും കഴിവുണ്ടു്.
വിദ്യാർത്ഥികൾക്കു് ആരെക്കൊണ്ടും എന്തു ചെയ്യിക്കാനും കഴിവുണ്ടു്.
ഇപ്പോഴത്തെ വിദ്യാർത്ഥികൾക്കു് ആരെക്കൊണ്ടും എന്തു ചെയ്യിക്കാനും കഴിവുണ്ടു്.

## C. Substitution drill

1. അവനെക്കൊണ്ടു് ആ കാര്യം പറയിക്കണം.
   കഥ
   സത്യം
2. മധുവിനെക്കൊണ്ടു പാലു കുടിപ്പിക്കണം.
   കാപ്പി
   ചായ
   വെള്ളം
   മോരു്
   തയിരു്
3. ശാരദയെക്കൊണ്ടു് ആഹാരം കഴിപ്പിക്കണം.
   മരുന്നു്
   ഗുളിക
   പലഹാരം
   ഊണു്
4. എന്നെക്കൊണ്ടു് മലയാളത്തിൽ സംസാരിപ്പിക്കാമോ?
   ഞങ്ങളെക്കൊണ്ടു്
   അവനെക്കൊണ്ടു്
   വേണുവിനെക്കൊണ്ടു്
   സരോജത്തിനെക്കൊണ്ടു്
   കമലയെക്കൊണ്ടു്
   പ്രദീപിനെക്കൊണ്ടു്

## D. Restatement drill

Model ·

കുട്ടി സംസാരിക്കുന്നു.
അവർ കുട്ടിയെക്കൊണ്ടു് സംസാരിപ്പിക്കുന്നു.

1. സരള പാട്ടു പാടുന്നു.
2. അമ്മ പലഹാരം ഉണ്ടാക്കുന്നു.
3. മധു പാഠം മനസ്സിലാക്കുന്നു.
4. ചേട്ടൻ കഥകളി ആസ്വദിക്കുന്നു.
5. അച്ഛൻ അനിയനെ മാററുന്നു.
6. കുട്ടികൾ ആഹാരം കഴിക്കുന്നു.
7. താര സീതയുടെ വേഷം കെട്ടുന്നു.
8. രാമു എന്നെ വിളിക്കുന്നു.
9. വാസു മോരു കുടിക്കുന്നു.
10. മധു പാഠം പഠിപ്പിക്കുന്നു.

I Fill in the blanks using the correct form of the word given in the brackets for each sentence.

1. എൻെറ മോളെക്കൊണ്ടു് പാഠം——— വളരെ പ്രയാസമാണു്. (വായിക്കു്)
2. രാവിലെ ആറു മണിക്കു് രാധ അവളുടെ ——— കളിപ്പിക്കുന്നു. (കുട്ടികൾ)
3. ഞാൻ മധുവിനെ ഈ ഫോട്ടോ ———. (കാൺ)
4. ——— അവർക്കു് എന്നും രണ്ടു കഥ എങ്കിലും പറയിക്കണം (ഞാൻ)
5. എല്ലാവരുടെ സമയവും വെറുതെ ———. (പോകു്)
6. എല്ലാ ആഴ്ചപ്പതിപ്പും ഞാൻ വീട്ടിൽ ———. (വരു്)
7. നിങ്ങൾക്കു് ആഹാരത്തിൻെറ ——— ശ്രദ്ധയുണ്ടോ? (കാര്യം)
8. എല്ലാ കാര്യവും ——— ഞാൻ മാത്രം മതിയോ? (നോക്കു്)
9. വലിയവർക്കു് ——— ക്കാൾ കൂടുതൽ വിശ്രമം വേണം. (ജോലി)
10. ——— പ്പററി നിങ്ങൾക്കറിയാമോ? (അദ്ദേഹം)
11. ——— വേണ്ടി അച്ഛനമ്മമാർ ജോലി ചെയ്യുന്നു. (മക്കൾ)
12. അങ്ങനത്തെ ——— സംസാരിപ്പിക്കാൻ എനിക്കിഷ്ടമില്ല. (ആളുകൾ)

II Fill up the incomplete sentences on the basis of the cue sentences given.

1. കുഞ്ഞു് ഉറങ്ങുന്നു.
   അമ്മ കുഞ്ഞിനെ ———.
2. രാധ ക്ലാസ്സു നടത്തുന്നു.
   അവർ രാധയെക്കൊണ്ടു് ക്ലാസ്സു് ———.
3. രാമു പടം കാണുന്നു.
   രാധ രാമുവിനെ പടം ———.
   അമ്മ രാധയെക്കൊണ്ടു് രാമുവിനെ പടം ———.
4. കുട്ടികൾ കളിക്കുന്നു.
   അമ്മ കുട്ടികളെ ———.
   അച്ഛൻ അമ്മയെക്കൊണ്ടു് കുട്ടികളെ ———.
5. നാരായണൻ ഉറക്കെ വർത്തമാനം പറയുന്നു.
   അവർ നാരായണനെക്കൊണ്ടു് ഉറക്കെ വർത്തമാനം ———.
6. അവരുടെ പണം തീരുന്നു.
   നമ്മൾ അവരുടെ പണം ———.
7. വാതിൽ അടയുന്നു.
   നമ്മൾ വാതിൽ ———.
8. അവരെല്ലാം വരുന്നു.
   നമ്മൾ അവരെയെല്ലാം ———.

III Using the given table construct as many sentences as possible.

| | | | |
|---|---|---|---|
| രാധ<br>ഞാൻ<br>അമ്മ<br>ടീച്ചർ<br>അവർ | മധുവിനെ<br>നിന്നെക്കൊണ്ടു്<br>വിദ്യാർഥികളെ<br>പ്രദീപിനെ<br>അദ്ദേഹത്തിനെ-<br>ക്കൊണ്ടു് | പാഠം<br>കവിത<br>ജോലി | എഴുതിക്ക്<br>പഠിപ്പിക്ക്<br>ചെയ്യിക്ക്<br>കളിപ്പിക്ക്<br>ഉറക്ക് |

IV Answer the following with reference to the conversation.

1. രാജമ്മയും, വിലാസിനിയും ആരെപ്പററി സംസാരിക്കുന്നു?
2. രാജമ്മയുടെ ചെറുമക്കളുടെ വിനോദം എന്താണു്?
3. അവർ അപ്പൂപ്പനെക്കൊണ്ടു് എന്തൊക്കെ ചെയ്യിക്കുന്നു?
4. രാജമ്മയ്ക്കു് ബുദ്ധിമുട്ടു് ഏതു ജോലിക്കാണു്?
5. അവരുടെ ചെറുമക്കൾക്കു് എന്താണിഷ്ടം?
6. വിലാസിനിയുടെ മക്കൾ എങ്ങനത്തെ കുട്ടികളാണു്?
7. വിലാസിനിയുടെ ഭർത്താവു് ആരാണു്? അയാളുടെ സ്വഭാവത്തെപ്പററി നിങ്ങൾക്കെന്തറിയാം?

V Fill up the incomplete dialogues.

A. : ഇപ്പോഴത്തെ കുട്ടികളുടെ പഠിത്തത്തെപ്പററി എന്താണു് അഭിപ്രായം?
B. : അതിനെപ്പററിയോ? എനിക്കു ധാരാളം പറയാനുണ്ടു്?
A. : ......................................
B. : ഉണ്ടു്, ധാരാളം ഉണ്ടു്. പ്രൈമറി സ്കൂളിലെ കുട്ടികളുടെ കാര്യംതന്നെ എടുക്കട്ടെ.
A. : ......................................
B. : വിശേഷമോ? ഉണ്ടു്. ഒക്കെ വിശേഷം തന്നെയാണു്. ഈ കൊച്ചു കുട്ടികളെക്കൊണ്ടു് എത്രമാത്രം പുസ്തകങ്ങൾ എടുപ്പിക്കുന്നു. ദിവസവും ഒന്നാം ക്ലാസിലേയ്ക്കു തന്നെ പതിനഞ്ചു പുസ്തകങ്ങൾ വേണം.
A. ......................................
B. : സിലബസ് ഒക്കെ നല്ലതുതന്നെ. പക്ഷെ ഇത്രയും അവർ പഠിക്കണ്ടേ?

A : ....................................

B : വായിക്കണം. പിന്നെ എഴുതാനും ധാരാളം ഉണ്ടു്. പക്ഷെ ആർക്കും വായിക്കാനൊന്നും അറിയില്ല.

A : ....................................

B : അതെ. കൊച്ചുകുട്ടികൾ തന്നെ.

A. : ഭയങ്കരമാണു് ഈ പരിപാടി.

B : ....................................

A : ഇതിനു് വേറെ ഒരു വഴിയും ഇല്ലേ?

B : തൽക്കാലം ഇല്ല. നമ്മളൊക്കെ ഇതിനെപ്പററി അഭിപ്രായം പറയാൻ ആരാണു്?

A : കുട്ടികളുടെ അച്ഛനമ്മമാർ.

B : പക്ഷെ അതുമാത്രം പോരല്ലോ. അധികാരം—സർക്കാർ അധികാരം നമുക്കില്ല. ആളുകളെക്കൊണ്ടു് സർക്കാരിൻെറ ഇഷ്ടം നടത്തിക്കണം. അതാണു് പരിപാടി.

A : ....................................

## VOCABULARY

| | |
|---|---|
| വേനൽ | 'summer' |
| വയസ്സുകാലം | 'old age' |
| പാട്ടു് | 'song' |
| അണ്ടിപ്പരിപ്പ് | 'cashew nut' |
| ഉത്സാഹം | 'enthusiasm' |
| ശ്രദ്ധ | 'attention, care' |
| ഗൗരവക്കാരൻ | 'serious fellow' |
| സമപ്രായക്കാർ | 'people of equal age' |
| കൂട്ടുകെട്ടു് | 'friendship' |
| അക്രമിപ്പിള്ളേർ | 'naughty children' |
| അടുപ്പിക്ക് | 'to let one be intimate' |
| കഴിവു് | 'strength' |
| പാടു് | 'difficulty' |
| വിനോദം | 'fun' |
| പച്ചമാങ്ങ | 'raw mango' |
| പറിക്കു് | 'to pluck' |
| പഠിത്തം | 'study' |
| സ്വാതന്ത്ര്യം | 'freedom' |
| കുട്ടിക്കാലം | 'childhood' |

## NOTES

8.33.1. Note the use of intransitive, transitive and causative verbs in different kinds of sentences.

8.33.2. Verbs can be intransitive, inherently transitive, those made transitiue and those made causative.

| | | |
|---|---|---|
| 1. | കുട്ടി ചിരിക്കുന്നു. | The child smiles. |
| 2. | കുട്ടി പഴം തിന്നുന്നു. | The child eats the fruits. |
| 3. | അമ്മ കുട്ടിയെ ഉറക്കുന്നു. | Mummy puts the baby tc sleep. |
| 4. | അമ്മ കുട്ടിയെ ചിരിപ്പിക്കുന്നു. | Mummy makes the child smile. |
| 5. | അമ്മ കുട്ടിയെക്കൊണ്ടു് എഴുതിക്കുന്നു/എഴുതിപ്പിക്കുന്നു. | Mummy makes the child write. |

8.33.3. All intransitiue verbs can be made transitive by adding certain suffixes or making some changes. In Repetition Drill examples 'a' to 'f' are sentences with some intransitive verbs and their corresponding transitive counterparts. The following are the general rules for transitivisation.

a. By the duplication of the final consonant in the verb stem.

പോകുന്നു > പോക്കുന്നു
കയറുന്നു > കയററുന്നു

b. The verb stem final nasals become the corresponding stops.

ഉറങ്ങുന്നു > ഉറക്കുന്നു

c. By adding suffixes like -ക്ക്, -ത്ത്, -പ്പി, etc.

തീരുന്നു > തീർക്കുന്നു
അടയുന്നു > അടയ്ക്കുന്നു
ഉണരുന്നു > ഉണർത്തുന്നു
നടക്കുന്നു > നടത്തുന്നു
വരുന്നു > വരുത്തുന്നു
ചിരിക്കുന്നു > ചിരിപ്പിക്കുന്നു

8.33.4. It may be noted that all verbs whether intransitive or transitive can be converted as causatives. All causative verbs are transitive but not vice versa.

| | | |
|---|---|---|
| കുട്ടി കരയുന്നു | > | The child cries. |
| അവൾ കുട്ടിയെ കരയിക്കുന്നു | > | She makes the child cry. |
| അവൾ രാധയെക്കൊണ്ട് കുഞ്ഞിനെ കരയിപ്പിക്കുന്നു. | > | She instigates Radha to make the baby cry. |
| രാമു പാഠം എഴുതുന്നു. | > | Ramu writes the lesson. |
| ഞാൻ രാമുവിനെക്കൊണ്ട് പാഠം എഴുതിക്കുന്നു. | > | I make Ramu write the lesson. |
| അദ്ദേഹം രാധയെക്കൊണ്ട് രാമുവിനെ മലയാളം പഠിപ്പിക്കുന്നു. | > | He makes Radha teach Malayalam to Ramu. |

8.33.5. A causative sentence has a doer who performs the action, and an instigator who instigates the doer and an object. Look at the following sentence.

| | | |
|---|---|---|
| എല്ലാവരും ആ കുട്ടിയെക്കൊണ്ട ജോലി ചെയ്യിക്കുന്നു. | > | All make him work. |

In the above sentence കുട്ടി is the doer, (marked by എ ക്കൊണ്ട്) എല്ലാവരും is the instigator, and ജോലി is the object.

8.33.6. -ഇ, -ഈ, -പ്പി and -ഇപ്പി are the causative markers. If the verbstem has a -ക്ക് as in വിളിക്ക്, വായിക്ക്, etc., the suffix added is -പ്പി.

വിളിക്കുന്നു > വിളിപ്പിക്കുന്നു

The verb stems like വിട്, ഇട്, etc., have their causative forms as വിടീക്ക്/വിടുവിക്ക് and ഇടീക്ക്/ഇടുവിക്ക്.

വിടുന്നു > വിടീക്കുന്നു

ഇടുന്നു > ഇടീക്കുന്നു

With all other verb stems the causative marker is ഇ/-ഇപ്പി

ചെയ്യുന്നു > ചെയ്യിക്കുന്നു/ചെയ്യിപ്പിക്കുന്നു.

8.33.7. The special behaviour of the verbs പഠിക്ക്, കാണ് as given in the examples of Repetition drill (j) may be noted.

8.33.8. The plural usage സാറന്മാർ to indicate 'teachers' is a purely colloquial form.

UNIT 8

# LESSON 34

## സാഹിത്യ സമ്മേളനം

### CONVERSATION

| | | |
|---|---|---|
| മോഹൻ: | സാർ, ആരോ വാതിലിൽ മുട്ടുന്നു. ഞാനതു തുറക്കട്ടെ? | Sir, somebody is knocking at the door. May I open it ? |
| അധ്യാപകൻ: | തുറക്കൂ. (മോഹൻ വാതിൽ തുറക്കുന്നു. പ്യൂൺ അകത്തുവരുന്നു). | Please open. (Mohan opens the door. Peon gets in.) |
| അധ്യാ: | ഇന്നിതു നാലാമത്തെ നോട്ടീസാണല്ലോ. | Today it is the fourth notice. |

| | | |
|---|---|---|
| പ്യൂൺ: | ഇതു നോട്ടീസല്ല. കേരളസമാജത്തിൽ നിന്നു് സാറിനു് ഒരു ഫോൺകാളുണ്ടു്. സമാജം സെക്രട്ടറി സാറിനെ വിളിക്കുന്നു. | This is not a notice. You have a telephone call from Kerala Samajam. Samajam Secretary is calling you. |
| അധ്യാ: | (വിദ്യാർഥികളോടു്) ഞാനിതാ വരുന്നു. നിങ്ങൾ വലിയ ഒച്ചയൊന്നും എടുക്കരുതു്. അടുത്ത മുറികളിൽ ക്ലാസുണ്ടു്. (അധ്യാപകൻ ക്ലാസിനു വെളിയിൽ പോകുന്നു. വിദ്യാർഥികൾ തമ്മിൽത്തമ്മിൽ വർത്തമാനം പറയുന്നു. അഞ്ചു മിനിട്ടിനുശേഷം അധ്യാപകൻ വരുന്നു). | (To students) I am just coming. You should not make much noise. There are classes in the neighbouring rooms. (The teacher goes out of the class. Students talk among themselves. The teacher comes after five minutes.) |
| അധ്യാ: | നിങ്ങളോടു് ഒരു സന്തോഷവർത്തമാനം പറയാനുണ്ടു്. | I have some happy news to tell you. |
| വിദ്യാ: | എന്താണു സാർ? നാളെ അവധിയാണോ? | What is it, Sir ? Is tomorrow a holiday? |
| അധ്യാ: | അല്ല. അപ്പോൾ അവധിക്കാര്യം മാത്രമാണോ നിങ്ങൾക്കു് സന്തോഷകരം? | No. Does only the news of holiday make you happy ? |
| വിദ്യാ: | അല്ല. | No. |
| അധ്യാ: | എന്നാൽ കേൾക്കൂ. അടുത്ത പതിനഞ്ചാം തീയതി മുതൽ ഒരാഴ്ചത്തേയ്ക്കു് ഇവിടത്തെ സർവ്വകലാശാലാ വളപ്പിൽവച്ചു് ഒരു അഖില ഭാരത സാഹിത്യ സമ്മേളനം നടക്കാൻ പോകുന്നു. അതിനു പല ഭാഷകളിലെ എഴുത്തുകാരും വരുന്നു. | Then listen. There is going to be an one week All India Literary Conference in the University campus from next fifteenth. Writers in many languages are coming for that. |
| വിദ്യാ: | കേരളത്തിൽനിന്നു് ആരൊക്കെ വരുന്നുണ്ടു്? | Who are all coming from Kerala ? |

| | | |
|---|---|---|
| അധ്യാ: | എനിക്കറിയില്ല. മൂന്നോ നാലോ മലയാളം എഴുത്തുകാർ വരുന്നുണ്ടത്രേ. | I don't know. It is told that three or four Malayalam writers are coming. |
| വിദ്യാ: | സാർ ഞങ്ങൾക്കും അവരെയൊക്കെ ഒന്നു കാണണം. അവരുടെ പ്രസംഗം കേൾക്കണം. അവരോടു സംസാരിക്കണം. അവരെ നമ്മുടെ ഇൻസ്റ്റിററ്യൂട്ടിലോട്ടു ക്ഷണിക്കണം. | Sir, we too want to see them. We want to listen to their lectures. We want to talk to them. We should invite them to our institute. |
| അധ്യാ: | അതിനവർക്കു് സമയം കാണണ്ടേ? | Shouldn't they find time for that ? |
| വിദ്യാ: | എങ്ങനെയെങ്കിലും അവരെ വരുത്തണം സാർ. | Some how we should bring them here. |
| അധ്യാ: | നിങ്ങൾക്കാ സമ്മേളനത്തിനു് പോകണ്ടേ? | Don't you want to go for that conference ? |
| വിദ്യാ: | പിന്നെ? പക്ഷെ അതിനു പാസ്സു വേണ്ടേ? പിന്നെ പ്രിൻസിപ്പാളുടെ സമ്മതവും കിട്ടണമല്ലോ. | Then what ? But don't we need a pass for that ? Then we should get the consent of the Principal also . |
| അധ്യാ: | അതു സാരമില്ല. അതിനെപ്പററിയൊന്നും നിങ്ങൾ വിഷമിക്കണ്ട. ഇതും നിങ്ങളുടെ പഠനപരിപാടിയുടെ ഒരു ഭാഗം തന്നെ. നമുക്കൊരുമിച്ചു പോകാം. പക്ഷെ ആരും സമയത്തിനെത്താൻ മറക്കരുതു്. | That doesn't matter. You don't have to worry about those things. This is also a part of your academic programme. Let us go together. But nobody should forget to reach on time. |

## VOCABULARY

| | | | |
|---|---|---|---|
| മുട്ട് | 'to knock' | നോട്ടീസ് | 'notice' |
| കേരളസമാജം | 'association of Keralites' | | |
| ഫോൺകാൾ | 'phone call' | | |
| സിക്രട്ടറി | 'secretary | | |
| ഒച്ച | 'noise' | | |
| തമ്മിൽത്തമ്മിൽ-പരസ്പരം, | 'each other' | | |
| സന്തോഷവർത്തമാനം | 'happy news' | | |
| സർവ്വകലാശാല | 'university' | | |
| വളപ്പ് | 'campus' | | |
| സമ്മേളനം | 'conference | | |
| പാസ് | 'pass' | | |
| വിഷമിക്ക് | 'to worry' | | |
| ഒരുമിച്ച് | 'together' | | |
| മറക്ക് | 'to forget' | | |

I Complete the sentences choosing the correct verb forms.

1. എനിക്കിന്നു തന്നെ അദ്ദേഹത്തിനെ ———.

   കാണട്ടെ
   കാണുന്നു
   കാണണം

2. സാറിനെ ആരോ ———.

   വിളിക്കു്
   വിളിക്കുന്നു
   വിളിക്കു

3. എനിക്കു് ആരോടും കോപം ———.

   ഉണ്ടു്
   അല്ല
   ഇല്ല

4. മോളേ നീ ഇങ്ങനെ ———.

   വാശിപിടിക്കട്ടെ
   വാശിപിടിക്കുവിൻ
   വാശിപിടിക്കരുതു്

5. നീ ആ കസേരയിൽനിന്നു് വേഗം ———.

ഇറങ്ങട്ടെ

ഇറങ്ങ്

ഇറങ്ങുവിൻ

6. കൊച്ചുകുട്ടിയെക്കൊണ്ടു് അത്ര ജോലി ———.

ചെയ്യണം

ചെയ്യരുതു്

ചെയ്യിക്കരുതു്

7. നമുക്കു് അപ്പൂപ്പനെക്കൊണ്ടു് ഒരു പാട്ടു ———.

പാടാം

പാടിപ്പിക്കാം

പാടണം

8. സരളേ, കുഞ്ഞിനെ ഇന്നു നീ ———.

കളിക്കണ്ട

കളിപ്പിക്കുന്നോ

കളിപ്പിക്കണം

9. എല്ലാവരും പാഠം ———.

പഠിക്കുന്നില്ലേ

പഠിക്കുന്നു

പഠിക്കുന്നോ

10. നിങ്ങളുടെ വീട്ടിൽ എല്ലാവരും ———.

സുഖമായിരിക്കട്ടെ

സുഖമായിരിക്കുന്നോ

സുഖമായിരിക്കു

II Fill in the blanks using the appropriate forms of the given words.

1. നിങ്ങൾ ——— എത്ര മണിക്കു് ഇവിടെ വരുന്നു? (വീടു്)
2. രാധ ——— വർത്തമാനം പറയുന്നു (ആരു്)
3. എല്ലാ ——— നാളെ അവധി ഉണ്ടോ? (കുട്ടികൾ)
4. ആരു ——— മലയാളം പഠിപ്പിക്കുന്നു (നിങ്ങൾ)
5. അച്ഛൻ ആ ജോലി ——— ചെയ്യിക്കും (മകൻ)
6. ——— ഒരു ഫോൺകാളുണ്ടു് (മധു)
7. ആരിപ്പോൾ ——— നോക്കുന്നു? (കുഞ്ഞു്)

8. ——— വേഗം പോകാം (നാം)
9. എന്റെ ഓഫീസിൽനിന്നു് നിങ്ങളുടെ ——— എത്ര ദൂരമുണ്ടു് (ഓഫീസ്)
10. മധു പുതിയ ——— എഴുതുന്നോ?(പേന)
11. കഥകളിയും നമ്മുടെ ——— ഒരു ഭാഗം തന്നെ. (പരിപാടി)
12. നിങ്ങളുടെ ഇളയ മകൻ രാജു എത്രാം ——— പഠിക്കുന്നു? (ക്ലാസ്)
13. ——— ആളുകളെ മലയാളികൾ എന്നു വിളിക്കുന്നു. (കേരളം)
14. ആ ——— നിങ്ങൾ വിഷമിക്കണ്ട (കാര്യം)
15. നാളെ രാവിലെ ——— നിങ്ങൾ ഇവിടെ എത്തണം. (ഒൻപതേമുക്കാൽ)
16. ———നിങ്ങൾ മലയാളത്തിൽ സംസാരിക്കണം. (അവർ)
17. ——— നിങ്ങൾ ആ കഥ പറയിക്കരുതു് (ഞാൻ)
18. ആ ചിത്രം നീ ——— കാണിക്കരുതു് (ആരു്)
19. ——— എനിക്കാണു് ശല്യം (നിങ്ങൾ)
20. അവൻ വഴക്കു പറയുന്നു. (എല്ലാവരും)

III Fill in the gaps suitably.

1. രണ്ടു കപ്പ ——— നീ അവനെക്കൊണ്ടു് കുടിപ്പിക്കുന്നോ?
2. നിങ്ങൾ ആരോടു ———?
3. മകന്റെ ——— ബന്ധുക്കളെല്ലാം വരുന്നുണ്ടോ?
4. സാർ നിങ്ങളുടെ വീട്ടിൽ ഒരു പുതിയ ——— അല്ല.
5. നാട്ടിലെ ——— ഒന്നു പറയൂ.
6. എന്റെ ——— നീ തന്നെ ഉത്തരം പറയണം.
7. കുട്ടികളെ നിങ്ങൾ ——— പറയരുതു്.
8. ആരു ——— ഉറക്കുന്നു?
9. അച്ഛാ, ഞാനും ——— പോകട്ടോ?
10. ഈ ക്ലാസിൽ ഊമകളോ ——— ഉണ്ടോ?

IV Rewrite the following sentences using the present tense form of the verbs.

1. കുട്ടികൾ ഉറക്കെ കരയട്ടെ.
2. അമ്മ വാസുവിനെ അടിക്കട്ടെ.
3. രാജു ശനിയാഴ്ച കളിക്കട്ടെ.
4. അവൻ ആ മൂലയിൽ ഇരിക്കട്ടെ.
5. അവർ സിനിമ കാണട്ടെ.
6. നാരായണൻ അവളെ ആക്ഷേപിക്കട്ടെ.
7. അമ്മ കുഞ്ഞിനെക്കൊണ്ടു് ആഹാരം കഴിപ്പിക്കട്ടെ.

V Fill in the incomplete dialogues.

A.: നിങ്ങൾ ഏതു ഭാഷ സംസാരിക്കുന്നു? മലയാളമല്ലേ?
B.: ....................................
A.: തമിഴാണോ നിങ്ങളുടെ മാതൃഭാഷ?
B.: ....................................
A.: അതെങ്ങനെ? നിങ്ങൾ അതെവിടെ പഠിക്കുന്നു.?
B.: ....................................
A.: പഠിക്കുന്നില്ലേ? പിന്നെ എങ്ങനെ ഇത്ര നന്നായി സംസാരിക്കുന്നു?
B.: ....................................
A.: മുഖസ്തുതിയോ? അല്ലേ അല്ല. എനിക്കാ പതിവില്ല.
B.: ....................................

2.A.: അച്ഛാ, ഞാനും രാജുവിൻെറകൂടെ സിനിമ കാണാൻ പോട്ടെ?
B.: ....................................
A.: അവൻ തനിച്ചല്ല. അവൻെറ ചേട്ടനും പോകുന്നു. ഞങ്ങൾ മൂന്നു പേരുണ്ടായിരിക്കും.
B.: ....................................
A.: വലിയവർ ആരും വരുന്നില്ല.
B.: ....................................
A.: അയ്യോ അച്ഛാ! അങ്ങനെ പറയരുത്. രാവിലെ മുതൽ അവൻ എന്നെ വിളിക്കുന്നു.
B.: ....................................
A.: വാശി പിടിക്കുന്നില്ലച്ഛാ.
B.: ....................................
A.: അവനെപ്പോഴും എന്നോടു ചോദിക്കും.
B.: ....................................

3. A: ....................................
B.: എനിക്കു മധുവിനെ കളിപ്പിക്കാൻ വയ്യ. അവൻ എൻെറ വാക്കു കേൾക്കുന്നില്ല.

A.: ....................................
B.: എത്ര ദിവസം ഇങ്ങനെ നിർബന്ധിക്കട്ടെ? അവൻ എട്ടാം ക്ലാസിലല്ലേ? പത്തു പതിമൂന്നു വയസ്സായില്ലേ?

A.: .......................................

B.: അതൊക്കെ എൻെറ കുററമാണോ? ഇതുകൊള്ളാം. എല്ലാത്തിനും എനിക്കാണോ കുററം?

4.A.: .......................................

B.: എന്തു പറയാനാ കുറുപ്പേ? വലിയ വിശേഷങ്ങളൊന്നുമില്ല.

A.: .......................................

B.: എല്ലാവരും സുഖമായിരിക്കുന്നു. പക്ഷെ

A.: .......................................

B.: അച്ഛനു് കഴിഞ്ഞമാസം മുതൽ അത്ര സുഖമില്ല.

A.: .......................................

B.: വാതത്തിൻെറ ഉപദ്രവം തന്നെ.
പല നല്ല ഡോക്ടർമാരേയും കാണിക്കുന്നുണ്ടു്.

A.: .......................................

B.: ആരാണദ്ദേഹം? മിടുക്കനാണോ?

A.: .......................................

B.: സാറിൻെറ മരുമകൻെറ അനിയനോ? അതുകൊള്ളാം അപ്പോഠം പരിചയത്തിനു് കുറവൊന്നുമില്ലല്ലോ. ബന്ധവും ഉണ്ടു്.

A.: .......................................

B.: ശരി. നാളെ രാവിലെതന്നെ അദ്ദേഹത്തിൻെറ അടുത്തു പോകുന്നുണ്ടു് മറെറന്നാഠം എനിക്കും വേറെ ജോലിയുണ്ടു്.

---

UNIT 9

LESSON 35

# എനിക്കൊരു ഉപകാരം ചെയ്യുമോ ?

## CONVERSATION

| | | |
|---|---|---|
| മാഫ്യൂർ: | മിസ്റ്റർ നായർ, നിങ്ങൾ എനിക്കൊരു ഉപകാരം ചെയ്യുമോ? | Mr. Nair, will you do me a favour ? |
| നായർ: | എന്താണ് മാഫ്യൂർ? എന്നോടു സംസാരിക്കാൻ ഇത്രവലിയ മുഖവുര ഒക്കെ വേണോ? എന്തു വേണം? പറയൂ. | What is the matter ? Do you need such a preface to talk to me? What do you want? Tell me. |
| മാഫ്യൂർ: | എനിക്കു നന്താവനം വരെ ഒന്നു പോകണം. നിങ്ങളും എന്റെകൂടെ വരുമോ? | I want to go to Nandavanam. Will you also come with me ? |

| | | |
|---|---|---|
| നായർ: | വരാമല്ലോ. പക്ഷെ ഇന്നും, നാളേം പററില്ല. എനിക്കു കുറച്ചു ജോലിത്തിരക്കുണ്ടു്. മററന്നാൾ പോകാം. പോരേ? | Of course I can, but not today and tomorrow I am a bit busy. Let us go day after tomorrow. Won't that be alright? |
| മാസ്റ്റർ: | അതു മതിയായിരുന്നു. പക്ഷെ എനിക്കു് നന്താവനത്തു് ഒരാളെ കാണാൻ ഉണ്ടു്. നാളെ ഉച്ചയ്ക്കു് അദ്ദേഹം എറണാകുളത്തേയ്ക്കു പോകും. പിന്നെ ഇരുപത്താറാം തീയതിവരെ ഇവിടെ കാണില്ല. അന്നു് എനിക്കു് മൈസൂറിലേയ്ക്കു മടങ്ങണ്ടേ? പിന്നെ എനിക്കു് അദ്ദേഹത്തിനെ കാണാൻ സാധിക്കില്ല. | That would have been sufficient. But I want to see someone at Nandavanam. That person is going to Ernakulam tomorrow. Then he will not be available till the 26th. Shouldn't I go back to Mysore the same day? Then I will not be able to see him. |
| നായർ: | നന്താവനത്തു് നിങ്ങൾക്കാരെ കാണണം? അയാളുടെ മേൽവിലാസം ഉണ്ടോ കയ്യിൽ? | Whom do you want to see at Nandavanam? Do you have his address ? |
| മാസ്റ്റർ: | ഉണ്ടു്. ഇതാ നോക്കൂ, ശ്രീ. വി. പരമേശ്വരൻ നമ്പ്യാർ, ശ്രീനിലയം, നന്താവനം, പാളയം, തിരുവനന്തപുരം. | Yes. I have. See, here it is. Sri. V. Parameswaran Nambiar, Srinilayam, Nandavanam, Palayam, Trivandrum. |
| നായർ: | അതുകൊള്ളാം. ഈ നമ്പ്യാരെ എനിക്കു നല്ല പരിചയമുണ്ടു്. നിങ്ങൾക്കെങ്ങനെ അറിയാം അദ്ദേഹത്തെ? | That is fine. I know this Nambiar very well. How do you know him ? |

| | | |
|---|---|---|
| മാഷ്ടർ: | മിസ്റ്റർ നമ്പ്യാരുടെ അനുജൻ ഞങ്ങളുടെകൂടെ മൈസൂറിലുണ്ട്. മധുസൂദനൻ എന്നാണ് പേര്. അയാളുടെ ഒരു പെട്ടി ഇദ്ദേഹത്തിന്റെ വീട്ടിൽ ഏല്പിക്കണം. അദ്ദേഹത്തോടു ചില കാര്യങ്ങളും പറയണം. | Mr. Nambiar's younger brother is with us in Mysore. His name is Madhusudanan: I have to hand over his box in their house. I have also to tell him some thing. |
| നായർ: | അതു ശരി. ഞാൻ അതിനൊരു പോംവഴിയുണ്ടാക്കാം. എന്റെ അനിയൻ ഭാസ്കരനെ നിങ്ങളുടെകൂടെ അയയ്ക്കാം. ആ വീടും, സ്ഥലവും ഒക്കെ അവനറിയാം. അവൻ നിങ്ങളെ കൊണ്ടുപോകും. | That is O.K. I shall find out a way for that. I shall send my brother Bhaskaran with you. He knows that house and the place. He will take you. |
| മാഷ്ടർ: | എപ്പോഴാ? | When? |
| നായർ: | ഞാനിതാ വീട്ടിൽ പോകുന്നു. ഒരു മൂന്നു മണിക്ക് അവൻ നിങ്ങളുടെ മുറിയിലെത്തും. | I am going home just now. He will reach your room at 3O' clock. |
| മാഷ്ടർ: | വളരെ ഉപകാരം. നിങ്ങൾക്കൊക്കെ വലിയ ബുദ്ധിമുട്ടായി. | I am really grateful to you. I am a nuisance to you. |
| നായർ: | ഛേ, ഛേ. ഇതൊന്നും ഒരു ബുദ്ധിമുട്ടല്ല. അങ്ങനെ വിചാരിക്കരുത്. | No. Not at all. These are not at all troublesome matters. |
| മാഷ്ടർ: | നായർ, പിന്നെ ഒരു കാര്യം കൂടി ചോദിക്കാനുണ്ട്. | Nair, I have something more to ask. |
| നായർ: | എന്താണത്? ചോദിക്കൂ. | What is it ? Please ask. |
| മാഷ്ടർ: | ഇവിടത്തെ കാഴ്ചബംഗ്ളാവും, മൃഗശാലയും, ചിത്രാലയവും ഒക്കെ നന്താവനത്തിനു വളരെ അടുത്തല്ലേ? | Aren't the Museum, Zoo and the Art gallery very near Nandavanam ? |

| | |
|---|---|
| നായർ: അതെ. അതെ. നിങ്ങൾക്കവിടെയൊക്കെ പോകാനും പരിപാടിയുണ്ടോ? വളരെ നല്ലത്. ഭാസ്കരൻ കൂടെ കാണുമല്ലോ. എല്ലാം നന്നായി കാണൂ. ഇരുപത്താറാം തീയതി മൈസൂറിലേയ്ക്കു തിരിക്കണ്ടേ? അതിനു മുൻപ് ഇവിടം എല്ലാം കാണാൻ ശ്രമിക്കണം. | Yes. Do you have plans to go to those places also? It is very good. Bhaskaran will also be there with you. You see every thing nicely. Shouldn't you go back to Mysore on the 26th. Before that try to see every thing in this place. |

**DRILLS**

A. Repetition drill

a.
1. അദ്ദേഹം എറണാകുളത്തേയ്ക്കു പോകും.
2. എന്റെ കൂട്ടുകാരൻ അടുത്തമാസം വരും.
3. ആരും അവിടെ പോകില്ല.
4. കുട്ടികൾ പാഠം നന്നായി എഴുതില്ല.
5. നിങ്ങൾ ആ കാര്യം പറയുമോ?
6. നാളെ എങ്കിലും നിങ്ങൾ സമയത്തിനു വരുമോ?
7. അവർ ഇനിയും താമസിക്കില്ലേ?
8. അപ്പോൾ ഞാനും വീട്ടിലേക്കു തിരിക്കില്ലേ?

b.
1. എന്റെ അനിയൻ ഭാസ്കരനെ അയയ്ക്കാം.
2. നിങ്ങൾക്കു ഞാൻ ഒരു പുതിയ സമ്മാനം തരാം.
3. ഞാനും അവനെപ്പോലെ ശ്രമിക്കാം.

B. Build up drill

Model

തുടങ്ങും.
തുടങ്ങും.
പഠിക്കാൻ
പഠിക്കാൻ തുടങ്ങും.
നന്നായി
നന്നായി പഠിക്കാൻ തുടങ്ങും.

ഞാൻ

ഞാൻ നന്നായി പഠിക്കാൻ തുടങ്ങും.

നാളെ മുതൽ

നാളെ മുതൽ ഞാൻ നന്നായി പഠിക്കാൻ തുടങ്ങും.

1. എത്തും.

നാട്ടിലെത്തും.

പത്തുമണിക്കു് നാട്ടിലെത്തും

മറ്റെന്നാൾ പത്തുമണിക്കു് നാട്ടിലെത്തും.

ഞങ്ങൾ മറ്റെന്നാൾ പത്തുമണിക്കു് നാട്ടിലെത്തും.

2. വരില്ലേ?

കല്യാണത്തിനു വരില്ലേ?

ആ കല്യാണത്തിനു വരില്ലേ?

ഞങ്ങളുടെകൂടെ ആ കല്യാണത്തിനു വരില്ലേ?

നിങ്ങളും ഞങ്ങളുടെകൂടെ ആ കല്യാണത്തിനു വരില്ലേ?

3. ഉണ്ടാക്കുമോ?

കഥ ഉണ്ടാക്കുമോ?

ഒരു കഥ ഉണ്ടാക്കുമോ?

അങ്ങനെ ഒരു കഥ ഉണ്ടാക്കുമോ?

അവരും അങ്ങനെ ഒരു കഥ ഉണ്ടാക്കുമോ?

അവളെപ്പറ്റി അവരും അങ്ങനെ ഒരു കഥ ഉണ്ടാക്കുമോ?

4. സംസാരിക്കാം.

ഞങ്ങളും സംസാരിക്കാം.

അവരെപ്പോലെ ഞങ്ങളും സംസാരിക്കാം.

അദ്ദേഹത്തിന്റെ മുമ്പിൽ അവരെപ്പോലെ ഞങ്ങളും സംസാരിക്കാം

## C. Substitution drill

1. ഞങ്ങളുടെ വീട്ടിലും അതിഥികൾ <u>വരും.</u>

താമസിക്കും

എത്തും

2. പുതിയ പാഠവും അവർ വായിക്കും.

എഴുതും
പഠിക്കും
നോക്കും
കാണും
പഠിപ്പിക്കും
എടുക്കും
തുടങ്ങും

3. വീട്ടിൽ നിന്നു് നിങ്ങൾ എപ്പോൾ തിരിക്കും?

മടങ്ങും
വരും
പോകും
ഇറങ്ങും

4. അമ്മ കുഞ്ഞിനെ കളിപ്പിക്കും.

കളിപ്പിക്കും
വിളിക്കും
അടിക്കും
ചിരിപ്പിക്കും
പഠിപ്പിക്കും
നോക്കും
കാണും

## D. Transformation drill

Model 1

അവൻ എന്റെ കസേരയിൽ ഇരിക്കുന്നു.
അവൻ എന്റെ കസേരയിൽ ഇരിക്കും.

1. കുട്ടികൾ പാട്ടു പാടുന്നു.
2. രഘു ഭാര്യയ്ക്കു് കത്തു് എഴുതുന്നു.
3. ഉണ്ണി ഭാര്യയുടെ കത്തു വായിക്കുന്നു.
4. ബേബി അനിയത്തിയെ അടിക്കുന്നു.
5. സരള അമ്മയെ ഓർമ്മിക്കുന്നു.
6. നേതാവു് പഴയ കാര്യങ്ങൾ മറക്കുന്നു.
7. കരുണാകരൻ നന്നായി ജോലി ചെയ്യുന്നു.

8. പത്തു മണിക്കു് ഓഫീസ് തുടങ്ങുന്നു.
9. ആഘോഷത്തിനു് എല്ലാവരും വരുന്നു.
10. രാഘവൻ നാട്ടിൽ പോകുന്നു.

## Model 2

പരമേശ്വരൻ കാര്യങ്ങൾ മനസ്സിലാക്കും.
പരമേശ്വരൻ കാര്യങ്ങൾ മനസ്സിലാക്കില്ല.

1. എല്ലാവരും ആ സത്യം അറിയും.
2. ഏപ്രിൽ മാസം അവൻ വരും.
3. രാധയുടെ കുഞ്ഞു് ഉറക്കെ കരയും.
4. വേണു നേരത്തെ ആഹാരം കഴിക്കും.
5. നാളെയും അയാൾ താമസിക്കും.
6. അച്ഛൻ അവളെ ഈ കല്യാണത്തിനു നിർബന്ധിക്കും.
7. നാളെ മുതൽ ഞാൻ അവനോടു സംസാരിക്കും.
8. നാളത്തെ മീററിങ്ങിൽ നേതാവു പ്രസംഗിക്കും.
9. അദ്ദേഹം എല്ലാവരേയും വിവരം അറിയിക്കും.
10. തൽക്കാലം അവർ കഥകളി ആസ്വദിക്കും.

## Model 3

എല്ലാ ജോലിയും അവൾ ചെയ്യും.
എല്ലാ ജോലിയും അവൾ ചെയ്യുമോ?

1. എന്റെ അനിയത്തിയും കഥ എഴുതും.
2. അദ്ദേഹം നമ്മളോടു കോപിക്കും.
3. രാധ മുകുന്ദനെ അടിക്കും.
4. ടീച്ചർ എല്ലാവർക്കും സമ്മാനം കൊടുക്കും.
5. നിങ്ങൾ അവനെ കളിയിൽ ചേർക്കും.

## Model 4

കുട്ടി ആ പാട്ടു പാടില്ല.
കുട്ടി ആ പാട്ടു പാടില്ലേ?

1. ഇത്തവണയും സാറു മാപ്പു തരില്ല.
2. സതി ആ വാതിൽ തുറക്കില്ല.
3. മാധവൻ മകളെ മോഹനനു കൊടുക്കില്ല.
4. അവൻ മീൻ വാങ്ങില്ല.
5. കൂട്ടുകാർ അയാളെ ആക്ഷേപിക്കില്ല.

## E. Restatement drill

### Model

ഞാൻ ആ കഥ പറയും.
ഞാൻ ആ കഥ പറയാം.

1. ഞാൻ അവിടെ വരും.
2. ഞാൻ നിങ്ങളുടെ വീട്ടിൽ എത്തും.
3. ഞാൻ ആ പാട്ടു നന്നായി പാടും.
4. ഞാൻ നിൻെറ കഥ കേൾക്കും.
5. ഞാൻ പാഠത്തിൽ ശ്രദ്ധിക്കും.
6. ഞാൻ കഥകളി ടിക്കററു വാങ്ങും.

## F. Response drill

### Model 1

രാധ നാളെ വരുമോ?
വരും, നാളെ രാധ വരും.
ഇല്ല, നാളെ രാധ വരില്ല.

1. രാജു ഇനിയും അങ്ങനെ പറയുമോ?
2. ഇനി നിങ്ങൾ ശബ്ദം ഉണ്ടാക്കുമോ?
3. അദ്ദേഹവും കവിത എഴുതുമോ?

### Model 2

അവർ അവളെ ആക്ഷേപിക്കില്ലേ?
ആക്ഷേപിക്കും, അവർ അവളെ ആക്ഷേപിക്കും.
ഇല്ല, അവർ അവളെ ആക്ഷേപിക്കില്ല.

1. മധു അനിയനെ അടിക്കില്ലേ?
2. തോമസ് ക്ലാസിൽ ഉറങ്ങില്ലേ?
3. രാജൻ കാമധേനുവിൽ താമസിക്കില്ലേ?

## EXERCISES

I Convert the following sentences to their corresponding future tense.

1. എല്ലാവരും അവനെ കളിയിൽ ചേർക്കുന്നു.
2. വിദ്യാർഥികൾ അദ്ദേഹത്തിനേയും ശല്യപ്പെടുത്തുന്നു.
3. നിൻെറ കാര്യത്തിൽ അവൾ വളരെ ശ്രദ്ധിക്കുന്നു.

4. രാഘവൻ വിപ്ലവത്തെപ്പററി പ്രസംഗിക്കുന്നു.
5. നിന്നെ ഞാൻ ആ പടവും കാണിക്കുന്നു.
6. നമ്മൾ ഒരു പുതിയ ഭാഷ പഠിക്കുന്നു.
7. ഞങ്ങൾ നാട്ടിലേക്കു മടങ്ങുന്നു.

## II Convert the following sentences into verb+-ആം forms.

1. ഞങ്ങൾ കഥകളി ആസ്വദിക്കും.
2. ഞാൻ വാസുവിനെ വിളിക്കും.
3. ഞാൻ ഈ കസേരയിൽ ഇരിക്കും.
4. ഞങ്ങൾ ആ മൂലയിൽ നിൽക്കും.
5. നാളെ ഞങ്ങൾ നേരത്തേ വരും.
6. ഞാൻ ആ ഉപകാരം ചെയ്യും.

## III Answer the following questions. Give positive and negative answers.

1. ഇന്നു നിങ്ങളുടെ വീട്ടിൽ പ്രൊഫസർ വരുമോ?
2. നിങ്ങൾ ഒരിക്കലും സത്യം പറയില്ലേ?
3. നല്ല വിദ്യാർത്ഥികൾ ക്ലാസിൽ ശ്രദ്ധിക്കില്ലേ?
4. അമ്മ സ്വന്തം കുട്ടികളെ മറക്കുമോ?
5. ചെറിയ കുററത്തിനും നിങ്ങളുടെ അച്ഛൻ വഴക്കു പറയുമോ?
6. നിങ്ങൾ ഹിന്ദിയിലും സംസാരിക്കുമോ?
7. നാളെ നിങ്ങൾ ഒരു പാട്ടു പാടുമോ?
8. നിങ്ങൾ ഞങ്ങളുടെ കൂടെ ഈ ഹോസ്റ്റലിൽ താമസിക്കുമോ?

## IV Fill in the incomplete dialogues.

1 A: നിങ്ങൾ നാട്ടിൽ എന്നു പോകും?

B. ......................................

A. ഓഹോ? അപ്പോൾ രാധയും നിങ്ങളുടെകൂടെ വരുമോ?

B. ......................................

A. അതെന്താ അങ്ങനെ? ഞായറാഴ്ചയും അവൾക്ക് വരാൻ പററില്ലേ? അന്നും ഒഴിവില്ലേ?

B. ......................................

A. ഇതു നല്ല തമാശ. അവധി ദിവസവും ജോലി ചെയ്യണോ?

B. ......................................

2. A. ......................................

B. കാണും. അദ്ദേഹവും ഭാര്യയും ഞങ്ങളുടെ വീട്ടിൽ കാണും. ഇരുപത്തെട്ടാം തീയതിവരെ അവർ ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കും.

A. ......................................

B. എനിക്കു വലിയ പരിചയമൊന്നുമില്ല. ചിററപ്പനും, അദ്ദേഹവും വളരെ ക്കാലം സഹപ്രവർത്തകരായിരുന്നു.

A. ......................................

B. ക്ഷമിക്കു. എനിക്കന്നു വരാൻ പററില്ല. അവരുടെയൊക്കെ കൂടെ ഞാനും തേക്കടിയിൽ പോകും.

## VOCABULARY

| | | | |
|---|---|---|---|
| ഉപകാരം | 'favour' | മുഖവുര | 'preface' |
| പററു് | 'to be able' | ജോലിത്തിരക്കു് | 'busy work' |
| തിരക്കു് | 'crowd' | | |
| കാണു് | 'to be available, to be present' | | |
| മടങ്ങു് | 'to return' | മേൽവിലാസം | 'address'. |
| പ്രവർത്തകൻ | 'worker' | പെട്ടി | 'box' |
| ഏല്പിക്കു് | 'hand over' | പോംവഴി | 'alternative' |
| ബുദ്ധിമുട്ടു് | 'trouble, difficulty' | | |
| വിചാരിക്കു് | 'to think' | കാഴ്ചബംഗ്ളാവു് | 'museum' |
| മൃഗശാല | 'zoo' | ചിത്രാലയം | 'art gallery' |
| തിരിക്കു് | 'to turn back, to go back' | | |
| ഇവിടെ | 'this place' | ശ്രമിക്കു് | 'to try' |

## NOTES

9.35.1. Sentences with future tense are introduced. Future tense is formed with the addition of -ഉം to the verb stem.

നിങ്ങളും എന്റെകൂടെ വരുമോ?

Will you also come with me.

9.35.2. Future negative is formed by the addition of ഇല്ല to the verb stem.

എനിക്കു് അദ്ദേഹത്തിനെ കാണാൻ സാധിക്കില്ല.

I will not be able to see him.

**9.35.3.** As in the sentence,

| | |
|---|---|
| ഇരുപത്താറാം തീയതിവരെ അദ്ദേഹം ഇവിടെ <u>കാണില്ല</u>. | 'He will not be available here till 26th.' |

the verb stem കാണു് 'to see' in future tense will indicate th meaning of availability also.

**9.35.4.** The ability verbs like സാധിക്കു്, പററു്, etc., will take a dative case as in the example 9.35.2.

**9.35.5.** When the first person is the subject and the verb is expressed with the suffix -ആം it indicates different shades of meaning such as readiness, willingness, acceptability, etc., in the future tense.

| | |
|---|---|
| ഞാൻ അതിനൊരു പോംവഴി ഉണ്ടാക്കാം. | I shall find out a way for that. |

## UNIT 9

## LESSON 36

# ജോലി ചെയ്യാൻ സന്തോഷമേയുള്ളു.

## CONVERSATION

| | |
|---|---|
| സോമൻ: ഗോപീ, നീ ഈ താക്കോൽ എവിടെയെങ്കിലും ഒന്നു വയ്ക്കണം. കളയരുത്. | Gopi. you should keep this key somewhere. Don't lose it. |
| ഗോപി: എന്താ? സാറു വെളിയിലേക്കു പോകുന്നുണ്ടോ? ഇന്നു തിരിയെ വരില്ലേ? | Are you going out, Sir ? Won't you come back today? |
| സോമൻ: വരും. പക്ഷേ കുറച്ചു താമസിക്കും. ഒൻപതു മണിക്കേ വരൂ. | I will come. But I will be a bit late. I will come only at 9 O' clock. |

ഗോപി: ഒൻപതു മണിക്കേ വരുള്ളോ?

Will you come only at 9 O' clock ?

സോമൻ: അത്രേ ഉള്ളൂ. ദാമോദരൻ അതിനു മുൻപേ ഇവിടെ എത്താം. അവനപ്പോൾ താക്കോൽ വേണമല്ലോ. ഈ പൂട്ടിനു് ഒരു താക്കോൽ അല്ലേ ഉള്ളൂ?

Yes. Damodaran may reach this place earlier than that. Then he might need the key. Isn't there only one key for this lock ?

ഗോപി: ശരി സാർ. സാറു് ഇവിടെ അടുത്തല്ലേ പോകൂ? അതോ വളരെ ദൂരം എങ്ങാനും പോകുമോ?

O.K. Sir. Won't you be just going somewhere nearby, or will you go very far ?

സോമൻ: ഇല്ല. ഒന്നു നടക്കാൻ ഇറങ്ങുന്നു. വഴിയിൽ മെഡിക്കൽ കോളേജാശുപത്രിയിലും ഒന്നു പോകണം. ഗോപീ, ഈ ഹോട്ടലിലെ പിള്ളേരിൽ ഞാൻ നിന്നെ മാത്രമെ ഉപദ്രവിക്കൂ. നിനക്കെതിൽ പരാതി കാണുമായിരിക്കും. അല്ലേ?

No. I am just going out for a walk. I want to go to the Medical College hospital also. Gopi, of the boys in this hotel I trouble only you. You may have complaints on that score. Don't you ?

ഗോപി: അയ്യോ. സാറങ്ങനെ പറയല്ലേ? എനിക്കു സാറിന്റെ ഏതു ജോലിയും ചെയ്യാൻ സന്തോഷമേയുള്ളൂ. പക്ഷെ ആശുപത്രിയിലേക്കു് ഇന്നിനി ബസ്സൊന്നുമില്ലല്ലോ. സാറെങ്ങനെ പോകും? അത്ര ദൂരം നടക്കാനൊക്കുമോ?

No. Sir, please don't tell like that. I like to do any work for you. But now there is no bus to hospital. How will you go? Will you be able to walk?

സോമൻ: ഇവിടെനിന്നു് ആശുപത്രിയിലേക്കു് ഒന്നര മൈലല്ലേ ഉള്ളൂ? അതൊരു വലിയ കാര്യമോ? ദിവസവും ഞാൻ ഒരു നാലു മൈലെങ്കിലും നടക്കും. എന്നും വൈകുന്നേരമാണു് ആ പതിവു്. കടപ്പുറംവരെ നടക്കും.

Hospital is only one and a half mile away. Is it a great thing? Daily I walk about four miles. That is my evening habit. I walk up to the beach.

| | | |
|---|---|---|
| ഗോപി: | പക്ഷെ ഇന്നെങ്ങനെ നടക്കും? ഇപ്പോഴേ സന്ധ്യയായി. മഴക്കാലമാണ്. വേഗം ഇരുട്ടും. പിന്നെ മഴയും പെയ്യാം. അതുകൊണ്ട സാർ ഈ തണുപ്പത്ത് വെളിയിൽ പോണ്ട. | But now will you walk today ? Dusk has fallen. It is rainy season. It gets darkened soon. Then it may rain also. So you don't go out in the cold. |
| സോമൻ: | അയ്യോ അതു പറ്റില്ല. പോകണം. എന്റെ ഒരു സഹപ്രവർത്തകൻ ആശുപത്രിയിൽ കിടക്കുന്നു. മഞ്ഞുനോവാണ് സുഖക്കേട്. അയാളെയൊന്നു കാണണം. സുഖക്കേടിന്റെ വിവരമൊക്കെ അറിയണം. അത്രയേ വേണ്ടൂ. | They can't be. I must. go. One of my colleagues is in the hospital. He is suffering from jaundice. I must see him. I want to know the details regarding his illness. That's all I need. |
| ഗോപി: | എനിക്കും സാറിന്റെകൂടെ വരാൻ ആഗ്രഹമുണ്ട്. പക്ഷെ നടക്കാനാവില്ല. എപ്പോഴും സൈക്കിളിലല്ലേ എന്റെ പോക്കുവരവ്? അതുകൊണ്ട് അധികം നടക്കാൻ വയ്യ. | I too have the desire to come with you. But I cannot walk. Always don't I go about in the cycle ? So I can't walk very far. |
| സോമൻ: | അതാണിപ്പോഴത്തെ ചെറുപ്പക്കാരുടെ സ്ഥിതി. വ്യായാമം ഒന്നും ഇല്ല. അവരെക്കൊണ്ട് വാചകമടിക്കാൻ മാത്രമേ കൊള്ളൂ. | That is the plight of the present day youth. They don't have any exercise. They are fit only to gossip. |
| ഗോപി: | സാർ എന്നേയും ആ കൂട്ടത്തിൽ ഉൾപ്പെടുത്താമോ? സൈക്കിളുചവിട്ടും ഒരു നല്ല വ്യായാമം അല്ലേ? | Sir, can you include me also in that group? Isn't cycling also a good exercise ? |

സോമൻ; അതിനെപ്പററിയൊക്കെ വേറെ ഒരു ദിവസം ചർച്ച ചെയ്യാം. ഞാനിറങ്ങട്ടെ, സമയമായി. ദാമോദരനു താക്കോൽ കൊടുക്കണം. മറക്കല്ലേ?

Let us discuss about it some other day. Let me get out. It is time for me. You should give the key to Damodaran. Please don't forget.

## DRILLS

### A. Repetition drill

a. 1. എന്നും വൈകുന്നേരം അദ്ദേഹം മൂന്നു മൈൽ നടക്കും.
2. മഴക്കാലത്തു് വേഗം ഇരുട്ടും.
3. സാധാരണ അവരു അരക്കപ്പു കാപ്പി കുടിക്കും.

b. 1. സാറിൻെറ ജോലി ചെയ്യാൻ സന്തോഷമേയുള്ളൂ.
2. ഈ പൂട്ടിനു് ഒരു താക്കോൽ അല്ലേ ഉള്ളൂ?
3. പത്തു പേർക്കു് ഒരധ്യാപകനേ ഉള്ളോ?
4. അയാറുക്കു കുളിക്കാൻ ചൂടുവെള്ളമേ വേണ്ടൂ.
5. മോഹനനു് രാത്രി ചപ്പാത്തിയല്ലേ വേണ്ടൂ?
6. അവർ എന്നും താമസിച്ചേ വരൂ.
7. കുട്ടി പത്തുമണിക്കേ പാലുകുടിക്കുള്ളോ?
8. കുഞ്ഞു് അമ്മയെ മാത്രമല്ലേ വിളിക്കൂ?

c. 1. ഇന്നു വൈകുന്നേരം മഴ പെയ്യാം.
2. ആ പെൺകുട്ടി ഇന്നും വരാം.
3. എല്ലാവരുടെ കാര്യത്തിലും അങ്ങനെ സംഭവിക്കാം.

### B. Build up drill

Model

ഉള്ളൂ.
ഉള്ളൂ.
പണം
പണമുള്ളൂ.
ധാരാളം
ധാരാളം പണമുള്ളൂ
കരിഞ്ചന്തക്കാർക്കേ
കരിഞ്ചന്തക്കാർക്കേ ധാരാളം പണമുള്ളൂ.

1. വേണ്ടു .
കട്ടികളല്ലേ വേണ്ടു ?
രണ്ടു കട്ടികളല്ലേ വേണ്ടു ?
ഒരച്ഛനും, അമ്മയ്ക്കും രണ്ടു കട്ടികളല്ലേ വേണ്ടു ?
ഇക്കാലത്തു് ഒരച്ഛനും, അമ്മയ്ക്കും രണ്ടു കട്ടികളല്ലേ വേണ്ടു ?

2. പറയൂ.
സത്യമേ പറയൂ.
എപ്പോഴും സത്യമേ പറയൂ.
അയാറം എപ്പോഴും സത്യമേ പറയൂ.

3. കഴിക്കൂ.
ആഹാരം കഴിക്കൂ.
വീട്ടിൽ നിന്നല്ലേ ആഹാരം കഴിക്കൂ?
എന്റെ അച്ഛൻ വീട്ടിൽ നിന്നല്ലേ ആഹാരം കഴിക്കൂ?

## C. Expansion drill

### Model

അയാളേ എഴുതൂ.

കഥ
അയാളേ കഥ എഴുതൂ.

നല്ല
അയാളേ നല്ല കഥ എഴുതൂ.

അത്ര
അയാളേ അത്ര നല്ല കഥ എഴുതൂ.

1. കൊച്ചുകുഞ്ഞുങ്ങാംക്കല്ലേ വേണ്ടു ?

അമ്മയെ
കൊച്ചുകുഞ്ഞുങ്ങാംക്കല്ലേ അമ്മയെ വേണ്ടു ?

എപ്പോഴും
കൊച്ചുകുഞ്ഞുങ്ങാംക്കല്ലേ എപ്പോഴും അമ്മയെ വേണ്ടു ?

എന്തിനും
കൊച്ചുകുഞ്ഞുങ്ങാംക്കല്ലേ എന്തിനും എപ്പോഴും അമ്മയെ വേണ്ടു ?

2. ഇപ്പോഴത്തെക്കാലത്തു് സംഭവിക്കാം.

എന്തും

ഇപ്പോഴത്തെക്കാലത്തു് എന്തും സംഭവിക്കാം.

ആർക്കും

ഇപ്പോഴത്തെക്കാലത്തു് ആർക്കും എന്തും സംഭവിക്കാം.

3. നിന്നെക്കൊണ്ടു മാത്രമേ പററൂ.

പഠിപ്പിക്കാൻ

നിന്നെക്കൊണ്ടു മാത്രമേ പഠിപ്പിക്കാൻ പററൂ.

പാഠം

നിന്നെക്കൊണ്ടു മാത്രമേ പാഠം പഠിപ്പിക്കാൻ പററൂ,

ഒരു

നിന്നെക്കൊണ്ടു മാത്രമേ ഒരു പാഠം പഠിപ്പിക്കാൻ പററൂ.

അയാളെ

നിന്നെക്കൊണ്ടു മാത്രമേ അയാളെ ഒരു പാഠം പഠിപ്പിക്കാൻ പററൂ.

## D. Restatement drill

Model 1

അച്ഛനമ്മമാർ കുട്ടികളോടു ക്ഷമിക്കും.

അച്ഛനമ്മമാരേ കുട്ടികളോടു ക്ഷമിക്കൂ.

അച്ഛനമ്മമാർ കുട്ടികളോടേ ക്ഷമിക്കൂ.

(Wherever possible give two or more restated sentences)

1. രാധ വളരെ നന്നായി പാടും
2. ആ കുട്ടികൾ എന്നും താമസിച്ചു് എത്തും.
3. മറെറന്നാൾ ഞാൻ നിന്റെ വീട്ടിൽ വരും.
4. അദ്ദേഹം മലയാളത്തിൽ സംസാരിക്കും.
5. എന്റെ അമ്മൂമ്മ ദൈവത്തിൽ വിശ്വസിക്കും.
6. എപ്പോഴും അയാൾ ഹോട്ടൽ കാമധേനുവിൽ താമസിക്കും.
7. കമലത്തിനു് നല്ല പുസ്തകങ്ങൾ വേണം.
8. വാസുവിനു് രാവിലേയും ഉച്ചയ്ക്കും പലഹാരം വേണം.
9. നാരായണൻ ഉറക്കെ സംസാരിക്കും.
10. എന്റെ കയ്യിൽ പത്തു രൂപ ഉണ്ടു്.

Model 2

അങ്ങനെ സംഭവിക്കും.

അങ്ങനെ സംഭവിക്കാം.

1. ഇന്നു രാത്രി മഴ പെയ്യും.
2. അദ്ദേഹം അങ്ങനെ പറയും
3. എട്ടുമണിവരെ കമല ഇവിടെ ഇരിക്കും.
4. ഇന്നു കഥകളി നടക്കും.
5. ആ കടക്കാരൻ നിങ്ങളെ പററിക്കും.
6. അദ്ദേഹം ഇന്നു നിങ്ങളെ വിളിക്കാൻ വരും.

E. Transformation drill

Model 1

എന്റെ വീട്ടിൽ മൂന്നു മുറിയേ ഉള്ളു.

എന്റെ വീട്ടിൽ മൂന്നു മുറിയേ ഉള്ളോ?

1. തോമസിനു രണ്ടു കുട്ടികളേ ഉള്ളു.
2. ആ തോട്ടത്തിൽ ഇരുപതു മൂട തെങ്ങേ ഉള്ളു.
3. രാഘവനു് വിപ്ലവം വർത്തമാനത്തിലേ ഉള്ളു.

Model 2

ഈ പൂട്ടിനു് ഒരു താക്കോലേ ഉള്ളു.

ഈ പൂട്ടിനു് ഒരു താക്കോലല്ലേ ഉള്ളു.

1. രാമുവിനു് വാടകവീടേ ഉള്ളു.
2. കൊച്ചു മധുവിനു് രണ്ടു പന്തേ ഉള്ളു.
3. അവർക്കു് പണമേ ഉള്ളു.

Model 3

എനിക്കിതേ വേണ്ടു.

എനിക്കിതല്ലേ വേണ്ടു ?

1. അദ്ദേഹത്തിനു് ഒരു കപ്പു ചായയേവേണ്ടു.
2. എല്ലാവർക്കും പേരും, പണവുമേ വേണ്ടു.
3. അയാൾക്കിനി ഒരു കാറേ വേണ്ടു.

Model 4

ഒൻപതുമണിക്കേ വരൂ.

ഒൻപതു മണിക്കേ വരുള്ളോ?

1. നിന്നോടേ ആ കാര്യം പറയൂ.
2. കടപ്പുറംവരെയേ പോകൂ.
3. ചായയേ കുടിക്കൂ.

Model 5

സാർ മറ്റെന്നാളേ വരൂ.

സാർ മറ്റെന്നാളല്ലേ വരൂ?

1. അവർ ഇത്ര സൗകര്യങ്ങളേ തരൂ.
2. അഞ്ചു മണിക്കേ വീട്ടിൽനിന്ന് ഇറങ്ങൂ.
3. അയാൾ കുഞ്ഞുങ്ങളെ മാത്രമേ അടുപ്പിക്കൂ.

F. Response drill

Model 1

A. രാജൻ, നിങ്ങളും ഭാര്യയും നാളെ വരുമോ?
B. നാളെയോ? പറ്റില്ല. ഞങ്ങൾ പത്താം തീയതിയേ വരൂ.

1. A. രാധ ഇപ്പോഴും ഹിന്ദിപ്പാട്ടു പാടുമോ?
   B. ഹിന്ദിപ്പാട്ടോ? അവൾ ഇപ്പോൾ ——— പാട്ടേ ———.
2. A. രാമൂ, നിനക്കീ കഥാപുസ്തകം വേണോ?
   B. ———? വേണ്ട. എനിക്കു ——— വേണ്ടൂ.
3. A. നിന്റെ കയ്യിൽ പത്തു രൂപ ഉണ്ടോ?
   B. ———? ഇല്ല. എന്റെ കയ്യിൽ ———.

Model

A. അദ്ദേഹം ഇന്നു തന്നെ വരുമോ?
B. ഇല്ല. വരില്ല. നാളെയോ, മറ്റെന്നാളോ വരാം.

1. A. സീത ഹിന്ദി പഠിക്കുമോ?
   B. ഇല്ല. ——— അവൾ മലയാളമോ, തമിഴോ ———.
2. A. നിന്റെ മകനും ചായ കുടിക്കുമോ?
   B. ഇല്ല. കുടിക്കില്ല. ———————————.
3. A. നിങ്ങളുടെ വീട്ടിൽ ഇന്നു വിരുന്നുകാർ വരുമോ?
   B. ———. ———. അവർ ——— ——— ——— വരാം.

## EXERCISES

I Complete the pairs of sentences.

1. രാധ മോരു കുടിക്കും.
   രാധ മോരേ ———.
2. ഉണ്ണി ചോറുണ്ണും.
   ഉണ്ണി ചോറേ ———.
3. അവരം അങ്ങനെ പറയും.
   അവളേ അങ്ങനെ ———.
4. നരേന്ദ്രൻ അദ്ദേഹത്തിനെ ശല്യപ്പെടുത്തും.
   നരേന്ദ്രനേ അദ്ദേഹത്തിനെ ———.
5. അവൻ കള്ളം പറയും.
   അവനേ കള്ളം ———.
6. അയാരം ഭാര്യയെ മാത്രം വിശ്വസിക്കും.
   അയാരം ഭാര്യയെ മാത്രമേ ———.
7. അയാരംക്കു് ഒരു മകനുണ്ടു്.
   അയാരംക്കു് ഒരു മകനേ ———.
8. രവി രാധയെപ്പോലും മറക്കും.
   രവിയേ രാധയെപ്പോലും ———.
9. എനിക്കു നീയുണ്ടു്.
   എനിക്കു് ——— ———.
10. സീതയ്ക്കു് രാമനെ വേണം.
    സീതയ്ക്കു് രാമനെ മാത്രമേ ———.

II Fill in the blanks using the correct forms of words given in the brackets.

1. കരിഞ്ചന്തക്കാർക്ക് ——— ഉള്ളൂ. (പണം)
2. അവർക്കു ——— മാത്രമേ വേണ്ടൂ. (രാധ)
3. ഇന്നും വേഗം ———. (ഇരുട്ടു്)
4. മധുവും ——— പലഹാരം വിളമ്പാം. (വലിയവർ)
5. അവർക്കൊക്കെ ——— സംഭവിക്കാം (എന്തു്)
6. നിങ്ങളേ എന്റെ ——— ഉത്തരം പറയുള്ളോ? (ചോദ്യം)
7. അദ്ദേഹത്തിനു് മകളുടെ സുഖം മാത്രമേ ———. (വേണം)
8. ഇന്നും സാറു നടക്കാൻ ———? (പോകു്)
9. രാവിലത്തെ ——— നിങ്ങരം എന്തു കഴിക്കും. (പലഹാരം)
10. ഈ പൂട്ടിനു് ഒരു താക്കോലല്ലേ ———? (ഉണ്ടു്)

III Complete the sentences choosing the correct word.

1. ഇന്നു വൈകുന്നേരം തന്നെ എനിക്കു് അവരെ ———.
   കാണട്ടെ
   കാണണം
   കാണും.

2. അമ്മയേ വാസുവിനെ കൂട്ടാ എന്നു ———.
   വിളിക്കട്ടെ
   വിളിക്കു
   വിളിക്കണം

3. നീ നാളെത്തൊട്ടു് നേരത്തേ ———.
   വരണ്ട
   വരട്ടെ
   വരുവിൻ

4. മധു, നീയും അങ്ങനയേ ———?
   ചെയ്യട്ടേ
   ചെയ്യണം
   ചെയ്യുള്ളോ

5. രാവിലത്തെ പലഹാരത്തിനു് എനിക്കു് പുട്ടു മാത്രം ———.
   മതിയോ
   മതി
   മതിയേ

6. സരസ പേന കൊണ്ടു ———.
   എഴുതുന്നു
   എഴുതു
   എഴുതു്

7. നിങ്ങളുടെ വീട്ടിനു് അടുത്തേ എനിക്കും വീടു ———.
   വേണമോ
   വേണം
   വേണ്ടു

8. നിങ്ങളുടെ വീട്ടിൽ ആരൊക്കെ ———?
   ഉണ്ടോ
   ഉള്ളു
   ഉണ്ടു്

9. സാഹു ഒറിയയിലേ ———.
   സംസാരിക്കണം
   സംസാരിക്കമോ
   സംസാരിക്കു

10. നിങ്ങളും എന്നും നടക്കാൻ ——?

പോകുമോ
പോകണം
പോകു

IV Transform the following statements into questions using ഉണ്ടോ and അല്ലേ suitably.

1. രാഘവൻെറ വീട്ടിൽ മൂന്നു മുറിയേ ഉള്ളൂ.
2. ഗോപിക്ക് ഒരു സൈക്കിളേ ഉള്ളൂ.
3. പട്ടിണിക്കാർക്ക് ആഹാരമേ വേണ്ടൂ.
4. ഉച്ചയ്ക്കു കുട്ടിക്ക് പലഹാരമേ വേണ്ടൂ.
5. അദ്ദേഹം മൂന്നു മൈലേ നടക്കൂ.
6. അച്ഛനമ്മമാർ മക്കളുടെ സുഖത്തെപ്പററിയേ വിചാരിക്കൂ.
7. ചേട്ടനെപ്പോലെയേ അനിയനും സംസാരിക്കൂ.

V Answer the following with reference to the questions.

1. സോമൻ എവിടെ താമസിക്കുന്നു?
2. സോമൻെറ കൂട്ടുകാരൻെറ പേരെന്താണ്?
3. ഗോപി ആരാണ്?
4. സോമൻ എന്നും വൈകുന്നേരം എവിടെ പോകും?
5. ഇപ്പോഴത്തെ ചെറുപ്പക്കാരെപ്പററി സോമൻെറ അഭിപ്രായം എന്താണ്?

VI Fill up the incomplete dialogues.

A. നാളെയും, മററന്നാളും അവധി അല്ലേ?
നിൻെറ അച്ഛൻ വീട്ടിൽ കാണുമോ?

B. ........................................

A. അതെന്താ? സർക്കാർ ഓഫീസുകൾക്കൊക്കെ അവധി ഉണ്ടായിരിക്കും.

B. ........................................

A. അയ്യോ. അതെനിക്ക് ഇതുവരെ അറിയില്ലായിരുന്നു. എന്നാൽ പിന്നെ അദ്ദേഹത്തിനു് എന്നാണവധി?

B. ........................................

A. ഞായറാഴ്ചയും അവധിയില്ലേ? ഒഴിവു ദിവസവും ഓഫീസിലേ ഇരിക്കൂ. അതു കൊള്ളാം. അതിൻെറ കാരണം നീയും ചേട്ടന്മാരും ആയിരിക്കും. അല്ലേ?

B. ........................................

A. ശല്യപ്പെടുത്തില്ലേ? പിന്നെ അദ്ദേഹം എന്തിന് ഒഴിവുദിവസവും പോകണം.

B. ...................................

A. ജോലി എല്ലാവർക്കും ഉണ്ട്. അതു വീട്ടിൽ വച്ചും ചെയ്യാമല്ലോ?

B. ...................................

2. A. ...................................

B. ഒരു വലിയ വിശേഷം ഉണ്ട്.

A. ...................................

B. മററന്നാം എന്റെ മൂത്തമകൻ ഗോപി ഡൽഹിയിൽനിന്നു വരും. കഴിഞ്ഞ ആഴ്ച അവന്റെ എഴുത്തുണ്ടായിരുന്നു.

A. ...................................

B. അവന് ഇത്ര നേരത്തേ കല്യാണമോ? അതു കൊള്ളാം.

A. ...................................

B. ഇരുപത്തിരണ്ട്.

A. ...................................

B. പോരാ, അതുപോര. ഇരുപത്തഞ്ചു വയസ്സെങ്കിലും വേണം.

A. ...................................

B. ഇനിയും രണ്ടുമൂന്നു വർഷം കൂടെ അവൻ പഠിക്കും. പി.എച്ച്. ഡി എടുക്കണമത്രേ.

A. ...................................

B. അതു തന്നെ. അപ്പോഠം രമണിക്കും ഇരുപത്തിരണ്ടു വയസ്സാകും. അവർ കുട്ടിക്കാലത്തേ കൂട്ടുകാരായിരുന്നു. ഞങ്ങഠംക്കും അവളെ ഇഷ്ടമാണ്.

## VOCABULARY

| | | | |
|---|---|---|---|
| താക്കോൽ | 'key' | തിരിയെ | 'return' |
| പൂട്ട് | 'lock' | ദൂരെ | 'far' |
| എങ്ങാനും | 'somewhere' | പിള്ളേർ | 'children' |
| മെഡിക്കൽ കോളേജ് | 'medical college' | മൈൽ | 'mile' |
| കടപ്പുറം | 'beach' | സന്ധ്യ | 'dusk time' |
| മഴക്കാലം | 'rainy season' | ഇരുട്ട് | 'to darken' |
| തണുപ്പ് | 'cold' | സഹപ്രവർത്തകൻ | 'colleague' |
| മഞ്ഞുനോവ് | 'jaundice' | സുഖക്കേട് | 'illness' |
| ആവ് (ആക്) | 'to be able' | സൈക്കിഠം | 'cycle' |

| | | | |
|---|---|---|---|
| ആഗ്രഹം | 'desire' | | |
| പോക്കുവരവ് | 'going and coming' | | |
| ചെറുപ്പക്കാർ | 'young people' | സ്ഥിതി | 'condition' |
| വ്യായാമം | 'exercise' | വാചകമടിക്ക് | 'to gossip' |
| കൊള്ള് | 'to be fit, to be good' | ഉൾപ്പെടുത്ത് | 'to include' |
| സൈക്കിൾ ചവിട്ട് | 'cycling' | ചവിട്ട് | 'to kick' |
| ചർച്ച ചെയ്യ് | 'to discuss' | ചർച്ച | 'discussion' |

## NOTES

9.36.1. Note that the future tense marker ഉം indicates the habit also as in ദിവസവും ഞാൻ അഞ്ചാറു മൈൽ നടക്കും. Daily I walk 5 to 6 miles.

9.36.2. In the sentences of the type

| | |
|---|---|
| ഒൻപതു മണിക്കേ വരൂ | Will come only at 9 O' clock |
| ഈ പൂട്ടിന് ഒരു താക്കോൽ അല്ലേ ഉള്ളൂ ? | Isn't there only one key for this lock ? |
| അത്രയേ വേണ്ടൂ | That's all needed. |
| ഇവിടെ അടുത്തല്ലേ പോകൂ? | Won't you be going only to some nearby place? |

the suffix -ഊ added to the verb form and -ഏ to any other word in the sentence indicates some sort of emphasis and restriction. Also note that in the above constructions ഉണ്ട് becomes ഉള്ളൂ and the negative questions are formed by the addition of അല്ലേ in the appropriate position.

9.36.3. In the sentences of the type
ദാമോദരൻ അതിനുമുൻപേ ഇവിടെ എത്താം
'Damodaran may reach here earlier than that'. the verb stem +ആം indicates future probability which contrasts with -ഉം indicating definite future.

UNIT 10

LESSON 37

# അദ്ദേഹവും തന്റെ വലയിൽ വീണോ?

## CONVERSATION

| | | |
|---|---|---|
| കറുപ്പ്: | ഹലോ മിസ്റ്റർ അഹമ്മദ്. താങ്കൾ സ്ഥലത്തെത്തിയോ? എപ്പോഴാം വന്നു? ഒരു ചൂടു ചായക്കെങ്കിലും ഓർഡർ കൊടുക്കട്ടോ? | Hallo Mr Ahammed! Did you reach the place? When did you come? Shall I place an order at least for a hot cup of tea? |
| അഹമ്മദ്: | മൂന്നു മക്കളായി. വയസ്സുമായി. ഇനിയും നിർത്തിയില്ലേ തന്റെ കളിയും, തമാശയുമൊക്കെ? | You have three children. You are old also. Isn't it time that you stopped your jokes and fun? |

| | | |
|---|---|---|
| കുറുപ്പ്: | അസൂയ ഒക്കെ തന്റെ കയ്യിൽ ഇരിക്കട്ടെ. താങ്കളൊന്നിങ്ങോട്ടു നോക്കണം. എന്റെ ഒരൊററ തലമുടിപോലും നരച്ചില്ല. വയസ്സും നാല്പതു തികഞ്ഞില്ല. അതിനുമുൻപേ താൻ എന്നെ വയസ്സനെന്നു മുദ്രകുത്തിയോ? | Keep your jealousy to yourself. You may kindly look at me. Not even a single hair of mine is grey. I am not yet forty. Before that did you stamp me as an old man ? |
| അഹമ്മദ്: | ശരി. ശരി. സമ്മതിച്ചു. കുറുപ്പുസാറേ, ഓഫീസിൽ എന്തൊക്കെയുണ്ട് വിശേഷം? പുതിയ ഓഫീസർ എങ്ങനെയിരിക്കുന്നു? | Alright, agreed. Kurup Sir, what is the news in the office ? How is the new Officer ? |
| കുറുപ്പ്: | ആളൊരു ശുദ്ധപാവം. വളരെ സൗമ്യനും. പക്ഷെ ഓഫീസു കാര്യത്തിനൊക്കെ മിടുക്കൻതന്നെ. കേട്ടോ. എല്ലാരുടെ കാര്യത്തിലും നല്ല ശ്രദ്ധകാന്തിയും, കരുണയുമുണ്ട്. ആരോടും അധികം സംസാരിക്കില്ല. നല്ല പെരുമാററം. ചുരുക്കത്തിൽ, എല്ലാവർക്കും അദ്ദേഹത്തിനെ നന്നാ പിടിച്ചു. | He is a very mild type of person. Very gentle also. But very clever at office work. Did you hear ? He has interest in all and has kindness to every body. He won't talk much to anybody and he is well behaved. In short everbody liked him. |
| അഹമ്മദ്: | വളരെ പുകഴ്ത്തുന്നുണ്ടല്ലോ. അപ്പോഴ് അദ്ദേഹവും തന്റെ വലയിൽ വീണോ? ഭയങ്കരൻ തന്നെടോ താൻ. ഇത്രവേഗം മണിയടിക്കാൻ തുടങ്ങിയോ? | You are praising him too much. Did he also fall into your trap ? You are really a terrible guy. Have you started polishing so soon ? |
| കുറുപ്പ്: | അതുകൊള്ളാം. അഹമ്മദു കാക്കയും പഠിച്ചല്ലോ ആളുകളെ കളിയാക്കാൻ. ഗുരുവിനേം പഠിപ്പിക്കുമല്ലോ. | That is fine. Ahammed Kaka also learnt to make fun of people. You will teach the teacher also. |

| | | |
|---|---|---|
| അഹമ്മദ്: | കളയെടോ തന്റെ തമാശ. താൻ സ്വാമീടെ സെൻറാഫിനെപ്പററി ഒന്നും പറഞ്ഞില്ലല്ലോ. അതെന്താ? സ്വാമി സമ്മതിച്ചില്ലേ? | Stop your fun. You didn't tell me anything about Swamy's send off. What is the matter? Didn't Swamy agree ? |
| കുറുപ്പ്: | താൻ എന്തു വിചാരിച്ചെടോ കുറുപ്പിനെപ്പററി? സ്വാമി ആദ്യം സമ്മതിച്ചില്ല. പക്ഷെ ഞാൻ പിന്നെ സമ്മതിപ്പിച്ചു. | What did you think of Kurup? Swami didn't agree first. But, then I made him agree. |
| അഹമ്മദ്: | തന്റെ സാമർത്ഥ്യത്തെപ്പററി കേട്ടു. അതു മതി. ഇനി യാത്ര അയപ്പു സൽക്കാരത്തിന്റെ കാര്യം പറ. കേൾക്കട്ടെ. ആരൊക്കെ അതിനു മുൻകൈ എടുത്തു? | I heard about your skill. That is enough. Now tell me about the send off party. Let me hear. Who all took the initiative for that ? |
| കുറുപ്പ്: | സോമൻ, റഹീം, ജോണി, പിന്നെ ഞാൻ. ഞങ്ങൾ പത്തുരൂപവീതം എല്ലാവരിൽനിന്നും പിരിച്ചു. അതു കാരണം പലരും ഞങ്ങളെ വെറുത്തു. കുറെ പേരൊക്കെ നേരേ തന്നെ ശപിച്ചു. | Soman, Rahim, Johny and myself. I collected Rs. 10 each from everybody. Because of that reason many hated us. A few cursed us on our face. |
| അഹമ്മദ്: | ടിപ്പണി പിന്നെ ആകാം. കാര്യം പറയെടോ? | Add the footnotes later. Tell me the matter. |
| കുറുപ്പ്: | ശരി. കേൾക്ക്. കോഫീ ഹൗസിൽ വച്ച് ഞങ്ങൾ ഒരു ഗംഭീരൻ ചായസൽക്കാരം നടത്തി. | Alright. Listen. We conducted a grand tea party at the Coffee house. |
| അഹമ്മദ്: | ഫോട്ടോ എടുത്തില്ലേ? | Didn't you take photograph ? |

| | | |
|---|---|---|
| കുറുപ്പ്: | എടുത്തു. നമ്മുടെ ഗണേശൻ അപ്സര സ്റ്റുഡിയോക്കാരെ ഏർപ്പാടു ചെയ്തു. സ്വാമിക്ക് ഞങ്ങൾ ഒരു നല്ല സമ്മാനവും കൊടുത്തു. സമ്മാനം വാങ്ങാൻ നമ്മുടെ കമ്മററിക്കാരെയൊക്കെ അയച്ചു. ലേഡീസ് സ്റ്റാഫും പോയി. ഒരു ടേബിൾഫാനും, നല്ല ഒരു പെൻസെററും വാങ്ങിച്ചു. | Yes. We took. Our Ganesan arranged with the Apsara photographers. We gave him a good present also. We sent all our committee members to buy the present. The lady staff also went. They bought a table fan and a good pen set. |
| അഹമ്മദ്: | സ്വാമിക്ക് സന്തോഷമായോ? | Was Swamy happy ? |
| കുറുപ്പ്: | പിന്നെ? താൻ ആ രംഗം ഒന്നു കാണണമായിരുന്നു. സ്വാമീടെ കഷണ്ടിത്തലപോലെ തന്നെ ആ കണ്ണുകളും തിളങ്ങി. സ്വാമിയുടെ ഇടത്തുവശത്തുതന്നെ ഞാൻ ഫോട്ടോയ്ക്ക് ഇരുന്നു. ജോണി നേരെ പുറകിൽ നിന്നു. | Then what ? You should have seen that scene. Even his eyes glittered like his bald head. For the photograph, I sat left to Swamy and Johny stood just behind him. |

## DRILLS

### A. Repetition drill

a. 1. കഴിഞ്ഞ മാസം തന്നെ അയാൾ ഇവിടെയെത്തി.
   2. സാഹിത്യ സമ്മേളനം ബുധനാഴ്ച തുടങ്ങിയില്ല.

b. 1. ആ കല്യാണത്തിന് രാഘവൻ സമ്മതിച്ചോ?
   2. പുതിയ ഓഫീസറെ എല്ലാവർക്കും പിടിച്ചില്ല.

c. 1. എന്റെ മകൾക്ക് അഞ്ചു വയസ്സു തികഞ്ഞു.
   2. അവസാനവും അവൾ സത്യം പറഞ്ഞില്ലേ?

d. 1. അവർ എല്ലാ കഥയും കേട്ടോ?
   2. ടീച്ചർ ക്ലാസ്സു നേരത്തെ വിട്ടില്ല.

e. 1. എല്ലാവരും അവളുടെ വലയിൽ വീണു.
   2. കുഞ്ഞ് താഴെ വീണില്ല.

f. 1. ലൈബ്രറിയിൽനിന്നു് നീ എത്ര പുസ്തകം എടുത്തു?
2. കൊച്ചുകുട്ടികളും അവർ ഒന്നും കൊടുത്തില്ലേ?

g. 1. നിന്റെ ജോലിയും ഞാൻ ചെയ്തു.
2. മിനിഞ്ഞാന്നും മഴ പെയ്തില്ല.

h. 1. വലിയ കസേരയിൽ അപ്പൂപ്പൻ ഇരുന്നു.
2. അവരും പഴയ കഥയൊന്നും മറന്നില്ല.

i. 1. ആ കസേരയുടെ പുറകിൽ അവൻ നിന്നു.
2. കൊച്ചു കുഞ്ഞ് ഇഡ്ഡലി മുഴുവൻ തിന്നില്ല.

## B. Build up drill

### Model

പിരിച്ചു.
പിരിച്ചു.
രൂപ
രൂപ പിരിച്ചു.
പതിനായിരം
പതിനായിരം രൂപ പിരിച്ചു.
സ്കൂളിനുവേണ്ടി
സ്കൂളിനുവേണ്ടി പതിനായിരം രൂപ പിരിച്ചു.
മലയാളം
മലയാളം സ്കൂളിനുവേണ്ടി പതിനായിരം രൂപ പിരിച്ചു.
കേരള സമാജക്കാർ
കേരള സമാജക്കാർ മലയാളം സ്കൂളിനുവേണ്ടി പതിനായിരം രൂപ പിരിച്ചു.

1. നടത്തിയില്ല.
ചായ സൽക്കാരം നടത്തിയില്ല.
യാത്ര അയപ്പിനു് ചായസൽക്കാരം നടത്തിയില്ല.
അദ്ദേഹത്തിന്റെ യാത്ര അയപ്പിനു് ചായസല്ക്കാരം നടത്തിയില്ല.

2. കരഞ്ഞോ?
ഉറക്കെയുറക്കെ കരഞ്ഞോ?
കാണിക്കാൻവേണ്ടി ഉറക്കെയുറക്കെ കരഞ്ഞോ?
അമ്മയെ കാണിക്കാൻവേണ്ടി ഉറക്കെയുറക്കെ കരഞ്ഞോ?
കുഞ്ഞ് അമ്മയെ കാണിക്കാൻ വേണ്ടി ഉറക്കെയുറക്കെ കരഞ്ഞോ?

3. കൊടുത്തില്ലേ?
ഒന്നും കൊടുത്തില്ലേ?
സമ്മാനം ഒന്നും കൊടുത്തില്ലേ?
കല്യാണത്തിനും സമ്മാനം ഒന്നും കൊടുത്തില്ലേ?
കൂട്ടുകാരിയുടെ കല്യാണത്തിനും സമ്മാനം ഒന്നും കൊടുത്തില്ലേ?

## C. Transformation drill

Model 1 (Past tense -ഇ)

കുഞ്ഞ് ഉറങ്ങുന്നു.
കുഞ്ഞ് ഉറങ്ങി.

1. അവരും എല്ലാവരോടും പിണങ്ങുന്നു.
2. ഞാൻ ആ പടത്തിൽ നോക്കുന്നു.
3. രാധ ഉറക്കെ പാട്ടു പാടുന്നു.
4. അവർ കളിയും തമാശയും നിർത്തുന്നു.

Model 2 (Past tense -ച്ച്)

കല്യാണത്തിനു് എല്ലാവരേയും ക്ഷണിക്കുന്നു.
കല്യാണത്തിനു് എല്ലാവരേയും ക്ഷണിച്ചു.

1. രമണി കൂട്ടുകാർക്കു് കത്തു് അയയ്ക്കുന്നു.
2. അമ്മ വാസുവിനെ വിളിക്കുന്നു.
3. പല കാര്യങ്ങളും അങ്ങനെ സംഭവിക്കുന്നു.
4. കുഞ്ഞ് നന്നായി ചിരിക്കുന്നു.

Model 3 (Past tense -ഞ്ഞ)

വാതിൽ കാററത്തു് അടയുന്നു.
വാതിൽ കാററത്തു് അടഞ്ഞു

1. സുധ കഥ പറയുന്നു.
2. കുട്ടിയുടെ തുണിയെല്ലാം നനയുന്നു.
3. മൂത്ത കുട്ടിക്കും ഈ മാസം അഞ്ചു വയസ്സു തികയുന്നു.
4. അമ്മ എല്ലാം അറിയുന്നു.

Model 4 (Past tense -ട്)

യേശുദാസന്റെ പാട്ടു് നിങ്ങളും കേൾക്കുന്നോ?
യേശുദാസന്റെ പാട്ടു് നിങ്ങളും കേട്ടോ?

1. ടീച്ചർ ഇന്നും ക്ലാസു താമസിച്ചു വിടുന്നോ?
2. കുട്ടികളെല്ലാം നേരത്തേ ഉണ്ണുന്നോ?
3. ആ പൂന്തോട്ടത്തിന്റെ ഭംഗി നീയും കാണുന്നോ?

**Model 5** (Past tense -ണ്)

അയാളുടെ തലയിൽനിന്ന് അതൊക്കെ വീഴുന്നു.

അയാളുടെ തലയിൽനിന്ന് അതൊക്കെ വീണു.

1. അവളുടെ വലയിൽ അദ്ദേഹം വീഴുന്നു.
2. വെള്ളം വീണ്ടും വീണ്ടും താഴുന്നു.

**Model 6** (Past tense -ത്ത്)

ഞാൻ തന്നെ ആ പുസ്തകം എടുക്കുന്നു.

ഞാൻ തന്നെ ആ പുസ്തകം എടുത്തു.

1. അവനേയും കളിയിൽ ചേർക്കുന്നു.
2. എല്ലാവരും അദ്ദേഹത്തിനെ ഓർക്കുന്നു.
3. മകളുടെ കല്യാണത്തിന് എല്ലാവർക്കും അദ്ദേഹം വലിയ സദ്യ കൊടുക്കുന്നു.
4. ആ പിശുക്കനെ ഭാര്യപോലും വെറുക്കുന്നു.

**Model 7** (Past tense -ത്)

എല്ലാ ജോലിയും നന്നായി ചെയ്യുന്നില്ലേ?

എല്ലാ ജോലിയും നന്നായി ചെയ്തില്ലേ?

1. വലിയ മഴ പെയ്യുന്നില്ലേ?
2. ഞാനും അങ്ങനത്തെ ജോലി ചെയ്യുന്നില്ലേ?

**Model 8** (Past tense -ന്ന്)

കുട്ടിക്കാലത്തെ സംഭവങ്ങൾ മറക്കുന്നു.

കുട്ടിക്കാലത്തെ സംഭവങ്ങൾ മറന്നു.

1. അച്ഛൻ വേഗം വേഗം നടക്കുന്നു.
2. എന്റെ വീട്ടിൽ വിരുന്നുകാർ വരുന്നു.
3. പഞ്ചസാരയൊക്കെ തീരുന്നു.

**Model 9** (Past tense -ന )

ആരും ഒന്നും തിന്നുന്നില്ല.

ആരും ഒന്നും തിന്നില്ല.

1. ആ പലഹാരം മുഴുവൻ കുഞ്ഞുങ്ങൾ തിന്നുന്നില്ല.
2. അവൾ എട്ടുമണിമുതൽ അവിടത്തന്നെ നിൽക്കുന്നില്ല.

### Model 10

എന്റെ മകൻ മൂന്നു ഭാഷ പഠിക്കും.

എന്റെ മകൻ മൂന്നു ഭാഷ പഠിച്ചു.

1. അദ്ദേഹവും കഥകളി ആസ്വദിക്കും.
2. എല്ലാ സാധനങ്ങളും മുഹമ്മദിന്റെ കടയിൽനിന്നു വാങ്ങും.
3. രാമു രാവിലെ എട്ടുമണിക്കു് വരും.
4. അദ്ദേഹം വിഷയത്തിലോട്ടു കടക്കും.
5. അമ്മ തുണിയൊക്കെ നനയ്ക്കും.
6. രാധ കുട്ടിയെ എടുക്കും.
7. ഒൻപതേകാലിനു മുമ്പേ അവരും ജോലിയൊക്കെ തീർക്കും.
8. കുഞ്ഞിനെമാത്രം അവരും വിടും.
9. അവൻ അവിടെത്തന്നെ നിൽക്കുമത്രേ.
10. അവരുടെ പാട്ടു് ഞാൻ കേൾക്കുന്നു.
11. ആ പേന അവൻ കളയും.
12. നിനക്കും അയാരും സമ്മാനം തരില്ലേ?
13. വലിയ മഴ പെയ്യും.
14. സമയത്തു് ചോറു് ഉണ്ണില്ലേ?
15. കുഞ്ഞു് അമ്മയെ കാണാൻ കരയുമോ?

### Model 11

തോമസ് ഉറങ്ങി.

തോമസ് ഉറങ്ങിയില്ല.

1. തുണിയൊക്കെ നനഞ്ഞു.
2. പുതിയ വീടു വാങ്ങി.
3. പരീക്ഷയിൽ തോററു.
4. കഥ നന്നായി കേട്ടു.
5. പാഠവും എഴുതി.
6. കുട്ടികൾ പുറകിൽ നിന്നു.
7. എല്ലാവരും പാട്ടു പാടി.
8. രാത്രി മുഴുവൻ ജോലി ചെയ്തു.

## D. Response drill

### Model 1

നിങ്ങൾ എന്നു വന്നു?

ഞാൻ മിനിഞ്ഞാന്നു വന്നു.

1. നിങ്ങൾ കഴിഞ്ഞവർഷം കേരളത്തിൽ പോയോ?
2. ഇന്നു രാവിലെ നീ എന്തൊക്കെ തിന്നു?
3. ഇതുവരെ നിങ്ങൾ എത്ര പാഠം പഠിച്ചു?
4. നിങ്ങൾ എങ്ങനെ ഇവിടെ വന്നു? ട്രെയിനിലോ ബസ്സിലോ?
5. നിങ്ങൾ എത്രാമത്തെ വയസ്സിൽ സംസാരിക്കാൻ തുടങ്ങി?
6. നിങ്ങൾ അഞ്ചാം ക്ലാസ്സുവരെ എവിടെ പഠിച്ചു?

Model 2

മുഴവൻ പഞ്ചസാരയും തീർന്നോ?
തീർന്നു. മുഴവൻ പഞ്ചസാരയും തീർന്നു.
ഇല്ല. മുഴവൻ പഞ്ചസാരയും തീർന്നില്ല.

1. നിങ്ങൾ അവരെ മറന്നോ?
2. കുഞ്ഞ് ഉറക്കെ കരഞ്ഞോ?
3. അമ്മ കൂട്ടാനൊക്കെ വച്ചോ?
4. നിങ്ങൾ ചോറുണ്ടോ?
5. നീ ഇത്രവേഗം ഉറങ്ങിയോ?
6. ഭാഷാ സമ്മേളനം ഈ വർഷവും നടത്തിയോ?

Model 3

നിങ്ങൾ സ്കൂൾ പരീക്ഷയിൽ തോററില്ലേ?
തോററു. ഞാൻ സ്കൂൾ പരീക്ഷയിൽ തോററു.
ഇല്ല. ഞാൻ സ്കൂൾ പരീക്ഷയിൽ തോററില്ല.

1. ഇന്നു രാവിലെ അച്ഛൻ നിനക്കു സമ്മാനം തന്നില്ലേ?
2. മിനിഞ്ഞാന്നു രാത്രി മഴ പെയ്തില്ലേ?
3. നീ ആ ഹിന്ദി സിനിമ കണ്ടില്ലേ?
4. നിങ്ങളുടെ കല്യാണം കഴിഞ്ഞില്ലേ?
5. നിങ്ങൾ സ്വന്തം കാർ വാങ്ങിയില്ലേ?

## EXERCISES

I Complete the sentences marking the correct word out of the choice given.

1. മിനിഞ്ഞാന്ന് ഞാനൊരു സിനിമ ———.
   കാണുന്നു
   കണ്ടു
   കാണും

2. ഇന്നലെ എന്റെ വീട്ടിൽ ആരും ———.
   വന്നു
   വരുന്നു
   വന്നില്ല

3. നിങ്ങൾ മകളുടെ കല്യാണത്തിനു് ആരെയൊക്കെ ———?
   ക്ഷണിക്കുമോ
   ക്ഷണിക്കുന്നില്ലേ
   ക്ഷണിച്ചു

4. കുഞ്ഞു് എന്നും രാവിലെ———.
   കരയുമോ?
   കരയുന്നോ
   കരയും

5. അച്ഛന്റെ പുറകിൽ മകനും ———?
   നിൽക്കുന്നു
   നിൽക്കുമോ
   നിന്നില്ല

6. മറ്റന്നാൾ രാവിലെ നീ എവിടെ ———?
   പോയി
   പോകും
   പോകുമോ

II Convert the following sentences to their corresponding past and future tenses.

1. സീത ആ വീട്ടിന്റെ വാതിൽ തുറക്കുന്നു.
2. രവി ആരോടും മിണ്ടുന്നില്ല.
3. അമ്മ പലഹാരം ഉണ്ടാക്കുന്നു.
4. രാജു അവന്റെ മുറിയിൽ കിടക്കുന്നു.
5. സോമൻ അവിടെത്തന്നെ നിൽക്കുന്നു.
6. രഘു രാധയെമാത്രം നോക്കുന്നില്ല.
7. അച്ഛൻ ചാരുകസേരയിൽ ഇരിക്കുന്നു.
8. കുട്ടി റോഡിൽ വീഴുന്നു.
9. അവരൊക്കെ ആഹാരം കഴിക്കുന്നു.
10. അയാൾ വെറുതെ സമയം പാഴാക്കുന്നില്ല.
11. സാധനങ്ങളുടെ വില കുറയുന്നോ?
12. നിങ്ങൾ പത്തു രൂപ തരുന്നോ?
13. നിങ്ങൾ ആരോടു് ദേഷ്യപ്പെടുന്നു?
14. മാസം എത്ര രൂപ കിട്ടുന്നു?
15. ആരും ആ കുഞ്ഞിനെ എടുക്കുന്നില്ലേ?

## III Fill up the blanks suitably.

1. എന്താ ബേബി ഇനിയും കളിയും തമാശയും——?
2. മിനിഞ്ഞാന്ന് ആ വീട്ടിൽ വലിയ ഒരു സദ്യ——.
3. എന്റെ അമ്മയുടെ ഒരൊറ്റ മുടിപോലും——.
4. പച്ചക്കറികളുടെ വില ശകലം ——.
5. ആ കാര്യം നീ ——?
6. അത്ര ഉറക്കെ ആരു ——?
7. ആ കല്യാണത്തിന് നീയും ——?
8. തണുപ്പുകാലത്ത് വേഗം ——?
9. എന്തിനിങ്ങനെ അദ്ദേഹത്തിനെ ——?
10. ഞാൻ ആ സംഭവം എന്നേ ——.
11. ഇന്നലെ ആരും പുസ്തകമൊന്നും ——.
12. ഇന്ന് നിന്നെ അദ്ദേഹം ——.
13. അവർക്ക് ഒന്നും ——.
14. ഞാൻ മിനിഞ്ഞാന്ന് എല്ലാവരേയും ——.
15. അവരെയൊക്കെ ഞാൻ അന്നുതന്നെ ——.

## IV Negate the following sentences.

1. അയാൾ പഴയ വീടു മാറി.
2. രവി സുകുവിനോടു മിണ്ടി.
3. എല്ലാവരും പടത്തിൽ നോക്കുന്നു.
4. അദ്ദേഹത്തിനും സമ്മാനം കൊടുത്തു.
5. അയാൾ നല്ല ആഹാരം കഴിച്ചു.
6. ജോലിയെല്ലാം തീർന്നു.
7. കുഞ്ഞ് വേഗം ഉറങ്ങി.
8. കുഞ്ഞിന്റെ കൂടെ അമ്മയും കരഞ്ഞു.

## V Answer the following questions.

1. ഏതു വർഷം നിങ്ങൾ സ്കൂളിൽ ചേർന്നു?
2. നിങ്ങളുടെ കല്യാണം കഴിഞ്ഞോ?
3. നിങ്ങളുടെ ഏറ്റവും വലിയ കൂട്ടുകാരന്റെ കല്യാണത്തിന് നിങ്ങൾ പോയോ?
4. ഇന്നലെ രാത്രി നിങ്ങൾ എത്ര മണിക്ക് ഉറങ്ങി?
5. എന്നും നിങ്ങൾ നടക്കാൻ പോകുമോ?

6. ഇന്നു രാവിലെ നിങ്ങൾ എന്തൊക്കെ കഴിച്ചു?
7. സാധാരണ നിങ്ങൾ എത്ര മണിക്കു് അത്താഴം കഴിക്കും?
8. വീട്ടിൽ നിങ്ങൾ ഏതു ഭാഷയിൽ സംസാരിക്കുന്നു?

VI Using the given table construct various sentences with verbs in the present, future and past tense.

| | | | | |
|---|---|---|---|---|
| നീ | ഇന്നലെ | അവിടെ | പുസ്തകം | വാ |
| നിങ്ങൾ | ഇന്നു് | ഇവിടെ | സിനിമ | പോ |
| അവൻ | മിനിഞ്ഞാന്നു് | എവിടെ | കഥ | കാണു് |
| അവർ | നാളെ | വീട്ടിൽ | കുഞ്ഞു് | വായിക്കു് |
| ഞാൻ | മറ്റെന്നാൾ | നാട്ടിൽ | കൂട്ടുകാരൻ | എത്തു് |
| നമ്മൾ | എന്നു് | ഓണത്തിനു് | പാലു് | തിന്നു് |
| മധു | എപ്പോൾ | അവധിക്കു് | എന്തു് | കടി |
| കമലം | എത്രമണിക്കു് | പിറന്നാളിനു് | പലഹാരം | കഴിക്കു് |

## VOCABULARY

| | | | |
|---|---|---|---|
| എങ്കിലും | 'at least' | ഓർഡർ | 'order' |
| അസൂയ | 'jealousy' | തലമുടി | 'hair' |
| നരച്ചു | 'turned grey' (നരയ്ക്കു് 'to turn grey') | | |
| തികയ് | 'to be complete' | | |
| മുദ്രകുത്തി | 'stamped' (മുദ്രകുത്തു് 'to stamp') | | |
| സമ്മതിച്ചു | 'agreed' (സമ്മതിക്കു് 'to agree') | | |
| ശുദ്ധപാവം | 'too mild a person' | സൗമ്യൻ | 'gentle person' |
| ശുദ്ധം | 'pure' | | |
| മിടുക്കൻ | 'clever fellow' | ശുഷ്കാന്തി | 'interest' |
| കരുണ | 'mercy' | ചുരുക്കത്തിൽ | 'in brief' |
| നന്നാ | 'well' | | |
| പിടിച്ചു | 'liked, held' (പിടിക്കു് 'to like' to hold) | | |
| പുകഴ്ത്തു് | 'to praise' | വീഴ് | 'to fall' |
| മണിയടിക്കു് | 'toad catching, going behind somebody for one's own purposes'. | | |
| ഗുരു | 'teacher' | കളയ് | 'to lose' |
| സെൻറാഫു് | 'send off' | വിചാരിക്കു് | 'to think' |
| സാമർത്ഥ്യം | 'skill' | യാത്രഅയപ്പു് | 'send off' |
| സൽക്കാരം | 'party hospitality' | | |
| മുൻകൈ എടുത്തു | 'took the initiative' (എടുക്കു് 'to take') | | |
| പത്തുരൂപാവീതം | 'Rs. ten each' | പിരിക്കു് | 'to collect'. |

| | | | |
|---|---|---|---|
| വീതം | 'share' | | |
| വെറുത്തു | 'hated' (വെറുക്കു 'to hate') | | |
| ശപിക്ക് | 'to curse' | ടിപ്പണി | 'foot notes' |
| കോഫിഹൗസ് | 'coffee house' | ഗംഭീരൻ | 'grand' |
| സമ്മാനം | 'gift, present' | ഏർപ്പാട് | 'to arrange' |
| കമ്മിററി | 'commitee' | രംഗം | 'scene' |
| കഷണ്ടിത്തല | 'bald head' | | |
| തിളങ്ങി | 'glittered' (തിളങ്ങ് 'to glitter') | | |

## NOTES

10.37.1. Sentences with verbs in the past tense are introduced. It may be noted that all verbs do not form the past in the same way. In the examples from the lesson, as they are given below, nine past tense suffixes can be identified.

അഹമ്മദ് സ്ഥലത്തു് എത്തി. (-ഇ)

'Ahammed reached the place'.

ഒരൊററ തലമുടി നരച്ചില്ല. (-ച്ച്)

'Not even a single hair turned grey'.

വയസ്സു നാല്പതു തികഞ്ഞില്ല. (-ഞ്ഞ്)

Not completed forty years.

കാര്യം കേട്ടോ. (-ട്)

Did you hear the news?.

തന്റെ തലയിൽ വീണു. (-ണ്)

Fell into your trap.

ആരൊക്കെ മുൻകൈ എടുത്തു?. (ത്ത്)

Who all took the initiative?.

അപ്സര സ്റ്റുഡിയോക്കാരെ ഏർപ്പാടു ചെയ്തു. (-ത്)

Arranged with the Apsara studio people.

ഞാൻ ഫോട്ടോയ്ക്കു് ഇരുന്നു. (-ന്ന്)

I sat for the photograph.

ജോണി പുറകിൽ നിന്നു. (-ന്)

Johny stood behind.

10.37.2. To understand the usage of the different past tense markers given above one has to observe the nature of the verb stems. As you might have noticed in the earlier lessons there are verb stems which contain -ക്കു് in the present and the future tenses and those without -ക്കു്.

പഠിക്കുന്നു, പഠിക്കും 'learns, will learn'
പറയുന്നു, പറയും 'tells, will tell'

On the basis of the presence or absence of this -ക്കു് let us label them as കാരിത verbs and അകാരിത verbs. This reference will be helpful while stating the behaviour of the past tense suffixes.

10.37.3. Past tense marker -ഇ is added to (1) verb stems പോകു് and ആകു് where the കു് and becomes zero in the past as പോയി 'went' ആയി 'became'.

(2) Verb stems ending in a consonant preceded by a long vowel as in പാടു്> പാടി 'sang'

(3) Verb stems ending in double consonants as in
ഉറങ്ങു് > ഉറങ്ങി 'slept'
മിണ്ടു് > മിണ്ടി 'spoke' uttered'
നോക്കു് > നോക്കി 'looked', and,

(4) Verb stems having the shape (c)+vc vc as
എഴുതു് > എഴുതി 'wrote'

10.37.4. Past tense - ച്ചു് is added to the കാരിത stems where the ക്കു് is preceded by -ഇ, -അയു്/-ആയു് or -എയു്.
പഠിക്കു് > പഠിച്ചു 'studied'
അയയ്ക്കു് > അയച്ചു 'sent'
തേയ്ക്കു് > തേച്ചു 'rubbed'

Note the exception ഇരിക്കു് > ഇരുന്നു 'sat'.

10.37.5. ഞ്ഞു് -occurs with അകാരിത verb stems ending in -ഇ. അയു്/ആയു് or എയു്.
എറി > എറിഞ്ഞു 'threw'
പറയു്> പറഞ്ഞു 'told'
തേയു് > തേഞ്ഞു 'got rubbed'

10.37.6. ട്‌- ട്‌ added to (1) കാരിത verb stems preceded by -ൾ and -ൾ becomes -ട്‌ in sandhi

കേൾക്ക്‌ > കേട്ടു 'heard'

(2) അകാരിത verb stems ending in -ൾ which becomes -ൺ in sandhi as in നീള്‌ > നീണ്ടു 'lengthened'.

(3) and with the verb stems of the shape C+V+(V)+ട്‌ or -ൺ as in വിട്‌> വിട്ടു 'left'

കാൺ> കണ്ടു 'saw'

ഉൺ > ഉണ്ടു 'took meals'

Note that before past കാൺ becomes കൺ.

10.37.7. -ൺ is added to അകാരിത verb stems ending in -ഴ and this -ഴ is deleted in the past tense.

വീഴ്‌ > വീണു 'fell'

10.37.8. ത്ത്‌i - s added to (1) കാരിത verb stems where the -ക്ക്‌ is preceded by -ഉ or -ർ

as in കൊടുക്ക്‌> കൊടുത്തു 'gave'

തീർക്ക്‌ > തീർത്തു 'finished'

(2) A few കാരിത verb stems where the -ക്ക്‌ is preceded by-അ or-ഒ

അറക്ക്‌> അറുത്തു 'cut'

ഒക്ക്‌ > ഒത്തു 'agreed'

Note the exception ചാക്‌> ചത്തു 'died'.

10.37.9. -ത്‌ is added to അകാരിത verb stems with the shape C V യ്‌ and CVC ഉ as in

ചെയ്‌> ചെയ്‌തു 'did'

തൊഴ > തൊഴുതു 'saluted'

10.37.10. -ന്ന്‌ is added to

(1) കാരിത stems where in -ക്ക്‌ is preceded by -അ (except those taking -ത്ത്‌ for past)

മറക്ക്‌ > മറന്നു 'forgot'

നടക്ക്‌ > നടന്നു 'walked'

(2) അകാരിത verb stem ending in
തീർ > തീർന്നു 'finished' (intransitive)

(3) to verb stems വര്, and തര് where the ര് is deleted in the past tense as
വന്നു 'came'
തന്നു 'gave'

There are a few exceptions which have ര് ending അകാരിത stems but take ഇ for the past.

വാര് > വാരി 'collected'
ചാറ് > ചാറി 'dristled'
ചാര് > ചാരി 'leaned'
കോര് > കോരി 'drew' (water)

10.37.11. Past tense ന് is added to അകാരിത verb stems ending- ൻ or - ൽ
തിൻ > തിന്നു 'ate'
ചെൽ > ചെന്നു 'went'

Note the exception നിൽക്ക് a കാരിത verb stem taking-ന for past as നിന്നു 'stood'.

10.37.12 താങ്കൾ is another second person singular pronoun indicating high degree of respect. It is used in very formal speech. If it is used in friendly circles it is only for the fun of it as in the sentence from the conversation.

താങ്കൾ സ്ഥലത്തെത്തിയോ?

Did you reach the place?

UNIT 10

# LESSON 38

## അടുക്കളയിൽ.

### CONVERSATION

| | | |
|---|---|---|
| അമ്മ: | അരി വെന്തോ കമലം? മണി പതിനൊന്നേ കാലായി. പന്ത്രണ്ടരയ്ക്കു മുൻപേ ചോറുകെട്ടണം. താമസിക്കരുത്. ഇന്നലെ ആ ചോറുകാരൻ പയ്യന് എത്ര ദേഷ്യം വന്നു! | Kamalam, is the rice cooked ? Now it is 11 O' clock. We have to get the carrier meals ready before 1.30 P. M. Don't delay. How angry that boy was yesterday ! |
| കമലം: | ഇന്നങ്ങനെ പററില്ല. അരി എപ്പോഴേ വെന്തു അവിയലിന്റെ കഷ്ണവും ഞാൻ അടുപ്പിൽ വച്ചു. അതും വേവുന്നുണ്ട്. പുളിശ്ശേ | Today it will not happen like that. The rice is cooked long |

| | | |
|---|---|---|
| | രിക്കു് കൂട്ടിതാ അരയ്ക്കുന്നു. അവിയലിന്റേതു് നേരത്തേ അരച്ചു. കാൽ മണിക്കൂറിനുള്ളിൽ രണ്ടും റെഡി. പിന്നെ പപ്പടം കാച്ചണം. സംഭാരവും ഉണ്ടാക്കണം. ചോററു പാത്രവും, മോരുകുപ്പിയും ഒക്കെ ഇന്നലെ വൈകുന്നേരം തന്നെ കഴുകി. | back. I have placed on the oven the Aviyal Vegetables also. They are also cooking. I am grinding the ingredients for Pulisseri. I already got the masala ground for aviyal. Both will be ıeady within quarter of an hour. Then I have to fry the papads. I should prepare the buttermilk also. washed the meals carrier, buttermilk bottle, etc. yesterday evening itself. |
| അമ്മ: | കുറച്ചു മുൻപേ ഞാൻ പപ്പടം കാച്ചി. സംഭാരവും ഉണ്ടാക്കി. അതു കുപ്പിയിലും ആക്കി. ഉപ്പിലിട്ടതും ചെറിയ പാത്രത്തിലേയ്ക്കു് എടുത്തു. ഇനി എന്റെ ജോലിയൊന്നും ബാക്കിയില്ല. നീ ആ കൂട്ടാൻ രണ്ടും വേഗം ശരിപ്പെടുത്തണം. പിന്നെ നമ്മളും ജയിച്ചു. | I fried the papads a little while ago. I got the buttermilk also ready. I even kept it in the bottle. I have taken the pickles also in the small container. I have no work left behind. You should make those two curries ready. Then we have won. |
| കമലം: | അമ്മാ, ഇന്നും പുളിശ്ശേരിക്കു് ശകലം എരിവു കൂടുതലാണു്. അമ്മ പത്തു പന്ത്രണ്ടു മുളകിട്ടില്ലേ? ഞാനതു മുഴുവനും അരച്ചു. എന്റെ കയ്യൊക്കെ നീറുന്നു. അപ്പോ കൂട്ടാനു് എന്തൊരു എരിവായിരിക്കും! | Amma, today also the Pulisseri is a little hot. Didn't you put 10 to 12 chillies? I ground all those. My hand is burning. In that case how hot the curry will be! |

| | | |
|---|---|---|
| അമ്മ: | ഞാനോ മറന്നു. നീയും ഓർത്തില്ലേ? ശരി. പോട്ടെ. കുറച്ചു തയിരു കൂടുതൽ ഒഴിക്കാം. ഇന്നത്തെ തയിരിനു നല്ല പുളിയുണ്ടു്. വേഗം ആ കൂട്ടൊന്നരയ്ക്കു്. | I forgot on my part. Didn't you also remember ? That's all O.K. Let us add some extra curds. Today's curds is very sour. You grind the masala soon. |
| കമലം: | അമ്മ എന്നെ വെപ്രാളപ്പെടുത്തല്ലേ. മണി പതിനൊന്നുപോലും ആയില്ല. ഇന്നലെ നമ്മൾ തോററു. അതു പോട്ടെ. ഇന്നു നമുക്ക വനെ തോല്പിക്കാം. പന്ത്രണ്ടരയ്ക്കേ അവൻ വരു. അതി.നു മുൻപേതന്നെ ചോററു പാത്രവും, മോരു കുപ്പിയും ഒക്കെ വരാന്തയിൽ വയ്ക്കാം. അതു ഞാനേററു. അമ്മ പേടിക്കേണ്ട. | Amma, please don't make me nervous. Time is not yet eleven thirty. Yesterday we failed. Let us leave it. Today we can defeat him. He will come only at 12.30 P.M. Before that we can keep the meals carrier and the bottle of butter-milk on the verandah. I have taken that responsibility. You please don't worry. |

## DRILLS

A. Repetition drill

1. ഇന്നു് അരി കുറച്ചു കൂടുതൽ വെന്തു.
2. അവിയലിന്റേയും, സാമ്പാറിന്റേയും കഷ്ണങ്ങൾ നന്നായി വെന്തില്ല.

B.

1. രാജൻ പന്തുകളിയിൽ തോററു.
2. പക്ഷെ അവൻ പരീക്ഷയിൽ തോററില്ല.
3. അവന്റെ എല്ലാ കാര്യവും കൂട്ടുകാരൻ ഏററു.

C.

1. കൂട്ടാനൊക്കെ ഇന്നു് അമ്മതന്നെ വച്ചു.
2. പപ്പടമൊക്കെ വേണു എടുത്തു.
3. അമ്മതന്നെ പാലും കാച്ചി.
4. പാലിൽ പഞ്ചസാര ഇട്ടില്ല.

5. ചേച്ചി ഇന്നെനിക്ക് ഒരു സമ്മാനം തന്നു.
6. ആരും മിനിഞ്ഞാന്നത്തെ പരീക്ഷയിൽ തോററില്ല.
7. കുഞ്ഞ് കസേരയിൽനിന്നു് താഴെ വീണു.
8. ഇന്നത്തെ കൂട്ടാനിലെ കഷ്ണങ്ങളൊക്കെ നന്നായി വെന്തു.
9. ആ പലഹാരമൊന്നും കുട്ടി തിന്നില്ല.
10. അച്ഛൻ തന്നെ ആ കാര്യം പറഞ്ഞു.
11. ആ ചെറിയ ജോലിപോലും അവൻ ചെയ്തില്ല.

## B. Build up drill

Model

വെന്തില്ലേ?
വെന്തില്ലേ?
കറിയുമൊന്നും
കറിയുമൊന്നും വെന്തില്ലേ?
അരിയും
അരിയും കറിയുമൊന്നും വെന്തില്ലേ?
എന്താ കമലം
എന്താ കമലം, അരിയും കറിയുമൊന്നും വെന്തില്ലേ?

1. തോററു
ആരു തോററു?
പരീക്ഷയിൽ ആരു തോററു?
ഇന്നലത്തെ പരീക്ഷയിൽ ആരു തോററു?

2. കഴുകിയോ?
പാത്രമൊക്കെ കഴുകിയോ?
നീ തന്നെ പാത്രമൊക്കെ കഴുകിയോ?
ഇന്നും നീ തന്നെ പാത്രമൊക്കെ കഴുകിയോ?

3. ചോറു കെട്ടി.
ഞാൻ തന്നെ ചോറു കെട്ടി.
ഈ സമയത്തു് ഞാൻ തന്നെ ചോറു കെട്ടി.
ഇന്നലെയും ഈ സമയത്തു് ഞാൻതന്നെ ചോറു കെട്ടി.

4. കാച്ചി.
പപ്പടമൊക്കെ കാച്ചി.
അമ്മ പപ്പടമൊക്കെ കാച്ചി.
ഇന്നും അമ്മ പപ്പടമൊക്കെ കാച്ചി.

5. ഓർത്തു.
ഞാൻ ഓർത്തു.
നിന്നെപ്പററി. ഞാൻ ഓർത്തു.
രാവിലേയും നിന്നെപ്പററി ഞാൻ ഓർത്തു.
മിനിഞ്ഞാന്നു് രാവിലേയും നിന്നെപ്പററി ഞാൻ ഓർത്തു.

## C. Substitution drill

1. അമ്മ തന്നെ പപ്പടവും ഉണ്ടാക്കി.
പലഹാരവും
സംഭാരവും
നെയ്യും
ഉപ്പിലിട്ടതും
എല്ലാം

2. തകഴിയുടെ ഏററവും പുതിയ പുസ്തകം ഞാൻ കണ്ടു.
വായിച്ചു
വാങ്ങിച്ചു
മനസ്സിലാക്കി
അയച്ചു
പഠിച്ചു
പഠിപ്പിച്ചു
കൊടുത്തു
എടുത്തു

3. അയാരം അദ്ദേഹത്തിനെ ശല്യപ്പെടുത്തി.
വിളിച്ചു
കണ്ടു
അയച്ചു
മണിയടിച്ചു
വെറുത്തു
നിർത്തി
പിടിച്ചു

4. രാധ അവരെപ്പററി പറഞ്ഞു.
ചോദിച്ചു
എഴുതി
കേട്ടു
വായിച്ചു
പഠിച്ചു
പഠിപ്പിച്ചു

5. നീ അവളോടും പറഞ്ഞോ?

അപേക്ഷിച്ചോ
സംസാരിച്ചോ
വഴക്കു കൂടിയോ
ക്ഷമിച്ചോ
ചോദിച്ചോ

6. ശാരദയ്ക്കും രമണി അതു കൊടുത്തോ?

അയച്ചോ
വാങ്ങിച്ചോ
എഴുതിയോ

7. എല്ലാവരും ആ വീട്ടിൽ എത്തി.

വന്നു
പോയി
ഇരുന്നു
താമസിച്ചു
കിടന്നു
ഉറങ്ങി

D. Transformation drill

Model

പാത്രങ്ങളെല്ലാം കഴുകി.
പാത്രങ്ങളെല്ലാം കഴുകിയില്ല.

1. സാമ്പാർ വലിയ പാത്രത്തിലാക്കി.
2. കാര്യങ്ങൾ അവർ ശരിപ്പെടുത്തി.
3. കൂട്ടാന് പന്ത്രണ്ട് മുളക് ഇട്ടല്ലോ.
4. കമലം കറിക്ക് കൂട്ട് അരച്ചു.
5. അത്രയും തയിര് ആ പാത്രത്തിൽ ഒഴിച്ചു.
6. അയാൾ തന്റെ സ്വത്ത് മക്കൾക്ക് കൊടുത്തു.
7. ആ ജോലിമാത്രം ഞാൻ ചെയ്തു.
8. വേലായുധൻ പരീക്ഷയിൽ തോറ്റു.

E. Response drill

Model 1

A. നീ തന്നെ ആ പാത്രമൊക്കെ കഴുകിയോ?
B. ആര്? ഞാനോ? ഇല്ല. ഞാനൊന്നും കഴുകിയില്ല.

1. A. നിങ്ങൾ ആ സിനിമ കണ്ടോ?
   B. ................?..............? ഇല്ല. ഞാൻ ഒരു സിനിമയും ...................................

2. A. നിങ്ങൾ അവിടെ പോയോ?
   B. ..............?...............? ഇല്ല. ഞാൻ ഒരിടത്തും .............

3. A. നിങ്ങൾ ഇത്ര വേഗം മലയാളം പഠിച്ചോ?
   B. ...........?....................? ഇല്ല. ഞാൻ ഒന്നും ...............

4. A. കമല ആ പാട്ട പാടിയോ?
   B. ...........?............? ..... ...... .....

Model 2

A. അവളെപ്പററി നിങ്ങൾ എന്തു പറഞ്ഞു?
B. അവളെപ്പററിയോ? അവളെപ്പററി ഞാൻ ഒന്നും പറഞ്ഞില്ലല്ലോ.

1. A. തോമസിനെപ്പററി നിങ്ങൾ എന്തു കേട്ടു?
   B. ................? തോമസിനെപ്പററി ഞാൻ ഒന്നും ...................

2. A. രാധയെപ്പററി അദ്ദേഹം എത്ര കവിത എഴുതി?
   B. .............? രാധയെപ്പററി അദ്ദേഹം ഒരു കവിതയും ................

3. A. നെഹ്റുവിനെപ്പററി നിങ്ങൾ എത്ര പുസ്തകം വായിച്ചു?
   B. .....................? ......................... ഞാൻ ഒരു.................. .........................

4. A. കഥകളിയെപ്പററി അറിയാൻ നിങ്ങൾ എവിടെയൊക്കെ പോയി?
   B. ............................................................................................................

## EXERCISES

I Combine the following.

1. എവിടെ + എങ്കിലും
2. മതി + ആയോ
3. കൂട്ട് + ഇതാ
4. സുഷമ + ഓട്
5. ബാബു + ഇൽനിന്നും
6. ചോറു + പാത്രം
7. ഒന്ന് + അരയ്ക്ക്
8. ഞാൻ + ഏററു
9. പാൽ + പാത്രം
10. പലഹാരം + ഉം

(b) Split the following.

1. താക്കോലല്ലേയുള്ളു
2. നെയ്യുമുണ്ടാക്കിയോ.
3. കണ്ടുവല്ലോ
4. പട്ടിക്കുട്ടി
5. പച്ചത്തത്ത
6. ദൂരെയെങ്ങോ
7. ഷെൽഫുകളിലൊക്കെ
8. കെട്ടിടങ്ങളും
9. ഹോട്ടലുകളുണ്ടോ
10. സഹോദരന്മാരുണ്ട്

II Rewrite the sentences using the corresponding past tense forms of the respective verbs.

1. നീ ആ കാര്യം ആരോടും പറയുന്നില്ലേ?
2. വെള്ളരിക്കയും, വെണ്ടയ്ക്കയും വേവുന്നു.
3. ഈ പരീക്ഷയിലും കൃഷ്ണന്റെ മകൻ തോൽക്കുമോ?
4. അദ്ദേഹം എങ്ങനെയോ അവളെക്കൊണ്ട് സമ്മതിപ്പിക്കുന്നു.
5. പണക്കാർ പാവങ്ങൾക്ക് ഒന്നും കൊടുക്കുന്നില്ല.
6. കുട്ടി വെറുതെ വെപ്രാളപ്പെടുന്നു.
7. നിങ്ങൾ പഴയ കൂട്ടുകാരെയൊക്കെ മറക്കുന്നോ?
8. അദ്ദേഹവും കുറുപ്പിന്റെ വലയിൽ വീണു.
9. പച്ചക്കറിയൊക്കെ അവൾ ആരുടെ കടയിൽനിന്നു വാങ്ങിക്കുന്നു?
10. ഇന്നത്തെ ഫോട്ടോയ്ക്ക് നിന്റെ പുറകിൽ ആരു നിൽക്കുന്നു?

III Complete the sentences choosing the correct forms.

1. പുതിയ ഓഫീസറെ എല്ലാവർക്കും വളരെ ———.

പറഞ്ഞു
നടന്നു
പിടിച്ചു

2. ജോലിക്കാരനു് എത്ര ദേഷ്യം ———!

ചോദിച്ചു
തോററു
വന്നു

3. ഇന്നലെത്തന്നെ അടുക്കളപ്പാത്രങ്ങളൊക്കെ ———?

എഴുതിയോ

വാങ്ങിച്ചോ

ജയിച്ചോ

4. ഞാൻ അന്നേ നിങ്ങളുടെ കാര്യം ———.

നിന്നു

ഇരുന്നു

ഓർത്തു

5. ആ കസേരയിൽ നീയും ———?

ഇരുന്നില്ലേ

വരുന്നില്ലേ

പോകുന്നില്ലേ

6. അത്ര മുളകും ഈ കറിക്ക് ———?

അരച്ചോ

കെട്ടിയോ

ഓർത്തോ

7. എൻെറ കൂട്ടുകാരനെ നീയെന്തിനു് ———?

സംസാരിച്ചു

ആയി

ശല്യപ്പെടുത്തി

8. ആ ഹോട്ടലിൽ നിന്നു് ജോലിക്കാരൊക്കെ ———

ഇട്ടു

ഇരുന്നു

പോയി

9. എട്ടുമണിക്കുതന്നെ അമ്മ ഇന്നെന്നെ സ്കൂളിലേക്കു ———.

വന്നു

കയറി

വിട്ടു

10. സ്വാമിക്ക് നിങ്ങൾ എന്തു സമ്മാനം ———?

കഴുകി

അരച്ചു

വാങ്ങി

IV Match the following.

| | |
|---|---|
| 1. സിനിമ | മറന്നു |
| 2. അരി | കാച്ചി |
| 3. വഴക്ക് | കടിച്ചു |
| 4. കൂട്ടാൻ | കഴുകി |
| 5. കൂട്ട് | പറഞ്ഞു |
| 6. പാത്രം | വെന്തു |
| 7. പാൽ | അരച്ചു |
| 8. ഫോൺ | വിളമ്പി |
| 9. പപ്പടം | വിളിച്ചു |
| 10. കഥ | കണ്ടില്ല |

V Use the following verb forms in sentences of your own.

വെറുത്തു, പറയിപ്പിക്കുമോ, ശപിക്കും, കഴുക്, ശരിപ്പെടുത്തി, ചോദിച്ചു, തീർത്തു, വിളിക്കും, നനച്ചില്ലേ, കൊടുത്തല്ലോ.

VI Rewrite the following sentences in their corresponding negative forms.

1. വേഗം ഇരുട്ടും
2. അയാളും വെറുതെ പോയി.
3. ആശുപത്രിവരെ നടക്കാൻ ഒത്തു.
4. അവരെപ്പററി വളരെയധികം എഴുതി.
5. കൊച്ചു കുഞ്ഞുങ്ങളെ അമ്മമാർ നിർബന്ധിപ്പിക്കുന്നു.
6. അന്നുമുതലേ അയാളും ജോലിക്ക് ശ്രമിക്കുന്നു.
7. ആ താക്കോലും കളഞ്ഞോ?
8. എല്ലാവരെയും അദ്ദേഹം അടുപ്പിക്കുമോ?
9. വെള്ളരിക്കയും കത്തിരിക്കയും വെന്തു.
10. ഈ പലഹാരമൊക്കെ അടുക്കളയിൽ വച്ചും.

VII Fill in the incomplete dialogues.

A: മൂത്തമകളും ഫൈനൽ ബി.എസ്സ് ആയിരുന്നില്ലേ? അവരുടെ റിസൽററൊക്കെ വന്നല്ലോ. ഒന്നാം ക്ലാസിൽ ജയിച്ചോ?

B: ..................................................
..................................................

A: അയ്യോ, പാവം കുട്ടി! എല്ലാവിഷയത്തിലും തോററോ?

B: ..................................................
..................................................

A: എന്നാൽ സാരമില്ല. ഫിസിക്സ് മാത്രം ഇനി ഒരിക്കൽക്കൂടി എഴുതണം.

B: ..................................................

A: അയ്യോ. അങ്ങനെ ചാൻസു കളയരുത്. അവരം കൊച്ചുകുട്ടിയല്ലേ. നിങ്ങരം നിർബ്ബന്ധിക്കണം.

B: ..................................................

A: വീട്ടിലെ ജോലിക്കു് ആരും ഇല്ലേ?

B: ..................................................

അപ്പോഠം ഇളയ കുട്ടികളുടെ കാര്യം ഒക്കെ ഇവരം ഏൽക്കണം അല്ലേ?

അതെ അവരം തന്നെ എല്ലാം ചെയ്യുന്നു. രണ്ടനിയന്മാരുടേയും കാര്യങ്ങരം നോക്കാൻ തന്നെ വളരെ സമയം വേണം.

A: ..................................................

B: ഉണ്ടു്. വെളിയിലത്തെ ജോലിക്കു് ഒരു ജോലിക്കാരിയുണ്ടു്. പക്ഷെ ചോറും, കറിയും ഒക്കെ വയ്ക്കാനും, അകത്തെ മററു കാര്യങ്ങരം നോക്കാനും ചന്ദ്രിക മാത്രമേ ഉള്ളൂ.

A: ..................................................

B. അതുകൊണ്ടാണു് അവരംക്കു് മാർക്കു് കുറവു്.

A: ..................................................

B. അവളുടെ കല്യാണം നടത്താൻ വിചാരിക്കുന്നു. എന്റെ പഴയ ഒരു കൂട്ടുകാരന്റെ മകനാണു് പയ്യൻ.

A: ..................................................

B. വലിയ ജോലി ഒന്നും ഇല്ല. സാരമില്ല. അവർക്കു സുഖമായി ജീവിക്കാൻ സാധിക്കും.

A: ..................................................

## VOCABULARY

| | | | |
|---|---|---|---|
| വെന്തു | 'got cooked' (വേവ് 'to get cooked') | | |
| ചോറുകെട്ട് | 'to get meals in a carrier' | | |
| താമസിക്ക് | 'to delay' | പററ് | 'to happen' |
| വയ്ക്ക് | 'to place, to cook' | കഷ്ണം | 'piece' |
| അരയ്ക്ക് | 'to crush, to grind' | മണിക്കൂർ | 'hour' |
| പപ്പടം | 'papads' | | |
| കാച്ച് | 'to fry papad, to boil milk, water, etc.' | | |
| സംഭാരം | 'buttermilk spiced with green chillies, coriander leaves, ginger, onion, etc.' | | |

| | | | |
|---|---|---|---|
| കുപ്പി | 'bottle' | | |
| കഴുകി | 'washed' (കഴുകു് 'to wash') | | |
| ബാക്കി | 'remaining, balance' | | |
| കൂട്ടാൻ | 'curry' | ജയിച്ചു 'won' (ജയിക്കു് | 'to win') |
| എരിവു് | 'hot taste' | | |
| മുളകു് | 'chilli' | ഇടു് | 'to put' |
| നീറു് | 'to feel burning sensation' | | |
| ഓർത്തു | 'remembered' (ഓർക്കു് 'to remember') | | |
| പുളി | 'sour taste, tamarind' | | |
| വെപ്രാളപ്പെടു് | 'to be nervous, to be perplexed' | | |
| തോറ്റു | 'failed' (തോൽക്കു് 'to fail') | | |
| വരാന്ത | 'verandah' | | |
| ഏറ്റു | 'shouldered the responsibility' (ഏൽക്കു് 'to shoulder') | | |
| പേടിക്കു് | 'to be afraid' | | |

## NOTES

10.38.1. Past tense is continued. The new past tense markers introduced are -ന്തു് and -റു്.

10.38.2. -ന്തു് is added to അകാരിത verb stems of the shape CVV വു് as in വേവു്.

വേവു് > വെന്തു 'cooked', 'boiled'

നോവു് > നൊന്തു 'pained'

10.38.3. -റു് is added to കാരിത verb stems like തോൽക്കു്, and ഏൽക്കു് which have VV ൽ or V ൽ in their verb stem before -ക്കു്.

The -ൽ becomes -ർ in sandhi as in

തോൽക്കു് > തോറ്റു 'failed'

ഏൽക്കു് > ഏറ്റു 'took over the responsibility'

വിൽക്കു് > വിറ്റു 'sold'

നൂൽക്കു് > നൂറ്റു 'spun'

Note the exception. നിൽക്കു് > നിന്നു 'stood'

UNIT 10

# LESSON 39

## ഞങ്ങളുടെ ആട്ട പെററു.

### CONVERSATION

| | | |
|---|---|---|
| അന്നമ്മ: | എന്താ ഭാർഗ്ഗവിയമ്മേ, എന്തൊക്കെയുണ്ട് വിശേഷം? ജോലിയൊക്കെ തീർന്നോ? | Hallo, Bhargaviyamma! What is the news? Did you finish all the work? |
| ഭാർഗ്ഗവിയമ്മ: | എന്തു പറയാനാ? ഒരു ജോലിയും ആയില്ല. ഇന്നെന്തോ രാവിലെ മുതൽ ഒരു ശകുനപ്പിഴ. അതിരാവിലെതന്നെ ഞങ്ങളുടെ കിണററിലെ കയറ് ആരോ അറത്തു. പുതിയ കയറായിരുന്നു. അതും അററു. കപ്പിയും കിണററിൽ വീണു. ഇനി എന്തോ ചെയ്യാനാ? കുഞ്ഞുങ്ങളുടെ | What am I to tell? No work is done. Since morning there is some bad omen. Somebody cut the rope of our well in the early morning itself. It was |

അച്ഛനും ഇവിടെ ഇല്ല. അതുകൊണ്ടു് വേറെ കയറും, കപ്പിയുമൊന്നും വാങ്ങാനും പററിയില്ല. അപ്പുറത്തെ സുമതീടെ വീട്ടിലെ കിണററീന്നുതന്നെ വെള്ളം കോരണ്ണമായിരുന്നു. ഞാൻതന്നെ കൊണ്ടു വന്നു. അതുകൊണ്ടു് ഇന്നത്തെ വയ്പും, ഊണുമൊക്കെ വളരെ താമസിക്കും.

a new rope. That also broke. The pulley also fell into the well. What am I to do now? My husband is also not here. So we could not buy new rope, pulley, etc. We had to draw water from our neighbour Sumati's house. I brought it myself. Therefore today's cooking, eating, etc., will be very much delayed.

അന്നമ്മ: അപ്പോ ചോറും കറിയും ഒന്നും വച്ചില്ലേ? മണി രണ്ടര കഴിഞ്ഞല്ലോ?

So didn't you cook rice and curries? It is 2.30 p.m. past now.

ഭാ.അമ്മ: ചോറു വച്ചു. മീനും പൊരിച്ചു. പക്ഷെ എന്റെ മൂത്ത മോനു് മീനിഷ്ടമല്ല. അവനു് ഇറച്ചിക്കറിതന്നെ വേണം. മററുള്ളവർക്കു് ഇറച്ചിക്കറി വേണ്ട. അതും വറക്കണം. അങ്ങനെ ഇവിടത്തെ വയ്പുപണി കുറച്ചു പ്രയാസം തന്നെ. എനിക്കേ ഇങ്ങനെ എല്ലാരുടേം താളത്തിനു തുള്ളാൻ പററൂ. എന്റെ കാര്യമൊക്കെ പറഞ്ഞു. പക്ഷെ ഞാൻ അന്നമ്മയോടു് ഇരിക്കാൻ പോലും പറഞ്ഞില്ലല്ലോ. എന്തൊരു മറവിയാണെനിക്കു്!

I cooked the rice and fried the fish also. But my eldest son does not like fish. He wants only meat curry. The others don't need meat curry. They want that also to be fried. Thus cooking is a bit difficult in this house. Only I can dance to everybody's tune like this. I told my problems. But I didn't even tell you to sit. How absent minded am I!

അന്നമ്മ: എന്നോടീ ലോഹ്യമൊക്കെ എന്തിനാ?

Why do you need this formality with me?

| | | |
|---|---|---|
| ഭാ: അമ്മ: | അതൊക്കെ ശരി തന്നെ. പക്ഷെ ഒന്നിരിക്കണം. എന്നിട്ട് വർത്തമാനം പറയാം. അന്നമ്മേടെ കയ്യിലെന്താ ഒരു പൊതി? | That is O.K. But you please sit. Then let us talk. •What is that packet in your hand? |
| അന്നമ്മ: | ഇതോ? ഇതൊരു പീസ് ചീട്ടിത്തുണിയാ. ആ തയ്യൽക്കാരൻ അന്തോണിയെക്കൊണ്ട് ഒരുടുപ്പ് തയ്പിക്കാനാണ്. എന്റെ മോന്റെ മോൾക്ക് വേണ്ടിയാ. | You mean this one? This is a piece of cotton cloth. This is to get a frock stitched by that tailor Antony. This is for my son's daughter. |
| ഭാ: അമ്മ: | അയാളൊരു നല്ല തയ്യൽക്കാരനാണ്. ഞങ്ങളുടെ ലതയ്ക്ക് ഇന്നലേം അയാളെക്കൊണ്ട് ഒരു ഫ്രോക്ക് തയ്പിച്ചു. | He is a good tailor. Even yesterday we got a frock stitched for our Latha. |
| അന്നമ്മ: | അതിരിക്കട്ടെ. എനിക്കൊരു വിശേഷം പറയാനൊണ്ട്. | That is O.K. I have something to tell you. |
| ഭാ: അമ്മ: | എന്താണത്? | What is that? |
| അന്നമ്മ: | കഴിഞ്ഞ ആഴ്ച ഞങ്ങളുടെ ആട് പെറ്റു. മൂന്നു കുട്ടികൾ. | Last week our goat gave birth to three lambs. |
| ഭാ: അമ്മ: | അങ്ങനെ ആണോ? അതുകൊള്ളാം. അപ്പോ പാല് കൂടുതൽ കിട്ടുമല്ലോ. | Is it so? That is fine. Now you will get more milk. |
| അന്നമ്മ: | ഇനിത്തൊട്ട് ദിവസോം ഞങ്ങൾക്ക് രണ്ടു ലിററർ പാല് കൂടെ കിട്ടും. ആ പാലൊക്കെ വിൽക്കാനാണ് തീരുമാനം. ഇവിടെ നിങ്ങൾക്ക് ആട്ടിൻപാല് വേണോ? | Here after we will get two more litres of milk. Our decision is to sell that milk. Here do you need goat's milk? |
| ഭാ: അമ്മ: | ആട്ടിൻപാലും എരുമപ്പാലും ഇവിടെ ആരും ഉപയോഗിക്കില്ലന്നമ്മേ. അന്നമ്മയിപ്പോൾ കോഴിമുട്ടയും പശുവിൻപാലും ഒന്നും വിൽക്കുന്നില്ലേ? | Annamma, here nobody uses goat's and buffalo's milk. Now don't you sell eggs and cow's milk? |

അന്നമ്മ: കഴിഞ്ഞമാസംവരെ ഉണ്ടായിരുന്നു പശ്ശും, കോഴീമൊക്കെ. രണ്ടു മാസം മുമ്പേ പശ്ശുന്റെ കറവ വററി. അതിനെ പിന്നെ അങ്ങു വിററു. കോഴിയൊക്കെ ചത്തു. എല്ലാത്തിനും ഒരുമിച്ച് എന്തോ ഒരു സുഖക്കേട് വന്നു. ഇപ്പം മൂന്നും എരുമേം, രണ്ടു മൂന്നാടും, കുറെ താറാവും മാത്രമെ ഉള്ളൂ. അതുകൊണ്ട് കച്ചവടം ഒന്നും അത്ര കേമമല്ല. ലാഭമൊക്കെ കുറവുതന്നെ. പക്ഷെ വലിയ നഷ്ടവുമില്ല. ഒരു വിധം അങ്ങനെ കഴിയുന്നു. എങ്ങനേം ജീവിക്കണമല്ലോ.

Till last month we had a cow and hens. Two months ago itself that cow stopped giving milk. Then we sold it off. All the hens died. All got some disease at the same time. Now we have only three buffaloes, two three goats and a few ducks. So the business is not that good. There is less profit. But there is no great loss either. Somehow we are managing. We have to live one way or other.

## DRILLS

. Repetition drill

1. ആടു പെറുന്നു.
   ആടു പെറും.
   ആടു പെററു. (-റ്)

2. അരി വേവുന്നു.
   അരി വേവും.
   അരി വെന്തു. (-ന്ത്)

3. കുഞ്ഞു വീഴുന്നു.
   കുഞ്ഞു വീഴും.
   കുഞ്ഞ് വീണു. (-ണ്)

4. കാര്യങ്ങൾ മറക്കുന്നു.
   കാര്യങ്ങൾ മറക്കും.
   കാര്യങ്ങൾ മറന്നു (-ന്ന്)

5. ജോലി ചെയ്യുന്നു.
ജോലി ചെയ്യും.
ജോലി ചെയ്തു (-ത്)

6. വീടു വിടുന്നു.
വീടു വിട്ടു.
വീടു വിടും (-ട്)

7. സമ്മാനം കൊടുക്കുന്നു.
സമ്മാനം കൊടുക്കും.
സമ്മാനം കൊടുത്തു (-ത്ത്)

8. പലഹാരം തിന്നുന്നു.
പലഹാരം തിന്നും.
പലഹാരം തിന്നു (-ന്)

9. കുട്ടി കരയുന്നു.
കുട്ടി കരയും.
കുട്ടി കരഞ്ഞു (-ഞ്ഞ്)

10. പാഠം പഠിക്കുന്നു.
പാഠം പഠിക്കും.
പാഠം പഠിച്ചു (-ച്ച്)

11. ഞാൻ ഉറങ്ങുന്നു.
ഞാൻ ഉറങ്ങും
ഞാൻ ഉറങ്ങി (-ഇ)

B. Transformation drill

Model 1

പാത്തുമ്മയുടെ ആടു പെററു
പാത്തുമ്മയുടെ ആടു പെററില്ല.

1. ആ പശുവിനേം ഞങ്ങടാ വിററു.
2. എന്റെ എല്ലാ ജോലിയും തീർന്നു.
3. ഞാൻ എല്ലാ ജോലിയും തീർത്തു.
4. കുട്ടി ഉറക്കെ കരഞ്ഞു.
5. കുട്ടിയെ അവർ കരയിച്ചു.
6. എല്ലാവരും ആ ജോലി ചെയ്തു.
7. ആ പലഹാരം ആരു തിന്നു?

8. ആ ഗ്രാമം മുഴുവൻ വെന്തു.
9. കിണററിൽ ആരു വീണു?
10. ആ കഥ ഞങ്ങൾ കേട്ടു.
11. മുറി നന്നായി കഴുകി.

## Model 2

രാധ വെള്ളം കോരി.
രാധ വെള്ളം കോരിയോ?

1. അമ്മ കഥ പറഞ്ഞു.
2. അവൻ എല്ലാവരേയും വിട്ടു.
3. കപ്പിയും, കയറും വെള്ളത്തിൽ വീണു.
4. അമ്മ വെള്ളം കോരി.
5. അഹമ്മദ് ജോലി ചെയ്തു.

## Model 3

വളരെപ്പേർ വന്നില്ല.
വളരെപ്പേർ വന്നില്ലേ?

1. അക്രമിക്കുട്ടികൾ കയർ അറുത്തു.
2. കാപ്പിയൊക്കെ അപ്പോഴേ കുടിച്ചു.
3. ജോൺ പരീക്ഷയിൽ തോററു.
4. അവൻെറ ഇടത്തേ കൈമാത്രം വെന്തു.
5. ബസ് അവിടെ നിന്നു.

## C. Substitution drill

1. അമ്മ ഇറച്ചി വറുത്തു.

മീൻ
വെണ്ടയ്ക്ക
കത്തിരിക്ക
വാഴയ്ക്ക

2. അന്നമ്മ ആ പശുവിനെ വിററു.

ആട്ടിനെ
എരുമയെ
കോഴിയെ
താറാവിനെ

3. കഞ്ഞിരാമൻ മലക്കറി വിററു.

വീട്ട്
കസേര
മേശ
കട
മരുന്നു്
ദോശ
ഇഡ്ഡലി

4. നിങ്ങൾ ആരോട്ട് സംസാരിച്ചു?

അപേക്ഷിച്ചു
പിണങ്ങി
പറഞ്ഞു
ചോദിച്ചു
വഴക്കുകൂടി

5. ശാരദ മാർക്കററിൽ നിന്നു വന്നു.

പോയി
ഇറങ്ങി
തിരിച്ചു
വാങ്ങി

6. നീ ആർക്കു് അതു് കൊടുത്തു?

വാങ്ങി
അയച്ചു
എഴുതി
വിററു

7. അച്ഛനമ്മമാർ കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിക്കണം.

സംസാരിക്കണം
ജോലി ചെയ്യണം
നിൽക്കണം

8. കൊച്ചുകുഞ്ഞിനെപ്പോലെ നീ വാശി പിടിക്കരുതു്.

കരയരുതു്
നിർബന്ധിക്കരുതു്
പറയരുതു്
ചോദിക്കരുതു്
ചെയ്യരുതു്

9. അവളെപ്പററി നീയും കേട്ടോ?

അറിഞ്ഞോ
പറഞ്ഞോ
എഴുതിയോ
വായിച്ചോ
മനസ്സിലാക്കിയോ
ചോദിച്ചോ

10. ആ വീട്ടിൽ ആരു താമസിക്കുന്നു?
വരുന്നു
പോകുന്നു
ജീവിക്കുന്നു
കഴിയുന്നു

## D. Response drill

1. A. ഞങ്ങളുടെ ആട്ട പെററു.
   B. അങ്ങനെ ആണോ? അതുകൊള്ളാം. അപ്പോൾ പാൽ ഇനി കൂടുതൽ കിട്ടുമല്ലോ.
2. A. ഞാൻ എല്ലാ പാഠവും പഠിച്ചു.
   B. അങ്ങനെ ———? അതു ——— ——— ——— ഒന്നാം ——— കിട്ടുമല്ലോ.
3. A. ഇന്നലെ എന്റെ അച്ഛൻ വന്നു.
   B. ——— ആണോ? ——— ———.
   ——— ——— പുതിയ ഉടുപ്പു ———.
4. A. ഞാൻ പാത്രങ്ങളൊക്കെ പൊട്ടിച്ചു.
   B. ——— ———? ——— ———
   ——— ——— ——— വഴക്കു ———.
5. A. ഞാൻ ഒന്നാം ക്ലാസിൽ പരീക്ഷ ജയിച്ചു.
   B. ——— ———? ——— ———.
   ——— ——— ——— ——— ———

## EXERCISES

I Combine the following according to the model given.

ശകുനം + പിഴ > ശകുനപ്പിഴ

1. ഗ്രാമം + - കാരൻ
2. പട്ടണം + തലവൻ
3. കള്ളം + പെട്ടി
4. സംഭാരം + കുപ്പി
5. പാത്രം + -കാർ
6. ലാഭം + കച്ചവടം
7. പണം + കാര്യം
8. ഉത്സാഹം + - കാരി
9. ലോഹ്യം + - കാരി
10. അനുഭവം + -പെട്ട

II Fill in the blanks using the correct forms of the words given.

1. മിനിഞ്ഞാന്നു് നീ ഏതു സിനിമ ———?(കാണു്)
2. നാളെത്തന്നെ ആ പുതിയ കയറും ———. (അറു)
3. മോനേ, നീ എന്തിനു് എപ്പോഴും അമ്മയെ ———? (വിളിക്കു്)
4. ആ സങ്കടമൊക്കെ അവരു കഴിഞ്ഞവർഷമേ ———. (മറക്കു്)
5. ദിവസവും നീ എത്ര മണിക്കൂർ ———? (ഉറങ്ങു്)
6. ആ ചോററുപാത്രം ആരു് ———? (എടുക്കു്)
7. ഇന്നലെയും പപ്പടം അമ്മ തന്നെ ———. (കാച്ചു്)
8. ഇപ്പോഴു ആ വെള്ളമൊക്കെ എന്തിനു തറയിൽ ———? (ഒഴിക്കു്)
9. ഇല്ല. ഞങ്ങളു ആ വീടു ———.(വിൽക്കു്)
10. ആരുടെ പശു ഇന്നലെ ———? (പെറു)

III Complete the sentences choosing the correct forms.

1. എല്ലാമുളകും ആ കറിക്കു് ———?
   കരഞ്ഞോ
   വേണോ
   നിന്നോ

2. അമ്മയെ എന്തിനു വെറുതെ ———?
   സംസാരിക്കുന്നു
   ശല്യപ്പെടുത്തുന്നു
   ചിരിക്കുന്നു

3. എല്ലാം ഞാൻ ആ വലിയ പാത്രത്തിൽ ———.
   ആയി
   പോയി
   ആക്കി

4. ഈ കളിയിൽ ആരു് ———?
   ജയിച്ചില്ല
   അററില്ല
   കഴകിയില്ല

5. അച്ഛനു് ഭയങ്കര ദേഷ്യം ———.
   കഴിച്ചു
   വിളിച്ചു
   വന്നു

6. ഞാൻ ഇന്നലെയേ സ്ഥലത്തു് ———.
   എടുത്തു.
   എത്തി
   വാങ്ങിച്ചു

7. ഞങ്ങൾ കേരളത്തിലെ ഓണാഘോഷം ———
വന്നു
പോയി
കണ്ടു

8. അയാൾക്കു വയസ്സ് ഇരുപത്തെട്ടു ———.
പൊരിക്കുന്നു
തികയുന്നു
വറക്കുന്നു

9. ആട്ടസമ്മേളനത്തെപ്പറ്റി നിങ്ങൾ പത്രത്തിൽ ———?
കേട്ടോ
വായിച്ചോ
അറിഞ്ഞോ

10. അമ്മതന്നെ മകളേയും തയ്യൽ ———.
പെയ്തു
പഠിപ്പിച്ചു
പറഞ്ഞു

## IV Use in sentences of your own.

ഉപയോഗിക്ക്, ശപിക്ക്, വിൽക്ക്, വറക്ക്
കച്ചവടം, ലോഹ്യം, ലാഭം, ഇറച്ചി

## V Read the lesson and answer the questions.

1. ഭാർഗ്ഗവിയമ്മയ്ക്കു സുമതീടെ വീട്ടിലെ കിണററീന്നു വെള്ളം കോരണമായിരുന്നു. എന്തുകൊണ്ട്?
2. ഭാർഗ്ഗവിയമ്മയുടെ മൂത്തമോനു് എന്താണിഷ്ടം?
3. അന്നമ്മേടെ കയ്യിലെ തുണി എന്തിനാണ്?
4. അന്നമ്മേടെ വീട്ടിലെ വിശേഷമെന്താണ്?
5. ഭാർഗ്ഗവിയമ്മേടെ വീട്ടിൽ എല്ലാർക്കും ആട്ടിൻപാൽ ഇഷ്ടമാണോ?
6. അന്നമ്മേടെ വീട്ടിൽ ഇപ്പോൾ എന്തൊക്കെ ഉണ്ട്?
7. അന്നമ്മേടെ വീട്ടുകാർ ഇപ്പോൾ സുഖമായി ജീവിക്കുന്നോ?

## VII Complete the dialogue.

A. ......................................

B. ശരിയാ. ഞാനും അതിനെപ്പററി കേട്ടു. ഇന്നലെ തോമസ് സാർ എന്നോടു പറഞ്ഞു.

A. ..........................................

B. അതെനിക്കറിയില്ല. അദ്ദേഹം എന്നോട് രൂപയെപ്പററി ഒന്നും പറഞ്ഞില്ല.

അൻപതിനായിരമാണത്രേ.

അൻപതിനായിരമോ?

A. ..........................................

B. അതു കുറച്ചു കൂടുതൽ അല്ലേ? ആ വീട്ടിൽ ഒരു മുറിയും, അടുക്കളയും മാത്രമല്ലേയുള്ളു? മുൻപിലും, പുറകിലും ഒന്നും ഒട്ടും സ്ഥലമില്ലല്ലോ.

A. ..........................................

B. അതെന്താ?

A. അദ്ദേഹത്തിന്റെ കയ്യിൽ ധാരാളം പൈസ ഉണ്ട്. മകൻ ദുബായിലാണല്ലോ. മാസംതോറും പതിനായിരം രൂപ അയയ്ക്കുമത്രേ.

B. ..........................................

A. അതാണ് കാര്യം.

B. ..........................................

A. പുതിയ വീട് വയ്ക്കാനാണ് പ്ലാൻ. അടുത്ത മാസം സാറിന്റെ മകൻ വരുന്നുണ്ടത്രേ. ധാരാളം പണവും കൊണ്ടായിരിക്കും അയാളുടെ വരവ്.

B. ..........................................

A. മൂന്നു മാസത്തെ അവധി ഉണ്ട്. അതിനകം പുതിയ വീടിന്റെ ജോലിയൊക്കെ തീർക്കും. അതാണ് തീരുമാനം.

## VOCABULARY

| | | | |
|---|---|---|---|
| ശകുനപ്പിഴ | 'ill omen' | കിണർ | 'well' |
| കയറ് | 'rope' | അറുത്തു | 'cut' |
| (അറക്ക് | 'to cut') | അററു | 'broke' |
| (അറ് | 'to break') | വെള്ളംകോരു് | 'to draw water' |
| വയ്പ് | 'cooking' | പൊരിച്ച | 'fried' |
| (പൊരിക്ക് | 'to fry') | മീൻ | 'fish' |
| ഇറച്ചിക്കറി | 'meat curry' | വറക്ക് | 'to fry' |
| പണി | 'work' | പ്രയാസം | 'difficulty' |
| താളത്തിനു തുള്ളു് | 'to dance to somebody's tune' | | |
| താളം | 'rhythm' | തുള്ള് | 'to jump' |
| മറവി | 'forgetfulness' | ലോഹ്യം | 'formality' |

| | | | |
|---|---|---|---|
| പൊതി | 'packet' | പീസ് | 'piece' |
| ചീട്ടിത്തുണി | 'cotton cloth' | ഉടുപ്പ് | 'stitched garment' |
| ഫ്രോക്ക് | 'frock' | ആട് | 'goat' |
| പെറ്റു | 'delivered, gave birth to' | | |
| (പെറ് | 'to give birth') | ലിറ്റർ | 'litre' |
| വിറ്റു | 'sold' | (വിൽക്ക് | 'to sell') |
| തീരുമാനം | 'decision' | എരുമ | 'buffalo' |
| കോഴി | 'fowl' | മുട്ട | 'egg' |
| പശു | 'cow' | കറവ | 'milking' |
| ചത്തു | 'died' | (ചാക് | 'to die') |
| സുഖക്കേട് | 'disease' | താറാവ് | 'duck' |
| കച്ചവടം | 'business' | കേമം | 'great' |
| ലാഭം | 'profit' | നഷ്ടം | 'loss' |
| ജീവിക്ക് | 'to live' | | |

**NOTE**

10.39.1. More verbs in the past tense are used. Additional verb stems taking different past tense markers are introduced.

Note that the verbs അറു, പെറു take -റ for the past as അറ്റു, പെറ്റു.

10.39.2. താളത്തിനു തുള്ള് 'to dance to one's tune' is an idiomatic usage.

10.39.3. Note the usage കുഞ്ഞുങ്ങളുടെ അച്ഛൻ 'children's father' to refer to husband. Traditional women do not refer to husband by name. Instead they will be referred to by other kinship terms as children's father, somebody's brother, etc.

UNIT 10

# LESSON 40

## നിന്നെപ്പോലെ പുണ്യം ഞാൻ ചെയ്തില്ല

### CONVERSATION

| | | |
|---|---|---|
| പൈലി: | മഴ പെയ്യുമോ മത്തായീ? ഇനീം പത്തു പന്ത്രണ്ടു കുഴീംക്കൂടെ വെട്ടണമല്ലോ. നേരവും ഇരുട്ടുന്നു. ഇന്നുതന്നെ ഒക്കെ നടണം. മിനിഞ്ഞാന്നു മുപ്പത്തു തൈകൾ നട്ടു. | Will it rain, Mathai? Still I have to dig ten to twelve pits more. It is getting dark. Today itself I have to plant every thing. Day before yesterday we planted thirty seedlings. |
| മത്തായി: | ഇന്നിനി പററുമോ പൈലിച്ചേട്ടാ? ഇന്നലേം ഈ സമയത്തു മഴ പെയ്തില്ലേ? ഇന്നും പെയ്യാം. | Will it be possible today? Didn't it rain this time even yesterday? Today also it may rain. |

| | | |
|---|---|---|
| പൈലി: | ഇന്നലെ പെയ്തു. അതുകൊണ്ടു് ഇന്നും പെയ്യുമോ? അങ്ങനെ വല്ല നിയമവും ഉണ്ടോ? | It rained yesterday. So should it rain today also? Is there any rule like that? |
| മത്തായി: | അങ്ങനത്തെ നിയമം ഒന്നുമില്ല. എന്റെ ഊഹം ആണു്. | There is no such rule like that. It is my guess. |
| പൈലി: | അതു ശരി. | That is it. |
| മത്തായി: | ചേട്ടൻ രാവിലെമുതൽ കിളയ്ക്കുന്നല്ലോ. എന്നിട്ടും പത്തിരുപതു കുഴി കുഴിച്ചു. അത്ര തന്നെ. | You are digging since the morning. Even then you digged about ten to twenty pits. That's all. |
| പൈലി: | എടോ, ഇതു കടത്തിണ്ണയിലെ വാചകമടിപോലെ അല്ല. നന്നായി മെയ്യനക്കണം. കുറച്ചു പ്രയാസം ഉണ്ടു്. എന്താ, നോക്കുന്നോ ഒരു കൈ? | My boy, this is not like gossiping on shop verandahs. You should exercise your body well. It is a bit difficult. What do you say? Do you mind a trial? |
| മത്തായി: | എനിക്കു് ഇപ്പണിയൊന്നും വയ്യ. നിങ്ങൾക്കൊക്കെയേ പററൂ. ഈ കൃഷിപ്പണിക്കും ഒരു കലാവിരുതൊക്കെ വേണം. അതാ, ചേട്ടന്റെ വേലതന്നെ നോക്കണം. എന്തൊരു ഭംഗി! എല്ലാ കുഴികളും ഒരേ അകലത്തിൽ, ഒരേ വട്ടത്തിൽ. | I cannot do this work. Only you people can. Even this agricultural work needs some artistic skill. Look at your own work. How beautiful it is! All pits are of equal distance with the same diameter. |
| പൈലി: | താനേ ഇതിനെ പുകഴ്ത്തൂ. നന്നായി നോക്കു്. ആ രണ്ടു കുഴികൾ തമ്മിൽ കുറച്ചു കൂടുതൽ അകന്നില്ലേ? | You alone will praise this. Look carefully. Isn't the space between two pits a little more? |

| | | |
|---|---|---|
| മത്തായി: | അങ്ങനെയൊക്കെ നോക്കാനൊക്കുമോ? ഒരു വിധം അങ്ങ് ഒപ്പിക്കണം. | Can we see so minutely? Somehow one should manage. |
| പൈലി: | മത്തായീ, എല്ലാത്തിനും നീ ഒരെളുപ്പ വഴി കണ്ടുപിടിക്കും. തന്റെ ജീവിതവും അതെ. സൂത്രത്തിൽ അങ്ങു് കഴിയും. നിന്നെപ്പോലെ പുണ്യം ഞാൻ ചെയ്തില്ല. അതുകൊണ്ടു് കുറെ കഷ്ടപ്പെടണം. അതാണു് തലവിധി. | Mathai, for every thing you will find out a short cut. Even your life is like that. Somehow you will get along. I am not as lucky as you are. So I should suffer a bit. That is the fate. |
| മത്തായി: | ഇതു തലേലെഴുത്തിന്റെ കാര്യമൊന്നുമല്ല. ചേട്ടൻ വേറെ ആരുടെ ജോലികൊണ്ടും തൃപ്തിപ്പെടില്ല. എനിക്കങ്ങനെയല്ല. ആരോ ചെയ്യട്ടെ. എങ്ങനെയും കാര്യം നടക്കണം. അത്രതന്നെ. | This is not a matter of fate. You will not be satisfied by anybody's work. I am not like that. Let anybody do. Somehow I should get the things done. That's all. |
| പൈലി: | നിന്റെ പ്രസംഗം കൊണ്ടു് എനിക്കു വയ്യ. മടുത്തെടോ. മടുത്തു. ഒന്നു് നിർത്തു്. അന്നമ്മേ, ഒന്നിങ്ങോട്ടുവാ. മത്തായിക്കു് എന്തെങ്കിലും കുടിക്കാൻ കൊടുക്കു്. | I am fed up with your lectures. Please stop. Annamma, please come. You please give Mathai something to drink. |
| മത്തായി: | ചേട്ടാ, ഈ ത്രിസന്ധ്യക്കു് എനിക്കു് കാപ്പീം, ചായേം ഒന്നും വേണ്ട. | Chettan, at this dusk time I don't need any coffee or tea. |
| പൈലി: | പിന്നെ കള്ളുകുടിക്കുന്നോ? അതിനെനിക്കു കള്ളു കച്ചവടം ഇല്ലല്ലോ. കഷ്ടം! | Then will you drink toddy? For that I don't have the toddy business. What a pity! |

| | | |
|---|---|---|
| മത്തായി: | കുഴപ്പമായല്ലോ. ചേട്ടനോട് മിണ്ടാനേ പററില്ല. | It is really dangerous. I just cannot talk to you. |
| പൈലി: | താൻ ഒന്നും മിണ്ടണ്ട. വെറുതെ എന്തിനു കള്ളം പറയുന്നു? മിനിഞ്ഞാന്നു താൻ ഈ സമയത്തു് ഇവിടുന്നു് ചായയും, കപ്പയും കഴിച്ചില്ലേ? | You don't talk anything. Why should you tell lies? Day before yesterday didn't you have tea and tapioca from here at this hour? |

**VOCABULARY**

| | | | |
|---|---|---|---|
| കുഴി | 'pit' | നട് | 'to plant' |
| തൈകറ | 'nursery' plants, seedlings' | നിയമം | 'rule, law' |
| ഊഹം | 'guess' | കിളയ്ക്ക് | 'to dig' |
| കുഴിച്ചു | 'dug' | | |
| (കുഴിക്കു് | 'to dig' ) | കടത്തിണ്ണ | 'verandah of shop' |
| വാചകമടി | 'gossip' | | |
| മെയ്യനക്കു് | 'to move the body' | മെയ്യ് | 'body' |
| അനക്കു് | 'to move' (transitive) | | |
| ഒരു കൈ നോക്കു് | 'to try once' | | |
| കലാവിരുതു് | 'artistic skill' | | |
| വേല | 'work' | അകലം | 'distance' |
| വട്ടം | 'circle' | പുകഴ്ത്തു് | 'to praise' |
| അകന്നു | 'got separated' | | |
| (അകല് | 'to be separate, be away) | | |
| ജീവിതം | 'life' | സൂത്രം | 'trick' |
| പുണ്യം | 'sacred deed' | | |
| കഷ്ടപ്പെട് | 'to suffer' | തലവിധി | 'fate, luck' |
| തലയിലെഴുത്തു് (തലേലെഴുത്തു്) | 'fate, luck' | | |
| തൃപ്തിപ്പെട് | 'to be satisfied' | | |
| മടുത്തു | 'got bored' | | |
| (മടുക്കു് | 'to get bored, to be fed up with') | | |
| കള്ളു് | 'toddy' | കപ്പ | 'tapioca' |

## EXERCISES

I Select the words from the given list and complete the sentences.

പറയുമോ, പററില്ലേ, നട്ടു, ശല്യപ്പെടുത്തി, ഉണ്ടാക്കിയോ, മണിയടിക്കാൻ, ചത്തു, പഠിപ്പിച്ചോ, വായിച്ചില്ല, പെയ്യുമോ, വരുന്നോ, അയച്ചില്ലേ, കുടിക്കില്ലേ, വെന്തു, എത്തി.

1. നിങ്ങളുടെ ആ കൂട്ടുകാരനു് ഒട്ടും കള്ള ———?
2. നിൻെറ പുസ്തകമൊന്നും ഞാൻ ———.
3. ഞങ്ങളുടെ വീട്ടിലെ താറാവും ആടുമൊക്കെ എന്നേ ———.
4. ഈ ചെറിയ ജോലിയും നിനക്കു് ചെയ്യാൻ ———?
5. അയാൾ സ്വന്തം മകൾക്കു കത്തു് ———?
6. നാളെ ഈ സമയവും മഴ ———?
7. ആ മരത്തിൻെറ തൈ ഞാൻ പത്തുവർഷങ്ങൾക്കു മുൻപേ ———.
8. ആരേയും ——— അവനു കഴിയും.
9. ആ അസമയത്തും അദ്ദേഹത്തിനെ നമ്മൾ ———.
10. നിങ്ങളുടെ ഇളയ മകളേയും എല്ലാ ജോലിയും ചെയ്യാൻ ———?
11. അരിയും കറിയുമൊക്കെ അപ്പോഴേ———.
12. സിനിമ കാണാൻ നീയും എൻെറകൂടെ ———?
13. പലഹാരമൊക്കെ അത്രവേഗം ———?
14. അമ്മയോടും നീ ആ ഉത്തരം ———?
15. അവൻ ഇന്നലെത്തന്നെ ഇവിടെ ———.

II Rewrite the following sentences in the past tense.

1. ഭാര്യമാർ കാരണം ആ കൂട്ടുകാർ തമ്മിൽ അകലുന്നു.
2. പഴയ കയർ വേഗം അറുന്നു.
3. പന്ത്രണ്ടുമണിക്കു് ചോറൊക്കെ കെട്ടിവയ്ക്കുന്നു.
4. പശുവിനെക്കാൾ മുൻപേ കോഴിയൊക്കെ ചാകുന്നു.
5. ഈ ഞായറാഴ്ചയും മഴ പെയ്യുന്നു.
6. ആരു ക്ലാസിനു വെളിയിൽ നോക്കുന്നു?
7. ഞാൻ കഥകളി കാണുന്നു.
8. എത്ര പേർ സിനിമയ്ക്കു് പോകുന്നു
9. താൻ എന്നേയും പിശുക്കനെന്നു മുദ്രകുത്തുന്നോ?
10. വലിയവർ കൂട്ടുകാരെ വേഗം മറക്കുന്നു.
11. സമയം വെറുതെ കളയുന്നു.
12. ആരൊക്കെ ആ പാർട്ടിക്കു് മുൻകൈ എടുക്കുന്നു?

III Rewrite the following sentences in future tense.

1. എല്ലാ പരീക്ഷയിലും അവൻ തോററു.
2. ഹോസ്റ്റലിൽനിന്നു് ഓഫീസുവരെ അയാൾ നടന്നു.
3. ഇന്നു് വളരെനേരം കുട്ടി കരഞ്ഞു.
4. നിന്റെ ജോലിയൊക്കെ ആരു ചെയ്തു?
5. ഈ ആഘോഷത്തിനു് ആരു് അദ്ദേഹത്തിനെക്കൊണ്ടു് സമ്മതിപ്പിച്ചു?
6. അയാളുടെ ഏററവും ഇളയ മകനും ഒരു ഡോക്ടർ ആയി.
7. അത്രയും സമയം അവിടെ നീ എങ്ങനെ നിന്നു?
8. നീ എപ്പോൾ ചോറുണ്ടു?
9. ഞാൻ അപ്പുറത്തെ വീട്ടിലെ കിണററിൽനിന്നു വെള്ളം കോരി.
10. സർക്കസു് കാണാൻ അമ്മ നിന്നേയും വിട്ടോ?
11. അവരുടെ തലമുടി വേഗം നരച്ചു.
12. എത്രപേർ ആ വലിയ കസേരയിൽ ഇരുന്നു?

IV Using the given verb stems complete the sentences in present, future and past tense.

1. സാഹിത്യ സമ്മേളനം മലയാളികളും ———. (നടത്തു്)
2. അയാൾ വലിയ വീടും ———. (വിൽക്കു്)
3. ഒന്നാം സമ്മാനം ആർക്കു ———? (കിട്ടു്)
4. മകളുടെ പിറന്നാളിനു് അച്ഛൻ അവൾക്കൊരു സമ്മാനം ———. (കൊടുക്കു്)
5. മഴയത്തു് തുണിയെല്ലാം ———? (നനയു്)
6. മീനും, ഇറച്ചിയുമൊക്കെ ———. (വറക്കു്)
7. ആ വീട്ടിൽ അങ്ങനത്തെ കാര്യങ്ങളും ———? (നടക്കു്)
8. പലഹാരം മുഴുവനും കുഞ്ഞു് ———. (തിൻ)
9. എത്ര മണിക്കു് ടീച്ചർ ക്ലാസു് ———? (വീടു്)
10. എല്ലാ തൊഴിലും അയാൾ ———. (ചെയ്യു്)
11. പാത്തുമ്മയുടെ ആടു് ———? (പെറു്)
12. അമ്മയോടു് ഞാൻ എല്ലാ കാര്യവും ———. (പറയു്)

V Give one question each for the following sentences. Use the question word for the underlined part of the sentence.

1. അമ്മ വാസുവിനെ വിളിച്ചു.
2. മിനിഞ്ഞാന്നു ഞാൻ നാട്ടിൽ പോയി.
3. ഇന്നു രാവിലെ പത്തുമണിക്ക് ഞാൻ ഇവിടെ എത്തി.
4. നാട്ടിലെ വിശേഷങ്ങളൊക്കെ ഞാൻ കൂട്ടുകാരനോടു പറഞ്ഞു.
5. ഉച്ചയ്ക്ക് പന്ത്രണ്ടുമണിക്ക് ഞാൻ അമ്മയ്ക്ക് കത്ത് എഴുതി.
6. വീട്ടിൽനിന്ന് ഞാൻ ഈ സാധനങ്ങളൊക്കെ കൊണ്ടുവന്നു.
7. നാട്ടിൽ ഞാൻ ഒരു മലയാളം സിനിമ കണ്ടു.
8. കുട്ടി കഥ പറഞ്ഞു.
9. മീനയുടെ കൂട്ടുകാരി ഒരു ഡോക്ടറായിരുന്നു.
10. ശാന്തിനഗറിലെ പത്താമത്തെ വീട്ടിലും ഞാൻ പോയി.
11. ഞാൻ ബസ്സിൽ വന്നു.
12. ഗുരുവായൂരിൽവച്ച് ആ കല്യാണം നടന്നു.
13. കുഞ്ഞുങ്ങൾക്കുവേണ്ടി അച്ഛനമ്മമാർ ജീവിക്കുന്നു.
14. കമലയെപ്പററി അദ്ദേഹം കവിത എഴുതി.

VI Match the following.

| | |
|---|---|
| 1. സിഗരററ് | a പെററു |
| 2. മഴ | b എഴുതി |
| 3. പിറന്നാൾ | c ഉണ്ടു |
| 4. പശു | d കളിച്ചു |
| 5. ഇറച്ചി | e പറഞ്ഞു |
| 6. പുസ്തകം | f വലിച്ചു |
| 7. കളി | g കോരി |
| 8. പരാതി | h ആഘോഷിച്ചു |
| 9. ചോറ് | i വറുത്തു |
| 10. വെള്ളം | j നനഞ്ഞു |

## VII Fill up the incomplete dialogues.

1. A. നായർ എപ്പോൾ വന്നു? കൂട്ടുകാരെയൊക്കെ കണ്ടോ?

B. ......................................

A. അതെന്താ? സമയം ഇല്ലായിരുന്നോ?

B. ......................................

A, എന്താ പക്ഷേ? പണം ഉണ്ടായിരുന്നില്ലേ? എറണാകുളത്തൊന്നും പോയില്ലേ?

B. ......................................

A. കഷ്ടം! എന്താണസുഖം?

B. ......................................

A. എത്ര വയസ്സായി?

B. ......................................

A. ഓഹോ? അത്രയും ആയോ? അതിരിക്കട്ടെ. ആരുടെ ചികിത്സയിലാണിപ്പോൾ?

B. ......................................

A. അല്ലാ, നിങ്ങളുടെ ചേട്ടനും ഡോക്ടറാണോ? പിന്നെ വലിയ വിഷമം ഒന്നുമില്ലല്ലോ?

B. ......................................

2. A. മധൂ, വാ നമുക്ക് വീണയുടെ വീട്ടിൽ പോകാം.

B. ......................................

A. എന്താ? അവൾ നിന്നേയും വിളിച്ചില്ലേ?

B. ......................................

A. അതു പോരേ? ഇന്നലെ പറഞ്ഞല്ലോ. ഇന്നല്ലേ അവളുടെ പിറന്നാള്?

B. ......................................

A. അതിന് നിനക്കെന്ത്? വേണുവിനോട് അന്നേ അവൾ ഇതിനെപ്പറ്റി പറഞ്ഞോ? നീയെങ്ങനെ അറിഞ്ഞു?

B. ......................................

A. രാധ പറഞ്ഞോ? അങ്ങനെ വരട്ടെ. ഞാൻ അവളെയൊന്നു കാണട്ടെ. അവളാണ് ഈ വഴക്കിനൊക്കെ കാരണം.

B. ......................................

3. A. ........................................

B. അച്ഛൻ വരട്ടെ. അതിനെന്താ? ഞാനിവിടെ ഒന്നും ചെയ്യുന്നില്ലല്ലോ ആഴ്ചപ്പതിപ്പു വായിക്കുന്നു.

A. ........................................

B. എഴുതി അമ്മാ. അതൊക്കെ ഇന്നലെ രാത്രിതന്നെ എഴുതി. ഇന്നു ഞായറാഴ്ചയല്ലേ? ഇന്നു മുഴുവൻ എനിക്കു കളിക്കണം.

A. ........................................

B. എല്ലാവരും വരില്ല. വാസുവും, ജയയും വരും. ഞങ്ങൾ പിന്നെ രവീടെ വീട്ടിൽ പോകും.

A. ........................................

B. അച്ഛനോട് ഇതും ചോദിക്കണോ? അമ്മേടെ അനുവാദം പോരേ?

A. ........................................

B. അതൊന്നും എനിക്കറിയില്ല. ഞാനിതാ അമ്മയോടു പറയുന്നു. അവരൊക്കെ അതാ വരുന്നു. ഞാൻ പോട്ടെ.

A. ........................................

B. അതുവരെ എങ്ങനെ ഇവിടെ ഇരിക്കും.? ഇവിടെ കളിക്കാൻ ഒട്ടും സ്ഥലമില്ലല്ലോ.

UNIT 11

LESSON 41

# മേലധികാരിയുടെ വീട്ടിലെ സദ്യ

## CONVERSATION

| | | |
|---|---|---|
| പണിക്കർ: | നിങ്ങളെ ഇന്നലെ മേനോൻ സാറിൻെറ വീട്ടിലെ സദ്യയ്ക്ക് കണ്ടില്ലല്ലോ. | Yesterday I didn't see you at the feast in Menon Sir's residence. |
| ജോസഫ്: | അതെങ്ങനെ നിങ്ങൾ എന്നെ കാണും? ഞാൻ അവിടെ വന്നില്ലല്ലോ. | How will you see me? I didn't come there. |
| പണിക്കർ: | അങ്ങനെയോ? മേനോൻ സാർ പല പ്രാവശ്യം എന്നെ വിളിച്ച് നിങ്ങളെപ്പററി അന്വേഷിച്ചു. | Is it so? Many times Menon Sir called me and enquired about you. |

| | | |
|---|---|---|
| ജോസഫ്: | ആ ആൾക്കൂട്ടത്തിൽ എന്നെപ്പറ്റി നിങ്ങളോടു ചോദിച്ചോ? അതെന്തിനാ? അയാൾ എന്നെ സദ്യയ്ക്കു വിളിച്ചില്ല. ഞാൻ പോയില്ല. പിന്നെന്തിനായിരുന്നു ആ അന്വേഷണം? | Did he ask about me in that crowd? Why did he do that? He didn't call me for the feast. I didn't go. Then what was the need for that enquiry? |
| പണിക്കർ: | അങ്ങനെ പറയാമോ ജോസഫ്? നമ്മളെയൊക്കെ അദ്ദേഹം ഒരുമിച്ചു ക്ഷണിച്ചില്ലേ? | Can we say like that Joseph? Didn't he invite all of us together. |
| ജോസഫ്: | എന്തോ. ഞാനങ്ങനെ കരുതുന്നില്ല. മിക്ക പേരെയും അയാൾ വീട്ടിൽ പോയി വിളിച്ചു. ഞങ്ങളുടെ അടുത്ത വീട്ടിൽപോലും വന്നു. പക്ഷെ എന്നെക്കണ്ടു പറയാൻ മാത്രം അയാൾക്കു തോന്നിയില്ല. പിന്നെ ഞാനെന്തിന് അവിടെ പോകണം? പറയൂ. നിങ്ങളുടെ വീട്ടിലും അയാൾ വന്നു പറഞ്ഞില്ലേ? | I doubt. I don't think so. He went to the houses and invited most of the people. He came even to our next door. But he didn't feel like inviting me in person. Then why should I go there? Tell me. Didn't he come and tell you at your house too? |
| പണിക്കർ: | എന്നെ ക്ഷണിക്കാൻ വേണ്ടിമാത്രം വന്നില്ല. വേറെ ഒരു കാര്യം പറയാൻ ഉണ്ടായിരുന്നു. | He didn't come only to invite me. He had some other urgent thing to inform. |
| ജോസഫ്: | അതെന്തിനോ ആകട്ടെ. അയാളുടെ വരവിന്റെ വിവിധോദ്ദേശങ്ങളൊന്നും എനിക്കറിയണ്ട. നേരിട്ടു വന്നു ക്ഷണിച്ചോ ഇല്ലയോ? അതാണു കാര്യം. | Let it be for anything. I don't want to know about the different purposes of his visit. Did he personally come and invite me or not? That is what matters. |

| | | |
|---|---|---|
| പണിക്കർ: | അത്രയ്ക്കു വാശിപിടിക്കാമോ? | Can we be so obstinate ? |
| ജോസഫ്: | പിന്നെ? നമ്മുടെ അടുത്ത സെക്ഷനിലെ ചിലരെപ്പോലും അയാൾ നേരിട്ടു ഫോൺ ചെയ്തു പറഞ്ഞു. എന്നോടു് ആ സൗജന്യവും കാണിച്ചില്ല. ഒരു ലോഹ്യത്തിനുവേണ്ടി ഇവിടെ എല്ലാർക്കുംകൂടെ ഒരു കുറിപ്പു കൊടുത്തയച്ചു. ഞാനും അതിനത്ര പ്രാധാന്യം നൽകിയില്ല. അയാളുടെ രീതിയിൽത്തന്നെ ഞാനും പെരുമാറി. | Why not ? He directly telephoned and told some people belonging to other sections even. He didn't show even that consideration to me. Just for a formality he sent a joint note to everybody here. I too didn't give that much of importance to it. I behaved in his own fashion. |
| പണിക്കർ: | എന്തിനിങ്ങനെ ദേഷ്യപ്പെട്ടു സംസാരിക്കുന്നു? അദ്ദേഹം നമ്മുടെ മേലധികാരിയല്ലേ? | Why do you talk so angrily ? Isn't he our superior officer ? |
| ജോസഫ്: | അതുകൊണ്ടെന്താ? നമുക്കും കുറച്ചഭിമാനമൊക്കെയില്ലേ? നമ്മൾ അയാളുടെ അടിമകളാണോ? പിന്നെ തന്നെപ്പോലെ മണിയടിക്കാനൊന്നും എനിക്കാവില്ല. | So what ? Don't we also have some prestige ? Are we his slaves ? I cannot polish him as you do. |
| പണിക്കർ: | എടോ ജോസഫേ, തനിക്കു കുറച്ചു കൂടിപ്പോകുന്നു. അതിരു കടന്നു സംസാരിക്കരുത്. പറഞ്ഞു പറഞ്ഞു തന്നെത്തന്നെ മറക്കാമോ? ഈ പ്രായത്തിൽ രക്തം കുറച്ചു തിളയ്ക്കും. പക്ഷെ നമ്മൾ കുറെയൊക്കെ അടക്കണം. ഇല്ലെങ്കിൽ വെറുതെ കഷ്ടപ്പെടും. പഴയ കഥയൊക്കെ ഓർമ്മിച്ചു നടക്കണം. | Joseph, this is too much. You shouldn't talk exceeding the limit. Can you forget yourself by talking ? At this age the blood will boil. But we should control to some extent. If we don't we will suffer unnecessarily. You should remember the old stories. |

| | |
|---|---|
| ജോസഫ്: താൻ എന്നെ പേടിപ്പിക്കുന്നോ? ഞാൻ വെറുതെ ഇവിടെ ഇരുന്നു ജോലി ചെയ്യുന്നു. താൻ എന്റെയടുത്തു വന്നു വഴക്കു കൂടുന്നു. എന്നിട്ടും എനിക്കു മുന്നറിയിപ്പു തരാൻ താൻ ധൈര്യപ്പെടുന്നു. താൻ സൂക്ഷിച്ചു പെരുമാറാൻ പഠിക്കണം. ഇല്ലെങ്കിൽ കാര്യം കുഴപ്പമാകും. | Are you threatening me? I simply sit here and attend to my work. You come and quarrel with me. Still you dare to give me warning. You must learn to behave carefully. If not it will be dangerous. |

## DRILLS

### A. Repetition drill

a 1. മേനോൻ സാറു എന്നെ വിളിച്ച് നിങ്ങളെപ്പററി അന്വേഷിച്ചു.
2. നിങ്ങളുടെ വീട്ടിലും അയാൾ വന്നു പറഞ്ഞു.
3. എന്തിനിങ്ങനെ ദേഷ്യപ്പെട്ടു സംസാരിക്കുന്നു?

b 1. മിക്കപേരേയും വീട്ടിൽ പോയി ക്ഷണിച്ചു.
2. കുട്ടി ഉറങ്ങി എണീററു.
3. അപ്പൂപ്പൻ പാട്ടുപാടി ചെറുമക്കളെ ഉറക്കി.

c 1. മേലധികാരിയെ പുകഴ്ത്തിപ്പറഞ്ഞു.
2. കുറിപ്പു കൊടുത്തയക്കട്ടോ?
3. പഴയ കഥയൊക്കെ ഓർമ്മിച്ചു നടക്കണം.
4. സൂക്ഷിച്ചു പെരുമാറാൻ പഠിക്കണ്ടേ?
5. എല്ലാവരേയും ഒരുമിച്ചു ക്ഷണിച്ചില്ലേ?

d 1. പറഞ്ഞുപറഞ്ഞു തന്നെത്തന്നെ മറക്കാമോ?
2. കഥ കേട്ടുകേട്ട് കുഞ്ഞുറങ്ങി.
3. നടന്നു നടന്നു വീട്ടിൽ എത്തി.

e 1. നിങ്ങളുടെ വീട്ടിൽ വന്നു പറഞ്ഞില്ലേ?
2. തൈകൾ നട്ടു വെള്ളം കോരിയില്ല.
3. ആഹാരം കഴിച്ചുറങ്ങണ്ടേ?
4. ആരേയും കണ്ടു പറയണ്ട.
5. പണം കൊടുത്തു ജോലി വാങ്ങണ്ട.

## f. Sandhi Practice

1. ഉണ്ടാക്കി + തന്നു > ഉണ്ടാക്കിത്തന്നു.
എഴുതി + പഠിച്ചു > എഴുതിപ്പഠിച്ചു.
പാടി + കേട്ടു > പാടിക്കേട്ടു.
നോക്കി + കണ്ടു > നോക്കിക്കണ്ടു
ഉറങ്ങി + തുടങ്ങി > ഉറങ്ങിത്തുടങ്ങി
മനസ്സിലാക്കി + തന്നു > മനസ്സിലാക്കിത്തന്നു
പോയി + ചത്തു > പോയിച്ചത്തു
പുകഴ്ത്തി + പറഞ്ഞു > പുകഴ്ത്തിപ്പറഞ്ഞു.
കോരി + കുടിച്ചു > കോരിക്കുടിച്ചു
കയറി + കിടന്നു > കയറിക്കിടന്നു

## B. Build up drill

### Model

കളിച്ചു.
കളിച്ചു.
എണ്ണീററ്
എണ്ണീററ് കളിച്ചു.
അഞ്ചുമണിക്കുതന്നെ
അഞ്ചുമണിക്കുതന്നെ എണ്ണീററു കളിച്ചു.
രാവിലെ
രാവിലെ അഞ്ചുമണിക്കുതന്നെ എണ്ണീററു കളിച്ചു.
മോഹൻ
മോഹൻ ഇന്നു രാവിലെ അഞ്ചുമണിക്കുതന്നെ എണ്ണീററു കളിച്ചു.

1. ചെയ്യുന്നു
ജോലി ചെയ്യുന്നു
ഇരുന്നു ജോലി ചെയ്യുന്നു
കസേരയിൽ ഇരുന്നു ജോലി ചെയ്യുന്നു
തന്റെ കസേരയിൽ ഇരുന്നു ജോലി ചെയ്യുന്നു
അയാരം തന്റെ കസേരയിൽ ഇരുന്നു ജോലി ചെയ്യുന്നു

2. കാര്യം കാണാം
എത്രനാരം കാര്യം കാണാം?
മണിയടിച്ചു നടന്നു് എത്ര നാരം കാര്യം കാണാം.
മേലധികാരിയെ മണിയടിച്ചു നടന്നു എത്രനാരം കാര്യം കാണാം?

3. കണ്ടില്ലേ?
പോയി കണ്ടില്ലേ?
വീട്ടിൽ പോയി കണ്ടില്ലേ?
നിങ്ങൾ വീട്ടിൽ പോയി കണ്ടില്ലേ?
അദ്ദേഹത്തിനെ നിങ്ങൾ വീട്ടിൽ പോയി കണ്ടില്ലേ?

4. ഇല്ലായിരുന്നോ?
സമയം ഇല്ലായിരുന്നോ?
പറയാൻ സമയം ഇല്ലായിരുന്നോ?
വന്നു പറയാൻ സമയം ഇല്ലായിരുന്നോ?
വീട്ടിൽ വന്നു പറയാൻ സമയം ഇല്ലായിരുന്നോ?
എന്റെ വീട്ടിൽ വന്നു പറയാൻ സമയം ഇല്ലായിരുന്നോ?

5. സംസാരിക്കുന്നില്ലല്ലോ.
ദേഷ്യപ്പെട്ടു് സംസാരിക്കുന്നില്ലല്ലോ.
ആരോടും ദേഷ്യപ്പെട്ടു് സംസാരിക്കുന്നില്ലല്ലോ.
ഞാൻ ആരോടും ദേഷ്യപ്പെട്ടു് സംസാരിക്കുന്നില്ലല്ലോ.

6. ആക്ഷേപിക്കരുതു്.
വരുത്തി ആക്ഷേപിക്കരുതു്.
വിളിച്ചു വരുത്തി ആക്ഷേപിക്കരുതു്.
വീട്ടിൽ വിളിച്ചു വരുത്തി ആക്ഷേപിക്കരുതു്.
ആളുകളെ വീട്ടിൽ വിളിച്ചു വരുത്തി ആക്ഷേപിക്കരുതു്.

7. മടുത്തു.
എനിക്കു മടുത്തു.
കേട്ടു് എനിക്കു് മടുത്തു.
കേട്ടു കേട്ടു് എനിക്കു മടുത്തു.
പ്രസംഗം കേട്ടു് കേട്ടു് എനിക്കു മടുത്തു.
തന്റെ പ്രസംഗം കേട്ടു കേട്ടു് എനിക്കു മടുത്തു.

8. ശ്രമിക്കണം
മറക്കാൻ ശ്രമിക്കണം
ബുദ്ധിമുട്ടു് മറക്കാൻ ശ്രമിക്കണം
വീട്ടിലെ ബുദ്ധിമുട്ടു് മറക്കാൻ ശ്രമിക്കണം
ജോലി ചെയ്തുചെയ്തു് വീട്ടിലെ ബുദ്ധിമുട്ടു് മറക്കാൻ ശ്രമിക്കണം
വൈകുന്നേരംവരെ ജോലി ചെയ്തുചെയ്തു് വീട്ടിലെ ബുദ്ധിമുട്ടു് മറക്കാൻ ശ്രമിക്കണം.
രാവിലെ മുതൽ വൈകുന്നേരംവരെ ജോലിചെയ്തു ചെയ്തു് വീട്ടിലെ ബുദ്ധിമുട്ടു് മറക്കാൻ ശ്രമിക്കണം.

## C. Substitution drill

1. അയാാം പുസ്തകം നോക്കി പഠിച്ചു.
   വായിച്ചു
   എഴുതി
   വാങ്ങി

2. നിൻെറ കാര്യം കേട്ടുകേട്ട് എനിക്ക് മടുത്തു.
   പറഞ്ഞ് പറഞ്ഞ്
   ചോദിച്ച് ചോദിച്ച്
   എഴുതി എഴുതി
   കണ്ടു കണ്ടു

3. അമ്മ കുട്ടിയെ വിളിച്ചു പറഞ്ഞു.
   കണ്ടു
   നോക്കി
   അടിച്ചു
   മനസ്സിലാക്കി
   ഓർമ്മിച്ചു

4. അദ്ദേഹത്തിൻെറ വീട്ടിൽ പോയി ചോദിച്ചോ?
   ഇറങ്ങി
   കയറി
   ഇരുന്നു

5. നീ അവരെപ്പററി പറഞ്ഞു ചിരിക്കുന്നോ?
   കേട്ടു
   അറിഞ്ഞു
   വായിച്ചു
   എഴുതി

6. കൊച്ചുമോൻ കിടന്നുറങ്ങി.
   നിന്ന്
   ഇരുന്ന്
   നടന്ന്

7. രാധ പാട്ടു പാടി ആസ്വദിക്കുന്നു.
   കേട്ട്
   എഴുതി
   വായിച്ച്
   പഠിച്ച്

8. കഥ വായിച്ചുറങ്ങി.
എഴുതി
പറഞ്ഞു
കേട്ട്

9. സമ്മാനം വാങ്ങി വീട്ടിൽ എത്തി.
പോയി
വന്നു
എത്തി
കൊണ്ടുവന്നു
കൊണ്ടുപോയി

10. രാവിലെ എണീററു കളിച്ചു.
വായിച്ചു
പഠിച്ചു
എഴുതി
പോയി
വന്നു
കണ്ടു

## D. Transformation drill

Model

അയാാം എന്നെ വീട്ടിൽ വന്നു വിളിച്ചു.
അയാാം എന്നെ വീട്ടിൽ വന്നു വിളിച്ചില്ല.

1. സുകമാരൻ പാട്ടുപാടി നടന്നു.
2. ആ കാര്യം കേട്ടു ഞാൻ പോയി.
3. ഞാൻ കാര്യങ്ങാം മനസ്സിലാക്കി പറഞ്ഞു.
4. കൂട്ടുകാരെയൊക്കെ കണ്ടു ക്ഷണിച്ചു.
5. വാക്കുകാം ചോദിച്ചെഴുതി
6. പലഹാരം ഉണ്ടാക്കിത്തിന്നു.
7. രാഘവൻ അവിടെ ഇരുന്നുറങ്ങി.
8. അദ്ദേഹത്തിൻെറ പ്രസംഗം കേട്ടു മടുത്തു.
9. അമ്മയോടു ചോദിച്ചു വാങ്ങിച്ചു.

## E. Split up drill

### Model 1

അയാൾ ജോലിചെയ്തു ജീവിച്ചു. >
അയാൾ ജോലിചെയ്തു
അയാൾ ജീവിച്ചു.

1. അവർ വെള്ളം കോരിക്കുടിച്ചു.
2. അദ്ദേഹം വഴിചോദിച്ചു പോയി.
3. ഭാർഗ്ഗവിയമ്മ വെള്ളം കോരി കൊണ്ടുവന്നു.
4. അമ്മ ചോറുവച്ചു വിളമ്പി.
5. അന്നമ്മ തയിരു വിററു പണം ഉണ്ടാക്കി.

### Model 2

മത്തായി കുടിച്ചു നടക്കുന്നു. >
മത്തായി കുടിക്കുന്നു
മത്തായി നടക്കുന്നു

1. അവർ കള്ളം പറഞ്ഞു ജീവിക്കുന്നു.
2. കള്ളൻ വീട്ടിൽ കയറി ഉടമസ്ഥനെ അടിക്കുന്നു.
3. കുഞ്ഞ് അമ്മേടെ പാട്ടു കേട്ടുറങ്ങുന്നു.
4. അവൻ പുതിയ തുണി വാങ്ങിച്ചു തയ്ക്കുന്നു.
5. സിനിമാതാരങ്ങൾ പാർട്ടികൾ നടത്തി ജീവിക്കുന്നു.

### Model 3

താര പഠിച്ചു പരീക്ഷ ജയിക്കും >
താര പഠിക്കും
താര പരീക്ഷ ജയിക്കും

1. മോഹൻ വീടു വാങ്ങി അനിയനു കൊടുക്കും.
2. കുട്ടി പന്തു കളിച്ചു നടക്കും.
3. അവൻ ആഴ്ചപ്പതിപ്പു വായിച്ചുറങ്ങി.
4. രാധ തുണി തച്ചു പണം ഉണ്ടാക്കും.
5. അവർ കഥകളികണ്ടു് ആസ്വദിക്കും.

## Model 4

നീ പണം എടുത്തു കളയരുതു്. <
നീ പണം എടുക്കരുതു്.
നീ പണം കളയരുതു്.

1. മോനേ നീ അമ്മയെ വിളിച്ചു കരയരുതു്.
2. പൈലിക്കു് തൈകൾ നട്ടു വെള്ളം കോരണം.
3. ആളിനെ നേരിട്ടു കണ്ടു ചോദിക്കട്ടെ.
4. കുഴി വെട്ടി തൈനടാം.
5. നിങ്ങൾ ഓടി വരൂ.

## Model 5

അമ്മ ചോറുകെട്ടി വച്ചില്ല. <
അമ്മ ചോറു കെട്ടിയില്ല.
അമ്മ വച്ചില്ല.

1. നീ കൂട്ടുകാരനെ വിളിച്ചു പറഞ്ഞില്ല.
2. സീത ആ സംഭവം നോക്കി ഇരുന്നില്ല.
3. ഞാൻ അവരോടു് സംസാരിച്ചു് അവിടെ നിന്നില്ല.
4. അദ്ദേഹം അവളെ സമ്മതിപ്പിച്ചു കൊണ്ടു വന്നില്ല.
5. അവൾ ചിത്രം കാണിച്ചു പഠിപ്പിച്ചില്ല.

## EXERCISES

I Combine the following words.

1. കത്തിരി + തോട്ടം
2. ഓടി + പോയി
3. തുടങ്ങി + തന്നു
4. മാറി + കിട്ടി
5. കയറി + പോയി
6. ഇറങ്ങി + തന്നു
7. മനസ്സിലാക്കി + പറഞ്ഞു
8. ഉറങ്ങി + കിടത്തി
9. കയറി + കിടന്നു
10. തൂങ്ങി + ചത്തു

II Fill in the blanks using the correct forms of the words given.

1. നിന്റെ കാര്യം കേട്ടു് ഞാൻ ———. (വരു്)
2. കഥകളി ——— ആസ്വദിക്കണം. (കാണു്)
3. പച്ചവെള്ളം ——— പനി വരുത്തണ്ട. (കുടിക്കു്)
4. ഫോണിൽ ——— അയാളെ ശല്യപ്പെടുത്തരുതു്. (വിളിക്കു്)
5. പണം ——— ഞാൻ വന്നില്ല. (ചോദിക്കു്)

459

6. കയർ ——— തൊട്ടി കിണററിൽ വീണില്ല. (അറു)
7. ഞാൻ സിനിമാതാരങ്ങളെ അന്വേഷിച്ചു ———. (പോക്)
8. ജോലി ——— സന്തോഷിക്കരുതു്. (മറക്കു്)
9. താക്കോൽ ——— പൂട്ടു തുറക്കണം. (എടുക്കു്)
10. വീട്ടിൽ ——— വാതിൽ അടച്ചു. (കയറു്)
11. അമ്മ ——— കുഞ്ഞിനെ ഉറക്കുന്നു. (പാടു്)
12. കഥ ——— എനിക്കു് ഉറക്കം വരുന്നു. (കേൾക്കു്)

## III Combine the given sets of sentences into single sentences.

1. അവൻ വരും.
   അവൻ നിങ്ങളെ കൊണ്ടുപോകും.
2. രാഘവൻ അവന്റെ മുറിയിൽ കിടക്കുന്നു.
   രാഘവൻ ഉറങ്ങുന്നു.
3. ഞാൻ അതു കാണട്ടെ.
   ഞാൻ പറയട്ടെ.
4. രഘു സൈക്കിൾ ചവിട്ടരുതു്.
   രഘു പോകരുതു്.
5. അവൻ മുൻകൈ എടുത്തു.
   അവൻ പണം പിരിച്ചു.
6. അവരെ ക്ഷണിക്കണം.
   അവരെ വരുത്തണം.
7. ഭരണി തുറക്കു്.
   പഞ്ചസാര എടുക്കു്.
8. ക്ലാസിൽ ശ്രദ്ധിക്കു.
   പരീക്ഷയിൽ ജയിക്കു.
9. താൻ സൂക്ഷിക്കണം.
   താൻ പെരുമാറണം.
10. അയാൾ ജോലി ചെയ്യുന്നു.
    അയാൾ കഷ്ടപ്പെടുന്നു.

## IV Split the given sentences to pairs of sentences.

1. അവർ പച്ചമാങ്ങ തിന്നു നടക്കുന്നു.
2. അദ്ദേഹം ഒരുവിധം അവരെ സമ്മതിപ്പിച്ചു കൊണ്ടുപോയി.
3. അവർ പാട്ടുപാടി കളിക്കട്ടെ.

4. അവൻ എഴുതിച്ചോദിക്കും.
5. അയാളെ നേരിൽ കണ്ടു് അതൊക്കെ ഏല്പിക്കണം.
6. ആ കുട്ടി നന്നായി ശ്രമിച്ചു പഠിച്ചു.
7. ലീല വെറുതെ സമയം കളഞ്ഞു ജീവിക്കുന്നു.
8. കുഞ്ഞിനെ കൊണ്ടുപോയി കാണിക്കാമോ?
9. ആരും ആ കാര്യവും പറഞ്ഞ് നടക്കുന്നില്ലല്ലോ.
10. സിഗരറ്റു് വലിച്ചു് ആരോഗ്യം നശിപ്പിക്കരുതു്.
11. അച്ഛനെ ദൈവത്തെപ്പോലെ കരുതി ജീവിക്കുന്നു.
12. കുട്ടികളെ ഓർമ്മിച്ചു് എല്ലാം ക്ഷമിക്കുന്നു.

V Rewrite the given sentences substituting the underlined words with other suitable verb forms.

1. സീത വീട്ടിൽ പോയി കാര്യം ചോദിച്ചു.
2. അമ്മയെ അന്വേഷിച്ചു കുഞ്ഞ് നടക്കുന്നു.
3. അയാളോടു സംസാരിച്ചു സമയം കളയരുതു്.
4. പാഠം എഴുതി എഴുതി അവർക്കു് മടുത്തു.
5. അമ്മ എല്ലാവർക്കും പലഹാരം ഉണ്ടാക്കി വച്ചു.
6. സൈക്കിൾ ചവിട്ടി അയാൾ അവിടെ എത്തി.
7. മരുന്നു വാങ്ങി സ്ഥലത്തെത്തി.
8. ടിക്കറ്റു് എടുത്തു കഥകളി കണ്ടു.
9. ആളുകളെ പറ്റിച്ചു ജീവിക്കരുതു്.
10. ആ കാര്യം വിചാരിച്ചു് വെറുതെ ഇരിക്കരുതു്.

## VOCABULARY

| | | | |
|---|---|---|---|
| പല | 'many' | പ്രാവശ്യം | 'time(s)' |
| അന്വേഷിക്കു് | 'to search' | അന്വേഷണം | 'enquiry' |
| ഒരുമിച്ചു് | 'together' | ക്ഷണിക്കു് | 'invite' |
| കരുതു് | 'consider' | വരവു് | 'coming, arrival' |
| വിവിധം | 'different' | ഉദ്ദേശം | 'aim, purpose' |
| നേരിട്ടു് | 'directly' | സൗജന്യം | 'concession' |
| കുറിപ്പു് | 'note' | പ്രാധാന്യം | 'importance' |
| രീതി | 'manner' | മേലധികാരി | 'superior officer |
| അഭിമാനം | 'pride, prestige' | അടിമ | 'slave' |
| കൂടിപ്പോകു് | 'to exceed' | തിളക്കു് | 'to boil' |
| അടക്കു് | 'to control' | കഷ്ടപ്പെടു് | 'to suffer' |
| പേടിപ്പിക്കു് | 'to frighten' | മുന്നറിയിപ്പു് | 'warning' |
| ധൈര്യപ്പെടു് | 'to dare' | സൂക്ഷിച്ചു് | 'carefully' |

## NOTES

11.41.1. This lesson introduces the complex sentences using verbal participles derived from the past tense form of various verbs. These verbal participles modify the meanings of the main verbs in different ways. Being verb modifiers these are used before verbs in any tense.

അയാൾ ഇവിടെ വന്നെന്നെ വിളിക്കട്ടെ

Let him come here and call me.

അയാൾ ഇവിടെ വന്നെന്നെ വിളിച്ചു.

He came here and called me.

അയാൾ ഇവിടെ വന്നെന്നെ വിളിക്കുന്നു.

He comes here and calls me.

അയാൾ ഇവിടെ വന്നെന്നെ വിളിക്കണോ?

Should he come here and call me.

11.41.2. In Malayalam the verbal participle is indicated by -ഉ്/-ഉ after the past tense.

വിളിച്ചു പറഞ്ഞു
കേട്ടു നടന്നു

11.41.3. Please note that after the past tense suffix -ഇ no other verbal participle marker is added.

പോയി വിളിച്ചു

11.41.4. When both the sentences are in the negative it is indicated by negating the main verb.

അവൻ കണ്ടു പറഞ്ഞില്ല. 'He didn't see and tell.'

a. അവൻ കണ്ടില്ല. 'He didn't see.'
b. അവൻ പറഞ്ഞില്ല 'He didn't tell.'

11.41.5. More than two sentences can also be combined using the verbal participles.

a. അവൻ എണീററു.
b. അവൻ കുളിച്ചു.
c. അവൻ കാപ്പി കുടിച്ചു.

a+b+c അവൻ എണീററു കുളിച്ചു കാപ്പി കുടിച്ചു.

**11.41.6.** A verbal participle is repeated to give more effect.

പറഞ്ഞു പറഞ്ഞു തന്നെത്തന്നെ മറക്കാമോ?

Can one forget oneself by talking?

നിന്റെ കഥ കേട്ടു കേട്ടു എനിക്കു മടുത്തു.

I am fed up hearing your stories.

**11 41.7.** Verbal participle is used to make compound verbs also.

തിരിച്ചു വരുക 'to come back'

കണ്ടെഴുതുക 'to copy'

## UNIT 11

## LESSON 42

# സ്ഥലം മാററം

## CONVERSATION

| | | |
|---|---|---|
| കുറുപ്പ്: | എന്താ നമ്പ്യാരേ വിശേഷം? തലസ്ഥാനം കാണാൻ വന്നോ? | What Mr. Nambiar? What is the news? Did you come to see the capital? |
| നമ്പ്യാർ: | കുറുപ്പുമാസ്റ്റർക്ക് എപ്പോഴും തമാശയാ. | Everything is joke for you. |
| കുറുപ്പ്: | തമാശയല്ല. കാര്യം തന്നെ. താൻ ഇവിടെ വന്നിട്ട് കുറേ നാളായല്ലോ. ഇപ്പോൾ എന്താ ഇത്ര പെട്ടെന്നു പ്രത്യക്ഷപ്പെടാൻ കാരണം? | This is no joke. It is quite matter of fact. It is quite sometime since you came here. Now what is it that brought you here all of a sudden? |

| | |
|---|---|
| നമ്പ്യാർ: ഒരത്യാവശ്യമാ. | There is something very urgent. |
| കുറുപ്പ്: എന്താണത്? | What is that ? |
| നമ്പ്യാർ: എൻെറ വൈഫിൻെറ സ്ഥലം മാററക്കാര്യമാ. | This is about my wife's transfer. |
| കുറുപ്പ്: എന്നിട്ടെന്തായി? ഒക്കെ ശരിയായോ? | Then what happened ? Is everything alright ? |
| നമ്പ്യാർ: എങ്ങനെ ശരിയാകാനാ? പലരേം കാണേണ്ടിവന്നു. ഇന്നു രാവിലെ ആ വകുപ്പു സിക്രട്ടറിയെപ്പോലും പോയി ഉപദ്രവിക്കേണ്ടി വന്നു. | How can it be alright ? I had to see many people. This morning I had to go and see even that department Secretary. |
| കുറുപ്പ്: അദ്ദേഹം എന്തു പറഞ്ഞു. | What did he say ? |
| നമ്പ്യാർ: പതിവു സമാധാനം തന്നെ. "മിസ്റ്റർ നമ്പ്യാർ എന്നെ കണ്ടിട്ടു വലിയ പ്രയോജനമൊന്നുമില്ല. മന്ത്രിയെ പോയി കാണണം. അദ്ദേഹത്തെ ഒന്നു നേരിട്ടു കണ്ടു നിങ്ങളുടെ വിഷമങ്ങളൊക്കെ അറിയിക്കൂ. കാര്യം ശരിയാകും". | The same old excuse. "Mr. Nambiar, there is no great use in seeing me. You should go and see the Minister. You please see him in person and inform him about your difficulties. Everthing will be alright ". |
| കുറുപ്പ്: അതനുസരിച്ചു താൻ മന്ത്രിയുടെ വീട്ടിലും പോയോ? | Did you go accordingly to Minister's residence also ? |
| നമ്പ്യാർ: വീട്ടിൽ പോകാൻ പററിയില്ല. സെക്രട്ടറിയേററിൽ പോയി. | I couldn't go to his house. I went to the Secretariat. |
| കുറുപ്പ്: എന്നിട്ട് അദ്ദേഹത്തെ കാണാൻ തരപ്പെട്ടോ? | Then did you manage to see him ? |

| | | |
|---|---|---|
| നമ്പ്യാർ: | അത്ര എളുപ്പമാണോ? അവിടെ ഒരു നൂറോളം പേരുണ്ടായിരുന്നു. സന്ദർശനസമയം ഒരു മണിക്കൂർ മാത്രം. ഞാനവിടെ ഒരൊന്നര മണിക്കൂറിലധികം കാത്തു നിന്നിട്ടും എന്റെ മുറ വന്നില്ല. അതു കഴിഞ്ഞു മന്ത്രി ഒരു യോഗത്തിനു പോയി. പിന്നെ സന്ദർശകരെ പിരിച്ചയച്ചു. | Is it so easy ? There were about hundred people. Time for visitors lasts only for an hour. Though I waited there for more than one and a half hours, my turn didn't come. After that the Minister left for a meeting. Then they sent away the visitors. |
| കുറുപ്പ്: | എന്നാലും സെക്രട്ടറിയേററുവരെ പോയിട്ടും താൻ മന്ത്രിയെ കണ്ടില്ലല്ലോ. വെറുതെ തിരിച്ചു വരേണ്ടിവന്നു. | You couldn't see the the Minister even after going to the Secretariat. You had to come back just like that . |
| നമ്പ്യാർ: | പിന്നെ ഞാൻ എന്തു ചെയ്യണമായിരുന്നു? അവിടെ തങ്ങാൻ പററുമോ? അതു ഹോട്ടലോ, വീടോ ഒന്നുമല്ലല്ലോ. | Then what else should I have done ? Can I halt there ? That is not a hotel or a home. |
| കുറുപ്പ്: | ശരി, ശരി, തന്റെ വാക്സാമർത്ഥ്യം ഒന്നു കുറയ്ക്കു്. നമുക്കു് പരിപാടി ഒന്നു വിശദമാക്കാം. താൻ തന്റെ ഭാര്യയുടെ ജോലിപ്രശ്നമൊക്കെ വിവരിച്ചൊന്നു പറ. ഞാനൊന്നു ശ്രമിക്കാം. | That is O.K. You please reduce your arguments. Let us have the programme clear. You tell me in detail regarding your wife's posting problem. I shall try. |
| നമ്പ്യാർ: | അതെങ്ങനെ? മാസ്റ്റർക്കു് ആ മന്ത്രിയുടെ ആൾക്കാരെ നല്ല പിടിയുണ്ടോ? | How is that ? Do you have some influence with that Minister's people ? |

കുറുപ്പ്: ആ മന്ത്രിതന്നെ വേണോ? കാര്യം സാധിക്കാൻ നമുക്കെത്ര മന്ത്രിമാരുണ്ട്. താൻ അതൊന്നും അറിയണ്ട. വിവരങ്ങളൊക്കെ ഒന്നു പറ.

Do we need that Minister himself? How many Ministers do we have to get the things done! You don't have to know about those things. You just tell me the details.

## DRILLS

### A. Repetition drill

a. 1. താൻ ഇവിടെ വന്നിട്ട് കുറെനാളം ആയി.
2. രാവിലെ എണീററു കാപ്പികുടിച്ചു.
3. മുഖം കഴുകിയിട്ട് അയാളം നടക്കാൻ പോയി.

b. 1. അവിടം വരെ പോയിട്ട് മന്ത്രിയെ കണ്ടില്ല.
അവിടം വരെ പോയിട്ടും മന്ത്രിയെ കണ്ടില്ല.
2, എന്നെ കണ്ടിട്ട വലിയ പ്രയോജനമൊന്നുമില്ല.
എന്നെ കണ്ടിട്ടും വലിയ പ്രയോജനമൊന്നുമില്ല.

c. 1. ഈ കാര്യത്തിനു വേണ്ടി പലരേയും കാണേണ്ടിവന്നു.
2. അച്ഛനെപ്പോലും ഉപദ്രവിക്കേണ്ടിവന്നു.
3 ഒരിക്കൽ സത്യം പറയേണ്ടി വരും.

### B. Build up drill

Model

പോയി.
പോയി.
നനയ്ക്കാൻ.
നനയ്ക്കാൻ പോയി
തുണിയൊക്കെ
തുണിയൊക്കെ നനയ്ക്കാൻ പോയി
ചോറു കൊടുത്തിട്ട്
ചോറു കൊടുത്തിട്ട് തുണിയൊക്കെ നനയ്ക്കാൻ പോയി.
മകനു്
മകനു് ചോറു കൊടുത്തിട്ട് തുണിയൊക്കെ നനയ്ക്കാൻ പോയി.
അമ്മ
അമ്മ മകനു് ചോറു കൊടുത്തിട്ടു തുണിയൊക്കെ നനയ്ക്കാൻ പോയി.

1. പററൂ.

തുടങ്ങാൻ പററൂ.

കാര്യവും തുടങ്ങാൻ പററൂ.

നല്ല കാര്യവും തുടങ്ങാൻ പററൂ.

ഏതു നല്ല കാര്യവും തുടങ്ങാൻ പററൂ.

ഓർമ്മിച്ചിട്ടേ ഏതു നല്ല കാര്യവും തുടങ്ങാൻ പററൂ.

അമ്മയേയും ഓർമ്മിച്ചിട്ടേ ഏതു നല്ല കാര്യവും തുടങ്ങാൻ പററൂ

അച്ഛനേയും, അമ്മയേയും ഓർമ്മിച്ചിട്ടേ ഏതു നല്ല കാര്യവും തുടങ്ങാൻ പററൂ.

അവരെക്ക് അച്ഛനേയും അമ്മയേയും ഓർമ്മിച്ചിട്ടേ ഏതു നല്ല കാര്യവും തുടങ്ങാൻ പററൂ.

2. പാടുന്നില്ല.

അവരം പാടുന്നില്ല.

പറഞ്ഞിട്ടും അവരം പാടുന്നില്ല.

അവരൊക്കെ പറഞ്ഞിട്ടും അവരം പാടുന്നില്ല.

3. കൊടുത്തില്ല.

മാപ്പു കൊടുത്തില്ല.

അയാരം മാപ്പു കൊടുത്തില്ല.

അവർക്ക് അയാരം മാപ്പു കൊടുത്തില്ല.

അപേക്ഷിച്ചിട്ടും അവർക്ക് അയാരം മാപ്പു കൊടുത്തില്ല.

കരഞ്ഞപേക്ഷിച്ചിട്ടും അവർക്ക് അയാരം മാപ്പു കൊടുത്തില്ല.

എത്ര പ്രാവശ്യം കരഞ്ഞപേക്ഷിച്ചിട്ടും അവർക്ക് അയാരം മാപ്പു കൊടുത്തില്ല.

4. വരുന്നു.

പോകേണ്ടിവരുന്നു.

ജോലിക്ക് പോകേണ്ടിവരുന്നു.

ഏഴുമണിക്ക മുൻപുതന്നെ ജോലിക്ക് പോകേണ്ടിവരുന്നു.

പണിയെല്ലാം തീർത്തിട്ട് ഏഴുമണിക്ക് മുൻപു തന്നെ ജോലിക്ക പോകേണ്ടിവരുന്നു.

വീട്ടിലെ പണിയെല്ലാം തീർത്തിട്ട് ഏഴുമണിക്ക മുൻപുതന്നെ ജോലിക്ക പോകേണ്ടിവരുന്നു.

അതിരാവിലെ വീട്ടിലെ പണിയെല്ലാം തീർത്തിട്ട് ഏഴുമണിക്കമുൻപു തന്നെ ജോലിക്ക പോകേണ്ടിവരുന്നു.

5. പോയി.

നടക്കാൻ പോയി.

അയാറം നടക്കാൻ പോയി.

ബെഡ്ഡ് കോഫി കുടിച്ചിട്ട് അയാറം നടക്കാൻ പോയി

കുളിച്ച് ബെഡ്ഡ്കോഫി കുടിച്ചിട്ട് അയാറം നടക്കാൻ പോയി.

പല്ലു തേച്ചു കുളിച്ചു ബെഡ്ഡ്കോഫി കുടിച്ചിട്ട് അയാറം നടക്കാൻ പോയി.

എണീററു പല്ലു തേച്ചു കുളിച്ചു ബെഡ്ഡ്കോഫി കുടിച്ചിട്ട് അയാറം നടക്കാൻ പോയി.

അതിരാവിലെ എണീററു പല്ലുതേച്ചു കുളിച്ചു ബെഡ്ഡ്കോഫി കുടിച്ചിട്ട് അയാറം നടക്കാൻ പോയി.

## C. Substitution drill

1. ആ സംഭവം ആരും പറഞ്ഞു ഞാൻ കേട്ടില്ല.

   കാര്യം

   വിവരം

   കഥ

   വിഷയം

2. കുഞ്ഞിനെ ചീത്തപറഞ്ഞിട്ട് പിന്നെ സമാധാനിപ്പിക്കാൻ ശ്രമിക്കരുത്.

   അടിച്ചിട്ട്

   വഴക്കപറഞ്ഞിട്ട്

3. അവരോടു ചോദിച്ചിട്ട് നീ അതു് എടുക്കണം.

   അപേക്ഷിച്ചിട്ട്

   പറഞ്ഞിട്ട്

   സംസാരിച്ചിട്ട്

4. എപ്പോഴും പണം കൊടുത്തു് കുട്ടികളെ ചീത്തയാക്കരുതു്.

   സ്വാതന്ത്ര്യം

   ആഹാരം

5. അവരം എത്ര പറഞ്ഞിട്ടും ആ സദ്യയ്ക്കു അദ്ദേഹം പോയില്ല.

   അപേക്ഷിച്ചിട്ടും

   കരഞ്ഞിട്ടും

   ക്ഷണിച്ചിട്ടും

   വിളിച്ചിട്ടും

   എഴുതിയിട്ടും

## D. Split up drill

### Model 1

അവരം വന്നിട്ടും അയാരം സംസാരിച്ചില്ല >

i. അവരം വന്നു. ii. പക്ഷേ അയാരം സംസാരിച്ചില്ല.

1. ഞാൻ അവിടംവരെ പോയിട്ടും അദ്ദേഹത്തിനെ കണ്ടില്ല.
2. അദ്ദേഹം ചോദ്യം ചോദിച്ചിട്ടും അവരം ഉത്തരം പറഞ്ഞില്ല.
3. അവർ കത്തയച്ചിട്ടും അദ്ദേഹം മറുപടി എഴുതിയില്ല.
4. ചോറുണ്ടിട്ടും മോഹൻ കൈകഴുകിയില്ല.
5. വെള്ളം ചോദിച്ചിട്ടും കൊടുത്തില്ല.
6. പത്തു പ്രാവശ്യം വായിച്ചിട്ടും പാഠം മനസ്സിലായില്ല.
7. അമ്മ ചോറു വിളമ്പിയിട്ടും അവൻ ഉണ്ടില്ല.
8. ഹോട്ടലുകളിൽ പോയിട്ടും നല്ല ആഹാരമൊന്നും കിട്ടിയില്ല.
9. എത്ര നിർബ്ബന്ധിച്ചിട്ടും അയാരം അതു സമ്മതിച്ചില്ല.
10. ഒരുമാസത്തെ അവധിക്ക് നാട്ടിൽ പോയി തിരിച്ചു വന്നിട്ടും അവർക്കു തൃപ്തിയായില്ല.
11. കാര്യം പറഞ്ഞിട്ടും അവരം മനസ്സിലാക്കുന്നില്ല.
12. വീടന്വേഷിച്ചിട്ടും കിട്ടുന്നില്ല.

### Model 2

അവളെ കണ്ടു കാര്യം ചോദിച്ചു മനസ്സിലാക്കിയിട്ട് അയാരം തൻെറ ഇഷ്ടംപോലെ ചെയ്തു. >

i. അയാരം അവളെ കണ്ടു.

ii. അയാരം അവളോടു കാര്യം ചോദിച്ചു.

iii. അയാരം കാര്യം മനസ്സിലാക്കി.

iv. അയാരം തൻെറ ഇഷ്ടംപോലെ ചെയ്തു.

1. രാവിലെ എണീററു മുഖം കഴുകി ഒരു ഗ്ലാസ് പച്ചവെള്ളം കുടിച്ചിട്ട് അവരം പാഠമെഴുതാൻ ഇരുന്നു.
2. മകനെ വിളിപ്പിച്ചു വിവരങ്ങളൊക്കെ പറഞ്ഞു മനസ്സിലാക്കിച്ചിട്ട് അയാരം നാട്ടിനു വെളിയിൽ പോയി.
3. കുടുംബകാര്യങ്ങളൊക്കെ അന്വേഷിച്ചറിഞ്ഞിട്ട് അവനെ വീട്ടിൽനിന്നു വെളിയിലാക്കി.
4. ചേച്ചിയുടെ വീട്ടിൽപോയി രണ്ടു മൂന്നാഴ്ച താമസിച്ചു പുതിയ ഭാഷയൊക്കെ പഠിച്ചിട്ട് വേണു നാട്ടിൽ എത്തി.
5. ഫോൺ വിളിച്ചു അനിയനെ വരുത്തി വീട്ടിൽ ആക്കിയിട്ട് അയാരം ഭാര്യയെ ആശുപത്രിയിൽ കൊണ്ടുപോയി.

## Model 3

കുട്ടി പുതിയ പേന വാങ്ങിച്ചിട്ട് പാഠമൊക്കെ എഴുതുന്നു. >

i. കുട്ടി പുതിയ പേന വാങ്ങിക്കുന്നു.

ii. കുട്ടി പാഠമൊക്കെ എഴുതുന്നു.

1. അമ്മയെ വിളിച്ചു കുഞ്ഞ് കരയുന്നു.
2. പട്ടിയെ കൊണ്ടുവന്നിട്ട് പോലീസുകാർ കള്ളനെ പിടിക്കുന്നു.
3. അവരു വെറുതെ പച്ചക്കറി വേവിച്ചു തിന്നുന്നു.
4. പുസ്തകം നോക്കി അവ്വം ആ കഥ പറയുന്നു.
5. അവർ പരസ്പരം സ്നേഹിച്ചു കല്യാണം കഴിക്കുന്നു.

## Model 4

അവർ അമ്മയെ ഓർത്തു കരയും. >

i. അവ്വം അമ്മയെ ഓർക്കും.

ii. അവ്വം കരയും.

1. അവർ ഇവിടെവന്നു നിന്നെ കാണും.
2. കള്ളക്കടത്തുകാർ ഓഫീസർമാർക്കു പണം കൊടുത്തു സർക്കാരിനെ പററിക്കും.
3. മധു കാപ്പികുടിച്ചിട്ട് വെളിയിൽ പോകും.
4. നാളെ മുതൽ അവ്വം പാലു വിററു ജീവിക്കും.
5. കുട്ടികളെ കണ്ടു് അമ്മ സന്തോഷിക്കും.

## E. Transformation drill

### Model

അവൻ പരീക്ഷ എഴുതി ജയിച്ചു.

അവൻ പരീക്ഷ എഴുതിയിട്ടു ജയിച്ചില്ല.

1. ഞങ്ങൾ ഹോട്ടലിൽ പോയി അദ്ദേഹത്തിനെ കണ്ടു.
2. അനേകം കവിതകളെഴുതി അയാൾ പ്രശസ്തനായി.
3. ആ സിനിമ കണ്ടു രാധ കരഞ്ഞു.
4. അയാൾ ജോലി തീർത്ത് പോയി.
5. പഴയ ജോലി ഉപേക്ഷിച്ച് അദ്ദേഹം ഇവിടെ വന്നു.
6. മത്തായി കുഴി വെട്ടി തൈകൾ നട്ടു.
7. അമ്മ ചോറു വച്ച് വിളമ്പി.
8. വെള്ളം ചൂടാക്കിയിട്ടു കുളിച്ചു.
9. എല്ലാവരേയും കണ്ടു കാര്യം പറഞ്ഞു.
10. ഓണമാഘോഷിച്ച് അയാൾ തിരിച്ചു വന്നു.

## EXERCISES

I a. Combine the following.

1. തെററി + പോയി
2. തമാശ + ആണ്
3. എന്ത് + ആണ് + അത്
4. മതി + ആയി + ഇരുന്നു
5. മാററം + കാര്യം
6. കുട്ടിയെ + പോലും
7. അവനെ + പററി
8. എന്നിട്ട് + എന്ത് + ആയി
9. പൈസയും + ഇല്ല
10. കയറി + കളഞ്ഞു

b. Split the following.

1. എനിക്കുമറിയാം
2. തോന്നിത്തുടങ്ങി
3. കളിത്തൊട്ടിൽ
4. കണ്ടില്ലല്ലോ
5. ഒരൊന്നരയോളം
6. നടക്കാനല്ല
7. പിരിച്ചയച്ചു
8. മന്ത്രിയും ഗുരുവും
9. കോരിക്കളിച്ചു
10. വിവരിച്ചൊന്ന്

II Split each of the given sentences to maximum number of single sentences.

A. 1. വഴിയിൽ മദ്രാസിലെ ഒരു വലിയ ഹോട്ടലിൽ തങ്ങി അവിടെ കുറച്ചു ദിവസം താമസിച്ചിട്ട് അവിടത്തെ കാഴ്ചകളൊക്കെ കണ്ട് മിനിഞ്ഞാന്ന് ഞാൻ ഇവിടെ എത്തി.

2. പരിപാടിയൊക്കെ വിശദമാക്കി നല്ലതുപോലെ അതിനെപ്പററി തീരുമാനിച്ചിട്ട് അവർ ആ കാര്യം ചെയ്യാൻ തുടങ്ങി.

3. മന്ത്രിയുടെ ആൾക്കാരെകണ്ട് അപേക്ഷിച്ച് കുറച്ചൊക്കെ പണവും കൊടുത്തിട്ട് അയാൾ ഭാര്യക്കൊരു സ്ഥലം മാററ ഉത്തരവു വാങ്ങി.

4. പരീക്ഷ എഴുതി ഒന്നാമനായി ജയിച്ച് ഹെഡ്മാസ്റ്ററുടെ കയ്യിൽനിന്ന് സമ്മാനവും വാങ്ങി അവൻ വീട്ടിലേക്ക് നടന്നു.
5. വളരെ നിർബ്ബന്ധിച്ച് അവൻ അയാളെക്കൊണ്ട് അവളെ കല്യാണം കഴിപ്പിച്ചു.
6. അവർ വളരെ പണം കൊടുത്തിട്ടും ആ ഓഫീസർ തന്റെ ജോലി ചെയ്യാൻ തന്നെ തീരുമാനിച്ചു.

B 1. അനിയനെ ശല്യപ്പെടുത്തിയിട്ടും അവൻ ചേട്ടന്റെകൂടെ പോയില്ല.
2. സ്കൂൾ തുറന്നിട്ടും അവൻ പോകുന്നില്ല.
3. അച്ഛൻ പറഞ്ഞിട്ടും അവൻ കേൾക്കുന്നില്ല.
4. അമ്മ ചോറു വിളമ്പിയിട്ടും വാസു ഉണ്ണാൻ പോയില്ല.
5. മൂന്നു പ്രാവശ്യം കണ്ടിട്ടും മധുവിന് ആ ഇംഗ്ലീഷ് സിനിമ മനസ്സിലായില്ല.
6. മന്ത്രിയുടെ ആൾക്കാരെ പിടിച്ചിട്ടും കാര്യം സാധിക്കുന്നില്ല.
7. പണക്കാരുടെ കൂടെ ചേർന്നിട്ടും പ്രയോജനമില്ല.

## III Transform the following into negatives.

1. വിദ്യാർത്ഥികൾ ഗൃഹപാഠം എഴുതിക്കൊണ്ടു വന്നു.
2. കമല താക്കോൽ എടുത്തു വാതിൽ തുറന്നു.
3. കുട്ടി പലഹാരം തിന്നു കാപ്പി കുടിച്ചു.
4. അദ്ദേഹം ഗ്രാമസേവകനോട് സംസാരിച്ചു കാര്യം ശരിപ്പെടുത്തി.
5. പ്യൂൺ വന്നു സന്ദർശകരെ പിരിച്ചയച്ചു.
6. വീട്ടിൽ നിന്നും ഇറങ്ങി നേരെ പോസ്റ്റാഫീസിലേക്കു നടന്നു.
7. മീൻചന്തയിൽ പോയി മീൻ വാങ്ങിച്ചു.
8. അന്യരെ ആക്ഷേപിച്ച് തൃപ്തിപ്പെടുന്നു.
9. നീ എല്ലാവരോടും പരാതി പറഞ്ഞിട്ട് കാര്യം സാധിക്കുന്നു.
10. ആ പ്രയാസം അറിഞ്ഞ് അവർ ജീവിക്കുന്നു.

## IV Combine the given sets of sentences to single sentences.

1. അവൾ വീട്ടിൽ പോയി.
   അവൾ അമ്മയെ കണ്ടു.
   അവൾ അമ്മയോട് കാര്യം പറഞ്ഞു.

2. അവർ അമ്മൂമ്മയെ വിളിച്ചു.
അവർ അമ്മൂമ്മയുടെ അനുവാദം വാങ്ങി.
അവർ സിനിമ കാണാൻ പോയി.

3. അവർ പണം പിരിച്ചു.
അവർ ഒരു സ്കൂൾ ഉണ്ടാക്കി.
അവർ പാവങ്ങൾക്കു ജോലികൊടുത്തു.

4. സിററി ഹോട്ടലിൽ പോയി.
അവിടെനിന്നു കാപ്പിയും പലഹാരവും കഴിച്ചു.
പ്രഭാ തീയേറററിൽ പോയി.
അവിടെ ഒരു മലയാളം സിനിമ കണ്ടു.

5. അമ്മ ചോറും കറിയും വച്ചു.
അമ്മ തുണി നനച്ചു.
അമ്മ പാത്രം കഴുകി.
കുഞ്ഞുങ്ങൾക്കു ചോറു വിളമ്പി.

6. മാഷ്ടർ കഥകളി കണ്ടു.
മാഷ്ടർ കഥകളി ആസ്വദിച്ചു.
മാഷ്ടർ അവിടെത്തന്നെ ഇരുന്നു.
മാഷ്ടർ ഉറങ്ങി.

7. അവൾ പഴയ കാര്യങ്ങൾ ഓർമ്മിച്ചു.
അവൾ തന്റെ ജോലി മറന്നു.
അവൾ വെറുതെ ഇരുന്നു.
അവൾ സ്വപ്നം കണ്ടു.

## V Fill in the incomplete dialogue.

**A.** എം. എ. പാസായിട്ടും മധുവിനു് ജോലി ഒന്നും കിട്ടിയില്ലേ? ഇനിയും ജോലി അന്വേഷിക്കേണ്ടി വരുമോ?

**B.** ....................................

**A.** ഭാഗ്യത്തിന്റേം, ഭാഗ്യക്കേടിന്റേം പ്രശ്നമൊന്നുമല്ല.

**B.** ....................................

**A.** നമ്മുടെ സംസ്ഥാനം മാത്രമല്ല ഇക്കാര്യത്തിൽ പുറകോട്ടു്; എല്ലായിടത്തും ഇതു തന്നെയാണു് സ്ഥിതി.

**B** പക്ഷെ ഇവിടെ കുറെ കൂടുതൽ.

**A.** നമ്മുടെ വിദ്യാഭ്യാസം തന്നെ ഇതിനൊക്കെ കാരണം. പിന്നെ ആറ്റം ള്ളട്ടവും.

**B.** ....................................

**A.** നമ്മളോ? അതെങ്ങനെ?

**B.** ....................................

**A.** അപ്പോഠം എല്ലാവരേം പഠിപ്പിച്ചിട്ട് പ്രയോജനം ഒന്നും ഇല്ലേ?

**B.** പഠിപ്പിച്ചിട്ട് ജോലി കൊടുക്കാൻ സൗകര്യം വേണം. ഇല്ലെങ്കിൽ തൊഴിൽ സൗകര്യം വേണം.

**A.** ....................................

**B.** അതെനിക്കും അറിയാം. പക്ഷെ സർക്കാർ കാര്യങ്ങഠം ഒക്കെ നോക്കണ്ടേ?

**A.** ..........................

## VOCABULARY

| | | | |
|---|---|---|---|
| മാസ്റ്റർ | 'teacher' | പെട്ടെന്ന് | 'all of a sudden' |
| പ്രത്യക്ഷപ്പെട് | 'to appear' | അത്യാവശ്യം | 'very urgent thing' |
| വൈഫ് | 'wife' | സ്ഥലംമാററം | 'transfer' |
| പലർ | 'many people' | വകുപ്പ് | 'department' |
| പതിവ് | 'usual' | സമാധാനം | 'excuse' |
| പ്രയോജനം | 'use' | മന്ത്രി | 'Minister' |
| നേരിട് | 'to face' | തരപ്പെട് | 'to get the chance' |
| വിഷമം | 'difficulty' | എളുപ്പം | 'easy' |
| സന്ദർശനസമയം | 'visiting time' | കാത്തുനിൽക്ക് | 'to wait for' |
| മുറ | 'turn' | യോഗം | 'meeting' |
| പിരിച്ചയയ്ക്ക് | 'to send off, to dismiss' | | |
| തങ്ങ് | 'to halt' | വാക് സാമർഥ്യം | 'gift of the gab' |
| കുറയ്ക്ക് | 'to lessen, to reduce' | | |
| വിശദമാക്ക് | 'to explain, to elaborate' | | |
| വിവരിക്ക് | 'to describe' | ശ്രമിക്ക് | 'to try' |
| പിടി | 'influence' | സാധിക്ക് | 'to get done' |
| വിവരം | 'news, details' | | |

**NOTES**

11.42.1. Some more Complex sentences are introduced. They are formed by adding ഇട്ട് the verbal participle of ഇട് to the verb in the subordinate clause.

നീ ഇവിടെ വന്നിട്ട് കുറെ നാളായല്ലോ.

It is quite some time since you came here.

11.42.2. The addition of ഇട്ട് to വന്ന് form in the above example gives more force to the whole meaning of the subordinate clause. But it may be noted that in many cases there isn't any great difference between an ഇട്ട് clause and a non ഇട്ട് clause (except in the case of verb plus some auxiliary verb combinations).

(a) രാവിലെ കുളിച്ച് കാപ്പി കുടിച്ചു.
(b) രാവിലെ കുളിച്ചിട്ട് കാപ്പി കുടിച്ചു

Had bath in the morning and then took breakfast.

Just for the sake of an explanation one can say that sentence (b) more emphatically declares that only after the first action of കുളിക്ക് was fully completed, the second action of കുടിക്ക് has occurred.

11.42.3. But when the main verb is negative there is a lot of difference between the ഇട്ട clause and non ഇട്ട clause as seen in the following pair of sentences.

(a) അവൻ വന്ന് എന്നെ കണ്ടില്ല.

He didn't come and see me.

(b) അവൻ വന്നിട്ട് എന്നെ കണ്ടില്ല.

He came but didn't see me.

In the above sentences the negative in (a) negates both the verb forms but in (b) the negative is operative only for the main verb. The (b) type sentence can be more effectively expressed with the addition of ഉം to ഇട്ട് as in

(c) അവർ വന്നിട്ടും എന്നെ കണ്ടില്ല.

He came, still he didn't see me.

11.42.4. When there are two to three or more adverbial subordinate clauses, the last verbal participle usually takes ഇട്ട് also to mark a finishing.

സിക്രട്ടറിയേററിൽ പോയി മന്ത്രിയെ കണ്ടു കാര്യം പറഞ്ഞു ഇവിടെ വന്നിട്ട് നിന്നെ വിളിച്ചു.

I went to Secretariat, saw the Minister and told him the thing and then came here and called you.

11.42.5. Observe the following sentences.

| | |
|---|---|
| പലരേം കാണേണ്ടി വന്നു. | Had to see many people. |
| സിക്രട്ടറിയെപ്പോലും ഉപദ്രവിക്കേണ്ടിവന്നു. | Had to trouble even the Secretary. |
| വെറുതെ തിരിച്ചു വരേണ്ടി വന്നു. | Had to come back just like that. |

-ഏണ്ടി the verbal participle form of defective verb വേണം is added to the verb stem followed by the verb forms of വരു് to indicate meanings of compulsion, an unavoidable situation. etc.

# UNIT 11

## LESSON 43

# സ്കൂൾ തുറന്നു

**CONVERSATION.**

| | | |
|---|---|---|
| അമ്മ: | മോനൊന്നു കരയാതിരിക്കൂ. അച്ഛൻ ഇന്നെല്ലാം കൊണ്ടുവരും. | Please don't cry, my son. Daddy will bring everything today. |
| മകൻ: | കഴിഞ്ഞ ആഴ്ചതന്നെ ഞാൻ അമ്മയോടു പറഞ്ഞല്ലോ. മിനിഞ്ഞാന്നു പിന്നെ അച്ഛനെ ഓർമ്മിപ്പിച്ചിട്ടും ഫലമൊന്നുമില്ല. ഇന്നലേം അച്ഛൻ വെറുതെ വന്നു. | Last week itself I told you, mummy. There was no use reminding daddy also day before yesterday. Yesterday also he came just like that. |

അമ്മ: ഇന്നല്ലേ മോനേ അച്ഛനു ശമ്പളം കിട്ടൂ? ശമ്പളം കിട്ടാതെ സാധനങ്ങൾ വാങ്ങിക്കാൻ ഒക്കുമോ? എത്ര പറഞ്ഞിട്ടും നീ മിണ്ടാതെ ഇരിക്കുന്നില്ലല്ലോ. ഇന്നും കൂടെ നോക്കു്. അച്ഛൻ തീർച്ചയായും എന്തെങ്കിലും കൊണ്ടുവരാതെ ഇരിക്കില്ല.

Isn't only today that daddy is going to get his salary? Without getting his pay how will he be able to buy things? You just see today also. Daddy will certainly bring something.

മകൻ: എന്തെങ്കിലും അല്ലമ്മാ എന്റെ ലിസ്റ്റിൽ ഒന്നും വിടാതെ വാങ്ങണം. പുസ്തകങ്ങളും, കുടയും, ചെരിപ്പും, പെട്ടിയും ഒക്കെ വേണം.

Not something. He should buy everything without leaving anything from my list. I want books, umbrella, slippers, trunk and everything.

അമ്മ: മേശയും, കസേരയും, കട്ടിലും, കിടക്കയുമൊന്നും വേണ്ടേ?

Don't you need table, chair, cot, bed, etc.

മകൻ: അമ്മയ്ക്കു് ഞങ്ങളുടെ വല്ല പ്രയാസവും അറിയാമോ? ട്രങ്കെടുക്കാതെ സ്കൂളിൽ എങ്ങനെ പോകും? അത്രയും പുസ്തകങ്ങൾ കയ്യിൽ വയ്ക്കാൻ പറ്റുമോ?

Mummy, do you know any of our difficulties? Without taking the trunk how will we go to the school? Can we keep those books in our hands?

അമ്മ: എല്ലാ പുസ്തകങ്ങളും എന്നും കൊണ്ടുപോണോ?

Do you have to carry all the books daily?

മകൻ: എല്ലാം വേണ്ട. ദിവസവും ആറു പീരിയഡേ ഉള്ളൂ. പക്ഷെ അതിന്റെയൊക്കെ ടെക്സ്റ്റ് ബുക്കും, നോട്ടുബുക്കും വേണ്ടേ? അതല്ലാതെ പിന്നെ രണ്ടു മൂന്നു ഗൃഹപാഠപുസ്തകങ്ങളും കാണും. കൂടാതെ പല വക നോട്ടുബുക്കു്, ചോറുപാത്രം അങ്ങനെ എന്തൊക്കെയുണ്ടു്!

We don't need all. Daily we have only six periods. But don't we need the text books and notebooks for those periods? Besides, there will be two to three homework note books

also. In addition to these we have to carry rough note book, meals carrier and what not!

| | | |
|---|---|---|
| അമ്മ: | ശരി. ശരി. സമ്മതിച്ചു. പക്ഷെ പുതിയ ചെരിപ്പും ഇപ്പോൾത്തന്നെ വേണോ? നിനക്ക് ഷൂസുണ്ടല്ലോ. അതോ അതും കളഞ്ഞോ? | Alright. Agreed. But do you need new slippers also now ? You have shoes. Or did you lose that also ? |
| മകൻ: | ഈ മഴക്കാലത്ത് ഷൂസിടാൻ പററില്ല. അതു ചീത്തയാവും. പിന്നെ ചെരിപ്പെങ്കിലും ഇടാതെ എങ്ങനെപോവും? എൻെറ ക്ലാസിൽ ചെരിപ്പ് ഇല്ലാതെ ആരും വരില്ല. | I cannot wear shoes in this rain. It will be spoilt. Then how will I go without wearing slippers at least ? Nobody comes to my class without slippers. |
| അമ്മ: | ഇതൊക്കെ നീ ആ ലിസ്റ്റിൽ എഴുതിയോ? | Did you write all these in that list ? |
| മകൻ: | ഒക്കെ എഴുതി. പോരാതെ, ക്രാഫ്ററു പേപ്പറും, പശയും, കത്രികയും, പുതിയ പുസ്തകങ്ങളും പൊതിയാൻ ബ്രൗൺ പേപ്പറും ഒക്കെ വേണം. അതൊക്കെ ആ ലിസ്റ്റിൽ ഉണ്ട്. അച്ഛൻ എന്തൊക്കെ വാങ്ങിക്കൊണ്ടു വരുമോ, എന്തോ. | I wrote everything. In addition, I want craft paper, gum, scissors and also brown paper to wrap the new books. Everything is in that list. I don't know what are the things daddy is going to bring. |

## DRILLS

A. Repetition drill

a. 1. നീ വർത്തമാനം പറയാതെ ഇരിക്ക്.
2. നീ ആ കാര്യത്തെപ്പററി വിചാരിക്കാതെ ഇരിക്ക്.
3. നീ കുറച്ചു സമയം ഒന്നും മിണ്ടാതെ ഇരിക്ക്.

b. 1. നിങ്ങൾ ശബ്ദം ഉണ്ടാക്കാതെ ഇരിക്കൂ.
2. നിങ്ങൾ ആ കാപ്പി കുടിക്കാതെ ഇരിക്കൂ.
3. നിങ്ങൾ അവിടെ പോകാതെ ഇരിക്കൂ.

c. 1. അവർ ആഹാരം കഴിക്കാതെ എങ്ങനെ ജീവിക്കട്ടെ?
2. നിങ്ങൾ ആരേയും പററിക്കാതെ സ്വന്തം ജോലി നോക്കണം.
3. അവരെ കൊണ്ടുപോകാതെ നമുക്കു പോകാം.
4. കുട്ടികൾ പാഠത്തിൽ ശ്രദ്ധിക്കാതെ ക്ലാസിൽ ഇരിക്കരുത്.

d. 1. ശമ്പളം കിട്ടാതെ ഞാൻ എങ്ങനെ നാട്ടിൽ പോകും ?
2. ബാബു പുസ്തകങ്ങൾ എടുക്കാതെ സ്കൂളിൽ പോകുന്നു.
3. ആ വിവരം അറിയാതെ ഞാൻ അവരുടെ വീട്ടിൽ പോയി.

e. 1. അച്ഛൻ അതൊക്കെ കൊണ്ടുവരാതെ ഇരിക്കില്ല.
2. അവൻ കള്ളം പറയാതെ ഇരിക്കില്ല.
3. അതിൽനിന്നു് അയാൾ ലാഭം എടുക്കാതെ ഇരിക്കില്ല.

f. 1. അവനല്ലാതെ വേറെ ആരും അതു ചെയ്യില്ല.
2. ആ സാരിയല്ലാതെ അവൾക്കു് മററൊന്നും വേണ്ട.
3. അവന്റെ ഓർമ്മയല്ലാതെ ആ പെൺകുട്ടിക്കു് വേറെ സന്തോഷം ഒന്നുമില്ല.

g. 1. പണം ഇല്ലാതെ ആളുകൾ കഷ്ടപ്പെടുന്നു.
2. ആഹാരം ഇല്ലാതെ അവരൊക്കെ ചാകുന്നു.
3. കിടക്കയില്ലാതെ ഈ തറയിലെങ്ങനെ കിടക്കണം?

## B. Build up drill

### Model

ഇരിക്കണോ?
ഇരിക്കണോ?
ചെയ്യാതെ
ചെയ്യാതെ ഇരിക്കണോ?
ഒന്നും
ഒന്നും ചെയ്യാതെ ഇരിക്കണോ?
അഞ്ചു മണിവരെ
അഞ്ചു മണിവരെ ഒന്നും ചെയ്യാതെ ഇരിക്കണോ?
വൈകുന്നേരം
വൈകുന്നേരം അഞ്ചുമണിവരെ ഒന്നും ചെയ്യാതെ ഇരിക്കണോ?
ഞാൻ വൈകുന്നേരം അഞ്ചുമണിവരെ ഒന്നും ചെയ്യാതെ ഇരിക്കണോ?

1. വിട്ടു.
വീടു വിട്ടു.
പറയാതെ വീടു വിട്ടു.
ആരോടും പറയാതെ വീടു വിട്ടു
അവൻ ആരോടും പറയാതെ വീടു വിട്ടു.
രാവിലെ അവൻ ആരോടും പറയാതെ വീടു വിട്ടു.
ഒരു ദിവസം രാവിലെ അവൻ ആരോടും പറയാതെ വീടു വിട്ടു.

2. വന്നു.
തിരിച്ചു വന്നു.
കയറാതെ തിരിച്ചുവന്നു
അകത്തുകയറാതെ തിരിച്ചുവന്നു.
പോയിട്ടും അകത്തു കയറാതെ തിരിച്ചുവന്നു.
ഗേററുവരെ പോയിട്ടും അകത്തുകയറാതെ തിരിച്ചുവന്നു.
ആ വീട്ടിൻെറ ഗേററുവരെ പോയിട്ടും അകത്തു കയറാതെ തിരിച്ചുവന്നു.
അവൻ ആ വീട്ടിൻെറ ഗേററുവരെ പോയിട്ടും അകത്തു കയറാതെ തിരിച്ചു വന്നു.

3. സംസാരിക്കും.
എങ്ങനെ സംസാരിക്കും.
അവളോടു് എങ്ങനെ സംസാരിക്കും?
ഞാൻ അവളോടു് എങ്ങനെ സംസാരിക്കും?
എന്നോടു മിണ്ടാതെ ഞാൻ അവളോടു് എങ്ങനെ സംസാരിക്കും?

## C. Substitution drill

1. കുട്ടികളേ, ഒന്നു സംസാരിക്കാതെ ഇരിക്കു.
   മിണ്ടാതെ
   വർത്തമാനം പറയാതെ
   ബഹളം കൂട്ടാതെ

2. നല്ല കുട്ടികൾ ശാഠ്യം പിടിക്കാതെ ഇരിക്കണം.
   കരയാതെ
   മിണ്ടാതെ

3. അമ്മയോടു പറയാതെ അവൻ നാടു വിട്ടു.
   ചോദിക്കാതെ
   മിണ്ടാതെ

4. ആരേയും <u>അറിയിക്കാതെ</u> അവൻ ആ ജോലി ചെയ്തു.
ഉപദ്രവിക്കാതെ
ശല്യപ്പെടുത്താതെ

5. ശമ്പളം <u>കിട്ടാതെ</u> സാധനങ്ങളെങ്ങനെ വാങ്ങും?
വാങ്ങാതെ
ഇല്ലാതെ

## D. Transformation drill

### Model

ബാബു ഗൃഹപാഠം എഴുതിയിട്ടു വരുന്നു.
ബാബു ഗൃഹപാഠം എഴുതാതെ വരുന്നു.

1. അയാറം ശമ്പളം വാങ്ങിയിട്ട് വീട്ടിൽ പോയി.
2. അദ്ദേഹത്തിനെ കണ്ടിട്ടവൻ തിരിച്ചു വന്നു.
3. എല്ലായിടത്തും പോയിട്ടു വേഗം വരണം.
4. നീ പറഞ്ഞിട്ടു ഞാൻ പോയി.
5. ഷൂ സിട്ടിട്ടു വേണു കളിക്കാൻ പോയി.
6. അയാറം കവിത എഴുതി സമ്മാനം വാങ്ങിച്ചു.
7. പണം കളഞ്ഞിട്ട് അവളിവിടെയെത്തി.
8. ടാക്സി പിടിച്ച് അവർ പോയി.
9. പുതിയ പുസ്തകം പൊതിഞ്ഞിട്ട് പഠിക്കാൻ ഇരുന്നു.
10. പുസ്തകം വായിച്ചിട്ട് തിരിയെ കൊടുത്തു.

## E. Restatement drill

### Model 1

അവറം വരാതെ ഇരിക്കില്ല.
അവറം വരും

1. കുട്ടി കരയാതെ ഇരിക്കില്ല.
2. അവൻ മിണ്ടാതെ ഇരിക്കില്ല.
3. അവറം പറയാതെ ഇരിക്കില്ല.
4. അവർ ചിരിക്കാതെ ഇരിക്കില്ല.
5. അവർ പാത്രം കഴുകാതെ ഇരിക്കില്ല.

## Model 2

അവർ പുസ്തകം എടുക്കാതെ ഇരുന്നില്ല.
അവർ പുസ്തകം എടുത്തു.

1. അച്ഛൻ പന്തും, പേനയും കൊണ്ടുവരാതെ ഇരുന്നില്ല.
2. അച്ഛൻ കട എടുക്കാതെ ഇരുന്നില്ല.
3. അവർ പാഠം പഠിക്കാതെ ഇരുന്നില്ല.
4. മോഹൻ ചായ കുടിക്കാതെ ഇരുന്നില്ല.
5. ഇതൊക്കെ ലിസ്റ്റിൽ എഴുതാതെ ഇരുന്നില്ല.

## Model 3

അദ്ദേഹം കാര്യം അറിയാതെ ഇരിക്കുന്നില്ല.
അദ്ദേഹം കാര്യം അറിയുന്നു.

1. പണം കിട്ടാതെ ഇരിക്കുന്നില്ല.
2. ചെരിപ്പ് ഇടാതെ ഇരിക്കുന്നില്ല.
3. ഹോട്ടലിൽ തങ്ങാതെ ഇരിക്കുന്നില്ല.
4. ഫണ്ട് പിരിക്കാതെ ഇരിക്കുന്നില്ല.
5. വാടക കൂടാതെ ഇരിക്കുന്നില്ല.

## Model 4

ഇവിടെ വരാതെ പോയില്ല.
ഇവിടെ വന്നിട്ട് പോയി.

1. കാര്യം പറയാതെ തന്നില്ല.
2. അമ്മയെ വിളിക്കാതെ ഉണ്ടില്ല.
3. പഠിക്കാതെ സ്കൂളിൽ പോയില്ല.
4. കുളിക്കാതെ പലഹാരം കഴിച്ചില്ല.
5. പണം കൊടുക്കാതെ വാങ്ങിയില്ല.

# F. Split up drill

## Model

മുഖം കഴുകാതെ കാപ്പി കുടിച്ചു. >
i. മുഖം കഴുകിയില്ല. ii. കാപ്പി കുടിച്ചു.

1. പടം വരയ്ക്കാതെ സമ്മാനം വാങ്ങുന്നു.
2. പണം എടുക്കാതെ മാർക്കറ്റിൽ പോയി.
3. ശമ്പളം കിട്ടാതെ വീട്ടിൽ പോയി.

4. കട്ടിലിൽ കിടക്കാതെ നന്നായി ഉറങ്ങുന്നു.
5. പലഹാരം തിന്നാതെ കാപ്പി കുടിക്കും.
6, പാട്ടു പാടാതെ കുഞ്ഞിനെ ഉറക്കി.
7. വീട്ടിൽ കയറാതെ വന്നു.
8. മീററിങ്ങിനു പോകാതെ വീട്ടിലെത്തി.
9. ഫോൺ വിളിക്കാതെ കാര്യം സാധിക്കുന്നു.
10. അവരെ ഓർമ്മിക്കാതെ എല്ലാവരേയും അയച്ചു.
11. ആരേയും കാണാതെ മടങ്ങിവന്നു.
12. അച്ഛനെ ഉപദ്രവിക്കാതെ ജോലി കിട്ടി.

## G. Combination drill

Model

a. അയാൾ എന്നോടു പറഞ്ഞില്ല.
b. അയാൾ പോയി
a+b. അയാൾ എന്നോടു പറയാതെ പോയി

1. മോഹനൻ പാഠം പഠിച്ചില്ല.
മോഹനൻ ക്ലാസിൽ വന്നു.
2. സരള സാരി വാങ്ങിക്കുന്നില്ല.
സരള സിററിയിൽനിന്നു വരുന്നു.
3. സിഗരററ് വലിച്ചില്ല.
അദ്ദേഹം വിഷമിച്ചു.
4. ഊണു കഴിക്കുന്നില്ല.
അവൾക്കു തലവേദന വരുന്നു.
5. ആരേയും കാണില്ല.
അദ്ദേഹം പെട്ടെന്നു പോകും.

## EXERCISES

Ia. Combine the following.

1. കരയാതെ + ഇരിക്കു
2. ഇരിക്കുന്നില്ല + എങ്കിൽ
3. തീർച്ചയായി + ഉം
4. ഒന്ന് + ആയിരിക്കും.
5. കൂടെ + ആണ്

6. തോട്ടം + പണി
7. ധാരാളം + ഉണ്ടോ
8. പച്ച + കറികൾ
9. കുരുമുളക് + ആണ് + എങ്കിൽ + ഉം
10. എത്ര + ഏക്കർ

b. Split the following.

1. കൃഷിപ്പണി
2. കുട്ടികളില്ലേ
3. സഹോദരങ്ങളാരും
4. എഴുത്തുകാരുണ്ട്
5. ബാബുവിനോട്
6. കേരളക്കര
7. വെണ്ടയ്ക്കക്കറി
8. പത്തഞ്ഞൂ റോളം
9. ചീത്തയാവും
10. കിടക്കയുമൊന്നും

II Fill in the blanks using the correct forms of the words given in brackets.

1. കുട്ടികളേ, നിങ്ങൾ വഴക്കു ——— ഇരിക്കണം. (കൂട്)
2. ആരും ആ കാര്യം ——— ഇരുന്നില്ല. (അറിയ്)
3. അവരോട് ചോദിച്ചിട്ട് ഞാൻ അതു ———. (ചെയ്)
4. അർത്ഥം ——— പാട്ടു പാടരുത്. (മനസ്സിലാക്ക്)
5. ——— ഫലം എങ്ങനെ കിട്ടും? (കഷ്ടപ്പെട്)
6. തമാശ പറയാതെ ———. (ഇരിക്ക്)
7. ——— ഒന്നും അപേക്ഷിക്കാതെ ഇരിക്ക് (അവർ)
8. വെള്ളം ——— നമ്മൾ എങ്ങനെ ജീവിക്കും? (ഇല്ല)
9. അദ്ദേഹം ——— പിന്നെ വേറെ ആരുണ്ട്? (അല്ല)
10. ഇറച്ചി ——— മീനും വറക്കണം (വറക്ക്)
11. എന്നോട് ——— നിന്നോടു പറയുമോ? (പറയ്)
12. കുട്ടികളെ സ്കൂളിൽ ——— ഇരിക്കരുത് (ചേർക്ക്)

## III Split the following sentences to pairs of sentences.

1. രഘു രാധയെ വിളിക്കാതെ കല്യാണത്തിനു പോയി.
2. അമ്മയെ കാണാതെ കുഞ്ഞു് കരയുന്നു.
3. പാഠം പഠിക്കാതെ സുധ ക്ലാസിൽ വരും.
4. അപ്പൂപ്പനെഴുതാതെ കുഞ്ഞുങ്ങൾ അമ്മൂമ്മക്കു് എഴുതുന്നു.
5. ഓണം ആഘോഷിക്കാതെ മലയാളികൾ അന്യ നാട്ടിൽ പോകുന്നു.
6. മകനു കൊടുക്കാതെ അദ്ദേഹം മകൾക്കെല്ലാം കൊടുത്തു.
7. ലളിത സിനിമയിൽ ചേരാതെ നാടകത്തിനു ചേരുന്നു.
8. വീട്ടുകാരെ അറിയിക്കാതെ അവർ കല്യാണം കഴിച്ചു.
9. അമ്മയെ ഉപദ്രവിക്കാതെ അച്ഛനോടു നേരിട്ടു പറഞ്ഞു.
10. തറയിൽ വീഴാതെ കട്ടിലിൽ ഇരുന്നു.

## IV Split the following sentences to maximum number of sentences possible.

1. അച്ഛനേം അമ്മേം അനുസരിക്കാതെ, പാഠം പഠിക്കാതെ, പരീക്ഷ എഴുതാതെ തോമസ് ജോലി അന്വേഷിച്ചു നടക്കുന്നു.
2. സ്വന്തം ജോലി ചെയ്യാതെ, വേറെ ആളുകളെ വഴക്കു പറഞ്ഞ്, കാര്യങ്ങൾ മനസ്സിലാക്കാതെ അയാൾ സന്തോഷിക്കും.
3. മരുന്നു കഴിക്കാതെ, ഡോക്ടറെ കാണാതെ തലവേദന കാരണം അവളും കഷ്ടപ്പെട്ട് വീട്ടുകാരേയും ബുദ്ധിമുട്ടിച്ചു.

## V Combine the given pairs of sentences using the verbal participle of the underlined verb form.

1. രാജൻ അമ്മയോടു പറഞ്ഞില്ല.
   രാജൻ നാടുവിട്ടു പോകരുത്.
2. എന്നെ ആരും വിളിച്ചില്ല.
   ഞാൻ ഒരിടത്തും പോയില്ല.
3. പുരയിടത്തിൽ കൃഷി ചെയ്തില്ല.
   വയലിൽ കൃഷി ചെയ്തു.
4. അവൾക്കു സൗന്ദര്യം ഇല്ല.
   അവൻ എങ്ങനെ അവളെ കല്യാണം കഴിച്ചു.
5. നീ ഒന്നും പറയരുത്.
   നീ അധ്യാപകനെ അനുസരിക്കണം.

6. നീ ഒട്ടും <u>വിഷമിക്കരുത്</u>.
നീ സന്തോഷിച്ച് ജീവിക്കണം.

7. കുഞ്ഞുങ്ങളെ <u>പേടിപ്പിക്കരുത്</u>.
അവരെ പഠിപ്പിക്കണം.

8. രാവിലെ <u>എണീക്കുന്നില്ല</u>.
പിന്നെ എങ്ങനെ ചൂടുവെള്ളം കിട്ടും?

9. ഇറച്ചി <u>വറുത്തില്ല</u>.
ഞാൻ കഴിക്കില്ല.

10. അമ്മയെ <u>കാണില്ല</u>.
ഞാൻ പോകില്ല.

VI Rewrite the given sentences removing both the negatives.

1. രാധ വഴിയിൽ മദ്രാസിൽ തങ്ങാതെ ഇവിടെ വരുന്നില്ല.
2. അയാൾ ഒന്നും മനസ്സിലാക്കാതെ ഇരിക്കുന്നില്ല.
3. അവർ പരസ്പരം സ്നേഹിക്കാതെ കല്യാണം കഴിക്കുന്നില്ല.
4. ആളുകൾ തലസ്ഥാനം കാണാൻ വരാതെ ഇരിക്കുന്നില്ല.
5. ആരേയും പേടിക്കാതെ ജോണി ജോലി ചെയ്യുന്നില്ല.
6. അവർ എപ്പോഴും മേലധികാരിയെ പുകഴ്ത്താതെ ഇരിക്കുന്നില്ല.
7. ഫോട്ടോസ്റ്റ് അദ്ദേഹത്തിനെക്കൊണ്ട് സമ്മതിപ്പിക്കാതെ ഇരിക്കുന്നില്ല.
8. രാവിലെ മുതൽ കിളയ്ക്കാതെ നിൽക്കുന്നില്ല.
9. മെയ്യനക്കാതെ ജോലി ചെയ്യുന്നില്ല.
10. തുണി വാങ്ങിക്കാതെ തയ്ക്കുന്നില്ല.

VII Answer the following with reference to the conversation.

1. അമ്മ മകനോട് എന്തു ഇരിക്കാൻ പറയുന്നു?
2. ശമ്പളം കിട്ടാതെ അച്ഛനു മകന്റെ പുസ്തകമെല്ലാം വാങ്ങാൻ പററുമോ?
3. മോനു് ഈ മാസം എന്തൊക്കെ വേണം?
4. മോനു് എന്നും എല്ലാ പുസ്തകങ്ങളും സ്കൂളിൽ കൊണ്ടുപോണോ?
5. ഇപ്പോൾ എന്തുകൊണ്ട് മകനു് ഷൂസിടാൻ പററില്ല?
6. മോൻ ഷൂസു കളഞ്ഞോ?

## VOCABULARY

| | | | |
|---|---|---|---|
| ഓർമ്മിപ്പിക്ക് | 'to remind' | ശമ്പളം | 'salary' |
| ലിസ്റ്റ് | 'list' | കുട | 'umbrella' |
| ചെരിപ്പ് | 'slippers' | പെട്ടി | 'trunk, box' |
| മേശ | 'table' | കസേര | 'chair' |
| കട്ടിൽ | 'cot' | വല്ല | 'any' |
| ട്രങ്ക് | 'trunk' | വയ്ക്ക് | 'to keep' |
| കൊണ്ടുപോക് | 'to carry, to take' | പീരിയഡ് | 'period' |
| ടെക്സ്റ്റ്ബുക്ക് | 'text book' | നോട്ടുബുക്ക് | 'note book' |
| അല്ലാതെ | 'other than' | ഗൃഹപാഠം | 'home work' |
| പലവക | 'rough note' | കൂടാതെ | 'other than' |
| | | | 'in addition to, besides' |
| ചോററുപാത്രം | 'meals carrier' | ഇട് | 'to put, to wear' |
| ക്രാഫ്റ്റ്പേപ്പർ | 'craft paper' | പശ | 'gum' |
| കത്രിക | 'scissors' | | |

## NOTES

11.43.1. Negative verbal participles are introduced. These are formed by adding –അതെ to the verb stem.

(a) ശമ്പളം കിട്ടാതെ സാധനങ്ങൾ വാങ്ങാൻ ഒക്കുമോ?
Can one buy things without getting salary?

(b) എന്റെ ലിസ്റ്റിൽ ഒന്നും വിടാതെ വാങ്ങണം.
Should buy everything from my list without leaving anything.

(c) ചെരിപ്പ് ഇല്ലാതെ ആരും വരില്ല.
No one comes without slippers.

(d) മോനൊന്നു കരയാതിരിക്കൂ.
Please don't cry, my son.

11.43.2. As seen in example (d) given above, negative imperatives, etc., can be obtained by using the negative verbal participle followed by the respective form of 'to be' verb ഇരിക്ക്.

Observe more examples given below.

ചെരിപ്പിടാതെ സ്കൂളിൽ പോകാതിരിക്കു്.

Don't go to school without wearing slippers.

എന്നെ ഉപദ്രവിക്കാതിരിക്കൂ

Please don't trouble me.

അമ്മ ഈ കാര്യം അറിയാതിരിക്കട്ടെ

Let mother not know this thing.

11.43.3 In the case of defective verbs like അല്ല, ഇല്ല, വേണ്ട, പോര, etc., the suffix -അതെ functions like an adverbial marker.

നീയല്ലാതെ ആരുണ്ടു്?

Other than you who is there?

പണമില്ലാതെ പേരില്ല.

There is no name without money.

ഇതു പോരാതെ അവൾ കരയുന്നോ?

Is she crying dissatisfied with this ?

UNIT 11

# LESSON 44

## അനിയനും ചേച്ചിയും

### CONVERSATION

| | | |
|---|---|---|
| അമ്മ: | എന്താ ഉണ്ണീ ഇതു്? ഇവിടൊക്കെ ചോറു വാരിയിട്ടല്ലോ. ഇങ്ങോട്ടു കൊണ്ടുവരൂ. ഞാൻ ഉരുള ഉരുട്ടിത്തരാം. | What is this Unni? You have put the rice here and there. Please bring it here. I shall make rice balls for you. |
| ഉണ്ണി: | വേണ്ടമ്മേ, ഞാൻ തനിയെ തിന്നുകൊള്ളാം. എനിക്കു് ഉരുള ഉരുട്ടാൻ അറിയാം. | No, I shall eat it myself. I know making rice balls. |
| അമ്മ: | ഇതൊക്കെ പിന്നെ ആരുടെ പണിയാ? | Then, whose work is this? |
| ഉണ്ണി: | ശോഭച്ചേച്ചീടെ. | Shobha chechi's. |

| | | |
|---|---|---|
| അമ്മ: | അവളെവിടെ? | Where is she ? |
| ഉണ്ണി: | ദാ, വരാന്തയിൽ. ചേച്ചി പ്ലേററും പിടിച്ചുകൊണ്ടു് അവിടൊക്കെ ഓടിനടക്കുന്നു. അമ്മ ചേച്ചിക്കു് ചോറു വാരിക്കൊടുത്തോളൂ. | There she is on the verandah. She is walking about holding the plate. You may feed chechi. |
| അമ്മ: | അതു നന്നായി! പത്തു വയസ്സുകാരിക്കു് ചോറുരുട്ടിക്കൊടുക്കണം. അഞ്ചുവയസ്സുകാരൻ തനിയെ ഉണ്ടോളും. എന്തൊരു കുസൃതിയാണവൾക്കു്! ശോഭേ, ശോഭേ. | That is fine. I should feed the ten year old girl. The five year old will eat by himself. What a naughty girl she is! Shobha, Shobha ! |
| ശോഭ: | എന്തമ്മേ? | Yes, mummy ? |
| അമ്മ: | നീ അവിടെ എന്തു ചെയ്യുന്നു? ഇങ്ങോട്ടു വരൂ. | What are you doing there ? Please come here. |
| ഉണ്ണി: | അപ്പുറത്തെ വീട്ടിലെ നായില്ലേ അമ്മേ? ചേച്ചി ചോറൊക്കെ അതിൻെറ വായിൽ ഇട്ടുകൊടുത്തു. | Isn't there a dog in the next house ? Chechi put all the rice into its mouth. |
| അമ്മ: | ശോഭേ, നിനക്കഹങ്കാരം കുറച്ചു കൂടുന്നുണ്ടു്. നീ എന്തിനു് ആ പട്ടിയെ വലിച്ചു് അകത്തു കയററി? | Shobha! You are really becoming arrogant. Why did you let that dog in ? |
| ശോഭ: | ഞാൻ വിളിച്ചുവരുത്തിയില്ല. അതു തനിയെ വന്നു കയറി. ഞാൻ വരാന്തയിൽ നിന്നോണ്ടു് അപ്പുറത്തെ സുഷമയെ വിളിക്കാൻ പോയി. എൻെറ ശബ്ദം കേട്ടു് അതു കുരച്ചോണ്ടു വന്നു് തോളിൽ ചാടിക്കയറി എൻെറ പ്ലേററിൽ തലയിട്ടു. പിന്നെ ഞാൻ എങ്ങനെ ആ ചോറുണ്ണും? | I didn't bring him inside. He came on his own. From the verandah I went to call Sushama of the next door. Hearing my voice he came barking, pounced upon my shoulder and put his head into my plate. Then how will I eat that rice ? |

| | | |
|---|---|---|
| അമ്മ: | നീ എന്തിനു് പ്ലേററും പിടിച്ചോണ്ടു് സുഷമയെ വിളിക്കാൻ പോയി? എന്തായിരുന്നു അത്ര അത്യാവശ്യം? ഊണുമുറിയിലും. നീ ചോറൊക്കെ വലിച്ചുവാരി ഇട്ടു. എന്തൊരു കുട്ടി! | Why did you go to call Sushama holding that plate? What is the urgency? Even in the dining hall you have scattered the rice all over the place. What kind of a girl are you! |
| ശോഭ: | അമ്മേ, ഊണുമുറീലെ പണിയൊക്കെ അമ്മേടെ പുന്നാര പൂച്ചക്കുട്ടിയുടേതാ. ഞാൻ ഒന്നും ചെയ്തില്ല. | The mess in the dining hall is by your darling kitten. I didn't do anything. |
| അമ്മ: | പൂച്ചക്കുട്ടി എന്തോ ചെയ്തു? | What did the kitten do? |
| ശോഭ: | അമ്മ ഞങ്ങൾക്കു വിളമ്പിത്തന്നിട്ടു പോയില്ലേ? അപ്പോ അതു വന്നെന്റെ കാലിൽ നക്കാൻ തുടങ്ങി. എനിക്കു് എന്തോപോലെ ആയി. ഞാൻ പ്ലേററും എടുത്തോണ്ടു് ഒരൊററ ചാട്ടം ചാടി. കുറെ പററൊക്കെ അപ്പോ നിലത്തുവീണു. | Didn't you give us food and go? That time it came and started licking my foot. I felt somewhat uneasy. I took the plate and jumped. Some rice got scattered on the floor then. |
| അമ്മ: | അതുകൊള്ളാം. ഇതെന്തൊരു കളിയാ? നിനക്കു പത്തു വയസ്സായില്ലേ മോളേ? ഒരടുക്കും ചിട്ടയുമൊക്കെ നീ ഇനി എന്നു പഠിക്കും. നോക്കിക്കോളൂ. ഇനി ഒരിക്കലും അങ്ങനെ കാണിക്കരുതു്. | That's fine. What kind of a play is this? Aren't you ten years old, my girl? When will you learn to be a little systematic? Be careful. You should not behave like this hereafter. |
| ശോഭ: | ഇനി മുതൽ ഞാൻ ജോലി ഒക്കെ നന്നായി ചെയ്തോളാം അമ്മേ. | Mummy, hereafter I shall do all the work myself neatly. |

## DRILLS

### A. Repetition drill

a. 1. ഞാൻ തനിയെ ചോറുണ്ടുകൊള്ളാം.
   2. ഞങ്ങൾ രാവിലെതന്നെ അവിടെ വന്നുകൊള്ളാം.

b. 1. അവൻ തനിയെ പോയിക്കൊള്ളും.
   2. രാധ തന്നെ എല്ലാം എഴുതിക്കൊള്ളും.

c. 1. നിങ്ങൾ അവിടെത്തന്നെ ഇരുന്നുകൊള്ളൂ.
   2. ഈ പുസ്തകം നിങ്ങൾതന്നെ എടുത്തുകൊള്ളൂ.

d. 1. നീ നോക്കിക്കോ.
   2. നീ പറഞ്ഞോ.
   3. നീ ഓടിക്കോ.

e. 1. എല്ലാവരും വന്നുകൊള്ളണം.
   2. എന്തുവേണമെങ്കിലും ആൾക്കാർ പറഞ്ഞുകൊള്ളട്ടെ.

f. 1. അവൻ പ്പേറും പിടിച്ചുകൊണ്ടു നടക്കുന്നു.
   2. രാമൻ റേഡിയോ കേട്ടുകൊണ്ടു പാഠം എഴുതുന്നു.
   3. സീത ഓടിക്കൊണ്ടു വരുന്നു.
   4. അവൾ പാടിക്കൊണ്ടു നടക്കുന്നു.

### B. Pronunciation Practice

| | | |
|---|---|---|
| കേട്ടുകൊള്ളാം | > | കേട്ടോളാം |
| വന്നുകൊള്ളട്ടെ | > | വന്നോളട്ടെ |
| പറഞ്ഞുകൊള്ളണം | > | പറഞ്ഞോളണം. |
| പോയിക്കൊള്ളാം | > | പൊയ്ക്കോളാം |
| എഴുതിക്കൊള്ളാം | > | എഴുതിക്കോളാം |
| എത്തിക്കൊള്ളട്ടെ | > | എത്തിക്കോളട്ടെ |
| കേട്ടുകൊണ്ടു് | > | കേട്ടോണ്ടു് |
| പിടിച്ചുകൊണ്ടു് | > | പിടിച്ചോണ്ടു് |
| നടന്നുകൊണ്ടു് | > | നടന്നോണ്ടു് |
| പാടിക്കൊണ്ടു് | > | പാടിക്കോണ്ടു് |
| നോക്കിക്കൊണ്ടു് | > | നോക്കിക്കോണ്ടു് |
| ചാടിക്കൊണ്ടു് | > | ചാടിക്കോണ്ടു് |
| പറഞ്ഞുകൊണ്ടു് ഓടി | > | പറഞ്ഞോണ്ടോടി. |
| ചിരിച്ചുകൊണ്ടു് ഓടി | > | ചിരിച്ചോണ്ടോടി. |

## C. Build up drill

### Model

ചെയ്തുകൊള്ളാം.
ചെയ്തുകൊള്ളാം.
ഞാൻതന്നെ
ഞാൻതന്നെ ചെയ്തുകൊള്ളാം.
എന്റെ ജോലി
എന്റെ ജോലി ഞാൻതന്നെ ചെയ്തുകൊള്ളാം.

1. എടുത്തോ
പലഹാരം എടുത്തോ
ഇഷ്ടംപോലെ പലഹാരം എടുത്തോ
നിന്റെ ഇഷ്ടംപോലെ പലഹാരം എടുത്തോ
നീ നിന്റെ ഇഷ്ടംപോലെ പലഹാരം എടുത്തോ.
മോനേ നീ നിന്റെ ഇഷ്ടംപോലെ പലഹാരം എടുത്തോ.

2. പഠിച്ചോളൂ
ഇരുന്നു പഠിച്ചോളൂ.
മുറിയിൽ ഇരുന്നു പഠിച്ചോളൂ.
എന്റെ മുറിയിൽ ഇരുന്നു പഠിച്ചോളൂ.

3. വർത്തമാനം പറയുന്നു.
ചിരിച്ചുകൊണ്ടു വർത്തമാനം പറയുന്നു.
ഞങ്ങളോടു ചിരിച്ചുകൊണ്ടു വർത്തമാനം പറയുന്നു.
എപ്പോഴും ഞങ്ങളോട് ചിരിച്ചുകൊണ്ട് വർത്തമാനം പറയുന്നു.
അദ്ദേഹം എപ്പോഴും ഞങ്ങളോടു ചിരിച്ചുകൊണ്ടു വർത്തമാനം പറയുന്നു.

4. വരുന്നു.
കോരിക്കൊണ്ടു വരുന്നു.
വെള്ളം കോരിക്കൊണ്ടു വരുന്നു.
കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടു വരുന്നു.
വീട്ടിലെ കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടു വരുന്നു.
അപ്പുറത്തെ വീട്ടിലെ കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടു വരുന്നു.

## D. Substitution drill

1. നാരായണൻ കഥ <u>വായിച്ചുകൊണ്ടു</u> നടക്കുന്നു.
കേട്ടുകൊണ്ട്
ഓർമ്മിച്ചുകൊണ്ട്
പറഞ്ഞുകൊണ്ട്

2. അവരം പാടിക്കൊണ്ടു് വരും.

ഓടിക്കൊണ്ടു
ചാടിക്കൊണ്ടു്
നടന്നുകൊണ്ടു്

3. അയാരം ആലോചിച്ചുകൊണ്ടു് പറഞ്ഞു.

വിചാരിച്ചുകൊണ്ടു
അറിഞ്ഞുകൊണ്ടു
നിന്നുകൊണ്ടു
ഇരുന്നുകൊണ്ടു

4. അവർ കവിത എഴുതിക്കൊണ്ടു നടക്കുന്നു.

ജീവിക്കുന്നു.
കഴിയുന്നു
സന്തോഷിക്കുന്നു
ആസ്വദിക്കുന്നു

5. അയാരം ആ കാര്യം പറഞ്ഞുകൊണ്ടു നിന്നു.

വന്നു
ഓടി
നടന്നു
പോയി

## E. Split up drill

Model

അമ്മ പാട്ടുപാടിക്കൊണ്ടു് കുഞ്ഞിനെ ഉറക്കുന്നു.
അമ്മ പാട്ടു പാടുന്നു.
അമ്മ കുഞ്ഞിനെ ഉറക്കുന്നു.

1. അമ്മ മകനെപ്പററി ഓർത്തുകൊണ്ടു ജോലിചെയ്യുന്നു.
2. അദ്ദേഹം അവരെ വിളിച്ചുകൊണ്ടു് ഇവിടംവരെ വന്നു.
3. പട്ടി കുരച്ചുകൊണ്ടു് തോളിൽ ചാടിക്കയറി.
4. മോഹനൻ സിഗരററ് വലിച്ചുകൊണ്ടു് നടക്കുന്നു.
5. ആ സ്ത്രീ ഈശ്വരനിൽ വിശ്വസിച്ചുകൊണ്ടു് ജീവിക്കുന്നു.
6. അയാരം അന്യരെ കളിയാക്കിക്കൊണ്ടു ദിവസങ്ങരം കഴിക്കുന്നു.
7. സരള ചിരിച്ചുകൊണ്ടു വാതിൽ തുറന്നു.
8. നായർ ചായ കുടിച്ചുകൊണ്ടു പത്രം വായിക്കുന്നു.
9. മകൻെറ വർത്തമാനം കേട്ടുകൊണ്ടു് അദ്ദേഹം കഥ എഴുതിത്തീർത്തു.
10. കുട്ടി പുതിയ ഉടുപ്പിട്ടുകൊണ്ടു പിറന്നാരം ആഘോഷിച്ചു.

## F. Combination drill

### Model

(a) അവരം എഴുതുന്നു.

(b) അവരം നടക്കുന്നു.

(a+b) അവരം എഴുതിക്കൊണ്ടു നടക്കുന്നു.

1. കുഞ്ഞ് കരഞ്ഞു.
   കുഞ്ഞ് അമ്മയെ വിളിച്ചു.

2. അനിയൻ ഓടി.
   അനിയൻ ചേട്ടൻറടുത്തു വന്നു.

3. അവരം കുസൃതി കാണിക്കുന്നു.
   അവരം നടക്കുന്നു.

4. പട്ടി കുരച്ചു.
   പട്ടി വന്നു.

5. അവരം പണം കൊടുത്തു.
   അവരം പറഞ്ഞു.

6. കുട്ടികരം വർത്തമാനം പറയുന്നു.
   കുട്ടികരം ചോറുണ്ണുന്നു.

## G. Transformation drill

### Model 1

അവർ കുട്ടികളെ ഓർത്തോണ്ടു നടക്കുന്നു.

അവർ കുട്ടികളെ ഓർത്തോണ്ടു നടക്കുന്നില്ല.

1. രവി കള്ളം പറഞ്ഞോണ്ടു വരുന്നു.
2. അവരം സ്വപ്നം കണ്ടോണ്ടു നടന്നു.
3. രാമു ബസ് കാത്തോണ്ടു നിന്നു.
4. കൂട്ടുകാരൻെറ പുസ്തകത്തിൽ നോക്കിക്കൊണ്ടു പാഠം എഴുതി.
5. അവൻ പട്ടിണി കിടന്നോണ്ടു ദിവസങ്ങരം കഴിച്ചു.
6. ലതിക പാടിക്കൊണ്ടു തുണി നനച്ചു.

### Model 2

ഞാൻ അവിടത്തെ കാഴ്ചകളൊക്കെ <u>കണ്ടുകൊണ്ടു</u> നടന്നു.

ഞാൻ അവിടത്തെ കാഴ്ചകളൊക്കെ <u>കാണാതെ</u> നടന്നു.

1. രാധ മധുവിനെ പിടിച്ചുകൊണ്ടു വീട്ടിലേക്കു പോയി.
2. പുസ്തകത്തിൽ നോക്കിക്കൊണ്ട് അവൻ എന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞു.
3. കുട്ടികൾ ബഹളം ഉണ്ടാക്കിക്കൊണ്ടു ക്ലാസിൽ വന്നു.
4. ലീല വർത്തമാനം പറഞ്ഞുകൊണ്ടു ഊണുകഴിക്കുന്നു.
5. അയാൾ ഏതു കാര്യവും ചിരിച്ചുകൊണ്ടു പറയുന്നു.

## H. Restatement drill

### Model 1

മോനേ, നീ എന്റെ പുസ്തകം എടുക്കു്
മോനേ, നീ എന്റെ പുസ്തകം എടുത്തുകൊള്ളു.
(മോനേ, നീ എന്റെ പുസ്തകം എടുത്തോളു.)
(മോനേ, നീ എന്റെ പുസ്തകം എടുത്തോ.)

1. നീ ഇവിടെ വാ.
2. നീ ആ കാര്യം പറ.
3. നീ ആ പാഠം എഴുതു്.
4. നീ അച്ഛനെ വിളിക്കു്.
5. നീ അവളോടു് സംസാരിക്കു്.

### Model 2

നിങ്ങൾ നിങ്ങളുടെ ജോലി ചെയ്യു.
നിങ്ങൾ നിങ്ങളുടെ ജോലി ചെയ്തുകൊള്ളു.
(നിങ്ങൾ നിങ്ങളുടെ ജോലി ചെയ്തോളു)

1. നിങ്ങൾ ചൂടുവെള്ളം കുടിക്കൂ.
2. എന്റെ ചോദ്യത്തിനു നിങ്ങൾ ഉത്തരം പറയു.
3. നിങ്ങൾ അവളെ കല്യാണം കഴിക്കൂ.
4. നിങ്ങൾ നാളെത്തന്നെ ഇവിടെ വരൂ.
5. നിങ്ങൾ ഇവിടത്തെ കാഴ്ചകൾ നോക്കൂ.
6. നിങ്ങൾ എഴുത്തിനു മറുപടി എഴുതൂ.

### Model 3

അവരൊക്കെ വരട്ടെ.
അവരൊക്കെ വന്നുകൊള്ളട്ടെ. (വന്നോളട്ടെ)

1. എല്ലാവരും പോകട്ടെ.
2. ഇളയ സഹോദരിമാരുടെ കല്യാണമൊക്കെ കഴിയട്ടെ.
3. അരിയും കറിയും വേവട്ടെ.
4. അവർ പാർട്ടി പ്രചരണം നടത്തട്ടെ.
5. അവരെന്നെ ശപിക്കട്ടെ.

## EXERCISES

Ia. Write the contracted forms.

1. പറഞ്ഞുകൊള്ളട്ടെ
2. കമലച്ചേച്ചിയുടെ
3. പിടിച്ചുകൊണ്ടു്
4. നടന്നുകൊണ്ടു്
5. ഗോപിയുടേയും, സതിയുടേയും
6. ഞങ്ങളുടേയും, നിങ്ങളുടേയും
7. വീട്ടിൽ നിന്നു്
8. കസേരയിലും, മേശയിലും
9. എടുത്തുകൊള്ളൂ
10. സുമയുടേയും, ഗോപിയുടേയും, രാമുവിന്റേയും

b. Write the expanded forms.

1. രവീടേം, മധുന്റേം
2. അമ്മേടടുത്തു്
3. നിങ്ങൾടേം
4. വരാന്തയീന്നു്
5. പറഞ്ഞോളൂ
6. തലേലും, കാലേലും
7. എഴുതിക്കോളട്ടെ.
8. അമ്മേടേം, മോൾടേം
9. ചിരിച്ചോളൂ
10. കുരച്ചോണ്ടു്

II Fill up the blanks using the correct forms of the words given in brackets.

1. അവർ പല വേഷം കെട്ടിക്കൊണ്ടു ——— (നടക്കു്).
2. ആ കാര്യം ആലോചിച്ചുകൊണ്ടു ——— നിന്നോടാരു പറഞ്ഞു? (നടക്കു്)
3. മേലധികാരിയെ ———ക്കൊണ്ടുതന്നെ അയാൾ വർത്തമാനം പറയുന്നു. (പുകഴ്ത്തു്)
4. പാൽ ——— കൊണ്ടു് അവൾ ജീവിക്കുന്നു. (വില്ക്കു്)
5. എല്ലാവരോടും യാത്ര ——— കൊണ്ടു് അവൾ ഇറങ്ങുന്നു. (ചോദിക്കു്)
6. ആ സംഭവം ——— കൊണ്ടു് അയാൾ ഒരു എഴുത്തു് എഴുതി. (വിവരിക്കു്)
7. കുട്ടികളെ വഴക്കു ———അദ്ദേഹം ജീവിക്കുന്നു. (പറയു്)

III Negate the underlined verb forms in the following sentences.

1. അവനെ വിശ്വസിച്ചുകൊണ്ട് ജീവിച്ചു.
2. പണം ഉണ്ടാക്കികൊണ്ടു ജീവിതം ആസ്വദിക്കാൻ ശ്രമിക്കു.
3. ആ കഥ കേട്ടുകൊണ്ടു ഞാനിവിടെ എത്തി.
4. മത്തായി രാവിലെ മുതൽ തൈ നട്ടുകൊണ്ടു സമയം പോക്കി.
5. അയാൾ ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു.
6. അച്ഛനോട് തർക്കിച്ചുകൊണ്ടു സംസാരിച്ചു.
7. വെള്ളം കുടിച്ചുകൊണ്ട് ഇവിടേക്കു വരുന്നു.
8. അഹങ്കാരം കാണിച്ചുകൊണ്ടു നടക്കണം.
9. പാട്ടുപാടികൊണ്ടു വാ.
10. ഉറങ്ങിക്കൊണ്ടു ദിവസങ്ങൾ കഴിക്കുന്നോ?
11. സാധനങ്ങളും വാങ്ങിക്കൊണ്ടു വീട്ടിൽ എത്തുന്നു.
12. പണം എടുത്തുകൊണ്ടു വെളിയിൽ പോകു.

IV Rewrite the sentences adding the appropriate forms of കൊൾ with the respective verbs.

1. ഹരീ, നീ ചോറുണ്ണാൻ വാ.
2. നീ വർത്തമാനം പറഞ്ഞുകൊണ്ട് നടക്ക്.
3. അവരെല്ലാം അതെടുക്കട്ടെ.
4. നാളെ നിങ്ങളെല്ലാവരും എട്ടുമണിക്ക് ഇവിടെ എത്തണം.
5. ആ പാഠം ഞാൻ തനിച്ചു വായിക്കാം.
6. പഴയ പാഠങ്ങൾ ഒക്കെ നിങ്ങൾ ഓർമ്മിക്കുമോ?
7. നിങ്ങൾ തന്നെ മന്ത്രിയുടെ ആൾക്കാരോടു പറയില്ലേ?
8. വിദ്യാർഥികൾതന്നെ ഇപ്പോൾ ക്ലാസുകൾ നടത്തും.
9. കുട്ടാ, നീ ആ ലിസ്റ്റിൽത്തന്നെ എല്ലാം എഴുത്.
10. അവനും ചെരിപ്പ് ഇടട്ടെ.
11. അമ്മ ചേച്ചിക്ക് ചോറ് ഉരുട്ടിക്കൊടുക്കു.
12. ഞാൻ തനിയെത്തന്നെ ഉണ്ണാം.

V Combine the given set of sentences into single sentences using കൊണ്ട് form.

1. അയാൾ മെയ്യനക്കുന്നു.
അയാൾ ജോലി ചെയ്യുന്നു.

2. കുട്ടികളെയൊക്കെ അവരും നോക്കുന്നു.
അവരും എങ്ങനെയോ ജീവിക്കുന്നു.

3. നീ കഷ്ടപ്പെടണം.
നീ ജീവിക്കണം.

4. അവർ പണം പിരിക്കുന്നു.
അവർ നടക്കുന്നു.

5. ജോസഫ് എന്നെ ശപിച്ചു.
ജോസഫ് എനിക്കു നാലുരൂപ തന്നു.

6. ജോൺ ജോസിനെ വഴക്കു പറയുന്നു.
ജോൺ ജോസിനെ കളിയിൽ ചേർക്കുന്നു.

7. അയാളും എല്ലാത്തിനും മുൻകൈ എടുക്കുന്നു.
അയാളും വരുന്നു.

8. അവരും ആ കറി രണ്ടും വിളമ്പുന്നു.
അവരും ആ കറി രണ്ടും തിന്നുന്നു.

9. അയാളും ചിരിച്ചു.
അയാളും ഫോട്ടോയ്ക്കു് ഇരുന്നു.

10. നീ ചോറു കെട്ടണം.
നീ വർത്തമാനം പറയണം.

11. കഥകളി മനസ്സിലാക്കണം.
കഥകളി ആസ്വദിക്കണം.

12. സീത റോഡിലും വായിക്കുന്നു.
സീത നടക്കുന്നു.

## VI Fill up the incomplete dialogues.

**A.** ഞാനെത്ര പ്രാവശ്യം പറഞ്ഞിട്ടും നിനക്കു മനസ്സിലാകുന്നില്ലേ?

**B.** . . . . . . . . . . . . . . . . . . . . . . . . . . . .

**A.** അതുകൊള്ളാം. നല്ല അഭിനയമാണല്ലോ.

**B.** എന്തഭിനയം? ഞാൻ ഇവിടെ ഒന്നും കാണിച്ചില്ല.

**A.** . . . . . . . . . . . . . . . . . . . . . . . . . . . .

**B.** അതാണോ തെറ്റ്? ഞാൻ അല്ല ഇതിന്റെ ഒക്കെ പുറകിൽ. രാഘവൻ എപ്പോഴും നിങ്ങളെപ്പറ്റിയൊക്കെ പറഞ്ഞുകൊണ്ടു നടക്കും. ഞാനതിൽ എങ്ങനെ കുറ്റക്കാരനാകും?

A. . . . . . . . . . . . . . . . . . . . . . . . .

B. പറഞ്ഞു, എന്നോടു പറഞ്ഞു. പക്ഷെ ഞാനതിനു നല്ല ഉത്തരവും കൊടുത്തു.

A. . . . . . . . . . . . . . . . . . . . . . . . .

B. അതുകാരണം അവൻ ഇന്നലെ എന്റെ വീട്ടിനടുത്തു വന്നിട്ടും എന്നെ കാണാതെ പോയി.

A. . . . . . . . . . . . . . . . . . . . . . . . .

B. സങ്കടം ഇല്ലാതെ ഇല്ല. നിങ്ങൾ രണ്ടുപേരും ശത്രുക്കൾ. പക്ഷെ രണ്ടുപേരേയും എനിക്കിഷ്ടം. നിങ്ങൾ രണ്ടുപേരേയും തമ്മിൽ സംസാരിപ്പിക്കാനാണ് എന്റെ ശ്രമവും.

A. . . . . . . . . . . . . . . . . . . . . . . . .

B. അതെന്താ? അത്ര ശത്രുതയോ?

## VOCABULARY

| | | | |
|---|---|---|---|
| വാരു് | 'to gather, to collect' | | |
| ഉരുള | '(rice) ball' | ഉരുട്ടു് | 'to roll' |
| തനിയെ | 'by oneself' | പ്ലേറ്റു് | 'plate' |
| കുസൃതി | 'naughtiness' | എടുക്കു് | 'to do' |
| അപ്രം (അപ്പുറം) | 'that side' | അഹങ്കാരം | 'arrogance' |
| വലിക്കു് | 'to pull, drag' | ശബ്ദം | 'voice, noise' |
| കുരയ്ക്കു് | 'to bark' | തോൾ | 'shoulder' |
| ചാടു് | 'to jump' | തട്ടം | 'plate' |
| അത്യാവശ്യം | 'urgency' | പുന്നാര | 'darling' |
| പൂച്ചക്കുട്ടി | 'kitten' | പൂച്ച | 'cat' |
| നക്കു് | 'to lick' | പററു് | 'cooked rice grains' |
| അടുക്കു് | 'arrangement' | ചിട്ട | 'rule, system' |

## NOTES

11.44.1. Reflexive and simultaneous constructions are introduced.

ഞാൻ തനിയെ തിന്നുകൊള്ളാം.

I shall eat it myself.

അവൻ ആ ജോലി ചെയ്തുകൊള്ളട്ടെ.

Let him do that work himself.

ശോഭ പ്ലേറ്റും പിടിച്ചുകൊണ്ടു നടക്കുന്നു.

Shobha walks holding that plate.

പട്ടി കുരച്ചുകൊണ്ടു വന്നു.

The dog came barking.

11.44.2 Reflexive constructions are formed by adding the different forms of verb stem കൊൾ to the verbal participle of the concerned verb.

| | |
|---|---|
| നിങ്ങൾ പറഞ്ഞുകൊള്ളൂ. | You say to yourself. |
| അവൻ എഴുതിക്കൊള്ളട്ടെ. | Let him write himself. |
| ഞാൻ വന്നുകൊള്ളാം. | I shall come myself. |

11.44.3. But it may be noted that the imperative constructions with the കൊൾ forms generally indicate extra politeness. Thus the imperative sentence നിങ്ങൾ എഴുതൂ 'you please write' can be more politely expressed as നിങ്ങൾ എഴുതിക്കോളൂ 'you may write' the latter having the sense of giving permission with extra kindness.

11.44·4. Simultaneous constructions are formed by adding കൊണ്ടു് (verbal participle of കൊൾ) to the verbal participle of the concerned verb. In such a sentence both the actions are taking place at the same time.

അദ്ദേഹം ചിരിച്ചുകൊണ്ടു വർത്തമാനം പറയുന്നു.

He talks smilingly.

ഞാൻ വരാന്തയിൽ നിന്നുകൊണ്ടു അവളെ വിളിച്ചു.

Standing on the verandah I called her.

11.44.5. When കൊൾ or കൊണ്ടു് form is added to the verbal participle of the concerned verb the resultant compound is generally pronounced in a contracted fashion.

പറഞ്ഞു കൊള്ളട്ടെ > പറഞ്ഞോളട്ടെ.

പിടിച്ചുകൊണ്ടു് > പിടിച്ചോണ്ടു്

11.44.6. The reflexive verb used with second person singular gets contracted much as shown below.

നീ പഠിച്ചുകൊള്ളു് > നീ പഠിച്ചോ

നീ എഴുതിക്കൊള്ളു് > നീ എഴുതിക്കോ

## UNIT 11

## LESSON 45

# റേഡിയോ കേട്ടു രസിച്ചുകൊണ്ടിരിക്കുന്നു.

## CONVERSATION

| | | |
|---|---|---|
| അമ്മ: | മോനേ, വേണൂ, നീ അവിടെ എന്തു ചെയ്തുകൊണ്ടിരിക്കുന്നു? കളിച്ചോണ്ടിരിക്കുന്നോ? ഒന്നിങ്ങോട്ടു വാ. | Venu, what are you doing there ? Are you playing ? Come here. |
| വേണു: | ഞാൻ കളിച്ചോണ്ടിരിക്കുന്നില്ലമ്മാ. ഹോംവർക്കെഴുതിക്കൊണ്ടിരിക്കുന്നു. ഇനിയും ഒരു പത്തുപന്ത്രണ്ടു കണക്കു് കൂടിയുണ്ടു് ചെയ്യാൻ. അമ്മയ്ക്കെന്തുവേണം? കടയിൽ നിന്നു് എന്തെങ്കിലും വാങ്ങിക്കൊണ്ടു വരണോ? | I am not playing, mummy. I am writing homework. Still I have ten to twelve more sums to do. What do you need, mummy? Should I bring something from the shop? |

| | | |
|---|---|---|
| അമ്മ: | തൽക്കാലം ഒന്നും വേണ്ട. നീ എഴുതിക്കോ. പക്ഷെ റാണിയെ ഇങ്ങോട്ടയയ്ക്കു്. | For the time being I don't need anything. You may write. But you send Rani here. |
| വേണു: | അതുകൊള്ളാം. അമ്മ ഇത്രവേഗം മറന്നോ? ചേച്ചി അപ്പോഴേ അമ്മയോടു് ചോദിച്ചിട്ടു് കുസുമേടെ വീട്ടിൽ പോയില്ലേ? രണ്ടുപേരും അവിടെ റേഡിയോ കേട്ടു രസിച്ചുകൊണ്ടിരിക്കുന്നു. ഇന്നു നല്ല ഒരു നാടകമുണ്ടത്രേ. | That's fine. Did you forget so soon? After getting your permission, didn't she go to Kusuma's house ? Both of them are happily listening to the radio. It seems there is a good play. |
| അമ്മ: | നാടകവും കൊള്ളാം പാട്ടും കൊള്ളാം. ഭഗവാനേ, ഇങ്ങനത്തെ പെൺകുട്ടികളും ഉണ്ടോ? വയസ്സു പത്തുപതിനഞ്ചായി. ഇനിയും വീട്ടുജോലിയൊന്നും അറിയാൻ പാടില്ല. എപ്പോഴും കൂട്ടുകാരുടെ കൂടെ ചേർന്നു കളിയും തമാശയും പറഞ്ഞുകൊണ്ടിരിക്കണം. ഇവളെ ഇനി എങ്ങനെ ഒരു വഴിക്കുകൊണ്ടുവരാനാണു ദൈവമേ! | Drama, song, etc., are good. Are there girls like this also ? My God! She is already 15 years old. Yet she doesn't know any household work. Always she wants to be talking and joking to friends. How am I to bring her to the right path, my God! |
| അച്ഛൻ: | എന്താ ശാരദേ, വളരെ സങ്കടത്തോടെ പരാതി പറഞ്ഞുകൊണ്ടിരിക്കുന്നല്ലോ. ആരെപ്പററിയാണു് നിനക്കീ ദു:ഖം.? | What is this, Sarada? It looks as though with great sorrow you are complaining to God about somebody. About whom do you have this worry ? |
| അമ്മ: | വേറെ ആരെപ്പററിയുമല്ല. നമ്മുടെ പുന്നാരമോളെക്കുറിച്ചുതന്നെ എൻെറ ഈ പരാതിയെല്ലാം. | It is not regarding somebody else. All these complaints are about our darling daughter herself. |

അച്ഛൻ: റാണിയെക്കുറിച്ച് നീ ഒട്ടും സങ്കടപ്പെടേണ്ട. ഒരു രണ്ടുമൂന്നു വർഷം കൂടി കഴിയട്ടെ. അവളും മിടുക്കി ആയിക്കൊള്ളും. നീ ഇങ്ങനെ അവളെ എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കരുത്. ഇന്നലെ രാത്രിയും നീ അവളെ ഒരു രണ്ടു മണിക്കൂറിൽ കൂടുതൽ വഴക്കു പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴേ എനിക്കിതു നിന്നോടു പറയാൻ തോന്നി.

You don't have to feel sorry for Rani. Let two, three more years pass. She will be O. K. You shouldn't be blaming her like this. Even last night you were scolding her for more than two hours. That time itself I felt like telling this to you.

അമ്മ: ഇതുതന്നെ എല്ലാ കുഴപ്പത്തിനും കാരണം. അച്ഛൻ എപ്പോഴും മോളെ കൊഞ്ചിച്ചുകൊണ്ടിരിക്കും. പിന്നെ അവളും എങ്ങനെ തറയിൽ കൂടെ നടക്കും?

This is the cause for everything. You will always be petting her. Then how can she walk on the floor (be normal) ?

അച്ഛൻ: അങ്ങനെ വരട്ടെ. അപ്പോ കുറ്റമൊക്കെ എന്റേതാണ്; ശരിയല്ലേ? സമ്മതിച്ചു. എന്താ? സന്തോഷമായോ. ശാരദേ നീ തന്നെ ജയിച്ചോളൂ.

That is it. That means fault is mine. Isn't it ? Agreed. Are you happy ? You may win.

അമ്മ: എനിക്കു സന്തോഷവുമില്ല, ജയവും വേണ്ട. ഇവിടത്തെ ജോലിയൊക്കെ തീർക്കാതെ എനിക്ക് ജയിക്കാനും സന്തോഷിക്കാനും സമയം ഉണ്ടോ? രാവിലെ മുതൽ രാത്രിവരെ കഴുതയെപ്പോലെ പണിയെടുത്തുകൊണ്ടിരിക്കണം.

I don't have any joy. I don't need any victory. Do I have any time to win or rejoice without finishing the work here ? From morning till evening I will have to be working like a donkey.

## DRILLS

### A. Repetition drill

a.
1. വേണു പന്തു കളിച്ചുകൊണ്ടിരിക്കുന്നു.
2. വേണു പന്തു കളിച്ചുകൊണ്ടിരുന്നു.
3. വേണു പന്തു കളിച്ചുകൊണ്ടിരിക്കും.
4. വേണു പന്തു കളിച്ചുകൊണ്ടിരിക്കുന്നില്ല.
5. വേണു പന്തു കളിച്ചു കൊണ്ടിരുന്നില്ല.
6. വേണു പന്തു കളിച്ചുകൊണ്ടിരിക്കുന്നോ?
7. വേണു പന്തു കളിച്ചുകൊണ്ടിരിക്കില്ല.
8. വേണു പന്തു കളിച്ചുകൊണ്ടിരുന്നോ?
9. വേണു പന്തു കളിച്ചുകൊണ്ടിരിക്കുമോ?
10. വേണു പന്തു കളിച്ചുകൊണ്ടിരിക്കുന്നില്ലേ?
11. വേണു പന്തു കളിച്ചുകൊണ്ടിരുന്നില്ലേ?
12. വേണു പന്തു കളിച്ചുകൊണ്ടിരിക്കില്ലേ?

b.
1. അവൾ സങ്കടത്തോടെ പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു.
2. അമ്മ ദേഷ്യത്തോടെ വഴക്കു പറഞ്ഞുകൊണ്ടിരിക്കുന്നു.
3. ചേച്ചി സന്തോഷത്തോടെ അനിയനെ കളിപ്പിച്ചുകൊണ്ടിരിക്കുന്നു.
4. അവർ ദുഃഖത്തോടെ ആ കാര്യം അറിയിച്ചു.
5. അധ്യാപകൻ കോപത്തോടെ അവനെ നോക്കി.
6. നായകൻ സ്‌നേഹത്തോടെ നായികയോടു സംസാരിച്ചു.

c.
1. അവൾ എങ്ങനെ തറയിൽ കൂടെ നടക്കും.
2. ആ റോഡിൽകൂടെ ധാരാളം ബസ്സുകൾ ഓടുന്നു.
3. പുറകിലത്തെ വാതിലിൽകൂടെ അവൾ ഇറങ്ങി.
4. ജന്നലിൽകൂടെ അവൾ വെളിയിലേക്കു നോക്കി.

### B. Build up drill

Model

കണ്ടുകൊണ്ടിരിക്കുന്നു.
കണ്ടുകൊണ്ടിരിക്കുന്നു.
പകൽക്കിനാവു്
പകൽക്കിനാവു് കണ്ടുകൊണ്ടിരിക്കുന്നു.
എപ്പോഴും
എപ്പോഴും പകൽക്കിനാവു് കണ്ടുകൊണ്ടിരിക്കുന്നു.
ചില ആളുകൾ
ചില ആളുകൾ എപ്പോഴും പകൽക്കിനാവ് കണ്ടുകൊണ്ടിരിക്കുന്നു.

1. ചോദിച്ചുകൊണ്ടിരുന്നു.

അമ്മയോടു ചോദിച്ചുകൊണ്ടിരുന്നു.

മകൻ അമ്മയോടു ചോദിച്ചുകൊണ്ടിരുന്നു.

ഓരോ കാഴ്ചയെപ്പററിയും മകൻ അമ്മയോടു് ചോദിച്ചുകൊണ്ടിരുന്നു.

എക്സിബിഷൻ മൈതാനത്തിലെ ഓരോ കാഴ്ചയെപ്പററിയും മകൻ അമ്മയോടു് ചോദിച്ചുകൊണ്ടിരുന്നു.

2. പറഞ്ഞുകൊണ്ടിരുന്നു.

ഉത്തരം പറഞ്ഞുകൊണ്ടിരുന്നു.

ചിരിയോടെ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു.

ഒരു ചെറിയ ചിരിയോടെ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു.

എല്ലാത്തിനും ഒരു ചെറിയ ചിരിയോടെ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു.

അവരം എല്ലാത്തിനും ഒരു ചെറിയ ചിരിയോടെ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു.

3. ഓർത്തുകൊണ്ടിരിക്കുമോ?

അദ്ദേഹത്തിനെപ്പററി ഓർത്തുകൊണ്ടിരിക്കുമോ?

വളരെനാരം അദ്ദേഹത്തിനെപ്പററി ഓർത്തുകൊണ്ടിരിക്കുമോ?

ഇനിയും വളരെനാരം അദ്ദേഹത്തിനെപ്പററി ഓർത്തുകൊണ്ടിരിക്കുമോ?

നിങ്ങരം ഇനിയും വളരെനാരം അദ്ദേഹത്തിനെപ്പററി ഓർത്തുകൊണ്ടിരിക്കുമോ?

## C. Substitution drill

1. രാധ എന്തോ ആലോചിച്ചുകൊണ്ടിരിക്കുന്നു.
   വിചാരിച്ചുകൊണ്ടിരിക്കുന്നു.
   എഴുതിക്കൊണ്ടിരിക്കുന്നു.
   വായിച്ചുകൊണ്ടിരിക്കുന്നു.
   നോക്കിക്കൊണ്ടിരിക്കുന്നു.
   ഓർമ്മിച്ചുകൊണ്ടിരിക്കുന്നു.

2. അവർ സിനിമ കണ്ടുകൊണ്ടിരുന്നു.
   രസിച്ചുകൊണ്ടിരുന്നു.
   ആസ്വദിച്ചുകൊണ്ടിരുന്നു.
   നടത്തിക്കൊണ്ടിരുന്നു.

3. അമ്മ ചോറു് ഉണ്ടുകൊണ്ടിരുന്നു.
വിളമ്പിക്കൊണ്ടിരുന്നു.
വച്ചുകൊണ്ടിരുന്നു.
ഉണ്ടാക്കിക്കൊണ്ടിരുന്നു.

4. കുട്ടികൾ അമ്മയോടു് എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കും.
ചോദിച്ചുകൊണ്ടിരിക്കും.
അപേക്ഷിച്ചുകൊണ്ടിരിക്കും.

5. അമ്മ കുട്ടികളെ വഴക്ക പറഞ്ഞുകൊണ്ടിരിക്കും.
വിളിച്ചുകൊണ്ടിരിക്കും.
പഠിപ്പിച്ചുകൊണ്ടിരിക്കും.
അടിച്ചുകൊണ്ടിരിക്കും.

6. ശ്രീദേവി ദേഷ്യത്തോടെ ഉത്തരം പറഞ്ഞു.
സങ്കടത്തോടെ
കോപത്തോടെ
ചിരിയോടെ
കരച്ചിലോടെ
സ്നേഹത്തോടെ

7. അവൾ തറയിൽക്കൂടെ നടക്കുന്നില്ല.
റോഡിൽക്കൂടെ
മുറിയിൽക്കൂടെ
പുരയിടത്തിൽക്കൂടെ

## D. Transformation drill

### Model 1

സീത പാട്ടു പാടുന്നു.
സീത പാട്ടു പാടിക്കൊണ്ടിരിക്കുന്നു.

1. കുട്ടികൾ നടക്കുന്നു.
2. അയാൾ വരുന്നു.
3. രാമൻ പാഠം എഴുതുന്നു.
4. എന്റെ അനിയത്തി റേഡിയോ കേൾക്കുന്നു.
5. അമ്മ കുഞ്ഞിനെ പഠിപ്പിക്കുന്നു.

## Model 2

ആരോ വാതിലിൽ മുട്ടി.

ആരോ വാതിലിൽ മുട്ടിക്കൊണ്ടിരുന്നു.

1. അവർ മേലധികാരിയെ ശല്യപ്പെടുത്തി.
2. കുട്ടികൾ അപ്പോൾ ഉണ്ടു.
3. അമ്മ കുഞ്ഞിനെ എടുത്തു.
4. ചേച്ചി പപ്പടം കാച്ചി.
5. അനിയത്തി ഇഡ്ഡലി ഉണ്ടാക്കി.

## Model 3

അവർ ചിരിക്കും.

അവർ ചിരിച്ചുകൊണ്ടിരിക്കും.

1. അവർ പാലു വിൽക്കും.
2. സുഷമയെ അവളുടെ അച്ഛൻ വഴക്കുപറയും.
3. ഞാൻ എൻ്റെ കുട്ടിക്കാലത്തെ കൂട്ടുകാരെ ഓർമ്മിക്കും.
4. ആ പെൺകുട്ടി വെറുതെ സംസാരിക്കും.
5. വിപ്ലവകാരി പ്രസംഗിക്കും.

## Model 4

മധു എന്തെങ്കിലും തിന്നുകൊണ്ടിരിക്കും.

മധു എന്തെങ്കിലും തിന്നുകൊണ്ടിരിക്കില്ല.

1. അയാൾ അവരെക്കൊണ്ടു ജോലി ചെയ്യിപ്പിക്കും.
2. അവൻ എല്ലാവരേയും പേടിച്ചു.
3. കുട്ടികൾ അവധിയെപ്പററി ആലോചിച്ചുകൊണ്ടിരിക്കില്ല.
4. രാധ നോവൽ വായിച്ചുകൊണ്ടിരിക്കുന്നു.
5. അവർ എല്ലാവരോടും നന്നായി പെരുമാറിക്കൊണ്ടിരിക്കുന്നു.

## Model 5

ടീച്ചർ ക്ലാസു വേഗം വിട്ടുകൊണ്ടിരിക്കുന്നു.

ടീച്ചർ ക്ലാസു വേഗം വിട്ടുകൊണ്ടിരിക്കുന്നോ?

1. എഴുത്തുകാർ സാഹിത്യസമ്മേളനം നടത്തിക്കൊണ്ടിരിക്കും.
2. നിന്നെപ്പററി അവൾ പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു.
3. മത്തായി പൈലിയെ ചീത്ത പറഞ്ഞുകൊണ്ടിരുന്നു.
4. രഘു പാട്ടു പാടിക്കൊണ്ടിരിക്കുന്നു.
5. കുട്ടികൾ തമ്മിൽത്തമ്മിൽ വഴക്കുകൂടിക്കൊണ്ടിരിക്കും.

## E. Response drill

### Model 1

നീ എന്തിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്നു?
ഞാൻ എൻെറ പരീക്ഷയെപ്പററിത്തന്നെ ആലോചിച്ചുകൊണ്ടിരിക്കുന്നു.

1. നീ എന്തു ചെയ്തുകൊണ്ടിരിക്കുന്നു?
   ——— ——— ——— ചെയ്തുകൊണ്ടിരിക്കുന്നു.
2. നീ ഏതു പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു?
   ——— ——— ——— വായിച്ചുകൊണ്ടിരിക്കുന്നു.
3. നീ ആരെ ഓർമ്മിച്ചുകൊണ്ടിരുന്നു?
   ——— ——— ——— ഓർമ്മിച്ചുകൊണ്ടിരുന്നു.
4. നിങ്ങഠം അന്നു് എവിടേയ്ക്കു് പോയിക്കൊണ്ടിരുന്നു?
   ——— ——— ——— ——— ——— പോയിക്കൊണ്ടിരുന്നു.

### Model 2

അവഠം എപ്പോഴും ഈ പാട്ടു പാടിക്കൊണ്ടിരിക്കുമോ?
ഇല്ല. ചിലപ്പോഠം മാത്രം. സാധാരണ അവഠം സിനിമാപ്പാട്ടു പാടിക്കൊണ്ടിരിക്കും.

1. നിങ്ങഠം എന്നും ഈ സമയം എഴുതിക്കൊണ്ടിരിക്കുമോ?
   ഇല്ല. ചിലപ്പോഠം മാത്രം. സാധാരണ ഈ സമയം ——— ——— ———.
2. അവർ എപ്പോഴും മേലധികാരിയെ പുകഴ്ത്തിക്കൊണ്ടിരിക്കുമോ?
   ഇല്ല. ചിലപ്പോഠം മാത്രം. സാധാരണ——— ——— ——— ———.
3. എന്നും പത്തു മണിമുതൽ പതിനൊന്നു മണിവരെ അദ്ദേഹം അവളോടു ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുമോ?
   ഇല്ല. ചിലപ്പോഠം മാത്രം. സാധാരണ അദ്ദേഹം ——— ———.
4. നീ എപ്പോഴും നിൻെറ വീട്ടുകാരെപ്പററി ആലോചിച്ചുകൊണ്ടിരിക്കുമോ?
   ——— ——— ——— ——— ——— .
5. എന്നും ഈ സമയം നിൻെറ കുട്ടികഠം കളിച്ചുകൊണ്ടിരിക്കുമോ?
   ——— ——— ——— ——— ——— .

## EXERCISES

I Write the expanded forms.

1. രസിച്ചോണ്ടിരിക്കുന്നു.
2. തറയിലു്ടേം, വാതിലിലു്ടേം.

3. കണ്ടോണ്ടിരിക്കുന്നു.
4. അമ്മയേം, മോനേം.
5. പണിയെടുത്തോണ്ടിരുന്നു
6. കൊള്ളിച്ചോണ്ടിരുന്നു.
7. രഘൂനേം, അനൂനേം.
8. ലതയുടേം, രാമന്റേം
9. വല്യമ്മേം, ചെറിയമ്മേം.
10. സമ്മേളനോം, ആഘോഷോം.

II Rewrite the following sentences using continuous tense form of the verbs using കൊണ്ടിരിക്കു് forms.

1. സീത പുസ്തകം വായിക്കുന്നു.
2. അവർ മധുവിനെ ഫോണിൽ വിളിച്ചു.
3. മത്തായി രാവിലെ മുതൽ തൈകൾ നടുന്നു.
4. രാഘവൻ എട്ടുമണി മുതൽ പത്തുമണിവരെ ഹിന്ദി പഠിക്കും.
5. എല്ലാവരും കുഞ്ഞിന്റെ പാട്ടുകേട്ട് ആസ്വദിച്ചു.
6. ആ സമയത്തുപോലും അവൾ സ്വപ്നം കണ്ടു.
7. നമ്മുടെ നേതാവ് മൂന്നു മണിക്കൂറോളം പ്രസംഗിക്കും.
8. സഹപ്രവർത്തകർ അദ്ദേഹത്തിനെ യാത്ര അയയ്ക്കുന്നു.
9. ഓണാഘോഷത്തിനു കുട്ടികൾ പണം പിരിക്കുന്നു.
10. വൈകുന്നേരം വരെ കുട്ടി അമ്മയെ ഓർമ്മിച്ചു കരഞ്ഞു.

III Transform the given sentences to their corresponding negatives.

1. രാധ എപ്പോഴും റേഡിയോ കേട്ടുകൊണ്ടിരിക്കുന്നു.
2. കുഞ്ഞിനെ നോക്കി ഞാനും ചിരിച്ചുകൊണ്ടിരുന്നു.
3. അങ്ങനത്തെ കഥ ഇവിടെയും സംഭവിക്കും.
4. ഞാൻ നിന്നോടു ദേഷ്യപ്പെട്ടുകൊണ്ടിരിക്കുന്നു.
5. മധുവിന് അവളൊരു പുസ്തകം കൊടുത്തു.
6. കഴിഞ്ഞ ആഴ്ച മുതൽ അവൾ അവിടെ ജോലി ചെയ്യുന്നു.
7. വീട്ടിന്റെ മുൻപിൽവരെ ആ വലിയ കാറുകൊണ്ടുവരും.
8. ജോണി എന്റെ ഉടുപ്പ് തച്ചുകൊണ്ടിരുന്നു.
9. സുധ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും.
10. അദ്ദേഹം ആശുപത്രിയിലേക്കു നടന്നു.
11. പുതിയ ഓഫീസിലെ കാര്യങ്ങളെപ്പറ്റി അയാൾ ആലോചിച്ചു.
12. എല്ലാവരും ആ പിശുക്കനെ വെറുക്കും.

IV Transform the given sentences to their corresponding interrogatives by the addition of –ഓ or –എ appropriately.

1. എല്ലാവരും ആ കാര്യം അറിഞ്ഞില്ല.
2. ആ കല്യാണം വേഗം നടക്കും.
3. ആ പഴയ പാട്ടുതന്നെ അവരാ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.
4. പണിയൊക്കെ ചെയ്തു.
5. സാമാനം വാങ്ങാൻ സിററിയിലെ കടയിൽ പോയില്ല.
6. സുകുവിനു് അധികദൂരം നടക്കാൻ വയ്യ.
7. ഇന്നും മഴ പെയ്യും.
8. ക്ലാസിൽ ഇരുന്നും ഉറങ്ങിക്കൊണ്ടിരിക്കും.
9. അതല്ലാതെ വേറെ ഒന്നും വേണ്ടായിരുന്നു.
10. അദ്ദേഹത്തെപ്പററിത്തന്നെ ഓർത്തുകൊണ്ടിരുന്നു.

V Fill in the blanks using the correct form of the word given for each sentence.

1. അമ്മയെ കണ്ടു് കുഞ്ഞു് ——— ചിരിച്ചു. (സന്തോഷം)
2. ആ ——— നിങ്ങരാ നടക്കരുതു്. (വഴി)
3. നിങ്ങരാക്കു് ——— വിശ്വാസമുണ്ടു്. (ഈശ്വരൻ)
4. എനിക്കു് ——— വലിയ സ്നേഹമാണു്. (അവൻ)
5. ——— വേണ്ടി നിങ്ങരാ ഇത്ര കഷ്ടപ്പെടുന്നു? (ആരു്)
6. ——— ഞാൻ എന്തു പിറന്നാരാ സമ്മാനം കൊടുക്കും. (രാധ)
7. അവരുടെ ——— ഒരു കുററവും ഇല്ല. (പെരുമാററം)
8. ———പ്പററി നീ എന്തിനു് ആലോചിക്കുന്നു? (അവർ)
9. ഞങ്ങളുടെ ——— ഗ്രാമങ്ങരാ അധികം ഇല്ല. (നാടു്)
10. ——— വാചകമടിക്കാൻ മാത്രമേ കൊള്ളൂ. (ബാബു)
11. ——— ആളുകളെപ്പററി നീ ആരോടു സംസാരിച്ചുകൊണ്ടിരുന്നു? (കേരളം)
12. ——— കൂടെ പോകാൻ എനിക്കും ആഗ്രഹം ഉണ്ടു്. (ചേട്ടൻ)
13. ആ ——— നിന്നു് ഞാൻ എല്ലാ സാധനങ്ങളും വാങ്ങിക്കൊണ്ടിരുന്നു. (കട)
14. എന്റെ ——— സിററിയിൽനിന്നു് ധാരാളം ബസ്സുകരാ ഉണ്ടു്. (ഗ്രാമം)

VI Fill in the blanks suitably.

1. ഇപ്പോഴത്തെ ചെറുപ്പക്കാരെപ്പററിത്തന്നെ ഞാൻ പറഞ്ഞു.
2. അയാളോടു് ഞാൻ രൂപാ ———.
3. സിനിമാതാരങ്ങരാ ജീവിതം ——— കൊണ്ടിരിക്കുന്നു.
4. നിങ്ങളുടെ മകളും എപ്പോഴും റേഡിയോ കേട്ടു———?

5. ആ പട്ടിയെ ——— നീ ഇങ്ങോട്ടു് ഓടി വന്നോ?
6. അവളുടെ കാര്യം ഓർമ്മിച്ചു് ——— അമ്മ അങ്ങനെ പറഞ്ഞു.
7. അവന്റെ വീട്ടുകാരെപ്പററി നിനക്കു് ——— അറിയില്ലേ?
8. അയാാം എപ്പോഴും ഈശ്വരനെപ്പററി ——— കൊണ്ടിരിക്കുമോ?
9. ഇന്നു നിനക്കു് ആരു ചോറു ———?
10. ആ പുതിയ കയറും ———.
11. —തല വെളിയിൽ ഇടരുതു്.
12. ——പ്പററിയും എനിക്കു് അറിയണ്ട.

## VOCABULARY

ഹോംവർക്കു് 'homework'
കണക്കു് 'sums, mathematics, calculation, account'
തൽക്കാലം 'for the time being'
റേഡിയോ 'radio'
ഭഗവാൻ 'God' ദൈവം 'God'
സങ്കടം 'sorrow, sadness'
ദുഃഖം 'sorrow'
സങ്കടപ്പെടു് 'to be sad'
കുററപ്പെടുത്തു് 'to blame'
കൊഞ്ചിക്കു് 'to spoil with excess of affection'
കഴുത 'donkey'
പണിയെടുക്കു് 'to work'

## NOTES

11.45.1. Continuous tenses are introduced. These indicate an action that is in progress in whichever tense it may be.

നീ എന്തു ചെയ്തു കൊണ്ടിരിക്കുന്നു?

What are you doing?

ഇന്നലെ രാത്രിയും നീ അവളെ വഴക്കു പറഞ്ഞുകൊണ്ടിരുന്നു.

Last night also you were scolding her.

അച്ഛൻ എപ്പോഴും മോളെ കൊഞ്ചിച്ചുകൊണ്ടിരിക്കും.

Daddy will always be petting the daughter.

11.45.2. Continuous tense is formed by adding the different forms of verb ഇരിക്ക് 'to be' to the verbal participle of the concerned verb followed by കൊണ്ട്.

പറഞ്ഞ് + കൊണ്ട് + ഇരിക്കുന്നു> പറഞ്ഞുകൊണ്ടിരിക്കുന്നു.

ചിരിച്ച് + കൊണ്ട് + ഇരുന്നു + ചിരിച്ചുകൊണ്ടിരുന്നു.

പാടി + കൊണ്ട് + ഇരുന്നു > പാടിക്കൊണ്ടിരുന്നു.

11.45.3. The suffix –ഓടെ is added to inanimate nouns to indicate association.

അവൾ സങ്കടത്തോടെ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു.

She is talking sorrowfully.

അവൾ ചിരിയോടെ ചോദിച്ചു.

She asked smilingly.

11.45.4. By adding –ഇൽ കൂടെ to a noun, the path of the action indicated by the verb is expressed as seen in the examples.

അവൾ തറയിൽ കൂടെ നടക്കുന്നില്ല.

She doesn't walk on the floor.

റോഡിൽക്കൂടെ പോയി.

Went along the road.

ജന്നലിൽക്കൂടെ നോക്കി.

Looked through the window.

11.45.5 Note the following usages.

ഒരു വഴിക്കു കൊണ്ടുവരു്.

'to bring to the right path' (guide properly)

തറയിൽ കൂടെ നടക്ക്.

'to walk on the floor' (to behave normally as everybody else)

# UNIT 11

## LESSON 46

## ഹെഡ്മാസ്റ്റർ മാപ്പ കൊടുത്തേയ്ക്കും

### CONVERSATION

| | |
|---|---|
| അദ്ധ്യാപകൻ: ഇനിയെങ്കിലും നിങ്ങൾക്ക് എന്നോടു സത്യം പറഞ്ഞുകൂടേ? ജോണിയെ ആരടിച്ചു? ആ സംഘത്തിൽ സുകുമാരനും, മാത്യുവും അല്ലാതെ ആരൊക്കെ ഉണ്ടായിരുന്നു? പൗലോസേ, നീ പറ. | At least now shouldn't you tell me the truth ? Who beat Johnny ? In addition to Sukumaran and Mathew who were all there in that gang? Paulose, you tell. |
| പൗലോസ്: എനിക്കറിഞ്ഞുകൂടാ സാർ. ഞാൻ ഇന്നലെ സ്കൂളിൽ വന്നില്ല. ഗോപിക്കറിയാമായിരിക്കും. എന്നും വൈകുന്നേരം ഗോപീം, ജോണീം ഒരുമിച്ചുപോകും. | I don't know, Sir. Yesterday I didn't at all come to school. Gopi may be knowing, Sir. Daily Gopi and Johnny go together. |

| | |
|---|---|
| അധ്യാപകൻ: ഗോപീ, നീ ഇന്നലേം ഇവരുടെ കൂടെ പോയോ? | Gopi, yesterday also did you go with them ? |
| ഗോപി: പോയി. | Yes. I went with them. |
| അധ്യാപകൻ: ഈ അടിപിടി എങ്ങനെ തുടങ്ങി? ഒരക്ഷരം വിടാതെ എല്ലാം തെളിച്ചു പറഞ്ഞേയ്ക്കു്. സത്യം പറയണം. എന്നാൽ ഹെഡ്മാസ്റ്റർ അവർക്കു മാപ്പുകൊടുത്തേയ്ക്കും. ഇല്ലെങ്കിൽ നിനക്കു പോലും ശിക്ഷ കിട്ടിയേക്കാം. | How did this clash begin ? Without leaving any minute detail you tell everything clearly. You should tell the truth. Then the Headmaster may pardon them. Otherwise even you may be punished. |
| ഗോപി: സാർ ഞാൻ അവരുടെ കൂടെ പോയി. പക്ഷെ ആ സംഘത്തിൽ ചേർന്നില്ല. കുറച്ചു പിന്നിലായിരുന്നു. | Sir, I went with them. But I did not join that group. I was a little behind. |
| അധ്യാ: എന്നാലും നീ സംഭവം കണ്ടല്ലോ. നീയല്ലേ ഒന്നാം സാക്ഷി? എല്ലാം വിവരിച്ചുപറ. കേൾക്കട്ടെ. | Still you have witnessed the incident. Aren't you the first witness? You please tell everything in detail. Let me hear. |
| ഗോപി: ഇന്നലെ പന്തു കളികഴിഞ്ഞു് സുകുമാരനും, മാത്യുവും, ജോണിയും, കൃഷ്ണകുമാറും, ഞാനും ഒരുമിച്ചിറങ്ങി. എനിക്കു ഭയങ്കര കാലുവേദനയായിരുന്നു. ഞാൻ അതുകൊണ്ടു പതുക്കെ നടന്നു. പക്ഷെ അവർ നാലുപേരും എന്റെ മുൻപേ പന്തയം വച്ചു നടന്നു. | Yesterday after the foot ball match Sukumaran, Mathew, Johnny, Krishna Kumar and myself got out together. I had terrible leg pain. So I walked slow. But all four of them walked before me trying to excel one another. |
| അധ്യാ: എന്നിട്ടു്? | Then ? |

| | |
|---|---|
| ഗോപി: ജോണീടെ കയ്യിൽ ഒരു ആട്ടോമാററിക് കുടയുണ്ടായിരുന്നു. അതു തുറന്നു കാണിക്കാൻ അവർ പറഞ്ഞു. അവൻ കൂട്ടാക്കിയില്ല. അപ്പോൾ മാത്യൂ ആ കുട തട്ടിപ്പറിക്കാൻ ജോണീടെ മേൽ ചാടിക്കേറി. കൃഷ്ണകുമാർ ജോണീടെ കാലിൽ ഒരു തട്ടും കൊടുത്തു. അവൻ തറയിൽ കമന്നടിച്ചുവീണു. | Johnny had an automatic umbrella. They told him to open it and show. He didn't listen. Then Mathew leaped on Johnny to snatch that umbrella. Krishna Kumar knocked Johnny on his leg. Johnny fell with his chest to the ground. |
| അദ്ധ്യാ: നിനക്കു് ഓടിപ്പോയി അവനെ സഹായിച്ചുകൂടായിരുന്നോ? | Shoudln't you have rushed and helped him? |
| ഗോപി: ഞാൻ ഓടിപ്പോയി സാർ. പക്ഷെ അപ്പോൾ സുകുമാരൻ ഒരു കല്ലെടുത്തു് എന്നെ എറിഞ്ഞു. | I did rush, Sir. Then Sukumaran took a stone and threw at me. |
| അദ്ധ്യാ: ഉം. അവനത്രയ്ക്കായോ? ശരി. തുടർന്നുപറ. | Is it so? He has reached that extent. Yes. Continue. |
| ഗോപി: ജോണീടെ നെററി പൊട്ടി. കുറച്ചു രക്തം ഒലിച്ചുവന്നു. അതുകണ്ടു പേടിച്ചു് കുടയും ഇട്ടിട്ടു് അവർ മൂന്നുപേരും ഓടിപ്പോയി. | Johnny's forehead got hurt and a little blood oozed out. Seeing that, those three got frightened and they ran away. |
| അദ്ധ്യാ: പിന്നെ? | Then ? |
| ഗോപി: അവിടത്തെ ഒരു മുറുക്കാൻ കടക്കാരനും, ഞാനും കൂടെ ജോണിയെ പിടിച്ചെണീപ്പിച്ചു. അവന്റെ മുറിവൊക്കെ ഞങ്ങൾ വെച്ചുകെട്ടി. അയാൾ അവനു കുടിക്കാൻ കുറച്ചു നാരങ്ങാനീരു കൊടുത്തു. കുറച്ചു കഴിഞ്ഞു് ഞാൻ അവനെ വീട്ടിൽ കൊണ്ടുപോയാക്കി. | A pan shop owner and I took Johnny. We bandaged his wound. He gave him some lime juice to drink. After some time I took him to his house. |

അദ്ധ്യാ: ശരി, ഗോപി. നീ ഒരു യഥാർത്ഥ സ്കൗട്ടിനെപ്പോലെ പെരുമാറി. വളരെ നല്ലത്. ഹെഡ്മാസ്റ്റർ ഇപ്പോൾ എല്ലാരേം വിളിക്കും. നിന്നേം വിളിച്ചേക്കും. പേടിക്കണ്ട. എല്ലാം തെളിച്ച് പറഞ്ഞേക്കൂ.

Gopi, you behaved as a true scout. Very good. Headmaster will call everybody now. He may call you also. Don't be afraid. Tell him everything clearly.

## DRILLS

### A. Repetition drill

a. 1. നിങ്ങൾ കള്ളം പറഞ്ഞുകൂട.
2. ഈ വലിയ വീട് ഇത്ര ചെറിയ വാടകയ്ക്ക് കൊടുത്തുകൂട.
3. നിങ്ങൾക്ക് എന്റെ കൂടെ വന്നുകൂടെ?
4. വെറുതെ സമയം കളഞ്ഞുകൂടായിരുന്നു.
5. നിങ്ങൾക്കവരെ വിളിച്ചുകൂടായിരുന്നോ?

b. 1. ഇനിയെങ്കിലും നീ സത്യം പറഞ്ഞേയ്ക്ക്.
ഇനിയെങ്കിലും നിങ്ങൾ സത്യം പറഞ്ഞേയ്ക്കൂ.
2. നീ എല്ലാവരേയും വിട്ടേക്ക്.
നിങ്ങൾ എല്ലാവരേയും വിട്ടേയ്ക്കൂ.

c. 1. ആ കല്യാണം നടന്നേയ്ക്കും / നടന്നേയ്ക്കാം.
2. അവനും ഇന്നിവിടെ വന്നേക്കും / വന്നേയ്ക്കാം.
3. ആ സംഭവം എല്ലാവരും അറിഞ്ഞേക്കും / അറിഞ്ഞേയ്ക്കാം.

### d. Pronunciation Practice

എല്ലാവരേയും > എല്ലാരേം
മധുവും, ഗോപിയും > മധൂം ഗോപീം
കമലയേയും, മണിയേയും > കമലേം മണിയേം
വേണുവിനും, സോമുവിനും > വേണൂനും, സോമൂനും
അമ്മയും, മണിയും, മധുവും > അമ്മേം, മണീം, മധൂം
സംഭവിച്ചുകൂടായിരുന്നു > സംഭവിച്ചൂടായിരുന്നു
അറിഞ്ഞുകൂടായിരുന്നു > അറിഞ്ഞൂടായിരുന്നു

## B. Build up drill

### Model

പോയിക്കൂട
പോയിക്കൂട.
വെളിയിൽ
വെളിയിൽ പോയിക്കൂട.
ചോദിക്കാതെ
ചോദിക്കാതെ വെളിയിൽ പോയിക്കൂട.
അച്ഛനോട്
അച്ഛനോട്ട് ചോദിക്കാതെ വെളിയിൽ പോയിക്കൂട.

1. ശല്യപ്പെടുത്തിക്കൂടേ?
അദ്ദേഹത്തിനെ ശല്യപ്പെടുത്തിക്കൂടേ?
നമുക്ക് അദ്ദേഹത്തിനെ ശല്യപ്പെടുത്തിക്കൂടേ?
ഇത്ര വലിയ കാര്യത്തിനും നമുക്ക് അദ്ദേഹത്തിനെ ശല്യപ്പെടുത്തിക്കൂടേ?

2. കുടിച്ചേയ്ക്ക്.
നീ കുടിച്ചേയ്ക്ക്.
കാപ്പിയും കൂടെ നീ കുടിച്ചേയ്ക്ക്.
ഒരു കപ്പ് കാപ്പിയും കൂടെ നീ കുടിച്ചേയ്ക്ക്.
എന്റെ ഒരു കപ്പ് കാപ്പിയും കൂടെ നീ കുടിച്ചേയ്ക്ക്.

3. കൊടുത്തേയ്ക്കൂ.
തിരിച്ചു കൊടുത്തേയ്ക്കൂ.
ലൈബ്രറിയിൽ തിരിച്ചു കൊടുത്തേയ്ക്കൂ.
ആ പുസ്തകം ലൈബ്രറിയിൽ തിരിച്ചു കൊടുത്തേയ്ക്കൂ.
വായിച്ചിട്ട് ആ പുസ്തകം ലൈബ്രറിയിൽ തിരിച്ചു കൊടുത്തേയ്ക്കൂ.
നിങ്ങൾ വായിച്ചിട്ട് ആ പുസ്തകം ലൈബ്രറിയിൽ തിരിച്ചു കൊടുത്തേയ്ക്കൂ.

4. കിട്ടിയേസ്സും
എഴുത്തു കിട്ടിയേസ്സും.
ഒരു എഴുത്തു കിട്ടിയേസ്സും.
അദ്ദേഹത്തിന്റെ ഒരു എഴുത്തു കിട്ടിയേസ്സും.
ഇന്നെങ്കിലും അദ്ദേഹത്തിന്റെ ഒരു എഴുത്തു കിട്ടിയേസ്സും.
എനിക്ക് ഇന്നെങ്കിലും അദ്ദേഹത്തിന്റെ ഒരു എഴുത്തു കിട്ടിയേസ്സും.

## C. Restatement drill

### Model 1

നീ പറയാൻ പാടില്ല. >

നീ പറഞ്ഞുകൂട.

1. കുട്ടികൾ കാണാൻ പാടില്ല.
2. ഇവിടെ എഴുതാൻ പാടില്ല.
3. അവർ എന്നോടു ഇങ്ങനെ ചോദിക്കാൻ പാടില്ല.
4. ഈ അസമയത്തു് നിങ്ങൾ അവളെ ഇവിടെ കൊണ്ടുവരാൻ പാടില്ല.
5. നീ എപ്പോഴും അവനെപ്പററി ഓർത്തിരിക്കാൻ പാടില്ല.

### Model 2

എന്നെ അറിയിക്കാൻ പാടില്ലേ? >

എന്നെ അറിയിച്ചുകൂടേ?

1. കുറച്ചു സമയം കാത്തുനിൽക്കാൻ പാടില്ലേ?
2. സുഖക്കേടുകാർ ചോറുണ്ണാൻ പാടില്ലേ?
3. ഈ പ്രാവശ്യവും അവരെ നിർബന്ധിക്കാൻ പാടില്ലേ?
4. പതിനായിരം രൂപ നമുക്ക പിരിക്കാൻ പാടില്ലേ?
5. ആരും തോൽക്കാൻ പാടില്ലേ?

### Model 3

അവൻ വരരുതു്. >

അവൻ വന്നുകൂട.

1. ആരും കള്ളം പറയരുതു്.
2. എപ്പോഴും ആ കാര്യം ഓർമ്മിക്കരുതു്.
3. അദ്ദേഹത്തിനെ മറക്കരുതു്.
4. അങ്ങനെ സംസാരിക്കരുതു്.
5. വെറുതെ സമയം കളയരുതു്.

### Model 4

നീ വാ. >

നീ വന്നേയ്ക്ക്.

1. നീയൊരു പാട്ടുപാടു്.
2. ആ പാത്രം നീ അവിടെ വയ്ക്ക്.
3. നീ കുഞ്ഞിനെ അവിടെനിന്നു് എടുക്ക്.
4. ഈ പലഹാരവും കൂടെ നീ തിന്നു്.
5. മൂന്നു പ്രാവശ്യം കൂടെ എഴുതു്.

## Model 5

നിങ്ങൾ പത്തുക്കൈ പറയൂ.

നിങ്ങൾ പത്തുക്കൈ പറഞ്ഞേയ്ക്കൂ.

1. നിങ്ങൾ ആ ഹോട്ടലിൽ തങ്ങൂ .
2. അവരുടെ രൂപ തിരിച്ചു കൊടുക്കൂ.
3. രണ്ടു മൈൽ നടക്കൂ.
4. ഇന്നെങ്കിലും അവരെ കുറച്ചു വേഗം വിടൂ.
5. അവരെയെല്ലാം പിടിക്കൂ.

## Model 6

എല്ലാവരും സമയത്തിനു് എത്തും >

എല്ലാവരും സമയത്തിനു് എത്തിയേക്കും.

1. അച്ഛൻ ദേഷ്യപ്പെടും.
2. അവൻ ഒരു നല്ല ഡോക്ടർ ആകും.
3. കുഞ്ഞ് ഇനി സുഖമായി ഉറങ്ങും.
4. രണ്ടുമാസം കഴിഞ്ഞ് എനിക്കൊരു നല്ല ജോലികിട്ടും.
5. എല്ലാവരും നമ്മളെ ശപിക്കും.

# D. Transformation drill

## Model 1

അവർക്കു് എല്ലായിടത്തും പോകാം.

അവർക്കു് എല്ലായിടത്തും പോയിക്കൂട.

1. മോനിന്നു പച്ചവെള്ളത്തിൽ കുളിക്കാം.
2. കൊച്ചുകുട്ടികൾക്ക പേന ഉപയോഗിക്കാം.
3. എന്റെ മൂത്ത ചേട്ടനും ഹോട്ടലിലെ ആഹാരം കഴിക്കാം.
4. അവരുടെ കാര്യം നമ്മൾക്കു് ഏൽക്കാം.
5. അദ്ദേഹത്തിനു് അവളെ കല്യാണം കഴിക്കാം.

## Model 2

അവർക്കു് ഓടിക്കൂട.

അവർക്കു് ഓടിക്കൂടേ?

1. അതിനെപ്പററി ഇപ്പോൾ വിചാരിച്ചുകൂട.
2. ഈ സന്ധ്യയ്ക്കു് ഒരിടത്തും പോയിക്കൂട.
3. നമ്മുടെ ആഘോഷത്തിനു് എല്ലാവരേയും വിളിച്ചുകൂട.
4. അങ്ങനത്തെ കാര്യം അറിഞ്ഞുകൂട.
5. എല്ലാവരേയും വെറുതെ വെറുത്തുകൂട.

## E. Response drill

### Model 1

മററന്നാളും അവനെ കാണാമോ?

കാണാം. മററന്നാളും അവനെ കാണാം.

കണ്ടുകൂട. മററന്നാളും അവനെ കണ്ടുകൂട.

1. നിങ്ങൾക്ക് ആ വിഷയത്തെപ്പററി പ്രസംഗിക്കാമോ?
2. അവനേയും കളിയിൽ ചേർക്കാമോ?
3. പിറന്നാളിനു് ഒരു വലിയ സദ്യ നടത്താമോ?
4. ആ ജോലി നിനക്കു ചെയ്യാമോ?
5. അയാളെ പിശുക്കനെന്നു മുദ്രകുത്താമോ?

### Model 2

എന്നോടും ആ കാര്യം പറഞ്ഞുകൂടേ?

പറയാം. നിന്നോടും ആ കാര്യം പറയാം.

പറഞ്ഞുകൂട. നിന്നോടും ആ കാര്യം പറഞ്ഞുകൂട.

1. അയാളെ പുകഴ്ത്തിക്കൂടേ?
2. അവനേയും ഒരു പാഠം പഠിപ്പിച്ചുകൂടേ?
3. ആ പാട്ടും കേട്ടുകൂടേ?
4. കുഞ്ഞുങ്ങൾക്കുവേണ്ടി ചോദിച്ചുകൂടേ?
5. പത്തു മണിക്കു മീററിങ്ങ് തുടങ്ങിക്കൂടേ?

## EXERCISES

I Write the contracted forms.

1. എല്ലാവരുടേയും
2. വരദയും, മാലതിയും, മധുവും
3. അനുവിനും, മനുവിനും, തനുവിനും
4. രമണിയേയും, ശാരദയേയും, കമലയേയും
5. കാപ്പിയും, ചായയും, ദോശയും
6. സത്യവും, കള്ളവും
7. അറിഞ്ഞുകൊണ്ടിരുന്നു
8. വന്നുകൊള്ളട്ടെ
9. പഠിച്ചുകൊള്ളു
10. കളഞ്ഞുകൂടായിരുന്നു

II Rewrite the following negative statements using കൂട and making appropriate changes in the verb.

1. താക്കോൽ അവിടെ വയ്ക്കരുതു്.
2. അധികനേരം അങ്ങനെ നിൽക്കാൻ പാടില്ല.
3. വേറെ ആളുകളുടെ കാര്യത്തിൽ ശ്രദ്ധിക്കരുതു്.
4. ടിക്കററു് എടുക്കാതെ യാത്ര ചെയ്യരുതു്.
5. ആരേയും ആക്ഷേപിക്കാൻ പാടില്ല.
6. അവർക്കു മാപ്പു കൊടുക്കാൻ പാടില്ല.
7. ഈ സന്ധ്യയ്ക്കു് കുഞ്ഞിനെ ഉറക്കരുതു്.

III Rewrite the given imperative sentences using the corresponding verbal participle of the verb followed by ഏക്കു് forms appropriately.

1. എനിക്കും ഒരു പത്തുരൂപേടെ ടിക്കററു് വാങ്ങു്.
2. ആ പുതിയ ഭാഷ എഴുതാനും പഠിക്കൂ.
3. എല്ലാ ജന്നലുകളും തുറക്കൂ.
4. വേഗം വീട്ടിലേയ്ക്കു് മടങ്ങു്.
5. ആ സത്യം ആവർത്തിക്കു്.
6. ഈ പരീക്ഷയ്ക്കു് നന്നായി ശ്രമിക്കൂ.
7. കുറച്ചു നേരത്തേ പോ.

IV Rewrite the following sentences using the verbs in future probability form with —ഏക്കും or —ഏക്കാം.

1. നിങ്ങളുടെ മേൽവിലാസം ഞാൻ മറക്കും.
2. ആ കഥ എല്ലാവരും അറിയും.
3. അവർ ആ കാര്യം സാധിക്കും.
4. രാവിലെ എണീററു നടക്കാൻ പോകും.
5. ആ ആശുപത്രിയിൽ എല്ലാ സുഖക്കേടിനും മരുന്നു കാണും.
6. അടുത്ത വർഷം ഞാനും ഇതു തീർക്കും.
7. അന്നമ്മയുടെ ആടു പെറും.

V Fill up the blanks using the correct forms of the word given.

1. അങ്ങനെ ——— നിൽക്കാൻ പാടില്ലേ? (നോക്ക്)
2. നീ വേഗം ഒരാളെ അങ്ങോട്ടേയ്ക്കു് ——— (അയയ്ക്ക്)
3. നമുക്ക് ആ വീട് ——— കൂട. (വിൽക്ക്)
4. എന്റെ പേന തറയിൽ ——— പാടില്ല. (വീഴ്)
5. ഒന്നും ——— ചോദ്യങ്ങൾക്കുത്തരം പറഞ്ഞുകൂട. (ആലോചിക്ക്)
6. അവരുടെ പണം വേഗം ——— കൊടുത്തേയ്ക്കൂ. (തിരിക്ക്)
7. കടപ്പുറം വരെ ——— പോകാൻ പറയൂ. (നടക്ക്)
8. നിങ്ങൾ അവനെ വേഗം വീട്ടിൽ കൊണ്ടുപോയി ———. (ആക്ക്)
9. പന്തയം ——— ഓടിയിട്ടും തോററില്ലേ? (വയ്ക്ക്)
10. അവനെ ——— നിനക്ക് മനസ്സിലായില്ലേ? (കാണ്)
11. കള്ളക്കടത്തുകാരെ വെറുതെ ——— കൂട. (വിട്)
12. ചേട്ടനോട് ——— സംസാരിച്ചുകൊണ്ടിരുന്നു. (തർക്കിക്ക്)
13. വലിയ മുറിവിൽ നിന്നു രക്തം ഒലിച്ചു——— (വരു്)
14. തല ——— തറയിൽ വീണു. (പൊട്ട്)
15. കുട്ടിയെ ——— ഊണു കഴിപ്പിച്ചു. (നിർബന്ധിക്ക്)

VI Answer the following questions. Wherever possible, give positive and negative answers.

1. നിങ്ങൾക്ക് ഒരു മുറുക്കാൻകട തുടങ്ങിക്കൂടേ?
2. ആ പുസ്തകം എല്ലാവരേയും തുറന്നുകാണിക്കാമോ?
3. നിങ്ങൾക്ക് നെഹ്റുവിനെപ്പററി അറിഞ്ഞുകൂടേ?
4. ഒരു മണിക്കൂറിൽ നിങ്ങൾക്ക മൂന്നു മൈൽ നടക്കാൻ പാടില്ലേ?
5. ഏതു വിഷയത്തെപ്പററിയും നിങ്ങൾക്ക പ്രസംഗിക്കാമോ?
6. ഒരു മിനിട്ടിൽ നിങ്ങൾക്ക് എത്ര വാക്കുകൾ വായിക്കാം?

VII Answer the following with reference to the conversation.

1. അധ്യാപകൻ എന്തിനെപ്പററി അന്വേഷിക്കുന്നു?
2. തലേ ദിവസം ജോണിക്ക് എന്തുപററി?
3. ആരാണ് അതിന് കാരണക്കാർ? സംഭവം എങ്ങനെ നടന്നു?
4. ഗോപി എങ്ങനെ പെരുമാറി?
5. ജോണിയെ സഹായിക്കാൻ ഗോപിയുടെകൂടെ ആരു ചേർന്നു?

## VOCABULARY

| | | | |
|---|---|---|---|
| അടിക്ക് | 'beat' | ഒരുമിക്ക് | 'to be one, to be united' |
| ഒരുമിച്ച് | 'together' | | |
| അടിപിടി | 'fighting' | തെളിക്ക് | 'to clear' |
| തെളിച്ച് | 'clear' | അക്ഷരം | 'letter' |
| ഹെഡ്മാസ്റ്റർ | 'headmaster' | ശിക്ഷ | 'punishment' |
| സംഘം | 'group, society' | സംഭവം | 'incident' |
| സാക്ഷി | 'witness' | പന്തുകളി | 'foot ball game' |
| കാലുവേദന | 'leg pain' | പന്തയംവയ്ക്ക് | 'to bet' |
| ആട്ടോമാററിക്ക് | 'automatic' | നിർബന്ധിക്ക് | 'to compel' |
| കൂട്ടാക്ക് | 'to mind, to take seriously' | | |
| കുട | 'umbrella' | | |
| തട്ടിപ്പറിക്ക് | 'to snatch' | | |
| ചാടിക്കേറ് | 'to jump and pounce' | | |
| തട്ട് | 'to hit, to knock' | | |
| കമഴ് | 'to be touching the ground with face down' | | |
| സഹായിക്ക് | 'to help' | കല്ല് | 'stone' |
| നെററി | 'forehead' | | |
| പൊട്ട് | 'to get hurt, to break' | | |
| ചോര | 'blood' | മുറിവ് | 'wound' |

## NOTES

11.46.1. By adding different words or suffixes to the verbal participle, different shades of meaning are obtained. Three such usages are introduced in the lesson. All the three are some type of auxiliary verbs.

11.46.2. By adding the word കൂട after the verbal participle, the sentence becomes negative indicating a prohibitory order or an inability statement. The sentence can be with or without dative case.

| | |
|---|---|
| നിനക്ക പറഞ്ഞുകൂട. | You cannot tell. |
| നീ പറഞ്ഞുകൂട. | You cannot tell. |

In meaning, this is equal to the പാടില്ല constructions. So both the sentences

അവർ പറയാൻ പാടില്ല and

അവർ പറഞ്ഞുകൂട

have the same meaning, namely, 'they cannot tell' or 'they should not tell'.

**11.46·3.** Verbal participle followed by –ഏയ്ക്കു് (a verbal form of വയ്ക്കു്) can be stated in imperatives by using the different imperative markers.

നീ പറ. > നീ പറഞ്ഞേയ്ക്കു്. You (singular) tell.

നിങ്ങൾ പറയൂ > നീ പറഞ്ഞേയ്ക്കൂ. You (plural) tell.

The shade of meaning is some sort of concession or warning according to whatever context that may be.

**11.46.4.** By adding –ഏയ്ക്കും or –ഏയ്ക്കാം to the verbal participle, sentences indicating future probability (in contrast to the definite future with –ഉം) are obtained.

ഹെഡ്മാസ്റ്റർ നിന്നേം വിളിച്ചേയ്ക്കും. Headmaster may call you also.

ഇന്നും മഴ പെയ്തേയ്ക്കാം. Today also it may rain.

# UNIT 11

## LESSON 47

### REVIEW

# മക്കളുടെ കല്യാണക്കാര്യം

## CONVERSATION

| | |
|---|---|
| നാരായണൻ നായർ: എന്താ രാഘവൻ പിള്ളേ മുഖത്തൊരു മ്ലാനത? | Why are you so gloomy, Mr. Raghavan Pillai ? |
| രാഘവൻപിള്ള: എന്തു പറയാനാ ചേട്ടാ? എത്ര പറഞ്ഞിട്ടും രവി ആ കല്യാണത്തിനു സമ്മതിക്കുന്നില്ല. | What am I to tell Chettan ? In whatever way I tried Ravi is not agreeing to that marriage proposal. |
| നാ. നായർ: ആ പെൺകുട്ടിയെ കണ്ടിട്ടും അവൻ അതേ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നോ? | Is he firm on his opinion even after seeing that girl ? |

രാ. പിള്ള: അവൻ പോയി പെണ്ണിനെ കണ്ടില്ലല്ലോ. ഫോട്ടോ പോലും കാണാതെ തന്നെ തീരുമാനിച്ചു. അവനിപ്പോഴും കല്യാണം വേണ്ടത്രേ.

He didn't go and see the girl. He decided without even seeing the photo. It seems he doesn't want to marry now.

രാ. നായർ: അതിൽ തെററില്ല. അവനിപ്പോഴും ഇരുപത്തഞ്ചു വയസ്സായി. അത്രേ ഉള്ളല്ലോ. നമ്മൾക്കൊക്കെ അച്ഛനമ്മമാരുടെ നിർബ്ബന്ധം കൊണ്ട് ചെറുപ്പത്തിലേ കല്യാണം കഴിക്കേണ്ടിവന്നു. നമ്മുടെ പിള്ളേരെങ്കിലും കുടുംബപ്രാരബ്ധമൊന്നുമില്ലാതെ കുറെനാൾ സുഖമായിരിക്കട്ടെ. അഞ്ചാറുവർഷം കൂടെ കഴിയട്ടെ. അപ്പോ അവനുതന്നെ തോന്നിക്കോളും. എന്നിട്ട് അവന്റെ ഇഷ്ടംപോലെ ഒരു കുട്ടിയെ കല്യാണം കഴിച്ചുകൊള്ളട്ടെ.

There is nothing wrong in it. He is twenty five years old. That's all. We all had to marry at a very early age because of the compulsion of parents. At least let our children be carefree and comfortable for sometime without any family burden. Let it be after five or six years. Then he will feel himself. Then let him marry a girl of his choice.

രാ. പിള്ള: അതുകൊള്ളാം. അപ്പോ ചേട്ടനും അവനു കൂട്ടുനിൽക്കുന്നോ?

That is fine. Are you also taking his side ?

നാ. നായർ: കാലം മാറിയില്ലേ രാഘവൻപിള്ളേ? കല്യാണത്തിന്റെ കാര്യത്തിൽ നമ്മൾ മക്കളെ ഒട്ടും നിർബ്ബന്ധിച്ചുകൂടാ. അവരവരുടെ ഇഷ്ടത്തിനു വിടണം. മക്കളുടെ ഇഷ്ടമറിഞ്ഞ് അച്ഛനമ്മമാർ പ്രവർത്തിക്കണം.

Haven't the times changed, Raghavan Pillai? We should not at all force our children in the matter of marriage. We should leave it to their liking. Parents should act according to the wishes of the children.

| | |
|---|---|
| രാ. പിള്ള: അപ്പോ ഇതിലെന്തോ സൂത്രമുണ്ട്. രവി ഏതെങ്കിലും കുട്ടിയെപ്പററി ചേട്ടനോട് പറഞ്ഞോ? | That means there must be some trick in it. Did Ravi tell you about any girl? |
| നാ. നായർ: എന്നോടൊന്നും പറഞ്ഞില്ല. ഇപ്പോഴത്തെ പിള്ളേർ അവരുടെ ഇഷ്ടമൊക്കെ ആരോടെങ്കിലും പറഞ്ഞുകൊണ്ടു നടക്കുമോ? ഞാൻ എന്റെ അഭിപ്രായം പറഞ്ഞു. അത്രേ ഉള്ളു. | He didn't tell me anything. Will the present day children be telling about their likes to anybody? I told my opinion. That's all. |
| രാ. പിള്ള: ഏതു കാര്യത്തിലും ചേട്ടൻ ചിരിച്ചോണ്ട് ഒരഭിപ്രായം പറയും. പക്ഷെ ഞാനിനി എന്തു ചെയ്യട്ടെ? പെൺകുട്ടിയുടെ വീട്ടുകാർക്കു ഞാൻ വാക്കുകൊടുത്തു. എന്നെപ്പററി അവരെന്തു കരുതും? | For everything you will remark smilingly. But what shall I do now? I promised the girl's parents. What will they think of me? |
| നാ. നായർ: കുററം തന്റേതു തന്നെ. രവിയോടാലോചിക്കാതെ താനെന്തിനു വാക്കു കൊടുക്കാൻ പോയി? ഇപ്പോഴത്തെ ചെറുപ്പക്കാരുടെ സ്വഭാവം മനസ്സിലാക്കി താൻ പെരുമാറണമായിരുന്നു. | The fault is yours. Without consulting Ravi why did you promise? You should have behaved after understanding the nature of the present day youngsters. |
| രാ. പിള്ള: ചേട്ടന്റെ ഇഷ്ടംപോലെ വഴക്കു പറഞ്ഞുകൊള്ളണം. പക്ഷെ എങ്ങനെയെങ്കിലും എന്നെ ഈ ഏടാകൂടത്തിൽ നിന്നു രക്ഷിക്കണം. നാളെ അവരുടെ ആൾക്കാർ കാര്യം ഉറപ്പിക്കാൻ വന്നേക്കും. അപ്പോ ഞാൻ അവരുടെ മുമ്പിൽ തല കുനിക്കേണ്ടിവരുമല്ലോ. അതാണെന്റെ ചിന്ത. | You may scold me as you like. But somehow you should save me from this crisis. Tomorrow their people may come to fix the matter. That time I may have to bend my head before them in shame. That is my worry. |

നാ. നായർ: ഇനിയിപ്പോൾ പശ്ചാത്തപിച്ചിട്ട് കാര്യമില്ല. താൻ ഇതോർത്തിരുന്നു ഉറക്കമിളയ്ക്കണ്ട. സുഖമായി കിടന്നുറങ്ങണം. നാളെ ഞാൻ വന്ന് അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താം.

Now there is no use in repenting. You don't miss your sleep thinking about this. Sleep comfortably. I shall come tomorrow and convince them.

## VOCABULARY

| | | | |
|---|---|---|---|
| മ്ളാനത | 'gloom' | പെൺകുട്ടി | 'girl' |
| തീരുമാനിക്ക് | 'to decide' | അഭിപ്രായം | 'opinion' |
| ചെറുപ്പം | 'youth, young age' | | |
| പിള്ളേർ-കുട്ടികൾ | 'children' | | |
| കുടുംബപ്രാരബ്ധം | 'family burden' | | |
| കൂട്ടുനിൽക്ക് | 'to support' | | |
| പ്രവർത്തിക്ക് | 'to act' | സൂത്രം | 'trick' |
| വാക്കുകൊടുക്ക് | 'to promise' | | |
| കരുത് | 'to consider' | സ്വഭാവം | 'nature' |
| ഏടാകൂടം | 'difficult situation, dilemma' | | |
| ഉറപ്പിക്ക് | 'to fix, to confirm' | | |
| തലകുനിക്കേണ്ടിവരും | 'to be ashamed of' | | |
| പശ്ചാത്തപിക്ക് | 'to yield to surrender' | | |
| ഉറക്കമിളയ്ക്ക് | 'to forego sleep' | | |
| ബോദ്ധ്യപ്പെടുത്ത് | 'to convince' | | |

## EXERCISES

Ia. Combine the following.

1. നാട് + കാര്യം
2. പെൺകുട്ടിയെ + കാൾ
3. ഓണം + കാലം
4. പറഞ്ഞു + ഇല്ലെങ്കിൽ
5. അവർ + എന്ത് + ആയാൽ + ഉം
6. പെരുമാറണം + ആയിരുന്നു
7. പട്ടണം + ഇൽനിന്ന്
8. എന്തിന് + അങ്ങനെ
9. രവി + ഓട് + ആലോചിക്കാതെ + ആണോ
10. കല്യാണം + പെണ്ണ്

**b.** Split the following.

1. കല്യാണക്കാര്യം
2. താക്കോലെവിടെ
3. അവിടെയെങ്ങാനും
4. വയസ്സായി
5. കുഞ്ഞിനെക്കാളും
6. വേണ്ടത്രേ
7. അടുത്തെവിടെയോ
8. വീട്ടമ്മ
9. ഓഫീസിലൊരു
10. സോമുവിനോട്

**II** Selecting the correct words from the given list of verb forms, complete the following sentences.

നട്ടുകൊണ്ടിരിക്കുന്നു, പഠിച്ചത്രേ, എടുത്തുകൊള്ളൂ, സംസാരിക്കാം, പറഞ്ഞേക്കും, കാണാതെ, കരുതും, കാണിക്കുന്നുണ്ട്, ആവർത്തിക്കാൻ, ഉറക്കി, കല്യാണം കഴിച്ചില്ല, വറുത്തുകൊണ്ടിരുന്നു, ശല്യപ്പെടുത്തൂ, സുഖമായിരിക്കട്ടെ, തോറ്റില്ലേ, ചേർത്ത്, അയച്ചിട്ടും, ഉണ്ടിട്ടും, നോക്കിനിന്നു.

1. അച്ഛൻ എത്ര നിർബ്ബന്ധിച്ചിട്ടും രവി മാധുരിയെ ———.
2. എന്റെ തറവാട്ടോഹരിയും കൂടെ നിങ്ങൾ ———.
3. നിന്റെ ക്ലാസിലെ കുട്ടികളാരും ഈ പരീക്ഷയിൽ ———?
4. നമുക്കു വ്യായാമത്തെപ്പറ്റിയൊക്കെ ഇനിയൊരിക്കൽ ———.
5. അയാൾ രാവിലെ മുതൽ കുഴിവെട്ടി തൈകൾ ———.
6. അമ്മ ഇറച്ചി ———.
7. ഇവിടം വരെ വന്നിട്ടും അവൻ എന്നെ ——— പോയോ?
8. നമ്മുടെ മക്കളെങ്കിലും കുറെ നാൾ ———.
9. എന്നെപ്പറ്റി അദ്ദേഹം ഇനിയും പല കാര്യങ്ങളും നിന്നോടു ———.
10. ഈ തയിരിൽ കുറെക്കൂടി വെള്ളം ——— നമുക്കു ധാരാളം മോരുണ്ടാക്കാം.
11. ഈ നട്ടുച്ചസമയത്ത് നമ്മളേ അവരെ ———.
12. ഞാൻ എത്ര കത്ത് ——— എനിക്ക് അവൻ എഴുതിയില്ല.

Find out the correct responses to the following ten questions from the choice given.

Questions

1. അന്നമ്മ എന്തു പാൽ വിൽക്കുന്നു?
2. ഞാൻ ഏതു പുസ്തകം എടുക്കട്ടെ?
3. നിന്റെ അച്ഛൻ എന്തു ജോലി ചെയ്തുകൊണ്ടിരിക്കുന്നു?
4. ഇന്നിനി മഴ പെയ്യുമോ?
5. നീ ആരോട് കല്യാണക്കാര്യത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു?
6. നിങ്ങൾ ആർക്കുവേണ്ടി ജീവിക്കുന്നു?
7. സിക്രട്ടറിയെപ്പോയി കണ്ടിട്ടും കാര്യം സാധിച്ചില്ലേ?
8. ആരെക്കൊണ്ട് ഈ ജോലി ചെയ്യിപ്പിക്കാനാണ് നിങ്ങളുടെ പ്ലാൻ?
9. അപ്പോൾ സാറും ആ ശബ്ദം കേട്ടോ?
10. കേരളസമാജക്കാരുടെ ഓണാഘോഷമൊക്കെ ഗംഭീരമായിരുന്നോ?

Responses

a. ആരെപ്പോയി കണ്ടിട്ടും ഫലമില്ല. മന്ത്രിക്കുപോലും പണം കൊടുക്കണം കാര്യം സാധിക്കാൻ.

b. ചിലപ്പോൾ പെയ്തേക്കും. ഞാൻ ജ്യോത്സ്യനൊന്നും അല്ലല്ലോ.

c. പിന്നെ? ഞാനെന്താ പൊട്ടനോ, ചെകിടനോ മറ്റോ ആണോ.

d. എന്റെ അച്ഛനെപ്പറ്റി അറിഞ്ഞിട്ട് നിങ്ങൾക്കെന്തു കാര്യം സാധിക്കാനുണ്ട്?

e. അന്നമ്മ പശുവിൻപാലും, ആട്ടിൻപാലും ഒക്കെ വിൽക്കുന്നുണ്ട്.

f. നിങ്ങളെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കും. പിന്നാര് എനിക്കുവേണ്ടി അതു ചെയ്യും?

g. ഇനി പശ്ചാത്തപിച്ചിട്ടു കാര്യമില്ല. അവൻ നിന്റെ വാക്കു കേൾക്കില്ല.

h. ഞാൻ എന്റെ കൂട്ടുകാരനോട് അതിനെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു.

i. എന്റെ ഈ തലേലെഴുത്തിനെപ്പറ്റിത്തന്നെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നു.

j. അല്ലാതെ പിന്നെ? അതൊരു നല്ല പരിപാടിയായിരുന്നില്ലേ? ഒരുപാടാളുകൾ ഉണ്ടായിരുന്നു.

k. എനിക്കു കള്ളും വേണ്ട, കാപ്പിയും വേണ്ട. കുറച്ചു നല്ല പച്ചവെള്ളം വേണമായിരുന്നു.

l. മറ്റാർക്കു വേണ്ടി? എന്റെ ഭാര്യയ്ക്കും, കുട്ടികൾക്കും വേണ്ടിത്തന്നെ.

m. നിങ്ങൾ എന്റെ പുസ്തകം എടുത്തുകൊള്ളു.

n. രണ്ടുമൂന്നു ദിവസം ആഹാരം കഴിക്കാതെ കിടന്നിട്ടും അയാൾക്ക് ഒന്നും സംഭവിച്ചില്ല.

o. പഴയ കൂട്ടുകാരെയൊക്കെ ഞാൻ എപ്പോഴും ഓർത്തുകൊണ്ടിരിക്കും.

IV Combine the following sets of sentences into single sentences without changing the meaning.

1. അവൻ രാധയെ കല്യാണം കഴിക്കും.
   അവൻ കൽക്കത്തയിൽ പോകും.
2. സുധ ആരോടും ആ കാര്യം പറയില്ല.
   സുധ വെറുതെ സങ്കടപ്പെട്ടുകൊണ്ടിരിക്കും.
3. ആ പിറന്നാളാഘോഷത്തിന് അദ്ദേഹം നിങ്ങളെ ക്ഷണിച്ചു.
   എന്നിട്ടും നിങ്ങൾ പോയില്ലേ?
4. നീ എന്റെ പേന എടുക്ക്.
   നീ ആ കത്തെഴുതിക്കോ.
5. ഞാൻ എല്ലാവരേയും വിളിക്കാം.
   ഞാൻ തന്നെ ആ കാര്യം പറഞ്ഞുകൊള്ളാം.
6. മേലധികാരിയോട് അങ്ങനെ തർക്കിക്കരുത്.
   മേലധികാരിയോട് അങ്ങനെ പറഞ്ഞുകൂട.
7. എല്ലാവരോടും ചോദിക്കണം.
   നമുക്ക് ആയിരം രൂപ പിരിക്കാൻ പാടില്ലേ?
8. അച്ഛനോടു ചോദിക്കും.
   അവൻ ഇവിടെ സമയത്ത് എത്തിയേക്കും.
9. ആ കാര്യം അവൾ അറിഞ്ഞു.
   എന്നിട്ടും അവൾ അദ്ദേഹത്തിനെ വെറുത്തില്ലല്ലോ.
10. ഞാനപ്പോൾ നിന്നെപ്പററി ഓർമ്മിച്ചില്ല.
    ഞാനങ്ങനെ പറഞ്ഞു.
11. അവർ ചിരിക്കുന്നു.
    അവർ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നു.
12. അദ്ദേഹം ആ കള്ളക്കഥ കേട്ടു.
    എന്നിട്ടും അദ്ദേഹത്തിന് അവരെ ശിക്ഷിച്ചുകൂടായിരുന്നോ?
13. സത്യം പറയണം.
    എന്നിട്ടേ നിന്നെ വിടൂ.
14. ഹെഡ്മാസ്റ്റർ എല്ലാവരേയും വിളിക്കും.
    ഹെഡ്മാസ്റ്റർ എല്ലാവരേയും വഴക്കുപറയും.
15. അവൻ പെൺകുട്ടിയെപ്പോലും കണ്ടില്ല.
    അവൻ കല്യാണം കഴിക്കാൻ തീരുമാനിച്ചു.

## V Fill up the blanks suitably.

1. ഒരക്ഷരം ——— നന്നായി എഴുതണം.
2. പണം ——— ആളുകൾ കഷ്ടപ്പെടുന്നു.
3. ആ കുട്ടിയുടെ നെററി പൊട്ടി ചോര ——— വന്നു.
4. അമ്മ കുഞ്ഞിനെ ——— ഉറക്കി.
5. ആ സത്യം മാത്രം നീ പറഞ്ഞു ———.
6. നിങ്ങളുടെ ജോലി നിങ്ങൾ നോക്കി———.
7. ഏതു വലിയ കുററത്തിനും അമ്മ നമുക്കു മാപ്പു ———.
8. വീട്ടിലേക്കു തിരിച്ചു ——— എനിക്കിനി മൂന്നു ദിവസം കൂടെയുണ്ടു്.
9. ഞാൻ വളരെ ——— അവർ അതിനു സമ്മതിച്ചില്ല.
10. അവൻ ——— പാട്ടു കേട്ടുകൊണ്ടിരിക്കുന്നു.
11. എപ്പോഴും ——— അവളെ കുററപ്പെടുത്തിക്കൊണ്ടിരിക്കരുതു്.
12. ആ ഭയങ്കര സിനിമ ——— കുഞ്ഞ് പേടിച്ചില്ല.
13. കുഞ്ഞുങ്ങളെ ——— ഉറക്കരുതു്.
14. സ്വന്തം വീടു ——— നിങ്ങൾ ഒരിടത്തും പോകരുതു്.
15. നേതാവു് ചിരിച്ചു ——— കാര്യം പറഞ്ഞു.

## VI Convert the following sentences into their corresponding negative.

1. ഞാനും ആ സംഘത്തിൽ ഉണ്ടായിരുന്നു.
2. രാവിലെ എണീററു കുളിച്ചു കാപ്പികുടിച്ചു.
3. അമ്മയോടു പറഞ്ഞിട്ടു പോയി.
4. അവൻ ആ അഭിപ്രായത്തിൽ ഉറച്ചുനിന്നു.
5. ഞങ്ങളുടെ കോളേജിലും എന്നും എന്തെങ്കിലും സംഭവിച്ചുകൊണ്ടിരിക്കും.
6. നീ അവനോടു നന്നായി പെരുമാറണം.
7. നിനക്കിന്നു മുതൽ എല്ലായിടത്തും പോകാം.
8. അവൾക്കു് പരീക്ഷയിൽ ഒന്നാം സ്ഥാനം കിട്ടും.
9. കൊച്ചുകുഞ്ഞു് പച്ചവെള്ളത്തിൽ കുളിച്ചുകൊള്ളട്ടെ.
10. ഞാൻ എൻെറ കൂട്ടുകാരനെപ്പററിത്തന്നെ ആലോചിച്ചുകൊണ്ടിരുന്നു.
11. എല്ലാ സിനിമാതാരങ്ങളും ജീവിതം ആസ്വദിക്കുന്നു.
12. നാളെത്തൊട്ടു നിങ്ങൾ എട്ടുമണിക്കു വരണം.
13. മോഹനൻ ആ കാര്യം പറയട്ടെ.
14. എനിക്കെന്നും വീട്ടിൽനിന്നു കത്തു കിട്ടും.
15. ഹരി തന്നെ അതൊക്കെ തറയിൽ ഇട്ടു.

VII Use in sentences of your own.

തറയിൽക്കൂടെ നടക്കു്, വഴിക്കു കൊണ്ടുവരു്, മാപ്പു കൊടുക്കു്, തെളിച്ചു പറയു്, തട്ടിപ്പറിക്കു്, ഉറച്ചു് നിൽക്കു്, തീരുമാനിക്കു്, തലകുനിക്കേണ്ടിവരും, പരാതി പറഞ്ഞുകൊണ്ടിരിക്കു്, കുററപ്പെടുത്തു്.

VIII Fill in the incomplete dialogue.

A. നിനക്കെന്റെ കത്തു കിട്ടിയോ

B. . . . . . . . . . . . . . . . . . . . . . . . . .

A. പിന്നെ നീ എന്തുകൊണ്ടു മറുപടി എഴുതിയില്ല. ഒരു രണ്ടുവരിയെങ്കിലും എഴുതിക്കൂടായിരുന്നോ?

B. . . . . . . . . . . . . . . . . . . . . . . . . .

A. സമയം ഇല്ലായിരുന്നോ? അത്ര വലിയ ജോലി എന്താ?

B. . . . . . . . . . . . . . . . . . . . . . . . . .

A. നീ ഒക്കെ ഒന്നു തെളിച്ചുപറ. എനിക്കെല്ലാം മനസ്സിലാകും. നീ എന്തിനു് ഇങ്ങനെ വെറുതെ സങ്കടപ്പെടുന്നു. കാര്യങ്ങൾ തുറന്നുപറ. ഞാൻ ഒരു വഴിയുണ്ടാക്കാം.

B. . . . . . . . . . . . . . . . . . . . . . . . . .

A. അതൊക്കെ നിന്റെ തോന്നലാണു്. നീയെന്നെ വിശ്വസിക്കു്. എന്താ കാര്യം? പറയു.

B. . . . . . . . . . . . . . . . . . . . . . . . . .

A. പിന്നെ എന്തു സംഭവിച്ചു?

B. . . . . . . . . . . . . . . . . . . . . . . . . .

A. അതിനു് നീയെങ്ങനെ കുററക്കാരിയാവും? തോമസിനേയും കുററപ്പെടുത്തണ്ടേ.

B. . . . . . . . . . . . . . . . . . . . . . . . . .

A. ആരു് അങ്ങനെ പറഞ്ഞു

B. . . . . . . . . . . . . . . . . . . . . . . . . .

A. തോമസിന്റെ അച്ഛനും അമ്മയും തന്നെയല്ലേ? അതു സാരമില്ല. നീ അവരോടു് സ്നേഹത്തോടെ പെരുമാറിയില്ല.

B. . . . . . . . . . . . . . . . . . . . . . . . . .

A. പിന്നെന്താണു് പരാതി?

B. . . . . . . . . . . . . . . . . . . . . . . . . .

A. നിനക്കറിയില്ലേ? പിന്നെ ആർക്കറിയാം.

B. . . . . . . . . . . . . . . . . . . . . . . . . .

A. ദൈവത്തിനോ? അതുകൊള്ളാം. അപ്പോൾ നിനക്കു് ദൈവത്തിലൊക്കെ വിശ്വാസം വന്നു തുടങ്ങിയോ? അതൊരു നല്ലകാര്യം തന്നെ.

UNIT 12

# LESSON 48

## അവർ സ്നേഹിച്ചുപോയില്ലേ ?

### CONVERSATION

രാഘവൻപിള്ള: ഞാൻ ചേട്ടനോട് അന്നേ ചോദിച്ചല്ലോ. അപ്പോൾ ചേട്ടൻ സംഗതിയൊക്കെ എന്നിൽ നിന്നു മറച്ചുവച്ചു. എന്നിട്ടിപ്പോൾ അവന്റെ വക്കാലത്തും കൊണ്ടുവരുന്നു.

That day itself I asked you. That time you hid everything from me. And now you are coming pleading for him.

നാരായണൻ നായർ: തന്നെ പറഞ്ഞുബോധ്യപ്പെടുത്താൻ കുറച്ചു വിഷമം തന്നെടോ. താൻ എന്നെ വിശ്വസിക്കണം. അന്നൊന്നും രവി എന്നോട് ഇതിനെപ്പറ്റി പറഞ്ഞില്ല.

It is really difficult to convince you. You should believe me. Ravi didn't tell me about this that day.

രാഘവൻപിള്ള: പിന്നെ ചേട്ടൻ എങ്ങനെ അറിഞ്ഞു? ഇന്നിവിടെ അവന്റെ ജ്യോത്സ്യനോ, ദൂതനോ വന്നോ?

Then how did you know? Did his astrologer or messenger come here today?

നാരായണൻ നായർ: പെൺകുട്ടിയുടെ വീട്ടുകാരെ എനിക്കു നന്നായറിയാം. വളരെ നല്ല കുടുംബക്കാരാണു്. മിനിഞ്ഞാന്നു് രവി അവരുടെ കൂടെ എന്റടുത്തു വന്നു. അവർക്കൊരേ ഒരു മകളേ ഉള്ളൂ. അതു കൊണ്ടു് എന്തും സഹിച്ചു് അവളുടെ ഇഷ്ടം നടത്താൻ അവർ ആഗ്രഹിക്കുന്നു.

I know the girl's parents well. They belong to a very good family. Day before yesterday Ravi came with them to me. They have only one daughter. So whatever may be the difficulty, they wish to fulfil her desire.

രാ. പിള്ള: അതുശരി. പക്ഷെ ക്രിസ്ത്യാനികളായിപ്പോയല്ലോ ചേട്ടാ. മനസ്സറിഞ്ഞു് ഞാൻ ഇതെങ്ങനെ അനുവദിക്കും?

That is fine. But the pity is that they are Christians. Knowingly how can I agree to it?

നാ. നായർ: അവർ സ്നേഹിച്ചുപോയില്ലേ? സ്നേഹത്തിനു് ജാതിയും, മതവും ഒന്നും ഒരു പ്രതിബന്ധമല്ല. താൻ അതു മനസ്സിലാക്കുന്നുണ്ടോ?

They have loved each other. . Caste, religion, etc., cannot be an obstacle for love. Are you understanding that?

രാ. പിള്ള: ഒരു വലിയ ശിക്ഷയാണിതു്! എനിക്കൊരേ ഒരു മോൻ. കല്യാണം കഴിക്കാൻ അവനൊരു നസ്രാണിപ്പെണ്ണിനെ കണ്ടുവച്ചു. ഞാനതു കണ്ണു മടച്ചു് അനുവദിക്കണംപോലും. എന്തൊരന്യായമാണിതു്!

It is a real punishment ! I have only one son. He has found out a Christian girl to marry. It seems that I should blindly permit that. What an injustice it is!

| | |
|---|---|
| നാ. നായർ: എന്തുകൊണ്ടു്? | Why? |
| രാ. പിള്ള: ചേട്ടന്റെ മോളുടെ കല്യാണമൊക്കെ ജാതിയും, മതവും വിടാതെതന്നെ നടത്തിക്കഴിഞ്ഞല്ലോ. അതല്ലേ ഇത്ര സമാധാനമായി എന്നെ ഉപദേശിക്കാൻ കാരണം? | You have conducted your daughter's marriage within the religion, caste, etc. Isn't that the reason why you are so calm and quiet to advise me? |
| നാ. നായർ: താനെന്നെ വെറുതെ തെററിദ്ധരിക്കുന്നു. | You simply misunderstand me. |
| രാ. പിള്ള: എനിക്കു യാതൊരു തെററിദ്ധാരണയുമില്ല. ചേട്ടനെ ഞാൻ ഒരിക്കലും തെററിദ്ധരിക്കില്ല. എന്റെ സങ്കടംകൊണ്ടു ഞാൻ പറഞ്ഞു പോകുന്നു. | I don't have any misunderstanding. I will never misunderstand you. I am forced to tell because of my sorrow. |
| നാ. നായർ: തനിക്കു സങ്കടം വരും. അതെനിക്കറിയാം. പഴയ ആചാരമര്യാദകളും അത്ര പെട്ടെന്നു കൈവിടാൻ മനസ്സു സമ്മതിക്കില്ല. ആ രീതിയിൽ നമ്മളും ജീവിച്ചുവന്നു. പക്ഷെ കാലത്തിനനുസരിച്ചു നമുക്കും മാറേണ്ടിവരില്ലേ? | I know you will feel sad. We will not find it easy to break our old customs and traditions. We are used to that kind of life. But shouldn't we also change according to time? |
| രാ. പിള്ള: അപ്പോ, ഇനി ഒരു രക്ഷയുമില്ലേ ചേട്ടാ? രവി ഒക്കെ തീരുമാനിച്ചുകഴിഞ്ഞോ? അവൻ എന്നോടു് ഇതിനെപ്പററി ഒരു വാക്കു പറഞ്ഞില്ലല്ലോ. | So isn't there any other go? Has Ravi decided everything? He didn't tell me a word about it. |

| | |
|---|---|
| നാ. നായർ: തന്റെ അടുത്തു വരാൻ ഒരു സങ്കോചമൊക്കെ കാണില്ലേ? തന്റെ സ്വഭാവം അവനു നന്നായി അറിയാമല്ലോ. അപ്പോ പിന്നെ തീർച്ചയായും പേടി കാണും. അതുകൊണ്ടാണെന്റെ ശുപാർശ. നമ്മുടെ ബന്ധത്തെപ്പറ്റി അവനു വലിയ ഉറപ്പാണുപോലും. | Won't he have some hesitation to come to you? He knows your nature very well. Then certainly he will be afraid. That is why my recommendation is needed. It seems he is so sure about our relationship. |
| രാ. പിള്ള: പക്ഷേ ചേട്ടാ, അച്ഛനേം, അമ്മേം ഉപേക്ഷിച്ചിട്ടുപോലും അവൻ ആ പെണ്ണിനെ കെട്ടാൻ നിശ്ചയിച്ചല്ലോ. തലമുറകളായിട്ട് ഞങ്ങളുടെ തറവാട്ടിൽ എല്ലാരും പഴയ രീതിയിൽ ജീവിച്ചുവരുന്നു. എന്നിട്ടിതാ എന്റെ മോൻ അതിനെയൊക്കെ വെല്ലുവിളിച്ചിട്ട് ഒരു നസ്രാണിപ്പെണ്ണുമായി ബന്ധം പുലർത്താൻ പോകുന്നു. ഞാനിതെങ്ങനെ സഹിക്കും? അവന്റെ അമ്മയ്ക്കിതു താങ്ങാനാവില്ല. | Look at him. He has decided to marry that girl leaving his parents even. For generations, all members of our family have been living according to the old tradition. And now my son is challenging that and is going to establish relationship with a Christian girl. How will I tolerate this? His mother will not be able to bear this. |
| നാ. നായർ: ഒക്കെ എനിക്കു മനസ്സിലാകുന്നുണ്ട്. ഇത്ര ആവേശം കൊള്ളരുത്. സാവകാശമായി ഒന്നു ചിന്തിച്ചുനോക്കൂ. നമുക്കു പിന്നെ കാണാം. | I understand everything. Don't be so excited. You may think about it leisurely. Let us see afterwards. |

## DRILLS

### A. Repetition drill

a
1. അവർ പരസ്പരം സ്നേഹിച്ചുപോയി.
2. ഗൃഹപാഠം എഴുതിക്കൊണ്ടുപോകാൻ ചില കുട്ടികൾ മറന്നുപോകുന്നു.
3. ചില സമയങ്ങളിൽ ആരും തെറ്റു ചെയ്തുപോകും.

b 1. കല്യാണം കഴിക്കാൻ അവനൊരു നല്ല പെണ്ണിനെ കണ്ടുവച്ചു.
2. വീട്ടുപണി നോക്കാൻ ഒരാളെ ഏർപ്പാടു ചെയ്തുവച്ചു.
3. മേലധികാരിയെ കണ്ടു സംഗതി എല്ലാം ശരിയാക്കിവച്ചു.

c 1. ഞാനെന്റെ ജോലിയെല്ലാം ചെയ്തുകഴിഞ്ഞു.
2. നാളെ ഈ സമയം ഞാൻ അവിടെ എത്തിക്കഴിയും.
3. അതിനെപ്പററി അവർ അന്നേ അദ്ദേഹത്തിനെ ബോധ്യപ്പെടുത്തിക്കഴിഞ്ഞു.

d 1. തലമുറകളായിട്ടു ഞങ്ങൾ പഴയ രീതിയിൽ ജീവിച്ചുവന്നു.
2. കുട്ടിക്കാലം മുതലേ അവർ ഒരുമിച്ചു പഠിച്ചുവന്നു.
3. വളരെക്കാലമായി അവൻ അവിടെ ജോലി ചെയ്തുവരുന്നു.

e 1. ചേട്ടൻ ആ കാര്യത്തെപ്പററി ഒന്നു ചിന്തിച്ചുനോക്കു.
2. പല പ്രാവശ്യവും ഞാൻ അതു മനസ്സിലാക്കി നോക്കി.
3. ഒരിക്കൽകൂടി ഞാനതു ചെയ്തുനോക്കാം.

f 1. കുട്ടി ആ പലഹാരം കണ്ടുവച്ചു.
2. കുട്ടി അമ്മയെ കാണാൻ കരഞ്ഞുനോക്കി.
3. കുട്ടി അമ്മയുടെ വഴക്കു കേട്ടു കരഞ്ഞുപോയി.
4. കുറെ നാളായി കുട്ടി ശാഠ്യം പിടിച്ചു വരുന്നു.
5. കുട്ടി അപ്പോഴേ കരഞ്ഞുകഴിഞ്ഞു.

## B. Build up drill

Model

മനസ്സിലാക്കിവരുന്നു.
മനസ്സിലാക്കിവരുന്നു.
എല്ലാ കാര്യങ്ങളും
എല്ലാ കാര്യങ്ങളും മനസ്സിലാക്കിവരുന്നു.
കുട്ടികൾ
കുട്ടികൾ എല്ലാ കാര്യങ്ങളും മനസ്സിലാക്കിവരുന്നു.
ഇപ്പോഴത്തെ
ഇപ്പോഴത്തെ കുട്ടികൾ എല്ലാ കാര്യങ്ങളും മനസ്സിലാക്കിവരുന്നു.

1. പറഞ്ഞുനോക്കി.
എല്ലാവരോടും പറഞ്ഞുനോക്കി.
സഹായിക്കാൻ എല്ലാവരോടും പറഞ്ഞുനോക്കി.
അവളെ സഹായിക്കാൻ എല്ലാവരോടും പറഞ്ഞുനോക്കി.

2. ചെയ്തുവച്ചു.
ഏർപ്പാടുകളും ചെയ്തുവച്ചു.
എല്ലാ ഏർപ്പാടുകളും ചെയ്തുവച്ചു.
ഞാൻ തന്നെ എല്ലാ ഏർപ്പാടുകളും ചെയ്തുവച്ചു.
ആ ചായസൽക്കാരത്തിനു് ഞാൻ തന്നെ എല്ലാ ഏർപ്പാടുകളും ചെയ്തുവച്ചു.

3. ചത്തുപോയി.
പശുക്കളെല്ലാം ചത്തുപോയി.
ഗ്രാമത്തിലെ പശുക്കളെല്ലാം ചത്തുപോയി.
സുഖക്കേടുവന്നു് ഗ്രാമത്തിലെ പശുക്കളെല്ലാം ചത്തുപോയി.
എന്തോ സുഖക്കേടുവന്നു് ഗ്രാമത്തിലെ പശുക്കളെല്ലാം ചത്തുപോയി.

## C. Substitution drill

1. കുറെ പ്രാവശ്യം ഞാൻ ആ പാഠം വായിച്ചുനോക്കി.
എഴുതി
ആവർത്തിച്ചു
കേട്ടു

2. അമ്മ പലഹാരം ഉണ്ടാക്കിക്കഴിഞ്ഞു.
തിന്നു
കൊടുത്തു
വാങ്ങിച്ചു
വിററു
എടുത്തു

3. എത്ര നാളായി അവർ അങ്ങനെ ജീവിച്ചുവരുന്നു.
എഴുതി
വായിച്ചു
പറഞ്ഞു.
സംസാരിച്ചു
കേട്ടു

4. ആ കഥ കേട്ടു് അവർ അങ്ങനെ പറഞ്ഞുപോയി.
ചോദിച്ചു
കേട്ടു
നിന്നു
ഇരുന്നു

## D. Response drill

### Model 1

നിങ്ങളുടെ വീട്ടിലെ കോഴിയും ചത്തോ?
കോഴിയോ? അതൊക്കെ അന്നേ ചത്തുപോയി.

1. A. നീ ആ കാര്യവും അദ്ദേഹത്തിനോടു പറഞ്ഞോ?
   B. ആ കാര്യമോ? അതു് അന്നേ ഞാൻ പറഞ്ഞുപോയി.
2. A. നീ അതുപോലത്തെ കഥയും എഴുതിയോ?
   B. ———? ——— ——— ——— ———.
3. A. നീ ആ പലഹാരവും തിന്നോ?
   B. ———? ——— ——— ———.
4. A. നീ വീണ്ടും അവളോടു സഹായം ചോദിച്ചോ?
   B. ———? ——— ——— ——— ———.

### Model 2

A നിങ്ങൾ വീണ്ടും അതു വായിച്ചോ?
B പിന്നെ? ഒരിക്കലല്ല. പലപ്രാവശ്യം വായിച്ചുനോക്കി.

1. A നിങ്ങൾ വീണ്ടും മന്ത്രിയെ കണ്ടോ?
   B ———? ——— ——— ——— ———.
2. A നിങ്ങൾ വീണ്ടും അയാൾക്കു് കത്തയച്ചോ?
   B ———? ——— ——— ———.
3. A നിങ്ങൾ വീണ്ടും അവനോടു സംസാരിച്ചോ?
   B ———? ——— ——— ———.
4. A നിങ്ങൾ വീണ്ടും ഈ മീൻ പൊരിച്ചോ?
   B ——— ? ——— ——— ——— ———.

### Model 3

A നിങ്ങൾ എന്തിനു് അങ്ങനെ പറഞ്ഞു?
B അറിയാതെ പറഞ്ഞുപോയി. ക്ഷമിക്കൂ.

1. A നിങ്ങൾ എന്തിനിവിടെ വന്നു?
   B അറിയാതെ ——— ———.
2. A നിങ്ങൾ എന്തിനതെടുത്തു തിന്നു?
   B ——— ——— ——— ———.

3. A നിങ്ങൾ എന്തിനാ തെററു ചെയ്തു?
B ——— ———. ———.

4. A നിങ്ങൾ എന്തിനു് അവനെ വിളിച്ചു?
B ——— ——— ———. ———.

5. A നിങ്ങൾ എന്തിനു് അത്ര ഉറക്കെ കരഞ്ഞു?
B ——— ———. ———.

## Model 4

A നിങ്ങൾക്കീ ജോലി ചെയ്യാമോ?
B കൊള്ളാം. എത്ര നാളായി ഞങ്ങളിതു ചെയ്തുവരുന്നു!

1. A നിങ്ങൾക്കാ പാട്ടു പാടാമോ?
B കൊള്ളാം. ——— ——— പാടിവരുന്നു!

2. A നിങ്ങൾക്കാ പാഠം വായിക്കാമോ?
B കൊള്ളാം. ——— ——— ———.

3. A നിങ്ങൾക്കവനെ അറിയാമോ?
B ———. ——— ——— ———.

4. A നിങ്ങൾക്കീ ഇനം ഇറച്ചി തിന്നാമോ?
B ———. ——— ——— ———.

5. A നിങ്ങൾക്കു പച്ചവെള്ളത്തിൽ കുളിക്കാമോ?
B ———. ——— ——— ———.

## Model 5

A നിന്റെ ജോലിയൊക്കെ തീർത്തോ?
B ഓഹോ. ഞാനപ്പോഴേ എന്റെ ജോലിയൊക്കെ തീർത്തുകഴിഞ്ഞു.

1. A നീ എന്റെ കൂട്ടുകാരനെ കണ്ടോ?
B ———. ——— നിന്റെ ——— കണ്ടുകഴിഞ്ഞു.

2. A നിങ്ങൾ പാഠം എഴുതിയോ?
B ———. ——— ——— ———.

3. A നീ പലഹാരം തിന്നോ?
B ———. ——— ——— ——— ———!

4. A നീ അദ്ദേഹത്തിനോടു സംസാരിച്ചോ?
B ———. ——— ———. ———!

5. A നീ കാപ്പി കുടിച്ചോ?
B ——. —— —— —— ——.

6. A നിങ്ങൾ ആ പുസ്തകം വായിച്ചോ?
B ——. —— —— —— ——.

## EXERCISES

I Combine the following.

1. പിന്നെ + കയറി
2. ഇതിനെ + പററി + ആണ് + എങ്കിൽ
3. പനി + കാരി + കുട്ടി
4. സംഗതി + ഒക്കെ
5. നസ്റാണി + പെണ്ണ്
6. കുടുംബം + മഹിമ
7. സ്വത്ത് + ഒക്കെ
8. പശു + കൾ
9. സല്ക്കാരം + കാര്യം
10. നടത്തി + കഴിഞ്ഞു.
11. ആയി+പോയി
12. തന്നെ+ആണ്
13. സാവകാശം + ആയി + ഇട്ട് + ഒന്ന്
14. ഒരു + ആയിരം + എങ്കിലും
15. പറഞ്ഞു + കൂട + ആയിരുന്നു

II Fill up the blanks using the appropriate form of the word given.

1. ഞാൻ എന്നേ അതു കണ്ടു ——! (കഴിയ്)
2. ക്ഷമിക്കു. ഞാൻ —— പോയി. (ചെയ്)
3. നിങ്ങൾ ഒരിക്കൽക്കൂടി വായിച്ചു ——. (നോക്ക്)
4. അമ്മ പലപ്രാവശ്യം കുഞ്ഞിനെ വിളിച്ചു ——. (നോക്ക്)
5. വീണ്ടും ഒരിക്കൽക്കൂടി താൻ ശ്രമിച്ചു ——. (നോക്ക്)
6. —— ചെയ്തുപോയി. ക്ഷമിക്കണമല്ലോ. (കാണ്)

7. കുട്ടിക്കാലം മുതലേ ഞങ്ങൾ ഒരുമിച്ച് പഠിച്ച ———. (വരു്)
8. കൂട്ടുകാരെയൊക്കെ അവൻ അന്നേ നോക്കി ———. (വയ്ക്ക്)
9. പത്തുമണിക്കുതന്നെ ഞാൻ അവിടെ എത്തി. ———. (കഴിയ്)
10. ആ വീട്ടിൽ എല്ലാ ജാതിക്കാരും ഒരുമിച്ചിരുന്ന് ——— വരുന്നു. (ഉണ്ണ്)
11. അമ്മയോടു പറയാതെ അവൾ എടുത്തു ———. (പോക്)
12. അവൾ പാട്ടു ——— കഴിയട്ടെ. നമുക്കു പിന്നെ സംസാരിക്കാം. (പാട്)

III Respond to the following questions giving statements with auxiliary verbs you have studied. (പോക്, വരു്, കഴിയ്, നോക്ക്, വയ്ക്ക്)
Refer to 'Drill D' for model answers.

1. നീ എന്തിന് വീണ്ടും അവനെ അടിച്ചു?
2. അവനോടും നീ പറഞ്ഞോ?
3. നിനക്ക് ഈ പാട്ടുപാടാൻ അറിയാമോ?
4. നിങ്ങളുടെ ചേട്ടൻ തിരിച്ചു ജോലിസ്ഥലത്തേയ്ക്കു പോയോ?
5. നിങ്ങൾ മീനും, ഇറച്ചിയും ഒക്കെ കഴിക്കുമോ?
6. എന്നോട് നീയെന്തിനു തർക്കിച്ചു?
7. നിങ്ങൾക്ക് ഹിന്ദിയിൽ സംസാരിക്കാമോ?
8. ജോണിയും ആ പുസ്തകം വായിച്ചോ?
9. എല്ലാവരും വീണ്ടും ശ്രമിച്ചോ?
10. നിങ്ങൾ അതൊക്കെ ഏർപ്പാടു ചെയ്തോ?

IV Give one question each that is quite appropriate to each of the following responses.

1. പിന്നെ! അദ്ദേഹവും എന്നേ മരിച്ചുപോയി.
2. കൊള്ളാം. എത്രനാളായി ഞങ്ങൾ അവനെ അറിഞ്ഞുവരുന്നു.
3. ഓഹോ! അവൻ കൽക്കത്തയിൽ ഒരു പെണ്ണിനെ കണ്ടു വച്ചു.
4. കുട്ടികൾ വീണ്ടും വീണ്ടും ശ്രമിച്ചുനോക്കി. പക്ഷെ ഫലമില്ല.
5. ഓഹോ. അതൊക്കെ എപ്പോഴേ നട്ടു കഴിഞ്ഞു.
6. ഞാനും അവളെ നിർബ്ബന്ധിച്ചുനോക്കി. പക്ഷെ അവൾ സമ്മതിക്കുന്നില്ല.
7. ക്ഷമിക്കു. അറിയാതെ ചെയ്തുപോയി.
8. കൊള്ളാം! ഞാനും ജോണിയും എത്ര നാളായി ഒരിടത്തു താമസിച്ചു വരുന്നു!
9. ഒരിക്കലല്ല. പലപ്രാവശ്യം ആ ഹോട്ടലിൽ ഞാൻ പോയിനോക്കി.
10. ഓഹോ. ഞാൻ ആ സിനിമ മിനിഞ്ഞാന്നേ കണ്ടുകഴിഞ്ഞു.

V· Answer the following with reference to the conversation.

1. ആരുടെ മകൻെറ കല്യാണത്തെപ്പററിയാണു് സംസാരം?
2. രാഘവൻപിള്ളയുടെ മകളുടെ കല്യാണം കഴിഞ്ഞോ?
3. രവി ആരെ ഇഷ്ടപ്പെടുന്നു? അവളെപ്പററി രണ്ടു മൂന്നു വാക്യം എഴുതുക.
4. നാരായണൻ നായർക്കു് എത്ര കുട്ടികളുണ്ടു്?
5. നാരായണൻ നായർക്കു് രവിയുടെ കല്യാണക്കാര്യം എന്തുകൊണ്ടു സങ്കടകരം ആയിപ്പോയി? കാരണം എഴുതുക.

VI Fill up the incomplete dialogue.

1. **A** മിനിഞ്ഞാന്നത്തെ കഥകളി നിങ്ങൾ കണ്ടോ?

**B** . . . . . . . . . . . . . . . . . . . . . .

**A** അതെ. നളചരിതം തന്നെ കഥ. പക്ഷെ നിങ്ങൾ അതെങ്ങനെ നേരത്തേ കണ്ടു.

**B** . . . . . . . . . . . . . . . . . . . . . .

**A** ഓഹോ. മലയാളി സമാജക്കാരുടെ പരിപാടിയൊക്കെ കണ്ടുകഴിഞ്ഞോ? നിങ്ങൾക്കിഷ്ടമായോ?

**B** . . . . . . . . . . . . . . . . . . . . . .

**A** അതെന്താ ആ പക്ഷെ . . . . . . . . . . . . . .

**B** . . . . . . . . . . . . . . . . . . . . . .

**A** മനസ്സിലായില്ലേ. ഒരിക്കൽകൂടി ശ്രമിച്ചുനോക്കണം. അപ്പോൾ മനസ്സിലാവും.

**B** . . . . . . . . . . . . . . . . . . . . . .

**A** പിന്നെ പ്രയാസം ഇല്ലാതെ ഇരിക്കുമോ? നല്ല കഥകളൊക്കെ അങ്ങനെയാണു്. എല്ലാത്തിലും നല്ല താല്പര്യം വേണം. വാചകമടി കൊണ്ടു മാത്രം പ്രയോജനമില്ല.

**B** . . . . . . . . . . . . . . . . . . . . . .

**A** ശരി. ശരി. പോയി ശ്രമിച്ചുനോക്കു.

**B** . . . . . . . . . . . . . . . . . . . . . .

2. **A** . . . . . . . . . . . . . . . . . . . . . .

**B** വേണ്ട. ഞാൻ പന്ത്രണ്ടുമണിക്കേ ചോറുണ്ടുകഴിഞ്ഞു.

**A** . . . . . . . . . . . . . . . . . . . . . .

**B** ഇല്ല. ഒട്ടും വിശക്കുന്നില്ല. രണ്ടുമൂന്നു മണിക്കൂർ ആയി. അത്ര അല്ലേ ഉള്ളു?

A . . . . . . . . . . . . . . . . . . . . . . . .

B തിന്നുനോക്കാൻ വിരോധമില്ല. പക്ഷെ എനിക്കിപ്പോൾ ഒട്ടും വിശപ്പില്ല.

A . . . . . . . . . . . . . . . . . . . . . . . .

B അത്ര കൂടുതൽ ഒന്നും കഴിച്ചില്ല. രണ്ടുമൂന്ന് ചപ്പാത്തിയും, കുറച്ച് ചോറും.

A . . . . . . . . . . . . . . . . . . . . . . . .

B മതി. മതി. ധാരാളം മതി. എന്നെ ഉപദ്രവിക്കല്ലേ.

A . . . . . . . . . . . . . . . . . . . . . . . .

B ശരി. ശരി. ഇതൊരുപദ്രവം അല്ല. സഹായം തന്നെ. പക്ഷെ എനിക്കീ സഹായം വേണ്ട. ബാബു ഒന്നു തനിയെ തിന്നുനോക്കൂ.

## VOCABULARY

| | | | |
|---|---|---|---|
| സംഗതി | 'matter, thing' | മറയ്ക്ക് | 'hide' |
| വക്കാലത്ത് | 'legal advice' | ബോധ്യപ്പെടുത്ത് | 'to convince' |
| വിഷമം | 'difficulty, worry' | ജ്യോത്സ്യൻ | 'astrologer' |
| ദൂതൻ | 'messenger' | സഹിക്ക് | 'to bear, to tolerate' |
| ആഗ്രഹിക്ക് | 'to desire' | ക്രിസ്ത്യാനികൾ | 'Christians' |
| മനസ്സറിഞ്ഞ് | 'whole heartedly, knowingly' | | |
| ജാതി | 'caste' | മതം | 'religion' |
| പ്രതിബന്ധം | 'obstacle' | നസ്രാണി | 'Christian' |
| അന്യായം | 'injustice' | ഉപദേശിക്ക് | 'to advise' |
| തെറ്റിദ്ധരിക്ക് | 'to misunderstand' | | |
| തെറ്റിദ്ധാരണ | 'misunderstanding' | | |
| ആചാരമര്യാദകൾ | 'customs and manners' | | |
| പെട്ടെന്ന് | 'suddenly' | | |
| കൈവിട് | 'to leave, to discard' | | |
| മാറ് | ' to change' | | |
| രക്ഷ | 'alternative, safety' | | |
| വാക്ക് | 'word, promise' | | |
| സങ്കോചം | 'hesitation' | | |
| ശുപാർശ | 'recommendation' | | |
| ഉറപ്പ് | 'sure' | | |

## NOTES

12.48.1 Auxiliary verbs which support the main verbs by creating different shades of meaning are introduced. Since the meanings may sometimes change from place to place, person to person, and contexts to contexts, it is not possible to pin point the correct shade of meaning that is added to the main verb by their auxiliaries.

12.48.2 The auxiliary verbs introduced in this lesson are പോക്, വയ്ക്ക്, കഴിയ്, വരു് and നോക്ക്.

12.48.3. When പോക് is used as an auxiliary verb it means that the person who does the action does not do it purposely, i.e., the verb indicates involuntary action and nothing would be possible to undo that.

അവർ സ്നേഹിച്ചുപോയി.

They couldn't help failing in love.

വന്നുപോയി. ക്ഷമിക്കണം.

Please excuse. I have come.

I am really sorry that I came; Please pardon me.

12.48.4 വയ്ക്ക് creates a meaning shade that the action has been decided and completed and noted for future action.

അവൻ അവളെ കണ്ടുവച്ചു.

He saw her and decided that she is his choice.

12.48.5. കഴിയ് indicates that the action is completed and nothing remains to be done.

രവി ഒക്കെ തീരുമാനിച്ചുകഴിഞ്ഞോ?

Has Ravi decided finally?

12.48.6 വരു് shows the continuity of action. Time sense will be expressed in one or the other way.

അവർ ഒരുമിച്ച് താമസിച്ചുവരുന്നു.

They continue to stay together, or they have been staying together.

12.48.7 നോക്കു് indicates that an attempt has been made to do the action of the main verb.

അവൾ വായിച്ചുനോക്കി. She tried to read.

This can be substituted by purposive infinitive and the verb ശ്രമിക്കു് as in

അവൾ വായിക്കാൻ ശ്രമിച്ചു.

She tried to read.

## UNIT 12

## LESSON 49

# അവൾക്കു് നീ പറഞ്ഞുകൊടുത്തേ തീരൂ

### CONVERSATION

| | |
|---|---|
| റാണി: നോക്കൂ, അച്ഛാ, ഈ ചേട്ടൻ എനിക്കൊന്നും പറഞ്ഞുതരുന്നില്ല. ടീച്ചറിന്നലെ ഒരുപാടു് ഗൃഹപാഠം ഇട്ടുതന്നു. എനിക്കൊന്നും മനസ്സിലാകുന്നില്ല. | See daddy, Chettan is not telling me anything. Yesterday the teacher gave such a lot of homework. I don't understand anything. |
| അച്ഛൻ: എന്താ വേണു അതു്? അവൾ നിന്റെ അനിയത്തിയല്ലേ? | What is this Venu? Isn't she your younger sister? |

| | |
|---|---|
| വേണു: അച്ഛാ ഞാനവൾക്ക പലപ്രാവശ്യം പറഞ്ഞു കൊടുത്തു. എന്നിട്ടും അവളുടെ തലയിലോട്ട് ഒന്നും കേറുന്നില്ല. | Daddy I told her several times. Still nothing enters her brain. |
| റാണി: ചുമ്മാതാണച്ഛാ. ചേട്ടൻ കള്ളം പറയുന്നു. ചേട്ടൻ ഒരേ ഒരു കണക്കു കാണിച്ചുതന്നിട്ടു പൊയ്ക്കളഞ്ഞു. | He is telling just like that. Chettan is telling lies. After showing to work out just one sum, he went away. |
| വേണു: അച്ഛാ അവളു നുണയേ പറയൂ. ഞാൻ കുറെ പാടുപെട്ടു. പക്ഷെ അവൾ അവളുടെ ഇഷ്ടം പോലെ എന്തൊക്കെയോ എഴുതിവിടും. അങ്ങനെ എല്ലാം തെറ്റിക്കും. | Daddy, she tells only lies. I tried a lot. But she writes off something as she likes. Thus she commits mistakes everywhere. |
| അച്ഛൻ: നിനക്കെന്താണിത്ര ധൃതി? അവൾ കൊച്ചുകുട്ടിയല്ലേ? അവൾക്ക നീ കുറച്ചു സാവകാശത്തോടെ പറഞ്ഞുകൊടുത്തേ തീരൂ. നിനക്ക് എവിടെയെങ്കിലും അലയാൻ പോകണമായിരിക്കും, അല്ലേ? രാവിലെ മുതൽ വൈകുന്നേരം വരെ തെണ്ടണം. അതല്ലേ നിന്റെ ഒഴിവു ദിവസത്തെ പരിപാടി? | Why are you in a hurry? Ins't she a small girl? You have to tell her patiently. You might be wanting to wander somewhere. Don't you? You want to roam about from morning till evening. Isn't that your holiday programme? |
| വേണു: അച്ഛനു് എന്നും എന്നെ വഴക്കു പറഞ്ഞേ തീരൂ. അമ്മയും. അതെ. റാണിയെ കൊഞ്ചിച്ചു വഷളാക്കിക്കളഞ്ഞു. എന്നോടു മാത്രം ഒരു പ്രത്യേകതയുമില്ല. എന്റെ വാക്കുമാത്രം എല്ലാരും നിസ്സാരമായി തള്ളിക്കളയും. | Daddy wants to scold me daily. Even mummy is like that. She petted and spoilt her. Only as far as I am concerned there is no speciality. Only my words will be ignored as insignificant. |

അച്ഛൻ: വേണൂ, ഇവിടെ നോക്ക്. എനിക്ക് ആരേയും വെറുതെ വഴക്കു പറയാൻ ആഗ്രഹമൊന്നുമില്ല. രണ്ടുപേരും നന്നായി വളരണം. നിങ്ങൾ എന്തിനിങ്ങനെ തമ്മിൽത്തല്ലുന്നു? നീ വലിയ കുട്ടിയല്ലേ? അനിയത്തീടെ കാര്യം നോക്കാൻ നീയല്ലാതാരുണ്ട്?

Venu, look here. I don't have any intention to scold anybody unnecessarily. Both of you should come up alright. Why do you fight each other like this? Aren't you a grown up child? Who else is there to look after your younger sister's matters?

വേണു: ഞാനെപ്പോഴും ഇവളെ സഹായിക്കും, അച്ഛാ. എന്നാലും ഇവൾക്ക് അച്ഛന്റേം, അമ്മേടേം അടുത്തുവന്നു പരാതി പറഞ്ഞേ പറ്റൂ. അപ്പോഴേ തൃപ്തിയാവൂ.

I will always help her, daddy. Still she wants to come and complain to you and mummy. Then only she will be satisfied.

അച്ഛൻ: റാണീ, നീ എന്തിനിങ്ങനെ ശീലിക്കുന്നു?

What is this, Rani? Why are you coming up like this?

റാണി: എനിക്കു കണക്കു ഭയങ്കര പ്രയാസമാണച്ഛാ. ഒന്നും മനസ്സിലാവില്ല. ചേട്ടനോട് ചോദിക്കാതെ ചെയ്യാൻ പറ്റില്ല. അതുമാത്രം ചേട്ടൻ പറഞ്ഞുതന്നേ തീരൂ. ബാക്കി വിഷയമൊക്കെ ഞാൻ തനിയെ പഠിച്ചുകൊള്ളാം.

Mathematics is very difficult for me. I won't understand anything. Without asking Chettan, I cannot at all do it. He has to teach me that! I will learn all other subjects myself.

അച്ഛൻ: അതുശരി. പിന്നെ നീ അവനെപ്പറ്റി പരാതി പറയരുത്. എല്ലാം അവൻ പറഞ്ഞുതരുമല്ലോ. നീ ശ്രദ്ധിച്ചു കേൾക്കണം. അവിടേം, ഇവിടേം നോക്കി ഇരുന്നുകളയരുത്.

That is O.K. Then you shouldn't complain about him. He will teach you everything. You should listen carefully. You shouldn't sit looking here and there.

# DRILLS

## A. Repetition drill

a 1. ചേട്ടൻ എനിക്കു ഗൃഹപാഠം പറഞ്ഞുതരുന്നു.
 2. അമ്മ നിനക്കു കഥ പറഞ്ഞുതന്നില്ലേ?

b 1. ഞാൻ മധുവിനു് പാഠം പഠിപ്പിച്ചു കൊടുത്തു.
 2. അദ്ദേഹം ഞങ്ങൾക്കു സമ്മാനം വാങ്ങിത്തന്നു.

c 1. ഒരു കണക്കു കാണിച്ചുതന്നിട്ടു് ചേട്ടൻ പൊയ്ക്കളഞ്ഞു.
 2. അദ്ദേഹത്തിന്റെ പണമൊക്കെ അവർ എടുത്തുകളഞ്ഞു.

d 1. അവളുടെ ഇഷ്ടംപോലെ എഴുതിവിടും.
 2. അവൻ പലതും പറഞ്ഞുവിടും.

e 1. ഞാൻ ബാക്കി ജോലിയൊക്കെ ചെയ്തുതീർന്നു.
 2. ആ കഥ ഞാൻ അപ്പോഴേ പറഞ്ഞുതീർന്നു.

f 1. അച്ഛനു് എന്നെ എന്നും വഴക്കു പറഞ്ഞേ തീരൂ.
 അച്ഛനു് എന്നെ എന്നും വഴക്കു പറഞ്ഞേ പറ്റൂ.

 2. ഈ ജോലി നീ തന്നെ ചെയ്യേ തീരൂ.
 ഈ ജോലി നീ തന്നെ ചെയ്യേ പറ്റൂ.

## B. Build up drill

Model

കൊടുക്കുന്നില്ലേ?
കൊടുക്കുന്നില്ലേ?
വിട്ടു
വിട്ടുകൊടുക്കുന്നില്ലേ?
വീടു്
വീടു് വിട്ടുകൊടുക്കുന്നില്ലേ?
ആ
ആ വീടു് വിട്ടുകൊടുക്കുന്നില്ലേ?
ആർക്കും
ആർക്കും ആ വീടു് വിട്ടുകൊടുക്കുന്നില്ലേ?
നീ
നീ ആർക്കും ആ വീടു് വിട്ടുകൊടുക്കുന്നില്ലേ?

1. കളഞ്ഞു.
വിട്ടുകളഞ്ഞു.
വെറുതെ വിട്ടുകളഞ്ഞു.
മന്ത്രി വെറുതെ വിട്ടുകളഞ്ഞു.
കള്ളക്കടത്തുകാരനെ മന്ത്രി വെറുതെ വിട്ടുകളഞ്ഞു.

2. പററൂ.
ശിക്ഷിച്ചേ പററൂ.
കുററക്കാരനെ ശിക്ഷിച്ചേ പററൂ.
വലിയ കുററക്കാരനെ ശിക്ഷിച്ചേ പററൂ.
അത്രയും വലിയ കുററക്കാരനെ ശിക്ഷിച്ചേ പററൂ.

3. തീർന്നു.
ഉണ്ടു തീർന്നു.
എപ്പോഴേ ഉണ്ടുതീർന്നു.
ഞാൻ എപ്പോഴേ ഉണ്ടുതീർന്നു.

4. തീരൂ.
പഠിച്ചേ തീരൂ.
പാഠവും പഠിച്ചേ തീരൂ.
എല്ലാ പാഠവും പഠിച്ചേ തീരൂ.
ഈ പുസ്തകത്തിലെ എല്ലാ പാഠവും പഠിച്ചേ തീരൂ.
നിങ്ങൾ ഈ പുസ്തകത്തിലെ എല്ലാ പാഠവും പഠിച്ചേ തീരൂ.

## C. Substitution drill

1. ഞങ്ങൾക്ക് അവരെ ഇപ്പോൾ <u>കണ്ടേ</u> തീരൂ.
വിളിച്ചേ
അടിച്ചേ
ഓടിച്ചേ
അറിയിച്ചേ

2 ഇത്ര വേഗം അവൻ <u>വന്നു</u> കളഞ്ഞോ?,
പോയി
ഇരുന്നു
ഓടി
എടുത്തു
തിന്നു

3. വിവരങ്ങളെല്ലാം അവൻ പറഞ്ഞു കൊടുക്കണം.

എഴുതി

വിവരിച്ചു

മനസ്സിലാക്കി

4. എന്റെ അമ്മ എനിക്ക് പാട്ടു പഠിപ്പിച്ചു തന്നു.

എഴുതി

പറഞ്ഞു

കേൾപ്പിച്ചു

5. എങ്ങനെയോ അതെല്ലാം പറഞ്ഞു വിട്ടു.

എഴുതി

അറുത്തു

വായിച്ചു

D. Restatement drill

Model 1

എനിക്ക് എഴുതണം.

എനിക്കു് എഴുതിയേ തീരൂ/പററൂ.

1. അദ്ദേഹത്തിനു് മന്ത്രിയെ കണ്ടു പറയണം.
2. അവർക്കു് ഇന്നു തന്നെ ഒരു കത്തു് എഴുതണം.
3. ഇന്നെങ്കിലും നമുക്കു കുട്ടികളെ നേരത്തെ വിടണം.
4. എനിക്കു ദിവസവും രാവിലെ രണ്ടു മൈൽ നടക്കണം.
5. അദ്ദേഹത്തിനു് എന്നും ചൂടുവെള്ളത്തിൽ കുളിക്കണം.
6. വാസുവിനു് എപ്പോഴും എന്തെങ്കിലും തിന്നണം.
7. സുമമ്മയ്ക്കു് പിറന്നാൾ ദിവസം പുതിയ ഉടുപ്പു് ഇടണം.
8. അവർക്കു് നിസ്സാരകാര്യത്തിനും എല്ലാരേയും ശല്യപ്പെടുത്തണം.

Model 2

നിങ്ങൾ ഡോക്ടർ ആകൂ.

നിങ്ങൾ ഡോക്ടർ ആയേ തീരൂ.

1. നിങ്ങൾ ആ കയർ അറുക്കൂ.
2. നീ അവിടെ പോ.
3. നിങ്ങൾ ആ ഉടുപ്പു് ഇന്നു തയ്ക്കൂ.
4. പഴയ ആചാരമര്യാദകളൊക്കെ നിങ്ങൾ കളയൂ.
5. ആ സിനിമ ഇന്നു തന്നെ നീ കാണു്.
6. ആ പുസ്തകമൊക്കെ നീ വായിക്കു്.

7. ചോറൊക്കെ നീ തന്നെ വിളമ്പണം.
8. നിങ്ങൾ ആ കുട്ടിയെ ഒന്നു് എടുക്കു.
9. നീ ആടിനെ വിൽക്കു്.
10. നിങ്ങൾ എല്ലാവരേയും ഓർക്കണം.

## E. Response drill

### Model 1

A നീ ജോലിയൊക്കെ ചെയ്തോ?
B ഓഹോ. എപ്പോഴേ ചെയ്തു. എൻെറ ചേട്ടനും എനിക്കുവേണ്ടി കുറച്ചു ചെയ്തുതന്നു.

1. A പാഠമൊക്കെ എഴുതിയോ?
   B ഓഹോ എപ്പോഴേ ———. എൻെറ ചേട്ടനും എനിക്കുവേണ്ടി കുറച്ചു ———.
2. A നീ പടമൊക്കെ വരച്ചോ?
   B . . . . . . . . . . . . . . . . . . . . . . . . .
3. A നീ പുസ്തകമൊക്കെ വായിച്ചോ?
   B . . . . . . . . . . . . . . . . . . . . . . . . .

### Model 2

A എൻെറ പേന ആരെടുത്തു?
B ആ പുതിയ പേനയോ? അതു് അവനന്നേ എടുത്തു കളഞ്ഞില്ലേ?

1. A നീ അവനോടു് ആ കാര്യം പറഞ്ഞോ?
   B നിൻെറ കല്യാണത്തിൻെറ ———? ———നിൻെറ ചേച്ചിതന്നെ അന്നേ ——— ———?
2. A അദ്ദേഹം അങ്ങനത്തെ ഒരെഴുത്തു് എഴുതിയോ?
   B ഒന്നോ? പല എഴുത്തും അദ്ദേഹം ——— ———?
3. A രവിയും, മധുവുമൊക്കെ പോയോ?
   B രവിയും ———? അവരൊക്കെ അപ്പോഴേ ———?
4. A അതുപോലെത്തെ ഒരു പുസ്തകം അവനും വാങ്ങിച്ചോ?
   B ഒന്നോ? ——— പല പുസ്തകങ്ങളും അവൻ ——— ———?
5. A ആ രാഘവൻ നിന്നേയും പററിച്ചോ?
   B എന്നെ മാത്രമോ? മററു പലരേയും അവൻ———?

## Model 3

A അമ്മാ, ചേട്ടൻ എന്നോട് ഒന്നും പറയുന്നില്ല.

B എന്താ മോനേ ഇതു്? അവരക്ക് അതൊക്കെ ഒന്നു പറഞ്ഞു കൊടുത്തു കൂടേ?

1. A അച്ഛാ, ചേച്ചി എന്നെ ഒട്ടും സഹായിക്കുന്നില്ല.
   B എന്താ മോളെ———? അവനെ കുറച്ചു———?

2. A അമ്മാ. മോഹനൻ എനിക്കുവേണ്ടി ഒന്നും എഴുതുന്നില്ല.
   B എന്താ മോഹനാ———? അവരക്കുവേണ്ടി അതൊന്നു് ——— ———?

3. A അച്ഛാ, ചേട്ടൻ എന്നെ ഇംഗ്ലീഷ് പഠിപ്പിക്കുന്നില്ല.
   B രാജാ, അവരക്ക് ഒന്നു് ഇംഗ്ലീഷ് ———. ———?

4. A അമ്മാ, ചേച്ചി എന്റെ ഉടുപ്പു തയ്ക്കുന്നില്ല.
   B എന്താ കമലേ? അവളുടെ ആ ഉടുപ്പു ഒന്നു ——— ———?

5. A സാർ, ഈ മുരളി എന്നോട് ആ കാര്യം പറയുന്നില്ല.
   B എന്താ മുരളീ ഇതു്? ——— ——— ———?

## Model 4

A രാഘവാ, അവരം എന്തെഴുതുന്നു?

B എനിക്കറിയില്ല. അവളുടെ ഇഷ്ടംപോലെ എന്തൊക്കെയോ എഴുതി വിടുന്നു.

1. A മണീ, ബാബു എന്തു പറയുന്നു ?
   B . . . . . . . . . . . . . . . . . . . . . . . .

2. A രമേ, സരള എന്തുണ്ടാക്കുന്നു?
   B . . . . . . . . . . . . . . . . . . . . . . . .

3. A ഗോപീ, വാസു അവിടെ എന്തു വായിക്കുന്നു?
   B . . . . . . . . . . . . . . . . . . . . . . . .

4. A ജോസേ, നമ്മുടെ നേതാവു് അവിടെ എന്തു പ്രസംഗിക്കുന്നു?
   B . . . . . . . . . . . . . . . . . . . . . . . .

5. A മണീ, ലത എന്തു പറയുന്നു?
   B . . . . . . . . . . . . . . . . . . . . . . . . . . . . . .

## Model 5

**A** ക്ഷമിക്കണം. എനിക്കിന്നു വരാൻ പററില്ല.

**B** ഒക്കില്ല. നിങ്ങൾ ഇന്നു വന്നേ പററൂ.

1. **A** ക്ഷമിക്കൂ. എനിക്കത്രയുമൊന്നും തരാൻ പററില്ല.
   **B** . . . . . . . . . . . . . . . . . . . . . . . .

2. **A** ക്ഷമിക്കിൻ. എനിക്കതു പറയാൻ പററില്ല.
   **B** . . . . . . . . . . . . . . . . . . . . . . . .

3. **A** ക്ഷമിക്കണം. ആ വീടു വിൽക്കാൻ പററില്ല.
   **B** . . . . . . . . . . . . . . . . . . . . . . . .

4. **A** ക്ഷമിക്കിൻ. അവരുടെ എല്ലാവരുടേയും കാര്യമൊന്നും ഓർക്കാൻ പററില്ല.
   **B** . . . . . . . . . . . . . . . . . . . . . . . .

5. **A** ക്ഷമിക്കിൻ. എനിക്കദ്ദേഹത്തെ ഈ അസമയത്തു് ശല്യപ്പെടുത്താൻ പററില്ല.
   **B** . . . . . . . . . . . . . . . . . . . . . . . .

## Model 6

**A** എനിക്കിന്നവിടെ എത്തണം.

**B** നിങ്ങൾക്കു മാത്രമല്ല. ഞങ്ങൾക്കും അവിടെ എത്തിയേ തീരൂ.

1. **A** എനിക്കു് നാളെത്തന്നെ ഡോക്ടറെ കാണണം.
   **B** . . . . . . . . . . . . . . . . . . . . . . . .

2. **A** എനിക്കു് പുതിയ ഒരു വീടു വയ്ക്കണം.
   **B** . . . . . . . . . . . . . . . . . . . . . . . .

3. **A** എനിക്കു് ധാരാളം ജോലി ചെയ്യണം.
   **B** . . . . . . . . . . . . . . . . . . . . . . . .

4. **A** എനിക്കു് ഇന്നത്തെ മീററിങ്ങിൽ പ്രസംഗിക്കണം.
   **B** . . . . . . . . . . . . . . . . . . . . . . . .

5. **A** എനിക്കു് നാലഞ്ചു കുഴിവെട്ടി തൈകൾ നടണം.
   **B** . . . . . . . . . . . . . . . . . . . . . . . .

## EXERCISES

I. Fill in the blanks using the correct form of the given word.

1. രാധ മക്കളെ ബസ്സിൽ ——— വിട്ടു. (കയറ്റ്)
2. ഇന്നലെത്തന്നെ ഞാൻ അതൊക്കെ അവരക്ക് മനസ്സിലാക്കി ——— (കൊടുക്ക്)
3. ഒട്ടും പാടുപെടാതെ അവരു ഇഷ്ടംപോലെ എന്തൊക്കെയോ ——— വിടുന്നു. (എഴുതു്)
4. പഞ്ചസാരയൊക്കെ അവൻ തറയിൽ ——— കളഞ്ഞു. (ഇട്)
5. ഇനിയെങ്കിലും അതു് എനിക്ക് പറഞ്ഞു ——— കൂടേ? (തരു്)
6. ഈ കഥ മുഴുവനും നീയെങ്കിലും ——— തീരൂ. (കേരക്ക്)
7. അവരോട് നീ ഇതു പറഞ്ഞേ ———. (പററ്)
8. എൻെറ വാക്കുമാത്രം നിങ്ങരു നിസ്സാരമാക്കി———? (കളയ്)
9. ആ സ്കൂരു ഫണ്ടിനുവേണ്ടി പതിനായിരം രൂപയെങ്കിലും നിങ്ങരുകു ——— തന്നുകൂടേ? (പിരിക്ക്)
10. എന്നാലും എന്നോടങ്ങനെ ——— കളഞ്ഞില്ലേ? (ചോദിക്ക്)

II. Fill in the blanks suitably.

1. ചേട്ടാ എനിക്കീ കണക്കൊന്നു പറഞ്ഞു———.
2. എനിക്കു് ഈ ജോലി ——— പററില്ല.
3. അച്ഛനോട് ——— അമ്മയെ അറിയിച്ചിട്ട് അവൻ പൊയ്ക്കളഞ്ഞു.
4. ഞങ്ങളുടെ ടീച്ചർ എന്നും ധാരാളം ഗൃഹപാഠം ——— തരും.
5. നുണ ——— എല്ലാവരേയും തമ്മിൽ വഴക്കു കൂടിക്കാൻ മധുവിനിഷ്ടമാണ്.
6. ക്ലാസിൽനിന്നും അക്രമികുട്ടികളെ നിങ്ങരുകു് ——— വിട്ടുകൂടേ?
7. അത്രയും ദേഷ്യത്തോടെ അവനതു പറഞ്ഞു———.
8. അച്ഛൻ വന്നിട്ടേ അമ്മയും ചോറു് ———.
9. എത്ര പറഞ്ഞിട്ടും അവളുടെ തലയിലോട്ട് ഒന്നും ———.
10. കുറച്ചു സ്നേഹത്തോടെ അവരുകു് ജോലിയൊക്കെ നീ പഠിപ്പിച്ചു ———

III. Rewrite the following sentences using തീരു or പററു in the appropriate place.

1. എല്ലാവരും അങ്ങനെ എഴുതണം.
2. നീ എന്നോട് മലയാളത്തിൽ സംസാരിക്കണം.
3. ഇന്നെങ്കിലും സമയത്തിനു വീടുവിടണം.
4. എനിക്കു കഥകളി കാണണം.
5. അവരേയും ആ ആഘോഷത്തിനു ചേർക്കണം.
6. അദ്ദേഹത്തിനേയും ക്ഷണിക്കണം.
7. അതുപോലെ ഒരു വീട് എനിക്കും വയ്ക്കണം.
8. ഇവനേയും എടുക്കണം.
9. അദ്ദേഹത്തിനെ അന്വേഷിച്ചു കണ്ടുപിടിക്കണം.
10. എല്ലാവരുടെ ജോലിയും ഞാൻ ചെയ്യണം.
11. അനിയത്തിക്കെങ്കിലും അതു കൊടുക്കണം.
12. നാളെത്തന്നെ അദ്ദേഹത്തിനു പട്ടണത്തിൽ എത്തണം.
13. എനിക്കു ഹോട്ടലിൽത്തന്നെ താമസിക്കണം.
14. വേണുവിന് രാധയെത്തന്നെ കല്ല്യാണം കഴിക്കണം.
15. കുട്ടിക്ക് തറയിൽ കിടക്കണം.

V Answer the following with reference to the conversation.

1. റാണിക്ക് എന്തു മനസ്സിലായില്ല?
2. വേണു റാണിയെ സഹായിച്ചോ?
3. വേണു റാണിയെപ്പററി അവരുടെ അച്ഛനോട് എന്ത് പറയുന്നു?
4. അച്ഛൻ വേണുവിനെ വഴക്കു പറഞ്ഞോ? എന്തൊക്കെ പറഞ്ഞു?
5. റാണിയെ ആരു വഷളാക്കി? എങ്ങിനെ വഷളാക്കി?
6. അച്ഛന് മക്കളെ രണ്ടുപേരേയും വഴക്കുപറയാൻ ആഗ്രഹമുണ്ടോ?
7. റാണിക്ക് എപ്പോഴാം തൃപ്തിയാവും?
8. റാണിക്ക് ഏതു വിഷയമാണ് പ്രയാസം?
9. എല്ലാ കാര്യത്തിനും റാണി ചേട്ടനോട് സഹായിക്കാൻ അപേക്ഷിക്കുമോ?
10. അച്ഛൻ റാണിക്കു് എന്ത് ഉപദേശം കൊടുത്തു?

**V** Fill up the incomplete dialogues.

1. A അമ്മാ, ചേട്ടൻ എനിക്കു് ഒരു വെള്ളരിക്കയും തരുന്നില്ല.

   B . . . . . . . . . . . ? അവളും നിന്റെ അനിയത്തി ——?
   . . . . . . . . . ..കൂടെ? അതാ ——. അവിടെ എത്ര വെള്ളരിക്ക കിടക്കുന്നു? നീ —— അനിയത്തിക്കും എടുത്തു ——.

2. A വേണു, രാജൻ എന്തു പറയുന്നു.

   B . . . . . . ? അവൻ എന്തും പറയും. നമുക്കു് എന്തു ——? അവന്റെ ഇഷ്ടംപോലെ —— കൊള്ളട്ടെ. എന്നും ഇങ്ങനെതന്നെ. ഒന്നും മനസ്സിലാക്കാതെ നീ എന്തൊക്കെയോ —— വിടും.

3. A അന്നത്തെ പുസ്തകമൊക്കെ നീ വായിച്ചോ?

   B ഓഹോ. എപ്പോഴേ —— കഴിഞ്ഞു. ഒന്നുരണ്ടു പുസ്തകത്തിൽ നിന്നും ഞാൻ എന്തൊക്കെയോ എഴുതി എടുത്തു. നിനക്കും അതു കാണിച്ചു ——. പക്ഷെ വീണ്ടും വീണ്ടും എന്നോടു് ——. —— എനിക്കു് ഒട്ടും ഇഷ്ടം ——.

4. A ഇന്നെന്റെ പിറന്നാളാണു്. നീ വന്നേ തീരൂ.

   B ക്ഷമിക്കു. ഇന്നു് . . . . . . . . . . . . . . . . . . . ..നാളെ . . . . . .
   . . . . . . . . . . .

   A. അയ്യോ അതു പറ്റില്ല. ഞാൻ നിന്നെപ്പറ്റി അമ്മയോടും പറഞ്ഞു കഴിഞ്ഞു.

   B. . . . . . . . . . . . . . . . . . . . . . . . .

5. A അവർക്കിന്നു തിരുവനന്തപുരത്തു പോകണമത്രേ.

   B അവർക്കു —— എനിക്കും ——. എന്റെ അനിയന്റെ സ്ഥലംമാറ്റക്കാര്യത്തെപ്പറ്റി ——.

   A മന്ത്രിയെ പരിചയമുണ്ടോ.?

   B ——————.

   A അതുകൊള്ളാം. ശ്രമിച്ചു നോക്കൂ. അദ്ദേഹത്തിന്റെ വാക്കു മന്ത്രി കേൾക്കാതിരിക്കില്ല.

## VOCABULARY

| | | | |
|---|---|---|---|
| പ്രാവശ്യം | 'times' | | |
| ചുമ്മാതെ | 'simply, just like that' | | |
| നുണ | 'lie' | പാടുപെടു് | 'to suffer' |
| തെററിക്കു് | 'to commit mistake' | ധൃതി | 'hurry' |
| സാവകാശം | 'slowness' | അലയു് | 'to wander, roam' |
| തെണ്ടു് | ' to beg, wander' | കൊഞ്ചിക്കു് | 'to cajole and pet' |
| വഷളാക്കു് | 'to spoil' | പ്രത്യേകത | 'speciality' |
| നിസ്സാരമാക്കു് | 'to ignore' | തള്ളു് | 'to push' |
| ആഗ്രഹം | 'desire' | വളരു് | 'to grow, come up' |
| തമ്മിൽത്തല്ലു് | 'to fight each other' | | |
| സഹായിക്കു് | 'to help' | തൃപ്തി | 'satisfaction' |
| ശീലിക്കു് | 'to practise, to make a habit' | | |
| കണക്കു് | 'Mathematics, Arithmetic' | | |
| മനസ്സിലാവു് | 'to understand' | | |

## NOTES

12.49.1. Some more auxiliary verbs like തരു്, കൊടുക്കു്, കളയു്, വിടു്, തീരു്, and പററു് are introduced.

12.49.2 Auxiliary verbs തരു്, കൊടുക്കു് 'to give' are added when it is needed to indicate specifically that the action is done for the beneficiary who is other than the doer.

അമ്മ കുഞ്ഞിനു് ഉടുപ്പു <u>തച്ചുകൊടുത്തു</u>.

Mother stitched a dress for the baby.

അയാൾ എനിക്കു് ആ കാര്യം <u>പറഞ്ഞുതന്നു</u>.

He told me that thing.

12.49.3. When the auxiliary verb കളയു് is added it means that the action is completed fully and that the speaker has mixed feelings of sorrow, surprise, unhappiness, indifference, repentance, etc., about the completion of the action.

അയാൾ അങ്ങനെ പറഞ്ഞുകളഞ്ഞു.

He told like that.

അവർ പൊയ്ക്കളഞ്ഞു.

They went away.

അവൾ ഒരു നിസ്സാരവിലയ്ക്ക് ആ വലിയ വീട് വിററു കളഞ്ഞു.

She sold off that big house for a petty sum.

12.49.4. വിട്, when added after the Verbal Participle of the main verb, sometimes indicates completion, and in other contexts it brings about the indifferent mood of the doer as though the doer is not very much bothered about the action.

ഞാൻ അവനെ ബസ്സിൽ കയററി വിട്ടു.

- I sent him in the bus.

അവൾ എന്തോ എഴുതിവിട്ടു.

She wrote something.

12.49.5. When തീര് is added as an auxiliary verb, it functions just like the auxiliary കഴിയ് indicating the completion of the action.

അവൾ എല്ലാം ചെയ്തുതീർന്നു.

She completed doing everything.

12.49.6. Note the expression കൊടുത്തേ തീരൂ in the following sentences.

അവൾക്ക് നീ പറഞ്ഞുകൊടുത്തേ തീരൂ.

You have to tell her.

When the emphatic form of verb stem തീര് or that of any one of the ability verbs like പററ് or ഒക്ക് is used after the verbal participle +ഏ the meaning of compulsion is indicated. The idea brought out is that what is stated is the only alternative in the context. Observe more examples given below.

| | |
|---|---|
| നീ പഠിച്ചേ തീരൂ<br>നീ പഠിച്ചേ പററൂ/ഒക്കൂ. | You have to study. |

മോനേ, നീ പാഠം എഴുതിയേ തീരൂ.

Son, you have to write the lesson.

## UNIT 12

## LESSON 50

# പരീക്ഷ കഴിഞ്ഞതല്ലേയുള്ളൂ ?

**CONVERSATION**

| | |
|---|---|
| അമ്മാവൻ: പരീക്ഷ കഴിഞ്ഞ് നീ നാട്ടിലെന്നെത്തി? | When did you reach the place after examination? |
| വിജയൻ: ഞാൻ ഇപ്പോ വരുന്നേ ഉള്ളൂ. വീട്ടിൽപ്പോലും കയറിയില്ല. അമ്മാവനെ കാണാൻ നേരെ ഇങ്ങോട്ടുവന്നു. | I am just coming. I didn't even go home. I came here straight to see you. |
| അമ്മാവൻ: അപ്പോ അകത്തുപോയി പല്ലുതേച്ചു കുളിച്ചു കാപ്പിയൊക്കെ കുടിച്ചിട്ടുവരൂ. | Then you go inside, brush your teeth, have your bath, coffee, etc., and come. |

വിജയൻ: ട്രെയിനിൽവച്ചു തന്നെ ആ ജോലിയൊക്കെ തീർത്തു. സ്റ്റേഷനിൽ രാമൻ ഹാജരുണ്ടായിരുന്നു. സാമാനമൊക്കെ അവന്റെ കയ്യിൽ വീട്ടിലേക്കു കൊടുത്തയച്ചു. എന്നിട്ട് ഞാൻ ഇങ്ങോട്ടേയ്ക്കും പോന്നു.

I finished all such work in the train itself. Raman was at the station. I sent all the luggage home through him. Then I came this way.

അമ്മാവൻ: പരീക്ഷയൊക്കെ നന്നായി എഴുതിയോ? ഒന്നാം റാങ്കു കിട്ടുമോ?

Did you write the examination well? Will you get first rank?

വിജയൻ: പരീക്ഷ മിനിഞ്ഞാന്നു കഴിഞ്ഞല്ലേ ഉള്ളു? റിസൽറ്റ് ജൂൺ മാസത്തിൽ അല്ലേ വരുള്ളു?

Haven't the examinations finished only day before yesterday? Won't the result be coming only in the month of June?

അമ്മാവൻ: എന്നാലും നിനക്കൂഹിച്ചുനോക്കാമല്ലോ.

Still you can guess.

വിജയൻ: ഫസ്റ്റ്ക്ലാസ് തീർച്ചയായും കിട്ടും? ഒന്നാം റാങ്കിന്റെ കാര്യം പറയാനാവില്ല. ആദ്യത്തെ അഞ്ചുപേരിൽ ഞാനും വന്നേയ്ക്കും.

I will certainly get first class. I cannot tell anything about the rank. I may come among the first five.

അമ്മാവൻ: അതു പോരല്ലോ വിജയാ. നീ ഒന്നാമനായി വരണം. വന്നേ തീരൂ. അതാണെന്റെ ആശ.

That is not sufficient Vijayan. You have to be the first. Tha is my desire.

വിജയൻ: അമ്മാവൻ നിരാശപ്പെടണ്ട. ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചുകഴിഞ്ഞു. ഒരൊററ കാര്യമേ ഞാൻ ചെയ്യാതെ ഉള്ളു.

You don't be disappointed. I have tried my level best. There is only one thing which I didn't do.

അമ്മാവൻ: എന്താണത്?

What is that?

വിജയൻ: പ്രൊഫസറുടെ പിന്നാലെ നടക്കൽ. എല്ലാ വർഷവും അതിനുമുണ്ടാവും കുറെപ്പേർ. അവരിൽ ഒരാൾക്കേ സാധാരണ ഒന്നാംറാങ്കു കിട്ടുകയുള്ളൂ.

Running after the Professor. Every year there will be some people for that work also. Usually one among them will get the rank.

അമ്മാവൻ: നീ ഒരാൾടേം പുറകേ വാലാട്ടി നടക്കണ്ട. അവനവന്റെ മിടുക്കുകൊണ്ടും, പ്രയത്നം കൊണ്ടും കാര്യം നേടണം. മനസ്സാക്ഷിക്കു വിപരീതമായിട്ട് ഒന്നും ചെയ്യണ്ട. ശരി. ശരി. നമുക്കിനി പിന്നെ സംസാരിക്കാം. നീ അകത്തു പോയി അമ്മാവിയെ കാണ്. ഇന്നലേം അവളും നിന്റെ കാര്യമേ ചോദിച്ചുള്ളൂ.

I don't want you to be anybody's wagtail. You should attain the goal by your skill and hard-work. Don't do anything against your conscience. Alright. Let us talk afterwards. You go inside and see your aunt: Even yesterday she asked about you only.

വിജയൻ: അമ്മാവിക്കിപ്പോൾ എങ്ങനെയിരിക്കുന്നു? കുറച്ചു ഭേദമുണ്ടോ?

How is aunty now? Is she any better?

അമ്മാവൻ: ആസ്ത്മയുടെ ഉപദ്രവം. അധികമില്ല. പക്ഷെ മററസുഖങ്ങളൊക്കെ അങ്ങനെതന്നെ തുടരുന്നു.

She doesn't have so much of asthmatic trouble. But the other ailments continue like that.

വിജയൻ: ഡോക്ടർ രാമനെ കാണിച്ചു നോക്കിയോ? മിടുക്കനാണദ്ദേഹം.

Did you show her to Dr. Raman? He is an expert.

അമ്മാവൻ: നിനക്കറിയില്ലേ അവളുടെ നിർബ്ബന്ധബുദ്ധി? പുതിയ ഡോക്ടർമാരെയൊന്നും അവൾക്ക വിശ്വാസമില്ല. നാട്ടുവൈദ്യന്റെ ചികിത്സയേ അവൾക്ക വേണ്ടൂ.

Don't you know about her obstinate nature? She doesn't have faith in any of the new doctors. She needs only the village doctor's treatment.

വിജയൻ: ശാന്തച്ചേച്ചി അമ്മാവിയെ കുറച്ചു ദിവസത്തേയ്ക്കു കൊണ്ടുപോകട്ടെ. ഒരു സ്ഥലംമാററം നല്ലതാണല്ലോ.

Let Shanta chechi take aunty for some days. A change of place is good.

അമ്മാവൻ: ശാന്ത നന്നാ നിർബ്ബന്ധിച്ചുനോക്കി. പക്ഷെ അവൾ പോയില്ല. സ്വന്തം ഇഷ്ടമനുസരിച്ചേ അവളെന്തും ചെയ്യൂ ള്ളു.

Shanta tried her best. But she didn't go. She will do anything, only as she likes it.

## DRILLS

### A. Repetition drill

a. ഞാൻ ഇപ്പോഴേ വരുന്നുള്ളൂ.
ഞാൻ ഇന്നലെയേ വന്നുള്ളൂ.
ഞാൻ മററന്നാളേ വരുകയുള്ളൂ/വരുള്ളൂ/വരൂ.

b. ഞാൻ ഇപ്പോൾ വരുന്നേ ഉള്ളൂ.
ഞാൻ ഇന്നലെ വന്നേ ഉള്ളൂ.
ഞാൻ നാളെ വരുകയേ ഉള്ളൂ.

c. ഞാനേ ഇപ്പോൾ വരുന്നുള്ളൂ.
ഞാനേ ഇന്നലെ വന്നുള്ളൂ.
ഞാനേ മററന്നാൾ വരുകയുള്ളൂ/വരുള്ളൂ/വരൂ.

d. കള്ളൻ പണം എടുക്കുന്നേയുള്ളോ?
കള്ളൻ പണം എടുത്തേയുള്ളോ?
കള്ളൻ പണം എടുക്കുകയേയുള്ളോ?

e. കള്ളൻ പണമേ എടുക്കുന്നുള്ളോ?
കള്ളൻ പണമേ എടുത്തുള്ളോ?
കള്ളൻ പണമേ എടുക്കുകയുള്ളോ?/എടുക്കുള്ളോ?

f. കള്ളനേ പണം എടുക്കുന്നുള്ളോ?
കള്ളനേ പണം എടുത്തുള്ളോ?
കള്ളനേ പണം എടുക്കുകയുള്ളോ?

g. അമ്മ കുഞ്ഞിനെ വഴക്ക പറയുന്നല്ലേയുള്ളൂ ?
അമ്മ കുഞ്ഞിനെ വഴക്ക പറഞ്ഞല്ലേയുള്ളൂ ?
അമ്മ കുഞ്ഞിനെ വഴക്ക പറയുകയല്ലേയുള്ളൂ ?

h. അമ്മ കുഞ്ഞിനെയല്ലേ വഴക്ക പറയുന്നുള്ള?
അമ്മ കുഞ്ഞിനെയല്ലേ വഴക്ക പറഞ്ഞുള്ളൂ ?
അമ്മ കുഞ്ഞിനെയല്ലേ വഴക്ക പറയുകയുള്ളൂ ?/വഴക്ക പറയുള്ളൂ /വഴക്ക പറയൂ.

i. അമ്മയല്ലേ കുഞ്ഞിനെ വഴക്ക പറയുന്നുള്ളൂ ?
അമ്മയല്ലേ കുഞ്ഞിനെ വഴക്ക പറഞ്ഞുള്ളൂ ?
അമ്മയല്ലേ കുഞ്ഞിനെ വഴക്ക പറയുകയുള്ളൂ /വഴക്ക പറയുള്ളൂ /വഴക്ക പറയൂ.

B. Build up drill

Model

ഉള്ളൂ .
ഉള്ളൂ .
കണ്ടേ
കണ്ടേയുള്ളൂ .
ഒരിക്കൽ
ഒരിക്കൽ കണ്ടേയുള്ളൂ .
അച്ഛനെ
അച്ഛനെ ഒരിക്കൽ കണ്ടേയുള്ളൂ .
നിന്റെ
നിന്റെ അച്ഛനെ ഒരിക്കൽ കണ്ടേയുള്ളൂ .
ഞാൻ
ഞാൻ നിന്റെ അച്ഛനെ ഒരിക്കൽ കണ്ടേയുള്ളൂ .

1. ഉള്ളൂ.
   പെയ്യുന്നുള്ളൂ.
   മഴ പെയ്യുന്നുള്ളൂ.
   ഇന്നേ മഴ പെയ്യുന്നുള്ളു.
   ഇവിടെ ഇന്നേ മഴ പെയ്യുന്നുള്ളൂ
   ഈ വർഷം ഇവിടെ ഇന്നേ മഴ പെയ്യുന്നുള്ളൂ.

2. ഉള്ളൂ.
   കിട്ടുകയുള്ളൂ.
   സമ്മാനം കിട്ടുകയുള്ളൂ.
   ഒന്നാം സമ്മാനം കിട്ടുകയുള്ളൂ.
   ആ കുട്ടിക്കേ ഒന്നാം സമ്മാനം കിട്ടുകയുള്ളൂ.

C. Restatement drill.

Model 1

അദ്ദേഹം മലയാളം പഠിപ്പിക്കുന്നു.
അദ്ദേഹം മലയാളം പഠിപ്പിക്കുന്നേയുള്ളൂ.

1. രമണി വീട്ടിൽ ഇരിക്കുന്നു.
2. അവർ ഹോട്ടൽ കാമധേനുവിൽ താമസിക്കുന്നു.
3. അവർക്കു സമ്മാനം കിട്ടുന്നു.
4. ഞാൻ തെലുങ്കു സിനിമ കാണുന്നു.
5. അമ്മ പച്ചക്കറി വാങ്ങിക്കുന്നു.
6. ചേച്ചി അനിയനെ കളിപ്പിക്കുന്നു.

Model 2

അവൻ ഇന്നലെ വന്നു.
അവൻ ഇന്നലെ വന്നേയുള്ളൂ.

1. അദ്ദേഹം പരീക്ഷ എഴുതി.
2. രമണി കൽക്കത്തെയിൽ പോയി.
3. ഞാൻ മധുവിനു കൊടുത്തു.
4. ശാരദ മകളെക്കൊണ്ടു പാട്ടു പാടിച്ചു.
5. ഞാൻ അദ്ദേഹത്തിനോടു് അപേക്ഷിച്ചു.
6. കുട്ടികൾ വീട്ടിൽ നിന്നു വന്നു.

## Model 3

അവരൊക്കെ കവിത വായിക്കും.

അവരൊക്കെ കവിതയേ വായിക്കുകയുള്ളു /വായിക്കുള്ളു /വായിക്കൂ.

1. ഞാൻ ബേബിയോട് പറയും.
2. ശാരദ അവളുടെ വീട്ടിൽ താമസിക്കും.
3. ഞാൻ ലൈബ്രറിയിൽ നിന്ന് എടുക്കും.
4. കുഞ്ഞുങ്ങൾ ചപ്പാത്തി തിന്നും.
5. കുട്ടികൾ പന്തു കളിക്കും.
6. ഞാൻ അവർക്ക് എഴുതും.

## Model 4

അവൻ പലഹാരം തിന്നേയുള്ളു.

അവൻ പലഹാരമേ തിന്നുള്ളു.

1. ലീല കാപ്പി കുടിച്ചേയുള്ളു.
2. ശാരദ കഥ വായിച്ചേയുള്ളു.
3. അമ്മ വാസുവിനെ അടിച്ചേയുള്ളു.
4. അദ്ദേഹം എന്നോട് സംസാരിച്ചേയുള്ളു.
5. എല്ലാവരും അദ്ദേഹത്തിനെ പുകഴ്ത്തിയേയുള്ളു.
6. അവൻ സിഗരററ് വലിച്ചേയുള്ളു.

## Model 5

ലീല പാട്ടു പാടുന്നേയുള്ളു.

ലീലയേ പാട്ടു പാടുന്നുള്ളു.

1. അദ്ദേഹം കവിത എഴുതുന്നേയുള്ളു.
2. രാജു ഉണ്ണിയെ സ്നേഹിക്കുന്നേയുള്ളു.
3. അവർ കേരളത്തിൽ പോകുന്നേയുള്ളു.
4. സുധ മണിക്ക് കത്ത് എഴുതുന്നേയുള്ളു.
5. അവൻ പത്തു മണിക്കു വരുന്നേയുള്ളു.
6. സീത രാമനെ വിളിക്കുന്നേയുള്ളു.

## D. Transformation drill

## Model 1

കുട്ടി പഠിക്കുന്നേയുള്ളു?

കുട്ടി പഠിക്കുന്നല്ലേയുള്ളു?

1. മന്ത്രി അന്യായം കാണുന്നേയുള്ളൂ.
2. അദ്ദേഹം അവനെ വെറുക്കുന്നേയുള്ളൂ.
3. സരള എല്ലാം മനസ്സിലാക്കുന്നേയുള്ളൂ.
4. രാധ ഓടക്കുഴൽ വായിക്കുന്നേയുള്ളൂ.
5. അച്ഛൻ വീട് വയ്ക്കുന്നേയുള്ളൂ.
6. അമ്മ മകനെ അന്വേഷിക്കുന്നേയുള്ളൂ.

## Model 2

കുട്ടിയേ ഉറങ്ങുന്നുള്ളൂ.
കുട്ടിയല്ലേ ഉറങ്ങുന്നുള്ളൂ ?

1. അവളേ വിളിച്ചുള്ളൂ.
2. മകനേ വരുകയുള്ളൂ.
3. പരീക്ഷയേ കഴിയുന്നുള്ളൂ.
4. കൂട്ടാനേ വച്ചുള്ളൂ.
5. പപ്പടമേ കാച്ചിയുള്ളൂ ..
6. മീനേ പൊരിച്ചുള്ളൂ.

## Model 3

രാജു പാലേ കുടിച്ചുള്ളൂ.
രാജു പാലല്ലേ കുടിച്ചുള്ളൂ ?

1. അവരു മാർക്കററിലേ പോയുള്ളൂ.
2. രോഹിണി വീട്ടിൽനിന്നേ എഴുതുള്ളൂ.
3. ഞാൻ അദ്ദേഹത്തിനോടേ സംസാരിക്കു.
4. അവരു അവനെ മാത്രമേ സ്നേഹിക്കുന്നുള്ളൂ.
5. അയാരു വീട്ടിൽ വച്ചേ മീൻ കഴിക്കുകയുള്ളൂ.
6. ഞങ്ങരു പച്ചവെള്ളത്തിലേ കുളിച്ചുള്ളൂ.

## Model 4

രാധ വന്നേയുള്ളൂ.
രാധ വന്നേയുള്ളോ?

1. കുമാർ പാടിയേയുള്ളൂ.
2. അരവിന്ദൻ പോയേയുള്ളൂ.
3. ഞാൻ പലഹാരം ഉണ്ടാക്കിയേയുള്ളൂ.
4. സരള ഹിന്ദി പഠിച്ചേയുള്ളൂ.
5. സുധ അങ്ങനെ പറഞ്ഞേയുള്ളൂ.
6. അവരും അത്രയേ വിചാരിച്ചുള്ളൂ.

## Model 5

അവനേയും ആ ലിസ്റ്റിലേ ഉൾപ്പെടുത്തുന്നുള്ളൂ.
അവനേയും ആ ലിസ്റ്റിലേ ഉൾപ്പെടുത്തുന്നുള്ളോ?

1. കുട്ടി ഇന്നേ കരയുന്നുള്ളൂ.
2. ഞാൻ നിന്നോടേ പറയുന്നുള്ളൂ.
3. അദ്ദേഹം അവളെ മാത്രമേ വെറുക്കുന്നുള്ളൂ.
4. ഞാൻ എന്റെ വീട്ടിലേ താമസിക്കുന്നുള്ളൂ.
5. അമ്മ കുഞ്ഞിനുവേണ്ടിയേ പറയുന്നുള്ളൂ.
6. ഞാൻ ജോലിക്കാരെക്കൊണ്ടേ ചെയ്യിപ്പിക്കുന്നുള്ളൂ.

## Model 6

രാഘവനേ ഇവിടെ സമയത്തിന് എത്തുകയുള്ളൂ.
രാഘവനേ ഇവിടെ സമയത്തിന് എത്തുകയുള്ളോ?

1. ഞാനേ നിങ്ങളെ നിർബ്ബന്ധിക്കുകയുള്ളൂ.
2. അവളേ ഇങ്ങനെ കഷ്ടപ്പെടുകയുള്ളൂ.
3. ഞാനേ ഈ ചപ്പാത്തി തിന്നുകയുള്ളൂ.
4. കുസുമയേ രാധയോടിനി മിണ്ടുകയുള്ളൂ.
5. പണക്കാരേ പാവങ്ങളെ പററിക്കുകയുള്ളൂ.
6. സിനിമാതാരങ്ങളേ എന്നും പാർട്ടി നടത്തുകയുള്ളൂ.

## Model 7

അവരേ വരുന്നുള്ളോ?
അവരല്ലേ വരുന്നുള്ളൂ!

1. ഞാൻ കാപ്പിയേ കുടിക്കുകയുള്ളോ?
2. നിന്നെ മാത്രമേ കളിയിൽ ചേർത്തുള്ളോ?
3. ചേട്ടനേം, അനിയനേം മാത്രമേ വിളിച്ചുള്ളോ?
4. കോളേജിൽ നിന്നേ അവരൊക്കെ വരുകയുള്ളോ?
5. അച്ഛൻ രാത്രി ചോറേ ഉണ്ണുന്നുള്ളോ ?
6. ഞാൻ അവനെപ്പററി മാത്രമേ വിചാരിക്കുള്ളോ?

# E. Response drill

## Model 1

A. രാധ കാപ്പിയേ കുടിക്കുള്ളൂ.
B. രാധ കാപ്പിയല്ലാതെ വേറെ ഒന്നും കുടിക്കില്ലേ?

1. A. മോഹനൻ കഥയേ എഴുതിയുള്ളൂ. —
   B. . . . . . . .കഥയല്ലാതെ വേറെ ഒന്നും ———?
2. A. ഞാൻ അവളെ മാത്രമേ കണ്ടുള്ളൂ.
   B. നിങ്ങൾ അയാളെ. . . . . . .വേറെ ആരേയും ———?
3. A. സുക വീട്ടിലേ പോകുന്നുള്ളൂ.
   B. . . . . . . .വീട്ടിൽ. . . . . .വേറെ ഒരിടത്തും . . . . . . . . ?
4. A. ഞാൻ ബേബിയോടേ സംസാരിച്ചുള്ളൂ.
   B. നിങ്ങൾ . . . . .അല്ലാതെ. . . . . . ആരോടും . . . . . . . . ?
5. A. അമ്മ കുഞ്ഞിനേ പലഹാരം കൊടുക്കൂ.
   B. . . . . . കുഞ്ഞിന്. . . . . . വേറെ . . . . . പലഹാരം. . . ?
6. A. എനിക്ക് നിന്നെ മാത്രമേ വേണ്ടൂ.
   B. നിനക്ക് . . . . . . . . . . . . . വേണ്ടേ?
7. A. ഞാൻ ആ പുസ്തകത്തിൽ നിന്നേ ചിത്രം എടുക്കൂ.
   B. നീ . . . . . . . . . . . . ചിത്രം എടുക്കില്ലേ?

## Model 2

A. ഞാനേ നിന്നെ സഹായിച്ചുള്ളൂ.
B. അതു ശരി. നീയല്ലാതെ വേറെ ആരും എന്നെ സഹായിച്ചില്ല.

1. A. അവരേ ഇന്നിവിടെ വന്നുള്ളൂ.
   B. . . . . . . . . . . . . . . . . . .
2. A. കുട്ടികളേ സ്കൂളിൽ നേരത്തേ പോയുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .
3. A. സുഷമയ്ക്കേ ഒന്നാം സമ്മാനം കിട്ടിയുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .
4. A. സരസ്വതിയേ അത്ര നന്നായി പാടിയുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .
5. A. അവൻെറ അനിയത്തി വീണ്ടേ അതു സാധിച്ചുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .
6. A. ആ രോഗം കാരണം കോഴിയും, താറാവും മാത്രമേ ചത്തുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .
7. A. ഹെഡ്മാസ്റ്ററുടെ വാക്കേ കുട്ടികൾ കേട്ടുള്ളൂ.
   B. . . . . . . . . . . . . . . . . . . . . . . . .

F. Reinterpretation drill

Model 1

അമ്മ പലഹാരം ഉണ്ടാക്കുന്നേയുള്ളൂ.

അമ്മ പലഹാരം ഉണ്ടാക്കിത്തീർന്നില്ല.

ഇപ്പോഴും പലഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. വേറെ ഒന്നും ചെയ്യുന്നില്ല.

1. സീത പാട്ടു പാടുന്നേയുള്ളൂ.
2. അവരും ഇനിയും ആലോചിക്കുന്നേയുള്ളൂ.
3. അവർ കുട്ടിയെ നോക്കുന്നേയുള്ളൂ.
4. സുകുമാർ പാഠം എഴുതുന്നേയുള്ളൂ.
5. ഞാൻ സിഗരററ് വിൽക്കുന്നേയുള്ളൂ.
6. അവർ കള്ള കച്ചവടം നടത്തുന്നേയുള്ളൂ.
7. ഞാനിതാ ഇപ്പോഴും അതു കാണുന്നേയുള്ളൂ.

Model 2

അവർ കവിത വായിച്ചേയുള്ളൂ.

അവർ കവിത വായിച്ചു. വേറെ ഒന്നും ചെയ്തില്ല.

1. അവർ ഇന്നലെ വന്നേ ഉള്ളൂ.
   അവർ . . . . . . നേരത്തേ വന്നില്ല.
2. സീത കുട്ടിയെ വഴക്കു പറഞ്ഞേ ഉള്ളൂ.
   സീത . . . . . . . . . . . . . . . . അടിച്ചില്ല.
3. ഞാൻ ഗോപുവിനെ വിളിച്ചേയുള്ളൂ.
   ഞാൻ . . . . . . . . . . . . വേറെ ഒന്നും ചെയ്തില്ല.
4. അദ്ദേഹം വീട്ടിൽ നിന്നേയുള്ളൂ.
   അദ്ദേഹം . . . . . . . . വേറെ ഒന്നും . . . . . .
5. അവർ അത്രയേ കഴിച്ചുള്ളൂ.
   അവർ . . . . . . . . . കൂടുതൽ . . . . . . . . . .
6. അവർ എന്നെ കാണിച്ചേയുള്ളൂ.
   അവർ . . . . . . . . വേറെ ഒന്നും . . . . . . . . .
7. അദ്ദേഹം വീട്ടിൽ എത്തിയേയുള്ളൂ.
   അദ്ദേഹം . . . . . . . . . . വേറെ ഒന്നും . . . . . . . . .

Model 3

ഞാനേ അതു ചെയ്യൂ.

ഞാൻ അതു ചെയ്യും. വേറെ ആരും ചെയ്യുകയില്ല.

1. ആ കുട്ടിയേ ഉറക്കെ ചിരിക്കൂ.
   . . . . . . . . . . . . . . . . . . . . . .ചിരിക്കില്ല.
2. മോഹനനേ മലയാളം പാട്ടു നന്നായി പാടൂ.
   . . . . . . . . . . . . . . . . . . . . . . . പാടില്ല.
3. ഞാനേ നിന്നെ ഇങ്ങനെ സ്നേഹിക്കൂ.
   . . . . . . . . . . . . . . . . . . . . .സ്നേഹിക്കില്ല.
4. അവളേ നല്ല അക്ഷരത്തിൽ എഴുതൂ.
   . . . . . . . . . . . . . . . . . . . . . . . .എഴുതില്ല.
5. നല്ലവരേ എല്ലാവർക്കും നന്മ ആഗ്രഹിക്കൂ.
   . . . . . . . . . . . . . . . . . . . . . ആഗ്രഹിക്കില്ല.
6. അദ്ദേഹമേ നേരത്തേ വരൂ.
   . . . . . . . . . . . . . . . . . . . . . വരില്ല.
7. ഞാനേ അദ്ദേഹത്തിന് വലിയ കത്ത് അയയ്ക്കൂ.
   . . . . . . . . . . . . . . . . . . . . . . . . അയയ്ക്കില്ല.

## EXERCISES

I Split the following.

1. കാമധേനുവിൽനിന്ന്
2. നാട്ടിലെത്തിക്കാണും
3. കയറിയില്ലല്ലോ
4. കാപ്പിയുമൊക്കെ
5. തയിരാണെങ്കിലോ
6. വേദനയായിരുന്നു
7. ബാബുവാണെങ്കിലല്ലേ
8. പരീക്ഷക്കാര്യം
9. പറയാനാവില്ല
10. വിപരീതമായിട്ട്
11. അവളെക്കൊണ്ട്
12. അപ്പം പ്പനമായിട്ടാണെങ്കിലും

13. പുകഴ്ത്തിപ്പറഞ്ഞു
14. വീഴ്ത്തിക്കളഞ്ഞു
15. മിണ്ടിത്തുടങ്ങി

II Fill in the blanks using the correct forms of the given words.

1. പെൺകുട്ടികളേ നന്നായി ജോലി ........(ചെയ്യുന്നു)
2. അദ്ദേഹം മിനിഞ്ഞാന്നേ സ്ഥലത്ത്............(എത്തി)
3. അവരേ എന്നെ എപ്പോഴും ..............(ഓർക്കും)
4. കള്ളക്കടത്തുകാർക്കേ ദൈവം ശിക്ഷ ...........? (കൊടുക്കും)
5. അവരെപ്പററി മാത്രമേ നീ .........? (കേട്ടു)
6. കുറച്ചുപേരെ മാത്രമേ നീ ...........? (ക്ഷണിക്കുന്നു)
7. കുമാറിനേയും നിങ്ങളുടെ കൂട്ടുകാരുടെ ലിസ്റ്റിൽ മാത്രമേ ..........? (ഉൾപ്പെടുത്തി)
8. മററെന്നാൾ ഞാനേ ഇവിടെ ............. (കാണ്)
9. അദ്ദേഹമേ ഒരു പാട്ടു . . . . . . . . . . . . . (പാടി)
10. മിനിഞ്ഞാന്നത്തെ പാർട്ടിക്ക് നീ സിഗരററ .........?(വലിച്ചു)
11. ഞാനും . . . . . . . . . . . . പറഞ്ഞുള്ളു . (അങ്ങനെ)
12. സുമയും . . . . . . . . . വന്നുള്ളോ? (പത്തുമണിക്ക്)
13. അദ്ദേഹവും . . . . . . . . . . . . സംസാരിക്കുകയുള്ളു . (നിന്നോട്)
14. മധു . . . . . . . . ഉണ്ടുള്ളോ? (ചോറ്)
15. ഞാനും ഇനി മുതൽ നിനക്കേ എഴുത്ത് ............. (എഴുത്)

III Fill in the blanks suitably.

1. ഓഫീസിൽ വച്ചേ ഞാൻ ആ ജോലിയൊക്കെ ———.
2. എന്റെ മകളെ ——— അവർ സ്നേഹിച്ചുള്ളു ; എന്നെ അല്ല.
3. രാവിലെ എണീററു പച്ചവെള്ളത്തിൽ ——— വന്നേയുള്ളു .
4. നാളെ മുതൽ ഞാൻ ആ ——— കഴിക്കുള്ളു .
5. പരീക്ഷയിൽ ——— ഒന്നാം സമ്മാനം കിട്ടിയുള്ളു .
6. മകൻ വീട്ടിൽ അല്ലേ ———?
7. ഞാനല്ലേ നിന്നോട് ആ കാര്യം ———?
8. മലയാളത്തിലല്ലേ അദ്ദേഹം ഇന്നലെയും ———?
9. മോളേ, നീ എല്ലാ ——— ഒന്നാം സ്ഥാനം വാങ്ങി ——— തീരൂ.
10. നീ അവരുടെ പുറകിൽ അല്ലേ ———?
11. എന്നും അവരൾ നിന്റെ ——— പറയൂ .

12. പണ്ട മുതലേ സ്വന്തം ഇഷ്ടം ——— എന്റെ അച്ഛൻ എല്ലാ കാര്യവും ———.

13. രാഘവനെ കല്യാണം കഴിക്കാൻ ഞാനേ ശാന്തിയെ ———.

IV Rewrite the following sentences by adding the negative question form അല്ലേ and emphatic ഉള്ളു.

1. ഞങ്ങളുടെ വീട്ടിൽ എല്ലാവരും കാപ്പികുടിക്കും.
2. അച്ഛൻ റാണിയെ മാത്രം കൊഞ്ചിച്ചു വളർത്തി.
3. അന്നമ്മയുടെ വീട്ടിലെ കോഴിയും, പശുവും ചത്തു.
4. കേരളത്തിലെ മുഖ്യമന്ത്രി ദില്ലിയിലും മലയാളത്തിൽ പ്രസംഗിച്ചു.
5. അവർ ജീവിതം നന്നായി സുഖിച്ചു.
6. എല്ലാ സമ്മാനങ്ങളും വീട്ടിലേയ്ക്കു കൊടുത്തയച്ചു.
7. ഞാൻ എട്ടു മണിക്ക് ഇവിടെ എത്തി.
8. പരീക്ഷ മാത്രം നന്നായി എഴുതി.
9. എനിക്കു രണ്ടാംസ്ഥാനം കിട്ടും.
10. എല്ലാവരും പ്രയത്നം കൊണ്ടു കാര്യം നേടുന്നു.

V Transform the following statements to positive and negative interrogatives by the addition of –ഓ or അല്ലേ in suitable places.

1. എല്ലാവരും അദ്ദേഹത്തിനെ മാത്രമേ ശല്യപ്പെടുത്തുന്നുള്ളു.
2. കുട്ടികളേ വേഗം ഉറങ്ങിയുള്ളു.
3. ഞാൻ അവരുടെ പുറകിലേ നിന്നുള്ളു.
4. അച്ഛൻ മാത്രമേ രാധയെ ഇങ്ങനെ കൊഞ്ചിക്കു.
5. എന്റെ കൂട്ടുകാരനു പഴയ വീടേ വാടകയ്ക്കു കിട്ടിയുള്ളു.
6. അദ്ദേഹത്തിന്റെ ഭാര്യ സ്വന്തം ഇഷ്ടംപോലെയേ എല്ലാം ചെയ്യുന്നുള്ളു.
7. രവിയുടെ അച്ഛനെ ഞാൻ ഒരിക്കൽ കണ്ടേയുള്ളു.
8. അടുത്ത മാസമേ മഴ പെയ്യുകയുള്ളു.
9. ശാന്തച്ചേച്ചിക്കേ അമ്മയെ നിർബ്ബന്ധിക്കാൻ പററുള്ളു?
10. രാധയ്ക്കേ ബേബിയെ സ്നേഹിക്കാൻ കഴിഞ്ഞുള്ളു.
11. നാട്ടുവൈദ്യന്മാരെ മാത്രമേ വിശ്വസിക്കുന്നുള്ളു.
12. പാട്ടു പാടിയിട്ടേ സമ്മാനം കിട്ടിയുള്ളു.

VI Choose any 12 verbs from the list given and use them in sentences with different tenses and also by adding the emphatic ഏ....ഉള്ളൂ in the appropriate places.

> കാണു്, സംസാരിക്കു്, ശല്യപ്പെടുത്തു്, യാത്രതിരിക്കു്, എത്തു്, നടത്തു്, സ്നേഹിക്കു്, കേൾക്കു്, താമസിക്കു്, വായിക്കു്, ഉണ്ണു്, തിന്നു്, കുടിക്കു്, പാടു്, നടക്കു്, കുളിക്കു്, വിശ്വസിക്കു്, ആഗ്ര ഹിക്കു്, നിർബന്ധിക്കു്, സമ്മതിക്കു്.

## VOCABULARY

| | | | |
|---|---|---|---|
| അമ്മാവൻ | 'uncle' | നേരെ | 'directly' |
| പല്ലുതേയ്ക്കു് | 'to brush the teeth' | | |
| ട്രെയിൻ | 'train' | സ്റ്റേഷൻ | 'station' |
| ഹാജർ | 'attendance' | സാമാനം | 'luggage' |
| പരീക്ഷ | 'examination' | റാങ്കു് | 'rank' |
| റിസൽറ്റു് | 'result' | ഊഹിക്കു് | 'to guess' |
| തീർച്ചയായും | 'certainly' | ആശ | 'desire' |
| നിരാശപ്പെടു് | 'to be disappointed' | | |
| പരമാവധി | 'maximum' | | |
| പിന്നാലെ | 'behind' | നടക്കൽ | 'walking' |
| ഉണ്ടാകു് | 'to be available, to come to existence' | | |
| വാലാട്ടിനടക്കു് | 'to go behind somebody wagging the tail' | | |
| വാൽ | 'tail' | | |
| ആട്ടു് | 'to swing' | പ്രയത്നം | 'effort' |
| നേടു് | 'to achieve' | മന:സ്സാക്ഷി | 'conscience' |
| വിപരീതം | 'opposite' | അമ്മാവി | 'aunty' |
| അകത്തു് | 'inside' | ആസ്ത്മ | 'asthma' |
| അസുഖം | 'illness, disease' | | |
| തുടരു് | 'to continue' | വിശ്വാസം | 'faith' |
| നാട്ടുവൈദ്യൻ | 'doctor practising indigenous medicine' | | |
| പണ്ടു് | 'in the beginning, very olden days' | | |

## NOTES

12.50.1. In 9.36.2 you have noted that by the addition of -ഏ and -ഊ in the appropriate places some sort of emphatic cum restrictive constructions are formed such as

അവനേ വരൂ. He alone will come.

In this lesson you find that this meaning of emphasis cum restriction is used with verbs in the present and past tenses also.

12.50.2. To indicate the emphasis cum restriction in the present and past, ഉള്ളൂ, a variant form of ഉണ്ട്, is added to the present and past tense verb forms and -ഏ is suffixed to any one of the words in the sentence as the case may be.

| | |
|---|---|
| അവൻ ഇന്നലെയേ വന്നുള്ളൂ. | He came only yesterday. |
| അവനേ ഇന്നലെ വന്നുള്ളൂ. | Only he came yesterday. |
| അവൻ ഇപ്പോഴേ വരുന്നുള്ളൂ. | He comes only now. |
| അവനേ ഇപ്പോൾ വരുന്നുള്ളൂ. | He alone comes now. |

12.50.3. In future tense when the emphatic -ഏ is with any word other than the verb in the sentence, then the verb form could be in any of the three different manifestations given below.

അവനേ വരുകയുള്ളൂ.
അവനേ വരുള്ളൂ.
അവനേ വരൂ.
} He alone will come.

12.50.4. But when emphatic -ഏ is to be suffixed to the verb, it will be in the following fashion.

| | |
|---|---|
| അവൻ വരുകയേയുള്ളൂ. | He will just come. |
| ലത പാടുകയേയുള്ളൂ. | Latha will just sing. |
| അമ്മാവൻ പണം തരുകയേയുള്ളൂ. | Uncle will just give the money. |

12.50.5. In —ഏ....ഉള്ളു usage interrogative sentences are formed by the addition of —ഓ and അല്ലേ respectively for affirmative and negative.

നീയേ വരുന്നുള്ളോ?

Are you the only person coming?

നീ വരുന്നേയുള്ളോ?

Are you just coming?

കുട്ടികളല്ലേ കരയുന്നുള്ളു?

Aren't only the children crying?

കുട്ടികൾ കരയുന്നല്ലേയുള്ളു?

Aren't children just crying?

12.50.6. Note the idiomatic usage (പുറകേ) വാലാട്ടി നടക്ക് 'to go behind somebody wagging the tail.'

## UNIT 12

## LESSON 51

# ജോലി പ്രശ്നം

## CONVERSATION

| | | |
|---|---|---|
| രമണി: | എന്തോ വലിയ ആലോചനയിൽ മുഴുകി ഇരിക്കുന്നല്ലോ. എന്താണാ കടലാസു കഷ്ണം? വല്ല പ്രേമലേഖനവുമാണോ? | You seem to be immersed in some deep thought. What is that piece of paper? Is it some love letter? |
| ശാന്ത: | അതെ, അതെ. വായിച്ചു നോക്കൂ. റബ്ബർ ബോർഡിൽനിന്നാണ്. ഈ ഇരുപത്തെട്ടാം തീയതി പതിനൊന്നു മണിക്ക് സർട്ടിഫിക്കറ്റുകൾ സഹിതം അവിടെ ഹാജരാകണം പോലും. | Yes. You read and see. It is from the Rubber Board. It seems I should go there with the certificates at 11 a.m. on 28th of this month. |

| | | |
|---|---|---|
| രമണി: | അതൊരു നല്ല കാര്യമല്ലേ? അതിനിത്ര വലിയ ആലോചനയൊക്കെ വേണോ? ഇരുപത്തെട്ടാം തീയതി രാവിലെ എണീററു് കുളിച്ചു തൊഴുതു് അച്ഛനേയും കൂട്ടി കോട്ടയത്തേക്കു തിരിക്കണം. | Isn't it a good thing? Why should you have to think so much? On 28th you should get up early morning, bathe, pray and then start for Kottayam with your father. |
| ശാന്ത: | രമണിച്ചേച്ചി എന്തെളുപ്പത്തിൽ പരിപാടി നിശ്ചയിച്ചു കളഞ്ഞു! ഇൻറർവ്യൂവിനു പോയിപ്പോയി ഞാൻ മടുത്തു കഴിഞ്ഞു. ഇതു് ഒൻപതാമത്തെ ഇൻറർവ്യൂവാണു്. എനിക്കു് വയ്യ. | How soon you have decided the programme! I am fed up with going for these interviews. This is the ninth interview. I can't go for any more interviews. |
| രമണി: | അങ്ങനെ പറഞ്ഞു് ഇതിനു പോകാതെയിരിക്കാൻപററുമോ? ശ്രമിച്ചു നോക്കണം. അത്ര വേഗം നിരാശപ്പെട്ടു കൂട. അന്നേ ഞാൻ നിനക്കു് എൻെറ കഥയൊക്കെ പറഞ്ഞു തന്നില്ലേ? | Telling that can you remain without going for this? You should try. Don't be disheartened so soon? Didn't I tell you my story that day itself? |
| ശാന്ത: | കിടപ്പാടംവരെ വിററു് അച്ഛൻ എന്നെ പഠിപ്പിച്ചു. ഇനിയും താഴെ മൂന്നു പേരില്ലേ? അവർക്കും ജീവിക്കണ്ടേ? എല്ലാവരുടേയും പ്രതീക്ഷ എന്നിലാണു്. | Selling even the house my father educated me. Aren't there still three more after me? Shouldn't they also live? Everybody's hopes are on me. |
| രമണി: | അതൊക്കെ ശരി ശാന്തേ? പക്ഷെ, ജോലി കിട്ടാതെ നീ എന്തു ചെയ്യും? പതിനെട്ടു് ഇൻറർവ്യൂവിനു പോയി, അതിലേറെ | That is all O.K., Santha. But without a job what will you |

| | | |
|---|---|---|
| | ടെസ്ററുകൾ എഴുതിയിട്ടും ജോലി കിട്ടാതെ പത്തൊമ്പതാമത്തെ ഇൻറർവ്യൂവിനും എനിക്കു പോകേണ്ടി വന്നില്ലേ? അപ്പോഴേ എൻെറ ഭാഗ്യവും തെളിഞ്ഞുള്ളൂ. നിനക്കിതു് ഒൻപതാമത്തെ ഇൻറർവ്യൂ മാത്രമല്ലേ? | do? After attending eighteen interviews and writing more number of tests didn't I have to go for the nineteenth interview also? Only then my luck was also clear. For you, isn't this just the ninth interview? |
| ശാന്ത: | അതു പോരേ? അതോ ഞാനും ചേച്ചിയെപ്പോലെ പത്തൊൻപതിൻറർവ്യൂവിനു പോണോ? | Isn't it enough? Or should I also go for 19 interviews as you did. |
| രമണി: | എന്നു ഞാൻ പറയുമോ? നീ എന്നെക്കാൾ ഭാഗ്യവതിയാണു്. അതുകൊണ്ടു് നിനക്കു വേഗം ജോലി കിട്ടും. | Will I tell like that? You are luckier than me. So you will get a job soon. |
| ശാന്ത: | കഴിഞ്ഞ തവണ തിരുവനന്തപുരത്തു പോകാൻ അമ്മേടെ താലിമിന്നു പോലും വിററു. ഓരോ ഇൻറർവ്യൂവിനും ഓരോന്നു വിൽക്കും. നാലു വർഷമായി ഈ പതിവു നടന്നു വരുന്നു. ഇനി കുറെ മനുഷ്യരല്ലാതെ ഇവിടെ ഒന്നുമില്ല വിൽക്കാൻ. | Last time we sold even my mother's marriage chain to go to Trivandrum. For every interview we sell something. For the past four years this has been the practice. Now, other than a few human beings there is nothing to sell here. |
| രമണി: | വെറുതെ ഇങ്ങനെ പുലമ്പിയിട്ടു പ്രയോജനമൊന്നുമില്ല. എല്ലാ വീട്ടിലും മൂത്ത കുട്ടികൾക്കു് കുറച്ചു കൂടുതൽ ചുമതല കാണും. നമ്മൾ അതു സഹിച്ചേ തീരൂ. നമ്മുടെ നാട്ടിൻെറ | There is no use in telling like this. In every house elder children will have |

| | | |
|---|---|---|
| | സ്ഥിതിയൊക്കെ മെച്ചപ്പെട്ടു വരുന്നല്ലേയുള്ളൂ ? കുറെ വർഷങ്ങൾ കഴിഞ്ഞ് എല്ലാം ശരിയാകും. ഇത്ര പ്രയാസം കാണില്ല അപ്പോൾ. | more responsibilities. We have to tolerate that. Isn't the state of affairs of our country improving? After some years everything will be alright. Then it won't be so difficult. |
| ശാന്ത: | അതു ചേച്ചിയുടെ തോന്നലാണ്. എൻെറ അഭിപ്രായത്തിൽ നമ്മുടെ നാട്ടിലെ അഴിമതിയും, കൈക്കൂലിയുമെല്ലാം വർദ്ധിച്ചു വരുകയേ ഉള്ളൂ. ഒരു കാലത്തും അതിനൊരു മാററം ഉണ്ടാകാൻ പോകുന്നില്ല. | That is your feeling. In my opinion the corruption and bribery in our country will only increase. No change is going to take place. |
| രമണി: | ആലോചിക്കാതെ എന്തെങ്കിലും പറഞ്ഞു വിടും. ഈ സ്വഭാവം ഒന്നു നിർത്തിക്കൂടേ? ഇളയ പിള്ളേർക്ക് നല്ല വഴി കാണിച്ചു കൊടുക്കാൻ നീയല്ലേ ഉള്ളൂ? നമ്മുടെ കഴിവനുസരിച്ചു ശ്രമിച്ചു നോക്കണം. ബാക്കി എല്ലാം ദൈവത്തിനു വിട്ടു. അദ്ദേഹം നമ്മെ സഹായിക്കാതിരിക്കില്ല. | You will tell something without thinking. Can't you stop this nature? Aren't you the person to guide your youngsters? We should try our best. You leave the rest to God. He will certainly help us. |

## VOCABULARY

| | | | |
|---|---|---|---|
| ആലോചന | 'thought' | കടലാസ് | 'paper' |
| മുഴുക് | 'to be immersed' | കഷ്ണം | 'piece' |
| പ്രേമലേഖനം | 'love letter' | റബ്ബർബോർഡ് | 'Rubber Board' |
| സഹിതം | 'along with' | ഹാജരാക് | 'to be present' |
| തൊഴ് | 'to salute with folded hands' | | |
| നിശ്ചയിക്ക് | 'to decide' | ഇൻറർവ്യൂ | 'interview' |
| മടുക്ക് | 'to get bored' | നിരാശപ്പെട് | 'to be frustrated' |
| കിടപ്പാടം | 'shelter' | പ്രതീക്ഷ | 'expectation' |
| ടെസ്റ്റ് | 'test' | വർദ്ധിക്ക് | 'to increase' |
| താലിമിന്ന് | 'the marriage badge made out of gold' | | |
| ചുമതല | 'responsibility' | അഴിമതി | 'corruption' |
| കൈക്കൂലി | 'bribe' | | |

## EXERCISES

Ia. Split the following.

1. മുഴുകിയിരുന്നുവല്ലോ
2. ആലോചനയൊക്കെ
3. രമണിച്ചേച്ചി
4. കഥയൊക്കെ
5. പകൽക്കിനാവു്
6. റബ്ബർത്തൊഴിലാളി
7. നടന്നതാണെന്നു്
8. മലയാളിപ്പെണ്ണു്
9. എല്ലാരുടേം
10. കയറിയിറങ്ങി

b. Combine the following.

1. അതിനു് + ഇത്ര + ഒക്കെ
2. എഴുതി + കളഞ്ഞു.
3. ഒളിച്ചു് + ഓടി
4. അനങ്ങാതെ + ഇരിക്കണം
5. മനുഷ്യർ + അല്ലാതെ
6. പുലമ്പി + ഇട്ടു്
7. ഉറങ്ങി + കൊണ്ടു് + ഇരുന്നു + കൊള്ളട്ടെ
8. കാര്യങ്ങളെ + പററി
9. തൊഴിൽ + തർക്കം
10. ഓരോ + ഒന്നു് + ആയി

II. Fill in the blanks using the appropriate forms of the words given.

1. നിന്നോടു ചോദിക്കാതെ അവർ നിന്റെ കല്യാണം നിശ്ചയിച്ചു —— ? (കളയു്)
2. രഘു മനസ്സിൽ ഒരു പെൺകുട്ടിയെകണ്ടു ——. (വയ്ക്കു്)
3. വീടു വിട്ടു —— ഉടമസ്ഥൻ വാടകക്കാരനോടു പറഞ്ഞു. (കൊടുക്കു്)
4. ആറു മണിക്കെങ്കിലും നീ അവിടെ —— തീരൂ. (എത്തു്)
5. അറിയാതെ പറഞ്ഞു —— ; നീ ക്ഷമിക്കു്. (പോകു്)
6. എല്ലാവരും —— കഴിഞ്ഞു. (ഉണ്ണു്)
7. അവൾ ഒട്ടും ആലോചിക്കാതെ കാര്യങ്ങൾ എഴുതി ——. (വിടു്)

III Respond to the following questions and statements using any one of the auxiliary verbs തരു്, കൊടുക്കു്, വിടു്, കളയു്, വയ്ക്കു്, കൊള്ളു്, നോക്കു്, പോകു്, വരു്, and തീരു് in the proper context.

1. നീ അയാളോടു പറഞ്ഞോ?
2. നീ എന്തിനു താമസിച്ചു വന്നു?
3. നിങ്ങൾ തമ്മിൽ പണ്ടേ അറിയാമോ?
4. എനിക്കിന്നവിടെ പോകണം.
5. അമ്മാ, സരളച്ചേച്ചി എനിക്കു് ഒന്നും പറഞ്ഞു തരുന്നില്ല.
6. രാധേ, ഇന്നു നീയും പ്രസംഗിക്കണം.
7. ക്ഷമിക്കു. എനിക്കിത്രയും കഴിക്കാൻ പററില്ല.

IV Without changing the meaning rewrite the sentences removing തീരൂ/ പററൂ forms.

1. മന്ത്രിയെ കണ്ടു പറഞ്ഞു നോക്കിയേ തീരൂ.
2. ഇപ്രാവശ്യമെങ്കിലും നീ ജയിച്ചേ തീരൂ.
3. മൂത്തവരെ ബഹുമാനിച്ചേ പററൂ.
4. ഇത്ര വലിയ വീട്ടിനു മുന്നൂറു രൂപയെങ്കിലും വാടക കൊടുത്തേ പററൂ.
5. എങ്ങനെയെങ്കിലും അച്ഛനെക്കൊണ്ടു സമ്മതിപ്പിച്ചേ തീരൂ.
6. ജോസഫിനെയെങ്കിലും വിളിച്ചേ പററൂ.
7. കാര്യം കാണാൻ എല്ലാവരുടെ മുൻപിലും വീണേ പററൂ.

V Rewrite the following sentences using the emphatic –ഏ……ഉള്ളു forms in the appropriate places.

1. അച്ഛൻ പതിനെട്ടാം തീയതി ഇവിടെ എത്തും.
2. ഗ്രാമസേവകൻ എല്ലാ ജോലിയും ചെയ്യു.
3. അവർ കവിത എഴുതുന്നു.
4. അദ്ദേഹം രാത്രി ചപ്പാത്തി തിന്നുന്നോ?
5. നേതാവിന്റെ വാക്കു് എല്ലാവരും അനുസരിക്കും.
6. അയാൾ വിഷം കുടിച്ചു. പക്ഷെ മരിച്ചില്ല.
7. പെൺകുട്ടികളെപ്പററി മാത്രം അവർ അന്വേഷിക്കുന്നോ?

**VI** Answer the following with reference to the conversation.

1. ശാന്ത ദു:ഖിച്ചിരിക്കുവാൻ കാരണം എന്ത്?
2. ശാന്തയുടെ അച്ഛനും, അമ്മയും പണക്കാരാണോ?
3. രമണി എങ്ങനെ ശാന്തയെ സ്വന്തം കഥ പറഞ്ഞു സമാധാനിപ്പിച്ചു?
4. നമ്മുടെ നാട്ടിലെ കാര്യങ്ങളെപ്പററി ശാന്തയുടെ അഭിപ്രായം എന്താണ്?
5. ശാന്തയുടെ അച്ഛൻ മകൾക്കുവേണ്ടി എന്തൊക്കെ ചെയ്തു?

**VII** Fill in the dialogue for B and give a suitable title to the whole conversation.

A. ആകെ എത്ര പേരു പരീക്ഷക്കിരുന്നു?

B. ......................................

A. അവരിൽ പത്തുപേരേ ജയിച്ചുള്ളോ?

B. ......................................

A. അത് അധ്യാപകരുടെ കുററം മാത്രമാണോ? കുട്ടികൾക്കും പഠിക്കാൻ ആശ വേണ്ടേ?

B. ......................................

A. സ്കൂളിലൊക്കെ പോകും. പക്ഷെ സമരം ഉണ്ടാക്കാനാണ് അവർക്കു താല്പര്യം. അധ്യാപകന്മാരും അവരെ സഹായിക്കും.

B. ......................................

A. ആരോട്?

B. ......................................

A. അധ്യാപകന്മാരുടെ കഷ്ടകാലം തന്നെ. അവർ അവരുടെ കഴിവു മുഴുവൻ ഉപയോഗിച്ചു നോക്കുന്നു. എന്നിട്ടും ഫലമില്ല. അവരെ പിന്നെ കുററം പറയാമോ?

B. ......................................

A. ഈ സർക്കാർ ആരാ?

B. ......................................

A. നിങ്ങളോട് ചോദിച്ചില്ല. ഞാൻ ഉറക്കെ ചിന്തിച്ചേയുള്ളു.

B. ......................................

A. അവരെ എന്തിനു പേടിക്കണം. എന്തെങ്കിലും എഴുതി വിടണം. നല്ല രണ്ടു വിശദീകരണം അങ്ങ് എഴുതി കൊടുക്കണം. കുട്ടികളുടെ സമര സ്വാതന്ത്ര്യത്തെപ്പററി സർക്കാരിനു പറഞ്ഞു കൊടുക്കണം.

B. ......................................

A. ഫലമില്ലാതെ വരില്ല. എത്രയോ കാലമായി നമ്മുടെ നാട്ടിൽ സമരങ്ങൾ നടന്നു വരുന്നില്ലേ? അതൊക്കെ ഈ വലിയ ഉദ്യോഗസ്ഥന്മാരും അറിയുന്നില്ലേ?

B. ......................................

A. പിന്നെന്താ പക്ഷെ? അവരെ പറഞ്ഞു മനസ്സിലാക്കിപ്പിക്കാൻ ശ്രമിക്കണം. അതേ മാർഗ്ഗമുള്ളു.

UNIT 13

LESSON 52

# പോകണമെങ്കിൽ പൊയ്ക്കോ

## CONVERSATION

| | | |
|---|---|---|
| രാജൻ: | മണി മൂന്നരയായി. വാസു ഇനിയും വന്നില്ലല്ലോ. | It is half past three. Vasu hasn't come yet. |
| ഗോപി: | നിനക്കു സമയം ആയെങ്കിൽ നീ പൊയ്ക്കോ. ഞാനൊറ്റയ്ക്കു നിന്നോളാം. | If it is getting late for you, you go. I shall wait alone. |
| രാജൻ: | നോക്കൂ ചേട്ടാ. കളി തുടങ്ങിക്കഴിഞ്ഞു. എന്തൊരാർപ്പുവിളിയാണ്! ചേട്ടൻ കേൾക്കുന്നില്ലേ? കളിക്കാരൊക്കെ മൈതാനത്തിൽ എത്തിക്കഴിഞ്ഞു. വരൂ നമുക്കു പോകാം. വാസു | You see. The game has started. What a shouting it is! Aren't you hearing? All |

| | | |
|---|---|---|
| | വന്നില്ലെങ്കിൽ, വേണ്ട. അയാൾ വന്നില്ലെങ്കിലും നമുക്കു പൊയ്ക്കൂടേ? | the players have reached the playground. Come, let us go. If Vasu doesn't come, let him not come. Even if he doesn't come, can't we go? |
| ഗോപി: | നിനക്കു പോകണമെങ്കിൽ പൊയ്ക്കോ. ഞാനതു മുൻപേ പറഞ്ഞില്ലേ? വാസു ഇല്ലെങ്കിൽ ഞാനില്ല. | If you want, you go. Didn't I tell you even earlier? I won't come without Vasu. |
| രാജൻ: | ചേട്ടൻ വരുന്നില്ലെങ്കിൽ പിന്നെ ഞാനെങ്ങനെ പോകും? അമ്മ വഴക്കു പറയില്ലേ? ഇതു കൊള്ളാം. വാസു വരില്ലെങ്കിൽ നമുക്കു പന്തുകളി കാണണ്ടേ? | If you don't come, how will I go? Won't mummy scold (me)? This is fine. If Vasu doesn't come, shouldn't we see the football match? |
| ഗോപി: | നിനക്കു കാണാം. പക്ഷെ എന്റെ കൂടെ വന്നു കാണണമെങ്കിൽ കുറച്ചു കാത്തു നിൽക്കണം. ഇപ്പോൾ സമയം മൂന്നര കഴിഞ്ഞ് അഞ്ചുമിനിട്ടല്ലേ ആയുള്ളു? നമുക്കൊരു പത്തു നിമിഷം കൂടെ കാത്തു നിൽക്കാം. | You may see. But if you want to see with me you will have to wait a bit. Only five minutes past since half past three. Is it not so? Let us wait for ten more minutes. |
| രാജൻ: | അപ്പോഴും അവൻ വന്നില്ലെങ്കിലോ? | If he doesn't turn up even then? |
| ഗോപി: | വരും. വരാതിരിക്കില്ല. എനിക്കതു നല്ല ഉറപ്പാണ്. അവൻ ഒരു കാര്യം പറയുന്നെങ്കിൽ അതു പോലെ ചെയ്യും. അവന്റെ കാര്യത്തിൽ എനിക്കു ലവലേശം സംശയമില്ല. | He will certainly come. I am quite sure about it. If he tells something, he will certainly keep that word. I have no doubt regarding him. |

| | | |
|---|---|---|
| രാജൻ: | ഏതെങ്കിലും അത്യാവശ്യം പ്രമാണിച്ച് അവന് ഇന്നു വരാൻ പററിയില്ലെങ്കിലോ? | Due to some urgent thing if he is unable to come today? |
| ഗോപി: | എന്നാൽ ഞാനും കളി കാണാൻ വരില്ല. അവനുണ്ടെങ്കിലേ എനിക്ക് എവിടെയും പോകാൻ രസമുള്ളൂ. അവൻ വന്നില്ലെങ്കിൽ ഞാൻ അവനെ അന്വേഷിച്ചു പോകും. | If that is the case I will not come to see the match. I can enjoy going anywhere only if he is there. If he doesn't come I will go in search of him. |
| രാജൻ: | പക്ഷെ എനിക്കു കളി കണ്ടേ തീരൂ. | But I must see the match. |
| ഗോപി: | നിനക്കു പോകാമല്ലോ. | You may go. |
| രാജൻ: | പക്ഷെ ചേട്ടനില്ലാതെ ഞാൻ തനിച്ചു പോയെങ്കിൽ അമ്മ വഴക്കു പറയില്ലേ? ചേട്ടനാണെങ്കിൽ വാസുവേ വേണ്ടൂ. ഞാൻ വേണ്ടല്ലോ. | But if I go without you, won't mummy scold? On your part you don't need me. You want only Vasu. |
| ഗോപി: | വെറുതെ പരിഭവം പറയണ്ട. നീ പൊയ്ക്കോ. ആര് അമ്മയോട്ട് പറയാൻ പോകുന്നു? ഞാൻ പറയില്ല. നീയും പറയില്ല. | Don't complain. You go. Who is going to tell mummy? Neither will I tell nor you. |
| രാജൻ: | നമ്മൾ പറയുമെങ്കിലേ അമ്മ അറിയുള്ളോ? അതൊന്നുമല്ല. അമ്മ എങ്ങനെയെങ്കിലും അറിയും. നമ്മൾ പറഞ്ഞില്ലെങ്കിലും അമ്മക്ക് വിവരമൊക്കെ കിട്ടും. | Do you think mummy will know only from us? That is not like that. Some how mummy will know. Even if we don't tell she will get the information. |
| ഗോപി: | ശരി. എന്നാൽ വാസു വരട്ടെ. നമുക്കൊരുമിച്ചു പോകാം. | O.K. Then let Vasu come. Let us all go together. |

## DRILLS

### A. Repetition drill

a. 1. നല്ല കുട്ടിയാണെങ്കിൽ മോൻ അതവിടെ വയ്ക്കൂ.
2. അവൻ മിടുക്കനാണെങ്കിൽ അവരുടെ മക്കൾക്ക കൊള്ളാം.
3. നീയല്ലെങ്കിൽ പിന്നെ ആരിതു ചെയ്യും?

b. 1. പണം ഉണ്ടെങ്കിൽ പാവങ്ങളെ സഹായിക്കൂ.
2. സ്വന്തം വീടുണ്ടെങ്കിൽ വാടകവീട്ടിൽ താമസിക്കണോ?
3. സമാധാനവും സന്തോഷവും ഇല്ലെങ്കിൽ പിന്നെ ഈ ജീവിതം എന്തിനു്?

c. 1. അദ്ദേഹം വരുന്നെങ്കിൽ എന്നേയും വിളിക്കൂ.
2. നീ അവിടെ പോകുന്നുണ്ടെങ്കിൽ ഞാനും പോകും.
3. അവൾ കുററം സമ്മതിക്കുന്നില്ലെങ്കിൽ നമ്മൾക്കെന്തു ചെയ്യാൻ കഴിയും?

d. 1. എല്ലാവരും തരുമെങ്കിൽ ഞാനും തരാം.
2. മഴ പെയ്യുമെങ്കിൽ നമ്മൾ നനയും.
3. ബസ്സ് കിട്ടില്ലെങ്കിൽ പിന്നെ എങ്ങനെ പോകും?

e. 1. ആ കഥ അവർ കേട്ടെങ്കിൽ നമുക്കെന്തു്?
2. എല്ലാവരും കണ്ടെങ്കിൽ കാണട്ടെ.
3. അച്ഛൻ അനുവദിച്ചെങ്കിൽ നീ പൊയ്ക്കോ.
4. അവൾ വന്നില്ലെങ്കിൽ വരണ്ട.
5. പണം കിട്ടിയില്ലെങ്കിൽ പിന്നെ സാധനങ്ങൾ എങ്ങനെ വാങ്ങിക്കും?
6. സമയം കിട്ടിയെങ്കിൽ ഞാൻ വരും.

f. 1. നീ എന്റെ അനിയത്തിയാണെങ്കിലും തെററു തെററു തന്നെയല്ലേ?
2. അയാൾ ഡോക്ടർ അല്ലെങ്കിലും മരുന്നുകളെപ്പററി അറിയാം.
3. വിദ്യ ഉണ്ടെങ്കിലും പണം വേണമല്ലോ.
4. അവധി ഇല്ലെങ്കിലും സരള നാട്ടിൽ പോയി.
5. കുഞ്ഞു കരയുന്നെങ്കിലും അമ്മ അതു കേൾക്കുന്നില്ല.
6. അവൾ ഒന്നും ചെയ്യുന്നില്ലെങ്കിലും അദ്ദേഹം വെറുതെ വഴക്കു പറയുന്നു.
7. എന്നും അവൾക്ക വഴക്കു കിട്ടുമെങ്കിലും അവൾ കരയില്ല.
8. അയാൾ കള്ള കുടിക്കില്ലെങ്കിലും സിഗരററു് വലിക്കും.
9. അദ്ദേഹം മരിച്ചെങ്കിലും ആളുകളുടെ ഓർമ്മയിൽ ഇപ്പോഴും ജീവിക്കുന്നു.
10. അവർ പഠിച്ചില്ലെങ്കിലും പരീക്ഷയിൽ ജയിച്ചു.

**B. Build up drill**

**Model**

പെരുമാറുന്നു.

പെരുമാറുന്നു.

അഹങ്കാരം ഇല്ലാതെ.

അഹങ്കാരം ഇല്ലാതെ പെരുമാറുന്നു.

ഒട്ടും.

ഒട്ടും അഹങ്കാരം ഇല്ലാതെ പെരുമാറുന്നു.

പണക്കാരനാണെങ്കിലും.

പണക്കാരനാണെങ്കിലും ഒട്ടും അഹങ്കാരം ഇല്ലാതെ പെരുമാറുന്നു.

അദ്ദേഹം

അദ്ദേഹം പണക്കാരനാണെങ്കിലും ഒട്ടും അഹങ്കാരം ഇല്ലാതെ പെരുമാറുന്നു.

1. കിട്ടി.

ചീത്തപ്പേരു മാത്രം കിട്ടി.

ജോലി ചെയ്തെങ്കിലും ചീത്തപ്പേരു മാത്രം കിട്ടി.

വളരെ നന്നായി ജോലി ചെയ്തെങ്കിലും ചീത്തപ്പേരു മാത്രം കിട്ടി.

2. സമ്മതിക്കില്ല.

അവരും സമ്മതിക്കില്ല.

ഈ കല്യാണത്തിന് അവരും സമ്മതിക്കില്ല.

നിർബ്ബന്ധിക്കുന്നുണ്ടെങ്കിലും ഈ കല്യാണത്തിന് അവരും സമ്മതിക്കില്ല.

എത്രയൊക്കെ നിർബ്ബന്ധിക്കുന്നുണ്ടെങ്കിലും ഈ കല്യാണത്തിന് അവരും സമ്മതിക്കില്ല.

അച്ഛൻ എത്രയൊക്കെ നിർബ്ബന്ധിക്കുന്നുണ്ടെങ്കിലും ഈ കല്യാണത്തിന് അവരും സമ്മതിക്കില്ല.

3. വരുന്നില്ല.

സദ്യയ്ക്ക് വരുന്നില്ല.

ആ സദ്യയ്ക്ക് വരുന്നില്ല.

ഞാൻ ആ സദ്യയ്ക്ക് വരുന്നില്ല.

ആളുകൾ ഉണ്ടെങ്കിൽ ഞാൻ ആ സദ്യയ്ക്ക് വരുന്നില്ല.

ഒരുപാട് ആളുകൾ ഉണ്ടെങ്കിൽ ഞാൻ ആ സദ്യയ്ക്ക് വരുന്നില്ല.

4. അറിയട്ടെ.
അറിഞ്ഞെങ്കിൽ അറിയട്ടെ.
അവർ അറിഞ്ഞെങ്കിൽ അറിയട്ടെ.
ഈ കാര്യം അവർ അറിഞ്ഞെങ്കിൽ അറിയട്ടെ.

5. വന്നു.
എന്തിനു വന്നു?
പിന്നെ എന്തിനു വന്നു?
നീ പിന്നെ എന്തിനു വന്നു?
സുഖമില്ലായിരുന്നെങ്കിൽ നീ പിന്നെ എന്തിനു വന്നു?

## C Combination drill

### Model 1

(a) അച്ഛൻ വരും.
(b) കുട്ടികൾ ചോദിക്കും.
(a+b) അച്ഛൻ വരുമെങ്കിൽ കുട്ടികൾ ചോദിക്കും.

1. സീത പാടുന്നു.
ഞാനും പാടുന്നു.

2. അമ്മ ചിരിക്കും.
കുട്ടിയും ചിരിക്കും.

3. നീ മിടുക്കനാണ്.
നീ അത്രയും ദൂരം നടക്കും.

4. നിങ്ങൾക്ക് സഹോദരിമാർ ഉണ്ട്.
നിങ്ങൾ ഇങ്ങനെ പെരുമാറുമോ?

5. നന്നായി പഠിക്കുന്നു.
പരീക്ഷ ജയിക്കില്ലേ?

6. മീനും, ഇറച്ചിയും വേണം.
ധാരാളം പൈസ കൊടുക്കണം.

### Model 2

(a) അവർ പാട്ടു പാടി.
(b) നിനക്കെന്തു നഷ്ടം.
(a+b) അവർ പാട്ടു പാടിയെങ്കിൽ നിനക്കെന്തു നഷ്ടം?

1. അദ്ദേഹം എന്നെപ്പററി പറഞ്ഞു.
അദ്ദേഹം പറയട്ടെ.

2. എല്ലാവരും എത്തി.
പാഠം തുടങ്ങാം.

3. പശുവിൻെറ കറവ വററി.
അതിനെയങ്ങു വിൽക്കണം.

4. അവൻ വന്നു.
അവൾക്ക് അതിൽ കൂടുതൽ സന്തോഷം വേറെയില്ല.

5. കല്യാണം നിശ്ചയിച്ചു.
പിന്നെ അതു വേഗം നടത്തിക്കൂടേ?

6. അയാൾ കള്ളം കാണിച്ചു.
ദൈവം അയാളെ ശിക്ഷിക്കും.

Model 3

(a) പണം പിരിക്കില്ല.
(b) പിന്നെ സ്കൂൾ എങ്ങനെ നടത്തും?
(a+b) പണം പിരിക്കില്ലെങ്കിൽ പിന്നെ സ്കൂൾ എങ്ങനെ നടത്തും?

1. ആ സംഭവത്തിനു സാക്ഷിയില്ല.
പിന്നെ എന്തിന് നിങ്ങൾ പേടിക്കുന്നു.

2. ഒട്ടും പ്രയത്നിച്ചില്ല.
പിന്നെ ഫലം എങ്ങനെ കിട്ടും?

3. വീട്ടുകാർ സമ്മതിക്കില്ല.
പിന്നെ എങ്ങനെ നിങ്ങൾ അവളെ കല്യാണം കഴിക്കും?

4. തയിരു കിട്ടില്ല.
പിന്നെ മോനെങ്ങനെ ചോറുണ്ണും?

5. നിങ്ങൾ നുണ പറഞ്ഞില്ല.
പിന്നെ എങ്ങനെ ഈ വഴക്ക് ഉണ്ടായി?

6. അച്ഛനമ്മമാർ കുട്ടികളുടെ കാര്യം അന്വേഷിക്കില്ല.
പിന്നെ അവരെങ്ങനെ നന്നായി വളരും?

7. സാധാരണക്കാരുടെ ജീവിതം മനസ്സിലാക്കുന്നില്ല.
പിന്നെ നിങ്ങൾ ഒരു സാഹിത്യകാരനാണോ?

## D. Restatement drill

### Model 1

അമ്മ വിളിക്കുമെങ്കിൽ കുഞ്ഞു പോവും.

അമ്മ വിളിക്കുമെങ്കിലും കുഞ്ഞു പോവില്ല.

1. രണ്ടു മണിക്കൂർ കാത്തു നിൽക്കുമെങ്കിൽ ബസ് കിട്ടും.
2. ചേട്ടൻ അടിച്ചെങ്കിൽ കുഞ്ഞു കരഞ്ഞു.
3. നീ വരുമെങ്കിൽ ഞാൻ വരും.
4. നന്നായി ശ്രമിക്കുന്നെങ്കിൽ ജയിക്കും.
5. വലിയ വീടാണെങ്കിൽ സൗകര്യമുണ്ട്.
6. മീനും ഇറച്ചിയും ഉണ്ടെങ്കിൽ എന്റെ കൂട്ടുകാരൻ ചോറുണ്ണും..

### Model 2

കോഫീ ഹൗസിൽ പോകുമെങ്കിൽ നല്ല കാപ്പി കുടിക്കാനൊക്കും.

കോഫീ ഹൗസിൽ പോകുമെങ്കിലേ നല്ല കാപ്പി കുടിക്കാനൊക്കൂ.

1. പണം ഉണ്ടെങ്കിൽ മന്ത്രിയും വരും.
2. അക്ഷരമറിയാമെങ്കിൽ വായിക്കാൻ പററും.
3. അന്വേഷിച്ചെങ്കിൽ കിട്ടും.
4. നീ വഴക്കു കൂടുമെങ്കിൽ ഞാനും വഴക്കു കൂടും.
5. വേദന അനുഭവിച്ചെങ്കിൽ അന്യരുടെ വേദനയും മനസ്സിലാകും.
6. വെളിയിൽ നോക്കി ഇരുന്നെങ്കിൽ വഴക്കു കിട്ടും.

### Model 3

നീ പറഞ്ഞാൽ ഞാൻ കേറുക്കും.

നീ പറഞ്ഞാൽ ഞാനേ കേറുക്കൂ.

1. ഫോൺ വിളിച്ചെങ്കിൽ ഞാൻ പോകും.
2. പണം ഉണ്ടെങ്കിലും മന്ത്രിക്കു കൊടുക്കും.
3. നിങ്ങൾ ചോദിക്കുന്നെങ്കിൽ ഞാൻ പറയും.
4. അവർ പാടുപെട്ടെങ്കിൽ നിനക്കു സുഖിക്കാൻ പററും.
5. നീയെന്നെ ഇഷ്ടപ്പെട്ടില്ലെങ്കിലും ഞാൻ നിന്നെ ഇഷ്ടപ്പെടും.
6. നല്ല തറവാട്ടുകാരനാണെങ്കിലും അയാൾ ഇങ്ങനെ ചെയ്യും.

## E. Response drill

### Model 1

A. വേഗം വരൂ, നമുക്ക് അവിടെ പോകാം.

B. നീ പോകുന്നെങ്കിൽ പൊയ്ക്കോ, എനിക്കു പോകണ്ട.

1. A. വേഗം തിന്ന്. നമുക്കു കളിക്കാം.
   B. നീ......................എനിക്കു......................
2. A. വേഗം പറ. നമുക്കു നടക്കാം.
   B. നീ......................എനിക്കു......................
3. A. വേഗം തിരിക്ക്, നമുക്കു മന്ത്രിയെ കാണാം.
   B. നീ......................എനിക്കു......................
4. A. വേഗം ഓട്. നമുക്കവനെ ഓടിക്കാം.
   B. നീ......................എനിക്ക്......................
5. A. വേഗം തീർക്ക്. നമുക്കു പാട്ടു കേൾക്കാം.
   B. ......................................
6. A. വേഗം എഴുത്. നമുക്ക് കാപ്പി കുടിക്കാം.
   B. ......................................

### Model 2

A. അയാൾ പണക്കാരനാണ്.

B. അയാൾ പണക്കാരനാണെങ്കിൽ അയാൾക്കു കൊള്ളാം; നമുക്കെന്തു വേണം?

1. A. അവർക്കു വീടും, പുരയിടവും ഉണ്ട്.
   B. ......................................
2. A. അവൾ ഒരു വലിയ സുന്ദരിയാണ്.
   B. ......................................
3. A. ആ വീട്ടിൽ എല്ലാവരും സർക്കാർ ജോലിക്കാരാണ്.
   B. ......................................
4. A. നമ്മുടെ കൂട്ടുകാരെല്ലാം ആ സിനിമ കാണുന്നു.
   B. ......................................
5. A. അവളുടെ കുഞ്ഞ് ഇപ്പോഴേ നടക്കുന്നു.
   B. ......................................
6. A. അവർ ഒരു വലിയ വീടു വാങ്ങുന്നു.
   B. ......................................

## Model 3

അയാൾ നിങ്ങളെപ്പററി ഒരുപാട് ചോദിച്ചു.

ചോദിച്ചെങ്കിൽ ചോദിക്കട്ടെ. പക്ഷെ ഞാൻ ചോദിക്കാൻ പോകുന്നില്ല.

1. A. അദ്ദേഹം നിങ്ങളെ വിളിച്ചു.
   B. ..................................
2. A. അവർ ഡൽഹിയിൽ തങ്ങി.
   B. ..................................
3. A. സരസ അവളുടെ പശുവിനെ വിററു.
   B. ..................................
4. A. അദ്ദേഹം ഇന്നു നേരത്തെ വിദ്യാർഥികളെ വിട്ടു.
   B. ..................................
5. A. എല്ലാവരും മേലധികാരിയെ പുകഴ്ത്തി.
   B. ..................................
6. A. സരളയും കവിത എഴുതി.
   B. ..................................

## Model 4

A. നിങ്ങളുടെ കുട്ടികൾ നന്നായി പഠിക്കുമോ?

B. പഠിക്കും. പഠിക്കുമെങ്കിലും ഒന്നാം സ്ഥാനമൊന്നും കിട്ടില്ല.

1. A. നിങ്ങൾ ആ കാര്യം ഓർമ്മിച്ചോ?
   B. ———. ഓർമ്മിച്ചെങ്കിലും വലിയ ഫലമൊന്നും ഇല്ല.
2. A. നിങ്ങൾ അവനേയും വിളിക്കുന്നുണ്ടോ?
   B ———. ———. അവൻ വരുന്നില്ല.
3. A. നിങ്ങൾ ജോലി തീർത്തോ?
   B ———. ———. പണം കിട്ടിയില്ല.
4. A. ശമ്പളം കിട്ടിയോ?
   B. ———. ———. അതു തികയുന്നില്ല.
5. A. അവൻ ഈ പരീക്ഷയും ജയിക്കുമോ?
   B. ———. ———. അവനൊന്നും അറിയില്ല.
6. A. അയാൾ അവളെ സ്നേഹിച്ചോ?
   B. ———. ———. കല്യാണം കഴിച്ചില്ല.

## EXERCISES

I Fill in the gaps using the correct forms of the given words.

1. ഇക്കാലത്തു് ഭാര്യയ്ക്കും, ഭർത്താവിനും ജോലി ——— സുഖമായി ജീവിക്കാൻ ഒക്കൂ. (ഉണ്ടു്)
2. അവരെ വിളിച്ചു ചോദിച്ചെങ്കിലേ ഉത്തരം ———. (കിട്ടു്)
3. സിഗരററു് ——— പറ. ഞാൻ തരാം. (വേണം)
4. സമയത്തിനു വന്നില്ലെങ്കിൽ ടീച്ചറിന്റെ വഴക്കു ———. (കിട്ടു്)
5. പനി ആണെങ്കിലും അവനു ചോറേ ———. (വേണം)
6. അനുഭവങ്ങൾ ഇല്ലെങ്കിൽ കവിത എഴുതാൻ ———? (പററു്)
7. അവൻ ചെയ്യെങ്കിൽ ———, നിനക്കെന്തു്? (ചെയ്യ്)
8. നിങ്ങൾക്കു വേണമെങ്കിൽ ———, ഞാൻ കുടിക്കുന്നില്ല (കുടിക്ക്)
9. നിങ്ങൾ ആ സംഭവം കണ്ടെങ്കിൽ പിന്നെ സാക്ഷി ——— തീരൂ. (ആകു്)
10. മുറിവു് വലുതായിരുന്നെങ്കിലും രക്തം അധികം ———. (വരു്)

II Fill in the gaps suitably.

1. നീ എത്ര ——— ഞാൻ കേൾക്കില്ല.
2. പത്തു രൂപ ——— തരുമോ?
3. നിനക്കു കളിക്കണമെങ്കിൽ എനിക്കും ———.
4. അമ്മയെ ——— കുഞ്ഞു കരഞ്ഞെങ്കിലും അതു് അമ്മ കേട്ടില്ല.
5. അഞ്ചര ——— അവൻ വന്നില്ലല്ലോ.
6. നേതാവു പ്രസംഗിച്ചെങ്കിൽ ———.
7. ഭാര്യയ്ക്കു് ഒട്ടും സുഖമില്ലായിരുന്നെങ്കിൽ നീ പിന്നെ എന്തിനു് ഇവിടെ ———?
8. അവൻ മിണ്ടിയില്ലെങ്കിൽ നീയും ———.
9. അവൾ നിന്നെ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നെങ്കിൽ നീ അവളെ ———.
10. ഉറക്കെ പറഞ്ഞെങ്കിലേ എനിക്കു ——— പററൂ.

III Rewrite the sentences using –ഏ after conditional എങ്കിൽ and –ഊ with the verbs.

1. അദ്ദേഹത്തിനെ ശല്യപ്പെടുത്തിയെങ്കിൽ കോപിക്കും.
2. പാട്ടു പാടുമെങ്കിൽ സമ്മാനം വാങ്ങും.
3. കള്ളനെ കണ്ടെങ്കിൽ പിടിക്കാൻ പററും.
4. നീ അഭിപ്രായം പറയുന്നെങ്കിൽ ഞാൻ കേൾക്കുന്നു

5. അവരെ വിളിക്കണമെങ്കിൽ പ്രയാസമുണ്ട്.
6. ചോദിച്ചെങ്കിൽ ഉത്തരം പറയും.
7. പണം ഇല്ലെങ്കിൽ പ്രയാസം ഉണ്ട്.
8. മന്ത്രിയെ കണ്ടെങ്കിൽ സ്ഥലം മാററം കിട്ടും.
9. മീൻ വറത്തെങ്കിൽ ചോറു വിളമ്പും.
10. പാലു കാച്ചിയെങ്കിൽ കുടിക്കും.

IV Rewrite the sentences adding –ഉം to the conditional എങ്കിൽ, and ഇല്ല to the main verb.

1. പരീക്ഷ നന്നായി എഴുതുമെങ്കിൽ സമ്മാനം കിട്ടും.
2. പല പ്രാവശ്യം ഓർമ്മിപ്പിക്കുമെങ്കിൽ അച്ഛൻ എല്ലാം കൊണ്ടുവരും.
3. വേദനിച്ചെങ്കിൽ കുഞ്ഞു കരഞ്ഞു.
4. ഇംഗ്ളീഷ് അറിയാമെങ്കിൽ സംസാരിക്കട്ടെ.
5. വലിയ ഹോട്ടലുകൾ ഉണ്ടെങ്കിൽ അവിടെ താമസിക്കണം.
6. ചെറിയ വീടാണെങ്കിൽ വാടക കുറവാണ്.
7. കള്ളക്കടത്തുണ്ടെങ്കിൽ അയാൾക്കു രാഷ്ട്രീയവും ഉണ്ട്.
8. സിനിമാ താരങ്ങൾ വരുമെങ്കിൽ ഇവിടെ ആൾക്കൂട്ടമാകും.
9. കുഴി വെട്ടിയെങ്കിൽ തൈകൾ നടട്ടെ.
10. ചോറുവച്ചെങ്കിൽ വിളമ്പട്ടെ.

V Combine the given pairs of sentences using conditional എങ്കിൽ.

1. അദ്ദേഹം മരിക്കും.
   അവളും മരിക്കും.
2. അയാൾ വിളിച്ചില്ല.
   അയാളേയും വിളിക്കണ്ട.
3. പരീക്ഷ എഴുതി.
   പരീക്ഷ ജയിക്കും.
4. സ്വപ്നം കണ്ട് ഇരിക്കും.
   സമയം പോകും.
5. ഒന്നും ഓർമ്മിക്കില്ല.
   എല്ലാം തെററിപ്പോവും.
6. അവർ നമ്മളെ പേടിപ്പിക്കും.
   നമുക്ക് അവരെ ഓടിക്കാം.

7. പേന ഉപയോഗിക്കും.
   അക്ഷരം നന്നായി തെളിയും.

8. പണം ഉണ്ട്.
   എല്ലാവരും വരും.

9. നീ എന്റെ അനിയനാണ്.
   നീ ഇതു ചെയ്യണം.

10. നിനക്കു പണം വേണം.
    ഈ ജോലി ചെയ്യ്.

## VI Respond to the following questions and statements using conditional എങ്കിൽ and concessive എങ്കിലും appropriately.

1. നിനക്കു ഹോട്ടൽ കാമധേനു അറിയാമോ?
2. എന്റെ ചേട്ടന്റെ ഭാര്യയുടെ അച്ഛൻ ഒരു ഡോക്ടറാണ്.
3. സമയമായി. വേഗം നടക്കണം. നമുക്കവിടെ പോകണ്ടേ?
4. മക്കളൊക്കെ പരീക്ഷ ജയിച്ചോ?
5. അദ്ദേഹം ഒരു വലിയ വീടുവച്ചു.
6. മറ്റെന്നാൾ ഞാൻ കാശ്മീരിൽ പോകും.
7. നിനക്കു താജ്മഹൽ കാണണോ?
8. ഞാൻ പോട്ടോ. നമുക്കു പിന്നെ സംസാരിക്കാം.
9. നമ്മുടെ പുതിയ ഓഫീസറും എറണാകുളത്തുകാരനാണോ?
10. എനിക്കു നിങ്ങളുടെ നാട്ടുമരുന്നൊന്നും വേണ്ട.

## VII Fill up the incomplete dialogues.

A. ഒന്നു പതുക്കെ പറയെന്റെ മധൂ.
   അവരൊക്കെ കേട്ടു.

B. ......................................

A. അവനോടു പോയി പറഞ്ഞെങ്കിലോ?

B. ......................................

A. അവൻ വലിയ അക്രമിയാണ്. അതു നിനക്കറിഞ്ഞുകൂടേ?

B. ......................................

A. പേടിയുടെ കാര്യമല്ല. പേടിയുണ്ടെങ്കിൽത്തന്നെ നിനക്കെന്തു ചെയ്യാൻ കഴിയും?

B. ......................................

A. അവൻ നമ്മളോടു വഴക്കുകൂടാൻ വരും.

B. ........................................

A. എന്തുകാണിച്ചു കൊടുക്കാനാണു്? എന്തോ എനിക്കങ്ങനെ വഴക്കു കൂടാൻ ഇഷ്ടമില്ല. നമുക്കു സമാധാനമായി സംസാരിച്ചുകൂടേ?

B. ........................................

A. നീയില്ലെങ്കിൽ പിന്നെ ഞാനും ഇല്ല. ഇതു് എന്റെ സ്വന്തം കാര്യത്തിനു വേണ്ടിയല്ല.

B. ........................................

A. നിന്റേതും അല്ല. നമ്മുടെ കോളേജിന്റെ അഭിമാനമാണു് പ്രശ്നം.

B. ........................................

A. ഞാൻ ഉപദേശിക്കുന്നില്ല. നിനക്കു്ഇഷ്ടം പോലെ പെരുമാറാൻ സ്വാതന്ത്ര്യം ഉണ്ടു്. ഞാൻ നിന്നെ ഇനി ഉപദ്രവിക്കില്ല.

B. ........................................

A. ഞാൻ പിണങ്ങിയെങ്കിൽ നിനക്കെന്തു നഷ്ടം?
നീ എപ്പോഴെങ്കിലും എന്റെ വാക്കു കേൾക്കുമോ?

B. ........................................

A. കാര്യം സാധിക്കണമെങ്കിൽ വെപ്രാളപ്പെട്ടേ തീരുകയുള്ളോ? അതെന്തിനു്?

B. ........................................

A. എന്തോ ഞാനങ്ങനെ കരുതുന്നില്ല.

## VOCABULARY

| | | | |
|---|---|---|---|
| ഒറ്റയ്ക്കു് | 'single', 'alone' | ആർപ്പുവിളി | 'shouting' |
| കളിക്കാർ | 'players' | മൈതാനം | 'play ground' |
| മുൻപേ | 'earlier' | കാത്തുനിൽക്കു് | 'to wait' |
| ഉറപ്പു് | 'firmness' | ലവലേശം | 'even a bit' |
| സംശയം | 'doubt' | അത്യാവശ്യം | 'urgency' |
| പ്രമാണിച്ചു് | 'in connection with' | രസം | 'fun' |
| നിമിഷം | 'moment' | | |
| പരിഭവം | 'complaint with feelings' | | |
| വിവരം | 'news' | | |

## NOTES

13.52.1. Conditional and concessive constructions are introduced in this lesson. Conditional sentences include a condition for the action of the main verb. Concessive constructions imply that such and such a thing will or will not happen in spite of the condition.

(a) നിനക്കു സമയം ആയെങ്കിൽ നീ പൊയ്ക്കോ.
If it is time for you, you go.

(b) അയാൾ വന്നില്ലെങ്കിലും നമുക്കു പൊയ്ക്കൂടേ?
Even if he doesn't come, can't we go?

13.52.2. Conditional sentence is formed by adding the word എങ്കിൽ 'if' to the verb of the subordinate clause.

(a) കൊച്ചു കുട്ടിയാണെങ്കിൽ ടിക്കററു വേണ്ട.
No ticket needed if it is a child.

(b) പണം ഉണ്ടെങ്കിൽ താ.
If you have money, give.

(c) നീ പോകുന്നെങ്കിൽ ഞാനും പോകുന്നു.
If you go, I too will go.

(d) അമ്മ ചിരിക്കുമെങ്കിൽ കുട്ടിയും ചിരിക്കും.
If the mother smiles, baby too will smile.

(e) അവർ അറിഞ്ഞെങ്കിൽ അറിയട്ടെ.
If they knew, let them know.

(f) നമ്മൾ പഠിക്കുന്നില്ലെങ്കിൽ തോൽക്കും.
If we don't study, we will fail.

13.52.3. It may be noted that when എങ്കിൽ is added after the past verb the main verb can be in any tense.

(a) പഠിച്ചെങ്കിൽ പഠിക്കട്ടെ.
If (he') studied, let him study.

(b) കുററം ചെയ്തെങ്കിൽ ശിക്ഷയും കിട്ടി.
If (you) committed a crime, (you) got the punishment also.

(c) അവൻ എന്നെ വിളിച്ചെങ്കിലും ഞാൻ പോകുന്നില്ല.
Even though he called me I am not going.

13.52.4. Concessive constructions are formed by the addition of -ഉം after the conditional verb.

(a) അവർ വഴക്കുപറഞ്ഞാലും ഞാൻ പോകും.
Even if they scold me I will go.

(b) നീ വന്നാലും ഞാൻ വരില്ല.
Even if you come I will not come.

(c) നീ വന്നില്ലെങ്കിലും ഞാൻ വരും.
Even if you don't come I will come.

# UNIT 13

## LESSON 53

## മഴ പെയ്താൽ പെയ്യട്ടെ

### CONVERSATION

| | | |
|---|---|---|
| മകൻ: | ഞാൻ കളിക്കാൻ പോട്ടെ അമ്മാ? | Mummy, can I go to play? |
| അമ്മ: | വേണ്ട. ഇന്നു നീ വെളിയിലെങ്ങും പോണ്ട. ആകാശത്തോട്ടു നോക്ക്. ആ കാർമേഘമൊന്നും നിനക്ക് കണ്ടുകൂടേ? | No. Today you need not go out. You look at the sky. Can't you see those dark clouds? It may rain heavily today. |
| മകൻ: | മഴ പെയ്താൽ പെയ്യട്ടെ. മഴയത്തു കളിക്കാനാണു കൂടുതൽ രസം. | If it rains let it be. It is more interesting to play in the rain. |

| | | |
|---|---|---|
| അമ്മ: | രസമൊക്കെ ശരി. പക്ഷെ മഴ നനഞ്ഞാൽ പനി വരില്ലേ? | Fun is alright. But if you get drenched in the rain won't you get fever? |
| മകൻ: | പനി വന്നാലെന്താ? | What will happen if I get fever? |
| അമ്മ: | അതു നല്ല ചോദ്യം. നിനക്കു പനിവന്നാൽ അതു് എളുപ്പം മാറിക്കിട്ടുമോ? കുറെ നാളം കിടക്കേണ്ടി വരില്ലേ? പിന്നെ സ്കൂളിൽ പോകാനും പററില്ല. | That is a good question. If you get fever will it go so soon? Won't you have to be on bed for some time? Then you will not even be able to go to school. |
| മകൻ: | സ്കൂളിൽ പോകാതെ ഇരുന്നാൽ എനിക്കു സങ്കടമൊന്നുമില്ല. നേരെമറിച്ച് എനിക്കതു വളരെ സന്തോഷമാവും. | I won't be sad if I don't go to school. On the other hand I will be very happy. |
| അമ്മ: | അതെന്താ? | Why is it so? |
| മകൻ: | സ്കൂളിൽ പോകാതെ ഇരുന്നാൽ ആ മുഷിപ്പൻ കണക്കു ക്ലാസിൽ പോകാതെ കഴിക്കാം. | If I don't go to school I can escape that boring Mathematics class. |
| അമ്മ: | ക്ലാസിൽ പോകാതെ ഇരുന്നാൽ പിന്നെ പുതിയ കണക്കൊക്കെ എങ്ങനെ മനസ്സിലാവും? | If you don't go to School how will you understand the new sums in Mathematics? |
| മകൻ: | മനസ്സിലാകാതെ ഇരുന്നാലും എനിക്കൊന്നുമില്ല. | Even if I don't understand it doesn't matter. |
| അമ്മ: | അതു കൊള്ളാം. കണക്കുകളൊന്നും മനസ്സിലാക്കാതെ ഇരുന്നാൽ പരീക്ഷയിൽ നീ എന്തെടുക്കും? കണക്കിനു ജയിക്കാതെ ഇരുന്നാൽ നീ ഇക്കൊല്ലം ജയിക്കുമോ? | That is fine. If you don't understand the sums what will you do in the exams? If you don't pass in Mathematics will you pass this year? |

| | | |
|---|---|---|
| മകൻ: | ഇല്ല. ഒരു വിഷയത്തിനു തോററാലും തോൽക്കും. | No. Even if I fail only in one subject I will fail (in the examination). |
| അമ്മ: | പരീക്ഷയിൽ തോററാൽ അച്ഛൻ നിന്നെ വെറുതെ വിടുമോ? | If you fail in the examination will your father leave you free? |
| മകൻ: | അച്ഛൻെറ കാര്യം എന്തിനു കൊണ്ടുവരുന്നു? പരീക്ഷയിൽ തോററാൽ എനിക്കുതന്നെ കുറച്ചിലാവില്ലേ? | Why are you bringing father's case here? If I fail in the examination won't it be a disgrace to me? |
| അമ്മ: | ഇതൊക്കെ അറിയാമെങ്കിലും നീ ഇത്തരം ചോദ്യങ്ങളും ചോദിക്കുന്നല്ലോ. | Even though you know these things you are asking me these types of questions. |
| മകൻ: | ഞാൻ തമാശയ്ക്കു ചോദിച്ചു. അത്രേ ഉള്ളൂ. അമ്മ തന്നെ ഒന്നു് ആലോചിച്ചു നോക്കു. പരീക്ഷയിൽ തോററാൽ ആരെങ്കിലും സങ്കടപ്പെടാതെ ഇരിക്കുമോ? | I just asked for fun. That is all. Mummy, you think it over yourself. Will there be anybody who will not feel sorry if he fails in the examination? |
| അമ്മ: | സാധാരണക്കാർ സങ്കടപ്പെടും. പക്ഷെ നിൻെറ കാര്യം എനിക്കു് ഊഹിക്കാൻ വയ്യ. പരീക്ഷയിൽ തോററാലും നിനക്കൊന്നും തോന്നാതെ ഇരുന്നേയ്ക്കും. നിൻെറ തൊലിക്കട്ടി കുറച്ചു കൂടുതലും തന്നെയല്ലേ? | Ordinary people will be sorry, But I can't guess about your feelings. Even if you fail in the examination you may not feel any thing. Isn't your skin a bit thick? |

## DRILLS

A. Repetition drill

1. മഴ പെയ്താൽ നല്ല രസമാണു്.
2. മഴ പെയ്താൽ പെയ്യട്ടെ.

3. മഴ പെയ്താൽ നമ്മളം നനയും.
4. മഴ പെയ്താൽ നമ്മളം നനയില്ലേ?
5. മഴ പെയ്താലും നമ്മളം നനയില്ലല്ലോ.

b. 1. മഴ പെയ്യാതെ ഇരുന്നാൽ വളരെ പ്രയാസമായിരിക്കും.
2. മഴ പെയ്യാതെ ഇരുന്നാൽ നമ്മളം നനയില്ല.
3. മഴ പെയ്യാതെ ഇരുന്നാൽ നമ്മളക്കു കൃഷി ചെയ്യാൻ ഒക്കുമോ?
4. മഴ പെയ്യാതെ ഇരുന്നാലും നമുക്കു വെള്ളം കിട്ടില്ലേ?

c. 1. പഠിച്ചാൽ നീ ജയിക്കും.
2. പഠിക്കാതെ ഇരുന്നാൽ നീ ജയിക്കില്ല.
3. പഠിക്കാതെ ഇരുന്നാൽ നീ തോൽക്കും.
4. പഠിക്കാതെ ഇരുന്നാലും ജയിക്കുമോ?
5. പഠിക്കാതെ ഇരുന്നാലും ജയിക്കില്ലേ?
6. പഠിക്കാതെ ഇരുന്നാലും ചിലപ്പോഠം ജയിക്കും.

## B. Build up drill

Model

ചിരിക്കും.
ചിരിക്കും.
കുഞ്ഞ്
കുഞ്ഞ് ചിരിക്കും.
കണ്ടാൽ
കണ്ടാൽ കുഞ്ഞ് ചിരിക്കും.
അമ്മയെ
അമ്മയെ കണ്ടാൽ കുഞ്ഞ് ചിരിക്കും.

1. സംസാരിക്കില്ല.
നിങ്ങളോടു സംസാരിക്കില്ല.
ഇനി നിങ്ങളോടു സംസാരിക്കില്ല.
അവളിനി നിങ്ങളോടു സംസാരിക്കില്ല.
വഴക്കു പറഞ്ഞാൽ അവളിനി നിങ്ങളോടു സംസാരിക്കില്ല.
ഇങ്ങനെ വഴക്കുപറഞ്ഞാൽ അവളിനി നിങ്ങളോടു സംസാരിക്കില്ല.

2. ഇരിക്കാം.
മിണ്ടാതെ ഇരിക്കാം.
ഞാനും മിണ്ടാതെ ഇരിക്കാം.
മിണ്ടാതെ ഇരുന്നാൽ ഞാനും മിണ്ടാതെ ഇരിക്കാം.
നീ മിണ്ടാതെ ഇരുന്നാൽ ഞാനും മിണ്ടാതെ ഇരിക്കാം.

3. കേറംക്കില്ലേ?

കുട്ടി കേറംക്കില്ലേ?

പറഞ്ഞാലും കുട്ടി കേറംക്കില്ലേ?

അമ്മ പറഞ്ഞാലും കുട്ടി കേറംക്കില്ലേ?

4. വരില്ല

അദ്ദേഹം വരില്ല

എത്ര നിർബ്ബന്ധിച്ചാലും അദ്ദേഹം വരില്ല.

നിങ്ങറം എത്ര നിർബ്ബന്ധിച്ചാലും അദ്ദേഹം വരില്ല.

## C. Transformation drill

### Model 1

നിങ്ങറം വന്നാൽ ഞാൻ പറയും
നിങ്ങറം വന്നാൽ ഞാൻ പറയില്ല.

1. അദ്ദേഹം ചോദിച്ചാൽ ഞാൻ കൊടുക്കും.
2. അവറം എന്നെ വിളിച്ചാൽ ഞാൻ പോകും.
3. കള്ള കുടിച്ചാൽ ആരോഗ്യം നശിക്കും.
4. അദ്ദേഹം പഠിപ്പിച്ചാൽ ഞാൻ പഠിക്കും.
5. അവരെ കണ്ടാൽ അവറം പേടിക്കും.
6. പരസ്പരം സ്നേഹിച്ചാൽ കല്യാണം കഴിക്കും.
7. പുതിയ വീടു കിട്ടിയാൽ ഇതുപേക്ഷിക്കും.
8. ബന്ധുക്കളോട് അപേക്ഷിച്ചാൽ അവർ വരും.
9. സദ്യ നടത്തിയാൽ പണം ചെലവാകും.
10. വീട്ടിൽ പോയാൽ അവളെ കാണും.

## D. Restatement drill

### Model 1

വർത്തമാനം പറഞ്ഞാൽ വഴക്ക കിട്ടും. >
വർത്തമാനം പറയാതെ ഇരുന്നാൽ വഴക്ക കിട്ടില്ല.

1. പഠിച്ചാൽ ജയിക്കും.
2. അയാളെ വിശ്വസിച്ചാൽ അപകടത്തിൽ വീഴും.
3. അവരുടെ വാക്ക കേട്ടാൽ നമുക്ക നഷ്ടം ഉണ്ടാകും.

4. വിദേശത്തു പോയാൽ എല്ലാം കിട്ടും.
5. നിങ്ങളെ ഓർമ്മിച്ചാൽ ഞാനതു ചെയ്തുപോകും.
6. കുട്ടികൾ പഠിച്ചാൽ അച്ഛനമ്മമാർ സന്തോഷിക്കും.
7. ടിക്കററു വാങ്ങിയാൽ സിനിമ കാണാം.
8. എന്നോടു് അനുവാദം ചോദിച്ചാൽ ഞാൻ അവരെ വിടും.
9. എല്ലാവരേയും വിളിച്ചാൽ കാര്യം അറിയാം.
10. കല്യാണം കഴിച്ചാൽ സുഖമായി ജീവിക്കാം.

## Model 2

അവളെ കണ്ടു് കാര്യം പറയണം.
അവളെ കണ്ടാൽ കാര്യം പറയും.

1. രാമനെ വിളിച്ചു് രഹസ്യം ചോദിക്കണം.
2. അവളെ കല്യാണം കഴിച്ചു് ഇവിടെ കൊണ്ടുവരണം.
3. ഓടി വന്നു കുഞ്ഞിനെ എടുക്കണം.
4. നന്നായി പഠിച്ചു പരീക്ഷ ജയിക്കണം.
5. ജോലി ചെയ്തു പണം സമ്പാദിക്കണം.
6. വീട്ടിൽ പോയി അവളെ കാണണം.
7. റേഡിയോ കേട്ടു കാര്യം മനസ്സിലാക്കണം.
8. ശമ്പളം വാങ്ങിച്ചു കടയിൽ പോകണം.
9. പൈസ കൊടുത്തു തിരിയെ വാങ്ങണം.
10. സ്നേഹിച്ചു കല്യാണം കഴിക്കണം.

## Model 3

നീ പറഞ്ഞാൽ അവൻ കേൾക്കും.
നീ പറഞ്ഞാലും അവൻ കേൾക്കില്ല.

1. മഴ പെയ്താൽ കൃഷി ചെയ്യാം.
2. വെള്ളം കിട്ടിയാൽ നമുക്കു് ദാഹം തീർക്കാൻ പററും.
3. നീ വന്നാൽ ഞാൻ പോകും.
4. അങ്ങനെ എഴുതിയാൽ ജയിക്കും.
5. വീട്ടിലെത്തിയാൽ വേഗം കിടക്കാം.
6. പാട്ടു പാടിയാൽ കുഞ്ഞു് ഉറങ്ങും.
7. പണം സമ്പാദിച്ചാൽ സുഖമായി ജീവിക്കാം.
8. കുട്ടികൾ ഉറങ്ങിയാൽ അവൾ ജോലി ചെയ്യും.
9. എന്നെ അടിച്ചാൽ ഞാൻ കരയും.
10. പരീക്ഷയിൽ തോററാൽ അച്ഛൻ ദേഷ്യപ്പെടും.

Model 4

കുട്ടി ചിരിച്ചാൽ അമ്മയും ചിരിക്കും.
കുട്ടി ചിരിച്ചാലും അമ്മ ചിരിക്കില്ല.

1. നീ വന്നാൽ ഞാനും വരും.
2. പണം തന്നാൽ പുസ്തകവും തരാം.
3. വീട്ടിൽ എത്തിയാൽ ഞാനും കൂടെ ജോലി ചെയ്യും.
4. കുട്ടിയെ കണ്ടാൽ ഞാനും വഴക്കു പറയും.
5. ആയിരം രൂപ തന്നാൽ ഞാൻ ആ കാര്യവും പറയും.
6. വീടു വച്ചാൽ നിന്നേയും കൂടെ താമസിപ്പിക്കാം.
7. എന്നോടു വഴക്കു കൂടിയാൽ ഞാനും വഴക്കു കൂടും.
8. കുട്ടികളെ അടിച്ചാൽ അവരും നിങ്ങളെ അടിക്കും.
9. നന്നായി പഠിപ്പിച്ചാൽ ഞങ്ങളും മനസ്സിലാക്കും.
10. വേറെ വീടു കിട്ടിയാൽ ഈ വീടും വിടും.

Model 5

നീ പാഠം പഠിക്കാതെ ഇരുന്നാൽ പരീക്ഷയിൽ തോൽക്കും. >
നീ പാഠം പഠിക്കാതെ ഇരുന്നാലും പരീക്ഷയിൽ തോൽക്കില്ല.

1. അവനെ കാണാതെ ഇരുന്നാൽ നമുക്കു സുഖിക്കാം.
2. അദ്ദേഹം വരാതെ ഇരുന്നാൽ കാര്യം കുഴപ്പമാവും.
3. ഊണു കഴിക്കാതെ ഇരുന്നാൽ നിങ്ങൾ മരിക്കും.
4. ആളുകളെ സ്നേഹിക്കാതെ ഇരുന്നാൽ നിങ്ങൾ കഷ്ടപ്പെടും.
5. വഴി കണ്ടുപിടിക്കാതെ ഇരുന്നാൽ സമയമാകും.
6. പണം സമ്പാദിക്കാതെ ഇരുന്നാൽ എല്ലാവരേയും ജയിക്കാനൊക്കും.
7. ആഹാരം കിട്ടാതെ ഇരുന്നാൽ കുഞ്ഞ് കരയും.
8. വെള്ളം കിട്ടാതെ ഇരുന്നാൽ ആളുകൾ മരിക്കും.
9. അവളെ വിളിക്കാതെ ഇരുന്നാൽ അവൾ വരും.
10. ചിന്തിക്കാതെ ഇരുന്നാൽ ദുഖം ഉണ്ടാകും.

## E. Combination drill

Model 1

(a) നീ പഠിക്കും.
(b) നീ ജയിക്കും.
(a+b) നീ പഠിച്ചാൽ ജയിക്കും.

1. അവർ വരും.
ഞാൻ പോകും.

2. ശമ്പളം കിട്ടും.
ഞാൻ എല്ലാവർക്കും സമ്മാനം വാങ്ങും.

3. അവളെ സ്നേഹിക്കും.
അവളെ ഞാൻ കല്യാണം കഴിക്കും.

4. അമ്മ കളിപ്പിക്കും.
കുഞ്ഞ് ചിരിക്കും.

5. അവൻ പുസ്തകം എടുക്കും.
ഞാൻ അതു വായിക്കും.

6. ഞാൻ അവിടെ പോകും.
ഞാൻ നിൻെറ അച്ഛനെ കാണും.

7. അവർ ഓർമ്മിക്കും.
അവർ തരും.

8. അച്ഛൻ ദേഷ്യപ്പെടും.
കുട്ടി കരയും.

9. മുളക് കൂടുതൽ അരയ്ക്കും.
എരിവും കൂടുതൽ ആകും.

10. കുഞ്ഞിനെ രാധ വിളിക്കും
കുഞ്ഞ് അവളുടെ അടുത്തു് ഓടിപ്പോകും.

## Model 2

(a) നീ പഠിക്കില്ല.
(b) നീ തോൽക്കും.
(a + b) നീ പഠിക്കാതെ ഇരുന്നാൽ തോൽക്കും.

1. അമ്മ വരില്ല.
കുഞ്ഞ് കരയും.

2. കാര്യം മനസ്സിലാക്കില്ല.
വെറുതെ വഴക്കു പറയും.

3. ആടു പെറില്ല.
കറവ നിൽക്കും

4. ആരേയും വിളിക്കില്ല.
അവൻ തനിച്ചു പോകും.

5. പുസ്തകം കൊടുക്കില്ല.
പാഠം എഴുതില്ല.

6. ക്ലാസിൽ ശ്രദ്ധിക്കില്ല.
ഒന്നും മനസ്സിലാകില്ല.
7. വേറെ ആരേയും ഉപദ്രവിക്കില്ല.
സുഖമായി ജീവിക്കാം
8. അച്ഛനെ അറിയിക്കില്ല.
ഞാൻ പറയാം
9. കത്ത് വായിക്കില്ല.
മറുപടി എഴുതാൻ പററില്ലല്ലോ.
10. ആരോടും സംസാരിക്കില്ല.
സ്വന്തം ജോലി ചെയ്തു തീർക്കാം.

## Model 3

(a) അമ്മ വിളിക്കും.
(b) എന്നാലും അവൻ പോകില്ല.
(a+b) അമ്മ വിളിച്ചാലും അവൻ പോകില്ല.

1. അവൻ മാപ്പു ചോദിക്കും.
എന്നാലും അദ്ദേഹം ക്ഷമിക്കില്ല.
2. അച്ഛൻ ദേഷ്യപ്പെടും.
എന്നാലും കുട്ടികൾ പേടിക്കില്ല.
3. കുട്ടി വീഴും.
എന്നാലും കരയില്ല.
4. എല്ലാവരും അവനെ വെറുക്കും.
എന്നാലും അവൻ ആരേയും വെറുക്കില്ല.
5. അമ്മ ഉണ്ണാൻ വിളിച്ചു.
എന്നാലും രാധ പോകില്ല.
6. ഹോട്ടൽ കാണും.
എന്നാലും അവൻ കയറില്ല.
7. അയാൾ സിഗരററ് വിൽക്കും.
എന്നാലും അയാൾ വലിക്കില്ല.
8. അയാൾ ചാകും
എന്നാലും സത്യം പറയില്ല.
9. അവർ ജയിലിൽ പോകും.
എന്നാലും കള്ളം ചെയ്യില്ല.

10. പാല്വ ധാരാളം കിട്ടും.
എന്നാലും ഒട്ടും വിൽക്കില്ല.

11. അവളോട്ട ഞങ്ങഠം അപേക്ഷിക്കും.
എന്നാലും അവരം സമ്മതിക്കില്ല.

12. ഈശ്വരനിൽ വിശ്വസിക്കും.
എന്നാലും ചീത്ത ആളുകളെ പേടിക്കണം.

## EXERCISES

I. Combine the following.

1. മാറി+കിട്ടും
2. മേഘത്തെ+ഒന്നും
3. പെയ്താൽ+എങ്കിലും
4. വിളിച്ചു+എങ്കിലും
5. കളി+-കാർ+ഒക്കെ
6. വിളിക്കണം+എങ്കിൽ+തന്നെ
7. വരു്+ഇല്ല+അല്ലോ
8. സിനിമ+താരങ്ങഠം+ഇൽനിന്നു്+ഒക്കെ
9. കള്ളം+കടത്തു്+കാർക്കു്
10. സങ്കടം+ഒന്നും+ഇല്ല
11. സ്കൂളിൽ+തന്നെ+അല്ലേ
12. തൊലി+കട്ടി+ആണു്
13. അറിയാം+അല്ലോ
14. വെളിയിൽ+എങ്ങും
15. എനിക്കു്+അതു്+ഒന്നും+ഇല്ല

II. Fill in the blanks using the appropriate form of the given word.

1. പണം വെറുതെ ——— വളരെ ദു:ഖിക്കേണ്ടിവരും (കളയു്)
2. ഒരു തെററു് ——— ചെയ്തുപോയാലും അദ്ദേഹം ക്ഷമിക്കില്ല (അറിയു്)
3. സിഗരററു് ——— ആരോഗ്യം നശിക്കുമത്രെ. (വലിക്കു്)
4. നിങ്ങളുടെ വർത്തമാനം കേട്ടു് കേട്ടു ——— എൻെറ സമയം വെറുതെ പോകും. (ഇരിക്കു്)
5. നിങ്ങഠം എന്തൊക്കെ ——— ആ കുട്ടി കേഠംക്കില്ല. (പറയു്)
6. പരീക്ഷയിൽ തോററാൽ എനിക്കും സങ്കടം ———? (വരു്)
7. അമ്മാവനെ കണ്ടാൽ ——— ഒക്കെ ദേഷ്യം വരും? (ആരു്)

8. ——— പിണങ്ങിയാലും അമ്മ എന്നെ വഴക്കു പറയും (മധു).
9. ——— കണ്ടാൽ ഈ കാര്യം കൂടെ പറയണോ? (അവരം)
10. ——— ഇരുന്നാൽ കാര്യം ശരിയാകും. (വിഷമിക്കു്)
11. കയർ ——— പോയാൽ തൊട്ടി കിണററിൽ വീഴില്ലേ? (അറു്)
12. ആ ബന്ധം ——— കളഞ്ഞാൽ പിന്നെ നീയെന്നെ കുററപ്പെടുത്തരുതു്. (അറക്കു്)
13. കുട്ടികളെ കൊഞ്ചിച്ചു ——— പിന്നെ പശ്ചാത്തപിക്കേണ്ടി വരും. (വളർത്തു്)
14. ——— കൊണ്ടു് പരസ്പരം വഴക്കു കൂടിപ്പിച്ചാൽ അതിൻെറ ഫലം നമുക്കു് കിട്ടും. (കുട്ടികരം)
15. ആ ——— -നിന്നു സാധനം വാങ്ങിയാൽ നിങ്ങരം നിരാശരാകും. (കട)

III. Rewrite the given sentences using the negative for the underlined verb forms only.

1. കുട്ടി കരഞ്ഞാൽ അമ്മ ഓടി വന്നെടുക്കും.
2. ആളുകളെ വെറുത്താൽ നമുക്കുതന്നെ സങ്കടപ്പെടേണ്ടി വരും.
3. അദ്ദേഹത്തെ വിളിച്ചാലും വഴക്കു പറയും.
4. ആ കാര്യം ഓർത്താൽ ആർക്കും സങ്കടം തോന്നും.
5. സ്വപ്നം കണ്ടുകൊണ്ടു് ഇരുന്നാൽ നീ വഴക്കു പറയുമോ?
6. അവളോടു സംസാരിച്ചാൽ പ്രയോജനം ഉണ്ടോ?
7. ക്രിസ്ത്യാനിപ്പെണ്ണിനെ സ്നേഹിച്ചാൽ അവളെ കല്യാണം കഴിക്കാൻ അച്ഛനമ്മമാർ രാമകൃഷ്ണനെ സമ്മതിക്കുമോ?
8. അവളോടു മിണ്ടിയാൽ അവരം നിന്നോടു മിണ്ടുമോ?
9. ആ കാര്യം പറഞ്ഞു കഴിഞ്ഞിട്ടു നീ എന്നെ വിട്ടാൽ അദ്ദേഹം വഴക്കു പറയുമോ?
10. സമ്മാനം വാങ്ങിയിട്ടു വീട്ടിൽ പോയാൽ നിനക്കു സന്തോഷമാകുമോ?

IV Split the given sentences into pairs of sentences in future tense.

1. അമ്മ ഇറച്ചി വറത്താൽ പിന്നെ എല്ലാം റെഡിയാകും.
2. പല പ്രാവശ്യം പറഞ്ഞു കൊടുത്താലും മനസ്സിലാവില്ല.
3. നീ ഒരു കത്തയച്ചാൽ അദ്ദേഹം ഉടനെ ഇവിടെ എത്തും.
4. ഹോട്ടലിൽ താമസിച്ചാൽ ആരോഗ്യം നശിക്കും.

5. അവനെപ്പററി ധാരാളം പരാതി കേട്ടാലും അദ്ദേഹം അതൊന്നും വിശ്വസിക്കില്ല.
6. ചേട്ടൻ കണക്ക പറഞ്ഞുകൊടുത്താൽ അനിയത്തിക്കുള മനസ്സിലാകും.
7. വളരെവേഗം ഓടിയാൽ സമയത്തിന് ബസ്സ്റ്റാൻറിൽ എത്താൻ പററും.
8. നുണ പറഞ്ഞാലും അദ്ദേഹത്തെ രക്ഷിക്കാൻ സാധിക്കില്ല.
9. നിങ്ങൾ തമ്മിൽത്തല്ലിയാൽ അച്ഛൻ വഴക്ക പറയും.
10. ഇങ്ങനെ നല്ല രീതിയിൽ ശീലിച്ചാലും അമ്മ എപ്പോഴും വഴക്ക പറയും.

V Rewrite the sentences using emphatic -ഉം after the conditional, and the negative -ഇല്ല after the main verb.

1. രാവിലെ മുതൽ തെണ്ടിനടന്നാൽ പത്തുരൂപ കിട്ടും.
2. ശ്രദ്ധിച്ച് കേട്ടാൽ കാര്യങ്ങൾ മനസ്സിലാവും.
3. പ്രൊഫസറുടെ പുറകെ വാലാട്ടി നടന്നാൽ റാങ്ക കിട്ടും.
4. മൂന്നു മണിക്കൂർ കാത്തിരുന്നാൽ മന്ത്രിയെ കാണാൻ പററും.
5. ഈ തലവേദന മാറിയാൽ ഞാൻ നിൻെറക്കൂടെ ആ ജോലി ചെയ്യും.
6. ഒന്നാം റാങ്ക വാങ്ങിച്ചാൽ മെഡിക്കൽ കോളേജിൽ ചേരും.
7. എന്നെ കളിയിൽ ചേർത്താൽ ഞാൻ നിങ്ങൾക്ക് എൻെറ കട തരും.
8. എൻെറ കാര്യം ഊഹിച്ചാൽ നിങ്ങൾക്കും ചിരിവരും.
9. ഹെഡ്മാസ്റ്റർ ശിക്ഷിച്ചാൽ അവർ ഒരു പാഠം പഠിക്കും.
10. സത്യം പറഞ്ഞാൽ രക്ഷപ്പെടും.

VI Complete the following incomplete dialogues.

1. A മോനേ, വേഗം ഈ ചോറൊക്കെ ഒന്നുണ്ണ്.
   B ....................................
   A ഉണ്ണാതെ ഇരുന്നാൽ പിന്നെ എങ്ങനെ നീ അച്ഛനെപ്പോലെ വളരും?
   B ....................................
   A പിന്നെ നീ അന്ന് അങ്ങനെ പറഞ്ഞില്ലേ?
   B ....................................
   A തമാശയോ? അപ്പോൾ നിനക്ക് അച്ഛനെപ്പോലെ വലുതാകണ്ടേ?
   B ....................................
   A വലുതായാലോ? വലുതായാൽ പല പ്രയോജനങ്ങളും ഉണ്ട്, നിനക്ക് തനിയെ എല്ലായിടത്തും പോകാം. കാർ ഓടിക്കാം.
   B ....................................
   A കാർ ഓടിച്ചാൽ വീഴുമോ? അതില്ല, നീ വലുതായിട്ട് അതൊക്കെ ചെയ്യണം. അപ്പോൾ വീഴില്ല.
   B ....................................

2\. A ....................................

B വന്നാൽ നീ എനിക്കെന്തു തരും? അതാദ്യം പറയൂ.

A ....................................

B വന്നു നോക്കാം. പക്ഷെ അവിടംവരെ വന്നിട്ടും നീ എനിക്കു് ഒന്നും തരാതെ ഇരുന്നാൽ കഷ്ടമല്ലേ?

A ....................................

B അങ്ങനെ ഞാൻ പറഞ്ഞോ? എനിക്കു നിന്നെ വിശ്വാസമുണ്ടു്. നീ അന്നു് എന്നോടു ഒരു കാര്യം പറഞ്ഞില്ലേ?

A ....................................

B പുസ്തകങ്ങളുടെ കാര്യമോ? നീ ഇത്ര വേഗം മറന്നു് പോയാൽ പിന്നെ ഞാനെന്തു ചെയ്യട്ടെ.

A ....................................

B വേറെ ആരുടേതും അല്ല. നിൻെറ ചേട്ടൻെറ കവിതകൾ തന്നെ.

A ....................................

B ഓഹോ. രണ്ടു മൂന്നു പ്രാവശ്യം വായിക്കണം. വീണ്ടും വീണ്ടും വായിച്ചാൽ എനിക്കെല്ലാം മനസ്സിലാകും.

3\. A രാഘവാ, ഈ കാര്യം നിൻെറ അച്ഛനും അമ്മയും അറിഞ്ഞാൽ എന്തു പറയും?

B ....................................

A ഓഹോ അപ്പോൾ നിനക്കു് വല്ലാത്ത ധൈര്യം വന്നിട്ടുണ്ടല്ലോ.

B ....................................

A എന്തോ എനിക്കതിൽ വിശ്വാസം ഇല്ല. അവസരം കിട്ടിയാലും എനിക്കിത്ര ധൈര്യം വരില്ല.

B ....................................

A ആ പെൺകുട്ടിയുടെ വീട്ടുകാരേയും നീ കാര്യം അറിയിച്ചില്ലേ?

B ....................................

A പിന്നെ? അവൾ അവധിക്കു് ഹോസ്റ്റലിൽ നിന്നു വീട്ടിൽ പോകാതെ ഇരുന്നാൽ വീട്ടുകാർ അന്വേഷിക്കില്ലേ?

B ....................................

A അപ്പോൾ നീ എന്തു ചെയ്യും?

B ....................................

A കാര്യമറിഞ്ഞു് നിങ്ങളുടെ വീട്ടിൽ വന്നാൽ നിങ്ങൾ എങ്ങനെ അവരെ നേരിടും?

B ....................................

A അപ്പോൾ തുറന്നു പറഞ്ഞാൽ മതിയോ? ..................

ഇപ്പോഴേ പറയണ്ടേ? അതല്ലേ ഭംഗി?

B ....................................

A നിൻെറ കാര്യം പണ്ടേ അങ്ങനെയാണല്ലോ. നീ ഒന്നു നിശ്ചയിച്ചാൽ അതു നടത്തും. എന്തോ എനിക്കു പേടിയാകുന്നു. ദൈവം നിങ്ങൾക്കു നല്ലതു വരുത്തട്ടെ. അത്രയേ എനിക്കിപ്പോൾ പറയാനുള്ളൂ.

## VOCABULARY

| | |
|---|---|
| ആകാശം | 'sky' |
| കാർമേഘം | 'dark clouds' |
| എളുപ്പം | 'easiness' |
| നേരേമറിച്ച് | 'on the other hand' |
| മുഷിപ്പൻ | 'boring' |
| ജയിക്കു് | 'to win, to pass' |
| വിഷയം | 'subject' |
| കുറച്ചിൽ | 'disgrace' |
| സങ്കടപ്പെടു | 'to feel sorry' |
| ഊഹിക്കു് | 'to guess' |
| തൊലിക്കട്ടി | 'thickness of skin' |
| കടുപ്പം | 'strong, bitter' |

## NOTES

13.53.1. Another type of conditional construction, which is formed by adding the suffix –ആൽ to the verbal participle of the verb concerned, is introduced.

മഴ പെയ്താൽ ചൂടു കുറയും.

If it rains there will be less heat.

മഴ പെയ്താലും ചൂടു കുറയില്ല.

Even if it rains there will not be less heat.

13.53.2. This conditional verb can be negated by using the negative participle followed by ഇരുന്നാൽ which is formed by the addition of -ആൽ to the verbal participle of the auxiliary verb ഇരിക്കു്.

പഠിക്കാതെ ഇരുന്നാൽ നീ തോൽക്കും.

If you don't study you will fail.

പഠിക്കാതെ ഇരുന്നാലും നീ തോൽക്കില്ല.

Even if you do not study you will not fail.

## UNIT 14

## LESSON 54

# ആട്ടം പാവ ഉണ്ടാക്കുന്ന രാധ

## CONVERSATION

| | | |
|---|---|---|
| അമ്മ: | രാധേ, നീ ഞാൻ ഏല്പിച്ച ജോലി ചെയ്തോ? | Radha, did you do the work I entrusted? |
| രാധ: | ഇല്ലമ്മാ, എനിക്കു സമയം കിട്ടിയില്ല. | No, mummy. I didn't get time. |
| അമ്മ: | നീ പിന്നെ ഇതുവരെ എന്തു ചെയ്തുകൊണ്ടിരുന്നു? | What were you doing so long? |
| രാധ: | ഞങ്ങളുടെ തയ്യൽ ടീച്ചർ പഠിപ്പിച്ചുതന്ന രീതിയിൽ ഞാൻ മുത്തും, നയിലോൺ നൂലും കൊണ്ടു് ഭംഗിയുള്ള ഒരു ആട്ടം പാവ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. | I am making a pretty dancing doll with beads and nylon wire in the manner our sewing teacher taught us. |

| | | |
|---|---|---|
| അമ്മ: | എവിടെ അതു്? നീ ഉണ്ടാക്കുന്ന പാവ ഞാനും ഒന്നു് കാണട്ടെ. | Where is it? Let me also see the doll which you make. |
| രാധ: | മുഴുവനും ആയിട്ടില്ല. പുരികവും, ചുണ്ടും, ഒക്കെ ശരിപ്പെടുത്താൻ ഉണ്ടു്. | It is not yet over. I am yet to correct the eyebrows and lips. |
| അമ്മ: | ഇതിന്റെ കാലും, കഴുത്തുമെന്താ മോളേ ഇങ്ങനെ? അതൊക്കെ വല്ലാതെ ഇളകിക്കൊണ്ടിരിക്കുന്നല്ലോ. | Daughter, why are its neck and the legs moving like this? |
| രാധ: | അതു് ആടുന്ന പാവയല്ലേ അമ്മാ? അതിനു വേണ്ട കാലുകൾ അങ്ങനത്തേതല്ലേ? | Mummy, is it not a dancing doll? Doesn't it need legs of that type? |
| അമ്മ: | അതു ശരി. മോളേ, മിനിഞ്ഞാന്നു വന്ന മനോരമ വിശേഷാൽ പ്രതിയിൽ ഇതിനെപ്പററിയൊക്കെ വലിയ ഒരു കുറിപ്പുണ്ടായിരുന്നു. നീ അതു കണ്ടില്ലേ? | That is O.K. There was a long note regarding this in the special issue of *Manorama* which came day before yesterday? Didn't you see that? |
| രാധ: | കണ്ടു. പക്ഷെ ഞാൻ വായിച്ചില്ല. പുസ്തകത്തിൽ കാണുന്ന രീതിയിൽ ഉണ്ടാക്കി നോക്കിയാലൊന്നും എനിക്കു പററില്ല. ഞങ്ങളുടെ തയ്യൽ ടീച്ചർ പഠിപ്പിച്ചു തരുന്ന രീതിയേ എനിക്കു മനസ്സിലാവൂ. അമ്മാ, ഈ വരുന്ന മാസം മുതൽ ടീച്ചർ സ്ക്കൂൾ സമയം കഴിഞ്ഞു് ഒരു തയ്യൽ ക്ലാസ്സ് തുടങ്ങാൻ പോകുന്നു. ഞാനും അതിൽ ചേരട്ടേ? ഫീസ് ഒരു മാസത്തേയ്ക്കു് വെറും പത്തു രൂപയേ ഉള്ളൂ. | I saw. But I didn't read. Even if I try to make in the manner given in the book I cannot make it. I will understand only the way our sewing teacher teaches. Mummy, next month onwards our teacher is going to start a tailoring class beyond the school hours. Shall I also join? The fee is just Rs. 10 a month. |

**അമ്മ:** ഫീസിന്റെ കാര്യം ഒരു പ്രശ്നമല്ല. പക്ഷെ നിന്റെ ആണ്ടുപരീക്ഷയ്ക്ക് ഇനി രണ്ടുമാസം കൂടിയല്ലേ ഉള്ളൂ? പാട്ടുക്ലാസും, തയ്യൽ ക്ലാസും, ഒക്കെ കൂടി ആയാൽ പിന്നെ മടിച്ചിയായ നിന്റെ പഠിത്തക്കാര്യം വെള്ളത്തിലാവില്ലേ? നിന്റെ അച്ഛൻ അയയ്ക്കുന്ന ഓരോ എഴുത്തിലും നിന്റെ പഠിത്തത്തിന്റെ കാര്യമേ കൂടുതലായി അന്വേഷിക്കൂ. നീ എല്ലാ വിഷയത്തിനും ഫസ്റ്റ് ക്ലാസിനു വേണ്ട മാർക്കിൽ കൂടുതൽ വാങ്ങണം.

The question of fee is not a problem. But, for your annual examination, aren't there only two more months left? If you go on with the music class, tailoring class, etc., won't you—lazy-girl's studies be affected? In each and every letter that your father sends, he enquires only about your studies. You should score more than first class marks for all the subjects.

**രാധ:** അതിനെപ്പറ്റി അമ്മ ഒട്ടും വിഷമിക്കേണ്ട. കഴിഞ്ഞ പരീക്ഷയിൽ എനിക്കായിരുന്നില്ലേ എല്ലാത്തിനും ഒന്നാം സ്ഥാനം? വരുന്ന പരീക്ഷയിലും ഞാൻ അത് ആർക്കും വിട്ടുകൊടുക്കില്ല. അമ്മേം, അച്ഛനേം ഞാൻ ഒട്ടും നിരാശപ്പെടുത്തില്ല. അച്ഛന് എന്നിലുള്ള വിശ്വാസം ഞാൻ കളയുകയേ ഇല്ല.

Mummy, you please don't worry about that. Didn't I get the first place in all the subjects for the last exam? For this coming examination also I will not leave it to anyone else. I will not disappoint you and daddy. I will not at all ruin the confidence daddy has in me.

**അമ്മ:** ശരി. ശരി. വരും കാര്യത്തെപ്പറ്റി ദൈവത്തിനല്ലേ അറിയാവൂ? എണീക്ക്. നാമം ജപിക്കാൻ സമയമായി. നമുക്കു നിലവിളക്കു കത്തിക്കണ്ടേ?

That is O.K. Only God knows about the things to come. Isn't it like that? Get up. It is time for us to pray. Shouldn't we light the holy lamp?

## DRILLS

### A. Repetition drill

a 1. രാധ നന്നായി പഠിക്കുന്ന കുട്ടിയാണ്.
2. അതു് അവരം ഉണ്ടാക്കുന്ന ആട്ടം പാവയാണ്.
3. എല്ലാ ജോലിയും ചെയ്യുന്ന അവളെ ആർക്കിഷ്ടമല്ല?

b 1. കഴിഞ്ഞ മാസം നടന്ന ആ കല്യാണത്തിനു് നിങ്ങളും പോയോ?
2. നന്നായി പഠിച്ച കുട്ടികളെല്ലാം പരീക്ഷയിൽ ജയിച്ചു.
3. മഴക്കാലത്തു നട്ട തൈകൾ വളരാതിരിക്കില്ല.

c 1. വരും കാര്യത്തെപ്പററി ഓർത്തു തല പുണ്ണാക്കരുതു്.
2. ആട്ടം പാവ ഉണ്ടാക്കാൻ നിനക്കറിയാമോ?

d 1. പണം ഉള്ള ആളുകൾക്കു് എല്ലാ കാര്യവും എളുപ്പമാണ്.
2. മടിച്ചിയായ രാധയെ ആർക്കറിഞ്ഞുകൂട?
3. അവർക്കു വേണ്ട പുസ്തകം ഈ ലൈബ്രേറിയിൽ ഇല്ല.

### B. Build up drill

Model

അറിയാം.
അറിയാം.
എല്ലാവർക്കും
എല്ലാവർക്കും അറിയാം.
സരളയെ
സരളയെ എല്ലാവർക്കും അറിയാം.
പാടിയ
പാടിയ സരളയെ എല്ലാവർക്കും അറിയാം.
പാട്ടു്
പാട്ടു പാടിയ സരളയെ എല്ലാവർക്കും അറിയാം
സ്കൂൾ മീററിങ്ങിൽ
സ്കൂൾ മീററിങ്ങിൽ പാട്ടുപാടിയ സരളയെ എല്ലാവർക്കും അറിയാം.

1. മരിച്ചു പോയി.
ഇന്നലെ മരിച്ചു പോയി.
രാഷ്ട്രീയ നേതാവു് ഇന്നലെ മരിച്ചുപോയി.

ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചുപോയി.

ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചു പോയി.

ഫോണിൽ വിളിച്ച് ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചു പോയി.

എപ്പോഴും ഫോണിൽ വിളിച്ചു ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചുപോയി.

ആളുകളെ എപ്പോഴും ഫോണിൽ വിളിച്ചു ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചു പോയി.

ജോലിയിൽ ഇരിക്കുന്ന ആളുകളെ എപ്പോഴും ഫോണിൽ വിളിച്ചു ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചു പോയി.

വലിയ ജോലിയിൽ ഇരിക്കുന്ന ആളുകളെ എപ്പോഴും ഫോണിൽ വിളിച്ച് ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ആ രാഷ്ട്രീയ നേതാവ് ഇന്നലെ മരിച്ചു പോയി.

2. വിശ്വസിക്കരുത്.

ആളുകളെ വിശ്വസിക്കരുത്.

പ്രസംഗിച്ചു കൊണ്ടു നടക്കുന്ന ആളുകളെ വിശ്വസിക്കരുത്.

സത്യത്തെപ്പററി പ്രസംഗിച്ചു കൊണ്ടു നടക്കുന്ന ആളുകളെ വിശ്വസിക്കരുത്.

എപ്പോഴും സത്യത്തെപ്പററി പ്രസംഗിച്ചുകൊണ്ടു നടക്കുന്ന ആളുകളെ വിശ്വസിക്കരുത്.

C. Restatement drill

Model 1

സീത പാട്ടു പാടുന്നു. >

(a) പാട്ടു പാടുന്ന സീത

(b) സീത പാടുന്ന പാട്ട്

1. ഗോപാലൻ വലിയ വീടു വയ്ക്കുന്നു.
2. രാധ സമ്മാനം വാങ്ങിച്ചു.
3. രമണി സ്വപ്നം കാണുന്നു.
4. ടീച്ചർ പാഠം പഠിപ്പിച്ചു.
5. രാജു കവിത എഴുതി.
6. മേലധികാരി കാറിൽ വരുന്നു.

7. ഞങ്ങൾ ഗ്രാമത്തിൽ താമസിക്കുന്നു.
8. രാഘവൻ അമേരിക്ക കണ്ടു.
9. എന്റെ അച്ഛൻ പണം സമ്പാദിച്ചു.
10 അമ്മൂമ്മ കഥ പറഞ്ഞു.

## Model 2

രാജകുമാരി സുന്ദരി ആണ്. >

സുന്ദരിയായ രാജകുമാരി.

1. കച്ചവടക്കാർ പണക്കാർ ആണ്.
2. അയാൾ പിശുക്കൻ ആണ്.
3. കൂട്ടുകാർ നല്ലവർ ആണ്.
4. കുസുമ മടിച്ചി ആണ്.
5. വീട്ടുടമസ്ഥൻ ദുഷ്ടനാണ്.

## Model 3

രാധയ്ക്ക് സൗന്ദര്യം ഉണ്ട്. >

(a) സൗന്ദര്യം ഉള്ള രാധ

(b) രാധയ്ക്കുള്ള പണം

1. ആ വീട്ടുകാർക്കു പണം ഉണ്ട്.
2. എനിക്കു വീടും, പുരയിടവും ഉണ്ട്.
3. അദ്ദേഹത്തിനു നല്ല സ്വഭാവം ഉണ്ട്.
4. പുസ്തകത്തിൽ പടം ഉണ്ട്.
5. എനിക്ക് നിന്നോട് സ്നേഹം ഉണ്ട്.

## Model 4

കുട്ടികൾക്കു പലഹാരം വേണം. >

(a) പലഹാരം വേണ്ട കുട്ടികൾ

(b) കുട്ടികൾക്കു വേണ്ട പലഹാരം

1. രാജുവിനു പുസ്തകം വേണം.
2. എനിക്കു പണം വേണം.
3. അച്ഛനു ചൂടുവെള്ളം വേണം.
4. തോമസിനു വാടകവീടു വേണം.
5. കമലത്തിനു ജോലിക്കാരിയെ വേണം.

## Model 5

രാമുവിനു ശമ്പളം വാങ്ങണം >

(a) ശമ്പളം വാങ്ങേണ്ട രാമു.

(b) രാമു വാങ്ങേണ്ട ശമ്പളം

1. എനിക്കു വീടു വയ്ക്കണം.
2. കുട്ടികൾക്കു സിനിമ കാണണം.
3. പ്രസാദിനു് സിഗരററു് വലിക്കണം.
4. രാധയ്ക്കു് പാഠം എഴുതണം.
5. ഉദ്യോഗസ്ഥന്മാർക്കു സൗകര്യങ്ങൾ വേണം.

## Model 6

അയാൾ രാവിലെ എണീററു് കുളിച്ചു. >

രാവിലെ എണീററ അയാൾ കുളിച്ചു.

1. കുട്ടി നന്നായി പഠിച്ചു പരീക്ഷയിൽ ജയിച്ചു.
2. രാമൻ ഹോട്ടലിൽ പോയി പലഹാരം കഴിച്ചു.
3. സീത പാട്ടുപാടിത്തളർന്നു് തറയിൽ ഇരുന്നുപോയി.
4. കുഴി വെട്ടി വെട്ടി നിന്നു് പൈലി താമസിച്ചുപോയി.
5. കുഞ്ഞു് കരഞ്ഞുകരഞ്ഞു് ഉറങ്ങിപ്പോയി.
6. മന്ത്രി കള്ളക്കടത്തുകാരുടെ കൂടെ ചേർന്നു പണം സമ്പാദിച്ചു.
7. എന്തോ ആലോചിച്ചുകൊണ്ടു നടന്നു നടന്നു മോഹനൻ തറയിൽ വീണു.

## Model 7

നേതാവു് ഫോണിൽ സംസാരിച്ചു കാര്യം നേടുന്നു.

ഫോണിൽ സംസാരിക്കുന്ന നേതാവു് കാര്യം നേടുന്നു.

1. ജോലി ചെയ്തു രാഘവൻ ശമ്പളവും വാങ്ങുന്നു.
2. പെൺകുട്ടി പാവ ഉണ്ടാക്കി രസിക്കുന്നു.
3. മഴയത്തു നടന്നു് കുട്ടിക്കു പനി വരുന്നു.
4. മകനെ യാത്ര അയച്ചു് അമ്മ കരയുന്നു.
5. നല്ല നിമിഷങ്ങളെപ്പററി മാത്രം ഓർമ്മിച്ചു് അയാൾ സങ്കടമില്ലാതെ ജീവിക്കുന്നു.
6. വാടക വീട്ടിൽ താമസിച്ചു തോമസു് കഷ്ടപ്പെടുന്നു.
7. അമ്മയെ കണ്ടു കുഞ്ഞു് കരച്ചിൽ നിർത്തുന്നു.

## D. Split up drill

### Model 1

ചോറുണ്ണുന്ന കുഞ്ഞിനെ അമ്മ സ്നേഹത്തോടെ നോക്കുന്നു.

a. 1 കുഞ്ഞ് ചോറുണ്ണുന്നു.

a. 2 അമ്മ കുഞ്ഞിനെ സ്നേഹത്തോടെ നോക്കുന്നു.

1. അമ്മ കുട്ടിയെ കണ്ടു് എല്ലാ ദുഃഖവും മറക്കുന്നു.
2. സരളയെ സ്നേഹിക്കുന്ന കുമാർ അവളെ കല്യാണം കഴിക്കാൻ ആഗ്രഹിക്കുന്നു.
3. ജോലി ചെയ്യുന്ന രാമനെ മേലധികാരി വിളിക്കുന്നു.
4. കരയുന്ന കുട്ടിയെ അമ്മ എടുക്കുന്നു.
5. കൊഞ്ചി നടക്കുന്ന സരളയ്ക്കു് വേണുവിൽനിന്നു വഴക്കു കിട്ടുന്നു.

### Model 2

നല്ല ആഹാരം കിട്ടിയ പശു ധാരാളം പാൽ നൽകി.

b. 1 പശുവിനു നല്ല ആഹാരം കിട്ടി.

b. 2 പശു ധാരാളം പാൽ നൽകി.

1. ഓടിപ്പോയ കള്ളനെ പോലീസുകാർ പിടിച്ചു.
2. സത്യത്തെപ്പററി പ്രസംഗിച്ചുകൊണ്ടു നടന്ന നേതാവു് കള്ളക്കടത്തുകാരുടെ സംഘത്തിൽ ചേർന്നു.
3. ഉടുപ്പു തച്ച രാധ അതു് അമ്മയെ കാണിച്ചു.
4. ഓടിപ്പോയ വേണുവിനു ബസ് കിട്ടി.
5. താക്കോൽ എടുത്ത അഹമ്മദ് പൂട്ടും തുറന്നു.

### Model 3

പണം ഉള്ള ആളുകൾ ആരേയും സഹായിക്കുന്നില്ല.

c.1. ആളുകൾക്കു പണം ഉണ്ടു്.

c.2. ആളുകൾ ആരേയും സഹായിക്കുന്നില്ല.

1. സ്വന്തം കാറുള്ള ആ മനുഷ്യൻ ആരേയും കയററുന്നില്ല.
2. എട്ടു കുട്ടികളുള്ള അയാൾ വളരെ കഷ്ടപ്പെടുന്നു.
3. ഒരു മുറിയുള്ള ഈ വീട്ടിനും വാടക നൂറുരൂപയാണു്.
4. ധാരാളം തെങ്ങുകളുള്ള കേരളത്തിലും തേങ്ങയ്ക്കു വില കൂടുതലാണു്.
5. എന്നോടു സ്നേഹം ഉള്ള ആളുകളെ ഞാനും സ്നേഹിക്കുന്നു.

## Model 4

നല്ലവനായ ആ മനുഷ്യൻ എപ്പോഴും ദാരിദ്ര്യം അനുഭവിക്കുന്നു.

1. ആ മനുഷ്യൻ നല്ലവനാണ്.
2. അയാാം എപ്പോഴും ദാരിദ്ര്യം അനുഭവിക്കുന്നു.

1. സുന്ദരിയായ അവളെ അവൻ കല്യാണം കഴിക്കാൻ പോകുന്നു.
2. പണക്കാരനായ ആ മനുഷ്യനെ നിങ്ങാംക്കറിയാമോ?
3. ഡോക്ടറായ ഗോപിനാഥിനും ഈ മരുന്നിനെപ്പററി അറിയില്ല.
4. പിശുക്കിയായ അന്നമ്മ ആർക്കും ഒന്നും കൊടുക്കുന്നില്ല.
5. ആ സിനിമയിലെ നായകനായ സോമൻ എൻെറ നാട്ടുകാരനാണ്.

## Model 5

എനിക്കു വേണ്ട പുസ്തകം ഒരു കടയിലും ഇല്ല.

1 എനിക്കു പുസ്തകം വേണം.

2 ആ പുസ്തകം ഒരു കടയിലും ഇല്ല.

1. അദ്ദേഹത്തിനു വേണ്ട പേന ഇതല്ല.
2. അവാംക്കു വേണ്ട കസേര നിങ്ങാംക്കും വേണോ?
3. രാധയ്ക്കു വേണ്ട പാവ അവാംടെ അനിയത്തിക്കു വേണ്ട.
4. എനിക്കു വേണ്ട ആഹാരം ഈ ഹോട്ടലിൽ കിട്ടുന്നില്ല.
5. ഒരു കൊച്ചുകുടുംബത്തിനു വേണ്ട സൗകര്യങ്ങാം ഒക്കെ ഞാൻ നിങ്ങാംക്കും ഈ വീട്ടിൽ ചെയ്തു തരാം.

## Model 6

തയ്യൽക്ലാസിൽ പോകേണ്ട രാധ അമ്മയോടു ഫീസ് ചോദിക്കുന്നു.

1. രാധയ്ക്കു തയ്യൽ ക്ലാസിൽ പോകണം.
2. രാധ അമ്മയോടു ഫീസ് ചോദിക്കുന്നു.

1. എല്ലാ ജോലിയും ചെയ്യേണ്ട അമ്മ തന്നെ ഇതും ചെയ്യണോ?
2. വീട്ടിൽ കിടക്കേണ്ട കുട്ടി എന്തിനിവിടെ വന്നു?
3. പാഠം പഠിക്കേണ്ട കുട്ടികാം സിനിമ കാണാൻ പോയി.
4. പരീക്ഷ എഴുതേണ്ട വിദ്യാർഥി വെറുതെ അലഞ്ഞു നടക്കുന്നു.
5. കള്ളനെ പിടിക്കേണ്ട പോലീസുകാരൻ ആ കള്ളൻെറ കൂടെ ചേരുന്നു.

E. Combination drill

Model

(a) ഞാൻ പുസ്തകം വായിച്ചു.

(b) ആ പുസ്തകം ഇപ്പോൾ ഇവിടെ ഇല്ല.

(a+b) ഞാൻ വായിച്ച പുസ്തകം ഇപ്പോൾ ഇവിടെ ഇല്ല.

1. രാമൻ കഥ പറഞ്ഞു.
   ആ കഥ നിനക്കറിയാമോ?
2. ചേച്ചി മീൻ വറക്കുന്നു.
   അനിയത്തി അതു വിളമ്പുന്നു.
3. അമ്മ പപ്പടം കാച്ചുന്നു.
   കുഞ്ഞുമോൻ അതു തിന്നുന്നു.
4. കുട്ടിക്കു പേന വേണം.
   അതു് ഒരു കടയിലും ഇല്ല.
5. അദ്ദേഹം നല്ലവനാണു്.
   അദ്ദേഹത്തിനെ നിനക്കു് അറിഞ്ഞുകൂടേ?
6. എനിക്കു നടക്കാൻ പോകണം.
   നിങ്ങൾ എന്നെ ഉപദ്രവിക്കരുതു്.
7. അയാൾ ഹോട്ടലിൽ വളരെക്കാലം താമസിച്ചു.
   അയാൾക്കിപ്പോൾ വീട്ടിലെ ആഹാരം പിടിക്കുന്നില്ല.
8. രാജമ്മ പച്ചക്കറി വിററു നടന്നു.
   ആ രാജമ്മ മരിച്ചുപോയി.
9. കുട്ടി സ്വപ്നം കണ്ടു.
   ആ സ്വപ്നത്തിൽ അവനൊരു രാജകുമാരനായിരുന്നു.
10. നിങ്ങൾക്കു പരീക്ഷ എഴുതണം.
    നിങ്ങൾ നന്നായി പഠിക്കണം.
11. ടീച്ചർ പാഠം പഠിപ്പിച്ചു.
    ആ പാഠത്തിൽ നിന്നു ചോദ്യവും വന്നു.
12. കുട്ടി കുററം ചെയ്തു.
    അച്ഛൻ അവനെ ശിക്ഷിക്കുന്നു.
13. നിങ്ങൾ കുട്ടികളെ ഉപദേശിക്കണം.
    നിങ്ങൾ ഇങ്ങനെ കാണിക്കരുതു്.

14. നീ പാവ ഉണ്ടാക്കുന്നു.
ഞാൻ ആ പാവ കാണട്ടെ.

15. എന്റെ വീട്ടിൽ ഒരു പട്ടിക്കുട്ടി ഉണ്ട്.
ആ പട്ടിക്കുട്ടിയെ ഞാൻ നിനക്കു തരാം.

16. മറ്റന്നാൾ എനിക്കു യാത്ര തിരിക്കണം.
ആ ഞാൻ ഒന്നും ശരിപ്പെടുത്തിവച്ചില്ല.

17. കുട്ടി കളിച്ചു നടക്കണം.
പക്ഷെ അവനിപ്പോൾ ജീവിക്കാൻവേണ്ടി കൂലിപ്പണി ചെയ്യുന്നു.

18. അവർക്കു ജീവിക്കണം.
ആ വഴി ദൈവംതന്നെ കാണിച്ചു കൊടുക്കട്ടെ.

19. അദ്ദേഹം ആ സംഭവത്തിനു സാക്ഷി ആകേണ്ടിവന്നു.
അദ്ദേഹം അതിൽ ദു:ഖിക്കുന്നു.

20. ആ മഹാൻ അന്നേ മരിച്ചുപോയി.
പക്ഷെ അദ്ദേഹം ആളുകളുടെ ഓർമ്മയിൽ ഇന്നും ജീവിക്കുന്നു.

## F. Completion drill

### Model

a. 1. ലതിക നന്നായി പാടുന്നു.
a. 2. നന്നായി പാടുന്ന ലതികയെ നിനക്ക് ............?
a. 3. നന്നായി പാടുന്ന ലതികയെ നിനക്കറിയില്ലേ?

1. കുട്ടികൾക്കു പഴം വേണം.
പഴം വേണ്ട കുട്ടികൾ ...................?
കുട്ടികൾക്കുവേണ്ട പഴം ഇവിടെ ...................?

2. അയാൾ ദുഷ്ടനാണ്
ദുഷ്ടനായ അയാളെ ......................?

3. എന്റെ ചേട്ടൻ അമേരിക്കയിൽ പോയി.
അമേരിക്കയിൽ പോയ എന്റെ ചേട്ടൻ ................?

4. ഞാൻ ഉറൂബിന്റെ ഉമ്മാച്ചു വായിച്ചു.
ഉറൂബിന്റെ ഉമ്മാച്ചു വായിച്ച ഞാൻ ഇനി ഏതു പുസ്തകം ............?

5. ഹേമ സിനിമയിൽ അഭിനയിക്കുന്നു.
സിനിമയിൽ അഭിനയിക്കുന്ന ഹേമ ....................?
ഹേമ അഭിനയിക്കുന്ന സിനിമ നിങ്ങൾ ..................?

6. ടീച്ചർ തയ്യൽ പഠിപ്പിച്ചുതന്നു.
തയ്യൽ പഠിപ്പിച്ചുതന്ന ടീച്ചർ ..................
ടീച്ചർ പഠിപ്പിച്ചുതന്ന തയ്യൽ എനിക്കു് ..................

7. കാർ ഓടിക്കൊണ്ടിരിക്കുന്നു.
ഓടിക്കൊണ്ടിരിക്കുന്ന കാർ ......................

8. അമ്മ ജോലി ചെയ്തുകൊണ്ടിരുന്നു.
ജോലി ചെയ്തുകൊണ്ടിരുന്ന അമ്മ..................

9. നിങ്ങൾ വലിയവരെ ബഹുമാനിക്കണം.
വലിയവരെ ബഹുമാനിക്കേണ്ട നിങ്ങൾ ................

10. എല്ലാവർക്കും പരീക്ഷ എഴുതണം.
പരീക്ഷ എഴുതേണ്ട എല്ലാവരും ......................

11. എഴുതി എഴുതി എന്റെ കൈ വേദനിക്കുന്നു.
എഴുതി എഴുതി വേദനിക്കുന്ന എന്റെ കൈകൊണ്ടു് വേറെ ഒരു ജോലിയും......................

12. സ്വന്തം കാര്യം മറന്നു് അയാൾ അന്യരുടെ കാര്യം നോക്കുന്നു.
സ്വന്തം കാര്യം മറന്നു് അന്യരുടെ കാര്യം നോക്കുന്ന അയാൾ ഒരു ....................................

## EXERCISES

I Fill in the blanks using the correct forms of the given words.

1. മഹാത്മാഗാന്ധി —— സ്വപ്നം ഇതല്ലായിരുന്നു. (കാണു്)
2. കുഞ്ഞിനെ —— അമ്മയുടെ മനസ്സിൽ വേറെ ഒന്നിനും സ്ഥലം ഇല്ല. (ഓർക്കു്)
3. വാടക വീട്ടിൽ —— എന്റെ സ്ഥിതി നിനക്കു് ഊഹിച്ചുകൂടേ? (താമസിക്കു്)
4. ഞാൻ —— ഉടുപ്പു് നിനക്കിഷ്ടമായോ? (വാങ്ങിക്കു്)
5. എപ്പോഴും —— കുഞ്ഞിനെ ആരിഷ്ടപ്പെടും? (കരഞ്ഞുകൊണ്ടിരിക്കു്)
6. ഒരിക്കൽ —— കാര്യം അവൻ ഒരിക്കലും മറക്കുകയില്ല (കേൾക്കു്)
7. എന്നെ സദ്യയ്ക്കു —— ആളിനെ ഞാൻ പിന്നെ കണ്ടില്ല. (വിളിക്കു്)
8. ഞാൻ —— തൈകൾ വളർന്നേയില്ല (നടു്)
9. —— പട്ടിയെ പേടിക്കണ്ട. (കുരയ്ക്കു്)
10. ജോലി —— നീയും ജോലി ചെയ്യുന്നില്ലേ? (ചെയ്യിക്കണം)
11. സൗന്ദര്യം —— പെൺകുട്ടിയെ ആർക്കിഷ്ടമല്ല? (ഉണ്ടു്)
12. നല്ലവൻ —— രാമനെ എല്ലാവരും ബഹുമാനിക്കുന്നു. (ആണു്)

## II Fill up the blanks suitably.

1. പണം ——— ആളുകളെ ഇക്കാലത്തു് എല്ലാവരും ഇഷ്ടപ്പെടുന്നു.
2. എനിക്കു ——— പുസ്തകം ഈ ലൈബ്രറിയിലേ ഇല്ല.
3. രാവിലെതന്നെ ചോറു് ——— ഞാൻ ക്ലാസിലിരുന്നു് ഉറങ്ങിപ്പോയി.
4. ——— കുഞ്ഞിനല്ലേ പാൽ കിട്ടൂ ?
5. എനിക്കു ——— ട്രെയിൻ ഇനിയും വന്നില്ലല്ലോ.
6. മന്ത്രിയെ ——— ആളിനു് വലിയ ജോലി കിട്ടി.
7. രാവിലെ മുതൽ അലഞ്ഞു ——— രാജുവിനു് അച്ഛന്റെ കയ്യിൽനിന്നു ശിക്ഷ കിട്ടി.
8. അമ്മ ——— പപ്പടം ഞാൻ തിന്നു.
9. ——— മീൻ മുഴുവനും അവൻ കഴിച്ചു.
10. നാട്ടിൽ കഴിയുന്ന ഭാര്യയെ ——— ഭർത്താവിനു സങ്കടം തോന്നി.
11. വീട്ടിൽ ——— ആളുകളെ ആക്ഷേപിക്കരുതു്.
12. ദൈവത്തിന്റെ അനുഗ്രഹം ——— നിന്നെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല.

## III Split up the given sentences into pairs of sentences.

1. കാളിദാസൻ എഴുതിയ ശാകുന്തളം ഞാനും വായിച്ചു.
2. ചിരിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ എല്ലാർക്കും ഇഷ്ടമാണു്.
3. ഞാൻ ഇന്നലെ നിന്നെ കാണിച്ച പുസ്തകം ഇപ്പോൾ അവർക്കു് വേണമത്രേ.
4. ഞാൻ മിനിഞ്ഞാന്നു് നിനക്കുതന്ന ഉടുപ്പു് നീ ഇട്ടില്ലേ?
5. എനിക്കു കാണേണ്ട മന്ത്രി ഇനിയും സ്ഥലത്തെത്തിയില്ല.
6. ബസ്സിൽ കയറിയ രാമൻ മുമ്പിലത്തെ സീററിൽ ഇരുന്നു.
7. ഇന്നലെ രാഘവൻനായർ തുടങ്ങിയ ക്ലാസിൽ ഞാനും ചേർന്നു.
8. ഞാൻ ഓർമ്മിക്കുന്ന കാര്യം നിനക്കെങ്ങനെ അറിയാം?
9. പച്ചവെള്ളത്തിൽ കുളിച്ച അദ്ദേഹത്തിനു പനി വന്നു.
10. ഞാൻ വാടകയ്ക്കു് എടുത്ത വീട്ടിൽ വലിയ മുറികളേ ഇല്ല.
11. എനിക്കു പോകേണ്ട ബസ് ഇനിയും വന്നില്ല.
12. ആയിരം പുസ്തകങ്ങളും ഉള്ള ലൈബ്രറി വലുതാണോ?

## IV Combine the given pairs of sentences using verbal adjectives.

1. രാജു കഥ എഴുതി.
   ഞാൻ ആ കഥ വായിച്ചു.
2. പെൺകുട്ടി സ്വപ്നം കാണുന്നു.
   മോഹനൻ ആ പെൺകുട്ടിയെ ഇഷ്ടപ്പെടുന്നു.

3. കഴിഞ്ഞവർഷം ഞങ്ങൾ ഒരു വീട് വാങ്ങി.
ഇപ്പോൾ അതു വിൽക്കാൻ പോകുന്നു.

4. അവൾ പാട്ടുപാടി.
അവളെ എനിക്ക് അറിയാം.

5. രാജകുമാർ സിനിമയിൽ അഭിനയിച്ചു.
ആ സിനിമ ഞാൻ കണ്ടു.

6. ഞങ്ങൾ ഗ്രാമത്തിൽ താമസിക്കുന്നു.
ആ ഗ്രാമം വലുതാണ്.

7. അയാൾ നല്ല പച്ചക്കറി വില്ക്കുന്നു.
എല്ലാവരും അതു വാങ്ങുന്നു.

8. അന്നു നിൻെറ വീട്ടിൽ ഒരു കുട്ടി വന്നു.
ആ കുട്ടിയെ നീ ഇപ്പോൾ ഓർമ്മിക്കുന്നില്ലേ?

9. ആയിരം പുസ്തകങ്ങൾ ആ ലൈബ്രറിയിൽ ഉണ്ട്.
അത് വലിയ ലൈബ്രറി അല്ല.

10. എനിക്ക് ഇന്നലെ എഴുത്തു കിട്ടി.
ഞാൻ ഇന്ന് അതിന് മറുപടി എഴുതി.

11. എനിക്ക് ഒരു പശു ഉണ്ട്.
അതിനെ ഞാൻ നിനക്കു തരാം.

12. ആ പെൺകുട്ടി മടിച്ചിയാണ്.
അവൾ വെറുതെ സമയം കളയുന്നു.

V Rewrite the sentences converting the underlined verb forms to their corresponding verbal adjective forms.

1. വീട്ടിൽ വന്നു കാപ്പി കുടിച്ചു ഞാൻ നടക്കാനിറങ്ങി.
2. എഴുതി തളർന്നു കുട്ടികൾ കരഞ്ഞു പോയി.
3. അമ്മയെ വിളിച്ചു നടന്ന് കുട്ടി ക്ഷീണിച്ചു.
4. പാഠം വായിച്ചു അവൾ എല്ലാം മനസ്സിലാക്കി.
5. അയാൾ വേഗം വേഗം ഓടി തറയിൽ വീണു.
6. ആഴ്ചപ്പതിപ്പിൽ ഒരു ചിത്രം കണ്ടു ഞാൻ ഇതു മനസ്സിലാക്കി.
7. കയർ അററു തൊട്ടി കിണററിൽ വീണു.
8. കിണററിൽനിന്നു വെള്ളം കോരി അമ്മ തൈകൾ നനച്ചു.

9. കള്ളു കുടിച്ചു് എല്ലാം മറന്നു രാഘവൻ ഓടുന്നു.
10. എന്തോ കാര്യം ചിന്തിച്ചുകൊണ്ടിരുന്നു് അദ്ദേഹം അറിയാതെ എന്തോ പറഞ്ഞു പോയി.

VI Convert the given sentences to their corresponding verbal adjective forms and use them in sentences of your own. Wherever possible give more than one sentence. Follow the model.

Model

കുട്ടി അമ്മയെ കാണുന്നു.

അമ്മയെ കാണുന്ന കുട്ടിക്കു സന്തോഷം തോന്നുന്നു.

1. സുകുമാരൻ രാധയെ സ്നേഹിക്കുന്നു.
2. രമണി നിലവിളക്കു കത്തിച്ചു.
3. അമ്മൂമ്മ നാമം ജപിച്ചു കിടന്നുറങ്ങി.
4. കുട്ടികൾ കുസൃതി കാണിച്ചു.
5. രാഘവൻ മേലധികാരിയെ വെറുത്തു.
6. ഞാൻ മിനിഞ്ഞാന്നു കോളേജിൽ ചേർന്നു.
7. എന്റെ അനിയത്തി കറികൾ വച്ചു.
8. അദ്ദേഹം പണം സമ്പാദിച്ചു.
9. നാരായണൻ ഭാര്യയെ ഉപേക്ഷിച്ചു.
10. അധ്യാപകൻ സിഗരറ്റു് വലിക്കുന്നു.
11. നമ്മൾ ഈ ലോകത്തിൽ ജീവിക്കുന്നു.
12. ഞാൻ പേന കളഞ്ഞു.

## VOCABULARY

| | | | |
|---|---|---|---|
| ഏല്പിക്കു് | 'to entrust' | മുത്തു് | 'bead' |
| നൈലോൺ | 'nylon' | നൂൽ | 'thread' |
| ആട്ടംപാവ | 'dancing doll' | പുരികം | 'eye brow' |
| ചുണ്ടു് | 'lip' | കഴുത്തു് | 'neck' |
| ഇളകു് | 'to move' | വിശേഷാൽപ്രതി | 'special issue' |
| രീതി | 'manner' | ഫീസു് | 'fee' |
| ആണ്ടുപരീക്ഷ | 'annual examination' | | |
| വെള്ളത്തിലാവു് | 'to be in danger' | നിരാശപ്പെടുത്തു് | 'to disappoint' |
| ഫലം | 'result' | | |
| നാമംജപിക്കു് | 'to pray chanting God's name' | | |
| നിലവിളക്കു് | 'the holy lamp made out of metal' | | |

## NOTES

14.54.1. In this lesson verbal adjectives or relative participles are introduced.

14.54.2. Verbal adjectives are formed by the addition of the suffix -അ after the tense suffix.

a. പഠിക്കുന്ന കുട്ടി ജയിക്കും.

The child who studies will pass.

b. പഠിച്ച കുട്ടി ജയിച്ചു.

The child who studied passed.

c. വരും കാര്യത്തെപ്പറ്റി ആലോചിക്കരുതു്.

Don't worry about the things to come.

14.54.3. Please note that after the future tense suffix -ഉം, the verbal adjective suffix -അ is not added. The future form itself functions like adjective. Compared to past and present verbal adjective forms, future form is used very rarely.

ആടും പാവ വാങ്ങിത്തരൂ — Get me a dancing doll.

14.54.4. Note the verbal adjective forms of defective verbs and copula verb.

| | |
|---|---|
| a. എനിക്കു് പണം ഉണ്ടു് | I have money. |
| എനിക്കു് ഉള്ള പണം | The money I have. |
| b. എനിക്കു പുസ്തകം വേണം | I want the book. |
| എനിക്കു വേണ്ട പുസ്തകം | The book I want. |
| c. രാധ സുന്ദരി ആണു്. | Radha is beautiful. |
| സുന്ദരി ആയ രാധ | Beautiful Radha. |

## UNIT 14

## LESSON 55

# ജോണിയുടെ കഷ്ടപ്പാട്.

## CONVERSATION

| | | |
|---|---|---|
| കുറുപ്പ്: | എന്തൊക്കെയുണ്ട് ജോണി വിശേഷം? ഞാൻ നാട്ടിൽ എത്തിയിട്ട് നാലഞ്ച് ദിവസമായെങ്കിലും നിന്നെ കാണാനുള്ള ഭാഗ്യം ഇപ്പോഴേ ഉണ്ടായുള്ളൂ. നമ്മളും തമ്മിൽ പിരിഞ്ഞിട്ട് പത്തു വർഷത്തിലേറെയായി. കാര്യങ്ങളൊക്കെ അതുകൊണ്ട് നീ വിവരിച്ചു പറയണം. | What are the news Johny ? Even though four to five days have passed since I came here I have the luck of meeting you only now. More than ten years have passed since we parted. So you should tell everything in detail. |

| | | |
|---|---|---|
| ജോണി: | വിശേഷമൊക്കെ താൻ എന്നോട് ചോദിച്ചാലോ? താനല്ലേ മറുനാടൻ മലയാളി? വിദേശസഞ്ചാരി! താൻ കാണാത്ത നാടും ഇടപഴകാത്ത ആളുകളുമുണ്ടോ? അപ്പോൾ പറയാനും, കാണിക്കാനും ഒക്കെ തനിക്കല്ലേ കൂടുതൽ? എന്റേതാണെങ്കിൽ കഷ്ടപ്പാടിന്റെ കഥയാ. | If you ask about the news to me (what am I to tell)? Aren't you the out-side Malayali? The foreign traveller! Is there a place which you didn't see and persons with whom you didn't mingle? In that case aren't you the person who has much more to tell and show? Mine is a story of suffering. |
| കുറുപ്പ്: | തമാശ് കളയെടോ. പറ. വേണ്ടാത്ത കാര്യം ഞാൻ ചോദിക്കുമോ? നീയിപ്പോ എന്തെടുക്കുന്നു? കല്യാണം ഒക്കെ കഴിച്ചോ? | Don't joke. Tell me. Do I ask any thing unwanted? What are you doing now? Did you get married? |
| ജോണി: | ഓഹോ! കല്യാണം കഴിക്കാത്ത കുറവൊന്നുമില്ല. | Yes. I don't have the disqualification that I am unmarried. |
| കുറുപ്പ്: | പിന്നെ? | Then? |
| ജോണി: | പിന്നെന്തു പറയാനാ? ഭാര്യേം, രണ്ടു പിള്ളേരുമുണ്ട്. ഒരുവിധം അങ്ങനെ കഴിയുന്നു. | Then what am I to tell? I have my wife and two children. Somehow we are managing. |
| കുറുപ്പ്: | എന്നു പറഞ്ഞാൽ? അച്ഛന്റെ വ്യാപാരമൊക്കെ ഏറ്റെടുത്തു നടത്തുന്നോ? | What do you mean by that? Have you taken over the responsibility of your father's business? |

**ജോണി:** വ്യാപാരത്തിന്റെ കാര്യം ഒന്നും പറയണ്ട. ചുരുക്കിപ്പറഞ്ഞാൽ എനിക്കിപ്പോൾ ഇല്ലാത്ത പ്രാരബ്ധവും കഷ്ടപ്പാടുമൊന്നുമില്ല. അതൊക്കെ തനിക്കെന്തിനാ? തന്റെ കാര്യം പറ. കേൾക്കട്ടെ.

I don't want to tell about business. In short there is no burden or worry which I don't have now. Why do you need that? You tell about yourself. Let me hear.

**കറുപ്പ്:** ഒഴിഞ്ഞുമാറാൻ നോക്കാതെന്റെ ജോണീ. ഒക്കെ ഒന്നു തെളിച്ചു പറ.

Don't try to avoid. Tell me everything clearly.

**ജോണി:** പറഞ്ഞിട്ടു വലിയ പ്രയോജനമൊന്നുമില്ല. എന്നാലും പറയാം. മൂത്ത പെങ്ങളുടെ കല്യാണത്തിനു സ്ത്രീധനത്തുക തികയ്ക്കാൻ അപ്പച്ചനു പീടികപോലും വിൽക്കേണ്ടിവന്നു. പോരാതെ കുറെ കടവും എടുത്തു. കല്യാണമൊക്കെ കെങ്കേമമായിത്തന്നെ നടത്തി. പക്ഷെ ആ കല്യാണത്തോടുകൂടി അപ്പച്ചന്റെ വ്യാപാരം പൊളിഞ്ഞു. അപ്പച്ചൻ കിടപ്പിലുമായി. ആറേഴു മാസത്തിനുള്ളിൽ കല്യാണം കഴിക്കാത്ത രണ്ടു പെങ്ങന്മാരുടേം, പിന്നെ അമ്മേടേം, ഭാരം എന്നെ ഏല്പിച്ചിട്ട് അപ്പച്ചൻ മരിച്ചു. അതിൽപ്പിന്നെ തീർത്താൽ തീരാത്ത കടവുമായി ഞാൻ നട്ടം തിരിയുന്നു. ഒരു ചെറിയ മുറുക്കാൻ കട മാത്രമാണ് എന്റെ ഏകാവലംബം.

There is not much use in telling. Still I shall tell you. My father had to sell even his shop to pay off the dowry for my elder sister's marriage. In addition to that he took some loan also. He conducted the marriage grandly. But with that marriage his business stopped. Father became ill and was bedridden also. Within six to seven months, having entrusted to me the responsibility of two unmarried sisters and my mother, father died. Since then I am struggling with the never ending debt. A petty pan-shop is my only solace.

**കറുപ്പ്:** നീ സർക്കാർ ജോലിക്കു ശ്രമിച്ചില്ലേ?

Didn't you try for a Government job?

| | | |
|---|---|---|
| ജോണി: | ഫസ്റ്റ് ക്ലാസിൽ എം. ഏ. പാസ്സായ നിനക്കുപോലും ഇവിടെ ജോലി കിട്ടാതെ നാടു വിടേണ്ടിവന്നു. പിന്നെ ബി.ഏ. പോലും മുഴമിപ്പിക്കാത്ത എന്റെ കഥ ചോദിക്കാനുണ്ടോ? | Even you who passed the M.A. in first class had to leave the place without getting a job here. Then do you have to ask about me who didn't even complete B.A.? |
| കുറുപ്പ്: | ജോലി ഇല്ലാത്ത ചെറുപ്പക്കാർക്കു് എന്തെങ്കിലും തൊഴിൽ സ്വന്തമായി ചെയ്യാൻ ധനസഹായം നൽകാനുള്ള ഒരു പദ്ധതിയൊക്കെ സർക്കാരിനുണ്ടല്ലോ. നീ അതിനൊന്നും അപേക്ഷിച്ചില്ലേ? | The Government has some plan to provide financial assistance to the unemployed youth to start some occupation on their own. Didn't you apply for any of those things? |
| ജോണി: | ശ്രമിക്കാനിനി ഒന്നും ഇല്ല. ഒരു ജോലിക്കോ സഹായത്തിനോ വേണ്ടി ഞാൻ പോകാത്ത സ്ഥലമോ, പോയിക്കണ്ടു് അപേക്ഷിക്കാത്ത മന്ത്രിയോ, ഉദ്യോഗസ്ഥനോ നമ്മുടെ നാട്ടിലില്ല. പക്ഷെ അഴിമതിനിറഞ്ഞ ഇക്കാലത്തു് എന്നെപ്പോലെയുള്ള പാവങ്ങൾക്കു് ഒരു രക്ഷയുമില്ല. | There is nothing left to try. In our state there is no Minister or Officer whom I haven't seen or a place where I didn't go to get some job or help. But in this period of corruption there is no protection for poor people like me. |
| കുറുപ്പ്: | അത്രയ്ക്കങ്ങു നിരാശനാകാതെ. എല്ലാ കഷ്ടത്തിനും ഒരറുതിയുണ്ടു ജോണീ. നീ ഇതുവരെ പറഞ്ഞ കഥയൊക്കെ എനിക്കു മനസ്സിലായി. പക്ഷെ ഈ കഷ്ടപ്പാടിനിടയിൽ നീ എങ്ങനെ കല്യാണം കഴിക്കാൻ ഇടയായി? അതു നീ പറഞ്ഞില്ലല്ലോ. | Don't be disappointed to that extent. For all kind of suffering there is an end. I understood the story you told me so far. But amidst this suffering how did you happen to get married? You didn't tell me that. |

| | | |
|---|---|---|
| ജോണി: | അതു വേറെ ഒരു കഥ. രണ്ടു പെങ്ങന്മാരുടെ ചുമതല എനിക്കായിരുന്നില്ലേ? അവരിൽ ഒരുത്തിക്കു് നമ്മുടെ ഔസേപ്പു മുതലാളി ഒരു നല്ല ആലോചന കൊണ്ടുവന്നു. സ്ത്രീധനമൊന്നും വേണ്ടാത്ത പാർട്ടിയായിരുന്നു. പക്ഷെ പകരം ആ ചെറുക്കന്റെ പെങ്ങളെ ഞാനും കെട്ടേണ്ടിവന്നു. | That is another story. Wasn't I having the responsibility of two sisters? For one of them our Ouseph Sir brought a good proposal. That was a party who didn't want dowry and other things. But instead I had to marry that boy's sister. |
| കുറുപ്പ്: | അതിലിപ്പോ പശ്ചാത്താപം ഒന്നും തോന്നുന്നില്ലല്ലോ. | I hope you don't regret it. |
| ജോണി: | ഇല്ല. ആ ഒരേ ഒരു കാര്യത്തിൽ മാത്രം കർത്താവു് എന്നെ തുണച്ചു. സ്നേഹസമ്പന്നയായ ഒരു ഭാര്യയെ എനിക്കു കിട്ടി. വാ. നമുക്കു വീട്ടിലേക്കു പോകാം. നിനക്കു് എന്റെ ഭാര്യേം, പിള്ളേരേം ഒക്കെ കാണണ്ടേ? | No. Not at all. That-is the only thing in which Lord has blessed me. I got a very affectionate wife. Come, don't you want to see my wife and children? |

## DRILLS

### A. Repetition drill

a. 1. എന്റെ കൂട്ടുകാരൻ കാണാത്ത നാടും വീടും ഇല്ല.
   2. ആരും അറിയാത്ത ആ രഹസ്യം നീ എങ്ങനെ അറിഞ്ഞു?
   3. ഒരു ജോലി അന്വേഷിച്ചു ഞാൻ പോകാത്ത സ്ഥലമില്ല.
   4. എന്റെ കയ്യിൽ ഇല്ലാത്ത പണം ഞാൻ എങ്ങനെ തരും?
   5. അവർക്കു വേണ്ടാത്ത കാര്യത്തിലും അവർ താല്പര്യം കാണിക്കുന്നു.

b. 1. തീർത്താൽ തീരാത്ത ജോലി ഇവിടെ എനിക്കുണ്ടു്.
   2. പറഞ്ഞാൽ തീരാത്ത വിശേഷമുണ്ടു് എനിക്കു നിന്നോടു പറയാൻ.
   3. എഴുതിയാൽ തീരാത്ത കഥകളുണ്ടു് ആ കഥാകാരന്റെ മനസ്സിൽ.

c. 1. ആ കല്യാണത്തോടുകൂടി അദ്ദേഹത്തിന്റെ കച്ചവടം പൊളിഞ്ഞു.
   2. രമയുടെ പാട്ടോടുകൂടി പരിപാടി അവസാനിച്ചു.
   3. ഇതോടുകൂടി ഇന്നത്തെ പാഠം തീരുന്നു.

B. Build up drill

Model

കൊണ്ടുവന്നു.

കൊണ്ടുവന്നു.

കല്യാണം കഴിച്ചു

കല്യാണം കഴിച്ചു കൊണ്ടുവന്നു.

അയാൾ

അയാൾ കല്യാണം കഴിച്ചു കൊണ്ടുവന്നു.

നാടൻ പെണ്ണിനെ

നാടൻ പെണ്ണിനെ അയാൾ കല്യാണം കഴിച്ചു കൊണ്ടുവന്നു.

ഒരു

ഒരു നാടൻ പെണ്ണിനെ അയാൾ കല്യാണം കഴിച്ചു കൊണ്ടുവന്നു.

നാണം മാറാത്ത

നാണം മാറാത്ത ഒരു നാടൻ പെണ്ണിനെ അയാൾ കല്യാണം കഴിച്ചു കൊണ്ടുവന്നു.

നഗരം കാണാത്ത

നഗരം കാണാത്ത, നാണം മാറാത്ത ഒരു നാടൻ പെണ്ണിനെ അയാൾ കല്യാണം കഴിച്ചു കൊണ്ടുവന്നു.

1. വാങ്ങിപ്പിച്ചു.

എന്നെക്കൊണ്ട് വാങ്ങിപ്പിച്ചു.

ആ കടക്കാരൻ എന്നെക്കൊണ്ടു വാങ്ങിപ്പിച്ചു.

ഒരു പഴയ പുസ്തകം ആ കടക്കാരൻ എന്നെക്കൊണ്ടു വാങ്ങിപ്പിച്ചു.

ഒരു പഴയ പുസ്തകം ആ കടക്കാരൻ എന്നെക്കൊണ്ടു വാങ്ങിപ്പിച്ചു.

ആരും വാങ്ങാത്ത ഒരു പഴയ പുസ്തകം ആ കടക്കാരൻ എന്നെക്കൊണ്ടു വാങ്ങിപ്പിച്ചു.

ആർക്കും വേണ്ടാത്ത, ആരും വാങ്ങാത്ത ഒരു പഴയ പുസ്തകം ആ കടക്കാരൻ എന്നെക്കൊണ്ടു വാങ്ങിപ്പിച്ചു.

2. വരും.

മുമ്പോട്ടുവരും.

എത്രപേർ മുമ്പോട്ടു വരും?

നമ്മുടെ നാട്ടിൽ എത്രപേർ മുമ്പോട്ടുവരും?

ബഹുമാനിക്കാൻ നമ്മുടെ നാട്ടിൽ എത്രപേർ മുമ്പോട്ടുവരും?

ആളുകളെ ബഹുമാനിക്കാൻ നമ്മുടെ നാട്ടിൽ എത്രപേർ മുമ്പോട്ടുവരും?

ഒന്നുമില്ലാത്ത ആളുകളെ ബഹുമാനിക്കാൻ നമ്മുടെ നാട്ടിൽ എത്രപേർ മുമ്പോട്ടു വരും?

അധികാരവും, പണവും ഒന്നുമില്ലാത്ത ആളുകളെ ബഹുമാനിക്കാൻ നമ്മുടെ നാട്ടിൽ എത്ര പേർ മുമ്പോട്ടു വരും?

3. ഉണ്ട്.
എനിക്കുണ്ട്.
ജോലി എനിക്കുണ്ട്
തീരാത്ത ജോലി എനിക്കുണ്ട്.
തീർത്താൽ തീരാത്ത ജോലി എനിക്കുണ്ട്.
എത്ര ചെയ്താലും തീർത്താൽ തീരാത്ത ജോലി എനിക്കുണ്ട്.

4. ഇല്ലാതെ ആയി.
സന്തോഷവും ഇല്ലാതെ ആയി.
ആ വീട്ടുകാരുടെ സന്തോഷവും ഇല്ലാതെയായി.
മരണത്തോടുകൂടി ആ വീട്ടുകാരുടെ സന്തോഷവും ഇല്ലാതെയായി.
അച്ഛന്റെ മരണത്തോടുകൂടി ആ വീട്ടുകാരുടെ സന്തോഷവും ഇല്ലാതെയായി.

## C. Restatement drill

### Model 1

രാധ കുട്ടിയെ കാണാതെ കരഞ്ഞു. >
കുട്ടിയെ കാണാത്ത രാധ കരഞ്ഞു.

1. ഒന്നും പഠിക്കാതെ രാമൻ പരീക്ഷയിൽ തോററു.
2. നന്നായി പാട്ടു പാടാതെ പെൺകുട്ടി സമ്മാനം വാങ്ങുന്നു.
3. ചോദ്യത്തിനു് ഉത്തരം പറയാതെ വേണു ഇറങ്ങി നടന്നോ?
4. നിങ്ങൾക്കു് എഴുത്തെഴുതാതെ മറുപടി കിട്ടുമോ?
5. പാലു കാച്ചാതെ കുടിക്കാമോ?
6. ഞാൻ നിന്റെ കാര്യം ഓർമ്മിക്കാതെ അങ്ങനെ പറഞ്ഞുപോയി.

### Model 2

മോഹനൻ പാട്ടു പാടുന്നില്ല >

a. പാട്ടു പാടാത്ത മോഹനൻ
b. മോഹനൻ പാടാത്ത പാട്ടു്

1. കുട്ടികൾ പലഹാരം തിന്നുന്നില്ല.
2. മത്തായി കള്ളു കുടിക്കുന്നില്ല.
3. രാധയ്ക്കു പണം വേണ്ട.
4. ലൈബ്രറിയിൽ പുസ്തകങ്ങൾ ഇല്ല.
5. ജനങ്ങൾ വേദന മനസ്സിലാക്കുന്നില്ല.
6. നരേന്ദ്രൻ ചൂടുവെള്ളത്തിൽ കുളിച്ചില്ല.

7. അഹമ്മദ് കച്ചവടം നടത്തിയില്ല.
8. ബാബു കല്ല് എറിഞ്ഞില്ല.
9. സർക്കാർ കുറ്റക്കാരെ ശിക്ഷിച്ചില്ല.
10. രമണി രഹസ്യം പറഞ്ഞില്ല.

## D. Transformation drill

ഞാൻ ചെയ്ത കാര്യം നിങ്ങൾ എങ്ങനെ അറിഞ്ഞു?
ഞാൻ ചെയ്യാത്ത കാര്യം നിങ്ങൾ എങ്ങനെ അറിഞ്ഞു?

1. പഠിച്ച കുട്ടി ജയിച്ചു.
2. എല്ലാവരോടും വർത്തമാനം പറയുന്ന റാണിയെ നിങ്ങൾക്കറിയാമോ?
3. അയാൾ പോകുന്ന സ്ഥലത്തൊക്കെ ഞാനും പോകും.
4. മീൻ കഴിക്കുന്ന കുട്ടി വേഗം വളരുമോ?
5. നിന്നെ സ്നേഹിക്കുന്ന വ്യക്തിയെ നീയും സ്നേഹിക്കില്ലേ?
6. ഏതു കാര്യത്തിനും നന്നായി ആലോചിച്ചു തീരുമാനം എടുക്കുന്ന അദ്ദേഹം ആണ് ഞങ്ങളുടെ മേലധികാരി.
7. ആരേയും പുകഴ്ത്തുന്ന സ്വഭാവമാണ് എന്റെ അനിയന്റേതു്.
8. വിദ്യാർഥികളെ വഴക്കു പറയുന്ന അധ്യാപകർ ഇപ്പോഴുമില്ലേ?
9. പണം ഉള്ള കുട്ടിയെ മാത്രമെ അവൻ കല്യാണം കഴിക്കൂ.
10. നീ എഴുതിയ ആ കഥ ഞാൻ എങ്ങനെ വായിക്കട്ടെ?

## E. Reinterpretation drill

Model

പണമില്ലാത്ത ആളുകളെ മാത്രമേ ശിക്ഷിക്കൂ.
പണമുള്ള ആളുകളെ ശിക്ഷിക്കില്ല.

1. വെള്ളമില്ലാത്ത നാട്ടിലേ ഇങ്ങനെ ചെയ്യൂ.
2. അന്യരുടെ വേദന അറിയാത്ത ആളുകളേ അതു പറയൂ.
3. മലയാളം അറിയാത്ത കുട്ടരേ ഇംഗ്ലീഷിൽ സംസാരിക്കൂ.
4. നന്നായി ആഹാരം കഴിക്കാത്ത പെൺകുട്ടികളേ ഇങ്ങനെ ഇരിക്കൂ.
5. കൊച്ചു കുഞ്ഞുങ്ങൾ ഇല്ലാത്ത എന്റെ വീട്ടിലേ നിങ്ങൾ വരേണ്ടൂ.
6. ചോദിക്കാൻ ആണുങ്ങൾ ഇല്ലാത്ത വീട്ടിലേ ഇതു് ഒക്കൂ.
7. പിശുക്കൻ അല്ലാത്ത ആളിനെ മാത്രമേ അവൾ കല്യാണം കഴിക്കൂ.
8. കരയാത്ത കുട്ടിക്കേ പാൽ കൊടുക്കൂ.
9. പരസ്പരം സ്നേഹിക്കാത്ത ആളുകളേ ഇങ്ങനെ പെരുമാറൂ.
10. കള്ളം പറയാത്ത ആളുകളോടേ അദ്ദേഹം സംസാരിക്കൂ.

## F. Combination drill

Model

(a) മുതലാളി വീട വയ്ക്കുന്നില്ല.

(b) ആ വീട്ടിൽ ഞാൻ പിന്നെ എങ്ങനെ താമസിക്കും?

(a+b) മുതലാളി വയ്ക്കാത്ത വീട്ടിൽ ഞാൻ പിന്നെ എങ്ങനെ താമസിക്കും?

1. ഞാൻ ഒന്നും ആലോചിക്കുന്നില്ല.
ഞാൻ ഇതിനുത്തരം പറയില്ല.

2. ഡോക്ടർ കുററം ചെയ്യുന്നില്ല.
ഡോക്ടർ സർക്കാരിനെ എന്തിനു പേടിക്കണം?

3. ആ പേജിൽ ഒന്നും എഴുതിയില്ല.
ആ പേജ് പിന്നെ നമ്മൾ എങ്ങനെ വായിക്കണം?

4. അധ്യാപകൻ പഠിപ്പിക്കുന്നില്ല.
കുട്ടികൾ അധ്യാപകനെ ബഹുമാനിക്കുന്നില്ല.

5. രാജൻ രാധയെ ഇഷ്ടപ്പെടുന്നില്ല.
രാധയും രാജനെ ഇഷ്ടപ്പെടുന്നില്ല.

6. വാടകക്കാർ വാടക കൊടുക്കുന്നില്ല.
വീട്ടുടമസ്ഥൻ വാടകക്കാരെ ഇറക്കി വിടുന്നു.

7. അദ്ദേഹം സത്യം അന്വേഷിക്കുന്നില്ല.
അദ്ദേഹത്തിനെ നമുക്കും വിശ്വസിക്കണ്ട.

8. മന്ത്രി കൈക്കൂലി വാങ്ങുന്നില്ല.
ആ മന്ത്രിയെ നിനക്കറിയാമോ?

9. യാത്രക്കാരൻ ടിക്കററെടുത്തില്ല.
യാത്രക്കാരനെ സർക്കാർ ശിക്ഷിച്ചു.

10. ആരോടും ആ കുട്ടി വഴക്ക കൂടില്ല.
ആ കുട്ടിയെ നിങ്ങൾ എന്തിന് ഉപദ്രവിക്കണം?

## EXCERCISES

I Fill in the blanks using the correct form of the given word.

1. ഞാൻ സ്വപ്നത്തിൽ പോലും —— കാര്യം നിങ്ങൾ എങ്ങനെ അറിഞ്ഞു? (അറിയ്)

2. മനുഷ്യരെ —— മാധവന് പണത്തെ സ്നേഹിക്കാൻ അറിയാം. (സ്നേഹിക്ക്)

3. കഷ്ടപ്പെട്ട ജോലി ——— ഞാൻ ഇപ്പോഠം പണിയെടുക്കുന്നേയില്ല. (ചെയ്)

4. നുണ പറയുന്ന രാമൻ ——— നുണ ഇല്ല. (പറയ്)

5. കുട്ടികഠം ഇല്ലാത്ത വീട് വീട് ———? (ആണ്)

6. ആർക്കും ——— പശുവിനെ നീ വിററു അല്ലേ? (വേണ്ട)

7. പണക്കാരൻ ——— അദ്ദേഹം, പണം ഇല്ലാത്ത പാവങ്ങളെ സഹായിച്ചു. (അല്ല)

8. ധാരാളം പണം ——— അദ്ദേഹം ആർക്കും കിട്ടാത്ത സാധനങ്ങഠം സമ്പാദിച്ചു. (ഉണ്ട്)

9. സ്കൂളിൽ പോകാത്ത അദ്ദേഹം പല സ്കൂളുകളും ———. (തുറക്ക്)

10. വിദ്യ ——— മന്ത്രി വിദ്യാഭ്യാസമന്ത്രി ആയി. (ഇല്ല)

11. എഴുതിയാൽ ——— കത്തുകഠം എനിക്കെഴുതാനുണ്ട്. (തീരു്)

12. ——— കേഠംക്കാത്ത കുട്ടികളെ ആർക്കിഷ്ടമാണ്. (പറയ്)

II Fill in the blanks suitably.

1. നിനക്കു് ആരോഗ്യം വേണമെങ്കിൽ ആർക്കും ——— ഈ ആഹാര നീയും കഴിക്കരുത്.

2. മൂത്തവരെ ——— കുട്ടി ഒന്നും പറയാതെ നടന്നുപോയി.

3. രാവിലെ എണീററു പല്ലു ——— കുളിച്ചു.

4. കാര്യം മനസ്സിലാക്കാത്ത ——— ഞാനെന്തു സംസാരിക്കട്ടെ?

5. തമ്മിൽത്തല്ലാത്ത കുട്ടികഠം ഇപ്പോഠം നമ്മഠം പറഞ്ഞാൽ ———?

6. ദൈവത്തിൽ ——— നിനക്കു് ആരെ വിശ്വാസമുണ്ട്?

7. കാപ്പി കുടിക്കാത്ത, പലഹാരം ——— കുഞ്ഞിനെ നീ കണ്ടില്ലേ?

8. ആ വിഷയത്തെപ്പററി നേരത്തേ ആലോചിക്കാത്ത അദ്ദേഹം അതു് ——— ഒന്നും മിണ്ടാതെ ഇരുന്നുപോകും.

9. കള്ളം പറഞ്ഞാൽ ഉള്ള രക്ഷയും കൂടെ ——— ആകും.

10. ഈ കാര്യം നിങ്ങഠം ആരോടും പറയാതെ ——— ഞാൻ ആർക്കും ——— സമ്മാനം നിനക്കു തരാം.

11. ——— തീരാത്ത വർത്തമാനം നിന്നോടു പറയാനുണ്ട്.

12. പഠിപ്പിച്ചാൽ ——— പാഠം ഉണ്ടോ?

## III Negate the underlined verbs in the given sentences.

1. ഞാൻ പാടുന്ന പാട്ട് നീ പാടുമോ?
2. വീട്ടിലുള്ളവരെ ബഹുമാനിക്കുന്ന രാജു നാട്ടുകാരെ ബഹുമാനിക്കുന്നു.
3. അർത്ഥം മനസ്സിലാക്കിയ പദം നീ ആരോടു ചോദിച്ചു?
4. വീട്ടിൽ പോയി എല്ലാവരേയും കണ്ടു തിരിച്ചുവന്നു.
5. മന്ത്രിയെ ശല്യപ്പെടുത്താതെ കാര്യം നേടി.
6. നേതാവിനെ വെറുക്കുന്ന അവനെ പാർട്ടി സ്വീകരിക്കുന്നു.
7. ഓണം ആഘോഷിക്കുന്ന വീട് ഇപ്പോഴും കേരളത്തിൽ ഇല്ലേ?
8. സിഗരററുവലി ഉപേക്ഷിക്കാത്ത രാഘവന്റെ ആരോഗ്യം നശിച്ചു.
9. അവർ പറയുന്ന കാര്യം എങ്ങനെ നീ കേട്ടു?
10. മലയാളികൾ ഉള്ള നാട് ഉണ്ടോ?

## IV Combine the given sets of sentences using appropriate verbal adjectives.

1. പെൺകുട്ടി സ്വപ്നം കാണുന്നില്ല.
   ഞാൻ പെൺകുട്ടിയെ ഇഷ്ടപ്പെടുന്നു.
2. അദ്ദേഹം എല്ലാവരേയും പുകഴ്ത്തുന്നു.
   അദ്ദേഹം ഇപ്പോൾ നേതാവാണ്.
3. ഞാൻ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നില്ല.
   ഞാൻ മന്ത്രിമാരേയും ബഹുമാനിക്കുന്നില്ല.
4. മുറുക്കാൻ കട നടത്തുന്നു.
   സുഖമായി ജീവിക്കുന്നു.
5. പരസ്യം ഇല്ല.
   വില്പനയിൽ ആളുകൾക്ക് വിശ്വാസവും ഇല്ല.
6. എല്ലാവരിലും നല്ല ഗുണങ്ങൾ ഉണ്ട്.
   ആ നല്ല ഗുണങ്ങൾ കാണാൻ ശ്രമിക്കണം.
7. അദ്ദേഹം വീട്ടിനെപ്പററി ചിന്തിക്കുന്നില്ല.
   ഇപ്പോൾ അദ്ദേഹം വേറെ ഒന്നിനെപ്പററിയും ചിന്തിക്കുന്നില്ല.
8. വിപ്ലവകാരി സർക്കാരിനെ വെല്ലുവിളിക്കുന്നു.
   വിപ്ലവകാരി ജയിലിൽ പോകുന്നു.
9. സ്വന്തം നാടും വീടും ഇല്ല.
   അയാൾ ഇപ്പോൾ ഒരു പട്ടാളക്കാരനാണ്.
10. മുഹമ്മദിനു ജീവിതത്തിൽ ആശയില്ലായിരുന്നു.
    മുഹമ്മദ് ഇപ്പോൾ ജീവിക്കാൻ പഠിച്ചു.

## V Split the given sentences into single sentences.

1. ജനിക്കാത്ത കുട്ടിയെപ്പററിയും, സമ്പാദിക്കാൻ സാധിക്കാത്ത സ്വത്തിനെപ്പററിയും നിങ്ങൾ എന്തിനു് ആലോചിക്കണം?
2. മന്ത്രിയെ കാണാൻ രണ്ടുമൂന്നു മണിക്കൂർ കാത്തുനിന്നു് അദ്ദേഹത്തിനെ കാണാൻ തരപ്പെടാതെ ഞാൻ നിരാശനായി തിരിച്ചുവന്നു.
3. കുട്ടികൾ ഇല്ലാത്ത വീടു്, വീടാണോ?
4. നന്നായി പരീക്ഷ എഴുതി ഒന്നാം സമ്മാനം വാങ്ങിച്ച രാജുവിനെ കണ്ടു് അമ്മ സന്തോഷത്തോടെ ചിരിച്ചു.
5. പണം എല്ലാം കളഞ്ഞുനശിപ്പിച്ചു്, ആരേയും അനുസരിക്കാതെ നടന്ന മകൻ അവസാനം അച്ഛൻെറ കാലിൽ വീണു നമസ്കരിച്ചു ക്ഷമ ചോദിച്ചു.
6. വർഷങ്ങൾക്കു മുൻപു് പരസ്പരം പിരിഞ്ഞുപോയ ഭാര്യാ ഭർത്താക്കന്മാർ തീയേററിൽവച്ചു കണ്ടു് തമ്മിൽത്തമ്മിൽ വർത്തമാനം പറയാതെ മുഖത്തോടുമുഖം നോക്കി നിന്നുപോയി.
7. കല്യാണം കഴിച്ചു രണ്ടുമൂന്നു പിള്ളേരുമുള്ള, ജോലി ഇല്ലാത്ത മത്തായിയുടെ കുടുംബപ്രാരബ്ധത്തെപ്പററി കേട്ടാൽ എനിക്കു് സങ്കടം തോന്നും.
8. ഞാൻ വായിക്കാത്ത പുസ്തകങ്ങളേ ഈ ലൈബ്രറിയിൽ ഉള്ളൂ.
9. ഭാരതത്തിൽ വരുന്ന സഞ്ചാരികൾ കേരളത്തിൽ വരാതെ പോയാൽ അവർക്കു് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ആരെക്കൊണ്ടു സാധിക്കും?
10. അഴിമതി നിറഞ്ഞ നാട്ടിൽ മനസ്സുവേദനിക്കാതെ ജീവിക്കുന്ന വ്യക്തികൾ രാഷ്ട്രീയ നേതാക്കന്മാർ മാത്രമാണു്.

## VI Rewrite the sentences with emphatic –ഏ and –ഈ without changing the meaning.

1. കള്ളം പറയാത്ത കുട്ടികളെ അദ്ദേഹം ശിക്ഷിക്കില്ല.
2. പണം ഇല്ലാത്ത ബന്ധുക്കളെ ഓർമ്മിച്ചില്ല.
3. കല്യാണം കഴിച്ച പെങ്ങന്മാരുടെ ചുമതല എനിക്കില്ല.
4. നല്ലവർ ഇല്ലാത്ത ലോകത്തിൽ അതു നടക്കില്ല.
5. വാടക വീടു് കിട്ടാത്ത സ്ഥലത്തു് എനിക്കു് സ്ഥലം മാററം കിട്ടിയില്ല.
6. പണമില്ലാത്തവർക്കു് അധികാരവും ഇല്ല.
7. കരയാത്ത കുട്ടിക്കു പാൽ കിട്ടില്ല.
8. നന്നായി ഓടാത്ത പയ്യനു് സമയത്തിനു് ബസ്സ്റ്റാൻറിലെത്താൻ പററില്ല.
9. പഠിച്ച പാഠം പരീക്ഷയ്ക്കുവരില്ല.
10. പണം ഉള്ളവർക്കു സന്തോഷം ഇല്ല.

VII Rewrite the sentences using negatives without changing the meaning.

1. അദ്ദേഹം കാപ്പി കുടിച്ചിട്ടേ പോകൂ.
2. പണം ഉള്ള വീട്ടുകാർക്കേ അതു് സാധിക്കൂ.
3. വിവരം അറിഞ്ഞ നാട്ടുകാരേ വരൂ.
4. കടം വാങ്ങിച്ച ആളേ കഷ്ടപ്പെട്ടുള്ളൂ.
5. മൂന്നാം തീയതി അദ്ദേഹം ഇവിടെ വന്നിട്ടേ കാര്യം നിശ്ചയിക്കൂ.
6. പാടുന്ന പെൺകുട്ടിയെ മാത്രമേ അയാൾ കല്യാണം കഴിക്കൂ.
7. വലുതാക്കിയ വീട്ടിലേ താമസിക്കൂ.
8. പപ്പടം കാച്ചിയാലേ ചോറുണ്ണൂ.
9. അമ്മ അച്ഛനെ ചോറു വിളമ്പിയിട്ടേ കുഞ്ഞിനെ കളിപ്പിക്കൂ.
10. മീൻ ഉണ്ടെങ്കിലേ ആഹാരം കഴിക്കൂ.

VIII Answer the following questions with reference to the conversation.

1. കുറുപ്പും, ജോണിയും പുതിയ കൂട്ടുകാരാണോ? പണ്ടത്തെ കൂട്ടുകാരാണോ?
2. ജോണിയുടെ അഭിപ്രായത്തിൽ ആർക്കാണു കൂടുതൽ വിശേഷം? അതിനു് കാരണമെന്തു്?
3. ജോണി ഇപ്പോൾ വലിയ ബിസിനസ്സുകാരനാണോ?
4. ജോണി എങ്ങനെ ഇന്നത്തെ സ്ഥിതിയിലായി?
5. ജോണിക്കു് സർക്കാർ ജോലി ഇഷ്ടമില്ലേ?
6. ജോണി എങ്ങനെ കല്യാണം കഴിക്കാൻ ഇടയായി?

## VOCABULARY

| | | | |
|---|---|---|---|
| പിരിയു് | 'to part, to be separated' | മറുനാടൻ | 'outsider' |
| വിദേശസഞ്ചാരി | 'foreign tourist' | ഇടപഴകു് | 'to mingle' |
| കഷ്ടപ്പാടു് | 'suffering' | | |
| കുറവു് | 'defect, disadvantage' | വ്യാപാരം | 'business' |
| ഒഴിഞ്ഞുമാറു് | 'to avoid' | പ്രയോജനം | 'use' |
| സ്ത്രീധനം | 'dowry' | തുക | 'amount' |
| തികയ്ക്കു് | 'to complete' | പീടിക | 'shop'' |
| കടം | 'loan' | കെങ്കേമമായി | 'grandly' |
| പൊളിയു് | 'to flop, to collapse' | കിടപ്പിലാകു് | 'to be sick' |
| പെങ്ങൾ | 'sister' | അപ്പച്ചൻ | 'father' |
| നട്ടംതിരിയു് | 'to be in a fix, to suffer' | മുഴുമിപ്പിക്കു് | 'to complete' |
| ധനസഹായം | 'economic assistance' | പദ്ധതി | 'plan' |
| അഴിമതി | 'corruption' | നിറയു് | 'to be full' |
| അറുതി | 'end, stop' | ഇടയാകു് | 'to happen' |
| ചുമതല | 'responsibility' | പശ്ചാത്താപം | 'repentance' |

## NOTES

14.55.1. Negative verbal adjectives are introduced in this lesson.

14.55.2. Negative verbal adjectives are formed by the addition of –ആത്ത to the verb-stem.

കുറുപ്പ് കാണാത്ത സ്ഥലമില്ല.

There is no place which Kurup didn't see.

ഞാൻ പാടാത്ത പാട്ട് അവൾ പാടി.

The song which I didn't sing, she sang.

14.55.3. Note that –ആത്ത the negative adjectival suffix functions only as an adjectival suffix when it is added to defective verbs like അല്ല, ഇല്ല, വേണ്ട, and പോര.

a. ഡോക്ടറല്ലാത്ത അയാൾക്ക് മരുന്നിനെപ്പറ്റി എന്തറിയാം?

What does he know about medicine when he is not a doctor?

b. പണം ഇല്ലാത്ത എന്നെ ആരും ബഹുമാനിക്കില്ല.

Nobody respects me who doesn't have any money.

c. അവൾക്ക് വേണ്ടാത്ത കാര്യങ്ങൾ അവൾ അന്വേഷിക്കുന്നു.

She enquires about things which she doesn't need!

d. നിനക്ക് പോരാത്ത പണം അച്ഛനോട് ചോദിക്ക്.

If the money is not sufficient you ask daddy.

14.55.4. Note the expression

തീർത്താൽ തീരാത്ത കടം 'the debt which will not be over even if we try to pay off, never ending debt.'

14.55.5. In the sentence ആ കല്യാണത്തോടുകൂടി വ്യാപാരം പൊളിഞ്ഞു.

'The business flopped with the marriage,'

the word <u>കല്യാണത്തോടുകൂടി</u> can be substituted by <u>കല്യാണത്തോടെ.</u>

ഓടുകൂടി indicates the same meaning of association as –ഓടെ

സ്നേഹത്തോടെ പറഞ്ഞു.<br>or<br>സ്നേഹത്തോടുകൂടി പറഞ്ഞു. } 'told affectionately'

UNIT 14

# LESSON 56

## അപ്പുവിന് ഇഷ്ടമുള്ള കഥ.

### CONVERSATION

| | | |
|---|---|---|
| അമ്മ: | ഇനിയും നിനക്ക് ഉറക്കം വന്നില്ലേ അപ്പൂ? ഞാനപ്പോഴേ നിനക്കു കിടക്ക വിരിച്ചു തന്നല്ലോ. | Appu, haven't you slept yet? I had spread the mattress for you long back. |
| അപ്പു: | അമ്മ എനിക്കൊരു കഥ പറഞ്ഞു തരണം. കഥ കേട്ടെങ്കിലേ എനിക്കു് ഉറണം വരൂ. | Mummy, you should tell me a story. I can sleep only if I hear a story. |

| | | |
|---|---|---|
| അമ്മ: | ശരി. ഏതു് കഥ വേണം നിനക്കു്? അമ്മയെ അനുസരിക്കാത്ത ആട്ടിൻകുട്ടിയുടെ കഥ മതിയോ? അതോ അപ്പം പങ്കുവച്ച കുരങ്ങന്റെ കഥ വേണോ? | O.K. Which story do you want now? Is the story of the lamb which didn't obey the mother sufficient? Or do you want the story of the monkey which divided the cake? |
| അപ്പു: | ആ കഥകളൊക്കെ കേട്ടുകേട്ടു് എനിക്കു് മതിയായി. ഇക്കഴിഞ്ഞ ഓണാവധിക്കു് നമ്മൾ അമ്മാവന്റെ വീട്ടിൽ പോയില്ലേ? അപ്പോൾ അവിടത്തെ ശാന്തച്ചേച്ചി എനിക്കു നല്ല ഒരു കഥ പറഞ്ഞു തന്നു. അമ്മയ്ക്കു് ആ കഥ അറിയാമോ? അത്തരം കഥകളേ എനിക്കു് വേണ്ടൂ. | I am fed up of hearing those stories. During this Onam vacation didn't we go to uncle's house? There, Santha Chechi told me a story. Do you know that story? I want only such stories. |
| അമ്മ: | അങ്ങനെ പറഞ്ഞാൽ എനിക്കു മനസ്സിലാവുമോ? ഏതു തരം കഥയാണതു്? നീ പറ. | If you tell like that will I understand? What kind of a story is that? You tell. |
| അപ്പു: | പറക്കും തളികയിൽ കയറി, ഏഴുകടലും താണ്ടി, പാതാളലോകത്തുപോയി, അവിടത്തെ കണ്ണാടിമാളികയിൽ സ്വർണ്ണം കൊണ്ടുള്ള തൂക്കുമഞ്ചത്തിൽ സ്വപ്നം കണ്ടു മയങ്ങിക്കിടന്ന സുന്ദരിയായ രാജകുമാരിയെ കല്യാണം കഴിച്ചുകൊണ്ടുവന്ന വീരരാജകുമാരന്റെ കഥയാണതു്. | That is the story of the brave prince who in a flying saucer crossed the seven oceans and married and brought the beautiful Princess who was dreaming and lying on a golden hanging cot. |
| അമ്മ: | അയ്യയ്യോ ഇത്ര വലിയ കഥയൊന്നും അമ്മയ്ക്കു് അറിഞ്ഞൂടല്ലോ മോനേ? | My good heavens! I don't know such big stories, my son. |

| | | |
|---|---|---|
| അപ്പു: | അമ്മ ഒന്നാലോചിച്ചു നോക്കു. ആലോചിച്ചാൽ ഓർമ്മവരും. ആ രാജകുമാരിക്കു് മാമ്പഴത്തിന്റെ മണവും, സ്വർണ്ണനിറവും കാക്കയെപ്പോലെ കറുത്തു് പാമ്പിനെപ്പോലെ നീണ്ട തലമുടിയും ഉണ്ടായിരുന്നു. | Mummy, you please try to think it over. If you try you will remember. That Princess had sweet mango perfume, golden complexion and hair that was black like the crow and long like the snake. |
| അമ്മ: | എനിക്കാ കഥ അറിഞ്ഞുകൂട. അറിയാമെങ്കിലല്ലേ ഓർമ്മ വരേണ്ടു ? | I don't at all know that story. Only if I know I need to remember. Is it not like that ? |
| അപ്പു: | അമ്മയ്ക്കറിഞ്ഞുകൂടെങ്കിൽ പിന്നെ ശാന്തച്ചേച്ചിക്കു് എങ്ങനെ അറിയാം? | If you don't know then how does Santha Chechi know ? |
| അമ്മ: | ഇങ്ങനത്തെ ചോദ്യം ചോദിച്ചാൽ ഞാൻ കുഴങ്ങിപ്പോവുകയേ ഉള്ളൂ. മോന്റെ ശാന്തച്ചേച്ചി കോളേജിൽ പഠിക്കുന്ന കുട്ടിയല്ലേ? അവൾ അവിടെ ധാരാളം പുസ്തകങ്ങൾ വായിച്ചു് കഥകളൊക്കെ മനസ്സിലാക്കി വയ്ക്കും. എന്നിട്ടു് നിങ്ങൾ ആരെങ്കിലും ചോദിച്ചാൽ ഉടനെ പറഞ്ഞു തരും. അവൾക്കറിഞ്ഞുകൂടാത്ത കഥകളേ ഇല്ലായിരിക്കും. അതുപോലെ എനിക്കു പറ്റുമോ? | If you ask such questions I will be perplexed. Isn't your sister Santha a college girl ? She will read there a lot of books and understand the stories. Then if any one of you asks she will immediately tell. There may not be any story that she doesn't know. Can I do like that? |
| അപ്പു: | എന്തുകൊണ്ടു പറ്റില്ല? | Why can't you ? |
| അമ്മ: | ഞാനിവിടെ പുസ്തകവും വായിച്ചു കൊണ്ടിരുന്നാൽ നിനക്കും, നിന്റെ അച്ഛനും ചോറും, കറിയും, പലഹാരവും ഒക്കെ ആരുവച്ചു തരും? | If I will be reading books who will prepare meals and tiffin for you and your daddy ? |

അപ്പു: പുസ്തകം വായിച്ചാലേ കഥ പറയാൻ പററുള്ളോ അമ്മേ? അതല്ലാതെ വേറെ വഴിയില്ലേ? പിന്നെ അമ്മ എന്നോടു പറയുന്ന കഥകളൊക്കെ എവിടുന്നു പഠിച്ചു?

Is it that one can tell stories only if one reads the books? Isn't there any other way? Then from where did you learn the stories, that you tell me?

അമ്മ: അതൊക്കെ എൻെറ കുട്ടിക്കാലത്തു് ഞങ്ങടെ മുത്തശ്ശി പറഞ്ഞുതന്ന കഥകളാണു്.

Those are the stories our granny told me in my childhood.

അപ്പു: അമ്മേടെ മുത്തശ്ശിക്കു് വെറും ദൈവത്തിൻേറം മൃഗങ്ങളുടേം കഥകൾ മാത്രമേ അറിയാമായിരുന്നുള്ളോ? രാജകുമാരന്മാരുടെ കഥകളൊന്നും അറിയാൻ പാടില്ലായിരുന്നോ?

Did your granny know only the stories of God and animals? Didn't she know the stories of the Princes.

അമ്മ: എന്താ? നിനക്കു മൃഗങ്ങളുടെ കഥകളൊന്നും ഇഷ്ടമല്ലേ? എന്നാൽ ഞാൻ ഇന്നുതൊട്ടു് അതൊന്നും പറയാൻ പോകുന്നില്ല.

So what? Don't you like the stories of animals? Then from today onwards I am not going to tell such stories.

അമ്മ: അങ്ങനെയല്ലമ്മേ, എനിക്കു് എല്ലാ കഥയും ഇഷ്ടമാണു്. കുരങ്ങനെ ചതിച്ചുകൊന്നു് അവൻെറ കരളുകൊണ്ടു ലേഹ്യം ഉണ്ടാക്കി ഭാര്യയുടെ നെഞ്ചുവേദന മാററാൻ നോക്കിയ ബുദ്ധിയില്ലാത്ത ആ മുതലേടെ കഥ എനിക്കു് വലിയ ഇഷ്ടമാണു്. അമ്മ അതൊരിക്കൽ കൂടി പറയൂ. എത്ര കേട്ടാലും മതിവരാത്ത കഥയാണതെനിക്കു്.

It is not like that, Mummy. I like all the stories. I like the story of that foolish crocodile which tried to cure the chest pain of its wife by making the syrup out of the liver of the monkey. Mummy, you please tell me that. That is a story I like to hear again and again.

## VOCABULARY

| | | | |
|---|---|---|---|
| അനുസരിക്ക് | 'to obey' | അപ്പം | 'cake' |
| പങ്കുവയ്ക്ക് | 'to share' | കുരങ്ങൻ | 'monkey' |
| പറക്കും തളിക | 'flying saucer' | കടൽ | 'sea' |
| താണ്ട്-കടക്ക് | 'to cross' | പാതാളലോകം | 'underworld' |
| കണ്ണാടിമാളിക | 'glass palace' | സ്വർണ്ണം | 'gold' |
| തൂക്കുമഞ്ചം | 'hanging cot' | സ്വപ്നം കാണ് | 'to dream' |
| രാജകുമാരി | 'princess' | വീരരാജകുമാരൻ | 'brave prince' |
| മയങ്ങ് | 'to doze, to be intoxicated' | | |
| മാമ്പഴം | 'ripe mangoes' | കാക്ക | 'crow' |
| പാമ്പ് | 'snake' | | |
| നീണ്ട | 'long—that which is lengthened' | | |
| തലമുടി | 'hair' | മുത്തശ്ശി | 'granny' |
| ദൈവം | 'god' | മൃഗങ്ങൾ | 'animals' |
| കരള് | 'liver' | ലേഹ്യം | 'syrup, tonic' |
| നെഞ്ചുവേദന | 'chest pain' | | |
| ബുദ്ധി | 'intelligence, wisdom' | | |
| മുതല | 'crocodile' | | |

## EXERCISES

Ia. Combine the following.

1. ശാന്ത+ചേച്ചിക്ക്+ഒരു
2. കുട്ടി+കളി+അല്ലേ
3. അപ്പുവിന്+ഒരു+അപ്പം
4. മതി+ആയി+ഇല്ലേ
5. കല്യാണം+കാര്യം+ഓർത്ത്
6. സുന്ദരി+പെണ്ണ്+ഓട്
7. ഭർത്താവിന്റേത്+ആണ്+എങ്കിൽ+ഉം
8. ശത്രു+-കൾ+ആര്+എങ്കിൽ+ഉം
9. മയങ്ങി+കിടന്നിരുന്നു+അത്രേ
10. കുഴങ്ങി+പോകുകയേ+ഉള്ളൂ

b. Split the following.

1. ഇല്ലായിരുന്നെങ്കിലും
2. മോസ്കോവിൽനിന്ന്
3. താല്പര്യമില്ലെങ്കിൽ
4. കുട്ടിക്കാഴ്ച
5. ദൂരെക്കളഞ്ഞു
6. തമ്മിൽത്തല്ലി
7. പരാതിയായിരുന്നല്ലോ
8. മനസ്സിലാക്കിയാലെന്താ
9. ഓണക്കോടി
10. തുണിപ്പാവ

II Fill in the blanks using the correct forms of the given words.

1. ബന്ധുക്കളെ ——— നിങ്ങൾ അവരുടെ വീട്ടിൽ പോയേ തീരൂ. (വേണം)
2. സ്വർണ്ണനിറം ——— രാജകുമാരിയുടെ കഥ ഞാൻ ——— നിങ്ങൾ വിശ്വസിക്കുമോ? (ഉണ്ട്, പറയ്)
3. ഉറക്കെ ——— ചേട്ടൻ വന്നു വഴക്കു പറഞ്ഞ് നമ്മളെ. ——— (സംസാരിക്ക്, ഓടിക്ക്)
4. കള്ളക്കടത്തിനു ——— മന്ത്രിയെ അവർ വീട്ടിൽ കയറി അടിച്ചു. (കൂട്ടു നിൽക്കു്)
5. എന്റെ ടീച്ചർ പറഞ്ഞു——— പാട്ടുമാത്രമേ ഞാൻ ——— (തരു്, പഠിക്ക്)
6. മിനിഞ്ഞാന്ന് നീയും താമസിച്ചല്ലേ ———? (വരു്)
7. അരിയും, കറിയും ——— കളിച്ചാൽ ——— കുട്ടികളുണ്ടോ? (വയ്ക്ക്, പിണങ്ങ്)
8. കൂട്ടുകാർ വിളിച്ചാൽ ——— കുട്ടികൾ പിന്നെ ആരു ——— പോകും? (പോക്, വിളിക്ക്)
9. വേറെ ആരേയും ——— സ്വന്തം ഭാര്യയേം, മക്കളേം എങ്കിലും ———? (ഓർമ്മിക്ക്, സ്നേഹിക്ക്)

10. പത്തു മണിക്കുശേഷം അയാളെ ——— എൻെറ ഓഫീസിൽ ——— പറഞ്ഞേയ്ക്കു (കാണ്, വര്)

11. നീ ഇങ്ങനത്തെ കാര്യം ——— ഞാൻ കഴിഞ്ഞി ——— ഉള്ളൂ. (ചെയ്, പോവ്)

12. രാജകുമാരിയുടെ സൗന്ദര്യം കണ്ടു ——— പ്പോയ രാജകുമാരൻ അവളെ കല്യാണം ——— തീരുമാനിച്ചു. (മയങ്ങ്, കഴിക്ക്).

## III. Fill in the blanks suitably.

1. അമ്മയുടെ കഥ ——— എനിക്ക് ഉറക്കം വരും.
2. ദൈവത്തിൽ വിശ്വാസം ——— മനുഷ്യന് സമാധാനം കിട്ടുമോ?
3. ഇങ്ങനെ വെറുതെ വർത്തമാനം പറഞ്ഞ് ——— പിന്നെ സങ്കടപ്പെടേണ്ടിവരും.
4. ക്ലാസിൽ ——— കുട്ടികളെ എങ്ങനെ പഠിപ്പിക്കും.
5. ആരും ഇല്ലാത്ത അവളെ ——— ആർക്കും ദയതോന്നും.
6. രാജകുമാരൻെറ കഥ ——— ഉറങ്ങാത്ത കുട്ടിയും ഉറങ്ങിപ്പോവും.
7. സത്യം ——— കാര്യത്തെപ്പററി നിങ്ങൾ ——— ഇങ്ങനെ വാദിക്കുന്നു?
8. എനിക്കു ——— പുസ്തകങ്ങൾ നിങ്ങൾക്കു വേണ്ടല്ലോ.
9. നമുക്കു പണം ——— ഈ ലോകം നമ്മളെ ബഹുമാനിക്കും.
10. പണക്കാർ ——— അദ്ദേഹം പോലും അത്രയും രൂപ സംഭാവന നൽകിയില്ലേ?
11. ആർക്കും ——— സമ്മാനം അയാൾ എനിക്കു തന്നു.
12. ക്ലാസിൽ സമയത്തിനു ——— ടീച്ചറിനു ദേഷ്യം വരില്ലേ?

## IV Rewrite the given sentences using the corresponding negative for the underlined words.

1. അക്രമം കാണിച്ച കുട്ടി അച്ഛനെ കണ്ടാൽ പേടിക്കും.
2. ക്ഷണിച്ചുവരുന്ന ആളുകളെ ശരിയായി നോക്കിക്കൊള്ളണം.
3. ഇനിത്തൊട്ടു ഞാൻ അവനോടു മാത്രം സംസാരിക്കും.
4. ഈ കാര്യം അറിഞ്ഞിട്ടും നിരാശനായാൽ അയാൾ മനുഷ്യനാണോ?
5. കുട്ടികൾ ഉള്ള വീട് വീടാണോ?
6. കച്ചവടം പൊളിഞ്ഞെങ്കിൽ പിന്നെ ആ കട എന്തിനു വിററു?

7. അവധിവാങ്ങി, നാട്ടിൽപോയി ഓണം ആഘോഷിക്കാൻ എത്രപേർക്കു പററും?
8. സ്വർണ്ണനിറം ഉള്ള പെൺകുട്ടി സുന്ദരി ആണോ?
9. ഞാൻ പറഞ്ഞ കഥ നിങ്ങൾ എങ്ങനെ കേട്ടു?
10. രാവിലെ എണീററു മുഖം കഴുകി, പല്ലു തേച്ചു, കുളിച്ചിട്ടു കാപ്പി കുടിച്ചു.
11. ആളുകൾ നന്നായാൽ അയാൾക്കു സന്തോഷം തോന്നും.
12. ശത്രുവിനെ വെറുത്താൽ മാത്രം എല്ലാം ശരിയാകുമോ?

V Split the given sentences into their component sentences.

1. സ്വപ്നം കണ്ടുകൊണ്ടു നടന്ന പെൺകുട്ടിയെ നോക്കിക്കൊണ്ടു കാർ ഓടിച്ചുകൊണ്ടിരുന്ന ഡ്രൈവർ അപകടത്തിൽ വീണു.
2. വീട്ടിൽനിന്നു വന്ന എഴുത്തു വായിച്ചു മറുപടി എഴുതാൻ വേണ്ടി തൻെറ മുറിയിലേക്കു് പോയ രാമനെ പിന്നെ ആരും കണ്ടില്ല.
3. ആരു് എന്തു പറഞ്ഞാലും കേൾക്കാത്ത ആ കുട്ടിപോലും അദ്ദേഹം പറഞ്ഞാൽ കേൾക്കും.
4. സുന്ദരനായ ആ പണക്കാരനെ കല്യാണം കഴിക്കാൻ ആഗ്രഹിച്ചു് ഊണും, ഉറക്കവും ഉപേക്ഷിച്ച ആ പാവപ്പെട്ട പെൺകുട്ടിയെ അവളുടെ അച്ഛൻ വീട്ടിൽനിന്നു പുറത്തിറക്കി.
5. പണം വളരെ ഉണ്ടെങ്കിലും നിന്നെപ്പോലത്തെ പാവങ്ങൾ ചോദിച്ചാൽ അദ്ദേഹം തരുകയില്ല.
6. അയാൾ അന്വേഷിച്ചുകൊണ്ടുനടക്കുന്ന സ്ത്രീധനവും, അയാൾക്കു വേണ്ട സൗന്ദര്യവും ഈ നാട്ടിൽ ചില പെൺകുട്ടികൾക്കു് ഉണ്ടായിരിക്കുമെങ്കിലും അവർക്കു് അയാളെ തിരിഞ്ഞു് നോക്കാൻ താല്പര്യമില്ലെങ്കിൽ എന്തു ചെയ്യും?

VI Combine the given sets of sentences into single sentences using verbal participle, verbal adjective and conditional in the appropriate places.

1. മററന്നാൾ അദ്ദേഹം ഇവിടെ വരും.
   അദ്ദേഹം നിന്നെ വിളിക്കും.
   നീ പോകുമോ?
2. അപ്പുവിനു് അമ്മ ഒരു കഥ പറഞ്ഞു കൊടുത്തു.
   ആ കഥ അപ്പു കേട്ടു.
   അപ്പു കരഞ്ഞുപോയി.

3. പട്ടിയുടെ കുര കേട്ടു.
സുധ വരാന്തയിലോട്ടു വന്നു.
അവരം വാതിൽ തുറന്നു.
അവരം ഒരു വയസ്സനെ കണ്ടു.
അവരം അയാളോട്ട് അകത്തു കയറിയിരിക്കാൻ പറഞ്ഞു
അവരം അടുക്കളയിലേക്കു തിരിച്ചുപോയി.

4. കുഞ്ഞു് വിശന്നു തളർന്നു.
കുഞ്ഞു് ഉറങ്ങിപ്പോയി.
അമ്മ അവനെ കണ്ടു.
അമ്മയ്ക്കു കരച്ചിൽ വന്നു.
അമ്മ ഈശ്വരനെ വിളിച്ചു പ്രാർത്ഥിച്ചു.

5. അച്ഛൻ അന്നു വളരെ നിർബ്ബന്ധിച്ചു.
അവൻ അച്ഛൻെറ വാക്കു കേട്ടില്ല.
അവൻ ആ പെൺകുട്ടിയെ സ്നേഹിച്ചു.
അവൻ അവളെ കല്യാണം കഴിച്ചു.
അവൻ ഇപ്പോരം സുഖമായി ജീവിക്കുന്നു.

6. അയാരംക്കു് വലിയ പഠിത്തമൊന്നുമില്ല.
അയാരം പലരുടേയും ജീവിതാനുഭവങ്ങരം കണ്ടു.
അയാരം ആ അനുഭവങ്ങരം ഓർമ്മിക്കുന്നു.
അയാരം കഥകരം എഴുതുന്നു.
വായനക്കാർ അയാളുടെ ആ കഥകരം ഇഷ്ടപ്പെടുന്നു.

VII Fill in the dialogue of B.

A എന്താ മോനേ, നിനക്കു് വല്ലാത്ത ഒരു സങ്കട ഭാവം?
B ....................................

A അങ്ങനെ നീ ദു:ഖിച്ചാൽ ഞങ്ങരം പിന്നെ എന്തെടുക്കും? നിന്നെപ്പോലെ ജോലി ഇല്ലാത്ത ചെറുപ്പക്കാർ നമ്മുടെ നാട്ടിൽ എത്രയോ പേരുണ്ടു്? അവരൊക്കെ ഇങ്ങനെ ചിന്തിച്ചു കൊണ്ടിരിക്കുമോ?
B ....................................

A നിനക്കെന്താ അത്ര വലിയ ഒരു പ്രത്യേകത?
നീയും ഞങ്ങളുടെ മോൻതന്നെയല്ലേ? അച്ഛനമ്മമാരെ ആശ്രയിച്ചു ജീവിച്ചാൽ അതു മക്കരംക്കു കുറച്ചിലാവുമോ?
B ....................................

A അല്ല കട്ടാ, വെറുതെ സമാധാനിപ്പിക്കാൻ പറയുന്നതല്ല. നീ തനിച്ച് ഒരിടത്തിരുന്ന് ഇങ്ങനെ ആലോചിച്ചു കൊണ്ടിരുന്നാൽ വല്ല പ്രയോജനവുമുണ്ടോ?

B ....................................

A എഴുതി. അതിനെന്താ? പല പരീക്ഷകളും എഴുതണം. ഇനിയും പല ഇൻറർവ്യൂകൾക്കും പോകണം. പോയേ തീരൂ. അത്രവേഗം ജോലി കിട്ടാൻ നമ്മുടെ ബന്ധുക്കളിലാരെങ്കിലും മന്ത്രിയാണോ?

B ....................................

A അത് ഈ നാട്ടിൻെറ മാത്രം കാര്യമാണോ? നീ പേപ്പർ വായിക്കുന്ന കുട്ടിയല്ലേ? നിനക്കറിഞ്ഞുകൂടേ? ജോലി ഇല്ലാത്ത ചെറുപ്പക്കാർ ഇല്ലാത്ത നാടുണ്ടോ? നീ ഒന്നു സമാധാനമായിരിക്ക്. ദൈവം എല്ലാത്തിനും ഒരു വഴി ഉണ്ടാക്കും.

B ....................................

A പഴയ വേദാന്തമൊന്നുമല്ല. ഏതു കാലത്തും സംഭവിക്കാവുന്ന ഒരു സത്യം തന്നെയാണ്. എൻെറ മോൻ വിഷമിക്കണ്ട. ഞാൻ ഇന്നലേം നിനക്കു വേണ്ടി പ്രാർഥിച്ചു. ഭഗവാൻ നിന്നെ രക്ഷിക്കാതിരിക്കില്ല. മോനേ, നീ സങ്കടഭാവമൊക്കെ കളഞ്ഞ് ഒന്ന് ഉത്സാഹമായിരിക്കു.

---

## UNIT 15

## LESSON 57

# തിരഞ്ഞെടുപ്പു സ്ഥാനാർത്ഥി

### CONVERSATION

| | | |
|---|---|---|
| ദാമോദരൻ: | അങ്ങ് ഈ തിരഞ്ഞെടുപ്പിനു ഞങ്ങളുടെ സ്ഥാനാർത്ഥിയായി നിന്നേ തീരൂ. അതാണ് ഞങ്ങൾടെയൊക്കെ ആഗ്രഹം. | You will have to contest this election as our candidate. That is our desire. |
| പണിക്കർ: | പക്ഷെ എനിക്കതിഷ്ടമില്ലെങ്കിലോ? | But if I don't like that ? |
| ദാമോദരൻ: | അങ്ങയെപ്പോലുള്ളവർ അങ്ങനെ പറയരുത്. നാട്ടിന്റെ നന്മയ്ക്കുവേണ്ടിയെങ്കിലും അങ്ങു സമ്മതിക്കണം. | People like you should not tell like that. You should agree at least for the welfare of the state. |

| | | |
|---|---|---|
| പണിക്കർ: | എന്നെപ്പോലെ കച്ചവടം ചെയ്തു കഴിയുന്നവൻ പഞ്ചായത്തു പ്രസിഡണ്ടായാൽ നാടു നന്നാകുമോ? | If a man like me who does business becomes the Panchayat President, will the country improve ? |
| ദാമോദരൻ: | നമുക്കൊരുപഴഞ്ചൊല്ലുണ്ടല്ലോ. പല തുള്ളി പെരുവെള്ളം. അതുപോലെ നമ്മുടെ നാട്ടിലെ ഓരോ പഞ്ചായത്തു് പ്രസിഡണ്ടും ആത്മാർത്ഥമായി പ്രവർത്തിക്കുകയാണെങ്കിൽ ഇന്നത്തെ സ്ഥിതി എത്രയോ മെച്ചപ്പെടുത്താൻ കഴിയും! | We have a proverb. Little drops of water make the mighty ocean. In that way if every Panchayat President of our country sincerely works, today's condition can be improved a lot! |
| പണി: | എടോ, ഇപ്പോഴും ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ തിരഞ്ഞെടുത്തവർ അങ്ങു കേന്ദ്രത്തിലും നമ്മുടെ സംസ്ഥാന തലസ്ഥാനത്തും ഒക്കെ ഇല്ലേ? ഭരണചക്രം അവരുടെ കയ്യിലാണു്. ആ സ്ഥിതിക്കു് ഒരു പഞ്ചായത്തു പ്രസിഡണ്ടു് വിചാരിച്ചാലൊന്നും നാട്ടിൽ കൂടെ തേനും, പാലും ഒഴുക്കാനൊക്കില്ല. | Even now don't we have people selected by people in the centre and in the state capitals ? The wheel of power is with them. In that case even if a Panchayat President thinks he cannot make the country prosperous. |
| ദാമോ: | അങ്ങേപ്പോലെ, പാവപ്പെട്ടവരുടെ വേദന മനസ്സിലാക്കുന്നവർ രാഷ്ട്രീയത്തിലോട്ടു് ഇറങ്ങണം. | People like you who can understand the agony of the poor should come to politics. |
| പണി: | താൻ എന്നെ അത്രയ്ക്കങ്ങു പൊക്കണ്ട. ഞാൻ നിലത്തൊന്നുറച്ചു നിന്നോട്ടെ. എടോ, ദാമോദരാ, ഞാൻ നിന്നോടു് ഒരു കാര്യം പറയട്ടെ. | Don't flatter me to that extent. Let me have my feet firm on the ground. Damodaran, let me tell you one thing. |

| | | |
|---|---|---|
| ദാമോ: | എന്താത്? | What is that ? |
| പണി: | നന്നായി നാല വാചകമടിക്കാൻ അറിയാവുന്നവർക്കം, സ്വന്തം വീട്ടം, കുടം ഉപേക്ഷിച്ചിട്ട് നാട്ട നന്നാക്കാൻ ഇറങ്ങിത്തിരിക്കന്നവർക്കം മാത്രമേ ഇതൊക്കെ പററൂ. കച്ചവടത്തിൽ മാത്രം ശ്രദ്ധിക്കന്നവർക്ക് അവനവൻെറ ലാഭത്തിൽ മാത്രമേ നോട്ടമുള്ള. നാട്ടകാരുടെ നന്മതിന്മയെപ്പററി അവർക്കറിയണ്ട. | Only those people who know to speak and who can leave the house and home for the good of the country can do this. Those who are interested in business have an eye only on their profit. They don't want to know about the people. |
| ദാമോ: | പക്ഷെ അങ്ങ് വെറും ഒരു കച്ചവടക്കാരനല്ലല്ലോ. | But you are not just a business man. |
| പണി: | ദാമോദരാ, കാലം മാറിയെങ്കിലും ഞാൻ മാറിയില്ല. പണ്ടത്തെ കഥയൊക്കെ എനിക്കിപ്പോഴും ഓർമ്മയുണ്ട്. എന്നെ അററ കൈയ്ക്ക് ഉപ്പിടാത്തവൻ, ആളുകളുടെ കണ്ണിൽ മണ്ണിടാൻ മടിക്കാത്തവൻ എന്നൊക്കെ വിളിച്ചവരാണ് ഈ നാട്ടകാർ. അതുകൊണ്ട് അവരുടെ നേതാവാകാൻ ഇഷ്ടപ്പെടുന്നവനല്ല ഈ ഞാനം. അതിരിക്കട്ടെ, ഈ കാര്യത്തിനുവേണ്ടി തന്നെ എൻെറടുത്തേയ്ക്ക് നിർബ്ബന്ധിച്ചയച്ചവർ ആരൊക്കെയാണ്? | Damodaran, even though the times have changed, I haven't changed. I still remember the old stories. These are the people who called me stingy, cheat and what not. So, I don't like to be their leader. That is O.K. By the way, who are those people who forced and sent you here ? |
| ദാമോ: | നാട്ടകാർ എല്ലാവരും കൂടിത്തന്നെ. | All the people together did this. |
| പണി: | അങ്ങനെ ആണെങ്കിൽ ഇപ്പോഴം താൻ ആണ ജനപ്രതിനിധി. താൻ തന്നെയാണ് പഞ്ചായത്ത് പ്രസിഡണ്ട് ആകേണ്ടവൻ. | If that is the case you are the people's representative. You are the man to be the Panchayat President. |

ദാമോ: അങ്ങെന്നെ കളിയാക്കരുതു്... അങ്ങയെപ്പോലുള്ളവർ ഉണ്ടെങ്കിൽ എന്നെപ്പോലത്തെ നിസ്സാരന്മാർ എന്തിനു്?

You shouldn't make fun of me. If people like you are there, why should insignificant people like me matter?

പണി: തനിക്കു നന്നായി പ്രസംഗിക്കാനൊക്കെ അറിയാം. ഭംഗിവാക്കു പറയാൻ അറിഞ്ഞുകൂടാത്തവനും, അല്ല. അപ്പോൾ താൻ തന്നെയാണു് നേതാവിന്റെ സ്ഥാനത്തേയ്ക്കു് ഏററവും അർഹനായവൻ. ഈ രാഷ്ട്രീയക്കളി വളരെ ശല്യം പിടിച്ചതാണു്. നേതൃത്വത്തിന്റെ കാര്യം അതിലും കഷ്ടം. നല്ല ബുദ്ധികൂർമ്മതയും, സൂത്രവും ഉള്ളവരെക്കൊണ്ടേ അതു പററൂ. തനിക്കാ രണ്ടു ഗുണങ്ങളും വേണ്ടുവോളം ഉണ്ടു്. എന്നെ ഇതിൽ നിന്നൊക്കെ ഒഴിവാക്കിയേക്കൂ. പിന്നെ തിരഞ്ഞെടുപ്പു പ്രചരണത്തിനു വേണമെങ്കിൽ എന്നാൽ കഴിയുന്ന സഹായം ചെയ്തുതരാം.

You know to speak well. You are a person who knows to flatter also. So you are the most suitable person to be the leader. This game of politics is a nuisance. Only those with very sharp brain and who are cunning can manage. You have both the qualities in plenty. So, please exempt me from these things. But if you want, I shall help you at my best for the election propaganda.

## DRILLS

### A. Repetition drill

1. രാമൻ പണം ഉള്ളവനാണു്.
2. രാധ പണം ഇല്ലാത്തവളാണു്.
3. മനുഷ്യരെല്ലാം നമുക്കു വേണ്ടവരാണു്.
4. ഞാൻ ആർക്കും വേണ്ടാത്തവനാണു്.
5. ഈ തുക ഒട്ടും പോരാത്തതാണു്.
6. രാഷ്ട്രീയം വളരെ ശല്യം പിടിച്ചതാണു്.
7. അവൻ നന്നായി പഠിക്കുന്നവനാണു്.
8. അവൾ നന്നായി പഠിക്കുന്നവളാണു്.
9. അവർ നന്നായി പഠിക്കുന്നവരാണു്.

10. അതു് നന്നായി പഠിക്കുന്നതാണു്.
11. അവർ പഠിക്കാത്തവരാണു്.
12. അവർ ആർക്കും ഒന്നും കൊടുക്കാത്തവരാണു്.

b. 1. പാവങ്ങൾക്കുവേണ്ടി ജീവിക്കുന്നവർ ഈ ലോകത്തു് എത്ര പേരുണ്ടു്?
2. സ്വന്തം കുറ്റത്തിനും അന്യരെ കുറ്റപ്പെടുത്തുന്നവൻ അല്ലേ നിന്റെ കൂട്ടുകാരൻ?
3. നന്നായി പാടുന്നവർക്കു് സമ്മാനം കിട്ടില്ലേ?

c. 1. പൈസ കടം കൊടുത്തവനു് അതു് തിരിച്ചു വാങ്ങാനും അറിയാം.
2. കള്ളം പറഞ്ഞവളെ വെറുതെ വിടരുതു്.
3. കരിഞ്ചന്ത നടത്തിയവർക്കു് വലിയ ലാഭം കിട്ടി.

d. 1. സംഭവം കാണാത്തവൻ എങ്ങനെ സാക്ഷി ആകും?
2. പറഞ്ഞാൽ കേൾക്കാത്തവർ അടിച്ചാൽ കേൾക്കും.
3. ഒന്നും മിണ്ടാത്തവൾ പലതും ചെയ്യും.
4. ഒന്നും മിണ്ടാത്തതു് ഊമയാണു്.

## B. Build up drill

### Model

ഉണ്ടോ?
ഉണ്ടോ?
ഈ ലോകത്തു്
ഈ ലോകത്തുണ്ടോ?
ആഗ്രഹമില്ലാത്തവർ
ആഗ്രഹമില്ലാത്തവർ ഈ ലോകത്തുണ്ടോ?
ജീവിക്കാൻ
ജീവിക്കാൻ ആഗ്രഹമില്ലാത്തവർ ഈ ലോകത്തുണ്ടോ?
സുഖമായി
സുഖമായി ജീവിക്കാൻ ആഗ്രഹമില്ലാത്തവർ ഈ ലോകത്തുണ്ടോ?

1. കഴിയൂ
നേതാവാകാൻ കഴിയൂ.
ഒരു നല്ല നേതാവാകാൻ കഴിയൂ.
മനസ്സിലാക്കുന്നവനേ ഒരു നല്ല നേതാവാകാൻ കഴിയൂ.
വേദന മനസ്സിലാക്കുന്നവനേ ഒരു നല്ല നേതാവാകാൻ കഴിയൂ.
ജനങ്ങളുടെ വേദന മനസ്സിലാക്കുന്നവനേ ഒരു നല്ല നേതാവാകാൻ കഴിയൂ.

2. രക്ഷ
രാഷ്ട്രീയ രംഗത്തു് രക്ഷ.
ഇപ്പോഠം രാഷ്ട്രീയരംഗത്തു് രക്ഷ.
പണമുള്ളവർക്കാണു് ഇപ്പോഠം രാഷ്ട്രീയ രംഗത്തു് രക്ഷ.
നമ്മുടെ നാട്ടിൽ പണമുള്ളവർക്കാണു് ഇപ്പോഠം രാഷ്ട്രീയരംഗത്തു് രക്ഷ.

3. റെഡിയാകുമോ?
ഉണ്ടാക്കാൻ റെഡിയാകുമോ?
അനാഥാലയം ഉണ്ടാക്കാൻ റെഡിയാകുമോ?
അററകൈയ്ക്ക് ഉപ്പിടാത്തവൻ അനാഥാലയം ഉണ്ടാക്കാൻ റെഡിയാകുമോ?

## C. Substitution drill

1. ആ കാര്യം പറഞ്ഞവൻ ആരാണു്?
കേട്ടവൻ
ചോദിച്ചവൻ
അറിഞ്ഞവൻ
എഴുതിയവൻ
ഓർമ്മിച്ചവൻ
കണ്ടവൻ
മനസ്സിലാക്കിയവൻ

2. ആ വീട്ടിൽ താമസിക്കുന്നവർ പണക്കാരാണു്.
ഉള്ളവർ
വരുന്നവർ
എത്തുന്നവർ
പോകുന്നവർ

3. വീണ്ടും, വീണ്ടും നിങ്ങളോടു് അപേക്ഷിക്കുന്നവർ വിഡ്ഢികളല്ലേ?
ചോദിക്കുന്നവർ
പറയുന്നവർ
വഴക്കു കൂടുന്നവർ
അടുക്കുന്നവർ
പിണങ്ങുന്നവർ
ഇണങ്ങുന്നവർ

4. അദ്ദേഹത്തിനു് സമ്മാനം കൊടുത്തവർ ജോലിക്കാരാണു്.
നൽകിയവർ
കൊണ്ടുവന്നവർ
വാങ്ങിച്ചവർ
കൊണ്ടുപോയവർ

## D. Restatement drill

### Model 1

അവൻ കരയുന്നു.

അവൻ കരയുന്നവനാണ്.

1. അവൻ എഴുതുന്നു.
2. അവൻ വരുന്നു.
3. അയാരം സത്യം പറയുന്നു.
4. ഇയാരം നന്നായി ആഹാരം കഴിക്കുന്നു.
5. അദ്ദേഹം എല്ലാവരേയും അറിയുന്നു.
6. അയാരം ഓഫീസർമാരെ കൈമണി അടിക്കുന്നു.

### Model 2

അവരം ചിരിക്കുന്നു.

അവരം ചിരിക്കുന്നവളാണ്.

1. ഇവരം കരയുന്നു.
2. ഇവരം സ്നേഹിക്കുന്നു.
3. അവരം വഴക്കു കൂടുന്നു.
4. അവരം സംസാരിക്കുന്നു.
5. അവരം നന്നായി പഠിക്കുന്നു.
6. ഇവരം എപ്പോഴും ഫോണിൽ വിളിക്കുന്നു.

### Model 3

അവർ നുണ പറയുന്നു.

അവർ നുണ പറയുന്നവരാണ്.

1. അവർ ജോലി ചെയ്യുന്നു.
2. അവർ വേഗം നടക്കുന്നു.
3. അവർ കറികരം നന്നായി വയ്ക്കുന്നു.
4. അവർ കുട്ടികളെ വളർത്തുന്നു.
5. അവർ ചോറുകൊണ്ടുപോകുന്നു.
6. ഇവർ ശല്യപ്പെടുത്തുന്നു.

## Model 4

അതു് ഓടുന്നു.

അതു് ഓടുന്നതാണു്.

1. അതു് കറക്കുന്നു.
2. ഇതു് പറക്കുന്നു.
3. അതു് വളരുന്നു.
4. ഇതു് വരുന്നു.
5. അതു് ശല്യപ്പെടുത്തുന്നു.
6. ഇതു് ഒഴിക്കുന്നു.

## Model 5

അവൻ വീണില്ല.

അവൻ വീഴാത്തവനാണു്.

1. അവൻ ഞങ്ങളുടെ വീട്ടിൽനിന്നു് ഉണ്ടില്ല.
2. അവരം ചായക്കടയിൽ പോയില്ല.
3. അവർ കഥകളി ആസ്വദിച്ചില്ല.
4. അവർ പാവങ്ങാംക്കു് ഒന്നും കൊടുത്തില്ല.
5. അവൻ സ്വന്തം സഹോദരിമാരെ സഹായിച്ചില്ല.
6. അതു് കൂടുതൽ നിന്നില്ല.

## Model 6

അതു് പുളിക്കില്ല.

അതു് പുളിക്കാത്തതാണു്.

1. അവൻ എഴുതില്ല.
2. അവരം അറിയില്ല.
3. അവരം സ്വപ്നം കാണില്ല.
4. അതു് അനങ്ങില്ല.
5. അതു് ഓടില്ല.
6. അവർ ഉണ്ണില്ല.

## Model 7

അവർക്കു പോകണം.

അവർ പോകേണ്ടവരാണ്.

1. അവർക്കു മരിക്കണം.
2. അവനു ജയിക്കണം.
3. അവനു കടിക്കണം.
4. അതിനു മറക്കണം.
5. അവന് അനുഭവിക്കണം.
6. അവനു തോന്നണം.

## Model 8

അവർക്കു ഇവിടെ നിൽക്കണ്ട.

അവർ ഇവിടെ നിൽക്കണ്ടാത്തവരാണ്.

1. അവന് ഒന്നും ചെയ്യണ്ട.
2. അവൾക്ക് ആരേയും കാണണ്ട.
3. അവർക്കു സുഖമായി ജീവിക്കണ്ട.
4. അതിനു സഹായം വേണ്ട.
5. അതിന് എണ്ണ വേണ്ട.
6. അവർക്കു ചപ്പാത്തി വേണ്ട.

# E. Combination drill

## Model

അവൻ കള്ളം പറയുന്നു.

അവനെ വിശ്വസിക്കരുത്.

കള്ളം പറയുന്നവനെ വിശ്വസിക്കരുത്.

1. അവൾ പാട്ടു പാടുന്നു.
   അവൾക്കു സമ്മാനം കിട്ടുന്നു.
2. അവർ സത്യം അന്വേഷിക്കുന്നു.
   അവർക്ക് ഉത്തരവും ലഭിക്കുന്നു.
3. അവൻ പാൽ വിൽക്കുന്നു.
   അവനു ലാഭം കിട്ടുന്നു.
4. അവൾ ചോദ്യം ചോദിക്കുന്നു.
   അവൾക്ക് ഉത്തരവും അറിയാം.

5. അവർ എല്ലാവരേയും പുകഴ്ത്തുന്നു.
അവർ കാര്യങ്ങൾ നേടുന്നു.

6. അവർ മൈതാനത്തിൽ കളിക്കുന്നു.
അവരെ ഞങ്ങൾ ഓടിക്കുന്നു.

7. അവൻ ആളുകളുടെ കണ്ണിൽ മണ്ണിടുന്നു.
അവനെ പിടിക്കാൻ ആർക്കൊക്കും?

8. അവർ റോഡിൽക്കൂടെ നടക്കുന്നു.
അവർക്കും അപകടം പററും.

9. അതു് ശല്യപ്പെടുത്തുന്നു.
അതു് ഒഴിവാക്കണം.

10. അതു് സന്തോഷിക്കുന്നു.
അതു് ഓർമ്മിക്കണം.

## F. Transformation Drill

Model

അയാൾ പണം ഉള്ളവനാണു്.
അയാൾ പണം ഇല്ലാത്തവനാണു്.

1. അവർ കഥ എഴുതുന്നവരാണു്.
2. അവൾ കഥകളി പഠിക്കുന്നവളാണു്.
3. അതു് എപ്പോഴും കരയുന്നതാണു്.
4. അവർ കാണേണ്ടവരാണു്.
5. അവൾ സത്യം പറയേണ്ടവളാണു്.
6. അതു് മധുരിക്കുന്നതാണു്.
7. അതു് നന്നായി ഓടുന്നതാണു്.
8. അവർ എല്ലാം കാണിച്ചു തരുന്നവരാണു്.
9. അവൾ ജോലി ചെയ്യുന്നവളാണു്.
10. അവൻ പാവങ്ങളെ സഹായിക്കുന്നവനാണു്.

## EXERCISES

I. Fill in the blanks using the appropriate participial noun forms of the given verbs.

1. അവർ കൈക്കൂലി ——— ആണു്. (വാങ്ങുന്നു)
2. അവർ ആർക്കും ഒന്നും ——— ആണു്. (കൊടുക്കുന്നില്ല)
3. അതു് ഉറക്കെ ശബ്ദം ——— ആയിരുന്നു. (ഉണ്ടാക്കുന്നു)

4. അവൻ കേരളസമാജത്തിനുവേണ്ടി ——— ആണു്. (പ്രവർത്തിച്ചു)
5. അവർ എല്ലാം ——— ആണു്. (മനസ്സിലാക്കി)
6. അയാൾ തിരഞ്ഞെടുപ്പിനു ——— ആണു്. (നിന്നു)
7. അവർ എല്ലാവരോടും ——— ആണു്. (വഴക്കുകൂടി)
8. അവൻ പെങ്ങന്മാരുടെ ചുമതല ——— ആണു്. (നോക്കുന്നു)
9. അതു് എല്ലാവരേയും ——— ആണു്. (ഉപദ്രവിക്കുന്നു)
10. അവൻ അച്ഛനമ്മമാരെ ——— ആണു്. (അനുസരിക്കുന്നു)

II. Rewrite the given sentences using the corresponding negative for the underlined form.

1. ഈശ്വരനിൽ <u>വിശ്വസിക്കുന്നവരെ</u> അറിയില്ലേ?
2. സ്വന്തം കുട്ടികളെ <u>സ്നേഹിക്കുന്നവർ</u> ഇല്ലേ?
3. സമയത്തു <u>ഊണു കഴിക്കുന്നവൻ</u> നേരത്തേ ഉണരും.
4. നിന്നെ കാണാൻ <u>വരുന്നവരെ</u> എനിക്കും കാണണം.
5. എന്നെ <u>സ്നേഹിക്കുന്നവരേയും</u> ഞാൻ സ്നേഹിക്കും.
6. കുട്ടികളെ <u>അടിക്കുന്നവർ</u> ഉണ്ടോ?
7. പാഠം <u>മനസ്സിലായവർ</u> എവിടെ?
8. <u>ചോറുണ്ടവർ</u> വേഗം പോകട്ടെ.
9. <u>ജോലി ചെയ്തവർ</u> മുമ്പോട്ടു വരണം.
10. ആ കാര്യം <u>അറിഞ്ഞവർ</u> എണീക്കു.

III. Rewrite the following sentences using the corresponding participial nouns and ആണു് following the model.

Model

അവർ പരീക്ഷ എഴുതുന്നു.
അവർ പരീക്ഷ എഴുതുന്നവരാണു്.

1. അവൾ എന്നും അമ്പലത്തിൽ പോകുന്നു.
2. അവർ പ്രാർത്ഥിക്കുന്നില്ല.
3. അവൻ വേദന അനുഭവിക്കുന്നു.
4. അവൾ തിരഞ്ഞെടുപ്പിനു നിൽക്കുന്നു.
5. അവൻ നല്ല കാര്യത്തിനൊന്നും സമ്മതിക്കുന്നില്ല.

6. അവരം വേഗം പിണങ്ങുന്നു.
7. അതു് വ്യവസായം മെച്ചപ്പെടുത്തുന്നു.
8. നേതാവു് നന്നായി സംസാരിക്കുന്നില്ല.
9. അയാരം രാജ്യം ഭരിക്കുന്നു.
10. അവൻ കള്ളം പറയുന്നില്ല.
11. കുട്ടികരം അമ്മയെ അനുസരിക്കുന്നു.
12. അവർക്കു കാര്യം മനസ്സിലായില്ല.

IV. Combine the given sets of sentences using the participial nouns.

1. അവരം സ്വപ്നം കണ്ടുകിടക്കുന്നു.
അവരം സുന്ദരിയാണു്.
2. അയാരം രാജകുമാരിയെ കല്യാണം കഴിച്ചു.
അയാരം സുന്ദരനാണു്.
3. അവരം എല്ലാം അറിയാവുന്നവളാണു്.
അവളെ എല്ലാരും വിളിക്കുന്നു.
4. അവൻ കുറെനേരം വായിച്ചു.
അവൻ പുസ്തകം അടച്ചു വച്ചു.
5. അവരം വെള്ളവസ്ത്രം ഉടുക്കുന്നു.
അവരം എന്നെക്കാളും ഇളയവളാണു്.
6. അവർക്കു് എല്ലാം കാണണം.
അവരെ നീ കൊണ്ടുപോകണം.
7. നിനക്കു സർക്കസ്സു് കാണണ്ട.
നിന്നെ ഞാൻ സിനിമ കാണിക്കാം.
8. അവൻ പ്രസംഗിക്കുന്നു.
അവൻ തളരുന്നു.
9. അവരംക്കു ഭംഗി ഉണ്ടു്.
അവരം എന്റെ അനിയത്തിയാണു്.
10. അവരം നാണിക്കുന്നു.
അവരം തലകുനിക്കുന്നു.

V. Fill in the incomplete dialogue.

**A.** ഇന്ന ഗൃഹപാഠം എഴുതാത്തവർ ആരെങ്കിലുമുണ്ടോ?

**B.** .........................................

**A.** ആരു്? തോമസോ? നീ എന്തുകൊണ്ടു് കൊണ്ടുവന്നില്ല?

**B.** .........................................

**A.** എഴുതിയവനു് അതിവിടം വരെ ഒന്ന കൊണ്ടുവരാൻ പാടില്ലായിരുന്നോ? അത്ര വലിയ ദൂരമായിരുന്നോ?

**B.** .........................................

**A.** ദൂരമില്ലെങ്കിൽ പിന്നെ എന്താ? എടോ, വെറും വാചകമടിക്കുന്നവൻ ഒരിക്കലും ഒരു നല്ല വിദ്യാർത്ഥിയല്ല.

**B.** .........................................

**A.** നാളെത്തൊട്ടു് കൊണ്ടുവരണം. ഗോപീ, നീ കൊണ്ടുവന്നോ?

**B.** .........................................

**A.** കൊള്ളാം, എല്ലാം കൊണ്ടുവന്നോ? നിനക്കു കണക്കൊക്കെ മനസ്സിലായോ?

**B.** .........................................

**A.** ശരി. അതു് ഇനി ഒരിക്കൽകൂടി പഠിക്കാം. ഇന്നലത്തെ ആ കണക്കു മനസ്സിലാക്കാത്തവർ ഇനി ആരെങ്കിലും ഉണ്ടോ?

**B.** .........................................

**A.** വാസുവിൻെറ കാര്യം പറയാൻ നീ എന്തിനു്? അവൻെറ കാര്യം അവനു തന്നെ പറഞ്ഞുകൂടേ?

**B.** .........................................

**A.** പിന്നെ.

**B.** .........................................

**A.** അവനാണോ എല്ലാരേം പേടിക്കുന്നവൻ? അവനെല്ലാരേം പേടിപ്പിക്കുന്നവനല്ലേ?

**B.** .........................................

**A.** ശരി. ശരി. വർത്തമാനമൊക്കെ ഒന്നു നിർത്തിൻ. അവരവരുടെ കാര്യം അവരവർതന്നെ പറയണം.

## VOCABULARY

| | | | |
|---|---|---|---|
| തിരഞ്ഞെടുപ്പ് | 'election' | സ്ഥാനാർഥി | 'candidate' |
| അങ്ങ് | 'you' | | |
| നന്മ | 'goodness, virtue, welfare' | | |
| കച്ചവടം | 'business' | പഴഞ്ചൊല്ല് | 'proverb' |
| തുള്ളി | 'drop' | | |
| പെരുവെള്ളം | 'the great water, flood' | | |
| പഞ്ചായത്ത് | 'Panchayat' | പ്രസിഡണ്ട് | 'President' |
| ആത്മാർഥമായി | 'sincerely' | പ്രവർത്തിക്ക് | 'to work' |
| മെച്ചപ്പെടുത്ത് | 'to improve' | പാവപ്പെട്ടവർ | 'poor people' |
| തേൻ | 'honey' | ഒഴുക്ക് | 'to cause to flow' |
| രാഷ്ട്രീയം | 'politics' | പൊക്ക് | 'to lift' |
| ഉറയ്ക്ക് | 'to be firm, fix' | വാചകം | 'sentence' |
| വാചകമടിക്ക് | 'to talk well' | കൂട് | 'nest' |
| നന്നാക്ക് | 'to improve' | നോട്ടം ഉണ്ട് | 'has an eye' |
| തിന്മ | 'vice, badness' | | |
| അറ്റകൈ | 'the hand which is hurt' | | |
| ഉപ്പ് | 'salt' | മണ്ണ് | 'soil' |
| മടിക്ക് | 'to hesitate' | നേതാവ് | 'leader' |
| ജനപ്രതിനിധി | 'people's representative' | | |
| നിസ്സാരന്മാർ | 'insignificant ones' | | |
| ഭംഗിവാക്ക് | 'flattering words' | | |
| രാഷ്ട്രീയക്കളി | 'game of politics' | നേതൃത്വം | 'leadership' |
| ബുദ്ധികൂർമ്മത | 'sharpness of brain' | | |
| സൂത്രം | 'trick' | ഗുണം | 'quality' |
| ഒഴിവാക്ക് | 'to exempt' | പ്രചരണം | 'propaganda' |

## NOTES

15.57.1. Participial nouns are introduced. They indicate in themselves the quality or nature of the person/thing concerned.

| | |
|---|---|
| പാടുന്നവൻ | 'he who sings' |
| പാടുന്നത് | 'she who sings' |
| പാടുന്നവർ | 'they who sing' |
| പാടുന്നത് | 'that which sings' |
| പാടാത്തവൻ | 'he who does not sing' |

15.57.2. These participial nouns are formed by the addition of the number, and gender markers of third person pronouns to relative participles.

15.57.3. Participial nouns can be expanded by adverbs but not adjectives.

| | |
|---|---|
| ഉറക്കെ പറയുന്നവൻ | 'he who tells aloud' |
| നാളെ വരുന്നവൻ | 'he who comes tomorrow' |

15.57.4. അങ്ങ് 'you' is used to indicate the second person with high respect. Please note that in the ascending order of respect the second person pronouns so far introduced are നീ, താൻ, നിങ്ങൾ, താങ്കൾ and അങ്ങ്.

15.57.5. Note the following idiomatic usages.

| | |
|---|---|
| (1) പലതുള്ളി പെരുവെള്ളം | 'Many drops make great water' means little drops of water make the mighty ocean. |
| (2) തേനും പാലും ഒഴുക്കു് | 'To cause to flow milk and honey' means to bring prosperity. |
| (3) അററകൈയ്ക്കു് ഉപ്പിടാത്തവൻ | 'He who does not put salt to the wounded hand' means very stingy person. |
| (4) ആളുകളുടെ കണ്ണിൽ മണ്ണിടാൻ മടിക്കാത്തവൻ | 'He who does not hesitate to put sand into peoples' eyes' means a cheat. |
| (5) ഭംഗിവാക്കു് പറയു് | 'To tell sweet words' means to say something without sincerity. |

## UNIT 15

## LESSON 58

# അത്തപ്പൂ ഇട്ടതു നന്നായോ?

**CONVERSATION**

| | |
|---|---|
| ശങ്കരൻ: മാഥുറോ? വരൂ, വരൂ. ഞങ്ങളിതുവരെ മാഥുറിന്റെ കാര്യം തന്നെയാണു് പറഞ്ഞുകൊണ്ടിരുന്നതു്. എന്താ ഇത്ര താമസിച്ചതു്? | Hello, Mathur? Please come. We were just talking about you. Why are you so late? |
| മാഥുർ: എനിക്കു് ബസു് കിട്ടാൻ അല്പം വൈകി. ഇന്നലെ കടപ്പുറം വരെ നടന്നുപോയതിന്റെ ക്ഷീണം ഇപ്പോഴും ഉണ്ടു്. അതുകൊണ്ടു് ഇന്നു നടക്കാൻ തോന്നിയില്ല. ഞാൻ വളരെ താമസിച്ചോ? ക്ഷമിക്കു. | There was delay getting the bus. I feel still tired because of yesterday's walk to the beach. So, today I didn't feel like walking. Am I very late? Please excuse me. |



46—3 CIIL/M/80

| | | |
|---|---|---|
| ശങ്കരൻ: | സാരമില്ല. നമ്മളം തമ്മിൽ അത്ര ലോഹ്യം ഒന്നും വേണ്ട മാഥുർ. | Doesn't matter. There is no need for such formality between us. |
| രമണി: | മാഥുർ സാർ, ഞാൻ അത്തപ്പൂ ഇട്ടതു നന്നായോ? | Mathur Sir, how is the Attappu that I put? |
| മാഥുർ: | അത്തപ്പൂവോ? എന്താണതു്? കാണാത്തതിനെപ്പററി എങ്ങനെയാണു് ഞാൻ അഭിപ്രായം പറയുന്നതു്? | You mean 'Attappu'? What is that? How can I comment about something that I didn't see? |
| രമണി: | സാർ, ദാ, വാതിലിനു മുൻപിൽ മുററത്തു ഞാൻ പൂകൊണ്ടു് അലങ്കരിച്ചിട്ടതു കണ്ടില്ലേ? അതാണു് അത്തപ്പൂ. അതു കടന്നാണല്ലോ സാർ അകത്തേക്കു കയറിയതു്. | Sir, didn't you see the flower decoration that I made in the court-yard in front of the front door? That is Attappu. You have come inside only after crossing that. |
| മാഥുർ: | എന്തോ? ഞാനതു ഗൗനിച്ചില്ല. വെയിലത്തു കണ്ണു ശരിക്കു തുറന്നുനോക്കാതെയാണു് വന്നതു്. ശരി, രമണി വരൂ. നമുക്കു് അതൊന്നു പോയി കണ്ടുകളയാം. | I don't know. I didn't notice it. I came in the hot sun without opening my eyes completely. O.K. Ramani, please come. Let us go and see. |
| രമണി: | ചേട്ടനും വരൂ. (രമണി രണ്ടുപേരേയും വിളിച്ചു കൊണ്ടു വെളിയിൽ പോകുന്നു). | Chettan, you also please come. (Ramani takes both of them.) |
| രമണി: | ഇതാ ശരിക്കൊന്നു കണ്ണുതുറന്നു നോക്കൂ. ഇതാണു ഞാനിട്ട പൂക്കളം. എന്താ കൊള്ളാമോ? | Here it is! Please open your eyes and see carefully. This is the flower design that I made. What do you say? Is it good? |

| | |
|---|---|
| മാധുർ: മിടുക്കി. തമാശയും കലാവിരുതുമൊക്കെ ഉണ്ടല്ലോ. വളരെ നന്നായിരിക്കുന്നു. പക്ഷെ എനിക്കു മനസ്സിലാകാത്തതു് ഒന്നുണ്ടു്. | You are a clever girl. You have sense of humour and artistic talent. It is really good. But there is one thing which I don't understand. |
| രമണി: എന്താണതു്? | What is that? |
| മാധുർ: എന്തിനാണു് ഇങ്ങനെ പൂക്കളൊക്കെ പറിച്ചു മുററത്തിട്ടലങ്കരിക്കുന്നതു്? | Why do you pluck the flowers and decorate the court-yard like this? |
| രമണി: ഇതു് ചിങ്ങമാസമാണല്ലോ. ഞങ്ങൾക്കിതു് ഓണക്കാലമാണു്. തിരുവോണദിവസം നാടു കാണാൻ വരുന്ന മാവേലിത്തമ്പുരാനെ സ്വീകരിക്കാൻ വേണ്ടിയാണു് ഞങ്ങൾ അത്തപ്പൂ വിടുന്നതു്. അല്ലേ ചേട്ടാ? | This is the month of Chingam. This is Onam time for us. We put this Attappu to welcome Mavelithamburan who comes to visit us on Tiruvonam day. Isn't it like that Chettan? |
| ശങ്കരൻ: അതെ. | Yes. |
| മാധുർ: ആരാണു ശങ്കരാ ഈ മാവേലിത്തമ്പുരാൻ? | Who is this Mavelithamburan, Sankaran? |
| ശങ്കരൻ: കേരളത്തിലെ ഓണാഘോഷത്തെപ്പററി നമ്മൾ ഭോപാലിൽ വെച്ചു് ഫിലിംസ് ഡിവിഷന്റെ ഒരു ഡോക്യുമെന്ററി ചിത്രം കണ്ടില്ലേ? ആ ആഘോഷത്തിന്റെ പിന്നിലുള്ള ഐതിഹ്യത്തെപ്പററി അന്നു ഞാൻ മാധുറിനു പറഞ്ഞുതന്നതു് ഓർമ്മയില്ലേ? | Didn't we see films division's documentary film at Bhopal on Onam Celebrations in Kerala? Don't you remember the legend I told you that day about these celebrations? |

മാഥൂർ: ശരിയാ. മഹാബലി ചക്രവർത്തിയെ സ്മരിക്കുന്നതിനുവേണ്ടിയാണ് മലയാളികൾ ഓണം കൊണ്ടാടുന്നതു്. ഉദാരനായ ആ ചക്രവർത്തിയെ വാമനന്റെ രൂപത്തിൽ വന്ന മഹാവിഷ്ണു പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയ കഥയല്ലേ അതു്?

Yes. That is O.K. Malayalis celebrate Onam to remember the emperor Mahabali. Isn't it the story of the emperor who was sent to the underworld by Lord Vishnu in the guise of Vamana?

ശങ്കരൻ: അതെ. അതെ. ആ ബലിയെത്തന്നെയാണ് ഞങ്ങൾ മാവേലിത്തമ്പുരാൻ എന്നു് വിളിക്കുന്നതും.

Yes. Yes. We call that same emperor as Mavelithamburan.

മാഥൂർ: അപ്പോൾ ഈ ചിങ്ങമാസം മുഴുവനും ഇങ്ങനെ പൂക്കളം ഉണ്ടാക്കണോ?

Then is it compulsory that you should make this flower carpet for the whole of this month?

ശങ്കരൻ: ഇല്ല. ചിലർ ചിങ്ങമാസം മുഴുവനും ഇടും. സാധാരണയായി പത്തു ദിവസം ഇട്ടാൽ മതി. തിരുവോണത്തിനു പത്തു ദിവസം മുമ്പാണ് ഇട്ടു തുടങ്ങേണ്ടതു്. ഞങ്ങൾ പത്തു ദിവസവും ഇങ്ങനെ മുററം അലങ്കരിക്കും.

No. Some people may put for the whole month. Usually it is enough if we put for ten days. We have to start putting this ten days prior to Tiruvonam. We decorate the courtyard like this for all the ten days.

രമണി: അത്തം തൊട്ടു തുടങ്ങുന്നതുകൊണ്ടാണിതിനെ അത്തപ്പൂവെന്നു വിളിക്കുന്നതു്.

We call it Attappu because we start from the Attam day.

മാഥൂർ: ശങ്കരാ, അന്നത്തെ സിനിമയിൽ നമ്മൾ കണ്ടതുപോലെ ഈ പൂക്കളത്തിനു ചുററും മുണ്ടും നേര്യതും ഉടുത്തു് രമണിയും ഇന്നു നൃത്തം ചെയ്യുമോ?

Sankaran, as we saw in that film will Ramani also dance around this Attappu today?

| | |
|---|---|
| രമണി: അയ്യോ! തിരുവാതിരക്കളിയൊന്നും എനിക്കറിയാൻ വയ്യ. | My good heavens! I don't know that Tiruvatira dance. |
| മാഥുർ: ആ നൃത്തത്തിനു തിരുവാതിരക്കളിയെന്നാണോ പറയേണ്ടതു്? | Should we call that dance as Tiruvatira? |
| ശങ്കരൻ: അതെ. മാഥുറിനു് ഞങ്ങളുടെ പഴയ ആചാരങ്ങളും, സമ്പ്രദായങ്ങളും നാടൻ കലകളും, കളികളും ഒക്കെ നേരിട്ടു കാണണമെങ്കിൽ നാട്ടിൻപുറങ്ങളിലേക്കു പോകണം. ഈ പട്ടണത്തിൽ അതിനൊന്നും അവസരം കിട്ടില്ല. നോക്കട്ടെ, ഞാനൊരു മാർഗ്ഗം കണ്ടുപിടിക്കാം. | Yes. Mathur, if you want to see our age old customs, manners, folk arts and games, you should go to the villages. In this busy town you can't get a chance for such things. Let me see. I shall find out a way for that. |

## DRILLS

### A. Repetition drill

a. 1. നിന്നെപ്പററിയാണു് ഞാൻ പറഞ്ഞുകൊണ്ടിരുന്നതു്.

2. ഞാൻ താമസിച്ചതുകൊണ്ടു നിങ്ങൾക്കു ദേഷ്യം തോന്നുന്നോ?

3. ഓണം ആഘോഷിക്കുന്നതിൻെറ പിന്നിൽ കഥയൊന്നുമില്ലേ?

4. ഇത്ര നന്നായി വീടൊക്കെ അലങ്കരിക്കുന്നതു് ആരാണു്?

5. അവർ പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല.

b. 1. ഞാൻ പറയാത്തതു് നീ എങ്ങനെ കേട്ടു?

2. അദ്ദേഹത്തിനു് ഓർമ്മയില്ലാത്തതു് എൻെറ കുററമൊന്നുമല്ലല്ലോ.

3. അവർ വരാത്തതുകൊണ്ടു ഞാനും പോയില്ല.

4. നീ ജയിക്കാത്തതിനു് ടീച്ചറിനെ എന്തിനു ശപിക്കുന്നു?

5. എനിക്കു് അറിഞ്ഞുകൂടാത്തതു് നിനക്കു് അറിയാമെങ്കിൽ പറ.

## B. Build up drill

### Model

കഷ്ടപ്പെടുന്നതു്.
കഷ്ടപ്പെടുന്നതു്.
നന്മയ്ക്കുവേണ്ടിയാണു്.
നന്മയ്ക്കുവേണ്ടിയാണു് കഷ്ടപ്പെടുന്നതു്.
കുഞ്ഞുങ്ങളുടെ
കുഞ്ഞുങ്ങളുടെ നന്മയ്ക്കുവേണ്ടിയാണു് കഷ്ടപ്പെടുന്നതു്.
അച്ഛനമ്മമാർ
അച്ഛനമ്മമാർ കുഞ്ഞുങ്ങളുടെ നന്മയ്ക്കുവേണ്ടിയാണു് കഷ്ടപ്പെടുന്നതു്.

1. മനസ്സിലാക്കാത്തതു്.
കുട്ടികൾ മനസ്സിലാക്കാത്തതു്.
പഠിപ്പിക്കാത്തതുകൊണ്ടാണു് കുട്ടികൾ മനസ്സിലാക്കാത്തതു്.
നന്നായി പഠിപ്പിക്കാത്തതുകൊണ്ടാണു് കുട്ടികൾ മനസ്സിലാക്കാത്തതു്.

2. യോജിക്കുന്നു.
ഞാനും യോജിക്കുന്നു.
പറയുന്നതിനോടു് ഞാനും യോജിക്കുന്നു.
നിങ്ങൾ പറയുന്നതിനോടു് ഞാനും യോജിക്കുന്നു.

3. നിനക്കറിയാമോ?
കാരണം നിനക്കറിയാമോ?
പാടാത്തതിന്റെ കാരണം നിനക്കറിയാമോ?
പാട്ടു പാടാത്തതിന്റെ കാരണം നിനക്കറിയാമോ?
ലത പാട്ടു പാടാത്തതിന്റെ കാരണം നിനക്കറിയാമോ?
ഇന്നത്തെ മീറ്റിങ്ങിൽ ലത പാട്ടു പാടാത്തതിന്റെ കാരണം നിനക്കു് അറിയാമോ?

4. തുടങ്ങേണ്ടതു്.
ഇട്ടു തുടങ്ങേണ്ടതു്.
പൂക്കളം ഇട്ടു തുടങ്ങേണ്ടതു്.
അത്തം നാൾ മുതലാണു് പൂക്കളം ഇട്ടു തുടങ്ങേണ്ടതു്.
ചിങ്ങമാസത്തിൽ അത്തം നാൾ മുതലാണു് പൂക്കളം ഇട്ടു തുടങ്ങേണ്ടതു്.

## C. Substitution drill

a. നീ വരുന്നതു് ഞാൻ കണ്ടു.

പോകുന്നതു്
എഴുതുന്നതു്
വായിക്കുന്നതു്
പഠിക്കുന്നതു്
ചിരിക്കുന്നതു്
കരയുന്നതു്

b. രാഷ്ട്രീയക്കാർ പറയുന്നതിൽ എനിക്കു വിശ്വാസമില്ല.

തരുന്നതിൽ
കാണിക്കുന്നതിൽ
കൊടുക്കുന്നതിൽ
മനസ്സിലാക്കുന്നതിൽ
പ്രസംഗിക്കുന്നതിൽ

c. നീ പറഞ്ഞതുകൊണ്ടാണു് ഞാൻ എഴുതിയതു്.

ഓർമ്മിപ്പിച്ചതുകൊണ്ടാണു്
വഴക്കു പറഞ്ഞതുകൊണ്ടാണു്
നിർബ്ബന്ധിച്ചതുകൊണ്ടാണു്
അപേക്ഷിച്ചതുകൊണ്ടാണു്
ശല്യപ്പെടുത്തിയതുകൊണ്ടാണു്

d. നീ പറയുന്നതിൽ എനിക്കു വിശ്വാസമില്ല.

വിശ്വസിക്കുന്നതിൽ
കാണുന്നതിൽ
കേറുക്കുന്നതിൽ
എഴുതുന്നതിൽ
പോകുന്നതിൽ

e. അവരു പറഞ്ഞതിനോടു് എനിക്കു യോജിക്കാൻ വയ്യ.

എഴുതിയതിനോടു്
വായിച്ചതിനോട്
കണ്ടതിനോട്
സംസാരിച്ചതിനോട്
കേട്ടതിനോട്

f. അവൻ ഇത്ര എഴുതിയതിൻെറ അർത്ഥം എനിക്കു മനസ്സിലായില്ല.

പറഞ്ഞതിൻെറ

ചോദിച്ചതിൻെറ

സംസാരിച്ചതിൻെറ

നിർബ്ബന്ധിച്ചതിൻെറ

പ്രസംഗിച്ചതിൻെറ

## D. Restatement Drill

### Model 1

അദ്ദേഹം ഹോട്ടലിൽ താമസിക്കുന്നു >

അദ്ദേഹം ഹോട്ടലിലാണു് താമസിക്കുന്നതു്.

അദ്ദേഹമാണു് ഹോട്ടലിൽ താമസിക്കുന്നതു്.

1. രാധ ഹിന്ദിയിൽ സംസാരിക്കുന്നു.
2. മോഹനൻ കഥ എഴുതുന്നു.
3. ബേബി കുഞ്ഞിനെ കളിപ്പിക്കുന്നു.
4. അവർ വലിയ വീടു വയ്ക്കുന്നു.
5. ഞങ്ങൾ മധുവിനു കൊടുക്കുന്നു.
6. എല്ലാവരും ചോറു കഴിക്കുന്നു.

### Model 2

അവരൊക്കെ നുണ പറഞ്ഞു >

(a) അവരൊക്കെയാണു നുണ പറഞ്ഞതു്.

(b) അവരൊക്കെ നുണയാണു പറഞ്ഞതു്.

1. കമല വളരെ വിഷമിച്ചു.
2. ചേച്ചി മീനും, ഇറച്ചിയും വറുത്തു.
3. കമലയുടെ ആടു് ഇന്നലെ പെററു.
4. മോൻ കപ്പിയും, കയറും കിണററിൽ വീഴ്ത്തി.
5. കുഞ്ഞുമോൻ ഷൂസിടുന്നു.
6. ചേട്ടൻ അച്ഛൻെറ കടയെടുക്കുന്നു.

Model 3

ഓണം അഘോഷിക്കുന്നതിനുവേണ്ടി നാട്ടിൽ പോകുന്നു >

ഓണം ആഘോഷിക്കാൻ വേണ്ടി നാട്ടിൽ പോകുന്നു.

1. ജീവിക്കുന്നതിനുവേണ്ടി തിന്നുന്നു.
2. ജോലി ചെയ്യുന്നതിനുവേണ്ടി ജീവിക്കുന്നു.
3. കഷ്ടപ്പെടുന്നതിനുവേണ്ടി വന്നു.
4. സിനിമ കാണുന്നതിനുവേണ്ടി സിററിയിൽ പോകുന്നു.
5. വെള്ളം കോരുന്നതിനുവേണ്ടി അടുത്ത വീട്ടിൽ പോയി.
6. കൈ കഴുകുന്നതിനുവേണ്ടി വെളിയിൽ വന്നു.

E. Transformation Drill

Model 1

അവനാണു പറഞ്ഞതു്.

അവനല്ല പറഞ്ഞതു്.

1. കുട്ടിയാണു കരഞ്ഞതു്.
2. പലഹാരം ആണു് തിന്നതു്.
3. ഞാൻ ആണു് കൂലിപ്പണി ചെയ്തതു്.
4. അച്ഛനാണു് വിളിക്കുന്നതു്.
5. സമ്മാനമാണു് വാങ്ങിയതു്.

Model 2

ആരാണു് തോൽക്കുന്നതു്?

ആരാണു് തോൽക്കാത്തതു്?

1. നീ എന്താണു് പറയുന്നതു്?
2. ആ പിള്ളക്കൻ എന്തിനാണു് മടിക്കുന്നതു്?
3. അവരെയാണു് ഓർമ്മിക്കേണ്ടതു്.
4. മൂത്തവരോടാണു് ചോദിക്കുന്നതു്.
5. ടാക്സിയിലാണു് വന്നതു്.
6. നാരങ്ങാനീരാണു് കുടിച്ചതു്.

## F. Combination drill

Model 1

രാധ നാട്ടിൽ എത്തി.
നീ അതു് അറിഞ്ഞോ?
രാധ നാട്ടിൽ എത്തിയതു് നീ അറിഞ്ഞോ?

1. മോൻ വെള്ളത്തിൽ കളിക്കുന്നു.
   അമ്മ അതു കണ്ടില്ല.
2. അച്ഛൻ വാസുവിനെ വിളിച്ചു.
   അതു് അവൻ കേട്ടില്ലേ?
3. അവർ ഉത്സവമാഘോഷിക്കുന്നു.
   അതിനു നമുക്കെന്തുവേണം?
4. ഞാൻ പൂക്കളം ഇട്ടു.
   നിങ്ങൾ അതു കാണണം.
5. അവർ ചോദിക്കുന്നു.
   അതിനെപ്പററിയൊന്നും നീ അന്വേഷിക്കണ്ട.
6. രാധ വേഗം ഓടിപ്പോയി.
   ഞാൻ അതു മനസ്സിലാക്കി.
7. കുഞ്ഞുചോദിക്കുന്നു.
   അതു് അമ്മ കൊടുക്കുന്നു.
8. അവർ പറയുന്നു.
   ഞാൻ അതു കേൾക്കുന്നു.
9. കുട്ടികൾ എഴുതുന്നു.
   ടീച്ചർ അതു തിരുത്തുന്നു.
10. അച്ഛൻ പോകുന്നു.
    മകൻ അതു കാണുന്നു.
11. ഞാൻ പറയുന്നു.
    അതു് എൻെറ കുട്ടികൾക്കിഷ്ടമാണു്.
12. ഭാര്യ നാടകത്തിൽ അഭിനയിക്കുന്നു.
    അതു ഭർത്താവിനു് ഇഷ്ടമില്ല.
13. താമസിച്ചു് ഉറങ്ങുന്നു.
    അതു് ആരോഗ്യത്തിനു നല്ലതല്ല.

14. അയാറം പണം ധാരാളമായി ചെലവാക്കുന്നു. അതു് കുടുംബം നശിക്കാനുള്ള വഴിയാണു്.

15. അവർ എല്ലാവരേയും വെറുക്കുന്നു. അതു രോഗലക്ഷണം ആണു്.

## EXERCISES

I Fill in the blanks suitably.

1. അയാളാണു് കള്ളം ———.
2. പകൽ ഉറങ്ങുന്നതു് നല്ലതു് ———?
3. മഴയത്തു് ——— പനി വരാനാണു്.
4. ഉറക്കെ പാടുന്നതു് ——— ഇഷ്ടമാണു്.
5. തയ്യൽക്കാരൻ പൈസ ——— എന്തുകൊണ്ടാണു്?
6. അവളെയാണു കല്യാണം ———.
7. നീ ഇവിടെ ——— അറിഞ്ഞാൽ അച്ഛനു് ദേഷ്യം തോന്നില്ലേ?
8. അവർ ——— അവർ പറയട്ടെ.
9. അമ്മൂമ്മ കാണിച്ച ——— ഇപ്പോഴും ഓർമ്മയുണ്ടു്.
10. കൂട്ടുകാരെ ——— നമ്മുടെ മനസ്സമാധാനത്തിനു വേണ്ടിയാണു്.
11. അവൻ ——— എല്ലാവരും കാണട്ടെ.
12. നിങ്ങറം അവിടെ ——— ആണു് എന്റെ ഓഫീസു്.

II Rewrite the following sentences using -തു് verb form + ആണു്. Wherever possible write two sentences each.

1. അമ്മ ചോറും, കറിയും വച്ചു.
2. ജോണിയുടെ വ്യാപാരം പൊളിഞ്ഞു.
3. കുട്ടികറം ഇപ്പോറം ക്ലാസ്സു നടത്തുന്നു.
4. ചേച്ചിതന്നെ അനിയനെ ഓർമ്മിപ്പിക്കുന്നു.
5. അച്ഛനെ മാത്രം പേടിക്കുന്നു.
6. ചാക്കോ കുഴി വെട്ടി തൈകറം നട്ടു.
7. പൈലി കള്ളു കുടിക്കുന്നു.
8. അവർ വാചകമടിച്ചു നടക്കുന്നു.
9. ആഴ്ചയിൽ രണ്ടു സിനിമ കാണുന്നു.
10. അവൻ എല്ലാരേം പററിക്കുന്നു.
11. കൂട്ടുകാരൻ ആശുപത്രിയിൽ കിടക്കുന്നു.
12. എന്തിനിങ്ങനെ തമ്മിൽത്തല്ലുന്നു.

III Combine the following sets of sentences using -തു് form of verb+ആണു്.

1. ഞാൻ തന്നു.
   അതു നീ കളയല്ലേ.
2. അവർ പറഞ്ഞു.
   അതു ഞങ്ങൾക്കു് മനസ്സിലായില്ല.
3. രാവിലെ മുതൽ അലഞ്ഞുനടന്നു.
   അതു പോരേ?
4. നീ കേട്ടു.
   അതൊക്കെ വിശ്വസിക്കാൻ ഒക്കുമോ?
5. തലയിലോട്ടു് അടിച്ചു കയററുന്നു.
   അതുകൊണ്ടു പ്രയോജനമുണ്ടോ?
6. നീ വരുന്നില്ല.
   അതുകൊണ്ടു് അദ്ദേഹം പോയില്ല.
7. കല്യാണത്തിനു പോയില്ല.
   അതു നന്നായില്ല.
8. പണിക്കാരനെ കാണുന്നു.
   അതു നല്ലതാണു്.
9. ദൈവത്തിൽ വിശ്വസിക്കുന്നു.
   അതു നമുക്കു് ആശ്വാസം തരും.
10. പഞ്ചസാര തിന്നുന്നു.
    അതു് ഒട്ടും നല്ലതല്ല.

IV Rewrite the sentences replacing the underlined word with another appropriate participial noun form.

1. കല്യാണം കഴിക്കാൻ കാശിയിൽ പോകണോ?
2. അമ്പലം കാണാൻ അത്രദൂരം നടക്കണോ?
3. മരുന്നു വാങ്ങാൻ സിററിയിൽ പോയി.
4. സംഭാരം ഉണ്ടാക്കാൻ ധാരാളം മോരു വേണം.
5. അരി വേവാൻ ഇനിയും സമയം വേണോ?
6. പച്ചക്കറി നടാൻ പോലും സമയമില്ല.
7. അവിയലിനു കൂട്ടരയ്ക്കാൻ പ്രയാസമില്ല.

8. കൊഞ്ചിക്കാൻ സമയം ഉണ്ടോ ?

9. അലഞ്ഞുതിരിയാൻ അനുവാദം വേണോ?

10. കോളേജ് അടയ്ക്കാൻ ഇനി മൂന്നു മാസം ഉണ്ട്.

V Answer the following with reference to the conversation.

1. ആരുടെ വീട്ടിൽ വച്ചാണ് ഈ സംഭാഷണം നടക്കുന്നത്?
2. മാധുർ ഏതു സമയത്താണ് കേരളത്തിൽ വന്നത്?
3. മലയാളികൾ എന്തിനാണ് അത്തപ്പൂ ഇടുന്നത്.
4. മാധുറിന് ഓണത്തിനെപ്പററി നേരത്തെ അറിയാമായിരുന്നോ? എങ്ങനെ?
5. ഓണാഘോഷത്തെപ്പററി അഞ്ചുവാക്യം എഴുതുക.

VI Fill up the dialogue for B.

A നിങ്ങൾ എന്തിനാണ് തമ്മിൽ തമ്മിൽ സംസാരിക്കുന്നത്?

B . . . . . . . . . . . . . . . . . . . . . . . .

A ഒന്നും കണ്ടുകൂടെങ്കിൽ പിന്നെ നേരത്തെ പറയാത്തതെന്താണ്?

B . . . . . . . . . . . . . . . . . . . . . . . .

A അതുകൊള്ളാം. നേരത്തെ കാണാമായിരുന്നു. ഇപ്പോൾ കാണാൻ പാടില്ലേ?

B . . . . . . . . . . . . . . . . . . . . . . . .

A ശരിയാ. ഈ ബോർഡാണതിനു കാരണം. ശരി. അതു നമുക്കു മാററാം. കുട്ടികളേ, ഇനി ഒരു കാര്യം ചോദിക്കാനുണ്ട്. ഇന്നലെ പഠിപ്പിച്ചതു് നിങ്ങൾക്കൊക്കെ മനസ്സിലായോ?

B . . . . . . . . . . . . . . . . . . . . . . . .

A എന്താ പക്ഷെ?

B . . . . . . . . . . . . . . . . . . . . . . . .

A ലൈബ്രറിയിൽ പോയി നോക്കി. പക്ഷെ പുസ്തകം എടുക്കാൻ പററിയില്ല. അതെന്താ അങ്ങനെ?

B . . . . . . . . . . . . . . . . . . . . . . . .

A ഇത്ര വേഗം മറക്കുന്നത് നല്ല കുട്ടികളുടെ സ്വഭാവമല്ല.

B . . . . . . . . . . . . . . . . . . . . . . . .

A ലൈബ്രറിയിൽ പോകുന്നതും പുസ്തകങ്ങൾ വായിക്കുന്നതും ഒക്കെ വളരെ നല്ല സ്വഭാവങ്ങളാണ്.

B . . . . . . . . . . . . . . . . . . . . . . . .

A എന്താ? എന്തു വേണം.

B . . . . . . . . . . . . . . . . . . . . . . . . .

A എന്നാൽ മുമ്പോട്ടുവാ. ഇവിടെ ഒന്നാമത്തെ ബെഞ്ചിൽ ഇരിക്കൂ.

B . . . . . . . . . . . . . . . . . . . . . . . . .

A പററില്ല. നീ ഇവിടെത്തന്നെ ഇരുന്നേ, പററൂ.

B . . . . . . . . . . . . . . . . . . . . . . . . .

A ഇവിടേം കാററും, വെളിച്ചോം ഒക്കെ ഇഷ്ടംപോലെ കിട്ടുന്നുണ്ട്. വാ; വേഗം.

B . . . . . . . . . . . . . . . . . . . . . . . . .

A അതെ. അവിടെത്തന്നെ. സുഖമില്ലേ?

## VOCABULARY

| | | | |
|---|---|---|---|
| വൈക് | 'to be late' | ക്ഷീണം | 'tiredness' |
| അത്തപ്പൂ | 'the flower arrangement in the courtyard during Onam festival' | | |
| അത്തം | 'the name of a star—star Hasta' | | |
| പൂക്കളം | 'a design with flower' | | |
| വെയിലത്തു് | 'in the sun' | അലങ്കരിക്ക് | 'to decorate' |
| ഗൗനിക്ക് | 'to take notice of seriously' | | |
| ഫിലിംസ് ഡിവിഷൻ | 'films division' | ഡോക്യുമെൻററി | 'documentary' |
| ഐതിഹ്യം | 'legend' | സ്മരിക്ക് | 'remember' |
| പാതാളലോകം | 'under world' | ഉദാരൻ | 'generous man' |
| രൂപം | 'shape' | | |
| മുണ്ടും നേര്യതും | 'the dhoti and the shawl' | | |
| തിരുവാതിര | 'the names of a star—star Ardra' | | |
| തിരുവാതിരക്കളി | 'a folk dance of Kerala' | | |
| സമ്പ്രദായം | 'tradition' | നാടൻകല | 'folk art' |
| നാട്ടിൻപുറം | 'village, suburb, rural area' | | |
| അവസരം | 'chance' | | |

**NOTES**

15.58.1. This lesson introduces the use of neuter participial nouns as verbal nouns.

(a) മാഥൂറിന്റെ കാര്യം തന്നെയാണ് ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്.
We were just talking about Mathur.

(b) ഞാൻ അത്തപ്പൂ ഇട്ടത് നന്നായോ?
How is the attappu that I put ?

(c) ഞാൻ കാണാത്തതിനെപ്പററി എങ്ങനെയാണ് അഭിപ്രായം പറയുന്നത്?
How should I comment about what I didn't see ?

15.58.2. The use of the participial noun as in above sentences with the different forms of copula verb ആണ് is very frequently used in Malayalam. This sentence pattern helps to locate the word to which emphasis has to be given by the addition of ആണ് to that word.

അവനാണ് കാര്യം പറയുന്നത്?
It is he who tells the matter.

അവൻ കാര്യമായിരുന്നു പറഞ്ഞത്.
What he told was true.

അവൻ ആയിരിക്കും കാര്യം പറയുന്നത്.
May be it is he who is going to tell the matter.

എനിക്ക് മനസ്സിലാകാത്തത് ഒന്നുണ്ട്.
There is one thing that I don't understand.

15.58.3. Using this neuter participial noun, sentences can be combined in the following way.

1. (a) അവൻ പാടുന്നു — He sings.
(b) ഞാൻ അതു കേൾക്കുന്നു. — I hear that.
(a+b) അവൻ പാടുന്നതു ഞാൻ കേൾക്കുന്നു. — I hear his singing.

2. (a) കുട്ടികൾ കളിക്കുന്നില്ല. — Children don't play.
(b) അതിന്റെ കാരണം എനിക്കെങ്ങനെ അറിയാം.
How am I to know the reason ?
(a+b) കുട്ടികൾ കളിക്കാത്തതിന്റെ കാര്യം എനിക്കെങ്ങിനെ അറിയാം
How am I to know the reason for children not playing (How do I know why children don't play)?

**15.58.3.** Onam is the National Festival of Kerala celebrated in the month of Chingam (August-September), the first month of Malayalam calendar. It can be called a new year, harvest cum spring festival. The legend behind Onam celebration goes back to the Puranic story of Vishnu's incarnation as Vamana. People celebrate this festival in honour of Mahabali who is supposed to have ruled over Kerala in the Puranic age and who was cheated and sent to the underworld by Vamana for the sake of Gods. People in Kerala believe that their old benevolent emperor visits them every year during the TIRUVONAM day in the month of Chingam. So, in order to receive him with all warmth, flower carpets called അത്തപ്പൂ or ഓണപ്പൂ are laid out in court-yards. People wear new clothes, revel in grand feasts, merry making dances, games and sports.

**15.58.4.** Tiruvatira is a typical folk dance form of Kerala in which several girls or women take part. They dance around a lighted lamp.

UNIT 16

# LESSON 59

## പഴയ കഥ.

### CONVERSATION

| | | |
|---|---|---|
| വർഗീസ്: | ഞാൻ പറഞ്ഞപ്പോഴൊന്നും താൻ വിശ്വസിച്ചില്ല. എന്നിട്ട് ഇപ്പോഴെന്തായി? നേരിട്ട കാണുമ്പോഴെങ്കിലും വിശ്വാസമാകുന്നുണ്ടോ? | Whenever I told, you didn't believe. Now what happened? Do you believe at least when you see in person? |
| കറുപ്പ്: | നേരിട്ട കാണുമ്പോൾ പിന്നെ എങ്ങനെ വിശ്വസിക്കാതിരിക്കും? പക്ഷെ വാസ്തവം പറയുകയാണെങ്കിൽ ഇതു കുറച്ച് കഷ്ടമായിപ്പോയി. | When I see it myself how can I not believe it? But to tell you frankly, it is really pathetic. |

വർഗീസ്: എന്താ ഇതിലെത്ര കഷ്ടം പറയാൻ? പുതിയ ഓഫീസർ നല്ല ചുണക്കുട്ടനാണല്ലോ. പിന്നെ ശകലം തണ്ടുണ്ട്. അതു പിന്നെ ഐ. ഏ. എസ്സുകാരുടെ ഗമ കാണിക്കാതിരിക്കുമോ?

What is there so pitiable in it ? The new officer is a smart boy. But he is a bit arrogant. After all how do you expect him not to show off the style of the I.A.S. officer?

കുറുപ്പ്: പുതിയ ഓഫീസറുടെ കാര്യമല്ല ഞാൻ ഉദ്ദേശിക്കുന്നത്. മേനോൻ സാറിന്റെ കാര്യം ഓർത്തു ഞാൻ പറഞ്ഞു പോയതാണ്. സാർ അവധി കഴിഞ്ഞു വരുമ്പോൾ ഇതറിഞ്ഞു വലിയ മന:പ്രയാസമായിരിക്കും.

I don't mean the new officer. I just told you remembering Menon Sir. When he knows about it after he comes from leave he will feel very bad.

വർഗീസ്: അതെന്താ? അവർ തമ്മിൽ അത്ര രസമില്ലേ? ഞാനും ചിലതൊക്കെ അറിഞ്ഞു. മേനോൻ സാറും അദ്ദേഹവും അയൽക്കാരായിരുന്നത്രേ. പക്ഷെ ഏതോ വസ്തുതർക്കം മൂലം ഇപ്പോൾ പിണക്കത്തിലാണുപോലും. കണ്ടാൽ മുഖം തിരിച്ചു നടക്കുമത്രേ.

Why ? Aren't they in good terms ? I too knew something. Menon Sir and he were neighbours, it seems. But they are not in good terms now on account of some property dispute. It is said that if they see each other they will turn the faces and go away.

കുറുപ്പ്: ഈ പച്ചക്കള്ളം ഒക്കെ തന്നോടാരു പറഞ്ഞു?

Who told you this white lie ?

വർഗീസ്: ആരും എന്നോടു പറഞ്ഞതല്ല. അയ്യരും, മണിയും കൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ചെവിയിൽ വീണതാണ്.

Nobody told me. When Iyer and Mony were talking, it fell into my ears.

കുറുപ്പ്: അവർ പറയുന്നതിൽ എന്തെങ്കിലും സത്യം കാണുമോ?

Will there be any truth in what they say ?

വർഗീസ്: അവർ പറയുന്നതിൽ സത്യം ഇല്ലായിരിക്കും. പക്ഷെ താനും ഇപ്പോൾ എന്തോ സൂചിപ്പിച്ചില്ലേ? അതെന്താ?

There may not be any truth in what they say. But now you also hinted at something. What is that ?

കുറുപ്പ്: മേനോൻസാറും, ഇദ്ദേഹവും ഒരു നാട്ടുകാർപോലും അല്ല. പക്ഷെ, ഒരു കോളേജിൽ പഠിച്ചുകൊണ്ടിരുന്നവരാണത്രേ. മേനോൻ സാർ ബി. ഏ. ഫൈനലിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ ഇദ്ദേഹവും ആ കോളേജിൽ ചേർന്നു. അക്കൊല്ലത്തെ കോളേജു തിരഞ്ഞെടുപ്പിൽ സിക്രട്ടറിസ്ഥാനത്തേയ്ക്കു രണ്ടുപേരും മത്സരിച്ചു. മേനോൻ സാറാണത്രേ തിരഞ്ഞെടുപ്പിൽ ജയിച്ചതു്. തിരഞ്ഞെടുപ്പുഫലം അറിഞ്ഞപ്പോൾ ഇരു കക്ഷികളും തമ്മിൽ ഒരു വലിയ വഴക്കുണ്ടായത്രേ. ആ വഴക്കോടുകൂടി ഇവർ രണ്ടുപേരും പരസ്പരം മിണ്ടാതെയായി. അന്നു പിണങ്ങിയവർ പിന്നെ മിണ്ടിയില്ല. കുറെ വർഷങ്ങൾ കഴിഞ്ഞ് ഇദ്ദേഹം ഐ. ഏ. എസ്. പാസായ വിവരം അറിഞ്ഞ ഉടനെ മേനോൻ സാർ അഭിനന്ദനം അറിയിക്കാൻ പോയപ്പോൾ സാറിനെ അപമാനിച്ചയച്ചുപോലും. പഴയ കടം അങ്ങനെ വീട്ടിയതാണത്രേ.

Menon Sir and he are not even from the same place. But they were studying in the same college. When Menon Sir was studying for B.A. final he joined the college. That year in the college election both of them contested for secretaryship. Menon Sir won the election. When the election result was known there was a quarrel between the two parties. With the quarrel they two stopped talking. After some years when he passed I.A.S., Menon Sir went there to congratulate him as soon as he got the news. But he insulted and sent him away. Thus he repaid the old debt, it seems.

വർഗീസ്: ഈ പഴങ്കഥയൊക്കെ താൻ എവിടുന്നു കുഴിച്ചെടുത്തു.

Where from did you dig out this old story ?

| | | |
|---|---|---|
| കുറുപ്പ്: | ഞാൻ കുഴിച്ചെടുത്തതല്ല. മേനോൻ സാർ തന്നെ പറഞ്ഞതാണ്. ഒരിക്കൽ ഞങ്ങൾ നടക്കാനിറങ്ങിയപ്പോൾ ഇദ്ദേഹം ഞങ്ങളുടെ അടുത്തുകൂടി കാറോടിച്ചു പോകുന്നതു കണ്ടു. അന്ന് ഒരു നെടുവീർപ്പോടുകൂടി മേനോൻസാർ എന്നോടു പറഞ്ഞതാണിതെല്ലാം. | I didn't dig it out. Menon Sir himself told me. Once when we went out for a walk we saw him driving in his car near us. That day Menon Sir told me all these with a sigh. |
| വർഗീസ്: | ആ സ്ഥിതിക്ക് ഇദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യേണ്ടിവരുമ്പോൾ മേനോൻ സാറിനു വലിയ പ്രയാസമായിരിക്കും അല്ലേ? | In that case when Menon Sir will have to work under him it will be really difficult. Won't it be ? |
| കുറുപ്പ്: | അതു തന്നെയാണ് ഞാൻ നേരത്തെ പറഞ്ഞതിന്റെ അർത്ഥവും. | That is the meaning of what I told you earlier. |

## DRILLS

### A. Repetition drill

a 1. ഞാൻ പറഞ്ഞപ്പോൾ നീ വിശ്വസിച്ചില്ല.

2. അദ്ദേഹം കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വലിയ വിപ്ലവകാരിയായിരുന്നു.

3. നേതാവു പ്രസംഗിക്കുമ്പോൾ എല്ലാവരും ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു.

b 1. അവർ സംസാരിക്കാതെ ഇരുന്നപ്പോൾ എല്ലാം ഭംഗിയായി നടന്നു. (അവർ സംസാരിക്കാത്തപ്പോൾ എല്ലാം ഭംഗിയായി നടന്നു).

2. കുട്ടികളെ കൊഞ്ചിക്കാതെ ഇരുന്നപ്പോൾ അവർ വേണ്ടത്ര ആഹാരം കഴിച്ചു. (കുട്ടികളെ കൊഞ്ചിക്കാത്തപ്പോൾ അവർ വേണ്ടത്ര ആഹാരം കഴിച്ചു.)

3. ആരും കാണാതെ ഇരിക്കുമ്പോൾ അവനതു് എടുത്തു. (ആരും കാണാത്തപ്പോൾ അവനതു് എടുത്തു.)

c. 1. ഞാൻ വീട്ടിൽ എത്തുമ്പോൾ നേരം ഇരുട്ടും.

2. അമ്മയെ കാണുമ്പോൾ കുട്ടി ഓടിവരും.

3. നല്ല കാലം വരുമ്പോൾ ചില ആളുകൾ പഴയ കൂട്ടുകാരെ മറക്കും.

d. 1. അച്ഛനും അമ്മയും ഇല്ലാത്തപ്പോൾ കുട്ടികൾ മിണ്ടാതെ ഇരുന്നു.

2. പണം വേണ്ടാത്തപ്പോൾ ധാരാളം കിട്ടിയതുകൊണ്ടെന്തു ഫലം?

3. നമുക്കു വേണ്ടപ്പോൾ വേണ്ടതൊന്നും കിട്ടില്ല.

4. കയ്യിൽ പൈസ ഉള്ളപ്പോൾ ചുററും ആളുകളും കാണും.

e. 1. ഞാൻ ചോദിച്ച ഉടനെ ഒട്ടും മടിക്കാതെ നൂറുരൂപ അവരെനിക്കു കടംതന്നു.

2. ശമ്പളം കിട്ടുന്ന ഉടനെ ഞാനാ കടം വീട്ടാം.

3. അയാൾ വന്നാലുടനെ എന്നെ വിളിക്കണം.

## B. Build up drill

Model

നിന്നു.

നിന്നു.

എണീററു

എണീററുനിന്നു.

വിദ്യാർഥികളെല്ലാം

വിദ്യാർഥികളെല്ലാം എണീററുനിന്നു.

ടീച്ചർ വന്നപ്പോൾ

ടീച്ചർ വന്നപ്പോൾ വിദ്യാർഥികളെല്ലാം എണീററുനിന്നു.

1. ഇല്ലായിരുന്നു.

കുടുംബപ്രാരബ്ധമൊന്നും ഇല്ലായിരുന്നു.

കല്യാണം കഴിക്കാതെ ഇരുന്നപ്പോൾ ഈ കുടുംബപ്രാരബ്ധമൊന്നും ഇല്ലായിരുന്നു.

2. ഓർമ്മ വന്നു.

അയാൾക്കു ഓർമ്മവന്നു.

അനിയത്തിയെ അയാൾക്ക് ഓർമ്മവന്നു.

തൻെറ അനിയത്തിയെ അയാൾക്ക് ഓർമ്മവന്നു.

മരിച്ചുപോയ തൻെറ അനിയത്തിയെ അയാൾക്ക് ഓർമ്മ വന്നു.

മകളെ കാണുമ്പോഴൊക്കെ മരിച്ചുപോയ തൻെറ അനിയത്തിയെ അയാൾക്ക് ഓർമ്മ വന്നു.

ഇളയ മകളെ കാണുമ്പോഴൊക്കെ മരിച്ചുപോയ തൻെറ അനിയത്തിയെ അയാൾക്ക് ഓർമ്മ വന്നു.

3. ഇല്ലായിരിക്കും.

അവിടെ ഇല്ലായിരിക്കും.

ട്രെയിൻ അവിടെ ഇല്ലായിരിക്കും.

സ്റ്റേഷനിൽ എത്തുമ്പോൾ ട്രെയിൻ അവിടെ ഇല്ലായിരിക്കും.

ഇങ്ങനെ നടന്നാൽ സ്റ്റേഷനിൽ എത്തുമ്പോൾ ട്രെയിൻ അവിടെ ഇല്ലായിരിക്കും.

നമ്മൾ ഇങ്ങനെ നടന്നാൽ സ്റ്റേഷനിൽ എത്തുമ്പോൾ ട്രെയിൻ അവിടെ ഇല്ലായിരിക്കും.

## C. Combination Drill

### Model 1

a ഞാൻ അറിഞ്ഞു.

b ഞാൻ അവളോട് പറഞ്ഞു.

(a+b) ഞാൻ അറിഞ്ഞപ്പോൾ അവളോട് പറഞ്ഞു.

1. അവർ മിണ്ടി.
ഞാനും മിണ്ടി.

2. നന്നായി എഴുതി.
അപ്പോൾ ജയിച്ചു.

3. മുകളിൽ നിന്നു വീണു.
അപ്പോഴും അവൻ കരഞ്ഞില്ല.

4. അച്ഛൻ മരിച്ചു.
അപ്പോൾ കുടുംബപ്രാരബ്ധം ജോണിന്റെ തലയിൽ വീണു.

5. വീട്ടുകാർ ആ ബന്ധത്തെപ്പററി അറിഞ്ഞു.
അപ്പോൾ അവർ അവനെ വഴക്കു പറഞ്ഞു.

6. അച്ഛൻ വഴക്കു പറഞ്ഞു.
അപ്പോഴും അവൻ ഒന്നും മിണ്ടിയില്ല.

### Model 2

a. കുട്ടി ചിരിക്കും.

b. അപ്പോൾ അമ്മയും ചിരിക്കും.

(a+b) കുട്ടി ചിരിക്കുമ്പോൾ അമ്മയും ചിരിക്കും.

1. ക്ലാസിൽ ശ്രദ്ധിക്കും.
അപ്പോൾ എല്ലാം മനസ്സിലാകും.

2. ഹെഡ്മാസ്റ്റർ ചോദിക്കും.
അപ്പോൾ സത്യം പറയണം.

3. ബസ്സിൽ യാത്ര ചെയ്യും.
അപ്പോൾ കയ്യും തലയും പുറത്തിടരുത്.

4. ഓടിത്തളർന്നു വരും.
അപ്പോൾ പച്ചവെള്ളം കുടിക്കാൻ പാടില്ല.

5. ഇനി വരും.
അപ്പോൾ ചോദിക്കാം.

6. എനിക്കു പോകാൻ സമയമാകും.
അപ്പോൾ മഴയും പെയ്യും.

## Model 3

a അമ്മയെ കണ്ടില്ല.

b അപ്പോൾ കുഞ്ഞ് കരഞ്ഞു.

(a+b) അമ്മയെ കാണാത്തപ്പോൾ കുഞ്ഞു കരഞ്ഞു.

1. മോഹനൻ സിനിമ കണ്ടില്ല.
അപ്പോഴും അച്ഛൻ അവനെ വഴക്കു പറഞ്ഞു.

2. രഘു വീട്ടിലേയ്ക്കു കത്തെഴുതിയില്ല.
അപ്പോൾ അവന്റെ വീട്ടുകാർ അവനെ തേടിവന്നു.

3. മകൻ ചോറുണ്ടില്ല.
അപ്പോൾ അമ്മ സങ്കടപ്പെട്ടു.

4. ജോലി ഉണ്ടായിരുന്നു.
അപ്പോഴും അയാൾക്ക് അഹങ്കാരം ഇല്ലായിരുന്നു.

5. അദ്ധ്യാപകൻ വന്നില്ല.
അപ്പോൾ വിദ്യാർത്ഥികൾ ബഹളംകൂട്ടി.

6. കളിക്കാൻ വിട്ടില്ല.
അപ്പോൾ കുഞ്ഞു ശാഠ്യം പിടിച്ചു കരഞ്ഞു.

## Model 4

a. നിങ്ങൾ പറയില്ല.

b. അപ്പോൾ ഞാനെങ്ങനെ കേൾക്കും.

(a+b) നിങ്ങൾ പറയാതെ ഇരിക്കുമ്പോൾ ഞാനെങ്ങനെ കേൾക്കും?

1. എന്നെ വിളിക്കില്ല.
   അപ്പോൾ ഞാൻ പോവില്ല.
2. അദ്ദേഹം കാണില്ല.
   അപ്പോൾ ഞാനും കാണില്ല.
3. ഭാര്യ മിണ്ടില്ല.
   അപ്പോൾ ഭർത്താവും മിണ്ടില്ല.
4. പേപ്പർ വായിക്കില്ല.
   അപ്പോൾ കാര്യങ്ങൾ എങ്ങനെ മനസ്സിലാവും?
5. എൻെറ വീട്ടിൽ വരില്ല.
   അപ്പോൾ ഞാനെന്തിനവിടെ പോണം?
6. പുസ്തകം വാങ്ങിക്കില്ല.
   അപ്പോൾ വായിക്കാനൊക്കുമോ?

## Model 5

1. a. എനിക്കു പണം വേണം.
   b. അപ്പോൾ ഞാൻ അച്ഛനോട്ട് ചോദിക്കും.
   (a+b) എനിക്ക് പണം വേണ്ടപ്പോൾ ഞാൻ അച്ഛനോടു ചോദിക്കും.
2. a. എനിക്കു കാപ്പി വേണ്ട
   b. അപ്പോൾ ഞാൻ പച്ചവെള്ളം കുടിക്കും.
   (a+b) എനിക്കു കാപ്പി വേണ്ടാത്തപ്പോൾ ഞാൻ പച്ചവെള്ളം കുടിക്കും .
3. a. എനിക്കു പണം ഇല്ല.
   b. അപ്പോൾ ഞാൻ കടം വാങ്ങും.
   (a+b) എനിക്കു പണം ഇല്ലാത്തപ്പോൾ ഞാൻ കടം വാങ്ങും.
4. a. എനിക്കു സ്വന്തം വീടുണ്ട്.
   b. അപ്പോൾ ഞാൻ വാടകവീട്ടിൽ താമസിക്കണോ?
   (a+b) എനിക്കു സ്വന്തം വീടുള്ളപ്പോൾ ഞാൻ വാടകവീട്ടിൽ താമസിക്കണോ?

5. a. ചപ്പാത്തി മാത്രം പോര.
   b. അപ്പോൾ നീ ചോറുണ്ണണം.
   (a+b) ചപ്പാത്തി മാത്രം പോരാത്തപ്പോൾ നീ ചോറുണ്ണണം.
6. a. നീ കുററക്കാരനല്ല.
   b. അപ്പോൾ നീ പേടിക്കണ്ട.
   (a+b) കുററക്കാരനല്ലാത്തപ്പോൾ നീ പേടിക്കണ്ട.

Model 6

a. കല്യാണം കഴിഞ്ഞു.
b. ഉടനെ ഭാര്യയെ ജോലിസ്ഥലത്തു കൊണ്ടുപോയി.
(a+b) കല്യാണം കഴിഞ്ഞ ഉടനെ ഭാര്യയെ ജോലിസ്ഥലത്തു കൊണ്ടുപോയി.

1. പെണ്ണിനെ കണ്ടു.
   ഉടനെ കല്യാണവും നിശ്ചയിച്ചു.
2. ശമ്പളം കിട്ടി.
   ഉടനെ സാധനങ്ങളൊക്കെ വാങ്ങിച്ചു.
3. ജോലി തീർത്തു.
   ഉടനെ വീട്ടിൽ പോയി.
4. അച്ഛൻ ഉറക്കെ വർത്തമാനം പറഞ്ഞു.
   ഉടൻ കുഞ്ഞ് ഉണർന്നു.
5. ഞാൻ സ്റ്റേഷനിൽ എത്തി
   ഉടനെ ടിക്കററു വാങ്ങിച്ചു.
6. സ്ഥലത്തു് എത്തി.
   ഉടനെ വിവരം വീട്ടിൽ അറിയിച്ചു.

D. Split up drill

Model

വീട്ടിലെത്തിയപ്പോൾ കാര്യം മനസ്സിലായി.

വീട്ടിലെത്തി.

അപ്പോൾ കാര്യം മനസ്സിലായി .

1. ഒരുത്തനെ പിടിച്ചപ്പോൾ കൂട്ടുകാരുടെ രഹസ്യം എല്ലാം മനസ്സിലായി.
2. ഞാൻ പറയുമ്പോൾ നിങ്ങളുതു ശ്രദ്ധിച്ചു കേൾക്കണം.
3. പ്രധാനമന്ത്രി വരുമ്പോൾ അദ്ദേഹത്തിനെ കാണാൻ ആളുകൾ ഓടിക്കൂടും.

4. വെള്ളം ആവശ്യമുള്ളപ്പോൾ ഇവിടെ ഒട്ടും വെള്ളം കിട്ടില്ല.
5. അവധിയുടെ കാര്യം പറഞ്ഞപ്പോൾ എല്ലാവർക്കും സന്തോഷമായി.
6. നാട്ടിൽ പോയപ്പോഴാണ് ഞാൻ ഇതൊക്കെ കൊണ്ടുവന്നത്.
7. സ്വപ്നം കണ്ടുകൊണ്ടിരുന്നപ്പോൾ അമ്മ അയാളെ എണീപ്പിച്ചുകളഞ്ഞു.
8. സൌകര്യം ഉള്ളപ്പോഴെല്ലാം അന്യ ആളുകളേയും സഹായിക്കണം.
9. ഭർത്താവിനെപ്പററി ചോദിച്ചപ്പോൾ അവൾക്കു നാണംവന്നു.
10. കത്തു കിട്ടിയ ഉടനെ മറുപടി എഴുതി.
11. വിശേഷം അറിഞ്ഞപ്പോൾ ഞാനും അന്വേഷിച്ചുപോയി.
12. പരസ്പരം നന്നായി മനസ്സിലാകുമ്പോൾ കൂടുതൽ സ്നേഹിക്കാൻ ഒക്കും.

## E. Restatement Drill

### Model

അവധി കിട്ടിയാൽ നാട്ടിൽ പോകും. >
അവധി കിട്ടുമ്പോൾ നാട്ടിൽ പോകും.

1. നിഘണ്ടുവിൽ നോക്കിയാൽ അർഥം മനസ്സിലാകും.
2. ആ പാട്ടു കേട്ടാൽ പഴയ കഥ ഓർമ്മ വരും.
3. ആരുമില്ലെങ്കിൽ സങ്കടം തോന്നും.
4. പണം ഉണ്ടെങ്കിൽ സിനിമ കാണാം.
5. നീ പറഞ്ഞാൽ അവൻ കേൾക്കും.
6. വീട്ടുകാർ സമ്മതിച്ചാലേ അവൻ അവളെ കല്യാണം കഴിക്കു.
7. നിനക്കു മനസ്സിലായില്ലെങ്കിൽ എഴുതണ്ട.
8. നീ മിണ്ടില്ലെങ്കിൽ ഞാനും മിണ്ടില്ല.
9. അയാൾ ഓഫീസറായാൽ ഞാൻ സങ്കടപ്പെടും.
10. തെററു മനസ്സിലാക്കിയാൽ തനിയെ തിരിച്ചുവരും.
11. അതൊന്നും വേണ്ടെങ്കിൽ തിന്നണ്ട.
12. ഇങ്ങനെ എഴുതിയാൽ ഞാൻ എങ്ങനെ വായിക്കും.

## F. Transformation Drill

### Model

ഞാൻ വന്നപ്പോൾ നീ വന്നു.
ഞാൻ വരാത്തപ്പോൾ നീ വന്നു.

1. പണം ഉള്ളപ്പോൾ പേടി എന്തിന്?
2. വീട്ടിൽ പോകുമ്പോൾ കാര്യം അറിയാം.
3. കാര്യം അറിയുമ്പോൾ കരയണ്ട.

4. വാസ്തവം പറഞ്ഞപ്പോൾ കോപിച്ചു.
5. ചുണ വന്നപ്പോൾ കാര്യം നേടി.
6. ആഗ്രഹിക്കുമ്പോൾ കിട്ടും.
7. ഓഫീസർ വന്നപ്പോൾ ഞാനാ കാര്യം എല്ലാവരോടും പറഞ്ഞു.
8. കഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ വിപ്ലവകാരിയായിരുന്നു.
9. അവർ വിശ്വസിച്ചപ്പോൾ നീയും വിശ്വസിച്ചോ?
10. കാര്യം കണ്ടപ്പോൾ എന്നെ വേണ്ട.
11. കേട്ടപ്പോൾ തോന്നി.
12. ശ്രദ്ധിച്ചപ്പോഴേ മനസ്സിലായുള്ളു.

## EXERCISES

### Ia. Combine the following.

1. വിശ്വാസം + ആകുന്നു + ഉണ്ട്.
2. അമ്പലം + ഇൽ + നിന്ന്
3. പറയുക + ആണ് + എന്ന്.
4. കോളേജിൽ + ഏയ്ക്ക്
5. സാർ + ആണ് + അത്രേ.
6. അവർ + ആയിരുന്നു + അത്രേ.
7. ശമ്പളം + കാര്യങ്ങൾ + ഒക്കെ.
8. നല്ലകാലം + ആകുമ്പോൾ.
9. അവർ + എനിക്ക് + എന്നേ.
10. നീട്ടി + പറയണം.

### b. Split the following.

1. ഓടിക്കൂടും.
2. കോരിത്തന്നു.
3. പാടിത്തീർന്നു.
4. നോക്കിച്ചിരിച്ചു.
5. കൃഷിപ്പണിയെല്ലാം.
6. എത്തിയപ്പോളൊന്നും.
7. കിട്ടിയാലുടനെ
8. കാറോടിക്കാനറിയാമോ
9. കഴിച്ചെട്ടത്രേ
10. അയൽക്കാരായിരുന്നുവെന്ന്

## II Fill in the blanks using appropriate forms of the verbs given.

1. അയാൾക്കു് തിരുവനന്തപുരത്തു ജോലി ——— അയാൾ അവരെ പോയി കണ്ടു. (കിട്ടു്)
2. കള്ളനെ ——— ഓടിയ പോലിസുകാരനെ ഞാൻ ——— അയാൾ ഒന്നും മിണ്ടിയില്ല. (കാണു്, വിളിക്കു്)
3. ഞാൻ ——— നിങ്ങൾ വെളിയിൽ നോക്കരുതു്. (പഠിപ്പിക്കു്)
4. പണം ——— ഞാൻ നിങ്ങൾക്കു തരും. (ഉണ്ടു്)
5. ആർക്കും ——— അദ്ദേഹം അതു് എനിക്കു തരും. (കൊടുക്കു്)
6. ഓടി ——— കുട്ടി കുറച്ചുനേരം അവിടെ ——— (തളരു്, നില്ക്കു്).
7. അമ്മ ——— കുഞ്ഞു ചിരിച്ചു. (എടുക്കു്)
8. ഞാൻ ഓഫീസിലേക്കു ——— വഴിയിൽ വച്ചു് ഒരു അപകടം ———. (വരു്, കാണു്)
9. അവർ ——— മാത്രം നിനക്കു പോകാം. (വീടു്)
10. ഞാൻ ഒരു കൊച്ചുകുട്ടി ——— കന്യാകുമാരി കണ്ടു. (ആയിരുന്നു)
11. അച്ഛൻ ——— കേൾക്കാത്ത കുട്ടി അമ്മ ——— ഓടിപ്പോയി. (പറയ്, വിളിക്കു്)
12. പ്രസംഗിച്ചുകൊണ്ടു ——— പറഞ്ഞതൊക്കെ ഇപ്പോൾ മറന്നുപോയോ? (നടക്കു്)

## III Fill up the blanks suitably.

1. ആ കാര്യം ——— എനിക്കു ഭയങ്കര സങ്കടം വന്നു.
2. മൃഗശാലയിൽ ——— മൃഗങ്ങളെ ——— കുട്ടികൾ കൈകൊട്ടി ചിരിച്ചു.
3. കാററു് ——— കൂടുതൽ തണുപ്പു തോന്നും.
4. വിശന്നപ്പോൾ കുഞ്ഞു———.
5. മഴ ——— വന്ന മകളെ കണ്ടു അമ്മയ്ക്കു് സങ്കടം വന്നു.
6. വിശേഷം പറയാൻ ഓടി ——— കുട്ടിയെ കണ്ടപ്പോൾ ചേച്ചി എണീററു വാതിൽ തുറന്നു.
7. കുഞ്ഞു——— എല്ലാവരും ചിരിച്ചു.
8. നേതാവു് ——— ചിലർ ഉറങ്ങിപ്പോയി.
9. അവർ ——— അയാൾ പ്രസംഗം നിർത്തിയില്ല.
10. പരീക്ഷയിൽ ——— അച്ഛൻ വഴക്കു പറഞ്ഞു.
11. ഒട്ടും സന്തോഷം ——— സന്തോഷം കാണിക്കാൻ ഒക്കുമോ?
12. ഞാൻ കൊച്ചുകുട്ടി ——— പല നാടകങ്ങളും കണ്ടു.

IV Rewrite the given sentences substituting the conditional form with time adverb.

1. പണം ഉണ്ടെങ്കിൽ കൂട്ടുകാർ ധാരാളം.
2. സത്യം പറഞ്ഞാൽ ദേഷ്യം വരും.
3. അവൾ പാടിയാൽ ഞാൻ കേൾക്കും.
4. പരീക്ഷയിൽ തോററാൽ ആളുകളുടെ മുഖത്തെങ്ങനെ നോക്കും?
5. ഭാര്യവീട്ടിൽ താമസിച്ചാൽ ആളുകൾ കളിയാക്കും.
6. പ്രയത്നിച്ചാൽ ഫലം കിട്ടും.

V Rewrite the sentences in the negative for the underlined time adverbial form.

1. ആ വിവരം അറിഞ്ഞപ്പോൾ അവർ വന്നു.
2. ഞാൻ വന്നപ്പോൾ അവർ പോയി.
3. പണം വേണ്ടപ്പോൾ ഇങ്ങനെ പറയുമോ?
4. സൗന്ദര്യം ഉള്ളപ്പോൾ സ്വഭാവം നല്ലതല്ലേ?
5. ഒന്നാം സമ്മാനം വാങ്ങിയപ്പോൾ ആരു നിന്നോടു തർക്കിച്ചു?
6. സ്കൂൾ തുറക്കുമ്പോൾ എല്ലാ മുറികളും വേണ്ടേ?

VI Rewrite the following sentences using the future form of the underlined verb forms.

1. വലിയ വീടു വച്ചപ്പോൾ അവനേയും താമസിപ്പിച്ചു.
2. അദ്ദേഹത്തിനെ ഫോണിൽ വിളിച്ചപ്പോൾ വേറെ ആരോ സംസാരിച്ചു.
3. രാവിലെ എണീററപ്പോൾ ആ കാര്യം ഓർത്തു.
4. സുഖക്കേടു വന്നപ്പോൾ മാത്രം ദൈവത്തെ പ്രാർത്ഥിച്ചു.
5. ഒന്നാം സമ്മാനം വാങ്ങിച്ചപ്പോൾ സന്തോഷം കൊണ്ടു കണ്ണുകൾ നിറഞ്ഞു
6. ജോലി കിട്ടിയപ്പോൾ അച്ഛനെ വിവരം അറിയിച്ചു.

VII Combine the following sets of sentences using (1)പോൾ and (2) ഉടനെ. Give two such sentences for each set.

1. ഇനി ഒരിക്കൽ കാണും.
   അപ്പോൾ ആ രഹസ്യം പറയാം.
2. പാമ്പിനെ കണ്ടു.
   കുട്ടി പേടിച്ചോടി.

3. അയാളെ വിശ്വസിച്ചു
അപ്പോൾ കാര്യം സാധിച്ചു.

4. ശമ്പളം കിട്ടും.
നിനക്കൊരു പുതിയ കുട വാങ്ങിത്തരും.

5. എല്ലായിടത്തും പോയി അന്വേഷിച്ചു .
അപ്പോൾ വിവരങ്ങൾ അറിഞ്ഞു.

6. കയർ അററു.
തൊട്ടി കിണററിൽ വീണു.

7. മീൻ പൊരിച്ചു.
ചോററുണ്ടു.

VIII Split the given sentences into maximum number of simple sentences.

1. വീട്ടുകാരെ ഓർമ്മിച്ചു സ്വപ്നം കണ്ടു കിടന്ന രമണി കൂട്ടുകാർ വിളിച്ചപ്പോൾ ചാടി എണീററു വാതിൽ തുറന്നു കാര്യം അന്വേഷിച്ചു.

2. ചോറും, കറിയും വച്ചു, മൂത്ത മകനു ചോറു കെട്ടിവച്ചപ്പോഴാണു് ആ കത്തു കിട്ടിയതു്

3. കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ കൂടെ ഉണ്ടായിരുന്ന വിമലയെ ഇന്നു് ഒട്ടും പ്രതീക്ഷിക്കാതെ തിയേററിൽ വച്ചു കണ്ടപ്പോൾ ഉണ്ടായ സന്തോഷത്തെക്കുറിച്ചു് പറയാനാവില്ല.

4. ആരോടും സംസാരിക്കാതെ അദ്ദേഹത്തിൻെറ കണ്ണിൽ മാത്രം നോക്കിക്കൊണ്ടു നിന്ന അവളെ കണ്ടപ്പോൾ ഒരു സ്വപ്നസുന്ദരിയെപ്പോലെ തോന്നി.

5. മകളുടെ കത്തു കിട്ടിയ ഉടനെ ഒരു ടാക്സിയെടുത്തു കഴിയുന്നത്ര വേഗത്തിൽ ഇരുനൂറു മൈൽ കടന്നു് വന്നെത്തിയ അദ്ദേഹം മകൾ ആശുപത്രിയിലാണെന്ന വിവരമാണു് അറിഞ്ഞതു്.

IX Fill in the dialogue for B.

A രഘൂ , ഞാൻ ഇന്നലെ നിൻെറ വീട്ടിൽ വന്നപ്പോൾ നീ എവിടെ ആയിരുന്നു ?

B . . . . . . . . . . . . . . . . . . . . . .

A ഒരിടത്തും പോയില്ലെങ്കിൽ പിന്നെ ഞാൻ വന്നപ്പോൾ നീ അവിടെ കാണണമായിരുന്നല്ലോ.

B . . . . . . . . . . . . . . . . . . . . .

A അങ്ങനെ പറ, നീ ഇപ്പോഴ് പറഞ്ഞതു ശരി. നീ ജോണിയുടെ കൂടെ നടക്കാൻ പോയി. അല്ലേ?

B . . . . . . . . . . . . . . . . . . . . . . .

A ഞാൻ വന്നപ്പോഴ് മണി അഞ്ചേകാലായിരുന്നു.

B . . . . . . . . . . . . . . . . . . . . . . .

A നിന്റെ അനിയത്തിയും, അമ്മൂമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

B . . . . . . . . . . . . . . . . . . . . . . .

A പറഞ്ഞില്ലേ? അമ്മൂമ്മ എന്നെ കണ്ടില്ല. പക്ഷേ നിന്റെ അനിയത്തി എന്നെ കണ്ടു. ഞാൻ വന്ന വിവരം നീ വരുമ്പോഴ് പറയാനും ഏല്പിച്ചു.

B . . . . . . . . . . . . . . . . . . . . . . .

A അപ്പോഴ് നീ അത്ര താമസിച്ചാണോ വന്നതു്? ആരു കൂടെയുണ്ടായിരുന്നു ചുററിയടിക്കാൻ?

B . . . . . . . . . . . . . . . . . . . . . . .

A അങ്ങനെ വരട്ടെ. അപ്പോഴ് നീ ജോണീടെ വീട്ടിൽ പോയി. അല്ലേ? അവൻ വന്നു വിളിച്ചു ഉടനെ നീ എനിക്കു തന്ന വാക്കു മറന്നുപോയോ?

B . . . . . . . . . . . . . . . . . . . . . . .

A പിന്നെ? നീ എന്തിനു പോയി. നമ്മഴ് ഇന്നലെ പിരിഞ്ഞപ്പോഴ് നിശ്ചയിച്ചതായിരുന്നല്ലേ?

B . . . . . . . . . . . . . . . . . . . . . . .

A അവന്റെ ചേട്ടൻ വന്നെങ്കിൽ വരട്ടെ. നിനക്കെന്താ കാര്യം. നമ്മഴ് അന്നു മൈതാനത്തിൽ കളിച്ചോണ്ടിരിക്കുമ്പോഴ് അവൻ നമ്മളെ ആക്ഷേപിച്ചതെല്ലാം നീ മറന്നോ?

## VOCABULARY

| | | | |
|---|---|---|---|
| ചുണക്കുട്ടൻ | 'smart boy' | തണ്ടു്=ഗമ, അഹങ്കാരം | 'arrogance' |
| ഉദ്ദേശിക്ക് | 'to mean, to aim' | മനഃപ്രയാസം | 'mental worry' |
| അയൽക്കാർ | 'neighbours' | | |
| വസ്തുതർക്കം | 'property dispute' | സൂചിപ്പിക്ക് | 'to hint at' |
| മത്സരിക്ക് | 'to compete, to contest' | | |
| ഫലം | 'result' | ഇരുകക്ഷികഴ് | 'two parties' |
| പരസ്പരം | 'mutually' | പാസായി=ജയിച്ചു | 'passed' |
| ഉടനെ | 'immediately' | അഭിനന്ദനം | 'congratulations' |
| അറിയിക്കു് | 'convey' | അപമാനിക്ക് | 'to insult' |
| കടംവീട്ടു് | 'to pay off the debt' | | |
| പഴങ്കഥ | 'old story' | കുഴിച്ചെടുക്ക് | 'dig out' |
| കാറോടിക്ക് | 'to drive the car' | നെടുവീർപ്പ് | 'sigh' |

**NOTES**

16.59.1. Adverbial clauses of time are introduced in this lesson.

16.59.2. By adding പോൾ to the past and future relative participle and ഉടൻ/ഉടനെ to the past and present relative participle the adverbial clauses of time are formed. When ഉടൻ is added no further delay in action is meant specifically.

(a) ഞാൻ വന്നപ്പോൾ പാമ്പിനെ കണ്ടു.
I saw a snake when I came.

ഞാൻ വരുമ്പോൾ പാമ്പിനെ കണ്ടു.
I saw a snake when I came.

(b) ഞാൻ വരുമ്പോൾ പാമ്പിനെ കാണും.
When I come I will see a snake.

(c) കത്തു കിട്ടിയ ഉടനെ/ഉടൻ ഞാൻ എഴുതി.
I wrote as soon as I got the letter.

(d) കത്തു കിട്ടുന്ന ഉടനെ/ഉടൻ ഞാൻ എഴുതും.
I will write as soon as I get it.

16.59.3. ഉടൻ/ഉടനെ can be added after conditionals also.

ശമ്പളം കിട്ടിയാലുടൻ കടം വീട്ടാം.
I shall repay the loan as soon as I get the salary.

16.59.4. Note that when the main verb is in the past tense the adverbial clause with പോൾ can be either in the past or in the future tense form [ 16·59·2 (a), (b)]. But if the main verb is in future tense the adverbial clause verb also will be in future tense form [ 16·59.2(c)].

## UNIT 16

## LESSON 60

# കലാകേന്ദ്രവും മുതലാളിയും

## CONVERSATION

| | |
|---|---|
| തോമസ്: എന്താ ദാമു മുഖത്തിനൊരു മങ്ങൽ? കാര്യങ്ങളൊന്നും നമ്മൾ വിചാരിച്ചപോലായില്ലേ? പണിക്കർ സാർ എന്തു പറഞ്ഞു? പിന്നെ തന്റെ വറുഗീസ് മുതലാളി സംഭാവന ഒന്നും തന്നില്ലേ? | Why, Damu, your face is so dim? Haven't the things worked as we planned? What did Panicker Sir say? Didn't Varghese Mutalali give any donation? |



48—3 CIIL/M/80

ദാമു: വന്നു കേറിയ ഉടനെ എയ്ത്തു തുടങ്ങിയല്ലോ ചോദ്യശരങ്ങൾ. പേമാരി ചൊരിയുന്ന പോലാണല്ലോ തന്റെ ചോദ്യം ചോദിക്കൽ. ഒരല്പനേരം സാവകാശമായിട്ടൊന്നിരിക്കാനെങ്കിലും അനുവദിക്കരുതോ? വെയിലത്തു നടന്നുവരുന്നതല്ലേ? ഉണ്ടവന് അറിയാമോ ഉണ്ണാത്തവന്റെ വിശപ്പ്. അതുപോലെ തന്നെ തന്റെ കാര്യവും.

As soon as I entered you started shooting questions. Your questioning is like the heavy downpour of rain. Shouldn't you permit me to sit for a while ? Am I not coming in the hot sun ? How does the man whose stomach is full know the hunger of the hungry ? You are also like that.

തോമസ്: ശരി. ശരി. ഇരുന്നോ. അഞ്ചുമിനിട്ടല്ല, അരമണിക്കൂറെടുത്തോ. പ്രസിഡണ്ടിന്റെ ചാരുകസേര ഒഴിഞ്ഞുകിടക്കുന്നുണ്ട്. വേണേൽ അതിലോട്ട്" കിടക്ക്. ദാഹമുണ്ടെങ്കിൽ പറ. നാരങ്ങാവെള്ളം വരുത്തിത്തരാം.

O.K. You may sit. Not just five minutes, you may take half an hour. The President's chair is vacant. If you want you may be there. If you are thirsty tell me. I shall get you lime juice.

ദാമു: കളിയാക്കാതെടോ തോമസേ. നിനക്ക് നാരങ്ങാനീരു കുടിക്കണമെങ്കിൽ വരുത്ത്. ഞാനും കമ്പനി തരാം.

Don't make fun of me Thomas. If you want to drink lime juice get it. I shall also keep company.

തോമസ്: ഇഷ്ടാ, ഓസിൽ നാരാങ്ങാവെള്ളം കുടിക്കാനുള്ള പദ്ധതി അങ്ങു വച്ചേക്ക്. ആ വേലയൊന്നും എന്റടുത്തു വേണ്ട.

Friend, is it your plan to drink lime juice free of cost ? That you may keep to yourself. Don't play those tricks with me.

ദാമു: താനാ പിശുക്കൻ മുതലാളിയേക്കാൾ ഭയങ്കരനാണല്ലോ.

You are more terrible than that stingy Mutalali.

| | |
|---|---|
| തോമസ്: അങ്ങനെ പുറത്തു വരട്ടെ കാര്യങ്ങൾ ഓരോന്നായി. അപ്പോൾ വറുഗീസു മുതലാളി എന്തു പറഞ്ഞു? കലാകേന്ദ്രം വാർഷികോത്സവത്തിന് എതിരാണോ അയാൾ? | Let the things come out one by one like that. What did Varghese Mutalali say ? Is he against the anniversary celebration of Kalakendra ? |
| ദാമു: എടോ, അബൂബേക്കർക്കും അമാവാസ്യയ്ക്കും തമ്മിൽ ഉള്ള ബന്ധം തന്നെ ആ മുതലാളിക്കും കലയ്ക്കും തമ്മിൽ. അതു മനസ്സിലാക്കാത്തവരാണ് വിഡ്ഢികൾ. | The relationship of Mutalali with art is like that of Abubaker with Amavasya. People who don't understand that are fools. |
| തോമസ്: ഞാനതന്നു പറഞ്ഞപ്പോൾ നിങ്ങളാരും സമ്മതിച്ചില്ല. എന്നിട്ടിപ്പോഴെന്തായി? | When I told that, you didn't agree. Now what has happened ? |
| ദാമു: പ്രസിഡണ്ടിന്റെ പിടിവാശി ആയിരുന്നില്ലേ? അദ്ദേഹത്തിന്റെ വാക്ക് അനുസരിക്കാതെ ഇരിക്കാനൊക്കുമോ? അതുകൊണ്ടു ഞാൻ പോയി. ഇല്ലേലും കാര്യം കാണാൻ കഴുതക്കാലും പിടിക്കണമല്ലോ. | Wasn't that the obstinacy of the President? Is it possible not to obey his words ? So I went. Even otherwise if we want to get the things done we should be prepared to do any thing. |
| തോമസ്: പിടിച്ചപ്പോൾ എന്തു കിട്ടി. തൊഴിയും, ചവിട്ടും ആയിരിക്കും. | When you caught the donkey's legs what did you get ? May be kicks and trampling. |
| ദാമു: എന്നെ തൊഴിക്കാനും ചവിട്ടാനും മററും വർഗീസ് മുതലാളിക്കല്ല, അയാളുടെ ഏഴു തലമുറക്കപ്പുറത്തോ, ഇപ്പുറത്തോ ഉള്ളവർക്കു പററില്ല. | Neither Varghese Mutalali nor his people belonging to seven generations before or after him can kick or trample me. |

| | |
|---|---|
| തോമസ്: മതി. മതി. നിന്റെ വീരവാദം ഒന്നു നിർത്തു്, നമുക്കു് വാർഷികോത്സവത്തിന്റെ പരിപാടിയൊക്കെ ഒന്നെഴുതി നോക്കാം. നാരങ്ങാവെള്ളം, അതാ. ഷെൽഫിലുണ്ടു്. തനിക്കുവേണ്ടി വരുത്തിവെച്ചിരിക്കുന്നതാണു്. എടുത്തു കുടിക്കു് എന്നിട്ടു വേഗം വാ. പ്രസിഡൻറു വരുമ്പോഴേയ്ക്കും നമ്മളും നമ്മുടെ ജോലിയൊക്കെ തീർത്തിരിക്കണം. | That is enough. You please stop boasting. Let us write the programme of the anniversary celebrations. The lime juice is there in that shelf. It is brought specially for you. You drink it. Then come soon. By the time the President comes we should have finished all our work. |

## VOCABULARY

| | | | |
|---|---|---|---|
| മങ്ങൽ | 'dimness' | സംഭാവന | 'contribution, donation' |
| എയ്യ് | 'to shoot' | എയ്തു | 'shoot' |
| ചോദ്യശരം | 'arrows of questions' | | |
| പേമാരി | 'heavy rain' | ചൊരിയു് | 'to shower' |
| ചാരുകസേര | 'easy chair' | ഒഴിയു് | 'to be empty, vacant' |
| നാരങ്ങാവെള്ളം | 'lime juice' | കളിയാക്കു് | 'to make fun of' |
| നാരങ്ങാനീരു് | 'lime juice' | കമ്പനി | 'company' |
| ഇഷ്ടൻ | 'friend' | ഓസിൽ | 'free of cost' |
| പദ്ധതി | 'plan' | കലാകേന്ദ്രം | 'centre of arts' |
| എതിരു് | 'opposition' | | |
| വാർഷികോത്സവം | 'annual celebrations' | | |
| വിഡ്ഢി | 'fool' | പിടിവാശി | 'obstinacy' |
| കഴുത | 'donkey' | കാൽ | 'leg' |
| തൊഴി, ചവിട്ടു് | 'to kick' | തലമുറ | 'generation' |
| വീരവാദം | 'boasting' | | |

## NOTES

അബൂബേക്കർക്കും അമാവാസ്യയ്ക്കും തമ്മിലുള്ള ബന്ധം

The Muslim person Abubaker in the normal course will not be aware of the importance of Amavasya the new moon day which is observed by Hindus. In the same way to indicate two unrelated things this usage is applied.

കാര്യം, കാണാൻ കഴുതക്കാലും പിടിക്കുക

Literally means "to catch hold of donkey's legs," meaning to get the things done. Idiomatically this applies to any situation when one has to approach some person whom usually one does not care.

## EXERCISES

I a. Write the contracted forms of the following.

1. അമ്മയേയും, കുഞ്ഞിനേയും.
2. വലിയച്ഛന്റേയും, ചിററപ്പന്റേയും.
3. തൊഴിലാളിയേയും, മുതലാളിയേയും.
4. ഉണ്ടുകൊണ്ടിരുന്നപ്പോൾ.
5. ഓഫീസിൽനിന്നു്.
6. തലയിലോട്ടു്
7. അല്ലായിരുന്നല്ലോ.
8. ഓണവും, വിഷുവും.
9. രാത്രിയും പകലും
10. ഗുരുവിന്റേയും, ശിഷ്യന്റേയും.

b. Write the expanded forms of the following.

1. ഉണ്ടോനുമുണ്ണാത്തോനും.
2. ഉള്ളോരുമില്ലാത്തോരും.
3. അവനേം, നിന്നേം
4. സരളയേം, കമലയേം
5. മധൂനും, രാമൂനും വേണൂനും.
6. ഞങ്ങടേം, നിങ്ങടേം, അവരുടേം.
7. പറഞ്ഞോണ്ടിരുന്നോളട്ടെ
8. പോലാണല്ലോ
9. കസേരേലോട്ടു്
10. എന്റേം, നിന്റേം

II Rewrite the following sentences replacing the verb form with participial nouns and verb ആണു് (masculine, feminine, neuter respectively).

1. അവൻ സിഗരററു് വലിക്കുന്നില്ല.
2. അതു് നന്നായി ഓടുന്നു.

3. അവർ അമേരിക്കയിൽ പോയി.
4. അവരാക്കു് സൌന്ദര്യം ഉണ്ടു്.
5. മോഹനനു് സ്ത്രീധനം വേണ്ട.
6. അവരാക്കും ജീവിക്കണം.
7. അയാരാക്കു് പണം ഇല്ല.

III Rewrite the following sentences removing ആണു് and participial noun constructions.

1. എൻെറ ചേട്ടനാണു് എന്നെ വളർത്തിയതു്.
2. മക്കരാക്കു വേണ്ടിയാണു് അച്ഛനമ്മമാർ ജീവിക്കുന്നതു്.
3. ഞാനാണു് നിങ്ങളോടു് അങ്ങനെ പറഞ്ഞതു്.
4. കള്ള കുടിച്ചാണു് പൈലി മരിച്ചതു്.
5. രമണിയാണോ ഇത്ര ഭംഗിയായി അത്തപ്പൂ ഇട്ടതു്?
6. ആരാണു് ജോലി ചെയ്യാത്തതു്?
7. അമ്മ അടിച്ചാൽ ഏതു കുഞ്ഞാണു് കരയാത്തതു്?

IV Without changing the meaning rewrite the following sentences using the negatives of the underlined verb forms.

1. അവരെല്ലാം നന്നായി കഥകളി മനസ്സിലാക്കുന്നവരാണു്.
2. അച്ഛനമ്മമാരെ ആശ്രയിച്ചാണു് കുട്ടികരം ആ കാര്യം നേടി എടുത്തതു്.
3. അതു നമ്മളെ ശല്യപ്പെടുത്തുന്നതാണു്.
4. രാധ കവിത എഴുതുന്നവളാണു്.
5. അവർ പാവങ്ങളെ സഹായിക്കുന്നവരാണു്.
6. ജോലി ചെയ്താണു് അവൻ ജീവിക്കുന്നതു്.
7. അതു് ഒഴിവാക്കേണ്ടതാണു്.

V Combine the given pairs of sentences using the participial noun forms.

1. അവനു് പണം ഇല്ല.
   അതിനാൽ ഇഷ്ടംപോലെ ജീവിതം ആസ്വദിക്കാൻ ഒക്കില്ല.
2. സരള നന്നായി പാട്ടു പാടുന്നു.
   അതുകൊണ്ടു് അവരാക്കു് ഒന്നാം സമ്മാനം കിട്ടുന്നു.
3. അവനു് നന്നായി വാചകമടിക്കാൻ അറിയാം.
   അവൻ ഇക്കാലത്തു് രക്ഷപ്പെടും.

4. അവർ തിരഞ്ഞെടുപ്പിനു നിൽക്കുന്നു.
അതുകൊണ്ടു് പണം ധാരാളം ചെലവാകും.

5. അവാംക്കു് സൗന്ദര്യം ഉണ്ടു്.
അതുകൊണ്ടു് അവൻ കല്യാണം കഴിച്ചു.

6. രാധ ഭംഗിയായി വീടലങ്കരിച്ചു.
അതിൽ മോഹനൻ സന്തോഷിച്ചു.

7. കുഞ്ഞുചോദിക്കുന്നു.
അമ്മ അതു കൊടുക്കുന്നു.

8. നീ പറയുന്നു.
അതു ഞാൻ വിശ്വസിക്കുന്നില്ല.

9. അദ്ദേഹം പ്രസംഗിച്ചു.
അതിൻെറ അർത്ഥം ആർക്കും അറിയില്ല.

10. അവർ പറഞ്ഞു.
അതിൽനിന്നും ഞങ്ങാംക്കു കാര്യം മനസ്സിലായി.

VI Combine the following pairs of sentences using -പോാം and ഉടനെ. Give two sentences each.

1. പുതിയ ഓഫീസറെ കണ്ടു.
എല്ലാവരും എണീററു.

2. ഞാൻ പറയും.
നീ അതു ചെയ്യണം.

3. സദ്യ കഴിഞ്ഞു.
ആളുകാം സ്ഥലംവിട്ടു.

4. പണക്കാരൻ ആകും.
കൂട്ടുകാരെ മറക്കും.

5. നേരിൽ കണ്ടു.
കാര്യം മനസ്സിലാക്കി.

6. ആ സ്കൂളിൽ ജോലി ചെയ്തുകൊണ്ടിരുന്നു.
സ്ഥലം മാററം കിട്ടി.

7. ഫോണിൽ വിളിച്ചു.
വിവരം അവരെ അറിയിച്ചു.

## VII Rewrite as directed.

1. കല്യാണം കഴിഞ്ഞു വരും.
   അപ്പോൾ ഈ വീട്ട് ഒഴിഞ്ഞുതരാം.
   (Combine in two ways using - പോൾ and ഉടനെ.)

2. അമ്മയെ കാണുമ്പോൾ കുട്ടി കരയും. (Rewrite using the negative of the underlined verb form.)

3. ശമ്പളം കിട്ടുമ്പോൾ നിനക്ക് കളിപ്പാട്ടമെല്ലാം വാങ്ങിച്ചുതരാം.
   (Rewrite using the verbal participle form and ഇട്ട്.)

4. സ്വന്തം വീട്ട വയ്ക്കുമ്പോൾ പ്രയാസം മനസ്സിലാകും.
   (Rewrite using conditional -ആൽ.)

5. പ്രേമിച്ചു മാത്രംകല്യാണം കഴിക്കാൻ നിശ്ചയിച്ചിരുന്ന ആ മനുഷ്യൻ അച്ഛനമ്മമാർ ഒരു പണക്കാരന്റെ മകളെ കണ്ടുവച്ച് എല്ലാം നിശ്ചയിച്ച് വിവരം അറിയിച്ച ഉടനെ സ്ഥലത്തെത്തി അവരുടെ ഇഷ്ടപ്രകാരം ആ കുട്ടിയെ കല്യാണം കഴിച്ച ജോലിസ്ഥലത്തേയ്ക്കു മടങ്ങിപ്പോയി.
   (Split into six separate sentences.)

6. വിപ്ലവകാരി ആയിരുന്നതുകൊണ്ട് വീട്ടുകാരെ മറന്നു.
   (Rewrite using the പോൾ form with the underlined verb form.)

7. അയാൾ പുതിയ കടയിൽ നിന്നും സാധനങ്ങൾ വാങ്ങി. അയാൾ വീട്ടിൽ നേരത്തെ എത്തി. അയാൾ ഭാര്യയെ സാധനങ്ങളെല്ലാം ഏല്പിച്ചു. അപ്പോൾ അവൾ പഴയ കടയെപ്പററിയാണ് അയാളോട്ട് പറഞ്ഞതു്.
   (Combine into one sentence.)

## VIII Answer the questions with reference to the conversation.

1. ദാമു എവിടെ നിന്നാണു വരുന്നതു്? എന്തു ജോലിക്കാണ് പോയതു്?
2. തോമസും, ദാമുവും ചെയ്തുതീർക്കേണ്ട ജോലിയെന്താണ്? എപ്പോഴാണ് അതു ചെയ്തുതീർക്കേണ്ടതു്?
3. വർഗീസ് മുതലാളിയുടെ സ്വഭാവത്തെപ്പററി നിങ്ങൾക്കെന്തു മനസ്സിലായി ?

4. ‘‘പ്രസിഡണ്ടിന്റെ ചാരുകസേര ഒഴിഞ്ഞു കിടക്കുന്നുണ്ട്. വേണേൽ അതിലോട്ട കിടക്ക്’’. ആര്, ആരോട്, എപ്പോഠം എന്തിന് ഈ വാക്യങ്ങഠം പറഞ്ഞു.

5. ദാമു വർഗീസ് മുതലാളിയുടെ അടുത്തേയ്ക്ക് സ്വന്തം ഇഷ്ടം അനുസരിച്ചാണോ പോയത്? എന്തായിരുന്നു അതിന്റെ ഫലം?

6. തോമസ് ദാമുവിനെ എങ്ങനെ കളിയാക്കി? അതിനു ദാമു കൊടുത്ത ഉത്തരം എന്തായിരുന്നു?

## IX Fill in the dialogue for A and give a suitable title.

A . . . . . . . . . . . . . . . . . . . . . . . .

B അകത്തേയ്ക്കുവരൂ. ബാബുച്ചേട്ടൻ മാർക്കററിലോട്ട പോയതാണ്. ഇപ്പോ വരും.

A . . . . . . . . . . . . . . . . . . . . . . . .

B അധികം സമയമാവില്ല. എന്താ ബാബു ചേട്ടൻ ഇല്ലാതെ ഇവിടിരിക്കാൻ പേടിയാണോ? ജോസിനെ കണ്ടാൽ പെണ്ണുങ്ങളെ പേടിക്കുന്നവനാണെന്നു തോന്നുന്നില്ലല്ലോ.

A . . . . . . . . . . . . . . . . . . . . . . . .

B കളിയാക്കിയതൊന്നുമല്ല. ജോസിന്റെ ചോദ്യം കേട്ടപ്പോഠം എനിക്കങ്ങനെ തോന്നി.

A . . . . . . . . . . . . . . . . . . . . . . . .

B എന്റെ ജോലിയൊക്കെ കഴിഞ്ഞു. പായസം പോലും റെഡിയാക്കിക്കഴിഞ്ഞു. ബാബുച്ചേട്ടൻ ഉപ്പേരി വാങ്ങാൻ പോയിരിക്കയാണ്. ഞങ്ങളിന്നലെ മാർക്കററു മുഴുവൻ അന്വേഷിച്ചു. വാഴയ്ക്ക കിട്ടിയില്ല.

A . . . . . . . . . . . . . . . . . . . . . . . .

B ഉപ്പേരിയില്ലാതെ ഓണം ഉണ്ണുന്നതെങ്ങനെ?

A . . . . . . . . . . . . . . . . . . . . . . . .

B എല്ലായിടത്തും അതു സാധിക്കില്ല. പക്ഷെ തൽക്കാലം ഈ പട്ടണത്തിൽ അതു കിട്ടുമല്ലോ. മറുനാടൻ മലയാളിയുടെ ഓണസദ്യ ആണെങ്കിലും സദ്യ സദ്യയായിരിക്കണ്ടേ?

A . . . . . . . . . . . . . . . . . . . . . . . .

B ജോസ് പറഞ്ഞതുപോലെ തന്നെയാണ് ചേട്ടനും പറഞ്ഞത്. പക്ഷെ, ഞാൻ വിട്ടില്ല. ഞാൻ ആദ്യമായി തയ്യാറാക്കുന്ന ഒരു സദ്യയാണിത്. അതിന് എല്ലാം വേണം.

**A** . . . . . . . . . . . . . . . . . . . . . . . . . .

**B** ഞാനോ! ഞാൻ പിടിവാശിക്കാരിയാണോ? അതുകൊള്ളാം. അപ്പോഠം ജോസിനു് പെണ്ണുങ്ങളുടെ സ്വഭാവത്തെപ്പററി ഒട്ടും അറിയില്ലല്ലോ.

**A** . . . . . . . . . . . . . . . . . . . . . . . . . .

**B** പെണ്ണുങ്ങളെ അറിയാൻ കല്യാണം കഴിഞ്ഞാലേ പററുകയുള്ളോ? ജോസിനു് അമ്മയേയും, അനിയത്തിയേയും കൂടെ പഠിച്ചവരേയും ഒന്നും അറിയില്ലേ?

---

UNIT 17

# LESSON 61

## സ്ത്രീ സ്വാതന്ത്ര്യം

### CONVERSATION

| | | |
|---|---|---|
| സരള: | നീ വരാം എന്നു പറഞ്ഞിട്ട് എന്തുകൊണ്ടു വന്നില്ല? ഞാൻ എത്ര-നേരം കാത്തുനിന്നു എന്ന് നിനക്കറിയാമോ? | Having told that you would come, why didn't you come ? Do you know how long I waited ? |
| വിമല: | ഒടുവിൽ നീ എന്തു ചെയ്തു? പോയോ ഇല്ലയോ? | What did you do in the end ? Did you go or not ? |

സരള: എങ്ങനെ പോകാനാണ്? വിമല എന്ന സഖി വന്നില്ലെങ്കിൽ നീയും പോകണ്ട എന്നു ചേട്ടൻ പറഞ്ഞു. ചേട്ടൻ ഒരു കാര്യം പറഞ്ഞാൽ അമ്മയ്ക്ക് അതിനപ്പുറമൊന്നുമില്ല എന്നതു നിനക്കറിഞ്ഞുകൂടേ? അതുകാരണം അമ്മയും ചേട്ടനെ പിന്താങ്ങി. അല്ലേലും നമ്മുടെ നാട്ടിൽ പെണ്ണായിട്ടു ജനിച്ചാൽ ഗതികേട് തന്നെ. ആൺപിള്ളേർക്കാണെങ്കിൽ എവിടെയും പോകാം, എന്തും ചെയ്യാം. അല്ലേ?

How am I to go? My elder brother told me that if Vimala the friend didn't come I too need not go. Don't you know that if he tells something, then there is nothing beyond that for mummy? So she also supported him. Even otherwise it is really pathetic to be born as a girl in our country. Boys can go anywhere and do anything. Isn't it so?

വിമല: അപ്പോൾ നമുക്കും അവരെപ്പോലെ താന്തോന്നികളായി നടക്കാൻ സ്വാതന്ത്ര്യം വേണമെന്നാണോ നീ പറയുന്നത്? വാസ്തവം പറഞ്ഞാൽ നമുക്കിപ്പോഴുള്ള സ്വാതന്ത്ര്യംപോലും കൂടുതലാണെന്നാണ് എന്റെ അഭിപ്രായം. പെൺകുട്ടികൾ വളരെ സൂക്ഷിച്ചേ പെരുമാറാവൂ എന്ന് അമ്മൂമ്മമാർ പറയുന്നതിൽ സത്യം ഇല്ലാതില്ല. എന്തു സംഭവിച്ചാലും നമുക്കായിരിക്കും കുറ്റം. സൂക്ഷിച്ചാൽ ദുഖിക്കേണ്ട എന്നല്ലേ പഴമക്കാർ പറയുന്നതും.

So do you also say that we too should have the liberty to move about without any control like them? Really speaking in my opinion, the freedom we have here itself is too much. There is some truth in what grand-mothers say that the girls should behave carefully. Whatever happens the fault will be ours. Don't elders say that if we are careful we need not repent?

| | | |
|---|---|---|
| സരള: | നിന്റെ പഴം പുരാണമൊന്നും എനിക്കു് കേൾക്കണ്ട. നീ പതിനഞ്ചാം നൂററാണ്ടിൽ ജീവിക്കേണ്ടവളായിരുന്നു എന്നു ഞങ്ങൾ പറയുന്നതു് ചുമ്മാതെയാണോ? അതൊക്കെ ശരി. എന്താ നീ ഇന്നലെ വരാത്തതു്? | I don't want to listen to your old puranas. Is it without any meaning we say that you should have lived in the 15th century? That is O.K. Why didn't you come yesterday? |
| വിമല: | ഞാൻ അതു പറയണം എന്നു വിചാരിച്ചപ്പോഴേക്കും നീ മഹിളാ വിമോചന പ്രസ്ഥാനവുമായി വന്നു. പ്രസ്ഥാനം രൂപീകരിക്കട്ടെ എന്നു വിചാരിച്ചു ഞാൻ ഒന്നും മിണ്ടിയില്ല. | When I was about to tell you, you came with the women's liberation movement. Letting you do that, I didn't speak. |
| സരള: | നീ എന്നെ അത്രയ്ക്കു കളിയാക്കണ്ട. എന്നെങ്കിലും ഒരിക്കൽ ഞാൻ ഈ സാമൂഹ്യ സ്ഥിതിയൊക്കെ മാററുന്ന ഒരു സംഘടന സ്ഥാപിക്കാതിരിക്കില്ല. അന്നു നീ ഏതെങ്കിലും ഒരുദ്യോഗസ്ഥന്റെ ഭാര്യയോ, അടിമയോ ആയിരിക്കും. അപ്പോൾ സരള പണ്ടേ ഇതൊക്കെ പറഞ്ഞു കഴിഞ്ഞതാണു് എന്നു് നിനക്കു തന്നെ തോന്നും. | Don't make fun of me. Some day I will certainly establish an organization that changes this social set up. That time you may be the wife or slave of an officer. Then you would feel that Sarala had predicted this long back. |
| വിമല: | എന്റെ പൊന്നു കുട്ടീ വരും കാര്യത്തെപ്പററി നമ്മൾ എന്തിനു തർക്കിക്കണം? നീയാണോ, ഞാനാണോ ആദ്യം കുടുംബിനി ആകാൻ പോകുന്നതെന്നു നമുക്കു കാണാം. കല്യാണം കഴിക്കില്ല എന്നു പറഞ്ഞുനടന്ന എത്രപേരെ നമുക്കറിയില്ല! പിന്നെയല്ലേ പ്രതാപശാലിയായ ഒരു ചേട്ടനുള്ള നിന്റെ കാര്യം? എല്ലാം നിശ്ചയിച്ചു കഴിഞ്ഞു് നിന്നോടു പറയും, സരളേ, നിന്റെ കല്യാണം നിശ്ചയിച്ചു കഴിഞ്ഞു എന്നു്. നോക്കിക്കോ. | My dear girl, why should we argue regarding the things to come. Let us see whether you or I am going to be a housewife first. We have seen enough of such people. Then what to tell about you, who have such a power- |

ful brother? After deciding everything, he will tell you that the marriage is decided. You may see for yourself.

| | | |
|---|---|---|
| സരള: | അതിനൊന്നും ഈ സരളയെ കിട്ടില്ല. ചേട്ടന്റെ കാര്യമേ ചേട്ടനു നിശ്ചയിക്കാൻ പററു. എന്റെ കാര്യം ഞാൻ തീരുമാനിച്ചു കൊള്ളും. | This Sarala won't be available for that. Chettan can decide only about himself. I will decide about my matters. |
| വിമല: | നമുക്കു കാണാം. | Let us see. |

## DRILLS

### A. Repetition drill

a

1. നീ ഒരു വലിയ ആളാണ് എന്നല്ലേ നിന്റെ വിചാരം?
2. അവർ പറയുന്നത് ഒക്കെ ശരിയാണെന്നു നിങ്ങളും വിശ്വസിക്കുന്നുണ്ടോ?
3. ഈ വീട്ടിൽ എല്ലാ സൗകര്യങ്ങളുമുണ്ട് എന്നു നീ എപ്പോഴും പറയില്ലേ?
4. വേഗം എഴുന്നു എന്നു ഞാൻ എത്ര പ്രാവശ്യം നിന്നോടു പറയണം.
5. എല്ലാവരും എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളട്ടെ എന്ന് ടീച്ചർ ദേഷ്യത്തോടെ പറഞ്ഞു.
6. നീ ഒരെഴുത്തുപോലും അയച്ചില്ലല്ലോ എന്ന് അവൾ സങ്കടത്തോടുകൂടി പറഞ്ഞപ്പോഴും അവന്റെ ചുണ്ടിൽ ഒരു ചെറിയ ചിരി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

b

1. വിമല എന്ന സഖിയെ അറിയുമോ?
2. രാജകുമാർ എന്ന നടനെ ആർക്കറിഞ്ഞുകൂട.
3. രാധ എന്ന പാട്ടുകാരിയെ ഞാൻ മിനിഞ്ഞാന്നാണ് കണ്ടത്.

c

1. മഴ പെയ്താലേ കൃഷി നന്നാകൂ എന്നത് ആർക്കാണ് അറിഞ്ഞു കൂടാത്തത്.
2. ആയിരം രൂപ തന്നാലും തന്നെക്കൊണ്ട് ഇങ്ങനത്തെ ജോലി ചെയ്യാൻ ആവില്ലെന്നത് അവൻ ഉറപ്പിച്ചു പറഞ്ഞു.
3. ഇതൊക്കെ നമ്മുടേതാണ് എന്നത്, നമുക്ക് ഇവ നശിപ്പിക്കാൻ അധികാരം തരുന്നില്ല എന്നാണ് എന്റെ കൂട്ടുകാരന്റെ അഭിപ്രായം.

## B. Build up drill

### Model

പോയല്ലോ.

പോയല്ലോ.

എവിടേയ്ക്കോ

എവിടേയ്ക്കോ പോയല്ലോ.

നീ

നീ എവിടേയ്ക്കോ പോയല്ലോ.

ഞാൻ വന്നപ്പോഴ്
വന്നപ്പോഴ് നീ എവിടേയ്ക്കോ പോയല്ലോ.

ഞാൻ വന്നപ്പോഴ് നീ എവിടേയ്ക്കോ പോയല്ലോ.

വിളിച്ചിട്ട്

വിളിച്ചിട്ട് ഞാൻ വന്നപ്പോഴ് നീ എവിടേയ്ക്കോ പോയല്ലോ.

വരു വരു എന്ന്

വരു വരു എന്ന് വിളിച്ചിട്ട് ഞാൻ വന്നപ്പോഴ് നീ എവിടേയ്ക്കോ പോയല്ലോ.

1. പറഞ്ഞു.

ആരു പറഞ്ഞു.

പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു?

വലിയ പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു?

അതുകൊണ്ട് വലിയ പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു ?

നമുക്ക് അതുകൊണ്ട് വലിയ പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു ?

മുതലാളിയാണെങ്കിലും അതുകൊണ്ട് വലിയ പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു ?

അദ്ദേഹം മുതലാളിയാണെങ്കിലും അതുകൊണ്ട് നമുക്ക് വലിയ പ്രയോജനമൊന്നും കാണുന്നില്ല എന്നാരു പറഞ്ഞു ?

2. ഒക്കുമോ?
സ്നേഹിക്കാൻ ഒക്കുമോ?
അവളെ സ്നേഹിക്കാൻ ഒക്കുമോ?
എനിക്കു് അവളെ സ്നേഹിക്കാൻ ഒക്കുമോ?
ഇഷ്ടമാണു് എന്നു പറഞ്ഞതുകൊണ്ടുമാത്രം എനിക്കു് അവളെ സ്നേഹിക്കാൻ ഒക്കുമോ?
എന്നോടു് ഇഷ്ടമാണു് എന്നു പറഞ്ഞതുകൊണ്ടുമാത്രം എനിക്കു് അവളെ സ്നേഹിക്കാൻ ഒക്കുമോ?
അവരുക്കു് എന്നോടു് ഇഷ്ടമാണു് എന്നു പറഞ്ഞതുകൊണ്ടു മാത്രം എനിക്കു് അവളെ സ്നേഹിക്കാൻ ഒക്കുമോ?

3. എന്നതാണു് എൻെറ അഭിപ്രായം.
ആ പെൺകുട്ടിയെ രക്ഷിക്കണം എന്നതാണു് എൻെറ അഭിപ്രായം.
ആരുമാരും ഇല്ലാത്ത ആ പെൺകുട്ടിയെ രക്ഷിക്കണം എന്നതാണു് എൻെറ, അഭിപ്രായം.

## C. Substitution drill

1. <u>ഞാൻ അതു ചെയ്യണം</u> എന്നു് നിന്നോടാരു പറഞ്ഞു?
ഞാൻ അവിടെ പോകണം.
എൻെറ കയ്യിൽ ഒട്ടും പണമില്ല.
ഞാൻ ദേഷ്യപ്പെടും.
എനിക്കു് അവളെ ഇഷ്ടമില്ല.
ഒരിക്കലും അതു് ശരിയാവില്ല.
നീ വന്നാലേ ഞാനും വരൂ.

2. ഏതെങ്കിലും മാർഗമുണ്ടെങ്കിൽ അവരെക്കൂടി കൊണ്ടുപോകണം എന്നു് <u>അദ്ദേഹം നിനക്കു് എഴുതിയോ?</u>
നീ അദ്ദേഹത്തിനോടു പറഞ്ഞോ?
അവർ നിന്നോടു് അപേക്ഷിച്ചോ?
കമല അപേക്ഷിച്ചോ?
അമ്മ അഭിപ്രായപ്പെട്ടോ?
അവരം നിങ്ങളെ നിർബന്ധിച്ചോ?
നിന്നെ ആരെങ്കിലും അറിയിച്ചോ?
ആരു പറഞ്ഞു?
എന്തെങ്കിലും നിയമമുണ്ടോ?
നമ്മളോടു പറയാൻ ആർക്കു ധൈര്യം വരും?

## D. Combination drill

Model

a നീ വരണം

b അങ്ങനെ അവർ പറയുന്നു

(a+b) നീ വരണം എന്നു് അവർ പറയുന്നു.

1. കുട്ടികൾ പഠിക്കണം.
അതാണു് അച്ഛനമ്മമാരുടെ അഭിപ്രായം.

2. ഇതൊക്കെ എന്തേതാണു്.
അങ്ങനെ നീ വിശ്വസിക്കുന്നുണ്ടോ?

3. നിങ്ങളുടെ വീട്ടിൽ വരുകയില്ല.
അങ്ങനെ അദ്ദേഹം തീർത്തു പറഞ്ഞോ?

4. അവർ വന്നില്ലെങ്കിൽ വരണ്ട.
അങ്ങനെ നമുക്കു് ആശ്വസിച്ചുകൂടേ.

5. നീയില്ലെങ്കിൽ ഞാനുമില്ല.
അങ്ങനെ ആരു പറഞ്ഞു.

6. ഇവിടെ സിഗരറ്റു് വലിക്കാൻ പാടില്ല.
അങ്ങനെ എഴുതിയതു് കണ്ടില്ലേ?

7. ഒരു ദിവസമെങ്കിലും അവധിവേണം.
അതാണു് എല്ലാവരുടേയും ആഗ്രഹം.

8. പ്രയത്നിച്ചാലേ ഫലം കിട്ടു.
അങ്ങനെയല്ലേ മൂത്തവർ പറയുന്നതു്?

## E. Split up drill

Model

അവർ പറയുന്നതിൽ ഒട്ടും സത്യമില്ല എന്നു് നിനക്കറിഞ്ഞുകൂടേ?

a. അവർ പറയുന്നതിൽ ഒട്ടും സത്യമില്ല.

b. അതു് നിനക്കു് അറിഞ്ഞുകൂടേ?

1. പണമുള്ളവർക്കേ അന്യരെ സഹായിക്കാൻ കഴിയൂ എന്നു് നിന്നോടാരു പറഞ്ഞു.

2. നീ സഹായിക്കും എന്നു വിചാരിച്ചു ഞാൻ ഇതുവരെ മിണ്ടാതിരുന്നു.

3. മകനെ കണ്ടിട്ടേ മരിക്കാവൂ എന്നായിരുന്നു ആ വയസ്സിയുടെ ആഗ്രഹം.
4. ജോലി ഉപേക്ഷിച്ചിട്ട് എവിടെയെങ്കിലും പോയി സ്വന്തമായി തൊഴിൽ ചെയ്താലേ സുഖമായി ജീവിക്കാനൊക്കൂ എന്ന് അവന് ഇപ്പോഴാണ് ഉറപ്പായത്.
5. ഒരാൾക്ക മൂന്നു കുട്ടികളേ പാടുള്ളൂ എന്നാണ് സർക്കാരിന്റെ നിയമം.
6. മോഹനൻ എങ്കിലും സുഖമായി ജീവിക്കട്ടെ എന്നാണ് ശാരദയുടെ അഭിപ്രായം.

## F. Restatement drill

### Model 1

മോനേ, നീ ഉണ്ണൂ എന്ന് അമ്മ പറഞ്ഞു .>
അമ്മ മോനോട് ഉണ്ണാൻ പറഞ്ഞു.

1. കമലേ നീ ഒരു പാട്ടു പാടൂ എന്ന് അവർ അപേക്ഷിച്ചു.
2. ഉണ്ണീ, നീ അവിടെ പോകരുത് എന്ന് അച്ഛൻ മുന്നറിയിപ്പു നൽകി.
3. ജനങ്ങളേ, നിങ്ങൾ ആലോചിച്ചു പ്രവർത്തിക്കിൻ എന്ന് നേതാവ് ഉപദേശിച്ചു.
4. നിങ്ങൾ ഉള്ള സത്യം തുറന്നു പറയണം എന്ന് അദ്ദേഹം ഞങ്ങളോട് ആവശ്യപ്പെട്ടു.
5. ശബ്ദം ഉണ്ടാക്കരുത് എന്ന് ടീച്ചർ കുട്ടികളെ താക്കീതു ചെയ്തു.
6. പരസ്പരം സ്നേഹിക്കണം എന്ന് അദ്ദേഹം നമ്മളെ ഉപദേശിച്ചില്ലേ?
7. ഭാരതം ഒന്നായിരിക്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചു.
8. വീട്ടുകാരെ അറിയിക്കണ്ട എന്ന് അവർ തീരുമാനിച്ചു.
9. അന്ന് സിനിമയ്ക്കു പോകണം എന്ന് തന്നെ സോമൻ രഘുവിനോടു പറഞ്ഞു.
10. പണക്കാരേ, നിങ്ങൾ പാവങ്ങളെ സഹായിക്കണം എന്നു മന്ത്രി പ്രസംഗിച്ചു.

### Model 2

അവർ നിങ്ങളേയും വിളിച്ചു എന്നതു മറന്നോ?
അവർ നിങ്ങളേയും വിളിച്ചതു മറന്നോ?

1. അച്ഛൻ മരിച്ചു എന്നത് അവർ ഇനിയും മനസ്സിലാക്കിയില്ല.
2. ഞങ്ങൾ പുതിയ വീടു വാങ്ങി എന്നത് എല്ലാവരേയും അറിയിച്ചു.

3. അവരം പാട്ടുപാടി എന്നതു് ഞങ്ങളെ സന്തോഷിപ്പിച്ചു.
4. അയാളെക്കൊണ്ടു കഥകളിവേഷം കെട്ടിച്ചു എന്നതു് ഞങ്ങരംക്കു് ഓർമ്മിക്കാൻ പോലും വയ്യാത്തതാണു്.
5. അവൻ ഒന്നാംക്ലാസിൽ പാസായി എന്നതു് അറിഞ്ഞ് അച്ഛനു സന്തോഷം തോന്നി.
6. മന്ത്രിയെ കണ്ടു എന്നതു് അവൻ ആരോടും പറഞ്ഞില്ല.
7. അവരംക്കു് മൂന്നു മക്കരം ഉണ്ടു് എന്നതു് നിങ്ങരംക്കു വിശ്വസിക്കാനാവില്ലേ?

## EXERCISES

I Combine the following pairs of sentences using എന്നു്.

1. പഠിച്ചാൽ ജയിക്കും.
   ഈ കാര്യം ആർക്കാണു് അറിഞ്ഞുകൂടാത്തതു്?
2. നമ്മുടെ നാട്ടിലേ അഴിമതിയുള്ളൂ.
   ഇതാണോ നിന്റെ അഭിപ്രായം.
3. വൈകുന്നേരത്തിനു മുമ്പു് ജോലിയൊക്കെ തീർക്കണം.
   അതു് ആരുടെ തീരുമാനമാണു്?
4. വർഗീസു മുതലാളി സംഭാവന തരില്ല.
   അതു് എനിക്കു പണ്ടേ അറിയാമായിരുന്നു.
5. പുതിയ ഓഫീസർക്കു് ഒട്ടും ഗമയില്ല.
   ഈ കാര്യം ഞാൻ നിന്നോടു പറഞ്ഞതല്ലേ?
6. നമ്മുടെ നാട്ടിൽ പെൺകുട്ടികരംക്കു സ്വാതന്ത്ര്യമില്ല.
   അങ്ങനെയാണോ നിങ്ങളും വിശ്വസിക്കുന്നതു്?
7. കവിഹൃദയമുള്ളവനേ കവിത മനസ്സിലാക്കാനൊക്കൂ.
   അതാണു് പണ്ഡിതന്മാരുടെ അഭിപ്രായം.

II Rewrite the following sentences using എന്നു്.

1. അവളുടെ തെററു ക്ഷമിക്കാൻ അച്ഛൻ മോഹനനോടു പറഞ്ഞു.
2. രാജനെ കല്യാണം കഴിക്കാൻ അമ്മ ശാരദയെ ഉപദേശിച്ചു.
3. ആരോഗ്യം സംരക്ഷിക്കുന്നതിനു് പാലു കുടിക്കാൻ ഡോക്ടർ അദ്ദേഹത്തിനോടു പറഞ്ഞു.

4. കുട്ടികളോട്ട് വായിച്ചു വളരാൻ അദ്ദേഹം ആവശ്യപ്പെട്ടു.
5. ആ പ്രശ്നത്തിന് ഒരു പരിഹാരം നിർദ്ദേശിക്കാൻ പത്രലേഖകൻ മന്ത്രിയോട്ട് അപേക്ഷിച്ചു.
6. ദാരിദ്ര്യം കൊണ്ടു കഷ്ടപ്പെടുന്നവരോടു പ്രസംഗിച്ചു നടക്കാൻ നീ പറഞ്ഞോ?
7. സത്യത്തിന്റെ വില മനസ്സിലാക്കാൻ അദ്ദേഹം എല്ലാവരോടും അഭ്യർഥിച്ചു.

III Without changing the meaning rewrite the given sentences using other structures.

1. മറുനാടൻ മലയാളികളും ഓണം ആഘോഷിക്കുന്നു എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?
2. എല്ലാവരും മനുഷ്യരാണ് എന്നതു നീ ഓർമ്മിക്കേണ്ടതാണ്.
3. പ്രേമരംഗങ്ങളിൽ നായികാനായകന്മാർ പാട്ടുപാടും എന്നത് എല്ലാ സിനിമയിലും കാണുന്നില്ലേ?
4. മഹാത്മജി രാഷ്ട്രപിതാവാണെന്ന് ഇപ്പോഴും ചിലർ മറന്നതുപോലെ തോന്നുന്നു.
5. സ്നേഹത്തിനു ജാതിയും മതവുമില്ല എന്ന് എല്ലാ ചെറുപ്പക്കാരും വിശ്വസിക്കുന്നുണ്ടോ?
6. മന്ത്രിയെ സ്വാധീനിച്ചാലേ കാര്യങ്ങൾ നേടാനൊക്കൂ എന്നത് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്.
7. കള്ളവും ചതിയുമാണ് ഇക്കാലത്തു ജീവിക്കാൻ വേണ്ടത് എന്ന് നിങ്ങളും പറയുന്നോ?

IV Read the conversation and answer the questions.

1. വിമലയും സരളയും ഏതു വിഷയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.
2. വിമല പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിക്കേണ്ടവളായിരുന്നു എന്നു സരളയും കൂട്ടുകാരും പറയാൻ കാരണമെന്താണ്?
3. വിമല സരളയെ കളിയാക്കിയതെങ്ങനെ?
4. സരളയുടെ ജീവിതോദ്ദേശം എന്താണ്?
അതു് നടക്കുമോ?

**V** **Fill in the dialogue for B and give a suitable title to the conversation.**

**A:** ഞങ്ങൾ നിനക്കുവേണ്ടിയാണ് ഇന്നത്തേയ്ക്കു മാററി വച്ചതു്. ഇന്നു് നാടകത്തിനുവേണ്ട എല്ലാ കഥാപാത്രങ്ങളേയും തിരഞ്ഞെടുത്തേപററൂ. നായികയെ മാത്രം നിശ്ചയിച്ചു കഴിഞ്ഞു.

**B:** ........................................

**A:** നീയുള്ളപ്പോൾ പിന്നെ വേറെ ആരേയും നോക്കേണ്ട ആവശ്യമില്ല എന്നു ടീച്ചർ പോലും പറഞ്ഞു.

**B:** ........................................

**A:** നീ എങ്ങനെയെങ്കിലും ചേട്ടനേം, അമ്മയേം പറഞ്ഞു സമ്മതിപ്പിക്കണം.

**B:** ........................................

**A:** അതൊന്നും പറഞ്ഞാൽ നടപ്പില്ല. നീ ഇത്തവണകൂടി നാടകത്തിനു ചേർന്നേ പററൂ. എല്ലാവരും നിർബന്ധിക്കുന്നു എന്നു പറഞ്ഞുനോക്കൂ.

**B:** ........................................

**A:** അതെന്താ നിന്റെ ചേട്ടനു് അത്ര പിടിവാശി. ഇതു് കോളേജ് ഡേയ്ക്കു് അഭിനയിക്കേണ്ട നാടകമല്ലേ? അല്ലാതെ പട്ടണംതോറും അലഞ്ഞുനടക്കുന്ന നാടകക്കമ്പനിക്കാരുടെ വക നാടകമല്ലല്ലോ.

**B:** ........................................

**A:** ആൺകുട്ടികളുടെ കൂടെ അഭിനയിച്ചാൽ എന്തോ സംഭവിക്കും? അവരെന്താ നിന്നെ പിടിച്ചങ്ങു തിന്നു കളയുമോ?

**B:** ........................................

**A:** ഓഹോ. എനിക്കതിനു പ്രയാസമൊന്നുമില്ല. ഞാൻ വേണേൽ വന്നു പറയാം. പോരെങ്കിൽ ടീച്ചറിനേയും കൂട്ടിക്കൊണ്ടുവരാം. എങ്ങനെയെങ്കിലും നിന്റെ ചേട്ടൻ ഒന്നു സമ്മതിച്ചു കിട്ടിയാൽ മതി.

**B:** ........................................

**A:** കുടുംബത്തിൽ പിറന്ന പെൺകുട്ടികൾ സ്റ്റേജിൽ കയറിയാൽ അവരുടെ കുടുംബം നശിക്കുമെന്നാണോ?
നിന്റെ ചേട്ടൻ ഇക്കാലത്തു ജീവിക്കേണ്ടയാളല്ല.

**B:** ........................................

**A:** അമ്മയോട് എല്ലാം വിശദീകരിച്ചു പറയൂ. നീ ഉണ്ടെങ്കിലേ മോഹൻദാസ് നായകനായി അഭിനയിക്കൂ എന്നു് എന്നോടു തുറന്നു പറഞ്ഞു.

**B:** ........................................

A: ടീച്ചറൊന്നും ഉണ്ടായിരുന്നില്ല. ഞാൻ ആർട്ട്സ് ക്ലബ് സിക്രട്ടറി എന്ന നിലയിൽ ചോദിച്ചു. നിന്റെ അടുത്ത കൂട്ടുകാരി എന്ന നിലയിൽ അയാൾ എന്നോട് എല്ലാം തുറന്നു പറഞ്ഞു.

B: ......................................

A: അതെന്താ മോഹൻദാസ് എന്നപേരു കേട്ടാൽ നിന്റെ ചേട്ടനിത്ര ദേഷ്യം. അവർ തമ്മിൽ ശത്രുക്കളാണോ?

B: ......................................

A: പിന്നെ?

B: ......................................

A: അയാൾ താടി വളർത്തി, കവിത എഴുതിക്കൊണ്ടു നടക്കുന്നതിൽ നിന്റെ ചേട്ടന് എന്താണ്.

B: ......................................

A: അപ്പോൾ അങ്ങനെയുള്ളവർക്ക് സ്നേഹിക്കാൻ അധികാരമില്ലേ?

B: ......................................

A: പിന്നെ?

B: ......................................

## VOCABULARY

| | | | |
|---|---|---|---|
| കാത്തുനിൽക്ക് | 'to wait for' | സഖി | 'friend'(feminine) |
| പിന്താങ്ങ് | 'to support, to second' | ഗതികേട് | 'helplessness' |
| താന്തോന്നികൾ | 'they who do as they like' | | |
| സ്വാതന്ത്ര്യം | 'freedom' | അഭിപ്രായം | 'opinion' |
| സൂക്ഷിക്ക് | 'to be careful, to keep' | അമ്മൂമ്മമാർ | 'grand mothers' |
| കുററം | 'fault' | | |
| പഴമക്കാർ | 'people of olden days' | പുരാണം | 'mythology' |
| നൂററാണ്ട് | 'century' | ചുമ്മാതെ | 'just like that' |
| മഹിള | 'woman' | വിമോചനം | 'liberation' |
| പ്രസ്ഥാനം | 'movement' | രൂപീകരിക്ക് | 'to formulate' |
| സാമൂഹ്യസ്ഥിതി | 'social set up' | സംഘടന | 'organization' |
| സ്ഥാപിക്ക് | 'to establish' | അടിമ | 'slave' |
| തർക്കിക്ക് | 'to argue' | കുടുംബിനി | 'house wife' |
| പ്രതാപശാലി | 'powerful' | | |

## NOTES

17.61.1 Reportives are introduced. In lesson No. 1 the quotative particle എന്നു് is already used. The same form is used as the reportive. Usually when sentences are combined, എന്നു് is used in between the two sentences as in

നീ വരും എന്നു് എനിക്കറിയാമായിരുന്നു.

I knew that you would come.

But for stylistic purposes എന്നു് can be taken to the end of the sentence also as in

എനിക്കറിയാമായിരുന്നു നീ വരുമെന്നു്.

I knew that you would come.

17.61.2. എന്ന is the relative participle form and എന്നതു് is the participial noun form.

## UNIT 18

## LESSON 62

# മധുവിധു നഗരത്തിൽ

## CONVERSATION

| | | |
|---|---|---|
| വേണു: | എന്താ മാലിനിക്കു് മുറിയൊക്കെ പിടിച്ചോ? ഈ ഹോട്ടൽ ഗംഭീരമായിരിക്കുന്നില്ലേ? ഇത്ര ഉഗ്രൻ ഒരു മുറി മാലു കണ്ടിട്ടുണ്ടോ? | Malini, did you like this room ? Isn't this hotel grand ? Malu, have you seen such a posh room ? |
| മാലിനി: | വലിപ്പത്തിന്റെ കാര്യം ആണേൽ ഞാൻ ഇതിലും വലിയ മുറികൾ എത്രയോ എണ്ണം കണ്ടിരിക്കുന്നു! | If it is the size you mean then I have seen many bigger rooms than this. |

| | | |
|---|---|---|
| വേണു: | മണ്ടിപ്പെണ്ണേ, വലിപ്പത്തിന്റെ കാര്യമല്ല ഞാൻ ഉദ്ദേശിച്ചത്. സൗകര്യങ്ങളാണ്. | Foolish girl, I don't mean its size. I mean the facilities. |
| മാലിനി: | അങ്ങനെയാണേൽ ശരിയാ. പക്ഷെ ഒരു കാര്യം. ധാരാളം ഹോട്ടലുകളിൽ താമസിച്ചിട്ടുള്ളവർക്കല്ലേ ഇതിനെപ്പററിയൊക്കെ ഒരഭിപ്രായം പറയാൻ പററൂ? ഇതാദ്യമായിട്ടാണ് ഞാൻ ഇത്ര വലിയ ഒരു ഹോട്ടലിൽ താമസിക്കാൻ പോകുന്നത്. | If that is the thing, it is correct. But isn't it a fact that only people who have stayed in many a hotel can form an opinion about these things ? This is the first time I am going to stay in such a big hotel. |
| വേണു: | അതുകൊണ്ടാണ് ഞാൻ ഈ പഞ്ചനക്ഷത്ര ഹോട്ടൽതന്നെ തിരഞ്ഞെടുത്തതും. | That is why I selected this five star hotel. |
| മാലിനി: | ഹോട്ടലൊക്കെ കേമമായിട്ടുണ്ട്. പക്ഷെ വാസ്തവം പറഞ്ഞാൽ എനിക്കിത്തരം ഹോട്ടലുകളുടെ അന്തരീക്ഷമേ ഇഷ്ടമില്ല. ഈ ചാനൽ മ്യൂസിക്കും, എയർ കണ്ടീഷനിങ്ങും, വെൽവെററ് കാർപ്പെററും, കടലാസു പൂക്കളും, യോഗാഭ്യാസ പരിശീലകരും, ക്യാബറെ നർത്തകിമാരും ഒക്കെ എന്നിൽ ഒരു അറപ്പും, മടുപ്പുമാണുണ്ടാക്കുന്നത്. | Hotel is good. But really speaking, I don't like even the atmosphere of such hotels. This channel music, air conditioning, velvet carpet, paper flowers, yogabhyasa trainers, cabaret dancers, etc., instil a sort of aversion in me. |
| വേണു: | ജനിച്ച നാട്ടിന്റെ നാലതിരു കടന്നിട്ടില്ലാത്തതുകൊണ്ടാണ് നിനക്കങ്ങനെയൊക്കെ തോന്നുന്നത്. എം. ഏ. പാസ്സായിട്ടും നീയൊരു നാട്ടിൻപുറത്തുകാരിപ്പെണ്ണിനെപ്പോലെയാണല്ലോ സംസാരിക്കുന്നത്? | Because you have never crossed the four boundaries of your native place you feel so. Even after passing M.A. degree examination you speak like a village girl. |

| | | |
|---|---|---|
| മാലിനി: | എം. ഏ. പാസ്സായി എന്നു പറഞ്ഞ് നമ്മുടെ നാട്ടിന്റെ സംസ്കാരം കളഞ്ഞുകുളിക്കണോ? ഹോട്ടലുകൾ തോറും തെണ്ടിനടക്കണോ? | Because I am an M.A. should I threw away our country's culture ? Should I roam around the hotels ? |
| വേണു: | ഇത്രയൊക്കെ ആവേശം വേണോ മാലു ? ഹോട്ടലിൽ താമസിച്ചാൽ സംസ്കാരം നഷ്ടപ്പെടുമോ? പോട്ടെ. ഞാൻ ഒരു കാര്യം പറയാം. മാലു, എന്റെ കുട്ടിക്കാലത്ത് ഞാൻ ഇങ്ങനെയുള്ള സൗകര്യങ്ങളെപ്പറ്റി സ്വപ്നംപോലും കണ്ടിട്ടുണ്ടായിരുന്നില്ല. എന്റെ ഭാവനസ്സുപോലും ഇത്ര ദൂരം സഞ്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടായിരിക്കാം നമ്മുടെ മധുവിധുവും ഈ വലിയ നഗരത്തിൽ തന്നെയാകട്ടെ എന്നു ഞാൻ നിശ്ചയിച്ചതും. നീയും ഈ സ്ഥലം ഇഷ്ടപ്പെടും എന്നാണ് ഞാൻ കരുതിയിരുന്നത്. | Why should you be so excited? Will we lose our culture if we stay in hotels. That is O.K. I shall tell you something. Malu, in my childhood I had never even dreamt about such facilities. Even my imagination could not travel this much of distance. May be because of that I decided to have our honeymoon in this big city. I thought that you would also like this place. |
| മാലിനി: | വേണുച്ചേട്ടനുള്ളപ്പോൾ എനിക്ക് ഒരിടത്തും ഒരിഷ്ടക്കേടുമില്ല. പക്ഷെ നമ്മുടെ നാട്ടിലെ പഞ്ചാര മണൽ കടപ്പുറവും, ആ കായലുകളും, പച്ചവയലുകളും, അമ്പലങ്ങളുമൊക്കെയാണ് എന്നെ കൂടുതൽ ആകർഷിച്ചിട്ടുള്ളത്. | If you are with me I don't have any displeasure anywhere. But our sandy beaches, backwaters, green fields, temples, etc., have attracted me much more than this. |
| വേണു: | മാലു ഒരു കവയത്രിയാണെന്ന് ഞാൻ അറിഞ്ഞിരുന്നേ ഇല്ലല്ലോ. | Malu, I never knew that you are a poetess. |

| | | |
|---|---|---|
| മാലിനി: | നമ്മുടെ നാട്ടിൻെറ സൗന്ദര്യത്തെപ്പററി രണ്ടു വാക്കു പറഞ്ഞാൽ അതു കവിതയാകുമോ? അപ്പോഴും ചേട്ടൻ പുകഴ്ത്താൻ മാത്രം അറിയാവുന്ന ഒരു വിമർശകനാണല്ലോ. | If I tell two three words about our land's beauty will i be a poem? In that case you are a critic who knows only to praise. |
| വേണു: | ഞങ്ങളുടെ ഇഞ്ചിനീയറിങ്ങ് കോളേജിൽ ഇതിനെപ്പററിയൊന്നും പഠിപ്പിച്ചു തന്നിട്ടുണ്ടായിരുന്നില്ല. മാലുനെപ്പോലെയുള്ള സാഹിത്യവിദ്യാർത്ഥികൾ ഇതൊക്കെ പഠിച്ചു പാസ്സായിരിക്കും. | They had not taught us these things in our Engineering College. Literature students like you would have learnt these things. |
| മാലിനി: | അതു ശരിയാ. പൊളിയുന്നപാലം പണിയിക്കാനും, കൈക്കൂലി വാങ്ങാനും എങ്കിലും പഠിപ്പിച്ചു തന്നിരിക്കുമല്ലോ. | That is correct. They would have taught you at least to build a bridge that collapses, to take bribe, etc. |
| വേണു: | ഇഞ്ചിനീയറിങ്ങ് കോളേജുകാരുടെ പാഠ്യപദ്ധതിയെപ്പററി ശ്രീമതിക്കു നല്ല അറിവാണല്ലോ. | You have got a good idea about the syllabus of the Engineering College. |
| മാലിനി: | അതിനെപ്പററി അറിഞ്ഞില്ലേലും പി. ഡബ്ളിയു. ഡി. ഇഞ്ചിനീയർമാരെപ്പററി നന്നായി അറിയാം. ധാരാളം കേട്ടിട്ടുണ്ട്. | Though I don't know about it I know very well about the Public Works Department engineers. I have heard a lot. |
| വേണു: | ശരി. ശരി. ലോകപരിചയം വളരെയുണ്ടല്ലോ. എനിക്കതിൽ സന്തോഷമേയുള്ളൂ. ചർച്ചയൊക്കെ ഇനി പിന്നെയാകാം. വേഗം ഒന്ന് ഒരുങ്ങിയിറങ്ങു. നമുക്കീ നഗരമൊക്കെ ഒന്നു ചുററിക്കാണാം. നിന്നെ ശ്വാസം മുട്ടിക്കുന്ന ഈ അന്തരീക്ഷത്തിൽ നിന്നും പുറത്തേയ്ക്കു പോകാം. | That is O.K. You are very worldly wise. I am only happy. Let us discuss afterwards. You get ready soon. Let us go round the city and see. Let us go out of this atmosphere which suffocates you. |

## DRILLS

### A. Repetition drill

a. 1. നിങ്ങളെപ്പോലെ എത്രയോ പേരെ ഞാൻ കണ്ടിരിക്കുന്നു!
നിങ്ങളെപ്പോലെ എത്രയോപേരെ ഞാൻ കണ്ടിട്ടുണ്ട്.

2. ഈ കാര്യങ്ങളെല്ലാം അദ്ദേഹവും അറിഞ്ഞിരിക്കുന്നു.
ഈ കാര്യങ്ങളെല്ലാം അദ്ദേഹവും അറിഞ്ഞിട്ടുണ്ട്.

3. അവർ തമ്മിൽ പലപ്പോഴും വഴക്കുകൂടിയിരിക്കുന്നു.
അവർ തമ്മിൽ പലപ്പോഴും വഴക്കു കൂടിയിട്ടുണ്ട്.

b. 1. നിങ്ങൾ കന്യാകുമാരിയിൽ പോയിരുന്നോ?
നിങ്ങൾ കന്യാകുമാരിയിൽ പോയിട്ടുണ്ടായിരുന്നോ?

2. ഞങ്ങൾ പണ്ടൊരിക്കൽ ആ പഞ്ചനക്ഷത്ര ഹോട്ടലിൽ താമസിച്ചിട്ടുണ്ടായിരുന്നു.

3. കുറച്ചു ദിവസങ്ങൾക്കുള്ളിൽ അവർ വലിയ കൂട്ടുകാർ ആയിത്തീർന്നിരുന്നു.
കുറച്ചു ദിവസങ്ങൾക്കുള്ളിൽ അവർ വലിയ കൂട്ടുകാർ ആയിത്തീർന്നിട്ടുണ്ടായിരുന്നു.

c. 1. പല സിനിമാ താരങ്ങളും ഇവിടെ താമസിച്ചിരിക്കും.
പല സിനിമാതാരങ്ങളും ഇവിടെ താമസിച്ചിട്ടുണ്ടായിരിക്കും.

2. അവരൊക്കെ യോഗാഭ്യാസം പരിശീലിക്കാൻ പോയിരിക്കും.
അവരൊക്കെ യോഗാഭ്യാസം പരിശീലിക്കാൻ പോയിട്ടുണ്ടായിരിക്കും.

3. നാളെ ഈ സമയം ഞാൻ എന്റെ വീട്ടിൽ എത്തിയിരിക്കും.
നാളെ ഈ സമയം ഞാൻ എന്റെ വീട്ടിൽ എത്തിയിട്ടുണ്ടായിരിക്കും.

### B. Expansion drill

1. ജോസഫ് വീഴ്ത്തിയിരിക്കുന്നു.

അദ്ദേഹത്തിനെ
ജോസഫ് അദ്ദേഹത്തിനെ വീഴ്ത്തിയിരിക്കുന്നു.

വീണ്ടും.
ജോസഫ് അദ്ദേഹത്തിനെ വീണ്ടും വീഴ്ത്തിയിരിക്കുന്നു.

തന്റെ വലയിൽ
ജോസഫ് അദ്ദേഹത്തിനെ വീണ്ടും തന്റെ വലയിൽ വീഴ്ത്തിയിരിക്കുന്നു.

2. പത്തു വർഷങ്ങൾക്ക മുൻപ് കണ്ടിട്ടുണ്ടായിരുന്നു.

ഞാൻ

പത്തു വർഷങ്ങൾക്ക മുൻപു ഞാൻ കണ്ടിട്ടുണ്ടായിരുന്നു.

ക്യാബറെ നൃത്തം

പത്തു വർഷങ്ങൾക്കമുൻപു ക്യാബറെ നൃത്തം ഞാൻ കണ്ടിട്ടുണ്ടായിരുന്നു.

ബോംബെയിൽ വച്ച്

പത്തു വർഷങ്ങൾക്കമുൻപ് ബോംബെയിൽവച്ച ക്യാബറെ നൃത്തം ഞാൻ കണ്ടിട്ടുണ്ടായിരുന്നു.

3. പല പ്രാവശ്യം പറഞ്ഞിരിക്കും.

ഞാനും

പല പ്രാവശ്യം ഞാനും പറഞ്ഞിരിക്കും.

അദ്ദേഹത്തിനോട്

പല പ്രാവശ്യം ഞാനും അദ്ദേഹത്തിനോട പറഞ്ഞിരിക്കും.

നിന്നെപ്പററി

പല പ്രാവശ്യം ഞാനും അദ്ദേഹത്തിനോട നിന്നെപ്പററി പറഞ്ഞിരിക്കും.

ചില കാര്യങ്ങൾ

പല പ്രാവശ്യം ഞാനും അദ്ദേഹത്തിനോട നിന്നെപ്പററി ചില കാര്യങ്ങൾ പറഞ്ഞിരിക്കും.

4. കുട്ടിക്കാലത്തു് കളിച്ച കഴിഞ്ഞിരുന്നു.

ഓണക്കാലമാകുമ്പോൾ

കുട്ടിക്കാലത്തു് ഓണക്കാലമാകുമ്പോൾ കളിച്ച കഴിഞ്ഞിരുന്നു.

ഞങ്ങൾ

കുട്ടിക്കാലത്തു് ഓണക്കാലമാകുമ്പോൾ ഞങ്ങൾ കളിച്ച കഴിഞ്ഞിരുന്നു.

അമ്മാവൻെറ വീട്ടിൽ പോയി

കുട്ടിക്കാലത്തു് ഓണക്കാലമാകുമ്പോൾ ഞങ്ങൾ അമ്മാവൻെറ വീട്ടിൽ പോയി കളിച്ച കഴിഞ്ഞിരുന്നു.

ഇരുട്ടുന്നതുവരെ

കുട്ടിക്കാലത്തു് ഓണക്കാലമാകുമ്പോൾ ഞങ്ങൾ അമ്മാവൻെറ വീട്ടിൽ പോയി ഇരുട്ടുന്നതുവരെ കളിച്ച കഴിഞ്ഞിരുന്നു.

5. ഈ കുട്ടികളൊക്കെ വലുതായി കഴിഞ്ഞിട്ടുണ്ടായിരിക്കും.

വളർന്നു

ഈ കുട്ടികളൊക്കെ വളർന്നു വലുതായി കഴിഞ്ഞിട്ടുണ്ടായിരിക്കും.

കാണുന്നതിനിടയിൽ

ഈ കുട്ടികളൊക്കെ കാണുന്നതിനിടയിൽ വളർന്നു വലുതായി കഴിഞ്ഞിട്ടുണ്ടായിരിക്കും.

നാട്ടിൽ വന്നു.

ഈ കുട്ടികളൊക്കെ നാട്ടിൽ വന്നു കാണുന്നതിനിടയിൽ വളർന്നു വലുതായിക്കഴിഞ്ഞിട്ടുണ്ടായിരിക്കും.

അടുത്ത പ്രാവശ്യം

ഈ കുട്ടികളൊക്കെ അടുത്തപ്രാവശ്യം നാട്ടിൽ വന്നു കാണുന്നതിനിടയിൽ വളർന്നു വലുതായി കഴിഞ്ഞിട്ടുണ്ടായിരിക്കും.

ഞാൻ

ഈ കുട്ടികളൊക്കെ ഞാൻ അടുത്ത പ്രാവശ്യം നാട്ടിൽ വന്നു കാണുന്നതിനിടയിൽ വളർന്നു വലുതായി കഴിഞ്ഞിട്ടുണ്ടായിരിക്കും.

## C. Restatement drill

### Model 1

അവർ വന്നിട്ടുണ്ട്. >
അവർ വന്നിരിക്കുന്നു

1. ആ കടയിൽ നിന്നു സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.
2. നമ്മുടെ വീട്ടുകാരും പലപ്രാവശ്യം അങ്ങനെ ചെയ്തിട്ടുണ്ട്.
3. ഞാൻ ആ കഥ വായിച്ചിട്ടുണ്ട്.
4. എന്റെ മോനും പ്രധാനമന്ത്രിയെ കണ്ടിട്ടുണ്ട്,
5. ഞങ്ങൾ ആ ഹോട്ടലിൽനിന്നു് ഇറച്ചിക്കറി കഴിച്ചിട്ടുണ്ട്.
6. ഞാനും ഇതുപോലെയുള്ള വീട്ടുജോലികൾ ചെയ്തിട്ടുണ്ട്.

### Model 2

വേനൽക്കാലത്തു കന്യാകുമാരിയിൽ താമസിച്ചിരുന്നു. >
വേനൽക്കാലത്തു കന്യാകുമാരിയിൽ താമസിച്ചിട്ടുണ്ടായിരുന്നു.

1. നെഹ്റു ജയിലിൽവച്ചും പുസ്തകം എഴുതിയിരുന്നു.
2. അയാൾ റേഡിയോ പ്രസംഗവും നടത്തിയിരുന്നു.
3. പണ്ട് അദ്ദേഹം ഒരു അമേരിക്കൻ പെൺകുട്ടിയെ കല്യാണം കഴിച്ചിരുന്നു.

4. സ്വാതന്ത്ര്യസമരത്തിൽ എന്റെ കൂട്ടുകാരന്റെ അച്ഛനും പങ്കെടുത്തിരുന്നു.
5. കള്ളക്കടത്തുകാർ സർക്കാരിനെപ്പോലും പററിച്ചിരുന്നു.
6. കൊച്ചുകുട്ടികളും ആ കഥയൊക്കെ അറിഞ്ഞിരുന്നു.

Model 3

മററന്നാം ഈ സമയം ഞാനവിടെ എത്തിയിരിക്കും.>
മററന്നാം ഈ സമയം ഞാനവിടെ എത്തിയിട്ടുണ്ടായിരിക്കും

1. ഗാന്ധിജിയുടെ സത്യാന്വേഷണ പരീക്ഷണത്തെപ്പററി നിങ്ങളും കേട്ടിരിക്കും.
2. ഇങ്ങനത്തെ കുററം നമ്മളും ചെയ്തിരിക്കും.
3. പത്തു വർഷത്തിനുള്ളിൽ നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ മാറിയിരിക്കും.
4. നമ്മൾ എത്തുമ്പോഴേയ്ക്കും ട്രെയിൻ പ്ലാററ്ഫോം വിട്ടിട്ടുണ്ടായിരിക്കും.
5. പോലീസുകാർ അവനേയും സംശയിച്ചിരിക്കും.
6. ഇതിനകം എല്ലാ പരിപാടിയും തുടങ്ങിക്കഴിഞ്ഞിരിക്കും.

Model 4

ഞാൻ താജ്മഹൽ അന്നേ കണ്ടിട്ടുണ്ട്.>
ഞാനാണ് താജ്മഹൽ പണ്ടേ കണ്ടിട്ടുള്ളത്.
ഞാൻ താജ്മഹലാണ് അന്നേ കണ്ടിട്ടുള്ളത്.

1. രാധ ഒരു കഥ എഴുതിയിട്ടുണ്ട്.
2. വേണു രാധയെ സ്നേഹിച്ചിരുന്നു.
3. ലളിതയ്ക്ക് പാട്ടിനു് ഒന്നാംസമ്മാനം കിട്ടിയിട്ടുണ്ട്.
4. ഭാർഗ്ഗവി പശുവിനെ വളർത്തിയിട്ടുണ്ടായിരുന്നു.
5. കേശവൻകുട്ടി മകളെ കൊഞ്ചിച്ചിരുന്നു.
6. അയാൾക്ക് പണം നഷ്ടപ്പെട്ടിരിക്കും.

## D. Transformation drill

Model 1

അവർ ആ വീട് ഉപേക്ഷിച്ചിരിക്കുന്നു.
അവർ ആ വീട് ഉപേക്ഷിച്ചിരിക്കുന്നില്ല.

1. പലരും അതിനെപ്പററി അഭിപ്രായം പറഞ്ഞിരിക്കുന്നു,

2. അത്ര നല്ല പേന കണ്ടിരിക്കുന്നു.
3. സ്വന്തം പേരും അവിടെ എഴുതിവച്ചിരിക്കുന്നു.
4. സമുദ്രത്തിൽ ഇറങ്ങി കുളിച്ചിരിക്കുന്നു.
5. വെള്ളം കുടിച്ചു മരിച്ചിരിക്കുന്നു.

## Model 2

ഞാനാ കാര്യത്തെപ്പററി ഓർമ്മിച്ചിട്ടുണ്ട്.
ഞാനാ കാര്യത്തെപ്പററി ഓർമ്മിച്ചിട്ടില്ല.

1. ഇതിലും വലിയ മഴ പെയ്തിട്ടുണ്ട്.
2. ഹോട്ടലിലും ഊണു കഴിച്ചിട്ടുണ്ട്..
3. അദ്ദേഹത്തിൻെറ വീട്ടിൽ പോയിട്ടുണ്ട്.
4. അങ്ങനത്തെ ഒരു സ്വപ്നം ഞാനും കണ്ടിട്ടുണ്ട്.
5. തിരമാലകളെപ്പററി കവിത എഴുതിയിട്ടുണ്ട്.

## Model 3

എൻെറ കല്യാണത്തിനു് അവർ വന്നിരുന്നു.
എൻെറ കല്യാണത്തിനു് അവർ വന്നിരുന്നില്ല.

1. മന്ത്രി പോയിക്കഴിഞ്ഞിരുന്നു.
2. അദ്ദേഹം കള്ളു കുടിച്ചിരുന്നു.
3. പുരയിടത്തിൽ പല തൈകളും നട്ടിരുന്നു.
4. അന്നും ഞങ്ങൾ എല്ലാ പച്ചക്കറിയും ഉപയോഗിച്ചിരുന്നു.
5. ഊണിനു മാത്രം ഹോസ്റ്റലിൽ പോയിരുന്നു.

## Model 4

അന്നും അമ്മ മുന്നറിയിപ്പു തന്നിട്ടുണ്ടായിരുന്നു.
അന്നും അമ്മ മുന്നറിയിപ്പു തന്നിട്ടുണ്ടായിരുന്നില്ല.

1. ആ കാര്യം എല്ലാവരും അറിഞ്ഞിട്ടുണ്ടായിരുന്നു.
2. അവർ പകൽസമയം മുഴുവൻ തനിയെ കഴിഞ്ഞിട്ടുണ്ടായിരുന്നു.
3. ഞാൻ നേരത്തെ വന്നിട്ടുണ്ടായിരുന്നു.
4. അദ്ദേഹം എല്ലാവരോടും വർത്തമാനം പറഞ്ഞിട്ടുണ്ടായിരുന്നു.
5. കുഞ്ഞുങ്ങളെ കൊഞ്ചിച്ചിട്ടുണ്ടായിരുന്നു.

## Model 5

കുഞ്ഞു നിന്നെ മറന്നിരിക്കും.

കുഞ്ഞു നിന്നെ മറന്നിരിക്കില്ല.

1. അവരം അമ്മയെപ്പോലും ശല്യപ്പെടുത്തിയിരിക്കും.
2. കുട്ടികരം അപ്പൂപ്പനെക്കൊണ്ടു വേഷം കെട്ടിച്ചിരിക്കും.
3. നമ്മുടെ വീട്ടിലെ കിണററിലെ കയർ അററിരിക്കും.
4. അമ്മ മീനും, ഇറച്ചിയും ഒക്കെ വറത്തിരിക്കും.
5. അവൻ എല്ലാ ബന്ധങ്ങളും അറത്തിരിക്കും.

## Model 6

അവൻ ഒരു ഹിന്ദി സിനിമയിൽ അഭിനയിച്ചിട്ടുണ്ടു്.

അവൻ ഒരു ഹിന്ദി സിനിമയിൽ അഭിനയിച്ചിട്ടുണ്ടോ?

1. ആ പാഠം നിങ്ങരം പഠിച്ചിട്ടുണ്ടു്.
2. രഘു സ്വപ്നസുന്ദരിയെപ്പററി കവിത എഴുതിയിട്ടുണ്ടു്.
3. വയ്ക്കാൻ പോകുന്ന വീട്ടിന്റെ പ്ലാനൊക്കെ അദ്ദേഹം തയ്യാറാക്കിയിട്ടുണ്ടു്.
4. ഓഫീസുകാർ പഴയ സൂപ്രണ്ടിനു യാത്ര അയപ്പു സൽക്കാരം നൽകിയിട്ടുണ്ടു്.
5. ആ കല്യാണം നടത്തിക്കൊടുക്കാൻ പെൺകുട്ടിയുടെ കൂട്ടുകാരും മുൻകൈ എടുത്തിട്ടുണ്ടു്.

## Model 7

അദ്ദേഹം വരുന്നതിനെപ്പററി ആരും അറിഞ്ഞിരുന്നില്ല.

അദ്ദേഹം വരുന്നതിനെപ്പററി ആരും അറിഞ്ഞിരുന്നില്ലേ?

1. അവരുടെ തലമുടി ഒന്നുപോലും നരച്ചിരുന്നില്ല.
2. അവരം ആരോടും ഉറക്കെ സംസാരിച്ചിരുന്നില്ല.
3. പന്ത്രണ്ടുമണിക്കുപോലും ചോറുകെട്ടി വച്ചിരുന്നില്ല.
4. പുളിശ്ശേരിക്കു് മുളകെന്നും കൂടുതൽ ചേർത്തിരുന്നു.
5. പരീക്ഷയിൽ ഒന്നാം റാങ്കു കിട്ടാൻ ശ്രമിച്ചിരുന്നു.

## E. Response drill

### Model 1

നിങ്ങൾ വിനോബയെപ്പററി കേട്ടിട്ടുണ്ടോ?

ഉണ്ടു്. ഞങ്ങൾ വിനോബയെപ്പററി കേട്ടിട്ടുണ്ടു്.

ഇല്ല. ഞങ്ങൾ വിനോബയെപ്പററി കേട്ടിട്ടില്ല.

1. നെഹ്റുവിൻെറ ആത്മകഥ നീ വായിച്ചിട്ടുണ്ടോ?
2. കുട്ടിക്കാലംമുതൽ നിങ്ങൾ കവിത എഴുതാറുണ്ടായിരുന്നോ?
3. നിങ്ങൾ എല്ലാ പരീക്ഷയിലും ഒന്നാം ക്ലാസിൽ ജയിച്ചിരുന്നോ?
4. കുട്ടിക്കാലത്തു് നിങ്ങൾ കൂട്ടുകാരോടു് പിണങ്ങാറുണ്ടായിരുന്നോ?
5. അടുത്ത വർഷം ഈ സമയം നിങ്ങൾ ഒരു രാഷ്ട്രീയ നേതാവായിക്കഴിഞ്ഞിരിക്കുമോ?

### Model 2

അവർ അവിടെയും വന്നിരുന്നില്ലേ?

വന്നിരുന്നു. അവർ അവിടെയും വന്നിരുന്നു.

ഇല്ല. അവർ അവിടെ വന്നിരുന്നില്ല.

1. നിങ്ങൾ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ലേ?
2. സ്കൂളിലെ പന്തുകളി മത്സരങ്ങളിലൊന്നും നീ ചേർന്നിട്ടുണ്ടായിരുന്നില്ലേ?
3. കോളേജിൽ പഠിക്കുമ്പോൾ ഒരു മണിക്കൂറിൽ നിങ്ങൾ മൂന്നു മൈലിൽ കൂടുതൽ നടന്നിരിക്കുമോ?
4. നിങ്ങളെ അച്ഛനും, അമ്മയും കൊഞ്ചിച്ചിരുന്നില്ലേ?
5. ആറാമത്തെ വയസ്സുവരെ നിങ്ങൾ വർത്തമാനം പറയാൻ തുടങ്ങിയിരുന്നില്ലേ?

## EXERCISES

### Ia. Combine the following.

1. മണ്ടി+പെണ്ണു്+അല്ലേ
2. കാര്യം+ആണു്+എങ്കിൽ+ഓ
3. സൗകര്യങ്ങൾ+ഒന്നും+ഇല്ല+അത്രേ
4. താമസിക്കാൻ+ഒരു+ഇടം

5. തിരഞ്ഞു് + എടുത്തതു് + ആയിരുന്നു
6. എനിക്കു് + ഇത്തരം
7. മടുപ്പും + ആണു് + ഉണ്ടാക്കുന്നതു്
8. കടന്നിട്ടില്ലാത്തതു് + ആണു്
9. നഷ്ടപ്പെടും + ഓ
10. വിമർശകൻ + ആയിരുന്നോ

b. Split the following.

1. ചുററിക്കാണും
2. കവിയത്രിയാണെന്നു്
3. നഗരത്തിൽത്തന്നെ
4. ഇഷ്ടക്കേടമില്ല
5. അമ്പലങ്ങളെക്കാളൊക്കെ
6. ഒരുങ്ങിയിറങ്ങിയാൽ
7. വളരെയുണ്ടായിരുന്നു
8. ശത്രുവിനോടൊക്കെ
9. യോഗാഭ്യാസം
10. നിനക്കങ്ങനെയല്ലേ

II Rewrite the following sentences in the tense specified within brackets.

1. പഞ്ചനക്ഷത്രഹോട്ടലിൽ ആണു് അവർ മധുവിധു ആഘോഷിക്കുന്നതു്. (Present perfect)
2. അന്നൊക്കെ സ്ത്രീകൾ മുണ്ടും, നേര്യതും മാത്രം ധരിച്ചുകൊണ്ടിരുന്നു. (Past perfect)
3. കുട്ടിക്കാലത്തു് അവൻ പലതും ആഗ്രഹിച്ചു. (Present perfect)
4. ഇത്ര ഉഗ്രൻ ഒരു ഹോട്ടൽ കണ്ടിട്ടുണ്ടായിരുന്നോ? (future perfect)
5. ഇങ്ങനെ ഒരന്തരീക്ഷത്തിൽ വളർന്നിരുന്നു. (present perfect)
6. നർത്തകിമാർ മടുപ്പുണ്ടാക്കിയിരിക്കും. (Simple future)
7. ഇഞ്ചിനീയർമാർ പൊളിയുന്ന പാലം പണിയിച്ചിട്ടുണ്ടു്. (Present continuous)
8. ലോകപരിചയം സമ്പാദിച്ചിട്ടുണ്ടോ? (Simple past)
9. കവിയുടെ ഭാവനപോലും അത്ര ദൂരം സഞ്ചരിച്ചിരുന്നില്ല. (Future perfect)
10. ജനിച്ച നാട്ടിൻെറ നാലതിരു കടന്നിട്ടില്ലായിരുന്നു. (Simple present)
11. നാളെയും മീററിങ്ങുസമയത്തു മഴ പെയ്യും. (Future continuous)
12. മിനിഞ്ഞാന്നും ശൈലജ ഈ സമയം റേഡിയോ കേട്ടുകൊണ്ടിരുന്നു. (Simple past)

III Rewrite the following sentences in the corresponding negatives.

1. മുറിയുടെ വലിപ്പത്തിൻെറ കാര്യത്തെപ്പററി ഞാൻ ഉദ്ദേശിച്ചിരുന്നു.
2. കല്യാണത്തിനു് പലരേയും ക്ഷണിച്ചു.
3. ചാനൽ മ്യൂസിക്ക് എല്ലാ ഹോട്ടലിലും ഉണ്ടായിരിക്കും.
4. പണ്ടേ ഞാൻ ഈ ദിവസത്തെപ്പററി സ്വപ്നം കണ്ടിരുന്നു.
5. സാഹിത്യ വിദ്യാർഥികൾ ഇതിനെപ്പററി പഠിച്ചിരിക്കും.
6. നിങ്ങൾ വിവേകാനന്ദനെപ്പററി വായിച്ചിട്ടുണ്ടോ?
7. വേനൽക്കാലത്തും അവർ ചൂടുവെള്ളത്തിൽ കുളിച്ചിരിക്കുമോ?
8. നിൻെറ കവിതയെഴുത്തിനെപ്പററി ഞാൻ അറിഞ്ഞിരുന്നു.
9. പൊളിയുന്ന പാലം അദ്ദേഹം പണിയിച്ചിട്ടുണ്ടോ?
10. അദ്ദേഹവും കൈക്കൂലി വാങ്ങിയിട്ടുണ്ടായിരുന്നോ?

IV Rewrite the following sentences using the participial forms of the verbs and the respective forms of ആണ്. Add ആണ് form to whichever word you would like to emphasize.

1. ഈ അന്തരീക്ഷം ഞാൻ ഇഷ്ടപ്പെട്ടിരുന്നു.
2. നമ്മുടെ സ്ഥാനാർഥിയായി ഈ തെരഞ്ഞെടുപ്പിനു് അദ്ദേഹത്തിനെ നിശ്ചയിച്ചിരിക്കുന്നു.
3. സരള എം.എ. വരെ പഠിച്ചിട്ടുണ്ട്.
4. അദ്ദേഹം പ്രസംഗത്തിൽ വിശ്വസിച്ചിരുന്നു.
5. സ്വന്തം വീട്ടിലെ മുറികൾ അവർ വാടകയ്ക്കു കൊടുക്കും.
6. നർത്തകിമാരെല്ലാം നിന്നിൽ മടുപ്പുണ്ടാക്കുന്നോ?
7. ഇഞ്ചിനീയറിങ്ങ് കോളേജിൽവച്ചു് പലതും പഠിച്ചിട്ടുണ്ടായിരുന്നു.
8. നമ്മുടെ നാട്ടിലെ അഴിമതിയെപ്പററി ആരും കേട്ടിട്ടില്ല.
9. കടലാസുപൂക്കൾ ഉണ്ടാക്കി മുറിയൊക്കെ അലങ്കരിച്ചിട്ടുണ്ട്.
10. നീ ഇതൊക്കെ ഇഷ്ടപ്പെടും എന്നു ഞാൻ കരുതി.

V For each of the given sentences, write sentences in the present, past and future perfect tenses using the various forms of ഇരിക്ക് as well as ഇട്ടുണ്ട്.

1. പലരും ആ കാര്യം ഓർമ്മിക്കുന്നു.
2. ആരും യോഗാഭ്യാസം പഠിക്കുന്നില്ലേ?
3. അവരുടെ സൗന്ദര്യത്തെപ്പററി മാത്രം പുകഴ്ത്തും.
4. അമ്പലങ്ങൾ എന്നെ എന്നെന്നും ആകർഷിക്കും.
5. നഗരം ചുററിക്കാണാൻ ഇറങ്ങി.

VI Read the conversation and answer the questions.

1. വേണുവിന് എന്താണ് ജോലി?
2. വേണുവും മാലിനിയും നഗരത്തിലെ ഹോട്ടലിൽ വന്നിരിക്കുന്നതെന്തിനാണ്?
3. വേണു വലിയ ഹോട്ടൽ തെരഞ്ഞെടുക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?
4. മാലതിക്ക് ഹോട്ടലിലെ താമസം ഇഷ്ടമില്ല എന്നു പറയാൻ കാരണമെന്താണ്?
5. മാലിനിക്ക് ഇഷ്ടമുള്ള അന്തരീക്ഷം ഏതാണ്?

VII Continue and complete the dialogues and give a title for the entire conversation.

മാത്യു: സ്കൂൾ സെക്രട്ടറി എന്ന നിലയ്ക്ക് രണ്ടു വാക്കു പറയാൻ എനിക്കും ഹെഡ് മാസ്റ്റർ അവസരം തരാതിരിക്കില്ല.

വാസു: അതു തീർച്ചയായും തരും. പക്ഷെ ഏതെങ്കിലും മന്ത്രിയെത്തന്നെ അദ്ധ്യക്ഷനായിരിക്കാൻ വിളിക്കണമെന്ന കാര്യം സാറിനു വളരെ നിർബ്ബന്ധമാണ്. എല്ലാവർഷവും നടന്നു വരുന്ന പതിവാണിത്.

മാത്യു: കുറച്ചു വർഷങ്ങൾ നടന്നു എന്നു പറഞ്ഞാൽ അതിനി എന്നും തുടരണമെന്നില്ലല്ലോ. ഇതുവരെ ആരും സാറിനോടു പറഞ്ഞുനോക്കിയിട്ടുണ്ടായിരിക്കില്ല. ശ്രമിച്ചിരുന്നെങ്കിൽ സാറു സമ്മതിക്കുമായിരുന്നു എന്നാണെനിക്കു തോന്നുന്നത്.

വാസു: ഇല്ലെടോ. തനിക്കു സാറിനെ നന്നായി അറിഞ്ഞുകൂടാഞ്ഞിട്ടാണ്.

മാത്യു: നീ തന്നെ പറ വാസു. നമുക്കിത്ര വലിയ സാഹിത്യകാരന്മാരുള്ളപ്പോൾ ഈ മന്ത്രിമാരെത്തന്നെ വിളിക്കുന്നതെന്തിന്? പ്രൈവറ്റു സിക്രട്ടറിമാർ എഴുതിക്കൊടുത്തിട്ടുള്ള പ്രസംഗവുമായി കാറിൽ വന്നിറങ്ങുന്ന ആ വർഗ്ഗത്തോടു തന്നെ എനിക്കു ബഹുമാനമില്ല.

വാസു: നീ ഇതു പറയുന്നതു സാറു കേൾക്കരുത്.

മാത്യു: ........................................

വാസു: ........................................

മാത്യു: ........................................

വാസു: ........................................

## VOCABULARY

| | | | |
|---|---|---|---|
| ഗംഭീരം | 'majestic' | ഉഗ്രൻ | 'big, huge, grand' |
| മണ്ടിപ്പെണ്ണ് | 'foolish girl' | | |
| പഞ്ചനക്ഷത്രഹോട്ടൽ | 'five star hotel' | കേമം | 'grand' |
| അന്തരീക്ഷം | 'atmosphere' | | |
| ചാനൽ മ്യൂസിക് | 'channel music' | | |
| എയർ കണ്ടീഷനിങ്ങ് | 'air conditioning' | | |
| വെൽവെററ് കാർപ്പററ് | 'velvet carpet' | | |
| കടലാസ് പൂക്കൾ | 'paper flowers' | യോഗാഭ്യാസം | 'yogabhayas' |
| പരിശീലകർ | 'trainers' | | |
| ക്യാബറെ നർത്തകിമാർ | 'caberet dancers' | | |
| മടുപ്പ് | 'boredom' | അറപ്പ് | 'aversion' |
| അതിര് | 'border' | കടക്ക് | 'to cross' |
| നാട്ടിൻപുറത്തുകാരി | 'village girl' | സംസ്കാരം | 'culture' |
| കളഞ്ഞുകളിക്ക് | 'to throw into dust, to disregard completely' | | |
| തെണ്ടിനടക്ക് | 'to wander about' | ഭാവന | 'imagination' |
| ആകർഷിക്ക് | 'to attract' | കവയത്രി | 'poetess' |
| പുകഴ്ത്ത് | 'to criticize' | വിമർശകൻ | 'critic' |
| പാലം | 'bridge' | പണിയിക്ക് | 'build' |
| പാഠ്യപദ്ധതി | 'syllabus' | | |
| ലോകപരിചയം | 'worldly experience' | | |
| ചർച്ച | 'discussion' | ഒരുങ്ങ് | 'to get ready' |
| ചുററിക്കാണ് | 'to go round and see' | | |
| ശ്വാസംമുട്ടിക്ക് | 'to suffocate' | | |

## NOTES

18.62.1. Compound tenses are introduced.

18.62.2. By adding the finite forms of ഇരിക്ക് or verbal participle of ഇട് + ഉണ്ട് and its other tense forms to the verbal participle of the verb concerned, perfect tenses are derived in Malayalam.

(a) ഞാൻ കണ്ടിരിക്കുന്നു.
ഞാൻ കണ്ടിട്ടുണ്ടു്. } I have seen.

(b) ഞാൻ കണ്ടിരുന്നു
ഞാൻ കണ്ടിട്ടുണ്ടായിരുന്നു } I had seen.

(c) ഞാൻ കണ്ടിരിക്കും
ഞാൻ കണ്ടിട്ടുണ്ടായിരിക്കും } I might have seen or I would have seen.

18.62.3. The future perfect forms (the last pair of the example) indicate a supposition regarding the past or future.

18.62.4. Usually there is no distinction between ഇരിക്കു് or ഇട്ടുണ്ടു് constructions. But on some occasions the past perfect formed with ഇരുന്നു may also indicate the past continuous or habitual where as the ഇട്ടുണ്ടായിരുന്നു form indicates only the past perfect.

ഞാൻ കഴിച്ചിരുന്നു { I had taken.
or
I used to take.
or
I was taking.

ഞാൻ കഴിച്ചിട്ടുണ്ടായിരുന്നു I had taken.

18.62.5. Past perfect, ie., ഇരുന്നു or ഇട്ടുണ്ടായിരുന്നു forms are needed to indicate events which took place long time back or before a definite passage of time. Present perfect, ie., after ഇരിക്കുന്നു or ഇട്ടുണ്ടു് form indicates the action that has been just completed or has taken place some time in the past where the period is not specified.

## UNIT 19

## LESSON 63

# കല്ല്യാണം കഴിച്ചിരുന്നെങ്കിൽ സുഖമായി കഴിയാമായിരുന്നു.

## CONVERSATION

| | | |
|---|---|---|
| കേശവൻകുട്ടി: | രാധ എവിടെ ഭാർഗ്ഗവി? ഇത്ര നേരത്തേ അവളും കിടന്നുറങ്ങിയോ? കൊല്ലപ്പരീക്ഷക്കിനി രണ്ടുമാസം കൂടിയല്ലേയുള്ളൂ? | Bhargavi, where is Radha? Has she slept so soon? Aren't there only two more months for the annual examination? |

| | | |
|---|---|---|
| ഭാർഗ്ഗവിയമ്മ: | വല്ലാത്ത തലവേദനയാണെന്നും പറഞ്ഞ് സന്ധ്യയായപ്പോഴേ അതാ മൂടിപ്പൊതച്ചു കിടക്കുന്നു. രണ്ടു മൂന്നു ദിവസമായിട്ടവളങ്ങനെ തന്നെ. നേരെ ചൊവ്വേ ഒന്നും കഴിക്കുന്നുമില്ല. | Telling that she is having some headache since evening she has been lying there all covered. She has been like that for the past two three days. She is not even eating anything properly. |
| കേശവൻകുട്ടി: | നീ എന്നിട്ടെന്താ എന്നോടു പറയാത്തത്? മിനിഞ്ഞാന്നോ ഇന്നലെയോ പറഞ്ഞിരുന്നെങ്കിൽ ഞാനാ ശങ്കരൻ വൈദ്യനെ വിളിച്ചു കൊണ്ടുവരുമായിരുന്നു. ഇന്നിനി പററില്ല. അയാളും വൈദ്യശാല പൂട്ടിപോയിക്കാണും. | Why didn't you tell me then? Had you told me yesterday or day before I would have brought that Sankaran Vaidyan. Now it is not possible. He would have closed his dispensary and gone. |
| ഭാർഗ്ഗവിയമ്മ: | വൈദ്യനെ കാണിക്കേണ്ട അസുഖമൊന്നുമില്ല അവൾക്ക്. | She doesn't have any illness to be shown to a doctor. |
| കേശവൻകുട്ടി: | പിന്നെ? | Then ? |
| ഭാർഗ്ഗവിയമ്മ: | പിന്നെന്തു പറയാനാ? അച്ഛൻ കൊഞ്ചിച്ചു വച്ചിട്ടുണ്ടല്ലോ? അതു തന്നെ കാരണം. | Then what am I to tell ? You have spoilt her with too much of affection. Tha is the reason. |
| കേ: കുട്ടി: | ഞാൻ കൊഞ്ചിച്ചില്ലായിരുന്നെങ്കിൽ നീ കൊഞ്ചിക്കുമായിരുന്നു. അതിരിക്കട്ടെ, കാര്യം പറ. | If I had not petted her you would have petted. That is O.K. Tell me the matter. |
| ഭാ: അമ്മ: | അവൾക്കിപ്പം എഴുപത്തഞ്ചു രൂപ വേ**ണം പോലും.** | It seems she wants **Rs. 75 now.** |

| | | |
|---|---|---|
| കേ: കുട്ടി: | അതെന്തിനാ ഇത്രേം വലിയ ഒരു തുക? അത്രേം പണം എന്റെ കയ്യിലുണ്ടായിരുന്നെങ്കിൽ ഞാൻ അവളുടെ പരീക്ഷാ ഫീസ് സമയത്തു് അടയ്ക്കുമായിരുന്നല്ലോ. വെറുതെ പിഴ ഒടുക്കണമായിരുന്നോ? | Why does she need such a big amount ? Had I had that much of money I would have given her examination fees on time. Should I give the fine unnecessarily ? |
| ഭാ: അമ്മ: | അതു വല്ലതും അവൾ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! വയസ്സു പതിനെട്ടു തികഞ്ഞു. തന്തേടേം, തള്ളേടേം പ്രയാസങ്ങൾ മനസ്സിലാക്കത്തക്ക പ്രായം ആയില്ലേ? | Had she understood such things how fine it would have been ! She has completed 18. Has not she come to an age when she should understand the difficulties of the parents ? |
| കേ: കുട്ടി: | അവളെപ്പററി ഇതൊക്കെ ഞാൻ എന്നും കേൾക്കുന്നതാണല്ലോ. നീ കാര്യം പറ. അവൾക്കിപ്പം രൂപേടെ ആവശ്യമെന്താ? | I am hearing these things about her daily. Tell me the matter. Why does she need the money now ? |
| ഭാ: അമ്മ: | അവളുടെ ക്ലാസിലെ പിള്ളേരും, വാധ്യാന്മാരും എല്ലാം ചേർന്നു് തേക്കടിലും, ഊട്ടീലും ഒക്കെ പോകുന്നുണ്ടുപോലും. അവളും പോയേ തീരൂ എന്നു് ടീച്ചർ പറഞ്ഞിട്ടുണ്ടത്രേ. അവളു സ്കൂളീന്നു ജയിച്ചപ്പോഴേ ഞാൻ പറഞ്ഞതാ. അന്നതു കേട്ടിരുന്നെങ്കിൽ ഇന്നിങ്ങനെ വിഷമിക്കേണ്ടിവരില്ലായിരുന്നു. | The students and teachers of her class are going to Tekkady and Ooty. Her teacher has told, it seems that she too should go. I had told you about what is going to happen even when she passed out from the school. Had you listened to me then, you wouldn't have suffered like this. |

| | | |
|---|---|---|
| കേ: കുട്ടി: | എന്തു കേട്ടിരുന്നെങ്കിൽ? | Listened to what ? |
| ഭാ: അമ്മ: | അവളെ കോളേജിൽ അയയ്ക്കണ്ടാന്നു പറഞ്ഞതു്. വല്ല ടൈപ്പിങ്ങോ, മറേറാ പഠിച്ചിരുന്നെങ്കിൽ ഇതിനകം വല്ലയിടത്തും ജോലി കിട്ടുമായിരുന്നു. പുത്തൻ വീട്ടിലെ അമ്മിണീം, ഇവളും ഒരേ പ്രായമാ. ഇന്നവളെക്കൊണ്ടാ ആ കുടുംബം കഴിയുന്നതുതന്നെ. സിക്രട്ടറിയേററിലെ ടൈപ്പിസ്റ്റാ ഇന്നവളു്. | I told you that you need not send her to college. Had we taught her some typewriting or so she could have got some job by now. Ammini of Puthenvidu and Radha are of the same age. Now that fam ly is maintained by her. She is a typist in the Secretariat. |
| കേ: കുട്ടി: | ഭാർഗ്ഗവീ, ഈ എങ്കിലുകളുടെ കാര്യം പറഞ്ഞുകൊണ്ടിരുന്നാൽ വല്ല പ്രയോജനവുമുണ്ടോ? നമ്മുടെ കാര്യം തന്നെ എടുക്കാം. എൻെറ വീട്ടുകാരുടെ സമ്മതമില്ലാതെയല്ലേ ഞാൻ നിന്നെ കല്യാണം കഴിച്ചതു്? അതിനു പകരം അച്ഛൻ പറഞ്ഞതുപോലെ സ്ത്രീധനം വാങ്ങി മറേറ പെണ്ണിനെ കല്യാണം കഴിച്ചിരുന്നെങ്കിൽ എനിക്കെത്ര സുഖമായി കഴിയാമായിരുന്നു! | Bhargavi, is there any use telling about 'ifs' ? Let us take our own matter. Didn't I marry you without the consent of my parents. Instead of that, had I married the other girl accepting dowry as my father told me how comfortably I could have lived ! |
| ഭാ: അമ്മ: | പിന്നെന്താ അങ്ങനെ ചെയ്യാത്തതു്? അങ്ങനെ ചെയ്തിരുന്നെങ്കിൽ ഞാൻ കുളത്തിൽ ചാടി ചത്തുകളയുമായിരുന്നോ? | Why didn't you do like that ? If you had done that, would I have jumped into the pond and killed myself ? |

| | | |
|---|---|---|
| കേ: കുട്ടി: | നീ അതു ചെയ്യില്ലായിരുന്നു എന്നെനിക്കറിയാം.. പക്ഷെ ഒരു പെണ്ണിനെ സ്നേഹിച്ചു വഞ്ചിച്ചിട്ട് വേറൊരുത്തിയുടെകൂടെ സുഖമായി താമസിക്കാൻ എന്റെ മനസ്സാക്ഷി അനുവദിക്കില്ലായിരുന്നു. | I know that you would not have done that. But having loved and betrayed a girl my conscience would not have allowed me to live with another girl comfortably. |

**DRILLS**

A. Repetition drill

a. 1. അവധി ഉണ്ടായിരുന്നെങ്കിൽ ഞാൻ നാട്ടിൽ പോകുമായിരുന്നു.
അവധി ഉണ്ടായിരുന്നെങ്കിൽ ഞാൻ നാട്ടിൽ പോയേനെ.

2. വിളിച്ചിരുന്നെങ്കിൽ എല്ലാവരും വരുമായിരുന്നു.
വിളിച്ചിരുന്നെങ്കിൽ എല്ലാവരും വന്നേനെ.

3. പണം സമ്പാദിച്ചിരുന്നെങ്കിൽ സുഖമായി ജീവിക്കുമായിരുന്നു.
പണം സമ്പാദിച്ചിരുന്നെങ്കിൽ സുഖമായി ജീവിച്ചേനെ.

b. 1. നീ നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ വരില്ലായിരുന്നു/വരുമായിരുന്നില്ല.

2. തലവേദനയാണെന്നു അറിഞ്ഞിരുന്നെങ്കിൽ ഈ ജോലി ചെയ്യാൻ പറയില്ലായിരുന്നു/പറയുമായിരുന്നില്ല.

3. നന്നായി പഠിച്ചിരുന്നെങ്കിൽ തോൽക്കില്ലായിരുന്നു/തോൽക്കുമായിരുന്നില്ല.

c. 1. രണ്ടുപ്രാവശ്യം വായിച്ചിരുന്നെങ്കിൽ എനിക്കു മനസ്സിലാക്കാമായിരുന്നു.

2. കഴിവുണ്ടായിരുന്നെങ്കിൽ അവർക്കും അങ്ങനെ ചെയ്യാമായിരുന്നു.

3. കട നേരത്തെ പൂട്ടിയിരുന്നെങ്കിൽ വീട്ടിൽവേഗം എത്താമായിരുന്നു.

d. 1. അച്ഛൻ കൊഞ്ചിച്ചില്ലായിരുന്നെങ്കിൽ അമ്മ കൊഞ്ചിക്കുമായിരുന്നോ?
അച്ഛൻ കൊഞ്ചിക്കാതെയിരുന്നെങ്കിൽ അമ്മ കൊഞ്ചിക്കുമായിരുന്നോ?
അച്ഛൻ കൊഞ്ചിച്ചിരുന്നെങ്കിൽ അമ്മ കൊഞ്ചിയ്ക്കുമായിരുന്നോ?

2. തർക്കുത്തരം പറഞ്ഞില്ലായിരുന്നെങ്കിൽ അദ്ദേഹം വിടുമായിരുന്നില്ലേ?
തർക്കുത്തരം പറയാതെയിരുന്നെങ്കിൽ അദ്ദേഹം വിടുമായിരുന്നില്ലേ?
തർക്കുത്തരം പറഞ്ഞിരുന്നില്ലെങ്കിൽ അദ്ദേഹം വിടുമായിരുന്നില്ലേ?

3. കൈക്കൂലി വാങ്ങിച്ചില്ലായിരുന്നെങ്കിൽ ശിക്ഷിക്കുമായിരുന്നില്ലേ?
കൈക്കൂലി വാങ്ങിക്കാതെയിരുന്നെങ്കിൽ ശിക്ഷിക്കുമായിരുന്നില്ലേ?
കൈക്കൂലി വാങ്ങിച്ചിരുന്നില്ലെങ്കിൽ ശിക്ഷിക്കുമായിരുന്നില്ലേ?

## B. Expansion drill

1. വിററിരുന്നെങ്കിൽ കിട്ടുമായിരുന്നു.

ലാഭം

വിററിരുന്നെങ്കിൽ ലാഭം കിട്ടുമായിരുന്നു.

നല്ല

വിററിരുന്നെങ്കിൽ നല്ലലാഭം കിട്ടുമായിരുന്നു.

പറഞ്ഞ വിലയ്ക്ക്

പറഞ്ഞവിലയ്ക്ക് വിററിരുന്നെങ്കിൽ നല്ല ലാഭം കിട്ടുമായിരുന്നു.

അന്നു്

അന്നു പറഞ്ഞ വിലയ്ക്കു് വിററിരുന്നെങ്കിൽ നല്ല ലാഭം കിട്ടുമായിരുന്നു.

ഞാൻ

ഞാൻ അന്നു പറഞ്ഞ വിലയ്ക്കു് വിററിരുന്നെങ്കിൽ നല്ല ലാഭം കിട്ടുമായിരുന്നു.

2. പറഞ്ഞിരുന്നെങ്കിൽ ചെയ്തേനെ.

മടികൂടാതെ

പറഞ്ഞിരുന്നെങ്കിൽ മടികൂടാതെ ചെയ്തേനെ.

ഒട്ടും.

പറഞ്ഞിരുന്നെങ്കിൽ ഒട്ടും മടികൂടാതെ ചെയ്തേനെ.

എന്നോട്

എന്നോട് പറഞ്ഞിരുന്നെങ്കിൽ ഒട്ടും മടികൂടാതെ ചെയ്തേനെ.

നിങ്ങൾ

നിങ്ങൾ എന്നോട പറഞ്ഞിരുന്നെങ്കിൽ ഒട്ടും മടികൂടാതെ ചെയ്തേനെ.

3. ഞാൻ കൊടുക്കില്ലായിരുന്നു.

സംഭാവന

ഞാൻ സംഭാവന കൊടുക്കില്ലായിരുന്നു.

അറിഞ്ഞിരുന്നെങ്കിൽ

അറിഞ്ഞിരുന്നെങ്കിൽ ഞാൻ സംഭാവന കൊടുക്കില്ലായിരുന്നു.

കള്ളന്മാരാണെന്നു്

കള്ളന്മാരാണെന്നു് അറിഞ്ഞിരുന്നെങ്കിൽ ഞാൻ സംഭാവന കൊടുക്കില്ലായിരുന്നു.

അത്ര

അത്ര കള്ളന്മാരാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ സംഭാവന കൊടുക്കില്ലായിരുന്നു.

അവർ

അവർ അത്ര കള്ളന്മാരാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ സംഭാവന കൊടുക്കില്ലായിരുന്നു.

## C. Restatement drill

### Model 1

നീ പാടിയിരുന്നെങ്കിൽ ഞാൻ കേൾക്കുമായിരുന്നു.

നീ പാടിയിരുന്നെങ്കിൽ ഞാൻ കേട്ടേനെ.

1. നല്ല തയിരുണ്ടായിരുന്നെങ്കിൽ വെണ്ണ ഉണ്ടാക്കുമായിരുന്നു.
2. നല്ല വീടു കിട്ടിയിരുന്നെങ്കിൽ ഇതു വിടുമായിരുന്നു.
3. പുതിയ സാരി വാങ്ങിച്ചിരുന്നെങ്കിൽ പഴയതു് അവൾക്കു് കൊടുക്കുമായിരുന്നു.
4. ഞാൻ അദ്ദേഹത്തിനെ കണ്ടിരുന്നെങ്കിൽ തൊഴുമായിരുന്നു.
5. നീ നന്നായി കത്തിച്ചിരുന്നെങ്കിൽ അരി വേവുമായിരുന്നു.
6. ഞാൻ പിടിച്ചില്ലായിരുന്നെങ്കിൽ നീ വീഴുമായിരുന്നു.

### Model 2

വെള്ളം കിട്ടിയിരുന്നെങ്കിൽ ദാഹം തീർത്തേനെ.

വെള്ളം കിട്ടിയിരുന്നെങ്കിൽ ദാഹം തീർക്കാമായിരുന്നു.

1. കുഞ്ഞു് കരഞ്ഞിരുന്നെങ്കിൽ എടുത്തേനെ.
2. വിശപ്പു് തീർന്നിരുന്നെങ്കിൽ എണീറ്റേനെ.
3. കവിത എഴുതിയിരുന്നെങ്കിൽ കവിയായേനെ.
4. ശമ്പളം കിട്ടിയിരുന്നെങ്കിൽ എല്ലാം വാങ്ങിയേനെ.
5. കള്ളം പറഞ്ഞിരുന്നെങ്കിൽ ശിക്ഷിച്ചേനെ.
6. നാടു വിട്ടിരുന്നെങ്കിൽ ജോലി കിട്ടിയേനെ.

Model 3

പഠിച്ചാൽ ജയിക്കും.

പഠിച്ചിരുന്നെങ്കിൽ ജയിക്കുമായിരുന്നു.

1. അവനെ കണ്ടാൽ ഞാൻ ആ കാര്യം ചോദിക്കും.
2. അമ്പലങ്ങളെപ്പററി ഓർത്താൽ അവൾക്കു കവിത തോന്നും.
3. ഉറക്കെ പറഞ്ഞാൽ എല്ലാവരും കേൾക്കും.
4. വിരുന്നുമുറി ഉണ്ടെങ്കിൽ താമസിപ്പിക്കും.
5. പണം സമ്പാദിച്ചാൽ ചെലവാക്കും.
6. ഫോൺ വിളിച്ചാൽ കാര്യം അറിയാം.

## D. Transformation Drill

Model 1

അവരം ചിരിച്ചിരുന്നെങ്കിൽ അവനു സന്തോഷമാകുമായിരുന്നു.

അവരം ചിരിച്ചിരുന്നെങ്കിൽ അവനു സന്തോഷമാകുമായിരുന്നില്ല.

1. ഞാൻ ചോദിച്ചിരുന്നെങ്കിൽ അവർ തരുമായിരുന്നു.
2. നീ പോയിരുന്നെങ്കിൽ കിട്ടുമായിരുന്നു.
3. അവരം മിണ്ടിയിരുന്നെങ്കിൽ ഞാനും മിണ്ടുമായിരുന്നു.
4. പുതിയ തുണികൊണ്ടു വന്നിരുന്നെങ്കിൽ ഇതു തയ്പിക്കുമായിരുന്നു.
5. അപ്പോഴേ വന്നിരുന്നെങ്കിൽ വഴക്കു കിട്ടുമായിരുന്നു.

Model 2

അവരെ കണ്ടിരുന്നെങ്കിൽ സന്തോഷിക്കുമായിരുന്നു.

അവരെ കണ്ടില്ലായിരുന്നെങ്കിൽ സന്തോഷിക്കുമായിരുന്നു.

1. വെറുതെ വിട്ടിരുന്നെങ്കിൽ നന്നാകുമായിരുന്നു.
2. അവർ അറിഞ്ഞിരുന്നെങ്കിൽ ഇവിടെ വരുമായിരുന്നു.
3. പനി വന്നിരുന്നെങ്കിൽ ഈ വെള്ളത്തിൽ കുളിക്കാമായിരുന്നു.
4. അഞ്ചു മിനിട്ടു നേരത്തെ പോയിരുന്നെങ്കിലും ടിക്കററു കിട്ടുമായിരുന്നില്ല.
5. അവർ ഓർമ്മിപ്പിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല.

Model 3

ഇഞ്ചിനീയറിങ്ങിനു പഠിച്ചിരുന്നെങ്കിൽ ഇതൊക്കെ മനസ്സിലാകുമായിരുന്നു.

ഇഞ്ചിനീയറിങ്ങിനു പഠിക്കാതെയിരുന്നെങ്കിൽ ഇതൊക്കെ മനസ്സിലാകുമായിരുന്നു.

1. പാവ വാങ്ങിച്ചിരുന്നെങ്കിൽ കുട്ടി സന്തോഷിക്കുമായിരുന്നു.
2. നൃത്തം കാണാൻ കൊണ്ടുപോയിരുന്നെങ്കിൽ കുഞ്ഞു് ഉറങ്ങുമായിരുന്നു.
3. അമ്മ വഴക്കു പറഞ്ഞിരുന്നെങ്കിൽ മകൾ കേൾക്കുമായിരുന്നു.
4. ചേച്ചി ചോറു വിളമ്പിയിരുന്നെങ്കിൽ അനിയൻ ഇത്ര ഉണ്ണുമായിരുന്നില്ല.
5. ശിക്ഷിച്ചു വളർത്തിയിരുന്നെങ്കിൽ ഇങ്ങനെ ആകില്ലായിരുന്നു.

Model 4

ആ പണം കിട്ടിയിരുന്നില്ലെങ്കിൽ വസ്തു വിൽക്കുമായിരുന്നു.
ആ പണം കിട്ടിയിരുന്നെങ്കിൽ വസ്തു വിൽക്കുമായിരുന്നു.

1. കത്തു വന്നിരുന്നെങ്കിൽ പണം അയയ്ക്കുമായിരുന്നു.
2. സ്‌നേഹിച്ചിരുന്നെങ്കിൽ കല്യാണം കഴിക്കുമായിരുന്നു.
3. ഭാഗ്യം ഉണ്ടായിരുന്നെങ്കിൽ ജോലി കിട്ടുമായിരുന്നു.
4. മന്ത്രിയെ കണ്ടിരുന്നെങ്കിൽ കാര്യം ശരിപ്പെടുമായിരുന്നില്ല.
5. ലൈബ്രറിയിൽ പോയിരുന്നെങ്കിൽ പുസ്തകം വായിക്കുമായിരുന്നില്ല.

5. Reinterpretation drill.

Model 1

ഞാൻ ഹോട്ടലിൽ താമസിച്ചിരുന്നെങ്കിൽ അദ്ദേഹം സന്തോഷിക്കുമായിരുന്നു.
ഞങ്ങൾ ഹോട്ടലിൽ താമസിച്ചില്ല. അതുകൊണ്ടദ്ദേഹം സന്തോഷിച്ചില്ല.

1. സൗന്ദര്യം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അവളെ കല്യാണം കഴിക്കുമായിരുന്നു.
2. ചെറിയ കുടുംബം ആയിരുന്നെങ്കിൽ സുഖമായി ജീവിക്കുമായിരുന്നു.
3. ഓമനപ്പേരു പറഞ്ഞു വിളിച്ചിരുന്നെങ്കിൽ അവൾ ഓടി വരുമായിരുന്നു.
4. മൂത്തതു് ആണായിരുന്നെങ്കിൽ ആ കുടുംബം രക്ഷപ്പെടുമായിരുന്നു.
5. നേതാവു് മരിച്ചിരുന്നെങ്കിൽ അവധി കിട്ടുമായിരുന്നു.

## Model 2

നീ പറഞ്ഞില്ലായിരുന്നെങ്കിൽ ഞാൻ വരുമായിരുന്നില്ല.

നീ പറഞ്ഞു.

അതുകൊണ്ടു ഞാൻ വന്നു.

1. പണം ഇല്ലായിരുന്നെങ്കിൽ സ്വർണ്ണം വാങ്ങുമായിരുന്നില്ല.
2. അച്ഛൻ വന്നില്ലായിരുന്നെങ്കിൽ ഞാനും പോകുമായിരുന്നില്ല.
3. ദാഹിച്ചില്ലായിരുന്നെങ്കിൽ കുടിക്കുമായിരുന്നില്ല.
4. വീടു കിട്ടാതെയിരുന്നെങ്കിൽ ഭാര്യയെ കൊണ്ടുവരുമായിരുന്നില്ല.
5. സ്ത്രീധനം വാങ്ങിക്കാതെയിരുന്നെങ്കിൽ വഴക്കു കേൾക്കുമായിരുന്നില്ല.

## EXERCISES

I Rewrite the following conditional sentences into constructions indicating unreal past.

1. നീ എഴുതിയാൽ ഞാനും എഴുതും.
2. വീടുവരെ വന്നാൽ ചായ ഉണ്ടാക്കിത്തരാം
3. സന്ധ്യ ആയാൽ മൂടിപ്പുതച്ചു കിടക്കാം.
4. കാര്യങ്ങൾ മനസ്സിലാക്കിയാൽ നന്നാകും
5. വൈദ്യനെ കാണിച്ചാൽ അസുഖം മാറും.
6. ആളുകളെ വഞ്ചിച്ചാൽ സുഖമായി ജീവിക്കാൻ പറ്റില്ല.

II Negate the underlined verb form in the given sentences in two ways.

1. എന്റെ വാക്കു കേട്ടിരുന്നെങ്കിൽ ഇങ്ങനെ വരുമായിരുന്നോ?
2. ടൈപ്പിങ്ങിനു പോയിരുന്നെങ്കിൽ ഈ ജോലി കിട്ടുമായിരുന്നു.
3. നേരത്തെ വന്നിരുന്നെങ്കിൽ അതൊക്കെ കാണാമായിരുന്നു.
4. മഴ പെയ്തിരുന്നെങ്കിൽ തൈകൾ നടാമായിരുന്നു.
5. നേരം ഇരുട്ടിയിരുന്നെങ്കിൽ അവർ പോകുമായിരുന്നു.
6. കള്ളു കുടിച്ചിരുന്നെങ്കിൽ വെറുതെ കിടക്കുമായിരുന്നു.
7. എല്ലാത്തിനും എളുപ്പവഴി കണ്ടുപിടിച്ചിരുന്നെങ്കിൽ ഇങ്ങനെ കഷ്ടപ്പെടുമായിരുന്നോ?

**III** Write the meaning of the given sentences in two sentences each.

1. കലാവിരുതു് ഉണ്ടായിരുന്നെങ്കിൽ ഇനിയും നന്നായി തയ്യാറായിരുന്നു.
2. ശരിയായി ഊഹിച്ചില്ലായിരുന്നെങ്കിൽ സമ്മാനം കിട്ടുമായിരുന്നില്ല.
3. കഷ്ടപ്പെട്ടിരുന്നെങ്കിൽ നമ്മുടെ കഷ്ടപ്പാടും മനസ്സിലാക്കുമായിരുന്നു.
4. അവരെ തൃപ്തിപ്പെടുത്തിയിരുന്നെങ്കിൽ ബാക്കി ഒക്കെ ശരിപ്പെടുമായിരുന്നു.
5. കാര്യം നടന്നിരുന്നെങ്കിൽ എല്ലാവരും തന്നെ പുകഴ്ത്തുമായിരുന്നു.
6. ഇൻറർവ്യൂവിനു വിളിച്ചിരുന്നെങ്കിൽ ജോലിയും കിട്ടുമായിരുന്നു.
7. ആലോചിച്ചു ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിൻെറ ചോദ്യത്തിനു് ഉത്തരം പറയാൻ കഴിയുമായിരുന്നു.

**IV** Read the conversation and answer the questions.

1. രാധയ്ക്കു് എഴുപത്തഞ്ചു രൂപയുടെ ആവശ്യം എന്താണു്?
2. രാധ സ്കൂളിൽനിന്നു ജയിച്ചപ്പോൾ അമ്മ അവളുടെ പഠിത്തത്തെപ്പററി എന്താണു് അഭിപ്രായപ്പെട്ടതു്?
3. രാധയുടെ അച്ഛൻേറം, അമ്മേടേം കല്യാണം എങ്ങനെ നടന്നതാണു്?
4. രാധയുടെ അച്ഛൻ പണക്കാരനാണോ?
   ആ വീട്ടിലെ സ്ഥിതിയെപ്പററി നിങ്ങൾ എന്തു മനസ്സിലാക്കി?

**V** Continue and complete the dialogue and give a suitable title for the whole conversation.

വർഗീസ്: അന്നേ നീ എൻെറ ഉപദേശം കേട്ടിരുന്നെങ്കിൽ ഇങ്ങനെ വരുമായിരുന്നില്ല.

കേശവൻ: ഇവർ അത്തരക്കാരല്ല എന്നു കരുതിയാണു് ഞാൻ വീടു കൊടുത്തതു്. ആദ്യത്തെരണ്ടു മൂന്നുമാസം വാടകയൊക്കെ ശരിക്കു തന്നു.

വർഗീസ്: പിന്നെ ഇപ്പോ ഏഴെട്ടുമാസം കഴിഞ്ഞു. വാടകയുമില്ല. ആളിനെ ശരിക്കൊന്നു കാണാനുമില്ല.

____________________

____________________

____________________

## VOCABULARY

| | | | |
|---|---|---|---|
| മൂട് | 'to cover' | നേരേ ചൊവ്വേ | 'correctly, directly' |
| പൂട്ട് | 'to lock' | തുക | 'sum, amount' |
| പിഴ | 'fine' | ഒടുക്ക് | 'to remit' |
| തികയ് | 'to be completed' | തന്ത | 'father' |
| തള്ള | 'mother' | വാദ്ധ്യാന്മാർ | 'teachers' |
| വിഷമിക്ക് | 'to suffer' | പ്രയോജനം | 'use' |
| സമ്മതം | 'consent' | സ്ത്രീധനം | 'dowry' |
| കുളം | 'pond' | വഞ്ചിക്ക് | 'to deceive' |

## NOTES

19.63.1. Constructions indicating unreal past are introduced. Through such sentences the speaker expresses his/her desire and states what should/would have happened instead of what has happened.

19.63.2. These are formed by the addition of conditional എങ്കിൽ to the past perfect form of the verb in the conditional clause and ആയിരുന്നു to the future tense form of the verb in the main clause.

മിനിഞ്ഞാന്നേ പറഞ്ഞിരുന്നെങ്കിൽ ഞാനാ വൈദ്യനെ വിളിച്ചു കൊണ്ടുവരുമായിരുന്നു.

Had you told me day before yesterday I would have brought that doctor.

19.63.3. Instead of adding ആയിരുന്നു (to the main verb in the future tense form) the suffix-ഏനെ also can be added to the past participle form to get the unreal past constructions. But this form cannot be transformed into negative or interrogative as in the case of ആയിരുന്നു form.

അതു വല്ലതും അവരു മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ !

How fine that would have been had she understood such things !

നീ പഠിച്ചിരുന്നെങ്കിൽ ജയിച്ചേനെ.

Had you studied you would have passed.

19.63.4. Unreal past constructions can be expressed in different aspects of the verb also.

നിനക്കു പണം വേണമായിരുന്നെങ്കിൽ നേരത്തെ പറയണമായിരുന്നു

If you had had any need of money you should have told earlier.

വേണ്ടായിരുന്നെങ്കിൽ പറഞ്ഞുകൂടായിരുന്നോ?

If you didn't need couldn't you have told that ?

## UNIT 19

## LESSON 64

# അദ്ദേഹം സമാധാനത്തോടെ മരിക്കുമായിരുന്നു.

## CONVERSATION

| | |
|---|---|
| ദിവാകരൻ: ഞാനെത്ര നേരമായെന്നോ ചേട്ടനെ കാത്തിവിടെ ഇരിക്കുന്നു? | Do you know how long have I been waiting for you here ? |
| കേശവപിള്ള: ഞാൻ എവിടെ പോയിരിക്കുന്നു എന്ന് നിന്നോട്ട് ആരും പറഞ്ഞില്ലേ? | Didn't anybody tell you where I had gone ? |

ദിവാകരൻ: പുറത്തേയ്ക്കു പോയിരിക്കുന്നു, എപ്പോഴാ വരു മെന്നറിയില്ല എന്നു ശാലിനി പറഞ്ഞു. എന്നോടു വരാൻ പറഞ്ഞിരുന്നതു കാരണം ചേട്ടൻ ദൂരെയെങ്ങും പോയിരിക്കില്ല എന്നുറപ്പുണ്ടായിരുന്നു. അതുകൊണ്ടു് ഞാൻ കാത്തിരുന്നു.

Salini told me that you had gone out but she did not know when you would come back. Because you had told me to come I was sure that you would not have gone very far. So I waited.

കേശവപിള്ള: അതു നന്നായി. പുത്തൻ വീട്ടിലെ രാമുണ്ണി മേനോനെപ്പററി കേട്ടിട്ടില്ലേ? അദ്ദേഹം ഇന്നലെ രാത്രി പന്ത്രണ്ടു മണിക്കു് മരിച്ചുപോയി. ഇന്നതിരാവിലെ ആയിരുന്നു ശവദാഹം. ഞാൻ അവിടംവരെ ഒന്നു പോയിരുന്നു. ദിവാകരൻ ഇവിടെ എത്തിയിട്ടുണ്ടായിരിക്കും എന്നു കരുതി ത്തന്നെയാണു് ഞാൻ ധൃതിപിടിച്ചു വന്നതു്.

That is fine. Haven't you heard about Ramunni Menon of Puttanvidu ? He died last night at 12. The cremation was this early morning. I had gone upto that place. I came hurriedly thinking that you would have come here.

ദിവാകരൻ: തൊഴിലാളി നേതാവു് ദാമോദരൻെറ അച്ഛനല്ലേ അദ്ദേഹം?

Isn't he the father of Damodaran the leader of the labourers ?

കേശവപിള്ള: അതെ, അതെ. അദ്ദേഹത്തിൻെറ ഒരു തീരാദുഃഖമായിരുന്നു അവൻ.

Yes. He was his never ending sorrow.

ദിവാകരൻ: എന്തായിരുന്നു അദ്ദേഹത്തിനു് അസുഖം?

What was his illness ?

കേശവപിള്ള: തൊണ്ടയ്ക്കു ക്യാൻസർ. കഴിഞ്ഞ കുറെ മാസങ്ങളായി മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലായിരുന്നു. അവസാനം ഡോക്ടർമാർ പോലും കൈവിട്ടപ്പോഴാ ഇങ്ങു കൊണ്ടുവന്നു. അറുപതു വയസ്സു തികയുന്നേയുള്ളു. അത്ര വയസ്സായി എന്നു പോലും കണ്ടാൽ തോന്നില്ലായിരുന്നു.

Throat cancer. For the past few months he was under treatment in the Medical College hospital, Trivandrum. In the end, the doctors also gave up hopes and they brought him here. He is just completing sixty. He was not at all looking his age.

| | |
|---|---|
| ദിവാകരൻ: വെല്ലൂരോ, ബോംബേയിലോ കൊണ്ടുപോയിരുന്നെങ്കിൽ രക്ഷപ്പെട്ടുമായിരുന്നു. ഇപ്പോൾ ചില ക്യാൻസറുകൾ ശസ്ത്രക്രിയകൾ കൊണ്ടു ഭേദപ്പെടുത്താംപോലും. | If they had taken him to Vellore or Bombay he would have been saved. Now it seems some cancer can be treated by operations. |
| കേശവപിള്ള: അതൊക്കെ ശരിതന്നെ. പക്ഷെ ആരാ അതൊക്കെ ചെയ്യേണ്ടതു്? തൊഴിലാളിനന്മ നോക്കാനേ ദാമോദരനു സമയം കാണൂ. അവന്റെ അനിയത്തിക്കു് ഒരു ചെറിയ പണി ഉള്ളതുകൊണ്ടാണു് ആ കുടുംബം തന്നെ കഴിഞ്ഞുപോന്നതു്. അവൾ തനിക്കാവുന്നതൊക്കെ ചെയ്തു. പക്ഷെ വിധിയെ കീഴടക്കാൻ പററില്ലല്ലോ. ദാമോദരൻ അവന്റെ കടമ അനിയത്തിയുടെ കാര്യത്തിലെങ്കിലും നിറവേററിയിരുന്നെങ്കിൽ അദ്ദേഹം സമാധാനത്തോടെ മരിക്കുമായിരുന്നു. അതിനുള്ള ഭാഗ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. | That is O.K. But who has to do all that ? Damodaran will have time only to look after the welfare of the labourers. Because his younger sister has a small job, she could maintain the family. She did all that she could. But one cannot conquer fate. If Damodaran had fulfilled his duty at least in his sister's matter father would have died in peace. He was not lucky even on that score. |

## VOCABULARY

| | | | |
|---|---|---|---|
| കാക്കു് | 'to wait' | ഉറപ്പു് | 'firmness' |
| മരിക്കു് | 'to die' | ശവദാഹം | 'cremation' |
| കരുതു് | 'to consider' | ധൃതി | 'hurry' |
| തീരാദു:ഖം | 'never ending sorrow' | തൊണ്ട | 'threat' |
| ശസ്ത്രക്രിയ | 'operation' | ഭേദപ്പെടുത്തു് | 'to cure' |
| വിധി | 'fate' | കീഴടക്കു് | 'to conquer' |
| സമാധാനം | 'peace' | | |

## EXERCISES

Ia. Combine the following.

1. കിടന്നു്+ഉറങ്ങി+പോയി
2. പറഞ്ഞു+ഇരുന്നതു് + അല്ലേ
3. പൂട്ടി + കാണും + -ഓ.
4. വിളിക്കണം +എന്നതു് + ആയിരുന്നു.
5. സന്ധ്യ + ആയപ്പോഴാം + -എല്ലാം.
6. അനുവദിക്കില്ല + ആയിരുന്നു.
7. വളർത്തി + ഇരുന്നെങ്കിൽ + -ഓ
8. കയറി + പറഞ്ഞു + എങ്കിലും
9. ഉറക്കി + കിടത്തി + ഇരുന്നു
10. തലവേദന + ആണു് + എന്നു്.

b. Split the following.

1. വൈദ്യനെക്കാരണം
2. എന്നെക്കൊണ്ടു്
3. കഴുതക്കാലു്
4. തടിപ്പെട്ടി
5. തട്ടിപ്പറിച്ചു
6. പറിച്ചെടുത്തു
7. തള്ളിക്കളഞ്ഞു
8. ഉറക്കെച്ചിരിച്ചു
9. സമ്മാനപ്പെട്ടി
10. അടുക്കളത്തോട്ടം

II Fill in the blanks using any appropriate verb in the tense suggested.

1. ഇങ്ങനെയൊരു ഹോട്ടൽ നീ ——— എന്നു ഞാൻ വിചാരിച്ചു. (Future perfect)
2. ആ പുസ്തകത്തിൽ എന്തെഴുതിയിരിക്കുന്നു എന്നു നീ———? (Simple past)

3. ജീ. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ നീ ——? (Present perfect negative)
4. ഈ പഞ്ചനക്ഷത്ര ഹോട്ടലിൽ ആരാണു് ——? (Present)
5. ആ കുട്ടിയുടെ ഭാവനപോലും അത്ര ദൂരം ——. (Past perfect negative)
6. തൊഴിലാളി നേതാവായ ഭാസ്കരനെപ്പററി ഞങ്ങൾ പലതും ——. (Present perfect)
7. അദ്ദേഹം നമ്മെപ്പോലും —— എന്നാണു് എനിക്കു തോന്നുന്നതു്. (Future perfect negative)
8. ഈ തിരഞ്ഞെടുപ്പിൽ നമ്മുടെ കക്ഷിയിൽനിന്നു് ഒരു സ്ഥാനാർഥിയും ——? (Future negative)
9. ഇന്നലെയും ഈ സമയം അവൾ മൂടിപ്പുതച്ചു ——? (Past perfect negative)
10. ക്യാൻസർ രോഗം ചില ഡോക്ടർമാർ ശസ്ത്രക്രിയകൊണ്ടു് —— (Future)

## III Write the meaning of the given sentences.

1. പെൺകുട്ടിയെ കണ്ടിരുന്നെങ്കിൽ അയാൾ കല്യാണത്തിനു സമ്മതിക്കുമായിരുന്നില്ല.
2. അവർ ആശുപത്രിയിൽ കൊണ്ടുപോകാതെയിരുന്നെങ്കിൽ അയാൾ രക്ഷപ്പെട്ടേനെ.
3. നീ അഞ്ചുമണിക്കു പോയിരുന്നെങ്കിൽ അദ്ദേഹം വൈദ്യശാല പൂട്ടുമായിരുന്നില്ല.
4. പാവങ്ങളെ വഞ്ചിച്ചിരുന്നെങ്കിൽ എനിക്കും സുഖമായി ജീവിക്കാൻ സാധിക്കുമായിരുന്നില്ല.
5. മാതൃഭാഷയിൽ കവിത എഴുതിയിരുന്നില്ലെങ്കിൽ അദ്ദേഹത്തിനു് ഇത്ര പ്രശസ്തി കിട്ടുമായിരുന്നില്ല.
6. സമയത്തിനു മരുന്നു കുടിച്ചിരുന്നെങ്കിൽ ഗീതയുടെ അസുഖം അത്ര വർദ്ധിക്കുമായിരുന്നില്ല.

## IV Rewrite the following sentences using the corresponding negative of the underlined verb form.

1. ഞാനയച്ച കത്തു് അന്നേ അവൾക്കു കിട്ടിയിരിക്കും.
2. വൈദ്യനെ കാണിച്ചിരുന്നെങ്കിൽ രോഗം ഭേദമാകുമായിരുന്നു എന്നെനിക്കിപ്പോൾ തോന്നുന്നു.
3. യോഗാഭ്യാസം പരിശീലിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ കുട്ടികളെയെങ്കിലും അഭ്യസിപ്പിക്കണം.

4. ശമ്പളം കിട്ടിയിരുന്നെങ്കിൽ ബസ്സിൽ വരുമായിരുന്നു.

5. എം. ഏ. ജയിച്ചിരുന്നെങ്കിൽ ഒരു ശിപായിയുടെ ജോലി കിട്ടുമായിരുന്നു.

6. ആ രംഗം കണ്ടിരുന്നെങ്കിൽ നീ കരയുമായിരുന്നു.

V Out of the given words, form 10 pairs on the basis of related meaning.

രോഗം, സ്ത്രീധനം, ഭാവന, വെറുപ്പ്, കുളം, കവയത്രി, മുതലാളി, സന്ധ്യ, സ്വപ്നം, മരുന്ന്, അതിര്, തൊഴിലാളി, തന്ത, കിണർ, രാവിലെ, കല്യാണം, നാട്, മടുപ്പ്, തള്ള, വിമർശകൻ.

VI Using appropriately the given set of nouns and verbs, make 20 sentences of your own. Choose other words as you like.

| Nouns | Verbs |
|---|---|
| ശസ്ത്രക്രിയ | ആഘോഷിക്കുക |
| സ്ത്രീധനം | നടത്തുക |
| മധുവിധു | കൊഞ്ചിക്കുക |
| വാദ്ധ്യന്മാർ | വാങ്ങുക |
| അച്ഛനമ്മമാർ | തികയുക |
| പലഹാരം | പഠിപ്പിക്കുക |
| പ്രകൃതിസൗന്ദര്യം | ഒഴുക്കുക |
| പാലും, തേനും | കഴിക്കുക |
| വയസ്സ് | ചികിത്സിക്കുക |
| കല്യാണം | ആസ്വദിക്കുക |

VII Read the conversation and answer the questions.

1. കേശവപിള്ള അധികം ദൂരെയൊന്നും പോയിരിക്കുകയില്ല എന്നു ദിവാകരൻ വിചാരിക്കാൻ കാരണമെന്ത്?

2. കേശവപിള്ള എവിടെയാണു പോയിരുന്നത്? എന്തിന് അവിടെ പോയി?

3. ദാമോദരൻ ആരാണ്? അയാളെപ്പററി എന്തു മനസ്സിലായി?

4. ദാമോദരൻെറ അച്ഛൻെറ മരണസമയത്ത് അദ്ദേഹത്തിനു മനസ്സമാധാനം ഉണ്ടായിരുന്നോ? കാരണസഹിതം ഉത്തരമെഴുതുക.

**VIII Read the passage and fill up the gaps using appropriate words. Give a suitable title.**

വൈകുന്നേരം——ഇറങ്ങിയപ്പോൾ അമ്മ————പറഞ്ഞിരുന്നു കുട എടുക്കണമെന്നു് പക്ഷെ അതൊരു————ഭാരമാകുമല്ലോ എന്നോർത്തു്———— വാക്കു കേട്ടതായി പോലും ——. അഹമ്മദിന്റെ തയ്യൽക്കടയും —— ആ നാലു മുക്കിലെത്തിയപ്പോൾ —— പെയ്യാൻ തുടങ്ങി. സാരമില്ല എന്നു വിചാരിച്ചു് കർചീഫ് —— ഇട്ടുകൊണ്ടു മുമ്പോട്ടു നീങ്ങി. പക്ഷെ പെട്ടെന്നാണു് മഴ —— പെയ്യാൻ തുടങ്ങിയതു്. ഒപ്പം വലിയ കാറ്റും ——. ആ കാറ്റിൽ തലയിൽ —— കർചീഫ് എങ്ങോ പറന്നുപോയി. ഷൂസും, സോക്സുമെല്ലാം ——. കാലിനു് വലിയ ഭാരം തോന്നി. ഒരടി മുന്നോട്ടുവയ്ക്കാൻ പോലും ——. റോഡിൽക്കൂടെ ചെളിവെള്ളം —— ഒഴുകുകയായിരുന്നു. പാലധികം ഇല്ലാത്തപ്പോൾ അമ്മ —— ചായയുടെ നിറമായിരുന്നു ആ ——. വെളുത്ത എന്റെ ഷർട്ടിലും —— ആയി. പാൻറിട്ടുരുന്നതു് ഭാഗ്യം. അല്ലെങ്കിൽ മുണ്ടിനും —— ഗതി വരുമായിരുന്നു. അങ്ങനത്തെ അവസ്ഥയിൽ ആ —— നിൽക്കേണ്ടി വന്നപ്പോഴാണു് ഓർമ്മിച്ചതു്, അമ്മയുടെ വാക്കു —— ഇങ്ങനെ നനയേണ്ടി വരില്ലായിരുന്നു ——.

UNIT 20

# LESSON 65

## ഇതും, ഇതിനപ്പുറവും നടക്കാറുണ്ടായിരുന്നു.

### CONVERSATION

| | |
|---|---|
| ജോസഫ്: സഹദേവൻ കണ്ടില്ലേ ഇന്നത്തെ പത്രം? | Didn't you see today's paper, Sahadevan ? |
| സഹദേവൻ: കണ്ടല്ലോ. ബീഹാറിലെ ഒരു ഗ്രാമത്തിൽ നടന്ന ഹരിജനങ്ങളുടെ കൂട്ടക്കൊലയെപ്പററിയല്ലേ താൻ പറയാൻ പോകുന്നത്? | I did see. Aren't you going to tell about the mass murder of Harijans that took place in some village in Bihar ? |

**ജോസഫ്:** അതെ, അതെ. എന്തു ഭയങ്കരമായിപ്പോയി! ഇങ്ങനത്തെ ക്രൂരതകൾ ഇക്കാലത്തും നടക്കാറുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നേ ഇല്ല. നമ്മുടെ നാട്ടുകാർ തന്നെ ഭേദം. ജാതിയുടെ പേരിൽ ഇങ്ങനെയൊന്നും ആരും ഇവിടെ കാണിക്കാറില്ല.

Yes. How terrible it is ! I didn't at all think that such cruelties happen even now. Our people are better. In the name of caste nobody shows such cruelties.

**സഹദേവൻ:** ഇപ്പോഴത്തെ കാര്യമാണെങ്കിൽ താൻ പറഞ്ഞതു ശരിയാ. പക്ഷെ ഒരമ്പതു്, അറുപതു കൊല്ലങ്ങൾക്കപ്പുറം ഇവിടെ ഇതും, ഇതിനപ്പുറവും നടക്കാറുണ്ടായിരുന്നു.

If you refer to the present day affairs it is O.K. But some 50 or 60 years back worse things used to happen here.

**ജോസഫ്:** ഞങ്ങളുടെ അമ്മച്ചിയും അങ്ങനെ ചില കഥകൾ പറയാറുണ്ടു്. എന്തോ എനിക്കതൊന്നും വിശ്വസിക്കാനേ തോന്നുന്നില്ല.

Even our grand mother says such stories. But I don't feel like believing them.

**സഹദേവൻ:** അതൊക്കെ നേരിട്ടു കണ്ടിട്ടുള്ളവർക്കു വിശ്വസിക്കാതിരിക്കാൻ പററില്ലല്ലോ.

But people who have witnessed such events will have to believe.

**ജോസഫ്:** സാറിനു നേരിട്ടെന്തെങ്കിലും അനുഭവമുണ്ടായിട്ടുണ്ടോ?

Have you ever had any direct experience ?

**സഹദേവൻ:** എനിക്കില്ലായിരിക്കാം. പക്ഷെ എന്റെ അച്ഛനു് ഉണ്ടായിട്ടുള്ള ദുരന്താനുഭവങ്ങളെപ്പററി നന്നായി അറിയാം. മേൽജാതിക്കാർ എന്നു പറഞ്ഞു നടന്നിരുന്നവരുടെ ക്രൂരതയെപ്പററി അച്ഛൻ പറയാറുണ്ടു്. അവർ മററുള്ളവരോടു് അതിക്രൂരമായാണു് പെരുമാറാറുണ്ടായിരുന്നതു്. അവരുടെ കുളങ്ങളിൽ നിന്നു് താഴ്ന്ന ജാതിക്കാർക്കു് കുടിക്കാനോ, കുളിക്കാനോ, വെള്ളം എടുക്കാനോ പാടില്ലായിരുന്നു.

I might not have. But I know well about the horrible experiences which my father had. My father tells us about the cruelties of those so called upper caste people. They used to behave very cruelly with others. The so called low castes were not allowed to take water either to drink or bathe from the ponds of the upper caste men.

ജോസഫ്: എന്നിട്ട് അവരതൊന്നും എതിർത്തിരുന്നില്ലേ?

Then didn't they oppose ?

സഹദേവൻ: മേൽജാതിക്കാരെ എതിർത്താൽ അതിനുള്ള ശിക്ഷ മരണമായിരിക്കും. രാജാവും, ഉദ്യോഗസ്ഥന്മാരും ഒക്കെ മേൽജാതിക്കാരായിരുന്നല്ലോ. അവർ ജീവിതത്തിലെ സകല സുഖങ്ങളും തങ്ങൾക്കുവേണ്ടി നീക്കിവയ്ക്കാറുണ്ടായിരുന്നു. ഇവിടുത്തെ അതിക്രൂരമായ ജാതിവ്യവസ്ഥ കണ്ടിട്ടാണ് വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയം എന്നു പറഞ്ഞതു്.

If they opposed the upper caste, death was the penalty. The king and the officers were all the upper caste men. They used to keep all the comforts and joys of life only to themselves. Seeing the cruelty of our land Swami Vivekananda said that Kerala was a 'lunatic asylum'.

ജോസഫ്: പക്ഷെ, ഇന്നദ്ദേഹം വന്നാൽ അഭിപ്രായം തിരുത്തി എഴുതിക്കൊള്ളും. സാധാരണ ജീവിതത്തിൽ നമ്മുടെ നാട്ടുകാർ ജാതിവ്യത്യാസം കണക്കിലെടുക്കാറേ ഇല്ല എന്നാണെനിക്കു തോന്നുന്നതു്.

But if he visits Kerala now, he will change his opinion. I feel that in the day to day life our people don't at all consider the caste differences.

സഹദേവൻ: നമ്മുടെ നാട്ടിന്റെ പുരോഗതിയെപ്പറ്റി തനിക്കു വലിയ അഭിമാനമാണല്ലോ.

You seem to be very proud of the progress of our land.

ജോസഫ്: അഭിമാനിക്കാൻ തക്ക പുരോഗതിയുണ്ടായിട്ടില്ല എന്നെനിക്കുമറിയാം. പക്ഷെ മറ്റുള്ളവരുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ നാട്ടുകാർ കൂടുതൽ സഹിഷ്ണുതയോടെ പെരുമാറാറുണ്ട് എന്നു പറയുന്നേ ഉള്ളൂ. എത്രയോ മിശ്രവിവാഹങ്ങൾ നടക്കാറില്ലേ നമ്മുടെ നാട്ടിൽ?

Even I know that we haven't attained that degree of progress to be proud of. But what I say is that if we compare with others our people behave more tolerantly. Don't many intercaste marriages take place in our State ?

സഹദേവൻ: അച്ഛനമ്മമാരുടെ സമ്മതമില്ലാതെയുള്ള മിശ്രവിവാഹങ്ങരം ഭാരതത്തിൽ മററു പലയിടത്തും നടക്കാറുണ്ടായിരിക്കും. അതുകൊണ്ടു് അതിനെപ്പററിയൊന്നും നമുക്ക മേന്മ അവകാശപ്പെടാനാവില്ല. ജാതിവ്യവസ്ഥ വേരോടെ പിഴുതുകളഞ്ഞാലേ ജനങ്ങരംക്ക നന്മ വരൂ.

Intercaste marriages without the consent of the parents may be taking place in other parts of India also. So we can't claim greatness on that score. People will benefit only when we fully eradicate the caste system.

## DRILLS

### A. Repetition drill

a. 1. എന്നും ഈ സമയം അയാരം ഇവിടെ എത്താറുണ്ടു്.
2. അദ്ദേഹത്തിനെ കാണുമ്പോഴൊക്കെ അവരം അച്ഛനെ ഓർമ്മിക്കാറുണ്ടു്.
3. ഇക്കാലത്തു് ജാതിയെപ്പററി വലിയ വഴക്കുകരം ഉണ്ടാകാറില്ല.

b. 1. ബ്രിട്ടീഷുകാർ നാട്ടുകാരോടു് ക്രൂരമായി പെരുമാററാറുണ്ടായിരുന്നു.
2. കുട്ടിക്കാലം മുതലേ അവർ മീൻ കൂട്ടാറുണ്ടായിരുന്നു.
3. ഏതു സ്റ്റേജിലും കയറി പ്രസംഗിക്കാൻ അവൻ ഭയപ്പെടാറുണ്ടായിരുന്നില്ല.

c. 1. ഇപ്പോഴും അവർ പഴയ അധ്യാപകനെ ഓർമ്മിക്കാറുണ്ടായിരിക്കും.
2. ഈ നാല്പതാമത്തെ വയസ്സിലും അവരം പാടാറുണ്ടായിരിക്കും.
3. ഇപ്പോരം അവരം കഴിഞ്ഞ കാലത്തെപ്പററി സ്വപ്നം കാണാറില്ലായിരിക്കും.

d. 1. നിങ്ങളുടെ വീട്ടിൽ എല്ലാ ഉത്സവങ്ങളും ആഘോഷിക്കാറുണ്ടോ?
2. വിവേകാനന്ദൻെറ പുസ്തകങ്ങരം ഇന്നും ആളുകരം വായിക്കാറില്ലേ?

### B. Expansion drill

1. ഞാൻ ഓർക്കാറുണ്ടു്.

സംഭവം

ഞാൻ സംഭവം ഓർക്കാറുണ്ടു്.

പഴയ

ഞാൻ പഴയ സംഭവം ഓർക്കാറുണ്ടു്.

ആ

ഞാൻ ആ പഴയ സംഭവം ഓർക്കാറുണ്ടു്.

ദിവസത്തിൽ ഒരിക്കലെങ്കിലും

ദിവസത്തിൽ ഒരിക്കലെങ്കിലും ഞാൻ ആ പഴയ സംഭവം ഓർക്കാറുണ്ടു്.

2. അവരം നൃത്തം ചെയ്യാറുണ്ടായിരുന്നു.

ഭംഗിയായി

അവരം ഭംഗിയായി നൃത്തം ചെയ്യാറുണ്ടായിരുന്നു.

പഠിച്ചുകൊണ്ടിരുന്നപ്പോഠം

പഠിച്ചുകൊണ്ടിരുന്നപ്പോഠം അവരം ഭംഗിയായി നൃത്തം ചെയ്യാറുണ്ടായിരുന്നു.

എൻെറ കൂടെ

എൻെറ കൂടെ പഠിച്ചുകൊണ്ടിരുന്നപ്പോഠം അവരം ഭംഗിയായി നൃത്തം ചെയ്യാറുണ്ടായിരുന്നു.

മഹിളാലയം സ്കൂളിൽ

മഹിളാലയം സ്കൂളിൽ എൻെറ കൂടെ പഠിച്ചുകൊണ്ടിരുന്നപ്പോഠം അവരം ഭംഗിയായി നൃത്തം ചെയ്യാറുണ്ടായിരുന്നു.

3. വിദേശീയർ രൂപീകരിക്കാറുണ്ടായിരിക്കും.

അഭിപ്രായം

വിദേശീയർ അഭിപ്രായം രൂപീകരിക്കാറുണ്ടായിരിക്കും.

അവരുടേതായ

വിദേശീയർ അവരുടേതായ അഭിപ്രായം രൂപീകരിക്കാറുണ്ടായിരിക്കും.

നമ്മുടെ സംസ്കാരത്തെപ്പററി

നമ്മുടെ സംസ്കാരത്തെപ്പററി വിദേശീയർ അവരുടേതായ അഭിപ്രായം രൂപീകരിക്കാറുണ്ടായിരിക്കും.

ആചാരമര്യാദകഠം കാണുമ്പോഠം

ആചാരമര്യാദകഠം കാണുമ്പോഠം നമ്മുടെ സംസ്കാരത്തെപ്പററി വിദേശീയർ അവരുടേതായ അഭിപ്രായം രൂപീകരിക്കാറുണ്ടായിരിക്കും.

നമ്മുടെ

നമ്മുടെ ആചാരമര്യാദകഠം കാണുമ്പോഠം നമ്മുടെ സംസ്കാരത്തെപ്പററി വിദേശീയർ അവരുടേതായ അഭിപ്രായം രൂപീകരിക്കാറുണ്ടായിരിക്കും.

## C. Restatement drill

### Model 1

സരള വീണ വായിക്കുന്നു.

സരള വീണ വായിക്കാറുണ്ട്.

1. എല്ലാവരും ഹിന്ദിയിൽ സംസാരിക്കുന്നു.
2. സരളയും നൃത്തം പഠിക്കുന്നോ?

3. മിശ്രവിവാഹങ്ങൾ നടക്കുന്നില്ലേ?
4. നേതാക്കന്മാർ ധാരാളം പ്രസംഗിക്കുന്നു.
5. ആരും ആ മനുഷ്യനെ ബഹുമാനിക്കുന്നില്ല.

Model 2

പണ്ടൊക്കെ ഞാൻ അവിടെ പോയിരുന്നു.

പണ്ടൊക്കെ ഞാൻ അവിടെ പോകാറുണ്ടായിരുന്നു.

1. അവരും അത്രയ്ക്കു സമ്പാദിച്ചിരുന്നു.
2. എല്ലാ കാര്യങ്ങളിലും ചേട്ടൻ ശ്രദ്ധിച്ചിരുന്നില്ലേ?
3. താഴ്ന്ന ജാതിക്കാരുടെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്നു.
4. ദിവസം രണ്ടുമൂന്നു മൈൽ നടന്നിരുന്നോ?
5. തെറ്റുകളെല്ലാം സമയത്തിനു തിരുത്തിയിരുന്നില്ല.

Model 3

ഇപ്പോഴും വന്നേയ്ക്കും.

ഇപ്പോഴും വരാറുണ്ടായിരിക്കും.

1. ചെറുപ്പക്കാർക്ക് ഈ കാര്യത്തിൽ അസംതൃപ്തി തോന്നിയേയ്ക്കും.
2. ക്ലാസുകൾ തുടങ്ങിയേക്കും.
3. കറിയിൽ ഉപ്പ് കൂടുതൽ ഇട്ടേയ്ക്കും.
4. അങ്ങനത്തെ ചോദ്യം ചോദിച്ചേയ്ക്കും.
5. പല അപകടത്തിലും ചാടിയേക്കും.

D. Response drill

Model 1

നിങ്ങൾ കവിത എഴുതാറുണ്ടോ?

സാധാരണ എഴുതാറില്ല. ഒന്നോ, രണ്ടോ, എഴുതിയിട്ടുണ്ട്.

1. A നിങ്ങൾ സിനിമ കാണാറുണ്ടോ?

B . . . . . . . . . . . . . . . . . . . . . . . .

2. A നിങ്ങൾ സിഗരറ്റ് വലിക്കാറുണ്ടോ?

B . . . . . . . . . . . . . . . . . . . . . . . .

3. A നിങ്ങൾ പുസ്തകം വായിക്കാറുണ്ടോ?

B . . . . . . . . . . . . . . . . . . . . . . . .

4. A നിങ്ങൾ ആ പഴം തിന്നാറുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . .

5. A നിങ്ങൾ എല്ലാ വർഷവും പുതിയ സാരികൾ വാങ്ങാറുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . .

## Model 2

ഇപ്പോഴും അവളെന്നെപ്പററി ഓർക്കുമോ?
ഓർക്കാറുണ്ടായിരിക്കും. എനിക്കറിയില്ല.

1. A ഇപ്പോഴും അവർ തമ്മിൽ വഴക്കു കൂടുമോ?
   B . . . . . . . . . . . . . . . . . . . . . . . .

2. A ഇപ്പോഴും ശൈലജ ആ വീട്ടിൽ പോകാറുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . .

3. A ഇപ്പോഴും രമണി ദിവാസ്വപ്നം കാണാറുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . .

4. A ഇപ്പോഴും ശാന്ത രാത്രി പട്ടിണി കിടക്കുമോ?
   B . . . . . . . . . . . . . . . . . . . . . . . .

5. A ഇപ്പോഴും എന്നും അയാൾ കള്ള കുടിക്കുമോ?
   B . . . . . . . . . . . . . . . . . . . . . . . .

## Model 3

A നിങ്ങളും ആ പാട്ടു കേട്ടിരുന്നോ?
B ഒരിക്കലല്ല, പലപ്പോഴും കേൾക്കാറുണ്ടായിരുന്നു.

1. A നിങ്ങളും അവളെ മീററിങ്ങിനു വിളിച്ചിരുന്നോ?
   B . . . . . . . . . . . . . . . . . . . . . . . .

2. A നിങ്ങളും അവനെപ്പററി ഓർത്തിരുന്നോ?
   B . . . . . . . . . . . . . . . . . . . . . . . .

3. A നിങ്ങളും ആ കുഞ്ഞിനെ എടുത്തിരുന്നോ?
   B . . . . . . . . . . . . . . . . . . . . . . . .

4. A നിങ്ങളും അദ്ദേഹത്തിനെ തൊഴുതിരുന്നോ?
   B . . . . . . . . . . . . . . . . . . . . . . . .

## EXERCISES

I Rewrite the following sentences using the corresponding habitual form of the verb.

1. ഇത്തരം ക്രൂരതകൾ അന്നും നടന്നിരുന്നു.
2. ഇപ്പോഴും അവർ നമ്മളെ കാത്തിരുന്നേക്കും.
3. അദ്ദേഹം എല്ലാവർക്കും വേണ്ടി ജോലിചെയ്യുന്നു.
4. ഫീസ് സമയത്തിനു കൊടുത്തിരുന്നു.
5. നിങ്ങളും അതു മനസ്സിലാക്കുന്നില്ല.
6. നാട്ടിന്റെ നാലതിരു കടന്നിരുന്നില്ല.
7. നമ്മുടെ സംസ്കാരം നാം തന്നെ കളഞ്ഞു കുളിക്കുന്നോ!

II Respond to the given questions using the appropriate habitual forms.

1. നിങ്ങൾ യോഗാഭ്യാസം പരിശീച്ചിരുന്നോ?
2. ഹിന്ദി സിനിമ നിങ്ങളെ ശ്വാസം മുട്ടിപ്പിക്കാറുണ്ടോ?
3. ഇപ്പോഴും അവർ എന്നെപ്പറ്റി പറയുമോ?
4. നിങ്ങൾ ക്ലാസിലിരുന്ന് ഉറങ്ങാറുണ്ടോ?
5. നിങ്ങൾ എപ്പോഴെങ്കിലും കള്ളം പറയാറുണ്ടോ?
6. നീയും അവരുടെ കത്തുകൾക്ക് മറുപടി എഴുതിയിരുന്നോ?
7. നിങ്ങളും ആ ജോലി ചെയ്തിരുന്നോ?

III Expand the given sentences adding at least three more words for each sentence.

1. മോഹനൻ വരാറുണ്ട്.
2. കേരളീയർ ആഘോഷിക്കാറുണ്ടായിരുന്നു.
3. പലരും പറയാറുണ്ടായിരിക്കും.
4. ഞങ്ങൾ അലഞ്ഞു നടക്കാറുണ്ടായിരുന്നു.
5. പെൺകുട്ടികൾ പറയാറുണ്ട്.
6. ആ കുട്ടികൾ തർക്കിക്കാറുണ്ടായിരിക്കും.
7. അദ്ദേഹം വരുത്തിത്തരാറുണ്ട്.

IV Read the conversation and answer the questions.

1. ജോസഫ് പത്രത്തിൽ എന്തിനെപ്പററിയാണ് വായിച്ചത്?
2. അമ്പലും, അറുപതും കൊല്ലങ്ങൾക്കപ്പുറത്ത് കേരളത്തിലും എന്തു നടക്കാറുണ്ടായിരുന്നു എന്നാണ് സഹദേവൻ പറയുന്നത്?
3. സഹദേവൻ അങ്ങനെ പറയുന്നതിൻെറ അടിസ്ഥാനമെന്താണ്?
4. വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയം എന്നു പറഞ്ഞതെന്തുകൊണ്ടായിരുന്നു?
5. നമ്മുടെ നാട് ശരിയായ രീതിയിൽ ഇനിയും പുരോഗമിച്ചിട്ടില്ല എന്ന് അഭിപ്രായപ്പെടാൻ കാരണമെന്താണ്?

V Fill up the dialogue for B and give a suitable title for the conversation.

A: ഈയിടെയായി സമയത്തിന് വണ്ടി വരാറേയില്ല. ഇനി എത്രനേരം കൂടി നിൽക്കണോ എന്തോ.

B: . . . . . . . . . . . . . . . . . . . . . . . . . .

A: അല്ല. അതു ശരി. പക്ഷെ നാളെയോ മററന്നാളോ മന്ത്രി ഇവിടെ വരുന്നുണ്ടല്ലോ. അതുകൊണ്ട് ഞാൻ വിചാരിച്ചു ഒക്കെ സമയത്തിന് ഓടുമെന്ന്.

B: . . . . . . . . . . . . . . . . . . . . . . . . . .

A: വരുന്നതു റെയിൽവേ മന്ത്രിയല്ല. എന്നാലും ഒരു കേന്ദ്ര മന്ത്രിയല്ലേ?

B: . . . . . . . . . . . . . . . . . . . . . . . . . .

A: അപ്പോഠം സ്റ്റേഷനിൽ ആർക്കും ഒരു ചുമതല ഇല്ല എന്നു പറയാനാവുമോ.

B: . . . . . . . . . . . . . . . . . . . . . . . . . .

A: പിന്നെ നിങ്ങൾ പറഞ്ഞതിൻെറ അർത്ഥം എന്താണ്?

B: . . . . . . . . . . . . . . . . . . . . . . . . . .

A: പ്രത്യേകിച്ചുള്ള അർത്ഥമോ, വ്യാകരണമോ അല്ല ഞാൻ ചോദിച്ചത്?

B: . . . . . . . . . . . . . . . . . . . . . . . . . .

A: അതുതന്നെ. അപ്പോ അതിൻെറ അർത്ഥം റെയിൽവേ മന്ത്രി വരുന്നു എന്നു പറഞ്ഞാൽ മാത്രമേ ഈ സ്റ്റേഷൻ മാസ്റ്റർമാരൊക്കെ പഠിക്കു എന്നാണോ?

B: . . . . . . . . . . . . . . . . . . . . . . . . . .

A: പേടിയുടെ പ്രശ്നം അല്ല. സ്വാതന്ത്ര്യഭാരതത്തിൽ ആര് ആരെ പേടിക്കണം?

B: . . . . . . . . . . . . . . . . . . . . . . . . . .

A: പേടിക്കണ്ട. പക്ഷെ നമ്മൾ മററുള്ളവരുടെ സുഖവും, തൃപ്തിയും, കൂടെ കുറച്ചുനോക്കണം.

B: . . . . . . . . . . . . . . . . . . . . . .

A: സ്റ്റേഷൻ മാസ്റ്റർമാരെപ്പററി മാത്രമല്ല ഞാൻ പറയുന്നതു്. രാജ്യം ആകെ ഇന്നാ സ്ഥിതിയിലാണു്. ആർക്കും ഉത്തരവാദിത്വമില്ല. പണ്ടായിരുന്നെങ്കിൽ ഇതിലും എത്രയോ ഭേദമായിരുന്നു.

B: . . . . . . . . . . . . . . . . . . . . . .

A: അങ്ങനെ പറയാൻ ഞാൻ രാജ്യദ്രോഹിയാണോ? ബ്രിട്ടീഷ്കാർ എന്താ എന്റെ അപ്പൂപ്പന്മാരാണോ?

B: . . . . . . . . . . . . . . . . . . . . . .

## VOCABULARY

| | | | |
|---|---|---|---|
| ഹരിജനങ്ങൾ | 'Harijans' | കൂട്ടക്കൊല | 'mass murder' |
| ക്രൂരത | 'cruelty' | അമ്മച്ചി | 'grandmother, mother' |
| ദുരന്താനുഭവം | 'miserable experience' | | |
| എതിർക്കു് | 'to oppose' | നീക്കിവയ്ക്കു് | 'to relegate' |
| ജാതിവ്യവസ്ഥ | 'caste system' | ഭ്രാന്താലയം | 'lunatic asylum' |
| തിരുത്തു് | 'to correct' | വ്യത്യാസം | 'difference' |
| തക്ക | 'suitable, apt, appropriate' | | |
| പുരോഗതി | 'progress' | തട്ടിക്കു് | 'to compare' |
| മിശ്രവിവാഹം | 'mixed marriage' | മേന്മ | 'greatness' |
| പിഴു് | 'to uproot' | | |
| പിഴുതുകളയ് | 'to eradicate, thoroughly' | | |

## NOTES

20·65.1. Verbs indicating an action habitually done are introduced.

20.65.2 The habitual meaning is obtained by the addition of ഉണ്ടായിരിക്കു with the verb stem and the suffix -ആറു് indicating habit.

(a) അവൻ ചായ കുടിക്കാറുണ്ടു്.

He drinks tea.

(b) അവൻ ചായ കുടിക്കാറുണ്ടായിരുന്നു.
He used to drink tea.

(c) അവൻ ചായ കുടിക്കാറുണ്ടായിരിക്കും.
He may be drinking tea.

20·65·3. As in the case of many constructions of future tense, the habitual future form also indicates some sort of probability,

വരാറുണ്ടായിരിക്കും 'may be coming'
കുടിക്കാറുണ്ടായിരിക്കും 'may be drinking'

UNIT 21

LESSON 66

# ഈ കല്യാണം നടത്തുക തന്നെ വേണം.

## CONVERSATION

| | |
|---|---|
| അച്ഛൻ: ഗോപീ, നീ ഒന്നു ചുമ്മാതിരിക്ക്. അവൾ അവളുടെ അഭിപ്രായം പറയുകയല്ലേ? അതിന് നീ ഇത്ര ദേഷ്യപ്പെടേണ്ട ആവശ്യമുണ്ടോ? | Gopi, you please be quiet. Isn't she just expressing her opinion? Do you have to get angry like this for that thing ? |
| ഗോപി: അച്ഛാ, പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്തെന്തു കാര്യം? അവളോട് ആരും അഭിപ്രായം ചോദിച്ചില്ലല്ലോ. നമ്മൾ തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. | Daddy what has she to do here? Nobody asked her opinion. We two were talking. |

അച്ഛൻ: നമ്മൾ അവളെ വിളിച്ചില്ല എന്നു വച്ച് അവൾക്ക് അവളുടെ അഭിപ്രായം പറഞ്ഞു കൂടേ? വാസ്തവത്തിൽ കാര്യം അവളെ സംബന്ധിക്കുന്നതല്ലേ?

Just because of the fact that we didn't call her, can't she express her opinion? Really speaking, doesn't the matter concern her ?

സരള: അച്ഛാ, കുടുംബസ്വത്ത് വിററ് കല്യാണം നടത്തണമെന്ന് ചേട്ടൻ പറയുന്നതിനോട് അച്ഛനും യോജിക്കുകയാണോ?

Daddy, are you also going to agree with what Chettan says that we should conduct the marriage by selling the family property ?

അച്ഛൻ: മോളേ, വേണ്ടിവന്നാൽ അതും ചെയ്യല്ലേ തീരൂ?

My girl, if that is what is needed, shouldn't we have to do even that ?

സരള: വേണ്ടച്ഛാ. അങ്ങനത്തെ ഒരു കല്യാണം എനിക്കു വേണ്ട.

No, daddy. I don't want a marriage of that sort.

ഗോപി: അതു നീയല്ല തീരുമാനിക്കേണ്ടത്. നിന്നോട് ആരെങ്കിലും സമ്മതം ചോദിച്ചോ?

You are not the person to decide that. Did anybody ask for your consent ?

സരള: അതാണല്ലോ പററിയ തെററ്.

That is what is the mistake.

ഗോപി: ആങ്ഹാ! നീ എന്നെ തെററും ശരിയും പഠിപ്പിക്കുകയാണോ? നീ അത്രയ്ക്കു വളർന്നോ?

Alas ! Are you teaching me the wrong and the right ? Have you grown up enough for that ?

സരള: ഞാനാരേം പഠിപ്പിക്കുകയല്ലായിരുന്നു. എന്റെ കാര്യം പറഞ്ഞു എന്നേ ഉള്ളൂ.

I was not teaching anybody: I just told my opinion.

അച്ഛൻ: മക്കളേ, വഴക്കു കൂടാതിരിക്കിൻ. ഗോപീ, അവൾ പറഞ്ഞതിലും കാര്യം ഇല്ലാതില്ല. ഞാനും അതാലോചിക്കുകയായിരുന്നു.

Children, please don't quarrel among yourselves. Gopi, there is something in what she says also. I was also thinking about that.

ഗോപി: എന്തോന്ന്?

What is that ?

അച്ഛൻ: നമ്മൾ അവളോട് സമ്മതം ചോദിച്ചില്ലല്ലോ എന്ന്.

That we didn't ask for her consent.

ഗോപി: അച്ഛൻ ഇങ്ങനെ ഓരോന്ന് ചോദിച്ചും, പറഞ്ഞും കൊണ്ടിരുന്നാൽ അവൾ ഇവിടെയിരുന്നു മൂത്തുനരയ്ക്കുകയേ ഉള്ളൂ. അവസാനം അവൾക്കുപോലും നമ്മോടു മുഷിവു തോന്നും.

Daddy, if you go on asking and telling she will turn grey and get old. In the end even she will be fed up with us.

സരള: ഒരിക്കലുമില്ല.

Never.

ഗോപി: പോടീ അകത്ത്.

Get inside.

അച്ഛൻ: എന്റെ മോനേ, ഒന്നു സമാധാനമായിട്ട് വർത്തമാനം പറ. നീയും ഒന്നകത്തോട്ടു പോ മോളേ. അച്ഛൻ പിന്നെ വിളിക്കാം.

Please talk patiently, my boy. Sarala, you too please get in. I shall call you later.

ഗോപി: അച്ഛാ, ഈ കല്യാണം നടത്തുകതന്നെ വേണം. ഇനി ഒട്ടും വച്ചു നീട്ടാൻ പാടില്ല. മിനിഞ്ഞാന്നു ഞാനാ മുറുക്കാൻ കടയുടെ അടുത്തു നിന്നപ്പോൾ, നാരായണൻ പറയുകയായിരുന്നു, നമ്മൾ സരളയെ കല്യാണം കഴിച്ചുകൊടുക്കാത്തത്, അവളുടെ ശമ്പളം പോകുമല്ലോ എന്നുള്ള പേടി കൊണ്ടാണെന്ന്.

Daddy, we have to conduct this marriage. We shouldn't postpone any further. Day before yesterday when I was standing near that pan shop Narayanan was saying that we are not conducting Sarala's marriage because we fear that we may lose her salary.

അച്ഛൻ: മോനേ, ആയിരം കുടത്തിന്റെ വായ് മൂടാം. പക്ഷെ ആറാളുകളുടെ നാവടക്കാൻ പറ്റില്ല. അതുകാരണം മറ്റുള്ളവർ പറയുന്നതു് നാം കണക്കിലെടുക്കണ്ട. നാക്കിനു് എല്ലില്ലാത്തതുകൊണ്ടു് അവരെന്തും പറയും. അതിനൊക്കെ ഉത്തരം കൊടുക്കാൻ പോകുന്നതു നമ്മുടെ ബുദ്ധിമോശം. സരളയുടെ കാര്യത്തിൽ നിനക്കെന്തു ശരിയെന്നു തോന്നുന്നോ അതു ചെയ്യ്. അവളുടെ നന്മയേ നമുക്കു വേണ്ടൂ.

My son, it is difficult for us to control the public. So let us not take into account what others say. Because the tongue is boneless they will tell anything. It is our foolishness to answer such things. Whatever you think is right for Sarala, you do that. What we wish is only her well being.

## DRILLS

### A. Repetition drill

a. 1. സരള അവളുടെ അഭിപ്രായം പറയുകയാണു്.
   2. അച്ഛനും മകനും പരസ്പരം തർക്കിക്കുകയാണു്.
   3. കുഞ്ഞുങ്ങൾ മൈതാനത്തിൽ കളിക്കുകയാണു്.

b. 1. ഞാനും ആ വിഷയത്തെപ്പറ്റി ആലോചിക്കുകയായിരുന്നു.
   2. ഞങ്ങളപ്പോൾ വീട്ടിന്റെ മുൻപിൽ നിൽക്കുകയായിരുന്നു.
   3. കഴിഞ്ഞ വർഷം ഈ സമയം അവൻ മെഡിക്കൽ കോളേജിൽ പഠിക്കുകയായിരുന്നു.

c. 1. അമ്മ മകനെപ്പറ്റി ഓർക്കുകയായിരിക്കും.
   2. ഇപ്പോഴും ആ ചേട്ടനും അനിയനും തമ്മിൽ വഴക്കു കൂട്ടുകയായിരിക്കും
   3. വെള്ളമില്ലാത്ത ആ മരുഭൂമിയിൽ ആളുകൾ കഷ്ടപ്പെടുകയായിരിക്കും.

d. 1. മഹാകവി തന്റെ ആത്മകഥ എഴുതിക്കൊണ്ടിരിക്കുകയാണു്.
   2. വിമാനം വളരെ താണു പറന്നുകൊണ്ടിരിക്കുകയായിരുന്നു.
   2. അവളിപ്പോഴും നേടാൻ കഴിയാത്തതിനെപ്പറ്റി സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാവും.

e. 1. ഞങ്ങൾ ആരെപ്പറ്റിയും കുറ്റം പറയുകയല്ല.
   2. അവർ കുടുംബസ്വത്തു വിറ്റു മകളുടെ കല്യാണം നടത്തുകയല്ലായിരുന്നു.
   3. ഇഞ്ചിനീയർമാർ പാലം കെട്ടിക്കൊണ്ടിരിക്കുകയല്ലായിരുന്നു.

## B. Expansion drill

1. അവർ താമസിക്കുകയായിരുന്നു.

   വാടകയ്ക്കു്

   അവർ വാടകയ്ക്ക് താമസിക്കുകയായിരുന്നു.

   അന്നൊക്കെ

   അവർ അന്നൊക്കെ വാടകയ്ക്ക് താമസിക്കുകയായിരുന്നു.

   ഞങ്ങളുടെ വീട്ടിൽ

   അവർ അന്നൊക്കെ ഞങ്ങളുടെ വീട്ടിൽ വാടകയ്ക്കു താമസിക്കുകയായിരുന്നു.

   ചെറിയ

   അവർ അന്നൊക്കെ ഞങ്ങളുടെ ചെറിയ വീട്ടിൽ വാടകയ്ക്കു താമസിക്കുകയായിരുന്നു.

2. സരള സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാവും.

   വീട്ടുകാരെ

   സരള വീട്ടുകാരെ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാവും.

   നാടു വിട്ടുപോയ സരള വീട്ടുകാരെ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാവും.

   ആദ്യമായി

   ആദ്യമായി നാടു വിട്ടു പോയ സരള വീട്ടുകാരെ സ്വപ്നം കണ്ടു കൊണ്ടിരിക്കുകയാവും.

3. ഞാൻ ജോലി നോക്കുകയായിരുന്നു.

   പട്ടാളത്തിൽ

   ഞാനും പട്ടാളത്തിൽ ജോലി നോക്കുകയായിരുന്നു.

   ലോക യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ

   ലോക യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ ഞാനും പട്ടാളത്തിൽ ജോലി നോക്കുകയായിരുന്നു.

   രണ്ടാം

   രണ്ടാം ലോകയുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ ഞാനും പട്ടാളത്തിൽ ജോലി നോക്കുകയായിരുന്നു.

## C. Restatement drill

### Model 1

ലളിത റേഡിയോ കേട്ടുകൊണ്ടിരിക്കുന്നു.

ലളിത റേഡിയോ കേട്ടുകൊണ്ടിരിക്കുകയാണ്.

1. എല്ലാവരും പാഠത്തിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.

2. അദ്ദേഹം അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്നു.
3. മന്ത്രിമാർ കൈക്കൂലി വാങ്ങി ജോലി കൊടുത്തുകൊണ്ടിരിക്കുന്നു.
4. ഇപ്പോഴത്തെ പെൺകുട്ടികൾ ഉയർന്ന ചെരിപ്പിട്ടു ശീലിച്ചുകൊണ്ടിരിക്കുന്നു.
5. പതിനാറു വയസ്സുള്ള ആ പയ്യൻ കൂലിവേല ചെയ്തു കുടുംബം പുലർത്തിക്കൊണ്ടിരിക്കുന്നു.

## Model 2

അച്ഛൻ സമ്പാദിച്ച പണം മകൻ നശിപ്പിച്ചുകൊണ്ടിരുന്നു.
അച്ഛൻ സമ്പാദിച്ച പണം മകൻ നശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു.

1. വർഗീസ് മുതലാളി ഒരു പുതിയ ഫാക്ടറി നടത്തിക്കൊണ്ടിരുന്നു.
2. ദാമോദരൻ അനിയനേയും കൂടെ താമസിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നു.
3. വത്സല പലയിടത്തും ഇൻറർവ്യൂവിനു പോയിക്കൊണ്ടിരുന്നു.
4. മരിച്ചുപോയ കുഞ്ഞിനെ ഓർത്തു് അവൾ കരഞ്ഞുകൊണ്ടിരുന്നു.
5. കള്ളക്കടത്തിലൂടെ അയാൾ ധാരാളം പണം സമ്പാദിച്ചു.

## Model 3

അവൾ ഇപ്പോഴും വീണ വായിച്ചുകൊണ്ടിരിക്കും.
അവൾ ഇപ്പോഴും വീണ വായിച്ചുകൊണ്ടിരിക്കുകയായിരിക്കും.

1. ബാബുവിൻെറ അച്ഛനമ്മമാർ അവനെ ഇപ്പോഴും കൊഞ്ചിക്കും.
2. പൈലി ഈ എഴുപതാമത്തെ വയസ്സിലും കള്ളും കുടിച്ചു തെണ്ടും.
3. അമ്മയെ ഓർമ്മിച്ചു് അവൻ കരയും.
4. നാളെ ഈ സമയം ഞങ്ങൾ സിനിമ കണ്ടുകൊണ്ടിരിക്കും.
5. അവർ നമ്മളെപ്പററി വർത്തമാനം പറഞ്ഞുകൊണ്ടിരിക്കും.

# D. Transformation drill

## Model 1

അമ്മ പലഹാരം ഉണ്ടാക്കുകയാണു്.
അമ്മ പലഹാരം ഉണ്ടാക്കുകയല്ല.

1. സാവിത്രി പത്രം വായിക്കുകയാണു്.
2. എൻെറ മൂത്ത മകൻ ജോലി അന്വേഷിക്കുകയാണു്.
3. അവരെല്ലാം വിമാനത്തിൽ സഞ്ചരിക്കുകയാണു്.
4. അയാൾ കസേരയിലിരുന്നു് ഉറങ്ങുകയാണു്.
5. ചേച്ചി മീൻ പൊരിക്കുകയാണു്.

Model 2

അന്നു ഞാൻ ജോലി ചെയ്യുകയായിരുന്നു.

അന്നു ഞാൻ ജോലി ചെയ്യുകയല്ലായിരുന്നു.

(അന്നു ഞാൻ ജോലി ചെയ്യുകയായിരുന്നില്ല.)

1. ചക്രവർത്തി രാജ്യം ഭരിക്കുകയായിരുന്നു.
2. അച്ഛൻ മകനെ പ്രോത്സാഹിപ്പിക്കുകയായിരുന്നു.
3. അദ്ധ്യക്ഷൻ പ്രസംഗിക്കുകയായിരുന്നു.
4. കുട്ടി പച്ചവെള്ളം കുടിക്കുകയായിരുന്നു.
5. മോഹനും, ഗോപിയും മണ്ണുവാരി കളിക്കുകയായിരുന്നു.

## EXERCISES

I Fill in the blanks suitably.

1. നീ വീട്ടിൽ വന്ന സമയം ഞാൻ മാർക്കററിൽ പോയിരിക്കുക———.
2. ആ പഴയ പുസ്തകം ——— ഒക്കെ അവളുടെ മനസ്സിൽ ബാല്യകാലസ്മരണകൾ മിന്നിത്തിളങ്ങുകയായിരിക്കും.
3. വളരെ വിശന്നിട്ടും മധു അച്ഛൻ ———വരെ ഉണ്ണാതെ കാത്തിരിക്കുകയായിരുന്നു.
4. എന്നെ പണ്ടു പഠിപ്പിച്ചിട്ടുള്ള സാറിന്റെ മകനെ കാണുമ്പോൾ അദ്ദേഹത്തിന്റെ രൂപവും എന്റെ മനസ്സിൽ പൊങ്ങി ——— ആണ്.
5. ആരൊക്കെ ആശ്വസിപ്പിച്ചെങ്കിലും രോഗിക്കു മരണഭയം ——— വരുക ആയിരുന്നു.
6. നീ അദ്ദേഹത്തിനോട് പകരം ചോദിക്കാൻ ——— ആണോ?
7. അച്ഛൻ ——— എന്നു കരുതി നീ വെറുതെ ——— ആണോ?

II Rewrite the following sentences correctly replacing the verb with the verbal noun -ഉക form and corresponding form of ആണ് according to different tenses.

1. അക്കാലത്ത് ഞാൻ മദ്രാസിൽ പഠിച്ചുകൊണ്ടിരുന്നു.
2. എന്റെ കളിക്കൂട്ടുകാരെല്ലാം ആ മരത്തിന്റെ ചോട്ടിൽ നിൽക്കുന്നു.
3. ഞങ്ങൾ ഇന്നു തന്നെ നാട്ടിലേക്കു മടങ്ങുന്നു.
4. ഞങ്ങളുടെ ഗ്രാമീണ വായനശാല ഇക്കൊല്ലം പത്താം വാർഷികം ആഘോഷിക്കാൻ പോകുന്നു.

5. അവനിപ്പോഴും പ്രത്യേക ഉദ്ദേശമൊന്നുമില്ലാതെ അലഞ്ഞുതിരിയും.
6. അഹമ്മദ് മുതലാളിയുടെ മകൻ വ്യാപാരകാര്യങ്ങളും നോക്കി നടത്തിക്കൊണ്ടിരുന്നു.
7. ജോണിയും, കുമാരനും പന്തയം വച്ചോടി.

III Expand the following sentences using at least three more words for each sentence.

1. പോലീസുകാരൻ പോകുകയാണ്.
2. കുട്ടികാർ തമ്മിൽത്തമ്മിൽ പിണങ്ങുകയായിരുന്നു.
3. ഞാൻ ഓർത്തുകൊണ്ടിരിക്കുകയാണ്.
4. അമ്മ മോന് വാരിക്കൊടുക്കുകയായിരുന്നു.
5. മഴ പെയ്യുകയായിരിക്കും.

IV Read the conversation and answer the questions.

1. അച്ചനും ഗോപിയും ഏതു കാര്യത്തെപ്പറ്റിയാണ് സംസാരിച്ചുകൊണ്ടിരുന്നതു്?
2. "ഗോപീ, അവരു പറഞ്ഞതിലും കാര്യം ഇല്ലാതില്ല"—എന്താണ് അവരു പറഞ്ഞതു്. എന്തുകൊണ്ടാണ് അവരു പറഞ്ഞതിൽ കാര്യം ഉണ്ട് എന്നു തോന്നുന്നതു്?
3. സരളയ്ക്ക് അച്ചനും, ഗോപിയോടും പോലും ഒരിക്കൽ മുഷിവു തോന്നും എന്നു ഗോപി പറയാനുള്ള കാരണം എന്താണ്? കാരണം വിവരിച്ചു പറയുക.
4. നാട്ടുകാർ എന്താണ് ഗോപിയെപ്പറ്റിയും, അച്ചനെപ്പറ്റിയും പറഞ്ഞുകൊണ്ടിരുന്നതു്?
5. അച്ചൻ അതിനു പറഞ്ഞ മറുപടി എന്താണ്?

V Fill up the dialogue for B and give a suitable title to the conversation.

A: മോനേ, നീ അവിടെ എന്തെടുക്കുകയാണ്? വെറുതെ കളിച്ചോണ്ടിരിക്കുകയാണോ?

B: . . . . . . . . . . . . . . . . . . . . . . . . .

A: അല്ലെങ്കിൽ പിന്നെ ഇത്ര താമസം എന്താ ഒന്നിങ്ങോട്ടു വരാൻ? എത്ര നേരമായി ഞാൻ നിന്നെ വിളിക്കുന്നു!

B: . . . . . . . . . . . . . . . . . . . . . . . . .

**A:** അതു കൊള്ളാം. അപ്രത്തെ രവീടെ സൈക്കിളും, കാറുമൊക്കെ ശരിയാക്കുക ആയിരുന്നോ? നീ എന്താ ഇഞ്ചിനീയറോ, മെക്കാനിക്കോ ആണോ?

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** കളിയാക്കിയതല്ല. നീ വെറുതെ അതൊന്നും എടുത്തു് ചീത്തയാക്കണ്ട. അവരു പിന്നെ വന്നു ചോദിച്ചാൽ ഞാനാണു് ഉത്തരം പറയേണ്ടതു്.

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** നീ ചീത്തയാക്കി എന്നു ഞാൻ പറഞ്ഞില്ലല്ലോ. നീ എന്താ ഇങ്ങനെ തർക്കിക്കാൻ പഠിച്ചു വരുകയാണോ? അച്ഛൻ അന്നേ പറഞ്ഞതല്ലേ ഇതൊന്നും നല്ലതിനല്ല എന്നു്?

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** കൊച്ചുകുട്ടികളെ സഹായിച്ചുകൂട എന്നല്ല പറഞ്ഞതു്. നീ സഹായിച്ചു, സഹായിച്ചു അവസാനം പിന്നെ അവർ ഇവിടെ ഇരുന്നു കരയുന്നതായിരിക്കും ഞാൻ കാണേണ്ടിവരുക. അതുകൊണ്ടു പറഞ്ഞുഎന്നേ ഉള്ളൂ.

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** ഞാൻ വിളിച്ചതോ? അതു ശരി. നിന്റെ കാര്യത്തിനിടയിൽ ഞാൻ അതങ്ങു മറന്നുപോയി.

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** കടയിലൊന്നും പോകാനല്ല. നീ ആ മേനോൻ സാറിന്റെ വീടുവരെ ഒന്നു പോകണം. അവിടത്തെ രമണിയോടു് ഇവിടംവരെ ഒന്നു വരാൻ പറ.

**B:** . . . . . . . . . . . . . . . . . . . . . . . .

**A:** ഇതാ ഞാൻ പറഞ്ഞതു്. രമണിയുടെ പരിപാടിയെപ്പററിയൊക്കെ നിനക്കെങ്ങനെ അറിയാം? നീ ഞാൻ പറഞ്ഞതു് കേട്ടോ? ആദ്യം പറഞ്ഞാൽ അനുസരിക്കാൻ പഠിക്കു്. പിന്നെ തർക്കിക്കാം.

## VOCABULARY

| | | | |
|---|---|---|---|
| ചുമ്മാതെ | 'without doing anything, simply' | | |
| പൂച്ച | 'cat' | പൊന്നു് | 'gold' |
| ഉരുക്കു് | 'to melt' | സംബന്ധിക്കു് | 'to relate, to connect' |
| കുടുംബസ്വത്തു് | 'family property' | യോജിക്കു് | 'to agree' |
| തീരുമാനിക്കു് | 'to decide' | സമ്മതം | 'consent' |
| മൂക്കു് | 'to ripen' (മൂത്തു past) | | |
| നരയ്ക്കു് | 'to turn grey' | മുഷിവു് | 'boredom' |
| വച്ചുനീട്ടു് | 'to postpone' | മുറുക്കാൻകട | 'pan shop' |
| കുടം | 'pot with narrow neck' | | |
| നാവു് | 'tongue' | കണക്കിലെടുക്കു് | 'to take into account' |
| ബുദ്ധിമോശം | 'foolishness' | | |

## NOTES

21·66·1. Sentences with verbal noun-ഉക form and copula ആണ് are introduced.

അവളും അഭിപ്രായം പറയുകയാണ്.

She is telling her opinion.

ഞാനും അതാലോചിക്കുകയായിരുന്നു.

Even I was thinking about that.

21·66·2. The above structures like വരുകയാണ്, പറയുകയായിരുന്നു, പഠിച്ചുകൊണ്ടിരിക്കുകയായിരിക്കും etc., are used in place of simple present, past, future or continuous present, past and future tense verb forms. In most cases they are substitutable though in some contexts there may be different shades of meaning such as certainty, immediate, action, continuity, etc. In many places-ഉക structures are used for stylistic purposes also.

| | |
|---|---|
| അവൻ വരുന്നു | He comes. |
| അവൻ വരുകയാണ് | He is coming. |

21·66·3. Sometimes -ഉക form with the continuous tense forms indicate perfect continuous tenses as shown by the examples given below.

അവർ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയാണ്.

They have been talking.

അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു.

They have been waiting.

21·66·4. Note the use of two proverbs used in the conversation.

a. പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്തെന്തു കാര്യം?

Literally means—'what has a cat to do where gold is melted ?' This is used when a person intrudes into any context where he has nothing to do.

b. ആയിരം കുടത്തിന്റെ വായ് മൂടാം; പക്ഷെ ആറാളുകളുടെ നാവടക്കാൻ പറ്റില്ല.

It means we can cover the mouths of thousand pots but cannot control the tongues of six people. This refers that one is helpless regarding the mass opinion and that people talk as they like and that we have no control over them.

UNIT 22

LESSON 67

# അവൾ പഠിക്കുകയും, ജോലിക്കു പോകുകയും ചെയ്യുന്നു.

## CONVERSATION

| | |
|---|---|
| ജോസഫ്: എന്താ രാഘവാ ഒരു പുതിയ അലമാരി കൂടെ കാണുന്നല്ലോ. തയ്യലിന്റെ കൂടെ ഇപ്പോഴും തുണിവ്യാപാരവും ഉണ്ടോ? | What is this Raghavan? I am seeing a new Almirah also. Have you started textile business also along with tailoring? |
| രാഘവൻ: വ്യാപാരം എന്നു പറയാൻ വയ്യ. ഏതാണ്ട് ഒരു ചെറിയ തോതിൽ കുറച്ചു വില്പന തുടങ്ങിയിട്ടുണ്ട്. | Can't exactly call that as business. I have some sort of sales on a small scale. |

| | |
|---|---|
| ജോസഫ്: അതു നന്നായി. ഇനിയിപ്പോൾ തുണി തയ്പിക്കാൻ കൊണ്ടുവരുന്നവർക്ക് വേണമെങ്കിൽ വാങ്ങിക്കുകയും ചെയ്യാം. വാങ്ങിക്കാൻ വരുന്നവർക്ക് അതു തയ്പിക്കുകയും ചെയ്യാം. | That is fine. Now those who come here to get the clothes stitched can buy and those who come to buy can get them stitched also. |
| രാഘവൻ:- സാറു രണ്ടാമതു പറഞ്ഞതു ശരി. സാധാരണ ഇവിടുന്നു തുണി വാങ്ങിക്കുന്നവരൊക്കെ ഇവിടെത്തന്നെ തയ്പിക്കാറുണ്ട്. പക്ഷേ മറിച്ചു നടക്കാറില്ല. | The latter part of what you told is correct- Generally those who come here to buy clothes get them stitched here. But the vice versa doesn't happen. |
| ജോസഫ്: എന്നാലും കുറച്ചു വില്പനയൊക്കെയുണ്ട്, അല്ലേ? | Still there must be some sales. Isn't it ? |
| രാഘവൻ: തരക്കേടില്ല. | Not bad. |
| ജോസഫ്: അപ്പോൾ ഈ ജോലിയൊക്കെ ചെയ്യാൻ നീ ഒരൊറ്റ ഒരുത്തനേ ഉള്ളോ? | Then are you the only person to do all these things ? |
| രാഘവൻ: പിന്നല്ലാതെ? | Then what ? |
| ജോസഫ്: തുണി മുറിച്ചുകൊടുക്കുകയും, അളവ് എടുക്കുകയും, തയ്ക്കുകയും ഒക്കെ കൂടി ചെയ്യാൻ നിനക്കു പറ്റുമോ? | Will you be able to cut the cloth and give, take the measurements, and stitch the garments all by yourself ? |
| രാഘവൻ: ചെയ്യാതെ പറ്റുമോ സാർ? ഓരോന്നിന് ഓരോ ജോലിക്കാരനെ നിർത്തിയാൽ അവർക്കൊക്കെ ഞാൻ എവിടുന്നു ശമ്പളം കൊടുക്കും? സാറുതന്നെ ഒന്നാലോചിച്ചു നോക്കണം. | Can I do otherwise ? If I employ one man each for each work where from will I give salaries? You just think about it. |

| | |
|---|---|
| ജോസഫ്: ഞാൻ വെറുതെ കാര്യം അറിയാൻ ചോദിച്ചു എന്നേ ഉള്ളൂ. അല്ലാതെ നിന്നെ കുററപ്പെടുത്തുകയോ, വേദനിപ്പിക്കുകയോ ചെയ്യാനല്ല. | I asked just to know the details. I don't have any intention of blaming or hurting you. |
| രാഘവൻ: അതെനിക്കറിയാം സാർ. | I know it, Sir. |
| ജോസഫ്: തന്റെ മൂത്ത മോള പഠിക്കുന്നോ, അതോ ജോലിക്കു പോകുന്നോ? | Is your elder daughter studying or working ? |
| രാഘവൻ: അവള് പഠിക്കുകേം, ജോലിക്കു പോകുകേം ചെയ്യുന്നുണ്ട്. എസ്. എസ്. എൽ. സി. കഴിഞ്ഞ് ടൈപ്പിങ്ങും, ചുരുക്കെഴുത്തും പഠിക്കുകയാണ്. പിന്നെ നാലഞ്ചുപിള്ളേർക്കു ട്യൂഷനും എടുക്കുന്നുണ്ട്. | She is studying as well as working. After SSLC she is studying type-writing and short-hand. Then she is also giving tuition to four or five children. |
| ജോസഫ്: അപ്പോ അതും കൂടെ ഒരു വരുമാനമായല്ലോ. | That is also an additional income. |
| രാഘവൻ: ട്യൂഷൻ ഫീസായിട്ട് അവൾക്ക് നാല്പതോ, അമ്പതോ രൂപ കിട്ടും. അത് അവളുടെ ഫീസിനും, പോക്കുവരവിനും തന്നെ അങ്ങു ചെലവാകുകയും ചെയ്യും. | As tuition fees she gets Rs. 40 or 50. That will be spent on her fees and transportation. |
| ജോസഫ്: അതെങ്കിലുമായല്ലോ. | At least that is done. |
| രാഘവൻ: സാറിനോട് ഞാനൊരു കാര്യം ചോദിക്കണമെന്നു വിചാരിച്ചിരിക്കുകയായിരുന്നു. | I was thinking to ask you something. |
| ജോസഫ്: എന്തോന്നാ? | What is that ? |
| രാഘവൻ: സാറിന്റെ ഓഫീസിൽ ടൈപ്പിസ്ററുകളെ തൽക്കാലത്തേയ്ക്ക് എടുക്കുകയും കുറെ നാൾ കഴിഞ്ഞ് അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നുണ്ട് എന്ന് ആരോ പറഞ്ഞു. ഉള്ളതാണോ സാറേ? അങ്ങനെ ആണേൽ എന്റെ മോൾടെ കാര്യം കൂടെ സാറൊന്നു മനസ്സിരുത്തണം. | Some one told me that typists are taken for temporary vacancies in your institute and then confirmed on a permanent job. Is it true, Sir ? If that is the case you should remember my daughter's case also. |

ജോസഫ്: താനൊന്നു വെപ്രാളപ്പെടാതിരി. തന്റെ മോളു് ടൈപ്പിങ്ങും, ചുരുക്കെഴുത്തും ഒക്കെ പഠിച്ചു പാസ്സായി വരട്ടെ. അപ്പോഠം എങ്ങനേയും ഒരു വഴി ഉണ്ടാക്കാം.

Don't be too anxious. Let your daughter come after passing type writing and shorthand examinations. Then somehow or other we can find a way out for her.

## DRILLS

### A. Repetition drill

a. 1. ജോസഫ് തുണി തയ്ക്കുകയും, വിൽക്കുകയും ചെയ്യുന്നു.

2. കമല പഠിക്കുകയും, ജോലിക്കു പോകുകയും ചെയ്യുന്നില്ല.

3. ആ കുട്ടികഠം ഒരേ സമയം കരയുകയും ചിരിക്കുകയും ചെയ്യുന്നോ?

4. അവർ പാടുകയും, നൃത്തം ചെയ്യുകയും ചെയ്യുന്നില്ലേ?

b. 1. അടുത്ത വീട്ടിലെ കോഴിയെ രാജൻ എറിയുകയും കൊല്ലുകയും ചെയ്തു.

2. അമ്മ രമണിയെ പഠിക്കാത്ത കാര്യത്തിനു് വഴക്കു പറയുകയും അടിക്കുകയും ചെയ്തില്ലേ?

c. 1. എല്ലാ മന്ത്രിമാരും കൈക്കൂലി വാങ്ങുകയും, പണം സമ്പാദിക്കുകയും ചെയ്യുമോ?

2. പഠിക്കാത്തവർ ഒന്നാം ക്ലാസ്സ് നേടുകയും, കോളേജിൽ ചേരുകയും ചെയ്തില്ല.

d. 1. തോമസ് സ്വന്തം വീടു വിൽക്കുകയോ, വാടകയ്ക്കു കൊടുക്കുകയോ ചെയ്യും.

2. എന്റെ അമ്മ മീൻ കൂട്ടുകയോ, വയ്ക്കുകയോ ചെയ്തില്ല.

e. 1. സരള അവഠം സ്നേഹിച്ചയാളിനെ കല്യാണം കഴിക്കുകതന്നെ ചെയ്തു

### B. Fxpansion drill

1. എന്റെ മകൻ കിടക്കുകയും ചെയ്യും.

കളിക്കുകയും

എന്റെ മകൻ കളിക്കുകയും കിടക്കുകയും ചെയ്യും.

വെള്ളത്തിൽ

എന്റെ മകൻ വെള്ളത്തിൽ കളിക്കുകയും, കിടക്കുകയും ചെയ്യും.

പനി പിടിച്ച്

എന്റെ മകൻ വെള്ളത്തിൽ കളിക്കുകയും പനി പിടിച്ചു കിടക്കുകയും ചെയ്യും.

എപ്പോഴും

എന്റെ മകൻ എപ്പോഴും വെള്ളത്തിൽ കളിക്കുകയും പനി പിടിച്ചു കിടക്കുകയും ചെയ്യും.

2. അമ്മ വിളമ്പിത്തരുകയും ചെയ്യുന്നു.

ഞങ്ങൾക്ക്

അമ്മ ഞങ്ങൾക്ക് വിളമ്പിത്തരുകയും ചെയ്യുന്നു.

ചോറു വയ്ക്കുകയും

അമ്മ ചോറു വയ്ക്കുകയും ഞങ്ങൾക്ക വിളമ്പിത്തരുകയും ചെയ്യുന്നു.

തന്നെ

അമ്മ തന്നെ ചോറു വയ്ക്കുകയും ഞങ്ങൾക്ക് വിളമ്പിത്തരുകയും ചെയ്യുന്നു.

എന്നും

അമ്മ തന്നെ എന്നും ചോറു വയ്ക്കുകയും ഞങ്ങൾക്ക് വിളമ്പിത്തരുകയും ചെയ്യുന്നു.

## C. Restatement drill

### Model 1

കമല ഇനിയും പാട്ടു പാടും.

കമല ഇനിയും പാട്ടു പാടുകതന്നെ ചെയ്യും.

1. ഇന്നു മഴ പെയ്യും.
2. അവർ സ്വന്തം വീടു വിൽക്കും.
3. ശാരദയ്ക്ക് ഇത്തവണയും ഒന്നാം ക്ലാസ്സു കിട്ടും.
4. താമസിച്ചു പോയാൽ ടീച്ചർ വഴക്കു പറയും.
5. മറ്റെന്നാൾ ഞാൻ അവധി എടുത്ത് നാട്ടിൽ പോകും.
6. ആരെന്തു പറഞ്ഞാലും അവൾ അങ്ങനെ ചെയ്യും.

## Model 2

കുട്ടികൾ കളിക്കുകയും, വഴക്കുകൂടുകയും ചെയ്യും.
കുട്ടികൾ കളിക്കുകയോ, വഴക്കു കൂടുകയോ ചെയ്യും.

1. അവളുടെ കല്യാണം നടത്തുകയും, അവൾക്കൊരു ജോലി കൊടുക്കുകയും ചെയ്യണം.
2. നല്ല ആഹാരം കഴിക്കുകയും, സമയത്തു് മരുന്നു കുടിക്കുകയും ചെയ്യുന്നില്ലേ?
3. കലാകേന്ദ്രത്തിനുവേണ്ടി പ്രവർത്തിക്കുകയും, അതിനു സംഭാവന കൊടുക്കുകയും ചെയ്തോ?
4. അമ്മ കൊച്ചുമോനു് ചോറു വിളമ്പുകയും, വാരിക്കൊടുക്കുകയും ചെയ്യും.
5. അദ്ദേഹത്തിനു് നാട്ടിൽ പോകുകയും, വീട്ടുകാര്യങ്ങൾ അന്വേഷിക്കുകയോ ചെയ്യണ്ട.
6. നമ്മൾക്കു് ക്യൂവിൽ നിൽക്കുകയും, ടിക്കറ്റു വാങ്ങുകയും ചെയ്യാം.

## D. Combination drill

### Model 1

a. പൈലി കള്ള കുടിക്കുന്നു.
b. പൈലി ബീഡി വലിക്കുന്നു.

(a+b) പൈലി കള്ള കുടിക്കുകയും, ബീഡി വലിക്കുകയും ചെയ്യുന്നു.

1. രഘു റേഡിയോ കേൾക്കുന്നു.
   രഘു പാഠം എഴുതുന്നു.
2. വർഗീസ് കഴികൾ വെട്ടി.
   വർഗീസ് ചേന നട്ടു.
3. ഞാൻ ചപ്പാത്തി തിന്നും.
   ഞാൻ ചായ കുടിക്കും.
4. രാജാവു് യുദ്ധത്തിൽ തോററു.
   രാജാവു് രാജ്യം വിട്ടു് ഓടി.
5. എല്ലാ ഞായറാഴ്ചയും അവർ സിനിമ കാണുന്നു.
   അവർ കടപ്പുറത്തു പോകുന്നു.
6. അവർ പഴയ ചരിത്രം ആവർത്തിക്കും.
   അവർ പുതിയ ചരിത്രം സൃഷ്ടിക്കും.

## Model 2

(a) അയാരം ഭാര്യയെ കാണില്ല.

(b) അയാരം അവളോട്ട് സംസാരിക്കില്ല.

(a+b) അയാരം ഭാര്യയെ കാണുകയോ, അവളോട്ട സംസാരിക്കുകയോ ചെയ്യില്ല.

1. അദ്ദേഹം കള്ളം പറയില്ല.
   അദ്ദേഹം കൈക്കൂലി വാങ്ങില്ല.
2. വാസു ലതയെ പ്രേമിച്ചില്ല.
   വാസു ലതയെ കല്യാണം കഴിച്ചില്ല.
3. അയാരം വീട്ടിൽ കിണർ കുഴിച്ചില്ല.
   അയാരം വീട്ടിൽ പൈപ്പ് ഇട്ടില്ല.
4. ജോണി കൃഷി നിർത്തിയില്ല.
   ജോണി വ്യാപാരം തുടങ്ങിയില്ല.
5. അമ്മ അരിയും, കറിയും വയ്ക്കുന്നില്ല.
   അമ്മ പലഹാരം ഉണ്ടാക്കുന്നില്ല.
6. ഞാൻ നിന്നെ കുററപ്പെടുത്തുന്നില്ല.
   ഞാൻ നിന്നെ വേദനിപ്പിക്കുന്നില്ല.

## Model 3

a. ഞങ്ങരുടെ പട്ടി കുരയ്ക്കുന്നില്ല.

b. ഞങ്ങരുടെ പട്ടി കടിക്കുന്നും ഇല്ല.

(a+b) ഞങ്ങരുടെ പട്ടി കുരയ്ക്കുകയും, കടിക്കുകയും ചെയ്യുന്നില്ല.

1. മധു പുതിയ വാക്കിൻെറ അർത്ഥം ചേട്ടനോട്ട ചോദിയ്ക്കുന്നില്ല.
   മധു ഡിക്ഷ്ണറിയിൽ നോക്കുന്നുമില്ല.
2. ഞാൻ അവരുടെ വീട്ടിൽ പോകുന്നില്ല.
   ഞാൻ അവരുടെ വീട്ടിൽ നിന്നു ആഹാരം കഴിക്കുന്നുമില്ല.
3. രാമകൃഷ്ണൻ മേലധികാരിയെ കൈമണി അടിക്കുന്നില്ല.
   രാമകൃഷ്ണൻ മേലധികാരിയെ പുകഴ്ത്തുന്നുമില്ല.
4. അവർ അദ്ദേഹത്തിൻെറ ഫോട്ടോ എടുത്തില്ല.
   അവർ അദ്ദേഹത്തിനു സമ്മാനം കൊടുത്തുമില്ല.
5. കമലം അവിയലിനു് കൂട്ടരച്ചില്ല.
   കമലം അവിയലിൻെറ കഷ്ണം അടുപ്പിൽ വച്ചുമില്ല.
6. രവി ചേട്ടൻെറ കൂടെ നാടകം കണ്ടില്ല.
   രവി ചേട്ടൻെറ കൂടെ സിനിമയ്ക്കുപോയും ഇല്ല.

Model 4

a. രാജു എന്നെ വിളിക്കും.

b. അല്ലെങ്കിൽ എന്റെ വീട്ടിൽ വരും.

(a+b) രാജു എന്നെ വിളിക്കുകയോ, എന്റെ വീട്ടിൽ വരുകയോ ചെയ്യും.

1. രാമു അപ്പൂപ്പനെക്കൊണ്ടു കഥ പറയിക്കും.
   അല്ലെങ്കിൽ അമ്മൂമ്മയെ ഹിന്ദി പഠിപ്പിക്കും.

2. അയാൾ വഴക്കുകൂടും.
   അല്ലെങ്കിൽ പിണങ്ങിപ്പോകും.

3. ഇന്നെന്റെ കൂട്ടുകാരൻ വരും.
   അല്ലെങ്കിൽ അവന്റെ എഴുത്തെനിക്കു കിട്ടും.

4. അച്ഛൻ കളിപ്പാട്ടം കൊണ്ടുവരും.
   അല്ലെങ്കിൽ സിനിമയ്ക്കു കൊണ്ടുപോകും.

5. അമ്മ സദ്യ ഉണ്ടാക്കും.
   അല്ലെങ്കിൽ പുതിയ ഉടുപ്പു തച്ചുതരും.

6. അന്നമ്മ പശുവിനെ വളർത്തും.
   അല്ലെങ്കിൽ മീൻ കച്ചവടം തുടങ്ങും.

## E. Response drill

A അമ്മയെ കാണാതെ മോൻ കരയുകയോ; പിണങ്ങുകയോ ചെയ്യുന്നുണ്ടോ.

B അവൻ കരയുകയും, പിണങ്ങുകയും ഒന്നും ചെയ്യുന്നില്ല. പക്ഷെ ആഹാരം മാത്രം ശരിക്കു കഴിക്കുന്നില്ല.

1. A അദ്ദേഹം കൈക്കൂലി വാങ്ങുകയോ, കള്ളക്കടത്തു നടത്തുകയോ ചെയ്യുന്നുണ്ടോ?

   B . . . . . . . . . . . . . . . . . . . . . . . . . .
   പക്ഷെ സ്വന്തക്കാർക്കു മാത്രം ജോലി കൊടുക്കുന്നു.

2. A അവൻ ഇപ്പോൾ വായിക്കുകയോ, എഴുതുകയോ ചെയ്യുന്നുണ്ടോ?
   . . . . . . . . . . . . . . . . . . . . . . . .
   B സ്കൂളിൽ പോകാൻ മടി കാണിക്കുന്നില്ല.

3. A കുഞ്ഞ് നിൽക്കുകയോ, നടക്കുകയോ ചെയ്യുന്നുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . . . .പക്ഷെ
   കുറച്ചൊക്കെ ഇരിക്കാൻ ശ്രമിക്കുന്നുണ്ട്.

4. A അയാൾ കള്ള കുടിക്കുകയോ, ഭാര്യയെ അടിക്കുകയോ ചെയ്യുന്നുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . .
   പക്ഷെ പണം ഒന്നും വീട്ടിൽ കൊടുക്കുന്നില്ലത്രേ.

5. A സീത ഞങ്ങളെ ഓർമ്മിക്കുകയോ, ഞങ്ങളെപ്പററി എന്തെങ്കിലും ചോദിക്കുകയോ ചെയ്യുന്നുണ്ടോ?
   B . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
   . . . . . . . . . . . . . . . . . . . . . . . .

## EXERCISES

Ia. Write the contracted forms of the following.

1. വരുകയും, പോകുകയും
2. എഴുതുകയും വായിക്കുകയും
3. മീനയും, വേണുവും
4. തയ്പിക്കുകയും, വാങ്ങിക്കുകയും
5. ഞായറാഴ്ചയും, തിങ്കളാഴ്ചയും
6. ആണെങ്കിലും, ഇല്ലെങ്കിലും
7. ഇന്നലെയും, മിനിഞ്ഞാന്നും
8. വാങ്ങിക്കുന്നവർ
9. പഠിക്കാത്തവർ
10. മററുള്ളവർ

b. Write the expanded forms of the following.

1. അല്ലേലും
2. തിന്നുകേം, കുടിക്കുകേം
3. കൊടുക്കുകേം, തരുകേം
4. വരുകേം, പോകുകേം
5. എല്ലാരിലും
6. അവനെയാണേൽ
7. ഉള്ളോരും
8. മിണ്ടാത്തോർ
9. അങ്ങനെയാണേലും
10. ഞങ്ങടേം, നിങ്ങടേം

II Fill in the blanks suitably.

1. അച്ഛൻ മകനെ വിളിക്കുകയോ കാര്യം ——— ചെയ്തില്ല.
2. അവരം കഥയും എഴുതുന്നു, നാടകത്തിലും ———.
3. രാധ പാട്ടു പാടുകയും, വീണ ——— ചെയ്യുന്നു.
4. കുഞ്ഞു് സ്വപ്നം ——— ചിരിക്കുകയും ———.
5. അയാൾ എല്ലാവർക്കും പണം കടം ——— അവരിൽ നിന്നെല്ലാം വലിയ പലിശ ——— ചെയ്തു.
6. ഞാൻ ——— ഉണ്ടു, കൈയും കഴുകി.
7. രാഘവന്റെ മകൾ ടൈപ്പിങ്ങ് പഠിക്കുകയും കുട്ടികൾക്കു് ട്യൂഷൻ ——— ചെയ്തു.
8. ജോസഫ് ——— അന്വേഷിക്കുകയും, അയാളെ സമാധാനിപ്പിക്കുകയും ചെയ്തു.
9. അവൻ വീടും വിട്ടു, ——— മറന്നു.
10. മിനിഞ്ഞാന്നു് ——— പെയ്യുകയും വെള്ളം പൊങ്ങുകയും ———.

III Combine the given pairs of sentences using ഉക + ചെയ്യ് verb forms.

1. തങ്ങളുടെ പശുവിൽനിന്നു കിട്ടുന്ന പാലിന്റെ പകുതിയിലധികം അവർ ഉപയോഗിക്കുന്നു. ബാക്കി അവർ അയൽക്കാർക്കു് വിൽക്കുന്നു.
2. കമലതന്നെ പാട്ടു പാടുന്നു.
   കമല നൃത്തം ചെയ്യുന്നു.
3. രാമൻ കിണററിലെ കയർ അറുത്തു.
   അവൻ തൊട്ടി കിണററിൽ ഇട്ടു.
4. അവരം വീട്ടിലെ ജോലി നോക്കുന്നു.
   അവരം ടീച്ചർ കൊടുക്കുന്ന ഗൃഹപാഠം ഒക്കെ ചെയ്യുന്നു.
5. ഞാൻ എല്ലാവരുടേയും പേരു ലിസ്റ്റിൽ എഴുതി.
   ഞാൻ അവരെയൊക്കെ പോയി വിളിച്ചു.
6. ഞാൻ മഴ നനഞ്ഞു.
   എനിക്കു പനി വന്നു.
7. ഞാൻ ശമ്പളം വാങ്ങിയില്ല.
   ഞാൻ കടം വീട്ടിയില്ല.
8. ദാമോദരൻ അവളെ സഹായിച്ചില്ല.
   ദാമോദരൻ അവളെ ഉപദ്രവിച്ചില്ല.

9. ഗീതയുടെ വീട്ടുകാർ കല്യാണത്തിനു സമ്മതിച്ചില്ല.
അവരാരും കല്യാണത്തിനു വന്നില്ല.

10. ഞാൻ ഈ വീടു വിടില്ല.
ഞാൻ ഇതിൽ കൂടുതൽ വാടക കൊടുക്കില്ല.

## IV Rewrite the sentences using emphatic തന്നെ+ഉക verb form.

1. അദ്ദേഹം മൂത്തമകളെ അമേരിക്കയിൽ അയയ്ക്കും.
2. ആ മുറിയും ഞങ്ങൾ പൂട്ടിയിടും.
3. പന്ത്രണ്ടു മണിക്ക് അവർ സ്റ്റേഷനിൽ എത്തും.
4. നിങ്ങൾ എത്ര പറഞ്ഞാലും അവർ ആ ജോലി കളയും.
5. ഞാൻ ഇന്നുതന്നെ എല്ലാ ജോലിയും തീർക്കും.
6. ഈ ഒഴിവുദിവസവും അവർ എന്നെ ശല്യപ്പെടുത്തും.

## V Read the conversation and answer the questions.

1. രാഘവൻ എന്തു ജോലി ചെയ്യുന്നു?
2. അവൻെറ വീട്ടിലെ സ്ഥിതി വളരെ സുഖകരമാണോ?
3. രാഘവൻെറ മൂത്തമകൾ ഇപ്പോൾ എന്തു ചെയ്യുന്നു?
4. രാഘവൻ ജോസഫിനോടു എന്തു കാര്യമാണ് പറഞ്ഞതു്?
5. ജോസഫിൻെറ മറുപടി എന്തായിരുന്നു?

## VI Fill up the dialogue for B and give a suitable title to the conversation.

**A** സാർ ഇങ്ങനെ ബസ് കാത്തു നിൽക്കുകയും, സമയം കളയുകയും ഒക്കെ ചെയ്യുന്നതെന്തിനാ? സാറിനൊരു കാർ വാങ്ങിച്ചുകൂടേ?

**B** . . . . . . . . . . . . . . . . . . . . . . . .

**A** അതെന്താ അങ്ങനെ പറഞ്ഞുകളഞ്ഞതു്? ഞാൻ സാറിനെ കളിയാക്കുക ആണെന്നോ? സ്വപ്നത്തിൽ പോലും ഞാനതു ചെയ്യില്ല. ഞാൻ കാര്യമായിട്ടു പറഞ്ഞതാ.

**B** . . . . . . . . . . . . . . . . . . . . . . . .

**A** രണ്ടുപേർക്കും ജോലിയുണ്ടല്ലോ എന്നു വിചാരിച്ചു പറഞ്ഞതാ. സാറിനു പററിയില്ലെങ്കിൽ പിന്നെ ആർക്കാ സാർ ഇതൊക്കെ സാധിക്കുക?

**B** . . . . . . . . . . . . . . . . . . . . . . . .

**A** അതും ശരിയാ. കാർ വാങ്ങിക്കുന്നതിനെക്കാൾ പ്രയാസം അതു തന്നെയാ. പെട്രോളിൻെറ വില എങ്ങനെയാ പോകുന്നതു്! ഇതിനൊരവസാനം ഇല്ലേ?

**B** . . . . . . . . . . . . . . . . . . . . . . . .

A അതിനെന്താണ്ം വഴി?

B . . . . . . . . . . . . . . . . . . . . . . . .

A നമ്മുടെ നാട്ടിലും എണ്ണ ഉള്ള സ്ഥലം കണ്ടുപിടിക്കാൻ ശ്രമം നടത്തുന്നുണ്ട ല്ലോ.

B . . . . . . . . . . . . . . . . . . . . . . . .

A അറബി രാജ്യങ്ങളുടെ കാര്യം നമ്മുടെ കാര്യവുമായി തട്ടിച്ചു നോക്കാൻ പററില്ല.

B . . . . . . . . . . . . . . . . . . . . . . . .

A എന്തൊക്കെയായാലും എനിക്കു ആ രാജ്യങ്ങൾ ഒരിക്കൽ കാണണം എന്നു പോലും തോന്നിയിട്ടില്ല.

B . . . . . . . . . . . . . . . . . . . . . . .

A പക്ഷെ പണമാണോ സാറേ കാര്യം? നമ്മുടെ നാട്ടിന്റെ ഈ പ്രകൃതി ഭംഗി കണ്ടാൽ പോരേ മനസ്സു് നിറയാൻ?

B . . . . . . . . . . . . . . . . . . . . . . . .

A അതും ശരി. മനുഷ്യന്റെ മനസ്സു നിറഞ്ഞാൽ മാത്രം പോരല്ലോ. വയറും നിറയ്ക്കണമല്ലോ.

## VOCABULARY

| | | | |
|---|---|---|---|
| അലമാരി | 'almirah' | വ്യാപാരം | 'business' |
| തോതു് | 'scale' | വില്പന | 'sale' |
| മറിച്ചു് | 'having turned on the other hand, vice versa' | | |
| മുറിക്കു് | 'cut' | ആലോചിക്കു് | 'to think' |
| ഒരൊററ | 'single' | ടൈപ്പിങ്ങ് | 'typing' |
| ചുരുക്കെഴുത്തു് | 'shorthand' | ട്യൂഷൻ | 'tuition' |
| വരുമാനം | 'income' | | |
| പോക്കുവരവു് | 'going and coming' | | |
| തൽക്കാലത്തേയ്ക്കു് | 'for the time being' | | |
| സ്ഥിരപ്പെടുത്തു് | 'to confirm' to make permanent' | | |
| മനസ്സിരുത്തു് | 'to bear in mind, to take interest in' | | |
| വെപ്രാളപ്പെടു് | 'to be nervous and anxious ' | | |
| വഴി ഉണ്ടാക്കു് | 'to find out a way' | | |

## NOTES

22.67.1 Compound sentences with conjunctive particle –ഉം or disjunctive–ഓ are introduced.

(a) തുണി വാങ്ങിക്കുകയും തയ്പിക്കുകയും ചെയ്യാം.

Clothes can be bought and stitched.

(b) അവൾ ഉണ്ണുകയും ഉറങ്ങുകയും ചെയ്യില്ല.

She will not eat or sleep.

(c) ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുകയോ, വേദനിപ്പിക്കുകയോ ചെയ്യുന്നില്ല.

Neither I am blaming you nor am I paining you.

(d) അവൾ പറയുകയോ, എഴുതുകയോ ചെയ്യും.

She will say or write.

22.67.2 The different sentences are combined by the addition of –ഉം or –ഓ to the verbal noun form (with ഉക) of the concerned verb and by using the appropriate form of verb ചെയ്യ്. Any number of sentences can be combined this way.

| | |
|---|---|
| അമ്മ തുണി നനയ്ക്കുന്നു | Mummy washes clothes. |
| പാത്രം തേയ്ക്കുന്നു | She cleans vessels. |
| അടുക്കളജോലി ചെയ്യുന്നു. | She does the kitchen work. |
| കുട്ടികളെ പഠിപ്പിക്കുന്നു. | She teaches the children. |
| അമ്മ തുണി നനയ്ക്കുകയും, പാത്രം തേയ്ക്കുകയും, അടുക്കളജോലി ചെയ്യുകയും, കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നു. | Mummy washes the clothes, cleans the vessels, does the kitchen work and teaches the children. |

# UNIT 23

# LESSON 68

## അപ്പൂപ്പൻ കഥകൾ പറഞ്ഞു തരുമായിരുന്നു.

### CONVERSATION

| | | |
|---|---|---|
| കുസുമ: | ഓണം അടുക്കാറായി. ഇനി രണ്ടാഴ്ചക്കൂടി കഴിഞ്ഞാൽ പള്ളിക്കൂടം അടയ്ക്കും. അപ്പോ ഞങ്ങളൊക്കെ നാട്ടിൽ പോകും. വസന്തയോ? | Onam is fast approaching . The school will be closed after two weeks. Then we will all go to our native place. What about you, Vasantha ? |
| വസന്ത: | ഞാനെവിടെ പോകാനാ? ഞങ്ങളുടെ നാട്ട് ഇവിടെത്തന്നെയല്ലേ? ഇല്ലേലും ഓണം എന്നു പറഞ്ഞാലും എനിക്കത്ര രസമൊന്നുമില്ല. | Where am I to go ? Isn't this our native place ? Even otherwise I don't have any fun at the mention of Onam. |

| | | |
|---|---|---|
| കുസുമ: | അയ്യോ! അതെന്താ? | So sad ! Why is it so ? |
| വസന്ത: | ഞങ്ങളുടെ അച്ഛൻ പട്ടാളത്തിലല്ലേ? അച്ഛന് അത്രവേഗമൊന്നും അവധി കിട്ടുകേല. കഴിഞ്ഞ ഓണത്തിന് വരുമെന്ന് എഴുതിയിരുന്നെങ്കിലും അച്ഛന് ഒടുക്കം ആയപ്പോ അവധി കിട്ടിയില്ല. അച്ഛൻ വരാഞ്ഞതു കാരണം ഞങ്ങടെ വീട്ടിൽ ഓണം കൊണ്ടാടിയതുമില്ല. | Isn't our father serving in the army ? He will not get leave so easily. Though he had written that he would come he didn't get leave in the end for last Onam. Because he didn't come we didn't celebrate Onam in our house. |
| കുസുമ: | പുതിയ ഉടുപ്പൊന്നും തച്ചില്ലേ? തിരുവോണത്തിന് പായസോം, നേന്ത്രയ്ക്കാ ഉപ്പേരീം ഒന്നും ഉണ്ടാക്കീലേ? | Didn't you stitch new clothes ? Didn't (they) make in your home banana chips and payasam ? |
| വസന്ത: | ഇല്ല. ഒന്നുമില്ലായിരുന്നു. അച്ഛൻ വരാഞ്ഞാൽ പിന്നെ അമ്മേടെ കയ്യിൽ അതിനൊക്കെ പൈസ എവിടുന്നാ? | No . There was nothing. If daddy doesn't come how will mummy have any money for such things ? |
| കുസുമ: | ഇത്തവണയോ? | What about this time ? |
| വസന്ത: | ഇത്തവണ അച്ഛൻ ഓണത്തിനു വരുന്നതിനെപ്പററി ഒന്നും എഴുതിയിട്ടേ ഇല്ല. പക്ഷെ അമ്മ എനിക്കൊരു പുത്തൻ പാവാടേം, ബ്ലൗസും തയ്പിച്ചു തരാമെന്നു പറഞ്ഞിട്ടുണ്ട്. അമ്മേടെ പഴയ ഒരു സാരി വെട്ടിയാണ് തയ്പിക്കാൻ പോകുന്നതു്. | Daddy has not written anything regarding his coming for Onam. But mummy has told that she will get a skirt and blouse stitched for me. She is going to cut one of her old sarees and make them. |
| കുസുമ: | അതെനിക്കറിയാമല്ലോ. അന്നു ഞാൻ കേൾക്കെയാണല്ലോ പറഞ്ഞതു്. | I know that. I heard when she said that. |
| വസന്ത: | നിനക്ക് എത്ര ഓണക്കോടി കിട്ടും? | How many Onam dresses will you get ? |

| | | |
|---|---|---|
| കുസുമ: | എനിക്കു ബോംബേന്നു് അമ്മാവൻ ഒരു ഫ്റോക്കു വാങ്ങി അയച്ചിട്ടുണ്ടു് എന്നു് എഴുത്തു വന്നു. അതിവിടെ എത്താറായിക്കാണും. നാളെയോ, മററന്നാളോ കിട്ടുമായിരിക്കും. പിന്നെ അച്ഛനും രണ്ടുമൂന്നു പട്ടു പാവാട വാങ്ങിത്തരും. | I got a letter that my uncle has sent a frock from Bombay. I will get it soon. I may get it tomorrow or day after. Then my daddy also will get me two or three silk skirts. |
| വസന്ത: | കുട്ടീടെ അച്ഛനു് ഒരു പാടു് പണമുണ്ടു്, അല്ലേ? | Your daddy has a lot of money. Hasn't he ? |
| കുസുമ: | അച്ഛൻ പ്രൈവററു് ഡോക്ടറാ. രോഗികളെല്ലാം ധാരാളം പണം കൊടുക്കും. | My daddy is a doctor with private practice. His patients will give a lot of money. |
| വസന്ത: | നിൻെറ കാര്യം പറയുമ്പോഴൊക്കെ ഇതുതന്നെയാ അമ്മയും എന്നോടു പറയുന്നതു്. എൻെറ അച്ഛനും ഒരു പ്രൈവററു് ഡോക്ടറായാൽ മതിയായിരുന്നു. | That is what our mummy also says when we tell her about you. My daddy should have been a doctor with private practice. |
| കുസുമ: | വസന്തയ്ക്കു് എൻെറ അമ്മാവനെപ്പോലത്തെ സ്വന്തക്കാരൊന്നുമില്ലേ? അവരാരും വാങ്ങിത്തരുലേ? | Don't you have relatives like my uncle ? Don't they all buy anything for you ? |
| വസന്ത: | ഞങ്ങടെ സ്വന്തക്കാരൊക്കെ ഞങ്ങളെക്കാളും പാവങ്ങളാ കുസുമേ. ഞങ്ങടെ അപ്പൂപ്പൻ ഉണ്ടായിരുന്നപ്പോ മാത്രം ഞങ്ങൾക്കെല്ലാം ഓണക്കോടി വാങ്ങിത്തരുമായിരുന്നു. അപ്പൂപ്പൻ ഞങ്ങൾക്കു് നല്ല നല്ല കഥകളും പറഞ്ഞുതരുമായിരുന്നു. അപ്പൂപ്പൻ മരിച്ചിട്ടിപ്പോ അഞ്ചു വർഷമായി. | Our relatives are all poorer than us. Only when our grandfather was alive he used to get us new clothes. Grandfather used to tell us good stories. It is five years since he died. |

| | | |
|---|---|---|
| കുസുമ: | കഷ്ടം! | So sad ! |
| വസന്ത: | ആ കഥയൊക്കെ ഞാൻ പിന്നെ പറഞ്ഞുതരാം. അതാ നോക്കു, കിട്ടുപിള്ള മണിയടിക്കാൻ പോകുന്നു. ക്ലാസ്സു തുടങ്ങാറായി. | I shall tell you those stories later. Look there! Kittu Pillai is going to ring the bell. It is time for the class. |

## DRILLS

### A. Repetition drill

### a. Pronunciation practice

1. ഞങ്ങളുടെ> ഞങ്ങൾടെ> ഞങ്ങടെ
   നിങ്ങളുടെ> നിങ്ങൾടെ> നിങ്ങടെ
   നമ്മളുടെ> നമ്മൾടെ> നമ്മടെ
   അവളുടെ> അവൾടെ> അവടെ
   അയാളുടെ> അയാൾടെ> അയാടെ

2. ഇല്ലെങ്കിലും> ഇല്ലേലും
   അല്ലെങ്കിലും> അല്ലേലും
   അവനെങ്കിലും> അവനേലും
   അവളെങ്കിലും> അവളേലും
   മോരെങ്കിലും> മോരേലും

3. കിട്ടുകയില്ല> കിട്ടുകേല> കിട്ടൂല
   വരുകയില്ല> വരുകേല> വരൂല
   തിന്നുകയില്ല> തിന്നുകേല> തിന്നൂല
   പറയുകയില്ല> പറയുകേല> പറയൂല
   ഓടുകയില്ല> ഓടുകേല> ഓടൂല

4. പാവാടയും, ബ്ലൗസും> പാവാടേം, ബ്ലൗസും
   തലയും, കാലും> തലേം, കാലും
   അമ്മയും, ഞാനും> അമ്മേം, ഞാനും
   മലയും, കല്ലും > മലേം, കല്ലും
   പേനയും, പെൻസിലും> പേനേം, പെൻസിലും
   ഓണവും, വിഷുവും, > ഓണോം വിഷൂം

b. ഓണം അടുക്കാറായി.
മഴ പെയ്യാറായി.
വീട്ട് എത്താറായി.
മണി അടിക്കാറായി.

c. അച്ഛൻ വരാഞ്ഞ കാരണം ഓണം ആഘോഷിച്ചില്ല.
നീ എഴുതാഞ്ഞതുകൊണ്ട് ഞാനും എഴുതിയില്ല:
പണം ഇല്ലാഞ്ഞാൽ പിന്നെ എന്തു ചെയ്യും?

d. അപ്പൂപ്പൻ ഞങ്ങൾക്കൊക്കെ ഓണക്കോടി വാങ്ങിച്ചു തരുമായിരുന്നു.
ലീല പാട്ടുപാടി ഞങ്ങളെ രസിപ്പിക്കുമായിരുന്നു.
പണ്ടൊക്കെ ഞങ്ങൾ എന്നും അമ്പലത്തിൽ പോകുമായിരുന്നു.

e. ഞാൻ കേൾക്കെ അമ്മ പറഞ്ഞു.

## B. Build up drill

Model

ആകാറായി
അഞ്ച്
അഞ്ചാകാറായി
മണി
മണി അഞ്ചാകാറായി
ഇപ്പോൾ മണി അഞ്ചാകാറായി.

1. കിട്ടിയില്ല
ബസ്സ് കിട്ടിയില്ല.
നടക്കാഞ്ഞതുകൊണ്ട് ബസ്സ് കിട്ടിയില്ല.
വേഗം വേഗം നടക്കാഞ്ഞതുകൊണ്ട് ബസ്സ് കിട്ടിയില്ല.
നീ വേഗം വേഗം നടക്കാഞ്ഞതുകൊണ്ട് ബസ്സ് കിട്ടിയില്ല.

2. പഠിക്കുമായിരുന്നു.
താമസിച്ചു പഠിക്കുമായിരുന്നു.
വീട്ടിൽ താമസിച്ചു പഠിക്കുമായിരുന്നു.
ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിക്കുമായിരുന്നു.
വിദ്യാർഥികൾ ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിക്കുമായിരുന്നു.
പ്രാചീന ഭാരതത്തിലെ വിദ്യാർഥികൾ ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിക്കുമായിരുന്നു.
പണ്ടൊക്കെ പ്രാചീന ഭാരതത്തിലെ വിദ്യാർഥികൾ ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിക്കുമായിരുന്നു.

## C. Restatement drill

### Model 1

ട്രെയിൻ വരാൻ സമയമായി.
ട്രെയിൻ വരാറായി.

1. പരീക്ഷ അടുക്കാൻ സമയമായി.
2. വീട്ടിൽ പോകാൻ സമയമായി.
3. ഊണു കഴിക്കാൻ സമയമായി.
4. കുഞ്ഞിനു് ഉറങ്ങാൻ സമയമായി.
5. വിളക്കു കത്തിക്കാൻ സമയമായി.
6. രോഗിക്കു മരുന്നു കൊടുക്കാൻ സമയമായി.

### Model 2

പാഠം പഠിക്കാൻ സമയമായിരുന്നു.
പാഠം പഠിക്കാറായിരുന്നു.

1. കുട്ടികൾക്കു കളിക്കാൻ സമയമായിരുന്നു.
2. അയാൾക്കു വീടുവയ്ക്കാൻ സമയമായിരുന്നു.
3. സ്കൂൾ അടയ്ക്കാൻ സമയമായിരുന്നു.
4. മഴ പെയ്യാൻ സമയമായിരുന്നു.
5. സ്ഥലം വിടാൻ സമയമായിരുന്നു.
6. ബസ്സ് എത്താൻ സമയമായിരുന്നു.

### Model 3

അവൾ മിണ്ടാത്തതുകാരണം ഞാൻ വെറുതെ വന്നു.
അവൾ മിണ്ടാത്തതുകൊണ്ടു് ഞാൻ വെറുതെ വന്നു.

1. കുട്ടികൾ ഉണ്ണാത്തതുകാരണം അമ്മ വഴക്കു പറഞ്ഞു.
2. ആരും വരാത്തതുകാരണം ഞാനും പോയില്ല.
3. പടം വരയ്ക്കാത്തതുകാരണം സമ്മാനം കിട്ടിയില്ല.
4. വെള്ളം കുടിക്കാത്തതുകാരണം ദാഹം തോന്നി.
5. മഴ പെയ്യാത്തതുകാരണം ഉഷ്ണം കൂടി.
6. ഉടമസ്ഥൻ വാടക കൂട്ടിയതുകാരണം വാടകക്കാർ ആ വീടു വിട്ടു പോയി.

Model 4

പൈലി എന്നും വൈകുന്നേരം കള്ളു കുടിക്കാറുണ്ടായിരുന്നു.
പൈലി എന്നും വൈകുന്നേരം കള്ളു കുടിക്കുമായിരുന്നു.

1. സരള കുട്ടിക്കാലം മുതലേ കവിത എഴുതാറുണ്ടായിരുന്നു.
2. ഫ്ളോറൻസ് ചെറുപ്പം മുതലേ പാവങ്ങളോടു ദയ കാണിക്കാറുണ്ടായിരുന്നു.
3. രാജാക്കന്മാർ കുറ്റക്കാരെ ക്രൂരമായി ശിക്ഷിക്കാറുണ്ടായിരുന്നു.
4. ആദ്യമാദ്യം അയാൾ ദിവസവും സിഗരറ്റ് വലിക്കാറുണ്ടായിരുന്നു.
5. പണ്ടൊക്കെ ആളുകൾ എല്ലാ ഉത്സവങ്ങളും ആഘോഷിക്കാറുണ്ടായിരുന്നു.
6. മോഹനൻ എല്ലാ ക്ലാസുകളിലും ഒന്നാംസ്ഥാനം നേടാറുണ്ടായിരുന്നു.

## D. Response drill

Model

**A:** പരീക്ഷ അടുക്കാറായി. നീ എല്ലാം പഠിച്ചു കഴിഞ്ഞോ?

**B:** അടുക്കാറൊന്നും ആയില്ല. ഇനീം ഒരു മാസമില്ലേ? നീ എന്തിനിങ്ങനെ വെപ്രാളപ്പെടുന്നു. ഞാൻ പഠിക്കാൻ തുടങ്ങിയിട്ടേയുള്ളൂ.

1. **A:** മണിയടിക്കാറായി. വേഗം ഉണ്ണ്.
   **B:** ....................................ഇനീം പത്തു മിനിട്ടില്ലേ? നീ....................................? ഞാൻ ഉണ്ണാൻ തുടങ്ങിയിട്ടേയുള്ളൂ.

2. **A:** ടീച്ചർ വരാറായി. വേഗം എഴുത്.
   **B:** .................................... ഇനീ.................................................? ഞാൻ..........................................................

3. **A:** അമ്മ പോകാറായി. നീ പുസ്തകങ്ങളൊക്കെ എടുക്ക്.
   **B:** ....................................ഇനീം ......................? ഞാൻ...............................

4. **A:** പച്ചക്കറിയൊക്കെ വേവാറായി. നീ വേഗം ആ കൂട്ടൊന്നരയ്ക്ക്.
   **B:** ....................................ഇനീം കുറച്ചുകൂടി വേവട്ടെ. ഞാൻ...............................

5. **A:** മഴ പെയ്യാറായി. വേഗം തുണിയൊക്കെ നനയ്ക്ക്.
   **B:** ....................................
   ....................................

## EXERCISES

I Write the contracted forms.

1. ഇയാളുടെ
2. വിമലയും സരളയും
3. നിങ്ങളെങ്കിലും
4. ആർക്കെങ്കിലും
5. വായിക്കുകയില്ല
6. തയിരെങ്കിലും
7. കാര്യവും സമയവും
8. മാസവും ദിവസവും
9. ഗുരുവും ശിഷ്യനും
10. എന്നേയും നിന്നേയും

II Fill in the blanks suitably adding the forms —ആറായി, —ആഞ്ഞതുകൊണ്ട് —ഉം, ആയിരുന്നു to the given verbs appropriately.

1. രാവിലേയും വൈകുന്നേരവും ആറു മൈലിലധികം നടന്ന് ഞങ്ങൾ സ്കൂളിൽ ———. (പോക്)
2. ജോലി ——— ആ ചെറുപ്പക്കാരൻ കുളത്തിൽ ചാടി മരിച്ചു. (കിട്ട്)
3. പണ്ടൊക്കെ ആളുകൾ പരസ്പരം കുറേക്കൂടി സ്നേഹത്തോടെ ——— (പെരുമാറ്)
4. പണമൊക്കെ ———; അതുകൊണ്ട് ഞാനിനി നിനക്കു തരില്ല (തീര്)
5. സ്വന്തമായി വീട് ——— ഇങ്ങനെ കഷ്ടപ്പെടേണ്ടി വരുന്നു (വയ്ക്ക്)
6. രമണി തനിയെ കാറോടിച്ചു കോളേജിൽ ———. (വര്)
7. വിരുന്നുകാർ പറഞ്ഞ സമയത്തിന് ——— ലളിത വച്ചചോറും, കറിയും ഒക്കെ ആറിത്തണുത്തുപോയി (എത്ത്)
8. സ്കൂൾ മണി ——— , വേഗം നടക്കു് ഇല്ലെങ്കിൽ നമ്മൾ താമസിക്കും. (അടിക്ക്)
9. അഞ്ചു വയസ്സാകുന്നതുവരെയും അമ്മ എനിക്കു് ഉരുള ———. (ഉരുട്ടി തര്)
10. എന്റെ കത്തിന് അച്ഛന്റെ മറുപടി ——— ഞാൻ വീണ്ടും ഒരിക്കൽ കൂടി എഴുതി. (കിട്ട്)

III Rewrite the sentences substituting the underlined verb form with the negative participle ആഞ്ഞതുകൊണ്ട്.

1. കുട്ടികൾ ഇല്ലാത്തകാരണം വീട് നിശബ്ദമായിരിക്കുന്നു.
2. വീട്ടുകാർ ഒന്നും കൊടുക്കാത്തകാരണം ഭിക്ഷക്കാരൻ ശപിച്ചു കൊണ്ടിറങ്ങിപ്പോയി.
3. രാവിലെ മുതൽ ഒന്നും കഴിക്കാത്ത കാരണം രാത്രി ആയപ്പോ തല കറങ്ങിത്തുടങ്ങി.
4. വിക്രമന് പണം കടം കൊടുക്കാത്തകാരണം അവൻ എന്നോട് പിണങ്ങി.
5. അമ്മ വിളിക്കാത്ത കാരണം മോൻ ഉണ്ണാതെ തന്നെ കിടന്നുറങ്ങി.
6. ചോദിച്ചതിന് ഉത്തരം പറയാത്തകാരണം അവനെ ക്ലാസിൽനിന്നു വെളിയിലിറക്കി.

IV Rewrite the following sentences using habitual past tense verb by adding the form ആയിരുന്നു appropriately.

1. വീട്ടുജോലികളെല്ലാം അമ്മതന്നെ ചെയ്തു.
2. കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അവൻ നന്നായി പ്രസംഗിച്ചു.
3. രാവിലേയും, വൈകുന്നേരവും അദ്ദേഹം നടക്കാൻ പോയി.
4. നേതാവ് എല്ലാ കാര്യങ്ങളെപ്പറ്റിയും അഭിപ്രായം പറഞ്ഞു.
5. രമണി പല ഇൻറർവ്യൂവിനും പോകണമെന്നു വിചാരിച്ചു.
6. വീട്ടിൽ നിന്നിറങ്ങിയാൽ പല ഹോട്ടലിലും കയറിയിറങ്ങി രാത്രി വളരെ താമസിച്ച് അയാൾ വീട്ടിൽ എത്തി.

V Answer the following with reference to the conversation.

1. എവിടെവച്ചാണ് കുസുമയും, വസന്തയും തമ്മിലുള്ള സംഭാഷണം നടക്കുന്നത്? അവർ തമ്മിലുള്ള ബന്ധം എന്താണ്?
2. വസന്തയുടെ കുടുംബസ്ഥിതിയെപ്പറ്റി ഒരു ചെറിയ കുറിപ്പെഴുതുക.
3. കുസുമയുടെ വീട്ടുകാരെപ്പറ്റി നിങ്ങൾക്കെന്തു മനസ്സിലായി?

## VI Fill up the gaps in the passage appropriately.

തോമസും, ഭാസ്കരനും തൊഴിലാളിമാരാണു്. രണ്ടുപേരും വലിയ ——— ആണു്. അവരുടെ സ്നേഹബന്ധം ഇന്നും, ഇന്നലെയും തുടങ്ങിയതല്ല. അവർ സ്കൂളിൽ ——— കാലംതൊട്ടേ ഉള്ളതാണു്. രണ്ടുപേരും പാവപ്പെട്ടവരാണു്. പക്ഷെ ഭാസ്കരൻെറ കുടുംബസ്ഥിതി വളരെ ——— ആണു്. കാരണം അവിടെ ആളുകൾ കൂടുതൽ ഉണ്ടെന്നുള്ളതുതന്നെ. അവനെ ആശ്രയിച്ച ——— പത്തുപേരാണു്. അവർക്കെല്ലാം ആഹാരവും, ——— കൊടുക്കേണ്ട ചുമതല അവൻേറതാണു്. അവൻെറ നിസാരമായ ——— കൊണ്ടു ഈ വലിയ ചെലവുകൾ ഒക്കെ നടത്തുക എന്നതു പ്രയാസമേറിയ ഒരു കാര്യം തന്നെ. ഫാക്ടറിയിലെ ——— കഴിഞ്ഞു വീട്ടിൽ വന്നാലും അവനു് ഒരു സമാധാനവും ഇല്ല. ഇരുട്ടു ——— അവൻെറ ജീവിതത്തിൽ അല്പമെങ്കിലും വെളിച്ചം വീശുന്നതു് തോമസിൻെറ കൂട്ടുകെട്ടാണു്. തമാശക്കാരനും, ——— ആയ തോമസിൻെറ വാക്കുകളിലാണു് ഭാസ്കരൻ സന്തോഷം ശ്രവിക്കുന്നതു്. തോമസിൻെറ വീട്ടിലും ദാരിദ്ര്യം ഇല്ല എന്നല്ല. പക്ഷെ അധികം ആളുകളില്ലാത്തതു കൊണ്ടു് വലിയ ——— ഇല്ല. ഒരു സഹോദരിയും, അമ്മയും മാത്രമേ ———. അച്ഛൻ മരിച്ചതു് അവൻ കുട്ടി ——— ആയിരുന്നു. അവൻ അനിയത്തി റോസിയെ ജീവനെ ——— ആണു് ഇഷ്ടപ്പെടുന്നതു്. റോസിയുടെ ഏതാഗ്രഹവും ——— കൊടുക്കാൻ അവൻ തയ്യാറുമാണു്. ഭാസ്കരൻ അവരുടെ വീട്ടിൽ നിത്യ സന്ദർശകനാണു്. റോസിക്കും, അമ്മയ്ക്കും ഒക്കെ ——— വലിയ കാര്യമാണു്. അവരുടെ വീട്ടിലെ ——— ആയിട്ടാണു് അവനെ അവർ കണക്കാക്കുന്നതു്. അവർ ക്രിസ്തുമസ് ——— ഭാസ്കരനാണു് മുഖ്യാതിഥി. അവരുടെ കഴിവനുസരിച്ചു് മധുരപലഹാരങ്ങളും, ———, ഇറച്ചിയും ഒക്കെ പല വിധത്തിൽ ——— ഭാസ്കരനെ സൽക്കരിക്കും. ഭാസ്കരൻ ——— ആകെപ്പാടെ ഒരുത്സവമാണു് തോമസിൻെറ വീട്ടിൽ. അപ്പോൾ പിന്നെ ക്രിസ്തുമസ് ദിവസത്തിൻെറ കാര്യം പറയാനുമില്ലല്ലോ.

## VOCABULARY

| | | | |
|---|---|---|---|
| അടുക്കു് | 'to approach' | പള്ളിക്കൂടം | 'school' |
| പട്ടാളം | 'army' | | |
| ഒടുക്കം=അവസാനം | 'the end' | കൊണ്ടാടു് | 'to celebrate' |
| ഉടുപ്പു് | 'dress, stitched garment' | | |
| നേന്ത്രയ്ക്ക | 'banana' | ഇത്തവണ | 'this time' |
| പുത്തൻ=പുതിയ | 'new' | പാവാട | 'long skirt' |
| ബ്ലൗസ് | 'blouse' | വെട്ടു് | 'to cut' |
| ഫ്രോക്കു് | 'frock' | പട്ടു് | 'silk' |
| ഒരുപാടു് | 'a lot' | പ്രൈവറ്റു് | 'private' |
| സ്വന്തക്കാർ | 'relatives' | പാവങ്ങൾ | 'poor people' |
| ഓണക്കോടി | 'the new dress bought for Onam festival' | | |
| മണി | 'bell' | മണിയടിക്കു് | 'to ring the bell' |

## NOTES

23·68·1. A few miscellaneous usages are introduced.

23·68·2. When the verb stem takes the suffixes ആറു് and ആയി in succession the resulting combination indicates impending future. It means that the action mentioned is about to happen, ie., very imminent.

(a) ഓണം അടുക്കാറായി Onam is fast approaching.

(b) ട്രെയിൻ വരാറായി The train is about to come
It is time for the arrival of the train.

Instead of ആയി if ആയിരുന്നു is, used it indicates the past and ആയിരിക്കും denotes indefinite future form.

(a) അപ്പോഴും മണി അഞ്ചാകാറായിരുന്നു.
Then the time was nearing five.

(b) അയാളും. വീടുവച്ചു തീർക്കാറായിരിക്കും.
He might have nearly finished building the house.

23·68·3. Instead of the -ആത്ത form for the negative verbal adjective —ആഞ്ഞ is used.

(a) അച്ഛൻ വരാത്തകാരണം ഓണം കൊണ്ടാടിയില്ല.

(b) അച്ഛൻ വരാഞ്ഞകാരണം ഓണം കൊണ്ടാടിയില്ല.
Because father didn't come we didn't celebrate Onam.

It may be noted that the corresponding verbal participle ആഞ്ഞു് can take conditional —ആൽ directly.

(a) അച്ഛൻ വരാഞ്ഞാൽ അമ്മേടെ കയ്യിൽ പണം എവിടുന്നാ?

(b) അച്ഛൻ വരാതെ ഇരുന്നാൽ അമ്മേടെ കയ്യിൽ പണം എവിടുന്നാ
If daddy doesn't come how will mummy have money ?

23·68·4. The future tense verb with the addition of the form ആയിരുന്നു indicates past habitual meaning.

അപ്പൂപ്പൻ ഓണക്കോടി വാങ്ങിച്ചു തരുമായിരുന്നു.
Grandfather used to buy the Onam dress for us.

23·58·5. Note the usage of കേൾക്കെ in the following sentence from the lesson:
ഞാൻ കേൾക്കെയാണല്ലോ പറഞ്ഞതു്.
(They) told when I could hear (it).
-എ added after the verb stem results in a kind of verbal participle as shown.

UNIT 24

LESSON 69

# രാമചരിതം പന്ത്രണ്ടാം നൂററാണ്ടിൽ എഴുതപ്പെട്ടതാണത്രേ.

## CONVERSATION

| | | |
|---|---|---|
| മാധ്വർ: | മലയാള ഭാഷയിലെ ആദ്യത്തെ സാഹിത്യ കൃതി രാമചരിതം അല്ലേ? | Isn't *Ramacaritam* the first literary work in Malayalam language ? |
| നായർ: | എന്നാണ് പറയപ്പെടുന്നത്. | That is what is said. |
| മാധ്വർ: | എപ്പോഴാണ് അത് എഴുതപ്പെട്ടത്? | When was it written ? |
| നായർ: | പന്ത്രണ്ടാം നൂററാണ്ടിലെന്നാണ് ഗവേഷകന്മാർ പറയുന്നത്. | The researchers opine that it was written in 12th century A.D. |

| | | |
|---|---|---|
| മാധുർ: | അപ്പോൾ പന്ത്രണ്ടാം നൂററാണ്ടിനുമുൻപ് മലയാളത്തിനു് സ്വന്തമായിട്ടൊരു സാഹിത്യം തന്നെ ഉണ്ടായിരുന്നില്ലേ? | So, before 12th century didn't Malayalam have any literature of its own? |
| നായർ: | എന്നു പറയാനൊക്കുമോ? രാമചരിതത്തിനു മുൻപ് എഴുതപ്പെട്ടതു് എന്നു പറയാവുന്ന ഒരു കൃതിയും ഗവേഷകന്മാർക്കു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പക്ഷെ വായ്മൊഴിയായി പ്രചരിച്ചിരുന്ന നാടൻ കഥകളും, നാടോടിപ്പാട്ടുകളും മലയാള ഭാഷയിലും വേണ്ടുവോളം ഉണ്ടായിരുന്നു. അവയൊന്നും എഴുതപ്പെട്ടിരുന്നില്ല എന്നു മാത്രം. | Can anyone say like that ? The researchers have not been able to get any work which could have been written before *Ramacaritam.* But even in Malayalam there were folk tales and folk songs that were orally spread. Those were not written . That is all. |
| മാധുർ: | രാമചരിതത്തിന്റെ കർത്താവാരാണു്? എഴുത്തച്ഛനല്ലേ? | Who is the author of *Ramacaritam* ? Isn't he Eluthachan ? |
| നായർ: | അല്ല. എഴുത്തച്ഛൻ പതിനാറാം നൂററാണ്ടിൽ ജീവിച്ചിരുന്ന കവിയാണു്. ആധുനിക മലയാള ഭാഷയുടെ പിതാവു് എന്നു വിളിക്കപ്പെടുന്ന മഹാകവിയാണദ്ദേഹം. അദ്ദേഹത്തിന്റെ മുഴുവൻപേരു് തുഞ്ചത്തു് രാമാനുജൻ എഴുത്തച്ഛൻ എന്നാണു്. എല്ലാ മലയാളികളാലും എന്നെന്നും ഓർമ്മിക്കപ്പെടുന്ന ഒരു മഹാകവിയാണു് എഴുത്തച്ഛൻ. | No. Eluthachan was a poet who lived in the 16th century. He was a great poet and called as the father of modern Malayalam. His full name is Thunjathu Ramanujan Eluthachan. Eluthachan is a poet who is remembered by all the Malayalis for ever. |
| മാധുർ: | അപ്പോൾ പിന്നെ രാമചരിതം എഴുതിയതാരാണു്? | Then who wrote *Ramacaritam* ? |

നായര: രാമചരിത കർത്താവിനെപ്പറ്റി കൃത്യമായ വിവരങ്ങൾ നൽകുന്ന രേഖകൾ ഒന്നും കിട്ടിയിട്ടില്ല. എങ്കിലും തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീരാമൻ എന്ന ഒരു രാജാവാണു് അതെഴുതിയതു് എന്നു് വിശ്വസിക്കപ്പെടുന്നു. കൃതിയിൽത്തന്നെ കാണുന്ന ചില സൂചനകളാണു് ഇങ്ങനെ ഒരു നിഗമനത്തിലെത്താൻ പണ്ഡിതന്മാരെ പ്രേരിപ്പിച്ചിട്ടുള്ളതു്.

We haven't got any record giving the exact details of the author of *Ramacaritam*. Still it is believed that it is written by one of the Travancore Rajas by name Sriraman. Some hints given in the work have made the scholars come to this conclusion.

മാഥുർ: രാമചരിതത്തിലെ ഭാഷയും, ഇപ്പോഴത്തെ സാഹിത്യ ഭാഷയും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

Is there any difference between the language of *Ramacaritam* and the present day literary language ?

നായർ: ഉണ്ടു്. പാട്ടു് എന്നറിയപ്പെടുന്ന ഒരു പ്രത്യേക സാഹിത്യ പ്രസ്ഥാനത്തിൽപ്പെട്ട കൃതിയാണു് രാമചരിതം. തമിഴും, മലയാളവും ചേർന്ന ഒരു തരം മിശ്ര ഭാഷയാണു് പാട്ടുകൃതികളിൽ കാണുന്നതു്. സംസ്കൃതത്തിന്റെ സ്വാധീനം ഇത്തരം കൃതികളിൽ തുലോം കുറവാണു്.

Yes. *Ramacaritam* belongs to a type of literary trend known as 'Pattu'. In 'Pattu' works, one can see some sort of a mixed language of Tamil and Malayalam. In such type of writings the influence of Sanskrit is very low.

## DRILLS

A. Repetition drill .

a. 1. വാൽമീകി ആദികവിയാണെന്നു പറയപ്പെടുന്നു.

2. എഴുത്തച്ഛൻ എല്ലാ മലയാളികളാലും ഓർമ്മിക്കപ്പെടുന്നു.

3. മിക്ക മലയാളകൃതികളിലും സംസ്കൃതത്തിന്റെ സ്വാധീനം കാണപ്പെടുന്നു.

b. 1. രാമചരിതം പന്ത്രണ്ടാം നൂററാണ്ടിൽ എഴുതപ്പെട്ടു എന്നു പണ്ഡിതന്മാർ പറയുന്നു.

2. അദ്ദേഹം എല്ലാവരാലും പുകഴ്ത്തപ്പെട്ടു.

3. ഒന്നാം നൂററാണ്ടിൽത്തന്നെ കേരളത്തിൽ ക്രിസ്തുമതം പ്രചരിക്കപ്പെട്ടു വത്രെ.

c. 1. നൂററാണ്ടുകൾ കഴിഞ്ഞാലും ഫ്ളോറൻസ് നൈററിംഗേലിൻെറ മനുഷ്യ സേവനം ഓർമ്മിക്കപ്പെടും.

2. വീണ്ടും ഒരിക്കൽക്കൂടി സമാജം സിക്രട്ടറി ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെടും.

3. ഇത്തവണയും അദ്ദേഹത്തിൻെറ കൃതികൾ സമ്മാനാർഹമായി കണക്കാക്കപ്പെടും.

B. Build up drill

Model

ഉണ്ടായിരുന്നില്ലത്രേ.

ഉണ്ടായിരുന്നില്ലത്രേ.

കൃതികൾ

കൃതികൾ ഉണ്ടായിരുന്നില്ലത്രേ.

എഴുതപ്പെട്ട

എഴുതപ്പെട്ട കൃതികൾ ഉണ്ടായിരുന്നില്ലത്രേ.

മലയാളത്തിൽ

മലയാളത്തിൽ എഴുതപ്പെട്ട കൃതികൾ ഉണ്ടായിരുന്നില്ലത്രേ.

പന്ത്രണ്ടാം നൂററാണ്ടിനു മുൻപ്

പന്ത്രണ്ടാം നൂററാണ്ടിനു മുൻപ് മലയാളത്തിൽ എഴുതപ്പെട്ട കൃതികൾ ഉണ്ടായിരുന്നില്ലത്രെ.

1. തർജ്ജമ ചെയ്യപ്പെടും

അങ്ങോട്ടുമിങ്ങോട്ടും തർജ്ജമ ചെയ്യപ്പെടും.

കൃതികൾ അങ്ങോട്ടുമിങ്ങോട്ടും തർജ്ജമ ചെയ്യപ്പെടും.

പ്രശസ്ത കൃതികൾ അങ്ങോട്ടുമിങ്ങോട്ടും തർജ്ജമ ചെയ്യപ്പെടും.

ഭാരതീയ ഭാഷകളിലെ പ്രശസ്ത കൃതികൾ അങ്ങോട്ടുമിങ്ങോട്ടും തർജ്ജമ ചെയ്യപ്പെടും.

സാഹിത്യ അക്കാദമികളുടെ പ്രവർത്തനത്താൽ ഭാരതീയ ഭാഷകളിലെ പ്രശസ്ത കൃതികൾ അങ്ങോട്ടുമിങ്ങോട്ടും തർജ്ജമ ചെയ്യപ്പെടും.

2. അണയ്ക്കപ്പെടും

വിളക്കുകളൊക്കെ അണയ്ക്കപ്പെടും.

ഹോസ്റ്റലിലെ വിളക്കുകളൊക്കെ അണയ്ക്കപ്പെടും.

പത്തുമണിക്കു് ഹോസ്റ്റലിലെ വിളക്കുകളൊക്കെ അണയ്ക്കപ്പെടും.

രാത്രി പത്തുമണിക്കു് ഹോസ്റ്റലിലെ വിളക്കുകളൊക്കെ അണയ്ക്കപ്പെടും.

## C. Transformation drill

### Model 1

ആളുകൾ കവിയെ ആദരിക്കുന്നു.

കവി ആളുകളാൽ ആദരിക്കപ്പെടുന്നു.

1. ജാതി മനുഷ്യരെ പരസ്പരം അകററി.
2. പണം ആളുകളെ കൊല്ലുന്നു.
3. പുതിയ മരുന്നു രോഗം സുഖപ്പെടുത്തി.
4. പല പഴയ കൃതികളും ഗവേഷകന്മാർ വെളിച്ചത്തു കൊണ്ടുവന്നു.
5. രാമചരിതത്തിൻെറ കർത്താവു് ഒരു ശ്രീരാമനാണെന്നു വിശ്വസിക്കുന്നു.

### Model 2

സ്കൂൾ വാർഷികോത്സവത്തിൽ എല്ലാവരാലും പ്രശംസിക്കപ്പെട്ടതു് നർത്തകിയായ രമ ആയിരുന്നു.

സ്കൂൾ വാർഷികോത്സവത്തിൽ എല്ലാവരും പ്രശംസിച്ചതു് നർത്തകിയായ രമയെ ആയിരുന്നു.

1. വള്ളത്തോളാണു് ആസ്ഥാനകവിയായി അംഗീകരിക്കപ്പെട്ടതു്.
2. ഭാരതീയ കവികളിൽ ടാഗോറാണു് മററു രാജ്യക്കാരാൽ അറിയപ്പെടുന്നതു്.
3. ഓരോരുത്തരുടെ ജോലി അനുസരിച്ചാണു് ശമ്പളവും നിശ്ചയിക്കപ്പെട്ടിരിക്കുന്നതു്.
4. ആ അമ്പലത്തിലെ വിഗ്രഹം സ്വർണ്ണമാലകളാലാണു് അലങ്കരിക്കപ്പെട്ടിട്ടുള്ളതു്.
5. നേതാവായി അദ്ദേഹമാണു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

## EXERCISES

I Fill in the blanks suitably.

1. തകഴിയാണ് മലയാളത്തിലെ ഏററവും വലിയ നോവലിസ്റ്റായി വിദേശികളാൽ ———.
2. രാമചരിതത്തിനു മുൻപ് ——— ഒരു കൃതിയും ഇതുവരെ കിട്ടിയിട്ടില്ല.
3. മലയാള സാഹിത്യത്തിൽ അന്യ ഭാഷകളുടെ ——— കാണപ്പെടുന്നുണ്ട്.
4. പേപ്പറിൽ കൂടിയാണ് നമ്മൾ വാർത്തകൾ ———.
5. എല്ലാ ഭാഷകളിലും വർത്തമാന ഭാഷയ്ക്കും, എഴുത്തു ഭാഷയ്ക്കും തമ്മിൽ വ്യത്യാസമുണ്ടെന്നാണ് പണ്ഡിതന്മാർ ———.
6. ഓണമാണ് കേരളീയരാൽ ——— ഏററവും വലിയ ഉത്സവം.
7. അമേരിക്കക്കാർ രണ്ടാം ലോകമഹായുദ്ധത്തിൽ അനേകം ജപ്പാൻകാരെ ———.

II Transform the following sentences in the active voice to their corresponding passive voice with the appropriate use of പെട്.

1. ആ തൊഴിലാളികളാണ് അത്ര വലിയ ഫാക്ടറി നിർമ്മിച്ചത്.
2. എല്ലാവരും ആ രഹസ്യം അറിഞ്ഞു.
3. ആ അധ്യായം അങ്ങനെ അവസാനിച്ചു.
4. മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജ്യം സ്ഥാപിച്ചു.
5. പല സയൻസു പുസ്തകങ്ങളും ഭാഷാ ഇൻസ്റ്റിററ്യൂട്ടുകാർ മലയാളത്തിലാക്കുന്നു.
6. വൃത്തികെട്ട പെരുമാററം കാരണം പലരും അയാളെ വെറുക്കുന്നു.
7. മന്ത്രിയുടെ സ്വാധീനം കാരണം ആണ് അയാളെ ആ ജോലിയിൽ നിയമിച്ചിരിക്കുന്നത്.
8. സിഗരററു വലിയാണ് അയാളുടെ ആരോഗ്യം നശിപ്പിച്ചത്.
9. പുതിയ തോട്ടക്കാരൻ പല ചെടികളും നട്ടു പിടിപ്പിച്ചു.
10. പല പുതിയ നിയമങ്ങളും അദ്ദേഹത്തിനെ സ്വാധീനിച്ചു.

III Answer the questions with reference to the conversation.

1. രാമചരിതം എന്ന ഗ്രന്ഥത്തെപ്പററി ഒരു കുറിപ്പെഴുതുക.
2. എഴുത്തച്ഛനെപ്പററി നിങ്ങൾക്കെന്തു മനസ്സിലായി?

IV Fill up the gaps in the passage and give a suitable title.

പുരാതനകാലം മുതൽതന്നെ വിദേശീയരാൽ ——— ഒരു രാജ്യമാണ് കേരളം. പല വിദേശരാജ്യക്കാരോടും കേരളത്തിനു വ്യാപാരബന്ധം ———. കേരളത്തിലെ കറുത്ത സ്വർണ്ണമായ കുരുമുളകിനാലാണ് വിദേശീയർ ആകർഷിക്കപ്പെട്ടിരുന്നതു്. ഇഞ്ചി, ഏലം മുതലായ സുഗന്ധദ്രവ്യങ്ങളും കേരളീയർ വിദേശീയർക്കു് ———. വളരെ വർഷങ്ങളോളം വിദേശീയരുമായി ——— കാരണം കേരള സംസ്കാരത്തിൽ മററു പല സംസ്കാരങ്ങളുടേയും സ്വാധീനം ———. ഹിന്ദുമതത്തിനു പുറമേ, ക്രിസ്തുമതം,— ഇസ്ലാംമതം, യഹൂദമതം തുടങ്ങിയ മതങ്ങളൊക്കെ വളരെക്കാലം ——— കേരളത്തിൽ ———. ഈ മതങ്ങൾ എല്ലാം സമുദ്രം വഴിയാണത്രേ ——— എത്തിച്ചേർന്നതു്. ഭാരതത്തിലെ മററു രാജ്യക്കാരോടു് ഉണ്ടായിരുന്നതിനെക്കാൾ ——— പുരാതന കേരളീയർക്കു് മററു വിദേശീയരോടു് ———പോലും. വിദേശമതങ്ങൾ ഭാരതത്തിൻെറ മററു ഭാഗങ്ങളിൽ ——— മുൻപുതന്നെ കേരളത്തിൽ ———. യേശുദേവൻെറ ശിഷ്യന്മാരിലൊരാളായ സെൻറ് തോമസ് എ.ഡി. 52ൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ ——— എന്നു് ——— വിശ്വസിക്കുന്നു. മുഹമ്മദിൻെറ കാലത്തുതന്നെ കേരളത്തിൽ ഒരു മുഹമ്മദീയ പള്ളിയും ഉണ്ടായി. അതും കൊടുങ്ങല്ലൂരിൽത്തന്നെ. ഇന്നത്തെ കൊടുങ്ങല്ലൂർ പണ്ടു് ——— മുസ്സരീസ് എന്ന പേരിലാണ് ———. അതു വലിയ ഒരു തുറമുഖം ആയിരുന്നു. അങ്ങനെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമാണ്___.

## VOCABULARY

| | | | |
|---|---|---|---|
| നൂററാണ്ടു് | 'century' | ഗവേഷകൻ | 'researcher' |
| കണ്ടെടുക്കു് | 'to find out' | വായ്മൊഴി | 'spoken language' |
| പ്രചരിക്കു് | 'to be in existence, to spread' | | |
| നാടൻകഥ | 'folk tale | നാടോടിപ്പാട്ടു് | 'folk song' |
| വേണ്ടുവോളം | 'as much as needed' | കർത്താവു് | 'author' |
| ആധുനികം | 'modern' | പിതാവു് | 'father' |
| ഭരിക്കു് | 'to rule' | വിവരങ്ങൾ | 'information' |
| കൃത്യം | 'exact' | സൂചനകൾ | 'hints' |
| നിഗമനം | 'conclusion' | | |
| പ്രേരിപ്പിക്കു് | 'to inspire, to instigate' | | |
| പ്രസ്ഥാനം | 'movement' | സ്വാധീനം | 'influence |
| മിശ്രഭാഷ | 'mixed language' | തുലോം | 'very' |

## NOTES

24·68·1. Passive sentences are introduced. In Malayalam passive structures are used only in formal speech and in written language.

24·68·2. Passive sentences are formed by adding the respective forms of the verb stem പെട് to the verbal noun form of the concerned verb. The verbal noun form is obtained by the addition of the marker -അ to the verb stem. The instrumental/causal case -ആൽ is also used. The subject in the active voice becomes causal/instrumental in the passive.

അദ്ദേഹം ശിവനെ പുകഴ്ത്തി.

He praised Sivan.

ശിവൻ അദ്ദേഹത്താൽ പുകഴ്ത്തപ്പെട്ടു.

Sivan was praised by him.

UNIT 24

LESSON 70

# റാണിയും അമ്മയും റയിൽവേസ്റ്റേഷനിൽ.

## CONVERSATION

| | | |
|---|---|---|
| റാണി: | അമ്മേ, വേഗം ഒന്നു വരു. ട്രെയിൻ വരാറായി. അതാ ആളുകരം എല്ലാം റെഡിയായി നിൽക്കുന്നു. | Mummy, please come soon. The train is about to arrive. The people are all getting ready. |
| അമ്മ: | ധൃതി പിടിക്കാതെ മോളേ. ട്രെയിൻ വരാൻ ഇനിയും സമയം ഉണ്ടു്. | Don't be in a hurry daughter. There is still time for the train to arrive. |

| | | |
|---|---|---|
| റാണി: | വേഗം വന്നില്ലെങ്കിൽ മുൻപിൽ സ്ഥലം കിട്ടില്ലമ്മേ. നോക്കൂ. ഇപ്പോഴേ ആളുകൾ തിക്കിക്കയറി കഴിഞ്ഞു. ട്രെയിനിൽ നിന്നും ഇറങ്ങുന്നതിനു മുൻപേ എനിക്കു് അമ്മാവനെ കൈ വീശി കാണിക്കണം. | If you don't come we won't get a place in the front. Now itself people have rushed to the front. I want to wave my hands to uncle before he gets down from the train. |
| അമ്മ: | വെപ്രാളപ്പെടാതെ മോളേ. ഇതു് അമ്മാവൻ വരുന്ന ട്രെയിനല്ല. മദ്രാസ് മെയിലാണു്. കേരള കർണ്ണാടക എക്സ്പ്രസ്സിലാണു് അമ്മാവൻ വരുന്നതു്. അതു വരാൻ ഇനിയും ഇരുപതു മിനിട്ടുവേണം. | Don't be in a hurry. This is not the train in which uncle arrives. This is Madras Mail. He arrives in Kerala Karnataka express. Still there are 20 minutes more for that. |
| റാണി: | എങ്കിൽ നമുക്കാ കല്ലുബെഞ്ചിൽ ഇരിക്കാം. എനിക്കു കാൽ കഴയ്ക്കുന്നു, | If that is the case let us sit on that stone bench. |
| അമ്മ: | ശരി. വരൂ. | O.K., come. |
| റാണി: | അങ്ങോട്ടു നോക്കൂ അമ്മേ. എത്ര ആളുകളാണു് ദിവസവും, വരുകയും, പോകുകയും ചെയ്യുന്നതു്! ഇവരൊക്കെ എങ്ങോട്ടാണമ്മേ എന്നും ഇങ്ങനെ പോകുന്നതു്? | Look there, mummy. How many people are coming and going every day! Where are they going like this daily? |
| അമ്മ: | മണ്ടിപ്പെണ്ണേ, ദിവസവും ഒരേ ആളുകളാണോ ഈ ട്രെയിനുകളിൽ സഞ്ചരിക്കുന്നതു്? | Foolish girl, do the same people travel in these trains daily? |

| | | |
|---|---|---|
| റാണി: | അതെനിക്കറിയാം. എന്തിനിത്രയധികം പേരു് എന്നും പോകുന്നു എന്നാണു് ഞാൻ ചോദിച്ചതു്. | I know that. Why should so many people go daily? That is my question. |
| അമ്മ: | ഇതു നല്ല ചോദ്യം? ഓരോരുത്തർക്കും ഓരോ കാര്യം കാണില്ലേ മോളേ? | This is a fine question. Won't each one of them will have something or others? |
| റാണി: | ഞാൻ അപ്പൂപ്പന്റെ കൂടെ നടക്കാൻ പോകാറുണ്ടായിരുന്നപ്പോൾ രണ്ടു മൂന്നാളുകളെ ദിവസവും കാണുമായിരുന്നു. അവരെന്നും രാവിലത്തെ ട്രെയിനിൽ എവിടെയോ പോകുമായിരുന്നു. | When I used to go with grandfather I used to see two or three persons daily. Daily they used to go somewhere by the morning train. |
| അമ്മ: | അവരു് കുറച്ചു ദൂരെ എവിടെയെങ്കിലും ജോലിയുള്ളവരായിരിക്കും. ദിവസവും പോയിട്ടു വരുമായിരിക്കും. | They must be working in a place at some distance from here. Daily they might be going and coming. |
| റാണി: | അമ്മേ എന്റെ സ്കൂളും അത്ര ദൂരെയായിരുന്നെങ്കിൽ എത്ര രസമായിരുന്നേനെ. ഞാനും എന്നും ട്രെയിനിൽ സഞ്ചരിക്കുമായിരുന്നു. അമ്മക്കിഷ്ടമല്ലേ എന്നും ട്രെയിനിൽ വരാനും, പോകാനും? | Mummy, if my school also would have been that far, how nice it would have been! I too would have journeyed in train daily. Mummy, don't you like to go and come by train daily? |
| അമ്മ: | ഇല്ല മോളേ, ഒട്ടും ഇഷ്ടമില്ല. | No, daughter. I don't at all like. |
| റാണി: | അയ്യോ! അതെന്താ അമ്മേ അങ്ങനെ? | So sad! Why is it so, Mummy? |

| | | |
|---|---|---|
| അമ്മ: | ഞാൻ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ദിവസവും ട്രെയിനിലാണു് വന്നു പൊയ്ക്കൊണ്ടിരുന്നതു്. ഇവിടുന്നു വളരെ ദൂരെയാണു് അപ്പൂപ്പൻ അന്നു താമസിച്ചിരുന്നതു്. പല ദിവസവും ട്രെയിൻ സമയത്തിനു വരാഞ്ഞു് ഞാൻ കഷ്ടപ്പെട്ടിട്ടുണ്ടു്. കോളേജിലെ പരിപാടികൾക്കു് ഒന്നിനും നിൽക്കാതെ സമയത്തിനു സ്റ്റേഷനിലെത്താൻ ഞാൻ ഓടാറുണ്ടായിരുന്നു. ഇപ്പോഴും ആ രംഗങ്ങളൊക്കെ എന്റെ മനസ്സിൽ മങ്ങാതെ കിടക്കുകയാണു്. | When I was studying in the college, daily I used to travel by train. That time your grandfather was staying far away from this place. So many days I had suffered because the trains did not come on time. I used to run to reach the station on time without waiting for the College programmes. Even now those scenes are imprinted in my mind. |
| റാണി: | അമ്മ അതിനെപ്പറ്റിയൊക്കെ കഥകളെഴുതാത്തതെന്താണു് ? | Mummy, why don't you write stories about those things? |
| അമ്മ: | എഴുതാനാണെങ്കിൽ എത്രയോ കഥകളുണ്ടു്. പക്ഷെ എഴുതപ്പെടാത്ത കഥകൾക്കാണു് മോളേ മാധുര്യം കൂടുതൽ. | If I am to write, there are so many stories. But my daughter, unwritten stories are sweeter. |
| റാണി: | എന്താണമ്മേ ഇങ്ങനെയൊക്കെ സംസാരിക്കുന്നതു്? എനിക്കു് അമ്മ പറയുന്നതൊന്നും മനസ്സിലാകുന്നില്ല. മതി അമ്മേ, നമുക്കങ്ങോട്ടു പോകാം. | Mummy, why are you talking like this? I don't understand what you say. It is enough, let us go there. |
| അമ്മ: | നിന്റെ ഒരു കാര്യം! ഒരിടത്തഞ്ചു മിനിട്ടടങ്ങിയിരിക്കാൻ വയ്യ. | You cannot keep quiet in a place even for five minutes? |

## VOCABULARY

| | | | |
|---|---|---|---|
| തിക്കിക്കയറു് | 'to rush in' | കൈവീശു് | 'to wave the hand' |
| വീശു് | 'to blow' | കല്ലു ബെഞ്ചു് | 'stone bench' |
| മണ്ടി | 'foolish girl' | രസം | 'fun' |
| കഷ്ടപ്പെടു് | 'to suffer' | സ്റ്റേഷൻ | 'station' |
| രംഗങ്ങൾ | 'scenes' | | |
| മങ്ങു് | 'to become dim, to fade' | | |
| മാധുര്യം | 'sweetness' | | |
| അടങ്ങിയിരിക്കു് | 'to sit quietly, to sit firmly' | | |
| അടങ്ങു് | 'to be controlled' | | |

## EXERCISES

I Answer the questions with reference to the conversation.

1. റാണിയും, അമ്മയും എന്തിനാണു് റെയിൽവേ സ്റ്റേഷനിൽ എത്തിയിരിക്കുന്നതു്?
2. റാണിയുടെ സംശയം എന്താണു്?
3. റാണിയുടെ അമ്മയ്ക്കു് എന്താണിഷ്ടമില്ലാത്തതു്? എന്തുകൊണ്ടാണതു്?

II Match the following.

| | |
|---|---|
| 1. അന്നൊക്കെ കൂട്ടക്കൊല | (a) പലതരത്തിലും ഉപദ്രവിക്കുകയാണു് |
| 2. ഗീത പാടുകയും നൃത്തം ചെയ്യുകയും | (b) മന്ത്രിയെവരെ കാണാറുണ്ടു് |
| 3. വീടു വാങ്ങാനും വയ്ക്കാനും ഒക്കെ | (c) വേഗം എണീക്കു് |
| 4. നീ വന്നപ്പോൾ | (d) നടക്കമായിരുന്നു |
| 5. പാവങ്ങളെ അവർ | (e) അതു നിർമ്മിക്കപ്പെട്ടതു്? |
| 6. അദ്ദേഹം ഒരു വലിയ പണ്ഡിതനാണു് | (f) പണം വേണമല്ലോ. |
| 7. എല്ലാവരും പോകാറായി; | (g) ചെയ്യുന്നില്ലേ? |
| 8. അയാൾ ഒരു ജോലിക്കുവേണ്ടി | (h) ഞാനെന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. |
| 9. ആ മഹാകവി പത്താം നൂററാണ്ടിൽ | (i) എന്നാണു് പറയപ്പെടുന്നതു്. |
| 10. ആരാലാണു് | (j) ജീവിച്ചിരുന്നു. |

III Negate the underlined verbs in the given sentence.

1. അദ്ദേഹം എല്ലാവരാലും അറിയപ്പെടുന്ന ഒരു വ്യക്തിയാണ്.
2. ഞായറാഴ്ച ഈ കടയിൽ ആളുകൾ വരുകയും, പോകുകയും ചെയ്യും.
3. ഞാൻ അദ്ദേഹത്തിനെ കാത്തിരിക്കുകയായിരുന്നു.
4. എൻെറ സ്കൂൾ തുറക്കാറായി.
5. നമ്മൾ തമ്മിൽ തർക്കിച്ചുകൊണ്ടിരിക്കുകയായിരിക്കും.
6. രാധ നമ്മുടെ വീട്ടിലോട്ട് വരുകയാണ്.
7. അവർ തമ്മിൽ സംസാരിക്കാറുണ്ട്.

IV Expand the given sentences using at least four more words for each.

1. ശാരദ പാടുകയായിരുന്നു.
2. മേൽജാതിക്കാർ ശിക്ഷിക്കാറുണ്ടായിരുന്നു.
3. അദ്ദേഹമാണ് കൊല്ലപ്പെട്ടിരിക്കുന്നതത്രേ.
4. രാഘവൻ വിൽക്കുകയും, വാങ്ങുകയും ചെയ്യുന്നു.
5. അവൻ എഴുതിത്തീരാറായി.
6. ഗവേഷകന്മാർ വിശ്വസിക്കുന്നു.
7. അന്നൊക്കെ സംഭവിക്കുമായിരുന്നു.

V Rewrite as directed.

1. മോഹനൻ പുസ്തകം വായിക്കുന്നു.
   സരള കവിത എഴുതുന്നു. (Combine using 'to do' verb, ie., ചെയ്.)
2. കേശവൻനായർ എല്ലാവരാലും വെറുക്കപ്പെടുന്നു.
   (Negate the underlined words.)
3. ഞാൻ പഴയ കാര്യങ്ങളൊക്കെ ഓർക്കുന്നു.
   (Rewrite in the past habitual verb.)
4. മനുഷ്യൻ ഉപയോഗിക്കുന്ന വസ്തു ഏതാണ്. (Negate the underlined verb.)
5. ട്രെയിൻ വരാറായി. (Rewrite the sentence in any other way without changing the meaning.)
6. ഭാരതീയർ ദീപാവലി ആഘോഷിക്കുന്നു. (Rewrite in the passive voice.)
7. എപ്പോഴാണ് നിൻെറ ജോലി സ്ഥിരപ്പെടുത്തികിട്ടിയതു്.
   (Rewrite the sentence deleting ആണ് and -ഉ verb form.)

8. അന്നു ഞാൻ ഒരു വാടകവീട്ടിൽ താമസിച്ചിരുന്നു. (Rewrite using the ഉക form of the verb+corresponding form of ആണ്‌.)

9. ആ നിഗമനത്തിൽ എത്താൻ ആരാണ്‌ നിങ്ങളെ പ്രേരിപ്പിച്ചതു്? (Transform into negative question.)

10. ആ സത്യം എല്ലാവരാലും വിസ്മരിക്കപ്പെട്ടു. (Rewrite in the active voice.)

VI Use the following words in sentences of your own.

| | |
|---|---|
| തിക്കിക്കയറു് | പെരുമാറു് |
| പറയപ്പെടു് | നിഗമനം |
| സ്വാധീനം | കൊണ്ടാടു് |
| വെപ്രാളപ്പെടു് | സ്ഥിരപ്പെടുത്തു് |
| ദേഷ്യപ്പെടു് | മുഷിവു് |
| ബുദ്ധിമോശം | ക്രൂരത |

UNIT 25

# LESSON 71

## ഹോസ്റ്റലിലെ അഴിമതി

**CONVERSATION**

| | | |
|---|---|---|
| മേനോൻ: | ഒന്നു പതുക്കെ പറയെടോ. അയാളു വരുന്നുണ്ടു്. | Please talk low. He is coming. |
| ജോസ്: | ആരു്? വാർഡനോ? | Who? Do you mean the Warden? |
| മേനോൻ: | അല്ല. അയാളുടെ വാലു്. കേശവൻ. | No. His fan, Kesavan. |

| | | |
|---|---|---|
| ഹമീദ്: | കൊള്ളാം. കേശവനല്ലേ ഇതൊക്കെ കേൾക്കേണ്ടതു്? ഇപ്പോഴേ അറിഞ്ഞോട്ടെ. ഒടുക്കം ഇതൊരു ഷോക്കാവണ്ട. നമ്മൾക്കു് ആരെയും ഇരുട്ടടി അടിക്കേണ്ട ആവശ്യമില്ലല്ലോ. എങ്ങനെയെങ്കിലും ഈ ദുർഭരണം ഒന്നവസാനിപ്പിക്കണമെന്നേയുള്ളൂ. ഇത്തരം അഴിമതി എത്രനാൾ സഹിക്കും. എന്റെ ഈശ്വരാ! | That is fine. Isn't Kesavan the person to hear all these? Let him know now itself. In the end let it not be a shock. We don't want to beat anybody in the darkness. What we want is only to put an end to this misrule. How long we can bear this kind of corruption? My God! |
| കേശവൻ: | (പ്രവേശിച്ചുകൊണ്ടു്) ദുർഭരണത്തിന്റെ കാര്യം ഒക്കെ ജനലക്ഷങ്ങളല്ലേ തീരുമാനിക്കേണ്ടതു്? നിങ്ങൾ രണ്ടുമൂന്നു കോളേജു പയ്യന്മാരുടെ കയ്യിലല്ലല്ലോ അതൊന്നും. | (Enters) Aren't there lakhs of people who have to decide about the misrule? That is not in the hands of two three college boys like you. |
| വാസുദേവൻ: | രാജ്യത്തിൽ നടക്കുന്ന ദുർഭരണത്തെപ്പററിയല്ല ഞങ്ങൾ സംസാരിക്കുന്നതു്. ഈ ഹോസ്റ്റലിലെ കാര്യങ്ങളാണു് ഞങ്ങളെ തൽക്കാലത്തേയ്ക്കു് ബാധിക്കുന്നതു്. അതാണു് ഞങ്ങളെ ഇപ്പോൾ ശല്യപ്പെടുത്തുന്നതും. | We don't talk about the misrule of the country. For the time being only the affairs of this hostel affect us. That is what is troubling us also. |
| കേശവൻ: | അപ്പോൾ ഇരുട്ടടി എന്നൊക്കെ പറഞ്ഞതു്? | Then what did you mean by beating in the darkness, etc.? |
| ജോസ്: | ഇരുട്ടടിയുടെ ആവശ്യം ഇല്ലെന്നാ പറഞ്ഞതു്. പകൽ വെളിച്ചത്തിൽ തന്നെ അതു് നടക്കും. അതിനു് അധികം താമസവുമില്ല. | What we told was that there was no necessity of beating any one in the darkness. It will take place in the day light itself. There isn't any great delay for that. |

| | | |
|---|---|---|
| കേശവൻ: | ആരെ അടിക്കാനാ നിങ്ങൾ കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്? | To beat whom, have you all become so prepared? |
| ഹമീദ്: | അതർഹിക്കുന്നവരെ. | Those who deserve that. |
| കേശവൻ: | അതാരപ്പാ ഇവിടെ അങ്ങനെയൊരുത്തൻ? പകൽ വെളിച്ചത്തിൽ അടി വാങ്ങാൻ നടക്കുന്നവൻ! എന്റെ കൂട്ടരേ, വളച്ചുകെട്ടാതെ കാര്യം അങ്ങു തുറന്നു പറയിൻ. | Who is that fellow here? He who is ready to get slaps in broad daylight! My friends, don't beat about the bush. Please tell me everything openly. |
| വാസുദേവൻ: | കേശവന് സാമാന്യ ബുദ്ധിയില്ല എന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈ നാടകമൊക്കെ ഞങ്ങളോടെന്തിന്? | We don't believe that you don't have common sense. Why do you enact this drama before us? |
| ജോസ്: | വിശ്വസ്ത സേവകന് യജമാനനെ തിരിച്ചറിയാൻ കഴിയുന്നില്ല എന്നു പറഞ്ഞാൽ അതു പരിതാപകരമാണല്ലോ. | It is really pitiable if the faithful servant says that he cannot recognise his master. |
| കേശവൻ: | എന്തോ, എനിക്കൊന്നും മനസ്സിലാകുന്നില്ല. | I don't understand anything. |
| മേനോൻ: | ഒക്കെ മനസ്സിലായിക്കൊള്ളും. തിരശ്ശീല ഉയരാറായി. | You will understand everything. The curtain is going to be lifted soon. |
| കേശവൻ: | നിങ്ങൾ എന്തൊക്കെയോ അർഥംവച്ചു സംസാരിക്കുന്നതുപോലെ തോന്നുന്നു. | It appears as though you mean something. |

| | | |
|---|---|---|
| ജോസ്: | കേശവാ, തന്റെ അഭിനയം ഒന്നു നിർത്തു്. ഒരു കാര്യം മനസ്സിലാക്കിക്കോ. എല്ലാവരും എപ്പോഴും വിഡ്ഢികളായിരിക്കില്ല. ഞങ്ങളുടെ അമ്മേം, അച്ഛനും ചോര നീരാക്കി അയയ്ക്കുന്ന പണം തനിക്കും, തന്റെ ആ വാർഡൻ യജമാനനും ദീപാളി കുളിക്കാനുള്ളതല്ല. | Kesava, stop your acting. You please understand one thing. All will not be fools all the time. The money our parents send sweating their blood is not for you and your master Warden to enjoy as you like. |
| കേശവൻ: | മര്യാദകേട്ട് പറയരുതു്. | Don't talk any indecent thing. |
| വാസുദേവൻ: | ഓഹോ! അപ്പോൾ തനിക്കൊക്കെ അതു് കാണിക്കാം. ഞങ്ങൾ അതിനെപ്പററി പറയാൻ പാടില്ല. അല്ലേ? | O.K. That means you can all act indecently but we shouldn't speak about it. Don't you mean that? |
| കേശവൻ: | വാസൂ.......... | Vasu........ .. .. |
| ഹമീദ്: | ദേഷ്യപ്പെട്ടാലോ, ഓമനപ്പേരു വിളിച്ചാലോ ഒന്നും കാര്യം അത്ര എളുപ്പം ശരിയാവില്ല. കിട്ടുന്നതിൽ പാതി അനുഭവിക്കാറുണ്ടായിരുന്നപ്പോൾ ഓർമ്മിക്കണമായിരുന്നു. | Either if you get angry or if you call pet names the matter is not going to be settled so easily. You should have remembered that when you used to enjoy the share of what he earned. |

## VOCABULARY

| | |
|---|---|
| വാല്് | 'tail—anybody who goes behind some one else' |
| ഷോക്ക് | 'shock' |
| ഇരുട്ടടി അടിക്ക് | 'to beat some one in a pre-planned manner and that too in the darkness when the person is not at all aware of what is going to happen' |

| | | | |
|---|---|---|---|
| ദുർഭരണം | 'misrule' | അഴിമതി | 'corruption' |
| പ്രവേശിക്കു് | 'to enter' | ഈശ്വരൻ | 'God' |
| ജനലക്ഷം | 'lakhs of people, the mob; masses' | | |
| ബാധിക്കു് | 'to affect' | പകൽവെളിച്ചം | 'broad day light' |
| കച്ചകെട്ടിയിറങ്ങു് | 'to come out well prepared' | | |
| അർഹിക്കു് | 'to deserve' | വളയു് | 'to bend' |
| കാര്യം വളച്ചുകെട്ടി പറയു് | 'to beat about the bush, to go on talking in a round about manner' | | |
| സാമാന്യബുദ്ധി | 'common sense' | സഹിക്കു് | 'to tolerate' |
| വിശ്വസ്തസേവകൻ | 'faithful servant' | പരിതാപകരം | 'pitiable' |
| തിരശ്ശീല | 'curtain' | ഉയരു് | 'to rise' |
| അഭിനയം | 'acting' | വിഡ്ഢി | 'fool' |
| ചോര നീരാക്കു് | 'to sweat the blood, to work hard' | | |
| ദീപാളി കുളിക്കു് | 'to spend lavishly and extravagantly' | | |
| മര്യാദകേടു് | 'indecency' | | |

## EXERCISES

I Answer the following questions with reference to the conversation.

a. 1. മേനോനും, ജോസും, കൂട്ടരും എന്തിനെപ്പററിയാണു് സംസാരിച്ചുകൊണ്ടിരിക്കുന്നതു്? എന്താണവരുടെ ആവശ്യം?

2. കേശവനും അവരുടെ കൂട്ടുകാരനാണോ? അയാളുടെ സംശയങ്ങളെന്തൊക്കെയാണു്?

3. ജോസു് കേശവനോടു് അഭിനയം നിർത്താൻ പറയുന്നതെന്തുകൊണ്ടാണു്? എന്താണാ അഭിനയം?

4. ഹമീദു് കേശവനോടെന്താണു് പറഞ്ഞതു്?

b. മേനോനും, ജോസും കൂട്ടരും തമ്മിൽ നടത്തിയ സംഭാഷണം ഒരു ചെറിയ വിവരണത്തിന്റെ രൂപത്തിൽ മാററി എഴുതുക.

II Use the following in sentences of your own. Before that, read again the same in the contexts of the given conversation.

| | |
|---|---|
| ഇരുട്ടടി അടിക്കു് | ദുർഭരണം |
| അഴിമതി | കച്ചകെട്ടിയിറങ്ങു് |
| അർഹിക്കു് | വളച്ചുകെട്ടി പറയു് |
| പരിതാപകരം | ചോര നീരാക്കു് |
| അർത്ഥം വച്ചു സംസാരിക്കു് | മര്യാദകേടു് |
| ദീപാളി കുളിക്കു് | |

**III** Combine the given pairs of sentences in as many different ways as possible

1. വാർഡൻ പണം മോഷ്ടിക്കുന്നു.
അയാറം വിദ്യാർത്ഥികളെ പേടിപ്പിക്കുന്നു.

2. ഹമീദ് എല്ലാവരേയും ഇരുട്ടടി അടിക്കും.
അയാറം ജയിലിൽ പോകും.

3. അച്ഛനും, അമ്മയും കുട്ടികറംക്ക പണം അയയ്ക്കുന്നു.
അവർ അവരുടെ ഇഷ്ടംപോലെ ചെലവാക്കുന്നു.

4. ജനങ്ങളുടെയിടയിൽ അദ്ദേഹം ഒട്ടും അറിയപ്പെടുന്നില്ല.
അദ്ദേഹമാണ് വാസ്തവത്തിൽ ജനസേവനം ചെയ്യുന്നത്.

5. രാവിലെ മുതൽ മഴ പെയ്യുകയായിരുന്നു.
പക്ഷെ ജോലിചെയ്യാൻ പൈലിക്ക് അതൊന്നും ഒരു തടസ്സമായിരുന്നില്ല.

6. രാജു ആരോടും വഴക്കടിക്കാൻ പോകുന്നില്ല.
പക്ഷെ വഴക്കാളികളായ മററുള്ളവർ അവനെപ്പോലും വെറുതെ വിടുന്നില്ല.

**IV** Split the given sentences into maximum number of smaller sentences.

1. പതിവായി താമസിച്ചു വരുന്ന രമേശ് അന്നും അര മണിക്കൂർ താമസിച്ചു വന്നതു കണ്ടിട്ട് വളരെ ദേഷ്യം തോന്നിയ മാത്യുസാർ, അവനെ കണ്ടിട്ടും കാണാത്ത ഭാവം നടിച്ച് പാഠം തുടരുന്നു.

2. അച്ഛനും, അമ്മയ്ക്കും, ഒട്ടും ഇഷ്ടമില്ലാതിരുന്ന ബന്ധമായിരുന്നതിനാൽ എത്രയൊക്കെ കഷ്ടപ്പെട്ടിട്ടും അവരോട് പോയി സഹായം ചോദിക്കാൻ മനസ്സാക്ഷി അവളെ അനുവദിച്ചില്ല.

3. സുപ്രസിദ്ധ ഗായികയായ ലതയെപ്പോലെ ഒരു പാട്ടുകാരിയാകണം തൻെറ മകളും എന്ന ആഗ്രഹത്തോടെയായിരുന്നു വിമല തൻെറ മകറംക്ക് ലത എന്നു പേരിട്ടതും, പാട്ടു പഠിപ്പിക്കാൻ സംഗീത കലാലയത്തിൽ അയച്ചതും.

4. ഇൻറർവ്യൂകറംക്ക പോയി, പോയി മടുത്ത പ്രഭാകരൻ ഈ നാട്ടിൽ സത്യത്തിനും, യോഗ്യതയ്ക്കും, ന്യായത്തിനും വിലയില്ല, അതൊക്കെ നേതാക്കന്മാരുടെ പ്രസംഗത്തിലേ ഉള്ളു എന്നു മനസ്സിലാക്കി സ്വന്തമായി ഒരു തൊഴിൽ തുടങ്ങാം എന്നു വിചാരിച്ച് കുറെ പണം സമ്പാദിക്കാൻവേണ്ടി ദുബായിലേക്ക പോകാൻ നിശ്ചയിച്ചകാര്യം കേട്ടറിഞ്ഞ അവൻെറ ബന്ധുക്കറംക്കും അതു വളരെ നല്ലതു് എന്ന അഭിപ്രായം തന്നെയാണ് ഉണ്ടായിരുന്നതു്.

5. ഇന്നത്തേയ്ക്കു മാത്രമാണ് ഞാൻ നിങ്ങൾക്കു മാപ്പു തരുന്നത് എന്ന കാര്യം ഓർമ്മിച്ചു വേണം നിങ്ങളിനി പെരുമാറേണ്ടത് എന്ന മുന്നറിയിപ്പു നൽകിയിട്ടാണ് അധ്യാപകൻ തലേദിവസം നടന്ന സംഭവത്തെപ്പററി കേൾക്കാൻ തുനിഞ്ഞത്.

V Complete the dialogue by filling in the part for വാസുദേവൻ.

വാസു: ...................................

ജോസ്: കേൾക്കട്ടെ. അയാൾ കേൾക്കാൻ വേണ്ടിയാണല്ലോ നമ്മൾ പറഞ്ഞതും.

വാസു: ...................................

ജോസ്: പിന്നെന്താ? അയാൾക്കാണോ മനസ്സിലാകാത്തത്? അയാളെന്താ കൊച്ചുകുട്ടിയോ മറേറാ ആണോ?

വാസു: ...................................

ജോസ്: അതൊക്കെ അയാളുടെ വെറും അഭിനയമായിരുന്നില്ലേ?

വാസു: ...................................

ജോസ്: പോയിപറയട്ടെ. നമുക്കും അതുതന്നെയല്ലേ വേണ്ടത്? നമ്മളല്ലാതെ വേറെയും ആൺകുട്ടികൾ ഇല്ലേ ഈ ഹോസ്റ്റലിൽ? ആർക്കും അറിഞ്ഞുകൂടാത്ത കാര്യം ഒന്നുമല്ലല്ലോ ഇത്.

വാസു ...................................

ജോസ്: എനിക്കു നല്ല ഉറപ്പുണ്ട്. എല്ലാവരും ഒരു നല്ല അവസരത്തിനുവേണ്ടി കാത്തിരിക്കുകയാണ്.

വാസു: ...................................

ജോസ്: അവർ രണ്ടോ, മൂന്നോ പേരുമാത്രമല്ലേയുള്ളൂ? കാര്യം ശരിയായാൽ പിന്നെ അവരും നമ്മുടെ ഭാഗത്താകും. അവരൊക്കെ പേടിച്ചിട്ടാണ് അയാളുടെ പുറകേ പോകുന്നത്.

VI Write a conversation among three or four College students who are talking about the fast approaching College Union election.

UNIT 25

LESSON 72

# കേരളസമാജം പരിപാടികൾ

## CONVERSATION

| | |
|---|---|
| തോമസ്: പരിപാടികളൊക്കെ വളരെ നന്നായിരുന്നു. അല്ലേ? | All the programmes were very good. Weren't they? |
| രാഘവൻ: എന്നു പറഞ്ഞുകൂട. മൊത്തത്തിൽ തരക്കേടി ല്ലായിരുന്നു എന്നു വേണമെങ്കിൽ പറയാം. കൊച്ചു പെൺകുട്ടികളുടെ സംഘനൃത്തം വളരെ നന്നാ യിരുന്നു. പക്ഷെ നമ്മുടെ തിരുവാതിരക്കളി ആ മുതിർന്ന സ്ത്രീകളും ആകെ വഷളാക്കി. | We cannot say like that. We can say that on the whole it wasn't bad. The group dance of small girls was very nice . But those grown up ladies spoilt our THIRUVATIRAK-KALI. |

തോമസ്: പണ്ടു മുതലേ നമ്മുടെ നാട്ടിൽ സ്ത്രീകളല്ലേ തിരുവാതിരക്കളി കളിക്കാറുണ്ടായിരുന്നതു്? എന്നല്ല ഇപ്പോഴും കേരളത്തിലെ ചില ഗ്രാമങ്ങളിൽ ഓണത്തിനും തിരുവാതിരയ്ക്കും മററും നിലവിളക്കു കത്തിച്ചു വച്ചു് അതിനു ചുററും സ്ത്രീകൾ തിരുവാതിര കളിക്കാറില്ലേ?

From olden days didn't older women use to dance TIRUVATIRA-KKALI in our state? Not only then, even now in some places don't women dance around a lighted lamp during the festivals of Onam and Tiruvatira.

രാഘവൻ: തോമസേ, മുതിർന്ന സ്ത്രീകൾ തിരുവാതിര കളിക്കുന്നതിനെപ്പററിയല്ല എന്റെ പരാതി. അവരാണു് കളിക്കാറുള്ളതു് എന്നും എനിക്കറിയാം. പക്ഷെ ഇന്നിവിടെ നമ്മൾ കണ്ടതിനു തിരുവാതിര എന്നു പേരിടുവാൻ എനിക്കു സമ്മതമില്ല. അവർ അങ്ങനെ വിളിച്ചു പറഞ്ഞതിലേ എനിക്കു പ്രതിഷേധമുള്ളു. കസവുമുണ്ടും, നേര്യത്തും മാത്രം ഉടുത്താൽ കേരളീയത്വം വരില്ല. അതനുസരിച്ചു വേണമല്ലോ ഭാവചലനങ്ങളും.

I don't have any complaints against the elderly women dancing TIRUVATIRA. I also know that they are the people who dance. But I don't agree to call the performance we saw as TIRUVATIRA. I object only to their announcing it as that. Just if you wear golden bordered *mundu* and *neryatu* you cannot bring in the Kerala touch. The expressions and movements should also be according to that.

തോമസ്: വളരെക്കാലം കേരളത്തിൽനിന്നും അകന്നു താമസിച്ചതാവാം ഇവർക്കതില്ലാത്തതിനു കാരണം. പോരെങ്കിൽ ഇവിടെ കളിച്ചവരിൽ മിക്കവരും നാട്ടിൽവച്ചു് നല്ല തിരുവാതിരക്കളി കണ്ടിരിക്കില്ല.

The reason that they don't have it may be that they have been staying outside Kerala for a long time. In addition to it, most of those who danced might not have seen a good TIRUVATIRA-KKALI performance in Kerala.

രാഘവൻ: ഞാൻ അതിനു ന്യായീകരണമോ, വിശദീകരണമോ, ഒന്നും ആവശ്യപ്പെടുന്നില്ലല്ലോ. ആ പരിപാടി ഈ പേരിൽ വേണ്ടായിരുന്നു എന്നേ പറയുന്നുള്ളു.

I am not asking for any justification or explanation. I was only telling that the perform ance should not have been in that name.

തോമസ്: മിസിസ് മേനോനും, മിസിസ് ജോസഫും ആണു് സംവിധായകർ. അവരുടെ കഴിവു് പ്രദർശിപ്പിക്കാനുതകുന്ന ഒരു സന്ദർഭം അവർ പാഴാക്കുമോ? അവരല്ലേ ഈ കേരളസമാജത്തിന്റെ നെടുംതൂണുകൾ?

Mrs. Menon and Mrs Joseph are the directors. Will they spoil any chance of exhibiting their talents? Aren't they the pillars of this Kerala Samaj?

രാഘവൻ: അങ്ങനെ ആണെങ്കിൽ മിസിസ് മേനോന്റെ ഒരു മോഹിനിയാട്ടം കൂടി വേണമായിരുന്നല്ലോ.

If that is the case we should have had a MOHINIYATTAM of Mrs. Menon also.

തോമസ്: എടോ. ആളുകളെ കളിയാക്കുന്നതിനു് ഒരതിരു് വേണം. പാവം സ്ത്രീ! അവർക്കു കുറച്ചു വണ്ണം കൂടിപ്പോയതു് അവരുടെ കുറ്റം കൊണ്ടാണോ?

There is a limit in making fun of people. Poor woman! Is it her fault that she has become so fat?

രാഘവൻ: അല്ലല്ല. അതവരുടെ ഭർത്താവിന്റെ കുറ്റം തന്നെയാണു്. കരിഞ്ചന്തയും, കള്ളക്കടത്തും വഴി വാരിക്കൂട്ടുന്ന പണം കുറെയെങ്കിലും തിന്നു തീർക്കണ്ടേ?

No. No. That is her husband's fault. Shouldn't she eat and finish off at least some of the money that he amasses through black market and smuggling.

തോമസ്: അയാളുടെ ചുണയിൽ തനിക്കസൂയ എന്തിനു്? ചുമ്മാതല്ല ആളുകൾ പറയുന്നതു്.

Why should you be jealous about his ability? People are not telling without any reason.

രാഘവൻ: എന്തോന്നാടോ ആളുകൾ പറയുന്നതു്? എനിക്ക വലിയ അസൂയ ആണെന്നോ?

What do the people say? (Do they say) that I am very jealous?

തോമസ്: അല്ല. അവർ പറയുന്നതു്, മലയാളികൾക്ക തമ്മിൽ യോജിപ്പില്ല എന്നാണു്. നൂറു മലയാളികളുള്ള മറുനാട്ടിൽ നൂററിഒന്നു കേരളസമാജങ്ങളെങ്കിലും കാണുമത്രേ.

No. They say there is no unity among Malayalis. In any place outside Kerala if there are hundred Malayalis it seems there will be hundred and one Kerala Samajams.

രാഘവൻ: സാരമില്ല. അതുമൊരു കഴിവുതന്നെ.

Doesn't matter; even that is a talent.

## VOCABULARY

| | | | |
|---|---|---|---|
| മൊത്തത്തിൽ | 'in total' | സംഘനൃത്തം | 'group dance' |
| മുതിർന്ന | 'grown up, big, ripened' | | |
| നിലവിളക്കു് | 'holy lamp' | പരാതി | 'complaint' |
| വിളിച്ചുപറയു് | 'to announce' | | |
| പ്രതിഷേധം | 'resentment, protest' | | |
| കസവു് | 'golden border for the garments' | | |
| നേര്യതു് | 'the upper garment, the shawl like cloth used by Keralites' | | |
| കേരളീയത്വം | 'the Kerala touch' | | |
| ഭാവചലനങ്ങൾ | 'expressions and movements' | | |
| ന്യായീകരണം | 'justification' | വിശദീകരണം | 'explanation' |
| സംവിധായകൻ | 'directors (of a drama, film, performance)' | | |
| പ്രദർശിപ്പിക്കു്, | 'to exhibit' | | |
| വണ്ണം | 'stoutness' | | |
| വാരിക്കൂട്ടു് | 'to gather, collect, amass' | | |
| ചുണ | 'smartness, capability' | | |

## EXERCISES

I Answer the following with reference to the conversation.

1. ഏതു പരിപാടി കഴിഞ്ഞിട്ടാണ് തോമസും, രാഘവനും തമ്മിൽ ഈ സംഭാഷണം നടക്കുന്നതു്?
2. പരിപാടികൾ സംവിധാനം ചെയ്തവരെപ്പററി രാഘവനെന്തഭിപ്രായമാണു ള്ളതു്?
3. തിരുവാതിരക്കളിയെപ്പററി തോമസ് നൽകുന്ന വിശദീകരണമെന്താണ്?
4. ആളുകൾ മറുനാടൻ മലയാളികളെപ്പററി എന്താണു പറയുന്നതു്? അതി നുള്ള കാരണം എന്ത്?
5. ഈ സംഭാഷണത്തിൻെറ ഗതിയിൽ നിന്നും രാഘവനേയും, തോമസിനേയും പററി നിങ്ങളുടെ അഭിപ്രായം എഴുതുക.
6. കേരളസമാജം നടത്തിയ കലാപരിപാടികളെപ്പററി തോമസും, രാഘവനും തമ്മിൽ നടന്ന സംഭാഷണത്തെ ആസ്പദമാക്കി ഒരു കുറിപ്പെഴുതുക.

II Find out fifteen pairs of related words from the given vocabulary.

നിഗമനം, കള്ളക്കടത്തു്, മൂക്കു്, താല്പര്യം, വ്യാഖ്യാനം, വളപ്പ്, ചികിത്സ, ഡംഭ്, ഒരുപാട്, പ്രാരബ്ധം, വിനോദം, നിശ്ചയം, ആട്, വെയില്, ഊഹം, എരിവ്, മോരു്, നര, ധൃതി, കള്ള്, ഗന്ധം, ശുശ്രൂഷ്കാന്തി, മഴ, കരുടൻ, സ്വാതന്ത്ര്യം, ചാരായം, പരിഹാസം, പശു, കരിഞ്ചന്ത, പുളി, ചെകിടൻ, വിശദീകരണം, വെപ്രാളം, തീരുമാനം, ധാരാളം, വേഗം, കുററം, അത്ഭുതം, കഷണ്ടി, ധാരാളം, തയിരു്.

III Read the given passage and fill up the blanks.

വടക്കേ മലബാറിൽ പൊന്നാനിത്താലൂക്കിലുള്ള തുഞ്ചൻ പറമ്പ് എന്ന ——— എഴുത്തച്ഛൻ ജനിച്ചതു് എന്നു ———. തുഞ്ചൻ പറമ്പിൽ ——— അദ്ദേഹത്തെ തുഞ്ചത്തു് എഴുത്തച്ഛൻ എന്നു പറഞ്ഞു വരുന്നു. കേരളീയർ കുട്ടികളെ എഴുത്തിനിരുത്താൻ ഇന്നും ആ പറമ്പിലെ മണ്ണു് ———. ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിനു കാവ്യങ്ങളിലും, ശാസ്ത്രങ്ങളിലും ——— ഉണ്ടായിരുന്നു. അക്കാലത്തു് പല നാടുകളിലും സഞ്ചരിച്ച് അറിവു ——— അദ്ദേഹം മടിച്ചില്ല. തമിഴ് നാട്ടിലും, തെലുങ്കു നാട്ടിലും കുറെക്കാലം ——— അവരുടെ സംസ്കാരവും, സാഹിത്യവും, ———, പിന്നീട് കേരളക്കരയിലും എല്ലായിടത്തും ———. കുറെനാൾ അദ്ദേഹം അമ്പലപ്പുഴ

യിൽ ——— എന്നും അവിടെ വച്ചാണ് രാമായണം എഴുതിയത് എന്നും ———. അദ്ദേഹം ഒരു വലിയ ഭക്തനായിരുന്നതു കൊണ്ടാണ് ജനങ്ങളേയും ——— മാർഗ്ഗത്തിലൂടെ നയിക്കാൻ തീരുമാനിച്ചത്. അദ്ദേഹം ——— ആദ്ധ്യാത്മരാമായണം, മഹാഭാരതം, ഭാഗവതം ——— കൃതികൾ ഭക്തിരസപ്രധാനമാണ്. മലയാളഭാഷയ്ക്ക് അതിൻേറതായ ഒരു പ്രത്യേകശൈലി ——— കൃതികളിലാണ് ആദ്യമായി നാം കാണുന്നത്. ജനസാമാന്യത്തിനു ——— രീതിയിലാണ് അദ്ദേഹം ——— എഴുതിയിരിക്കുന്നത്. കേരളീയർക്ക് മനസ്സിലാകുന്ന ——— സംസ്കൃതവും, നാടൻ പദങ്ങളും ഉപയോഗിച്ചാണ് അദ്ദേഹം കവിത ———. അദ്ദേഹത്തിൻെറ ——— മുതലാണ് ആധുനിക മലയാളത്തിൻെറ തുടക്കം എന്നും ———. അതുകൊണ്ടാണ് അദ്ദേഹം ആധുനിക മലയാളത്തിൻെറ പിതാവ് എന്ന പേരിൽ ———.

IV Complete the conversation filling up the dialogue for 'മേനോൻ'.

അബു: മേനോൻ ഇത്തവണ ഓണത്തിനു നാട്ടിൽ പോകുന്നില്ലേ?
മേനോൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: റിസർവേഷൻെറ ഒരൊററ കാര്യമേയുള്ളോ തടസ്സമായിട്ട്? എന്നാൽ പിന്നെ അതിനൊരു പോംവഴിയുണ്ട്.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: എളുപ്പമല്ലായിരിക്കാം. പക്ഷെ അത്ര പ്രയാസവുമില്ല. എനിക്കയാളെ അല്പം പരിചയം ഉണ്ട്. വളരെ നല്ല സ്വഭാവക്കാരനാണെന്നാണ് അറിഞ്ഞിടത്തോളംകൊണ്ടുള്ള അനുഭവം.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: ഞാൻ കൈക്കൂലി കൊടുത്തു സീററു വാങ്ങിത്തരാമെന്നല്ല പറയുന്നത്.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: വെയിററിങ്ങ് ലിസ്റ്റിൽ അത്രയൊന്നും താഴെയല്ലല്ലോ മേനോൻെറ പേരു്.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: എന്നാൽ പിന്നെ ഇതൊരു പ്രശ്നമേ അല്ല. ഇതാദ്യമേ പറയാമായിരുന്നില്ലേ?
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: അതെ. മേനോൻ, ഒട്ടും പരിഭ്രമിക്കണ്ട. തനിക്കും, കുട്ടികൾക്കും കൂടി മൂന്നു ടിക്കററല്ലേ വേണ്ടൂ? അതിൻെറ കാര്യം ഞാൻ ഏററു.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: ഓഹോ. എല്ലാ ഏർപ്പാടുകളും ചെയ്തോളൂ.
മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: അതെന്താ പറയാത്തതു്?

മേനോൻ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അബു: സാരമില്ല. ഇന്നുതന്നെ അവരോടുപോയി പറയൂ. രവിയോടും, ചന്ദ്രികയോടും പറയണം. അബു അങ്കിൾ എല്ലാം ശരിയാക്കിത്തരും. അവർക്ക് അമ്മയേയും, കുഞ്ഞനിയനേയും താമസിയാതെ കാണാം. അമ്മൂമ്മേടേം, അപ്പൂപ്പന്റേം കൂടെ ഓണവും ആഘോഷിക്കാം.

V Write a conversation between two Malayalis staying outside Kerala talking about a Malayalam film shown as a benefit show by the local Kerala Samaj.

---

## UNIT 25

## LESSON 73

# അച്ഛന്റെ മരണശേഷം.

**CONVERSATION**

അമ്മ: മോനേ, നിന്റെ വിഷമം ഞാൻ മനസ്സിലാക്കാത്തതുകൊണ്ടല്ല. അച്ഛന്റെ അവസാനത്തെ ആഗ്രഹമല്ലേ? അതു നിറവേററേണ്ട കടമയില്ലേ നമുക്ക്.

It is not that I don't understand your difficulties . Isn't that your father's last desire? Don't we have the duty to fulfil that?

മകൻ: അമ്മാ, ഇതൊക്കെ വിററു തുലച്ചിട്ട് പട്ടണത്തിൽ പോയി സുഖിച്ചു കഴിയാമെന്നുള്ള വിചാരം കൊണ്ടു ഞാൻ ഇങ്ങനെ പറയുന്നു എന്നാണോ അമ്മേടെ വിചാരം?

Mummy, do you think that I am telling this just because I want to be comfortable in the city after selling off every thing here?

| | |
|---|---|
| അമ്മ: അല്ല കുട്ടാ. എനിക്കു നിന്റെ മനസ്സ് നല്ലോണം അറിയാം. | No, Kuttan. I know your heart pretty well. |
| മകൻ: എങ്കിൽ പിന്നെ........? | If that is the case....? |
| അമ്മ: എന്തിനു തടസ്സം പറയുന്നു എന്നാണോ? മോനേ, ഞാൻ എത്ര ശ്രമിച്ചിട്ടും നിന്റെ അച്ഛന്റെ അവസാനത്തെ വാക്കുകൾ ചെവിയിൽ കിടന്നു മുഴങ്ങുകയാണ്. "ഭവാനീ, നിനക്കെന്തു പ്രയാസം വന്നാലും ഈ വീടും, പുരയിടവും വിൽക്കരുത്. ഭഗവതീടെ അനുഗ്രഹമുള്ള സ്ഥലമാണിത്." എന്നു പറഞ്ഞിട്ട് എന്റെ കണ്ണുകളിലേക്കു തന്നെ തുറിച്ചു നോക്കിക്കൊണ്ടു കിടന്ന ആ കിടപ്പ് എനിക്കു മറക്കാനാവുന്നില്ല. | Do you mean then why should I prevent you? However I try, your father's last words are resounding in my ears. "Bhavani, let whatever difficulty come; you should never sell this house and plot of land. Goddess has blessed this place." Having told this the way he was lying staring into my eyes cannot be forgotten by me. |
| മകൻ: അമ്മാ ഞാൻ പിന്നെ എന്തു ചെയ്യണം? | Mummy, what should I do then ? |
| അമ്മ: വേറെ ഒരു വഴിയുമില്ലേ കുട്ടാ? | Isn't there any other alternative ? |
| മകൻ: ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇങ്ങനെ അമ്മയെ ബുദ്ധിമുട്ടിക്കുമായിരുന്നോ? | If I had any other way, do you think I would have bothered you like this? |
| അമ്മ: ഈ വീടും പുരയിടവും കൂടി വിറ്റാൽ എത്ര കിട്ടിയേക്കും? | If we sell this house and plot of land how much can we get ? |
| മകൻ: പന്തീരായിരം വരെ വാങ്ങിത്തരാമെന്നു കിട്ടുപിള്ള സാർ പറഞ്ഞിട്ടുണ്ട്. | Kittupillai Sir has told that he will see that we get about Rs. 12,000/-. |

| | |
|---|---|
| അമ്മ: അതുകൊണ്ടു് നമ്മുടെ കടം തീരുമോ മോനേ? | Will our debt be paid off by that amount ? |
| മകൻ: പിന്നേം ഒരു ഏഴായിരത്തോളം വേണം? | Still I need about Rs. 7,000/-. |
| അമ്മ: അതിനു നീയെന്തു ചെയ്യും..? | What will you do for that? |
| മകൻ: പ്രോവിഡൻറു് ഫണ്ടിൽനിന്നും മൂവായിരംവരെ കടം എടുക്കാൻ പററിയേക്കും. പിന്നെ ചേച്ചീടെ ഭർത്താവു് രണ്ടായിരത്തി അഞ്ഞൂറു രൂപയോളം കടം തരാമെന്നേററിട്ടുണ്ടു്. | I may be able to take at least Rs. 3000/- from the Provident Fund. Then elder sister's husband has promised that he can give a loan upto an amount of Rs. 2500/-. |
| അമ്മ: പിന്നെയും വേണമല്ലോ ആയിരത്തിലധികം. | Still you need more than a thousand. |
| മകൻ: എൻെറ രണ്ടുമൂന്നു കൂട്ടുകാരോടു ചോദിച്ചിട്ടുണ്ടു്. തന്നേക്കുമെന്നാണു് പ്രതീക്ഷ. | I asked two or three of my friends. I hope that they would give. |

## VOCABULARY

| | | | |
|---|---|---|---|
| നിറവേററു് | 'to fulfil' | കടമ | 'duty' |
| തുലയ്ക്കു് | 'to destroy' | തടസ്സം | 'hindrance' |
| നല്ലോണം = നല്ലവണ്ണം = നന്നായി | | | |
| മുഴങ്ങു് | 'to echo, resound' | ഭഗവതി | 'goddess' |
| അനുഗ്രഹം | 'blessing' | തുറിച്ചുനോക്കു് | 'to stare' |
| തുറിക്കു് | 'to bulge out' | കിടപ്പു് | 'lying posture' |
| പന്തീരായിരം | 'twelve thousand' | കടം | 'debt' |
| പ്രതീക്ഷ | 'expectation' | | |
| ഏൽക്കു് | 'to promise, to shoulder the responsibility' | | |

## EXERCISES

I Mark the word that correctly fills up the gap.

1. നീയെങ്കിലും നന്നായി വരുമെന്നാണെൻെറ ———. (പ്രവേശനം, പ്രതീക്ഷ, പ്രയാസം, പ്രതികാരം)
2. അച്ഛനമ്മമാരുടെ ആഗ്രഹം മുഴുമിക്കേണ്ട ——— മക്കൾക്കുണ്ട്. (കടമ, ഉടപ്പ്, ഉടമ, കടപ്പം)
3. അച്ഛൻ സമ്പാദിച്ച പണമൊക്കെ ——— മക്കൾക്ക് അധികസമയം വേണ്ട.) തുലയ്ക്കാൻ, തുനിയാൻ, തുറിക്കാൻ, തുടങ്ങാൻ)
4. ആഹാരം കഴിച്ചിട്ടുപോകാം ——— പദ്ധതിയുമായിട്ടാണ് അവർ അവിടെ കയറിയത്. (എന്ന്, എന്നിങ്ങനെ, എന്നിട്ട്, എന്നുള്ള)
5. ഇതിനകം കട ——— എന്നാണെൻെറ പേടി. (കണ്ടിരുന്നിട്ട്, പൂട്ടിയിരിക്കുമോ, വാങ്ങിയിട്ട്, പോയിരുന്നു).

II Mark the correct statement with reference to the conversation. Rewrite correctly the wrong statements.

1. ഗ്രാമത്തിലുള്ള വസ്തുക്കളെല്ലാം വിററു തുലച്ച് പണം ഉണ്ടാക്കി അതു ചെലവാക്കിക്കളയാനാണ് മകൻ ആലോചിക്കുന്നത്.
2. അമ്മയ്ക്കും മകൻെറ മനോഭാവങ്ങൾ ഒട്ടും മനസ്സിലായിട്ടില്ല.
3. അച്ഛൻ മറുനാട്ടിലെവിടെയോ ജോലിക്കു പോയിരിക്കുന്നു.
4. ചേച്ചീടെ ഭർത്താവ് കുറെ രൂപ കടംകൊടുത്ത് സഹായിക്കാമെന്നു പറഞ്ഞിട്ടുണ്ടത്രേ.
5. വീടും, പുരയിടവും വിൽക്കരുത് എന്നായിരുന്നു അച്ഛൻെറ ഉപദേശം.
6. ആ പുരയിടത്തിൽ ധാരാളം പണം കുഴിച്ചിട്ടിട്ടുണ്ട് എന്നച്ഛൻ പറഞ്ഞിരുന്നു.
7. പലയിടത്തും ശ്രമിച്ചിട്ടും ഫലമൊന്നുമില്ലാതെയാണ് മകൻ വളരെ സങ്കടത്തോടെ തൻെറ പദ്ധതിയുമായി അമ്മയുടെ അടുത്തു വന്നിരിക്കുന്നത്.
8. പട്ടണത്തിൽ ഒരു വ്യാപാരം തുടങ്ങാനാണ് മകൻ പണം ശേഖരിക്കുന്നത്.
9. വീടും, പുരയിടവും കൂടി വിററാലും കടം തീർക്കാനുള്ള പണം കിട്ടുകയില്ല.
10. കുറച്ചു ബുദ്ധിമുട്ടിയാലും കടം തീർക്കാൻ കഴിയും എന്നാണു മകൻ പ്രതീക്ഷിക്കുന്നത്.

III Complete the conversation by filling up the dialogue for ചേച്ചി.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: ഒരുവിധം സമ്മതിപ്പിച്ചു എന്നു പറയാം. അമ്മയ്ക്കു വളരെ വിഷമമായിരുന്നു.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: അതൊക്കെ ശരി. അമ്മയ്ക്കും അതു നന്നായിട്ടറിയാം. പക്ഷെ അച്ഛൻെറ അവസാനത്തെ ആഗ്രഹമായിരുന്നില്ലേ?

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: എന്നെയോ, ചേച്ചിയേയോ കുറിച്ച് ഒരു പരാതിയും അമ്മക്കില്ല. ഇങ്ങനെ ഒരു പരിതസ്ഥിതിയിൽ കൊണ്ടുവന്നെത്തിച്ച ദൈവത്തിനോടാണ് അമ്മയുടെ പരാതി. കഴിയുന്നതും വേഗം മരിക്കണേ എന്നാണ് ഈയിടെയായി അമ്മ എപ്പോഴും പറയുന്നത്.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ : അത്ര പെട്ടെന്നാണല്ലോ എല്ലാം സംഭവിച്ചത്. നെഞ്ചുവേദന തുടങ്ങി പിന്നെ അരമണിക്കൂറിലധികം ജീവിച്ചിരുന്നില്ല. അതിനുമുമ്പ് അമ്മയോടു പറഞ്ഞത് അതു മാത്രമായിരുന്നുപോലും.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: അതുകൊണ്ടാണല്ലോ അമ്മ ഇപ്പോഗം അതൊക്കെ വിൽക്കാൻ സമ്മതിച്ചിരിക്കുന്നതും. എങ്ങനെയെങ്കിലും കടമൊക്കെ വീട്ടിയാൽ മതിയെന്നേ അമ്മയും വിചാരിക്കുന്നുള്ളൂ.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: ഇല്ലത്രേ. അമ്മ എൻെറ കൂടെ പോലും പട്ടണത്തിലോട്ടു വരാൻ തയ്യാറല്ല. പിന്നെ ചേച്ചിയുടെ ഈ പ്രാരബ്ധത്തിനിടയിൽ ഇവിടെ വന്ന് ചേച്ചിയെക്കൂടെ ബുദ്ധിമുട്ടിക്കാൻ തയ്യാറാവുകയേ ഇല്ല.

ചേച്ചി : . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: ചോദിക്കുക മാത്രമല്ല വളരെ നിർബന്ധിക്കുകകൂടി ചെയ്തു. ഈ കാര്യത്തിൽ മാത്രം വാശി പിടിക്കരുതേ എന്നായിരുന്നു അമ്മയുടെ അപേക്ഷ.

ചേച്ചി : . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: അതൊക്കെ അമ്മ ഇതിനകം ഏർപ്പാടു ചെയ്തുകഴിഞ്ഞു. പരമുപിള്ളയുടെ മകളുടെ ഭർത്താവിന് സ്ഥലംമാററമായി ദൂരെയെവിടെയോ പോയിരിക്കയാണത്രേ. അവരുടെ വീട്ടിൽ ഒരു മുറിമാത്രം വാടകയ്ക്കു എടുത്തു താമസിക്കാമെന്നാണ് അമ്മ നിശ്ചയിച്ചിരിക്കുന്നത്.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: അവരംക്കതു് ഇഷ്ടമാണെന്ന മാത്രമല്ല വളരെ സന്തോഷവും കൂടിയാണു്. വാടകപോലും വേണ്ടെന്നാണവർ പറയുന്നതു്. പക്ഷെ അമ്മയുടെ അഭിമാനം സമ്മതിക്കണ്ടേ? മാസംതോറും ഇരുപത്തഞ്ചു രൂപ വാടകയായി അയച്ചുകൊടുക്കാൻ അമ്മ എന്നോടു പറഞ്ഞിരിക്കയാണു്.

ചേച്ചി: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ: അതിനെപ്പററിയൊന്നും ഞാനോ ചേച്ചിയോ വിഷമിക്കണ്ടത്രേ. അമ്മ രണ്ടുമൂന്ന വീട്ടിലെ കുട്ടികരംക്കു് ട്യൂഷൻ എടുക്കാൻ ഒക്കെ കണ്ടുവച്ചിട്ടുണ്ടു്. പിന്നെ അമ്മേടെ പഴയ കോഴിവളർത്തൽ പരിപാടിയും വീണ്ടും തുടങ്ങാൻ പോകുന്നുണ്ടത്രേ.

ചേച്ചി : . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

അനിയൻ : സമ്മതിക്കും. അമ്മ അവരുടെക്കൂടെ താമസിക്കാൻ പോകുന്നതുതന്നെ വലിയ ഒരു കാര്യമായിട്ടാണു് അവർ എടുത്തിട്ടുള്ളതു്.

IV Read the following letter and fill up the gaps.

രാമപുരം,
25—3—78.

പ്രിയപ്പെട്ട രാധേ,

നിന്നോടു യാത്ര ——— പോലും നിൽക്കാതെയാണു് എനിക്കു നാട്ടിലേക്കു തിരിക്കേണ്ടി———. ടെലിഗ്രാം കിട്ടിയ ——— പുറപ്പെട്ടു. നീ അന്നു് അവധിയിലായിരുന്നല്ലോ. നീ വരുമ്പോരം ——— പറഞ്ഞു മനസ്സിലാക്കിപ്പിക്കണം എന്ന ഭാരതിയമ്മയോടു് ——— ഞാൻ സ്ഥലം വിട്ടതു്. അവരോടാണു് യാത്രക്കൂലിക്കുള്ള——— വാങ്ങിയതു്. ഇവിടെ വന്നിട്ടു് നിനക്കു് കാര്യങ്ങരം ——— എഴുതാം എന്നാണു് കരുതിയിരുന്നതു്. പക്ഷെ പതിനേഴു ദിവസം വേണ്ടിവന്നു ———. നീ എന്നോടു ——— എന്നെനിക്കറിയാം.

അച്ഛനു സുഖക്കേടു കൂടുതലായണെന്നാണു് ——— കിട്ടിയതെങ്കിലും വാസ്തവത്തിൽ മരണം ——— ഇവിടുന്നു കമ്പി അടിച്ചിരുന്നതു്. കമ്പി ——— ഞാൻ പരിഭ്രമിച്ചുപോയിരുന്നു. യാതൊരുവിധ ——— ഇല്ലാതിരുന്ന അച്ഛനു് കൂടുതലാണു് ഉടൻ ——— എന്ന കമ്പി കിട്ടിയപ്പോരം വല്ലാതെ ——— എന്റെ മനസ്സിൽ എന്തോ ഒരു ഭീതിയും ——— പക്ഷെ അച്ഛൻ ——— എന്നു് നേരിയ ഒരു ——— പോലും എനിക്കു തോന്നിയിരുന്നില്ല. ഇവിടെ വന്നപ്പോഴാണു് ഞെട്ടിപ്പിക്കുന്ന ആ ——— അറിഞ്ഞതു്.

എല്ലാം പെട്ടെന്നാണത്രേ ———. നെഞ്ചുവേദന ——— അര മണിക്കൂറിലധികം ജീവിച്ചിരുന്നില്ല. വേദന കടിച്ചു പിടിച്ചുകൊണ്ടു് അമ്മയോടു് ——— കൂടി ചെയ്തിരുന്നുവത്രെ. അവസാനത്തെ ——— അറിയിച്ചുവത്രേ. ചേച്ചിയും, ഞാനും ———

ഇല്ലാതിരുന്നതുകൊണ്ടു് അമ്മ എത്രമാത്രം ——— എന്നു് ഊഹിക്കാൻ പോലും ആവില്ല. ദൈവം ——— ഒരു ശക്തി കൊടുത്തു എന്നു വേണം പറയാൻ.

നിന്നെപ്പററി അമ്മയോടു് പറയാൻ ഇതുവരെ ——— ലഭിച്ചില്ല. പോരെങ്കിൽ എന്റെ കല്യാണത്തെപ്പററിപറയാനുള്ള ——— ഇതല്ലല്ലോ. ഞാൻ ഒരു മാസത്തേയ്ക്കു് ——— നീട്ടിയപ്പോഠം നീ വളരെ ——— കാണും. ഇവിടെ വളരെയധികം കാര്യങ്ങഠം ഉടനെ ചെയ്തു ——— ഉണ്ടു്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി അച്ഛന്റെ കച്ചവടം ——— നഷ്ടത്തിലായിരുന്നു എന്നു് ഇവിടെ വന്നതിനുശേഷമാണു് ഞാൻ ———. അച്ഛൻ ഇരുപതിനായിരം രൂപയിലധികം കടവും ———. അതൊക്കെ ——— മാർഗ്ഗം ഇപ്പോഠം ഞാൻ ———. അതെന്റെ ——— ആണല്ലോ. ആകെകൂടിയുള്ള ഈ വീടും പുരയിടവും ——— വേറെ ഒരു പോംവഴിയുമില്ല. ഇതു വിററാൽ പോലും ഒരു ——— കിട്ടുമോ എന്നാണു് സംശയം. വീടു വിററാൽ അമ്മയെ എവിടെ ——— എന്നതാണു വേറൊരു പ്രശ്നം. പട്ടണത്തിലേക്കു കൂട്ടിക്കൊണ്ടുവരു എന്നു നീ ———. പക്ഷെ നാട്ടിൻപുറത്തുകാരിയായ അമ്മയ്ക്കു ——— ഇണങ്ങിക്കഴിയാനേ പററില്ല. അച്ഛന്റെ ഓർമ്മകഠം ——— ഈ നാട്ടിൻപുറം വിട്ടുവരാനും അമ്മ ———. അമ്മയെ ——— ഇവിടെ ഇപ്പോഠം ഞാൻ മാത്രമേ ഉള്ളു.. ഭർത്താവിനും, കുഞ്ഞുങ്ങഠംക്കും ടൈഫോയിഡായതിനാൽ ചേച്ചിക്കു് ——— കൂടെ വന്നു താമസിച്ചു ———, ആശ്വസിപ്പിക്കാനോ പററില്ല. ഞാൻ ഇവിടെ ——— ശേഷമാണു് ചേച്ചി എത്തിയതു്. വന്നു രണ്ടു ദിവസത്തിനകം ——— ചെയ്തു. എനിക്കു് എന്തൊക്കെയോ ——— എന്നുണ്ടു്. നീ ഇവിടെ ——— എനിക്കെത്ര സമാധാനമായിരുന്നേനേ? അമ്മയ്ക്കും ——— തീർച്ചയായും ഇഷ്ടമാവും എന്നാണു് എന്റെ ———. എന്നാലും നിന്നെപ്പററി ——— അവസരം ഇതല്ലല്ലോ. നമുക്കു കുറച്ചുകൂടി ——— വരും. അടുത്തവർഷം ——— ഒക്കെ ശരിയാകും എന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

മറുപടി പ്രതീക്ഷിച്ചുകൊണ്ടു്,

നിന്റെ വേണു

V On the basis of the above letter please prepare the reply written by രാധ to വേണു.

UNIT 25

# LESSON 74

## ആദ്യത്തെ ക്ലാസ്.

### CONVERSATION

| | |
|---|---|
| മല്ലിക: എന്താ വരദേ ഇതു്? ആകെ വിയർത്തിരിക്കുന്നല്ലോ. ആ വാഷ്ബേസിൻറവിടെ പോയി കയ്യും, മുഖവും ഒന്നു കഴുകിയിട്ടുവരൂ. വല്ലാതെ തളർന്നതുപോലെ തോന്നുന്നു. കണ്ണുകളും ഈറൻ അണിഞ്ഞിട്ടുണ്ടല്ലോ. | What is this, Varada? You are sweating so badly. You go to that wash basin and wash your hands and face. You look terribly tired. Even the eyes are wet. |
| വരദ: സാരമില്ല മല്ലികേ. ഞാനല്പം ഇരിക്കട്ടെ. | It doesn't matter. Let me sit for a while. |
| മല്ലിക: ഇരുന്നോളൂ. ഞാൻ ആ ഫാൻ ഒന്നോൺ ചെയ്തിട്ടു വരാം. | I shall switch on that fan and come. |

| | |
|---|---|
| വരദ: വേണമെന്നില്ല. മല്ലികയും ഇവിടെ ഇരിക്കൂ. ഇല്ലേൽ എല്ലാരുംകൂടെ ഓടിയെത്തും കാര്യം അന്വേഷിക്കാൻ. | Not necessary. Mallika, you also please sit here. Otherwise all will rush here to enquire about the matter. |
| മല്ലിക: പേടിക്കണ്ട. മിക്കവരും ക്ലാസിൽ പോയിരിക്കയാണ്. ബാക്കിയുള്ളവർ പുസ്തകം തിരുത്തുകയോ, മാസിക വായിക്കുകയോ ആണ്. എന്താ ഉണ്ടായത്? കാര്യം പറയൂ. ആ ഫസ്റ്റ് ബി. എ. കുട്ടികൾ ശല്യപ്പെടുത്തിയോ? പോക്കിരികളുടെ ഒരു ക്ലാസാണത്. ആ ക്ലാസിലെ ആൺകുട്ടികളും, പെൺകുട്ടികളും ഒക്കെ ഒപ്പം തന്നെ. | Don't be afraid. Most of them have gone to the classes. The rest are either correcting books or reading magazines. What happened? Please tell me. Did those Ist B. A., students trouble you very much? It is a class of rowdies. The boys and girls in that class are all alike. |
| വരദ: പാഠം പഠിപ്പിക്കാൻ പോലും അവരെന്നെ അനുവദിച്ചില്ല. | They didn't even allow me to teach the lesson. |
| മല്ലിക: സാരമില്ല. ആദ്യത്തെ ദിവസമല്ലേ? എല്ലാവരുടെ അനുഭവവും അങ്ങനെതന്നെ ആയിരിക്കും. ക്രമേണ ഒക്കെ ശരിയായിക്കൊള്ളും. | It doesn't matter. Isn't it the first day? Everybody's experience will be like that. Gradually everything will be alright. |
| വരദ: ഞാൻ ക്ലാസിൽ കയറിയ ഉടനേ എന്റെ മുമ്പിൽ ഒരു കടലാസു പ്ലെയിൻ വന്നു വീണു. ഞാനത്ര ശ്രദ്ധിച്ചില്ല. പെൺകുട്ടികളുടെ ഭാഗത്തുനിന്നും പൊട്ടിച്ചിരി ഉയർന്നപ്പോഴാണ് കാര്യം മനസ്സിലായത്. | As soon as I entered the class a paper plane came and fell in front of me. I didn't notice it properly. Only when bursts of laughter rose from the girls' side I could make out the thing. |
| മല്ലിക: പിന്നെ? | Then? |

വരദ: അററൻഡൻസ് എടുക്കാൻ ഭാവിച്ചപ്പോഠം പുറകിൽ നിന്നും ആരോ വിളിച്ചുകൂവി. ,,പുതിയ ടീച്ചറുടെ സ്വയം പരിചയപ്പെടുത്തൽ കഴിഞ്ഞാവാം ക്ലാസു തുടങ്ങൽ''.

When I was about to take the attendance someone shouted from behind. "After the self introduction of the new teacher the classes can be started".

മല്ലിക: ആ റൗഡി ബാലചന്ദ്രനാവും. അവനാണവരുടെ നേതാവ്.

May be that rowdy Balachandran. He is their leader.

വരദ: വെളുത്തു പൊക്കത്തിൽ വലിയ മീശയുള്ള ഒരു കുട്ടിയാണോ?

Is he a fair and tall boy with a big moustache?

മല്ലിക: അതെ. അവൻ തന്നെ. ഹിന്ദി സിനിമയിലെ വില്ലന്മാരെപ്പോലെ തലമുടി വെട്ടിയിട്ടിരിക്കുന്നവൻ.

Yes. He is the same. The fellow who has hair style like that of Hindi film villains.

വരദ: ആ കുട്ടി എണീററുനിന്ന് എന്നോടു ചോദിക്കുകയായിരുന്നു. ,,ടീച്ചറുടെ മുഴുവൻ പേരും, മേൽവിലാസവും എന്താ? ടീച്ചറുടെ കല്യാണം കഴിഞ്ഞോ, ഇല്ലയോ? കഴിഞ്ഞെങ്കിൽ അതു പ്രേമവിവാഹമായിരുന്നോ? വീട്ടുകാരുടെ എതിർപ്പുണ്ടായിരുന്നോ? ഭർത്താവിനെന്താണ് ജോലി'' എന്നിങ്ങനെ.

That boy got up and was asking me. "What is your full name? What is the address? Are you married or not? If married was it a love marriage? Was there any opposition from the family? What is your husband?" etc., etc.

മല്ലിക: വരദ എന്തു പറഞ്ഞു.

What did you reply?

വരദ: ഞാൻ എന്തെങ്കിലും പറയാൻ ശ്രമിക്കുന്നതിനു മുൻപേ ക്ലാസിൽ കയ്യടിയും ബഹളവും ഒക്കെ ആയി. അപ്പോഴേയ്ക്കും അടുത്ത ക്ലാസിലെ വാര്യർ സാർ വന്നു ക്ലാസിനു വെളിയിലേയ്ക്ക് എന്നെ വിളിച്ചു. സാറിന്റെ തല വാതിൽക്കൽ കണ്ടപ്പോഠം കീരിയെ കണ്ട പാമ്പിനെപ്പോലെ അവരുടെയൊക്കെ തല താണു. സാറ് പിന്നെ

Before I could start saying something there were claps and shouts in the class. By that time Varyar Sir of the next class came and requested me to come out.

ക്ലാസിലേക്കു കയറി അവരോട്ട് എന്തൊക്കെയോ പറഞ്ഞിട്ടു തിരിച്ചുപോയി.

As soon as they saw his head on the door, their heads lowered as the snake which saw the mangoose. Then he entered the class and told them something and went back.

മല്ലിക: എന്നിട്ട്?

Then?

വരദ: ഞാൻ വീണ്ടും ക്ലാസിലേക്കു കയറി. അപ്പോഴം കുട്ടികളൊക്കെ നിശബ്ദരായി ഇരിക്കുകയായിരുന്നു. ഞാൻ പിന്നെ മലയാളസാഹിത്യത്തെ കുറിച്ച് എന്തൊക്കെയോ പറയാൻ ശ്രമിച്ചു. പക്ഷെ അതിനിടയിൽ വീണ്ടും അവർ ഓരോ ചോദ്യങ്ങളം ചോദിക്കാൻ തുടങ്ങി. വേണ്ടതും വേണ്ടാത്തതുമായ ചോദ്യങ്ങളം ചോദിച്ചു അവരെന്നെ ബുദ്ധിമുട്ടിച്ചു എങ്ങനെയോ ഒരു മണിക്കൂർ കഴിഞ്ഞു. ബെല്ലടിച്ചതും വീണ്ടും അവർ കൂവൽ ആരംഭിച്ചു. ഞാൻ എങ്ങനെ ഈ സ്റ്റാഫ്റൂം വരെ എത്തി എന്നു തന്നെ എനിക്കറിയില്ല.

Again I entered the class. That time the students were all sitting quiet. Then I tried to tell some thing about Malayalam Literature. But in between, they again started asking questions. They made me feel miserable by asking relevant and irrelevent questions. Somehow an hour was spent. As soon as the bell rang they again started shouting. I don't know how I reached this staff room.

## VOCABULARY

| | | | |
|---|---|---|---|
| വിയർക്കു് | 'to sweat' | വാഷ്ബേസിൻ | 'wash basin' |
| തളരു് | 'to get tired' | ഫാൻ | 'fan' |
| ഈറൻ | 'wet' | അണിയ് | 'to wear, to be decorated' |
| ഓൺ ചെയ്യ് | 'to put on' | തിരുത്ത് | 'to correct' |
| പോക്കിരി | 'rowdy' | ഒപ്പം | 'equal' |
| ക്രമേണ | 'gradually' | പൊട്ടിച്ചിരി | 'loud laugh, giggle' |
| ഉയരു് | 'to rise' | അറ്റൻഡൻസ് | 'attendance' |

| | | | |
|---|---|---|---|
| ഭാവിക്ക് | 'to start to do something' | | |
| കൂവ് (കൂക്ക്) | 'to shout' | വില്ലൻ | 'villain' |
| മേൽവിലാസം | 'address' | പ്രേമവിവാഹം | 'love marriage' |
| കയ്യടി | 'clapping' | കീരി | 'mangoose' |
| പാമ്പ് | 'snake' | | |
| താഴ് | 'to come down, sink, lower' | | |
| കൂവൽ | 'shouting' | സ്റ്റാഫ്റൂം | 'staff room' |

## EXERCISES

I Mark the correct statements with reference to the conversation and rewrite the wrong ones correctly.

1. മല്ലികയും, വരദയും ആദ്യമായി ജോലിയിൽ ചേർന്നിരിക്കുന്നവരാണ്.
2. മല്ലികയും, രാധയും കോളേജ് അധ്യാപികമാരാണ്.
3. ക്ലാസില്ലാത്ത അധ്യാപകർ വരദയെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് മല്ലിക പറയുന്നത്.
4. മല്ലികയും, രാധയും പഠിപ്പിക്കുന്ന കോളേജിൽ വിദ്യാർഥിനികൾ മാത്രമേയുള്ളൂ.
5. വരദ ക്ലാസിൽ കയറിയ ഉടനെ ആൺകുട്ടികൾ പൊട്ടിച്ചിരിച്ചു.
6. ഹിന്ദി സിനിമയിലെ വില്ലൻമാരെപ്പോലെ തലമുടി വെട്ടിയിട്ടിരിക്കുന്ന ബാലചന്ദ്രനാണ് അക്രമികുട്ടികളുടെ നേതാവ്.
7. വരദയുടെ ക്ലാസിലെ ബഹളം നിയന്ത്രിച്ചത് അവൾ തന്നെ ആയിരുന്നു.
8. വരദ ഒരു സയൻസ് ടീച്ചറാണ്.
9. മല്ലികയുടെ അഭിപ്രായത്തിൽ വരദയ്ക്ക് മാത്രമാണ് ഇത്ര ഭയങ്കരമായ ഒരനുഭവം ഉണ്ടായത്.
10. വരദയുടെ വീട്ടിൽവച്ചാണ് അവരുടെ സംഭാഷണം നടക്കുന്നത്.

II Rewrite the sentences as directed.

1. വരദ ക്ലാസിൽ കയറിയ ഉടനെ മുമ്പിൽ ഒരു കടലാസു പ്ലെയിൻ വന്നു വീണതു ശ്രദ്ധിക്കാതെ കസേരയിൽ ഇരിക്കാൻ ഭാവിച്ചപ്പോഴാണ് പെൺകുട്ടികൾ പൊട്ടിച്ചിരിച്ചതും, വരദയ്ക്കു സങ്കടം തോന്നിയതും.

(Split into six sentences.)

2. വരദ ക്ലാസിൽനിന്നും വിയർത്തു തളർന്നു വന്നു.

   (Convert the whole sentence into an adjectival clause and use it in your own sentence.)

3. മല്ലികേ, മുഖവും, കയ്യുമൊക്കെ കഴുകൂ. ഇവിടെ വന്നു കുറച്ചുനേരം വിശ്രമിക്കൂ. പിന്നെ നമുക്കു സംസാരിക്കാം.

   (Combine into a single sentence.)

4. വരദ സങ്കടപ്പെട്ടു. മല്ലിക തന്റെ അനുഭവം വിവരിച്ച് അവളെ———.

   (Complete the second sentence.)

5. വിദ്യാർത്ഥികൾ മല്ലികയെ കളിയാക്കി.

   (Convert into passive voice.)

6. പുതിയ ലക്ചറർ വരുമ്പോൾ വിദ്യാർത്ഥികൾ ബഹളം കൂട്ടും.

   (Rewrite in conditional.)

7. അവൻ വില്ലൻമാരെപ്പോലെയാണ് തലമുടി വെട്ടിയിരിക്കുന്നത്.

   (Rewrite in the past perfect.)

8. കയ്യടി തുടങ്ങിയ വിദ്യാർത്ഥികളെ വഴക്കുപറയാൻ തക്ക ധൈര്യം വാര്യർ സാറിനു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

   (Rewrite the sentence converting the underlined verb into a verb of adverbial clause of time.)

9. കുട്ടികളൊക്കെ നിശബ്ദരായിരിക്കുകയായിരുന്നു.

   (Rewrite in the corresponding present.)

10. സാറിന്റെ തല വാതിൽക്കൽ കണ്ടപ്പോൾ പേടിച്ചുപോയ വിദ്യാർത്ഥികൾ തലതാഴ്ത്തി പുസ്തകത്തിൽ നോക്കിയിരുന്നു.

    (Convert the entire sentence into an adjectival clause and use it in your own sentence.)

III Read the passage and fill in the gaps.

എന്റെ ——— ആണിന്ന്, മുപ്പത്തി——— ——— പിറന്നാൾ. കഴിഞ്ഞ മുപ്പത്തി ഏഴു വർഷങ്ങളിലെ നേട്ടങ്ങളുടേയും, കോട്ടങ്ങളുടേയും, ——— പരാജയത്തിന്റേയും, ഉയർച്ചയുടേയും, ——— കണക്കെടുക്കേണ്ട ——— ആണിന്ന്. നേട്ടങ്ങളെപ്പറ്റി ———പറയത്തക്കതായി ഒന്നും തന്നെയില്ല. ജനിച്ച ———, നാട്ടിനോ എന്നെക്കൊണ്ട് വല്ല പ്രയോജനവും ——— എന്നു ചോദിച്ചാൽ ഉത്തരം കണ്ടുപിടിക്കാൻ ——— ഇല്ല. കാരണം ഉണ്ടായിട്ടില്ല എന്നതു ——— വെളിച്ചം പോലെ സത്യമാണ്! ഹൈസ്കൂൾ, അതിനുശേഷം ——— വിദ്യാഭ്യാസകാലത്ത് ചില സമരങ്ങളിലും ——— ഒക്കെ പങ്കെടുത്തിരുന്നു. മാത്രമല്ല, ചില പ്രസ്ഥാനങ്ങളുടെ ——— കൂടി ആയിരുന്നു

എന്നു വേണം പറയാൻ. അച്ഛനമ്മമാർ ചോര ——— അയച്ചിരുന്ന പണം ചെലവു ——— ഒരു കുററബോധവും തോന്നിയിരുന്നില്ല. ——— നേതാവാകാൻ ആയിരുന്നു ———. വെറുതെ ഒരു പേരിനുവേണ്ടി ——— ഒക്കെ നടത്തി. സമരങ്ങളും പ്രകടനങ്ങളും, ——— നടത്തി പേരെടുക്കുമ്പോൾ ചുണയുള്ള കൂട്ടുകാർ പഠിത്തത്തിൽ തന്നെക്കാൾ ——— ആയിരുന്നു. അന്നൊക്കെ അവരോടു് പുച്ഛവും, ദേഷ്യവും ———, ഇപ്പോൾ വലിയ വലിയ നിലയിൽ ——— അവർക്കു് എന്നെ കാണാൻ കൂടി ———. അന്നു് പെൺകുട്ടികളുടെ ——— ഞാനൊരു നായകൻ ആയിരുന്നു. അന്നത്തെ ——— ചിലർ രണ്ടോ, മൂന്നോ ——— അമ്മയും, അമ്മൂമ്മയും ഒക്കെ ———. അവരെയൊക്കെ ——— തിരിച്ചറിയാൻ പോലും പററില്ല. ചുരുണ്ട കറുത്ത തലമുടിയും ——— കണ്ണുകളും ഉള്ള ബാലചന്ദ്രനെ പെൺകുട്ടികൾക്കു് ആരാധന ———, ലക്ചറർമാർക്കു് പേടിയും. ചുരുണ്ട കറുത്ത ആ ——— സ്ഥാനത്തു് മിന്നിത്തിളങ്ങുന്ന ——— ആണു് തലയെ ഇപ്പോൾ അലങ്കരിക്കുന്നതു്. ഒന്നോ രണ്ടോ ——— പുറകിൽ ഉള്ളതും കൂടി ——— തുടങ്ങിയിരിക്കുന്നു. ——— കണ്ടു ചിരി അടക്കാൻ ശ്രമിക്കുന്ന ഇപ്പോഴത്തെ പെൺകുട്ടികളെ——— പഴയ ബാലചന്ദ്രന്റെ രൂപം ആണു് മനസ്സിൽ തെളിയുന്നതു്. ദൈവമേ, ആലോചിച്ചാലോചിച്ചു് ——— ചിന്തകൾ എങ്ങോട്ടൊക്കെയാണു് ———? വേണ്ട, ——— ഇവിടെത്തന്നെ അവസാനിപ്പിക്കുകയാവും ഭേദം. കഥ ഇന്നു തന്നെ എഴുതി ——— എന്നാണു് പത്രാധിപരോടു ———. മുൻകൂറായി ഇരുപതു രൂപ മിനിഞ്ഞാന്നേ ———. അതു ചെലവാകുകയും ———. പക്ഷെ കഥ ഇതുവരെ ——— പോലും ഇല്ല. കഥ എവിടെ ———, എങ്ങനെ അവസാനിപ്പിക്കണം എന്നൊന്നും എത്ര ആലോചിച്ചിട്ടും ——— കിട്ടുന്നില്ല. അഥവാ ——— കഥയെ സംബന്ധിച്ചിടത്തോളം തുടക്കവും ——— ഒരിടത്തു തന്നെയല്ലേ?

IV On the basis of the conversation of the lesson, prepare a letter written by Varada to her elder sister regarding her experiences in the new profession.

## UNIT 25

## LESSON 75

# നേതാവുമായൊരു അഭിമുഖസംഭാഷണം.

**CONVERSATION**

പത്രലേഖകൻ: അങ്ങ് കഴിഞ്ഞ വർഷം ഒരു പത്രസമ്മേളനത്തിൽ വച്ച് പറയുകയുണ്ടായി മൂന്നാല് വർഷത്തിനകം നമ്മുടെ സംസ്ഥാനത്തിൽ ഭരണവും വിദ്യാഭ്യാസവും ഒക്കെ മാതൃഭാഷയിൽത്തന്നെ ആയിരിക്കും എന്ന്. ഇപ്പോൾ അങ്ങേയ്ക്ക് അതിനെക്കുറിച്ച് എന്താണു പറയുവാനുള്ളത്?

Last year you said in a press conference that within three to four years the administration and education in our state will be in mother tongue. Now what do you have to comment on that ?

നേതാവ്. മാതൃഭാഷയിൽത്തന്നെ ആവണം എന്നാണ് ഞാൻ പറഞ്ഞതു്. അല്ലാതെ ആകും എന്നു പറയാൻ ഞാൻ ജ്യോത്സ്യനല്ലല്ലോ. പോരാതെ ഞാൻ പ്രവചനത്തിൽ വിശ്വസിക്കുന്ന ആളുമല്ല. കാലാവധിയെപ്പററി ഒന്നും തന്നെ ഞാൻ പ്രസ്താവിച്ചിരുന്നില്ല എന്നാണെന്റെ ഓർമ്മ.

What I said was that it should be in mother tongue. I am not an astrologer to tell that it will be. Even otherwise I am not a person who believes in predictions. As far as I remember I didn't mention about the period.

പത്ര. ലേഖ: ഇപ്പോഴും അങ്ങ് ആ അഭിപ്രായത്തിൽത്തന്നെ ഉറച്ചു നിൽക്കുകയാണോ?

Even now are you firm on that stand?

നേതാവ്: അതെ. ഭരണവും, വിദ്യാഭ്യാസവും മുഴുവൻ മാതൃഭാഷയിൽ ആവുന്നതുവരെ സാധാരണക്കാർക്കു നീതി ലഭിക്കാൻ പോകുന്നില്ല.

Yes. Until the administration and education are in the mother tongue the common people are not going to get justice.

പ. ലേ. : മാതൃഭാഷ എന്നു പറഞ്ഞാൽ അങ്ങുദ്ദേശിക്കുന്നതു് പ്രാദേശികഭാഷ ആയിരിക്കുമോ?

By mother tongue do you mean the regional language?

നേതാവ് : അതെ.

Yes.

പ. ലേ: അങ്ങനെ ആണെങ്കിൽ ഒരു പ്രത്യേക ഭാഷാ സംസ്ഥാനത്തിൽ മററു ഭാഷകൾ മാതൃഭാഷയായിട്ടുള്ള ന്യൂനപക്ഷക്കാർക്ക് നീതി ലഭിക്കില്ല എന്ന പരാതിക്ക് ഇടയുണ്ടാകുമല്ലോ.

If that is the case, in a particular linguistic state the minority who speaks other languages as mother tongues may have the complaint of not getting justice.

നേ: നോക്കൂ. ഇതൊക്കെ നിങ്ങൾ പത്രക്കാർ കല്പിച്ചുകൂട്ടി ഉണ്ടാക്കുന്ന പ്രശ്നങ്ങളാണ്. കഴിഞ്ഞ എത്രയോ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്തിൽ ജീവിച്ചുപോരുന്ന കൊങ്ങിണികൾക്കും, തുളു സംസാരിക്കുന്നവർക്കും മററും മലയാളം നാട്ടുഭാഷ ആക്കിയതുകൊണ്ടു് വല്ല പ്രയാസവുമുണ്ടോ?

Look here. These are the problems created by you journalists. Do the Konkanis and Tulu speakers who have been living here for

ഇവിടെ ജനിച്ചു വളർന്ന അവർ അവരുടെ മാതൃഭാഷയോടൊപ്പം ഇതും അഭ്യസിക്കും.

the past several years have any difficulty because Malayalam is made the state language? They who are born and brought up here learn this also along with their mother tongue.

പത്ര. ലേ: അതു സമ്മതിക്കാമെന്നു വച്ചാൽ പോലും വേറെ പല പ്രശ്നങ്ങളും തല പൊക്കുന്നുണ്ട്. ഓരോ സംസ്ഥാനത്തിലും അതാതു പ്രാദേശികഭാഷ മാത്രം ഭരണത്തിനും മറ്റും ആയാൽ മറ്റുള്ള സംസ്ഥാനക്കാർക്ക് അവിടങ്ങളിൽ ജോലി കിട്ടുവാനുള്ള സാധ്യത വളരെ കുറയുകയല്ലേ! ക്രമേണ ഓരോ സംസ്ഥാനവും ഒറ്റപ്പെട്ടുപോവില്ലേ?

Even if I can agree to that there are other problems. If in all states only the regional languages are made the languages of administration won't it be difficult for the people of one state to get jobs in any other state? Gradually won't each state be isolated from the other?

നേതാവ്: ഇല്ല. അതു സംഭവിക്കില്ല. അന്യ സംസ്ഥാനങ്ങളിൽ ജോലി കിട്ടുന്നതിനെപ്പറ്റി നിങ്ങൾ പറഞ്ഞതിൽ കാര്യം ഇല്ലാതില്ല. പക്ഷെ പ്രാദേശികഭാഷ ഭരണഭാഷയും വിദ്യാഭ്യാസഭാഷയും ആക്കുന്നതുകൊണ്ടുണ്ടാകുന്ന നേട്ടത്തിന്റെ മുൻപിൽ ഈ പ്രശ്നത്തിനു സ്ഥാനമില്ല എന്നാണെനിക്കു തോന്നുന്നത്.

No. That will not happen. There is some point in what you told about the getting of jobs in other states. But I feel that the benefits in making the regional language the language of administration and education will be much more than the problems arising out of that.

| | |
|---|---|
| പത്രാ. ലേ: അപ്പോൾ നമ്മുടെ വിദ്യാഭ്യാസരംഗത്തു നിന്നും ഇംഗ്ലീഷും ഹിന്ദിയും ഒക്കെ ബഹിഷ്ക്കരിക്കപ്പെടണം എന്നാണോ അങ്ങുദ്ദേശിക്കുന്നതു്? | Do you think that from the field of our education English and Hindi should be driven out? |
| നേതാവു്: അല്ല. വാസ്തവം പറയുകയാണെങ്കിൽ ഇക്കാലത്തു് ഒരു ശരാശരി ഭാരതീയൻ നാലഞ്ചു ഭാഷകൾ അറിഞ്ഞിരിക്കണം എന്ന അഭിപ്രായക്കാരനാണു് ഞാൻ. | No. Really speaking I believe that an average Indian should know at least four to five languages. |
| പത്രാ. ലേ: അതു പ്രായോഗികമാണെന്നു തോന്നുന്നില്ല. പോരെങ്കിൽ അങ്ങു് ഈ സന്ദർഭത്തിൽ ഭാരതീയൻ എന്നുദ്ദേശിക്കുന്നതു് തെക്കെ ഇൻഡ്യക്കാരനെ മാത്രമാണോ എന്നു് ഒരു സംശയം ഉണ്ടാകുന്നുണ്ടു്. | That doesn't sound practical. More over a doubt arises as to whether you mean by Indian in this context only the South Indian. |
| നേ: അല്ല. തെക്കരും വടക്കരുമെല്ലാം എന്റെ കണ്ണിൽ ഒപ്പം തന്നെയാണു്. ആയിരുന്നു, ആയിരിക്കുകയും ചെയ്യും. | No. In my eyes the Southerners and Northerners are alike. They were and they will be. |
| പ. ലേ: പക്ഷെ അങ്ങു കരുതുന്നതുപോലെ അത്ര എളുപ്പമല്ല ഈ പ്രശ്നത്തിനൊരു പരിഹാരം കണ്ടുപിടിക്കുക എന്ന കാര്യം. | But it is not that easy as you think to find out a solution for this problem. |
| നേ: ഏതു ചെറിയ പ്രശ്നവും വലുതാക്കി കാണിക്കുന്നതിലാണല്ലോ പത്രക്കാരുടെ മിടുക്കു്. | The cleverness of journalists lies in magnifying any problem. |
| പ. ലേ: പക്ഷെ സാധാരണക്കാർ രാഷ്ട്രീയനേതാക്കന്മാരെയാണല്ലോ കൂടുതൽ വിശ്വസിക്കുക. അതാണു് അവർ അപകടത്തിൽ ചെന്നു ചാടുന്നതും. | But the common public believe the political leaders more. That is why they are always trapped. |

| | |
|---|---|
| നേ: അപ്പോഴും അവരെ രക്ഷപ്പെടുത്താൻ സമയത്തിനു പത്രക്കാർ എത്താറുണ്ടു് എന്നാണോ നിങ്ങൾ പറയാനുള്ളതു്? | Do you want to say that the journalists come on time to save the public? |

## VOCABULARY

| | | | |
|---|---|---|---|
| പത്രസമ്മേളനം | 'press conference' | | |
| അങ്ങേയ്ക്കു് | 'to you (with extreme respect)' | | |
| ജ്യോത്സ്യൻ | 'astrologer' | | |
| പ്രവചനം | 'prediction, prophecy' | | |
| കാലാവധി | 'period' | പ്രസ്താവിക്കു് | 'to mention' |
| പ്രാദേശികഭാഷ | 'regional language' | ന്യൂനപക്ഷം | 'minority' |
| നീതി | 'justice' | പത്രക്കാർ | 'journalists' |
| കല്പിച്ചുകൂട്ടി | 'pre-planned, arranged earlier' | | |
| പ്രശ്നം | 'problem' | നാട്ടുഭാഷ | 'state language' |
| അഭ്യസിക്കു് | 'to practise, learn' | | |
| തലപൊക്കു് | 'to raise the head, come out' | | |
| സാധ്യത | 'possibility' | | |
| ഒററപ്പെടു് | 'to be singl.d out, to be separated' | | |
| ബഹിഷ്ക്കരിക്കു് | 'to drive out, to discard' | | |
| ശരാശരി | 'average' | പ്രായോഗികം | 'practical' |
| പരിഹാരം | 'solution' | | |
| മിടുക്കു് | 'eleverness, capability' | | |
| രക്ഷപ്പെടുത്തു് | 'to save' | | |

## EXERCISES

I Fill in the blanks suitably.

1. ഭൂരിപക്ഷക്കാരുടെ ഭാഷതന്നെ ——— സംസാരിക്കണം എന്നു ചില നേതാക്കന്മാർ പ്രസംഗിക്കാറുണ്ടു്.
2. പ്രായം കൂടുംതോറും ഭാഷ പഠിക്കൽ എന്നതു പ്രയാസകരമാകാനാണു് ———
3. നിർബന്ധിച്ചു ——— ആരെക്കൊണ്ടും ഒന്നും ചെയ്യിപ്പിക്കാൻ പററില്ല.
4. വയസ്സന്മാരെ ഭാഷ ——— എന്ന കാര്യം അത്ര എളുപ്പമുള്ളതല്ല.

5. പണ്ട ചെയ്യാറുണ്ടായിരുന്നു എന്നും പറഞ്ഞ് ഇപ്പോഴും അങ്ങനെ ——— എന്നു നിർബന്ധം ഉണ്ടോ?

6. നീ വന്നിരുന്നെങ്കിലും, ഇല്ലെങ്കിലും ഞാൻ ———.

7. അമ്മയ്ക്കു് ദൂരെ താമസിക്കുന്ന മക്കളെ കാണാൻ എത്ര ——— ആണെന്നോ?

8. അധികം ———, പണവും ——— ഉള്ള മാർഗം അന്വേഷിക്കുന്നതിലാണു് എല്ലാവർക്കും താല്പര്യം.

9. അലറിക്കൊണ്ടു———ആലോറിയുടെ ——— അവൻ എടുത്തു ചാടിയതു കണ്ടു നിന്നവർ ——— പോയി.

10. വല്ല വിധവും ഓടിയും ——— ഞാൻ സ്റ്റേഷനിൽ എത്തിയപ്പോഴേക്കും ——— വിട്ടു ———.

II Mark the correct statements with reference to the conversation and rewrite correctly the wrong ones.

1. നേതാവും, പത്രലേഖകനും തമ്മിൽ ആധുനിക സാഹിത്യത്തെപ്പററിയാണു് സംഭാഷണം നടത്തുന്നതു്.

2. നേതാവിൻെറ അഭിപ്രായത്തിൽ രണ്ടുവർഷത്തിനകം ഭരണവും, വിദ്യാഭ്യാസവും ഒക്കെ പ്രാദേശിക ഭാഷയിലായിരിക്കും.

3. നമ്മുടെ വിദ്യാഭ്യാസത്തിൽ നിന്നും ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളെ അകററി നിർത്തണം എന്നൊന്നും നേതാവു പറയുന്നില്ല.

4. ഭാഷാപ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കുക എന്ന കാര്യം അത്ര എളുപ്പം അല്ല എന്നാണു് പത്രലേഖകൻ പറയുന്നതു്.

5. നേതാവിൻെറ അഭിപ്രായം എല്ലാ സംസ്ഥാനക്കാർക്കുംകൂടി ഒരേ ഒരു ഭാഷ മതിയാകും എന്നാണു്; അതു് ഒരു വിദേശഭാഷയായിരിക്കുന്നതാണത്രേ കൂടുതൽ പ്രയോജനകരവും.

6. രാജ്യഭരണവും, വിദ്യാഭ്യാസവും പ്രാദേശികഭാഷയിലായാലേ എല്ലാവർക്കും ഒരേപോലെ നീതി ലഭിക്കൂ എന്നാണു നേതാവു പറയുന്നതു്.

7. പത്രലേഖകൻെറ അഭിപ്രായത്തിൽ ഒരു ഭാരതീയനു് നാലഞ്ചു്ഭാഷകൾ ഒപ്പം പഠിക്കുക എന്ന കാര്യം അത്ര പ്രായോഗികമല്ല.

III Read the passage and fill up the blanks.

നമ്മുടെ ഭാരതത്തിൽ ഭാഷ ഒരു പ്രശ്നമായി ——— വാസ്തവം പറഞ്ഞാൽ സ്വാതന്ത്ര്യം കിട്ടിയതിനു ശേഷമാണു്. അതിനു മുൻപു് പുരാതനകാലം ——— തന്നെ പല ഭാഷകൾ സംസാരിക്കപ്പെട്ടിരുന്ന ഒരു ——— ഇതു്. പക്ഷെ ഭാഷ ആളുകൾ

തമ്മിലുള്ള ——— ഒരു വിഭജനശക്തിയായി പരിഗണിക്കപ്പെട്ടിരുന്നില്ല. പണ്ഡിതന്മാരും, സാധാരണ ഭക്തന്മാരും കാൽനടയായി ആയിരമായിരം ആണ്ടുകളോളം ——— രാജ്യത്തിന്റെ ——— മുതൽ ——— അററം വരെ സഞ്ചരിച്ചിരുന്നു. പരസ്പര സമ്പർക്കത്തിനു് ഭാഷ ഒരു ——— ആയിരുന്നില്ല. മറിച്ചു് സഹായകമായിരുന്നു. മാതൃഭാഷ അല്ലാതെ ——— ഭാഷ പഠിച്ചാൽ ——— ഉണ്ടാകുന്ന സാമ്പത്തികമായ ——— എന്താണെന്നു് ആലോചിച്ചതിനു ശേഷമായിരുന്നില്ല ആളുകൾ വിവിധ ——— പഠിച്ചിരുന്നതും. വെറും അറിവു ——— ആയിരുന്നു അവരുടെ ഉദ്ദേശം. ഇന്നു് ഈ യന്ത്രയുഗത്തിൽ നമ്മൾ ——— സംസ്കാരങ്ങളും, മൂല്യങ്ങളും ഒക്കെ———ഭ്രാന്തുപിടിച്ച ഒരു ——— മുന്നോട്ടു പോകുന്നതു്. ഇതു് നമ്മയെക്കാളേറെ ——— നമുക്കു് കൊണ്ടുവരാൻ പോകുന്നതു്. അതു് നമ്മളിൽ പലരും ———, രാഷ്ട്രീയ നേതാക്കന്മാർ തങ്ങളുടെ താൽക്കാലികമായ ——— വേണ്ടി ഭാഷയെ ഒരു ——— മാററുകയാണു്. സാധാരണ ജനങ്ങളെ തങ്ങളുടെ ——— നയിച്ചുകൊണ്ടുപോകേണ്ടതു് എങ്ങനെ ——— അറിയാവുന്ന സമർത്ഥന്മാരായ ———. നമ്മുടെ ഭരണവും ——— എല്ലാം മാതൃഭാഷയിലൂടെ വേണം എന്നു പ്രസംഗിച്ചുകൊണ്ടു നടക്കുന്ന അവർ തങ്ങളുടെ ——— ഇംഗ്ളീഷ് മാത്രമായിട്ടുള്ള വിദ്യാലയങ്ങളിൽ ——— പഠിപ്പിക്കുന്നതു്. മലയാളിയായാലും, ഹിന്ദിക്കാരനായാലും, ——— ഗതി ഇതുതന്നെ. നേതാവിന്റെ സ്വരവും, സ്വഭാവവും ഭാരതത്തിൽ ——— ഒരേപോലെതന്നെ. പാവങ്ങളെ ചൂഷണം ചെയ്യാണവർ ———. ഇപ്പോഴത്തെ യുവജനങ്ങൾ പോലും ഭ്രാന്തു———നടക്കുന്നതായിട്ടാണു് കാണപ്പെടുന്നതു്. മാതൃഭാഷയ്ക്കുവേണ്ടി സേവനം ചെയ്യുക———. മററു ഭാഷകളോടു് വെറുപ്പു ——— എന്നതാണെന്നാണു് അവർ ——— വച്ചിരിക്കുന്നതു്. മററു ഭാഷക്കാരെ അപമാനിക്കാൻ ——— നോക്കിയിരിക്കയാണവർ. അവരെ കുററം ——— കാര്യമില്ല. നേരായ ഒരു മാർഗ്ഗത്തിലൂടെ അവരെ ——— ആത്മാർത്ഥതയോടെ ആരെങ്കിലും തയ്യാറായാൽ അതിനുള്ള ശിക്ഷ അവർ ——— വരുകയും ചെയ്യും. ശാസ്ത്രപുരോഗതി ശബ്ദവേഗത്തിലായിരിക്കുന്ന ഇക്കാലത്തു് ഭാരതീയരായ ——— ഇങ്ങനെ ——— തല്ലിക്കലഹിക്കുന്നതിനു പകരം എല്ലാവർക്കും ഒരു വിധമെങ്കിലും സ്വീകാര്യമായ ഒരു ———മുന്നോട്ടു പോകുവാൻ നിശ്ചയിച്ചു് ആ പുരോഗതിയുടെ നേട്ടങ്ങൾ നമ്മുടെ ——— പകർത്താൻ പരിശ്രമിച്ചാലേ ഒരു നല്ല നാളെ ——— സാധിക്കൂ.

IV Complete the conversation by filling up the dialogue of പത്രലേഖകൻ.

പത്ര ലേ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

രമണി: അതെ. എനിക്കാണു് ഒന്നാം റാങ്കു കിട്ടിയതു് എന്നുള്ള കാര്യം ഇന്നത്തെ മനോരമ കണ്ടപ്പോഴാണു് അറിഞ്ഞതു്.

പത്ര ലേ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

രമണി: ഒന്നാം റാങ്കു തീർച്ചയായും കിട്ടുമെന്നൊന്നും ഞാൻ വിചാരിച്ചിരുന്നേയില്ല. പക്ഷെ ആദ്യത്തെ പത്തു പേരിൽ വരും എന്നെനിക്കു നല്ല ഉറപ്പുണ്ടായിരുന്നു.

പത്ര ലേ: . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

രമണി: അറിയാം. ഏകദേശം രണ്ടുലക്ഷം വിദ്യാർത്ഥികൾ.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: അഭിമാനവും, സന്തോഷവും ഒക്കെ തോന്നുന്നുണ്ട്. പക്ഷെ അതിനുള്ള ക്രെഡിററ് എനിക്കല്ല കിട്ടേണ്ടതു്.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: എന്നെ പഠിപ്പിച്ച എന്റെ പ്രിയപ്പെട്ട അധ്യാപകർക്കും, എന്റെ അച്ഛനമ്മമാർക്കും.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: രണ്ടുപേരും ഹൈസ്ക്കൂൾ അധ്യാപകരാണ്. അച്ഛൻ സയൻസ് ടീച്ചറാണ്. അമ്മ ഭാഷാധ്യാപികയും.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: എനിക്കോ? എനിക്ക് സയൻസും, കണക്കും, ചരിത്രവും, ഭാഷയും ഒക്കെ ഒരേപോലെ ഇഷ്ടമാണ്. പഠിക്കാനുള്ള ഏതു വിഷയവും ഞാനിഷ്ടപ്പെടുന്നു.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: അല്ല. വേറെ പുസ്തകങ്ങളും വായിക്കും. കഥകളും, കവിതകളും ഒക്കെ വായിക്കാറുണ്ട്. മലയാളം പുസ്തകങ്ങളാണ് കൂടുതൽ വായിക്കാറുള്ളതു്. ഇംഗ്ലീഷും ഹിന്ദിയും ഞാൻ വായിച്ചു തുടങ്ങുന്നേയുള്ളു.

പത്ര ലേ: . . . . . . . . . . . . . . . . . . . .

രമണി: ഒന്നും നിശ്ചയിച്ചിട്ടില്ല. കോളേജിൽ ചേരാനുള്ള അപേക്ഷാഫോറം വാങ്ങിച്ചിട്ടു പോലും ഇല്ല.

പത്ര. ലേ: . . . . . . . . . . . . . . . . . . . .

രമണി: എല്ലാ വിഷയങ്ങളും ഇഷ്ടമാണ്. പക്ഷെ സയൻസ് എടുത്തു പഠിക്കാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്.

പത്ര. ലേ: . . . . . . . . . . . . . . . . . . . .

രമണി: എല്ലാവരും ഡോക്ടറും, ഇഞ്ചിനീയറും ആയാലോ? എനിക്ക് ആ രണ്ടു തൊഴിലിനോടും ഒരേപോലെ ബഹുമാനം ഉണ്ട്. പക്ഷെ എന്റെ ആശ വേറൊന്നാണ്.

